www.malankaralibrary.com

# അപ്പുണ്ണിയും അറബിനാടും

## കഥകൾ



സാം മുതുകുളം

www.malankaralibrary.com






















www.malankaralibrary.com



പിന്നിട്ടുപോയ സ്വന്തം ജീവിതത്തെ നർമ്മബോധത്തോടെ നോക്കിക്കാണുന്ന സഹൃദയനായ ഒരു സുഹൃത്താണ് ഈ ഗ്രന്ഥത്തിനു പിന്നിലുള്ള സാം മുതുകുളം. അഡിസൺ എന്ന മഹാൻ പറഞ്ഞിട്ടുള്ളതുപോലെ, "സഹജീവികൾക്ക് വല്ല നന്മ ചെയ്യാനോ, ദയ കാട്ടാനോ പറ്റുമെങ്കിൽ അത് ഇപ്പോൾതന്നെ എനിക്ക് കഴിയണം. മാറ്റിവയ്ക്കാനോ, അവഗണിക്കാനോ പറ്റുന്ന കാര്യമല്ലത്. കാരണം ഈ വഴി ഒരിക്കൽക്കൂടി ഞാൻ വരാൻ പോകുന്നില്ല.." ഈ തത്ത്വശാസ്ത്രത്തെ നെഞ്ചേറ്റുന്ന സാം, തന്റെ പ്രവാസ ജീവിതകാലത്തെ വർണ്ണചിത്രങ്ങളിലൂടെ വരച്ചിടുകയാണ് അപ്പുണ്ണിയും അറബിനാടും എന്ന ഈ ഗ്രന്ഥത്തിൽ.

ചെപ്പാട്ഭാസ്കരൻനായർ

www.malankaralibrary.com



മാർ ഈവാനിയോസ് മലങ്കരയുടെ മഹായിടയൻ എന്ന
മലയാളം പുസ്തകം റിലീസ് ചെയ്യുന്നു



**Mar Ivanios the great Shepherd of Malankara** എന്ന ഇംഗ്ലീഷ്
പുസ്തകം റിലീസ് ചെയ്യുന്നു


www.malankaralibrary.com

ഭാരത് സേവക് സമാജ് ദേശീയപുരസ്കാരം സ്വീകരിക്കുന്നു



കലാവിലാസിനി അവാർഡ് ചേപ്പാട് ഭാസ്ക്കരൻ നായർ സാറിൽ നിന്നും സ്വീകരിക്കുന്നു

www.malankaralibrary.com






www.malankaralibrary.com

കൊശമറ്റം മാനേജിംങ് ഡയറക്ടർ ശ്രീ. മാത്യു കെ ചെറിയാൻ സാർ പുസ്തകങ്ങൾ സ്വീകരിക്കുന്നു.



കഥാകൃത്ത് ശ്രീ. ടി. പത്മനാഭൻ സാർ പുസ്തകങ്ങൾ സ്വീകരിക്കുന്നു




പി. കുഞ്ഞിരാമൻ നായർ അവാർഡ് ഡോ. ജോർജ്
ഓണക്കൂർ സാറിൽ നിന്നും സ്വീകരിക്കുന്നു.



കുടുംബം

www.malankaralibrary.com

# അപ്പുണ്ണിയും അറബിനാടും

(കഥകൾ)

സാം മുതുകുളം

www.malankaralibrary.com

**APPUNNIYUM ARABINAADUM**

MALAYALAM / Autobiography

Author : SAM Muthukulam

First Edition : 2023

Price : 220

Cover layout : Shaji Pathanamthitta

Publishers : P & P Publishers, Muthukulam

No part of this publication may be reproduced or transmitted in any form or by any means without written permission of the author.

www.malankaralibrary.com

## സാം മുതുകുളം

***1969*** ഓഗസ്റ്റ് 7-ാം തീയതി ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ജനിച്ചു. പിതാവ് കുഞ്ഞുനൈനാൻ മത്തായി (മുതുകുളം 731 സഹകരണസംഘത്തിന്റെ പ്രഥമ സെക്രട്ടറി.), മാതാവ് മേരിക്കുട്ടി മത്തായി. മുതുകുളം കൊട്ടാരം സ്കൂൾ, എസ്. എൻ.എം.യു.പി.സ്കൂൾ, മുതുകുളം ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. കേരള സർവ്വകലാശാലയിൽ നിന്നും സഹകരണം പ്രധാന വിഷയമായെടുത്ത് ബിരുദം. കമ്പ്യൂട്ടറിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ.

മാവേലിക്കര ഡേറ്റാടെക് കമ്പ്യൂട്ടേഴ്സ്, ഫരീദാബാദ് എസ്കോർട്ട്സ് ജെ.സി. ബി. എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്ക് ശേഷം ഹോട്ടൽ മാനേജ്മെൻറ് രംഗത്ത് ബഹറിനിൽ ആറ് വർഷം, മുതുകുളത്ത് ഇന്ത്യാ ഇൻഫോലൈൻ ഷെയർ ട്രേഡിങ് സ്ഥാപനത്തിൽ മാനേജർ, കൊശമറ്റം ഫൈനാൻസിന്റെ സീനിയർ മാനേജർ.

വൈ.എം.സി.എ. എറണാകുളം യൂണിറ്റ്, മുതുകുളം കലാവിലാസിനി വായനശാല, മുതുകുളം പാർവ്വതിയമ്മ ട്രസ്റ്റ് എന്നിവയുടെ ആജീവനാന്ത അംഗത്വം., മുതുകുളം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പൂർവ്വവിദ്യാർത്ഥി സംഘടന (**മുഖം**) യുടെ സെക്രട്ടറി. കൃതികൾ : ഗ്രാമഭംഗി, കതിരുകൾ (കവിതാ സമാഹാരം), ക്രിസ്തുഗീതം (ഖണ്ഡകാവ്യം), ബാപ്പുവിന്റെ ലോകം (ജീവചരിത്രം - മഹാത്മാഗാന്ധി), മാർ ഈവാനിയോസ് - മലങ്കരയുടെ മഹായിടയൻ (ജീവചരിത്രം - മാർ ഈവാനിയോസ്), Mar Ivanios-The Great Shepherd of Malankara (English Biography - Mar Ivanios), ബൈബിൾ കഥകൾ, അപ്പുണ്ണി കഥകൾ, അപ്പുണ്ണിയും അറബിനാടും, ബൈബിളും അത്ഭുതങ്ങളും (കഥകൾ). നിരവധി ആനുകാലികങ്ങളിൽ കവിതകളും കഥകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരത് സേവക് സമാജ് ദേശീയപുരസ്കാരം, മലയാളരശ്മി കവിത പുരസ്കാരം, വാത്മീകി പുരസ്കാരം, കേരളസമീക്ഷ പുരസ്കാരം, മുതുകുളം കലാവിലാസിനി പുരസ്കാരം, ചേപ്പാട് പ്രത്യാശാദീപം പുരസ്കാരം, ജില്ലാ പഞ്ചായത്ത് പ്രതിഭാപ്രണാമ പുരസ്കാരം 2017, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പുരസ്കാരം, കിളിമാനൂർ നവഭാവന ചാരിറ്റബിൾ ട്രസ്റ്റിന്റെ 2019ലെ കുഞ്ഞുണ്ണി മാഷ് പുരസ്കാരം, 2022ലെ പി. കുഞ്ഞിരാമൻ നായർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ഭാര്യ : മിനി. മക്കൾ : പീറ്റർ മത്തായി സാമുവൽ, പോൾ ജോർജ് സാമുവൽ.
വിലാസം : സാം മുതുകുളം, കിഴക്കേകണ്ടത്തിൽ, മുതുകുളം തെക്ക് പി.ഒ., ആലപ്പുഴ ജില്ല. 690 506, കേരളം. ടെലഫോൺ : 9446838923, sam.muthukulam@gmail.com

www.malankaralibrary.com

# പ്രവേശിക

**അ**ന്യദേശമെന്നാലും അന്യരായ് കരുതാതെ
പൊന്നുപോൽപോറ്റുന്നുണ്ടീ മരുഭൂപാലരെല്ലാം.
ആലംബമേകി തങ്കച്ചിറകിലണച്ചവർ
വർഗവർണ്ണത്തെതെല്ലും മാർഗമാക്കാതെനീളെ.
എത്രയോപുത്രർക്കിവർപാത്രമായ്ത്തീർന്നക്ഷയ
സത്രമെന്നല്ല! ഭാഗ്യപുറുദീസാകുംരാജ്യം.
വറ്റാത്തവരളാത്തനീർച്ചാലായ് വാഴ്കവെൽക
സ്വർഗ്ഗരാജ്യത്തെവെല്ലുന്നറേബ്യൻ ഭൂവിഭാഗം.

**അ**റബിനാടായ ബഹറിനിലെ അപ്പുണ്ണിയുടെ താമസക്കാലത്ത് നടന്ന സുഖ-ദുഃഖ സമ്മിശ്രങ്ങളായ സംഭവങ്ങളുടെ പ്രതിപാദനങ്ങളാണ് "**അപ്പുണ്ണിയും അറബിനാടും**" എന്ന ഈ പുസ്തകത്തിലെ 18 കഥകളുടെ ഉള്ളടക്കം.

കേരളമക്കളുടെ രണ്ടാം വീടിന്റെ നിരയിൽ ഉൾപ്പെടുന്ന ബഹറിൻ ദേശംകൊണ്ട് നേരിട്ടും അല്ലാതെയും എത്രയോ ഭാരതമക്കൾ ഭക്ഷണം കഴിക്കുന്നു. ജാതിമതവർഗവർണ്ണ ചേരിതിരിവിന്റെ കരാളതകളില്ലാതെ കഴിവുള്ളവരെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ചുപോരുന്ന പുണ്യഭൂമി, തലമുറകൾക്ക് താങ്ങായി, തണലായി പെറ്റമ്മയെപോലെ കാത്തു പരിപാലിക്കുന്ന സ്വർഗ്ഗഭൂമി.

ബഹറിൻ ദേശത്തിനും അതിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും അപ്പുണ്ണിയുടെയും കുടുംബത്തിന്റെയും നന്ദിയും ഏവരുടേയും നന്മയ്ക്കായുള്ള പ്രാർത്ഥനകളും.

ഈ ഗ്രന്ഥത്തിന് അനുയോജ്യങ്ങളായ ചിത്രങ്ങൾ വരച്ച ചിത്രകാരൻ ശ്രീ. ഷാജി പത്തനംതിട്ടയ്ക്കും അവതാരിക എഴുതി അനുഗ്രഹിച്ച ശ്രീ ചേപ്പാട് ഭാസ്കരൻ നായർ സാറിനും നന്ദി.

**സാം മുതുകുളം**

www.malankaralibrary.com

## വിഷയാനുക്രമണിക


1. ഗൾഫൊരു സ്വപ്നം ........................................ 12
2. അപ്പുണ്ണിയും അറബിനാടും ........................... 30
3. അറബിനാടും ആഘോഷങ്ങളും .................. 65
4. കലാഭവനും ആബേലച്ചനും
പിന്നെ കുറെ പിരിവുകാരും .. 75
5. മൊബൈൽ ഫോണും ആന്റണിയും ............. 81
6. വാർഷികവും സമ്മാനവും ........................... 87
7. ഓപ്പറേഷൻ പിടലി .................................. 94
8. വീണ്ടും ചില വീട്ടുകാര്യങ്ങൾ........................... 99
9. കൂരയും പരമ്പരയും ........................... 104
10. ഭരണവും ലഹളയും ഉദ്യോഗസ്ഥരും ......... 111
11. ടെലിവിഷനും ക്രിക്കറ്റും .......................... 118
12. ട്രീ ഓഫ് ലൈഫും കാഴ്ചകളും ................. 124
13. ഗൾഫ് സാധനങ്ങളും അറബി മനസ്സും.......... 130
14. അടവുകൾ പതിനെട്ട് .............................. 139
15. അരുതാത്തതും ചെയ്യേണ്ടതും ............... 146
16. അമ്മാവന്റെ സ്വത്തും അനുജന്റെ പണിയും... 151
17. ഓലക്കൊട്ടകയിൽനിന്നും.......................... 161
18. ബൈ.. ബൈ.. ബഹറിൻ ........................ 165

www.malankaralibrary.com

# അവതാരിക



**പി**ന്നിട്ടുപോയ ജീവിതത്തെ നർമ്മബോധത്തോടെ നോക്കിക്കാണുന്ന സഹൃദയനായ ഒരു സുഹൃത്താണ് "**അപ്പുണ്ണിയും അറബിനാടും**" എന്ന ഗ്രന്ഥത്തിനു പിന്നിലുള്ള സാം മുതുകുളം. അഡിസൺ എന്ന മഹാൻ പറഞ്ഞിട്ടുള്ളതുപോലെ, "സഹജീവികൾക്ക് വല്ല നന്മ ചെയ്യാനോ, ദയകാട്ടാനോ പറ്റുമെങ്കിൽ അത് ഇപ്പോൾതന്നെ എനിക്ക് കഴിയണം. മാറ്റിവയ്ക്കാനോ, അവഗണിക്കാനോ പറ്റുന്ന കാര്യമല്ലത്. കാരണം ഈ വഴി ഒരിക്കൽക്കൂടി ഞാൻ വരാൻ പോകുന്നില്ല.." ഈ തത്ത്വശാസ്ത്രത്തെ നെഞ്ചേറ്റുന്ന സാം, തന്റെ പ്രവാസ ജീവിതകാലത്തെ വർണ്ണ ചിത്രങ്ങളിലൂടെ വരച്ചിടുകയാണ് "**അപ്പുണ്ണിയും അറബിനാടും**" എന്ന ഈ ഗ്രന്ഥത്തിൽ.

ബഞ്ചമിൻ ഫ്രാങ്ക്ളിൻ എന്ന മഹാൻ പറഞ്ഞിട്ടുണ്ട്, "നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുണ്ടോ..? എങ്കിൽ സമയം ധൂർത്തടിച്ചുകളയരുത്. എന്തെന്നാൽ അത് ഉപയോഗിച്ചാണ് ജീവിതം നിർമ്മിച്ചിട്ടുള്ളത്.." ഈ വാക്കുകൾ അക്ഷരംപ്രതി സ്വജീവിതത്തിൽ പകർത്തുന്ന ഒരു വ്യക്തിയാണ് സാം എന്ന് ഈ ഗ്രന്ഥത്തിലൂടെ കടന്നുപോകുമ്പോൾ നമുക്കും ബോദ്ധ്യപ്പെടും. പ്രകൃതി മനോഹരമായ മുതുകുളം എന്ന ഗ്രാമത്തിൽ ജനിക്കുകയും ഒരു സാധാരണ കുട്ടിയായി വളർന്നുവരികയും ചെയ്ത ഗ്രന്ഥകാരൻ ആ ഗ്രാമത്തെ വളരെ വൈദഗദ്ധ്യത്തോടെ വരമൊഴിയിൽ അടയാളപ്പെടുത്തുന്നതു കാണുമ്പോൾ, സ്വന്തം ഗ്രാമത്തെ ഇത്രയേറെ സ്നേഹിക്കുന്നവർ ഈ നാട്ടിൽ ഇന്നുമുണ്ടെന്നുള്ള ചിന്തയാവും നമ്മിൽ ഉയർന്നുവരിക. ഗൃഹാതുരത്വമുണർത്തുന്ന ഗ്രന്ഥകാരന്റെ നർമ്മംകലർന്ന,

www.malankaralibrary.com

ലാളിത്യമുള്ള ശൈലി ആരെയും ആകർഷിക്കുമെന്നതിൽ സംശയമില്ല.

ഒരു ആത്മകഥ എന്ന പേരിൽ ഇത് എഴുതിയിരുന്നെങ്കിൽ പലരും ഇതു വായിക്കാൻ തന്നെ കൂട്ടാക്കുമായിരുന്നില്ല എന്നാണെന്റെ വിലയിരുത്തൽ. കാരണം വായനയെ നാം മാറ്റിവയ്ക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതാകുന്നു. അപ്പുണ്ണി എന്ന തൂലികനാമത്തിൽ മറഞ്ഞുനിന്നുകൊണ്ട്, തന്റെ ജീവിതവൃത്താന്തങ്ങൾ പറയുന്ന ഗ്രന്ഥകാരൻ ഗൾഫ് തൊഴിൽ രംഗത്തേയും ഗ്രാമചരിത്രത്തേയും ചങ്ങാതിമാരെയും ഗ്രാമത്തിലെ ഓരോ കാലത്തെയും ഉൾത്തുടിപ്പുകളെയും എല്ലാം മനോഹരമായ വാങ്മയത്തിൽ വരച്ചുകാട്ടിയിരിക്കുന്നു.

“ഗൾഫൊരു സ്വപ്നം” മുതൽ “ബൈ ബൈ ബഹറിൻ” വരെയുള്ള 18 അദ്ധ്യായങ്ങളിലൂടെ, തന്റെ ഒരു ദശാബ്ദത്തിൽ താഴെയുള്ള പ്രവാസ ജീവിതത്തെയാണ് യഥാതഥമായി ഗ്രന്ഥകാരൻ ചിത്രീകരിച്ചിരിക്കുന്നത്. ഭാവനയിലുള്ള ഗൾഫ് ജീവിതത്തെ ദിവാസ്വപ്നങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുമ്പോഴും ഒരു നല്ല ജോലി കിട്ടിയിട്ടുവേണം വിവാഹത്തെപ്പറ്റി ആലോചിക്കേണ്ടത് എന്ന കാര്യത്തിൽ അപ്പുണ്ണിക്ക് നിശ്ചയമുണ്ടായിരുന്നു. “ഒരു ജോലി കിട്ടിയിട്ടു വേണം രണ്ടു ദിവസം അവധിയെടുക്കാൻ..” എന്ന മോഹൻലാലിന്റെ നർമ്മം കലർന്ന സിനിമാ ഡയലോഗ് നാം ഇവിടെ ഓർമ്മിക്കുന്നു.

“കാട്ടുകോഴിക്ക് എന്ത് വാവും സംക്രാന്തിയും..?” എല്ലാ ദിനങ്ങളും ഒന്നുപോലെ. എന്ന് വിവാഹത്തിനുശേഷം അഞ്ചാം ദിനം നാട്ടിൽനിന്നും തിരിച്ചു ബഹറിനിലെത്തി ജോലിക്കു തിരികെ കയറിയപ്പോൾ അപ്പുണ്ണി സ്വയം ചോദിക്കുന്നു. പ്രവാസികളുടെ തൊഴിൽ സംബന്ധമായ കെട്ടുപാടിനെയാണ് അപ്പുണ്ണി ഇവിടെ ബോധ്യപ്പെടുത്തുന്നത്. തൊഴിൽ കഴിഞ്ഞേ അവർക്ക് മറ്റെന്തുമുള്ളൂ.

വിവിധ നാടുകളിൽനിന്ന് ജോലിതേടിയും കാഴ്ചകാണാനും അടിച്ചുപൊളിക്കാനുമായി എത്തുന്ന, വിവിധ ദേശക്കാർ, വിവിധ ഭാഷക്കാർ, വിവിധ സംസ്ക്കാരത്തിനുടമകൾ അങ്ങനെ ഒട്ടേറെപ്പേർ തന്റെ മുന്നിലൂടെ ദിവസവും കടന്നുപോകുമ്പോൾ, തന്റെ മുതുകുളം ഗ്രാമത്തേയും ഗ്രാമഭംഗിയേയും ഗ്രാമീണരുടെ നിഷ്ക്കളങ്കതയേയും ചുരുക്കം ചിലരുടെ നെറികേടുകളെയുമെല്ലാം അപ്പുണ്ണി നമുക്കു മുൻപിൽ തുറന്നു കാട്ടുന്നു. ഫാമിലി പ്ലാസാ എന്ന ടൂറിസ്റ്റ് ലോഡ്ജിന്റെ കാര്യങ്ങൾ മുഴുവൻ പിഴകൂടാതെ നോക്കി നടത്തുക എന്ന ഉത്തരവാദിത്വപ്പെട്ട ജോലി നന്നായി ആസ്വദിച്ചുതന്നെ അപ്പുണ്ണി നടത്തിക്കൊണ്ടുപോകുന്നു, അങ്ങനെ തന്റെ തൊഴിൽ

www.malankaralibrary.com

ദാതാവിന് പ്രിയങ്കരനായിരിക്കാനും അപ്പുണ്ണി ശ്രദ്ധിക്കുന്നു.

ഗൾഫിന്റെ നാനാഭാഗങ്ങളിൽനിന്ന് ബഹറിനിലേക്ക് അറബികൾ വന്നെത്തുന്നത് പലപ്പോഴും രണ്ടുദിവസം അടിച്ചുപൊളിച്ചിട്ട് മടങ്ങാനത്രേ. അങ്ങനെ വന്നെത്തുന്നവരിൽ ചിലരെ പരിചയപ്പെടുന്നതായും മറ്റുചിലരെ കൂടുതൽ പരിചയപ്പെടാതെതന്നെ കെട്ടുകെട്ടിക്കുന്നതായും അപ്പുണ്ണി സമർത്ഥിക്കുന്നു. കലാഭവൻ ആബേലച്ചനും പാർട്ടിയും കൂടാതെ മറ്റു സിനിമാ പ്രവർത്തകരും ബഹറിനിൽ പരിപാടി അവതരിപ്പിക്കാൻ എത്തിയ കാര്യത്തിനൊപ്പം വേറെ ചില തരികിട പിരിവുകാരുടെ കാര്യവും അപ്പുണ്ണി നമുക്കായി ഈ കഥാപുസ്തകത്തിൽ വിവരിക്കുന്നു.

പ്രവാസ ജീവിതത്തിന്റെ കയ്പ്പും മധുരവും കൃതിയിൽ നിഴലിക്കുന്നു. മറ്റുള്ളവരുടെ ആഹ്ലാദത്തിൽ പങ്കുകൊള്ളാനും അവരുടെ ദുഃഖങ്ങളിൽ പരിതപിക്കാനുമുള്ള ഒരു മനസ്സ് അപ്പുണ്ണിക്കുണ്ടെന്നത് ഈ കൃതി വെളിവാക്കുന്നു. നാട്ടുകാരെപ്പറ്റിയും പഠിപ്പിച്ച അദ്ധ്യാപകരെപ്പറ്റിയും എന്തിന് കുശലം ചോദിച്ചിരുന്ന സമപ്രായക്കാരെപ്പറ്റിയുമെല്ലാം അപ്പുണ്ണി ഇടയ്ക്കിടയ്ക്ക് ഓർക്കുന്നു. ഒരു കവിയുടെ മനസ്സ് ഗ്രന്ഥകാരനുള്ളതിനാൽ ഗ്രാമീണ സൗന്ദര്യത്തെ പ്രകീർത്തിക്കാൻ കിട്ടുന്ന ഒരു സന്ദർഭവും പാഴാക്കുന്നില്ല.

ഈ ഗ്രന്ഥത്തെക്കുറിച്ച്, ഇതു വായിച്ചുതീർന്നപ്പോൾ തോന്നിയ ചില ചിന്തകളാണ് ഇവിടെ കോറിയിടുന്നത്. ഇങ്ങനെയൊരു അവതാരിക എഴുതുവാൻ എന്നെ ക്ഷണിച്ചതു ഗ്രന്ഥകാരന്റെ സ്നേഹവായ്പാണെന്നു ഞാൻ കരുതുന്നു. അപ്പുണ്ണിക്കഥകൾ തുടരട്ടെ. അപ്പുണ്ണിക്കും കുടുംബത്തിനും സർവ്വനന്മകളും നേർന്നുകൊണ്ട്, വായനക്കാരെ ഈ നർമ്മചിന്താകഥ ഗ്രന്ഥത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. ഇനി നിങ്ങൾ തന്നെ വായിച്ച് വിലയിരുത്തുക.

ആശംസകളോടെ,

ചേപ്പാട് ഭാസ്ക്കരൻ നായർ
പുത്തൻ പുരയിൽ,
മുതുകുളം വടക്ക്.

www.malankaralibrary.com



# 1. ഗൾഫൊരു സ്വപ്നം

ഭാരതമെന്നും കേരളമെന്നും കേട്ടാൽ അന്തരംഗം അഭിമാനപൂരിതമാകണമെന്നും ചോര തിളയ്ക്കണമെന്നും ആണല്ലോ മഹാകവി വള്ളത്തോൾ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ കല്പന നൂറു ശതമാനവും ശിരസാവഹിച്ചയാളാണ് അപ്പുണ്ണി. എന്നാൽ കേരളസംസ്ഥാനത്തെ അഭ്യസ്തവിദ്യരായ എല്ലാവർക്കും തൊഴിൽ കൊടുക്കുവാനുള്ള സാഹചര്യം ഇവിടെയില്ല (സ്വദേശത്ത് തൊഴിലെടുക്കുന്നവന്റെ അഭിമാനം വളരെ വലുതല്ലേ..?) എന്നുള്ളത് പച്ചയായ പരമാർത്ഥമായതിനാൽ ആയതിന്റെ പേരിലുള്ള നീരസവും ഉള്ളിന്റെയുള്ളിൽ ഇല്ലാതില്ല. തൊഴിലവസരങ്ങൾ തുലോം കുറവുള്ള സംസ്ഥാനമാണ് കേരളം എന്ന് സ്കൂളിൽ പഠിക്കുന്ന കാലംതൊട്ടേ അപ്പുണ്ണിക്ക് ബോദ്ധ്യമായ സംഗതിയുമാണ്. പരിസരഭവനങ്ങളിലെ മിക്കവാറും എല്ലാ യുവാക്കളും യുവതികളും അന്യസംസ്ഥാനങ്ങളിലോ വിദേശരാജ്യങ്ങളിലോ തൊഴിൽതേടി പോയിരിക്കുന്നതിന്റെ ഗുട്ടൻസ് മറ്റൊന്നുമല്ലല്ലോ.

കേരളത്തിൽനിന്നും തൊഴിൽതേടി (രക്ഷതേടി!) യാത്രയായവരുടെ ലക്ഷ്യസ്ഥാനം പണ്ടു കാലങ്ങളിൽ സിലോൺ, മലയ, സിംഗപ്പൂർ തുടങ്ങിയവയായിരുന്നു എന്ന് പ്രായമായവർ പറഞ്ഞു അപ്പുണ്ണി കേട്ടിട്ടുണ്ട്. അവിടുത്തെയും തൊഴിലവസരങ്ങൾ കുറഞ്ഞുതുടങ്ങിയപ്പോൾ പേർഷ്യയിലേക്ക് എന്നപേരിൽ ഗൾഫ് നാടുകളിലേക്കായി അവരുടെ പ്രയാണം. പേർഷ്യയിൽ ജോലി കണ്ടെത്തുന്ന കേരളത്തിന്റെ പുണ്യാത്മാക്കൾ നാടിന്റെ സ്വപ്നങ്ങളും സ്വപ്നപദ്ധതി

www.malankaralibrary.com

കളും മനസ്സിൽ കണ്ട് (അയവിറക്കി) പത്തിരുപതുവർഷത്തോളം എല്ലുമുറിയെ മരുഭൂമിയിൽ പണിയെടുക്കുന്നു. നാട്ടിലെത്തി പല്ലുമുറിയെ തിന്നാമെന്നാകും ശുദ്ധരുടെ സത്ചിന്ത.

മുതുകുളം ഗ്രാമത്തിന്റെ മുക്കിനും മൂലയ്ക്കും നിന്ന് എന്തുമാത്രം ആൾക്കാരാണ് പേർഷ്യയിൽ പോകുന്നത്! പിന്നെ കേരളത്തിന്റെ കാര്യം പറയാനുണ്ടോ..? അടിസ്ഥാനവിദ്യാഭ്യാസം നേടിയ യുവാക്കളിൽ ഒരു ഭാഗം ഗ്രഫിലേക്കും (കായങ്കുളം, മുതുകുളം, കീരിക്കാട് പ്രദേശത്തുള്ളവർ ഗ്രഫിൽ ധാരാളം ഉണ്ട്–ഇവരെ **കാമുകി** ഗ്രൂപ്പെന്ന് വിളിക്കുന്നു.) പട്ടാളത്തിലേക്കും ചേക്കേറുന്നു ശേഷം വരുന്നവരിൽ നല്ലൊരുഭാഗം ഗൾഫുനാടുകളിലേക്ക് വിമാനംകയറുന്നു.

അപ്പുണ്ണി ഇടയ്ക്കിടെ അറബി നാടിനെക്കുറിച്ചും അറബിനാട്ടിലേക്ക് പോകുന്നവരെക്കുറിച്ചും വെറുതെ ആലോചിക്കാറുണ്ട്, ദിവാസ്വപ്നങ്ങൾ കാണാറുണ്ട്. വിമാനത്തിൽ കയറി അപ്പുറത്തെത്തിയാൽ എന്തെല്ലാം കാഴ്ചകളായിരിക്കും..? മനോഹര കാഴ്ചകളുടെ ഒരു മായാലോകമായിരിക്കില്ലേ ഗൾഫ്..? നവനവങ്ങളായ യാത്രാവാഹനങ്ങൾ, നിറയെ കായ്ച്ചുനിൽക്കുന്ന ഈന്തപ്പനകൾ, കുതിരപ്പുറത്ത് ദിവസവും നാടുകാണാനെത്തുന്ന രാജാവ്, മന്ത്രിമാർ, മറ്റ് പരിവാരങ്ങൾ, നിരനിരയായി നീങ്ങുന്ന ഒട്ടകങ്ങൾ, അവിടവിടെയായി നെടുനെടുങ്കൻ കോട്ടകൾ, കൊട്ടാരങ്ങൾ, മിനാരങ്ങൾ, കാവൽക്കാർ.. ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനുള്ള വമ്പൻ കച്ചവടസ്ഥലങ്ങൾ, സ്ഥാപനങ്ങൾ. എന്തുമാത്രം പെട്രോൾ, ഡീസൽ.. ഇവ രണ്ടും ഒരേ കിണറ്റിൽനിന്നും കിട്ടുമോ..? വെവ്വേറെ സ്ഥലങ്ങളിൽ നിന്നാകും പെട്രോളും ഡീസലും കോരിയെടുക്കുന്നത്..? എല്ലാം ഇഷ്ടംപോലെ ഉപയോഗിക്കുന്നു.. അധികം വരുന്നത് മറ്റു രാജ്യങ്ങൾക്ക് കൊടുത്ത് കാശുവാങ്ങുന്നു. നാട്ടിൽനിന്നും പൊകുന്നവർ എണ്ണവിറ്റ് കാശുവാങ്ങി അറബികൾക്ക് കൊടുക്കും അവർ ആവശ്യത്തിന് എടുത്തിട്ട് ബാക്കി തിരികെ കൊടുക്കുന്നു. നാട്ടിൽനിന്നും പോയവർ അതിൽ കുറെ ബാങ്കിൽ ഇടുന്നു, കുറെ പണം സ്വർണ്ണം വാങ്ങാൻ ഉപയോഗിക്കുന്നു, തുണികൾ വാങ്ങുന്നു, സ്പ്രെ വാങ്ങുന്നു. സ്വപ്നഭൂമിയായ അറേബ്യൻ രാജ്യങ്ങളിൽ പോകാൻ ആരാണ് ഇഷ്ടപ്പെടാത്തത്..?, ആരാണ് ആഗ്രഹിക്കാത്തത്..?, കൈനിറയെ കാശുണ്ടാക്കാൻ ആരാണ് കൊതിക്കാത്തത്..?

ബാല്യത്തിൽ അപ്പുണ്ണി കണ്ടിട്ടുള്ള ഗൾഫുകാരിൽ അധികംപേരും സുമുഖന്മാരാണ്. ഇവിടെ നാട്ടിലെ കൊടും വെയിലത്തു പണിയെടുത്തു കാശുണ്ടാക്കുന്ന സർവ്വമാനപേരും കറുത്തിരുണ്ടിരിക്കുകയല്ലേ..? പിന്നെ ഇവരെന്താ ഇങ്ങനെ വെളുത്തു തുടുത്തിരിക്കുന്നത്..? ജോലി കാര്യമായിട്ടൊന്നും ഇവർക്ക് കാണില്ലായിരിക്കും? കഠിനാധ്വാനം അവിടെ ആവശ്യമില്ലായിരിക്കും..? രാജാക്കന്മാർക്ക് ആലവട്ടവും വെൺചാമരവും വീശിക്കൊടുക്കുന്നത് ഇവരാകാം..? അവർക്കായിരിക്കണം കൂടുതൽ കാശ്..? തുടുത്ത കവിളുകൾ, വയറു ക്രമത്തിലധികം ചാടി, മുഖത്ത് കൂളിംങ് ഗ്ലാസ്, കൈവിരലുകളിൽ മോതിരങ്ങൾ, സ്വർണ്ണനിറമുള്ള വാച്ച്, ഉടുപ്പിട്ടാൽ അകത്തിട്ട അഞ്ചുപവന്റെ മാല പുറത്തു കാണുന്ന വിധത്തിൽ രണ്ട് ബട്ടൺ മുകളിൽനിന്നും തുറന്നിട്ട് (അരഞ്ഞാണം ഇടാത്തത് ഭാഗ്യം!), കയ്യിൽ സ്വർണ ബ്രേസ്ലെറ്റ്, അടുത്തുവന്നാൽ നല്ല മണം,

www.malankaralibrary.com

ഗൾഫ് സ്പ്രെ (കീടനാശിനിയെന്ന് ചിലർ, അറബി മൂത്രമെന്ന് മറ്റുചിലർ.), ജീൻസ് പാന്റ്, ഡെൽസി ബ്രീഫ് കേയ്സ്, ബെൽബോട്ടം പാന്റ്, തോളിൽ തൂക്കിയ ലെതർബാഗ്, ലോട്ടോ ഷൂസ്, വാർത്തുണ്ടാക്കിയ കെട്ടിടം, നാട്ടിൽ ഇഷ്ടംപോലെ സ്ഥലം.. എന്നാ പത്രാസ്! എല്ലാം അറബിനാടിന്റെ സമ്മാനം, മഹത്വം.

ഗൾഫിൽ പോയിട്ട് രണ്ടുമൂന്നു വർഷങ്ങൾക്കു ശേഷം അംബാസിഡർ കാറിൽ ഇതുങ്ങളുടെ ഒരു വരവുണ്ട് (തിരിച്ചുപോകുന്നത് ഓട്ടോയിലായിരിക്കും എന്നുമാത്രം!). അതൊരു ഒന്നൊന്നൊര വരവാണ്. കാറിന്റെ മുകളിലെ സ്റ്റാൻഡിൽ മൂന്നുനാല് യമണ്ടൻ പെട്ടികൾ നിരത്തി കെട്ടിവച്ചിരിക്കും. അതിൽ എമർജൻസി ലൈറ്റുണ്ടാകാം, രണ്ടടി നീളമുള്ള ടോർച്ചുണ്ടാകാം, തേപ്പുപെട്ടിയുണ്ടാകാം പിന്നെ സോണിയുടെ വലിയൊരു പാട്ടുപെട്ടി ഉറപ്പായും ഉണ്ടാകും. കാറിന്റെ ഡിക്കിയിൽ ഗൾഫിൽനിന്നും വാങ്ങുന്ന പ്ലാസ്റ്റിക് പായ് മറ്റൊരു പെട്ടി അകത്തുവച്ച് വരിഞ്ഞുമുറുക്കിയത്. ഇരപിടിക്കാൻ ചിലന്തി വലകെട്ടുന്നവണ്ണം വരിഞ്ഞുമുറുക്കിയുള്ള ഒരു ഹാർഡ്ബോർഡ് പെട്ടി.. ഹോ..! ആ വരവ്. ആഹാ..!, നാട്ടിലെ പണ്ടത്തെ പ്രാണി, പ്രമാണിയായുള്ള ആ തിരിച്ചുവരവ് ഗംഭീരം തന്നെ.

വീട്ടിലെത്തുന്ന ഗൾഫുചേട്ടൻ ഉടനെയൊന്നും കൂടെക്കൊണ്ടുവന്ന പെട്ടിയുടെ കെട്ടുകൾ അഴിക്കില്ല. സന്ധ്യയാകുമ്പാൾ പെട്ടിപൊട്ടീര് ഒരു പ്രത്യേക ചടങ്ങായി നടത്തും. തുറന്ന കുറെ പെട്ടികളും ചുറ്റും കുറെ ബന്ധുക്കളും. കിട്ടുന്നത് കിട്ടുന്നത് അമക്കി.., അമക്കി.. അവരങ്ങനെ ബന്ധം ഊട്ടിയുറപ്പിക്കും. കൂട്ടത്തിൽ ഡീസന്റ് ആകുന്ന അളിയൻ വെറുതെ അടിക്കും:

“ഓ.. എനിക്കൊന്നും വേണ്ട..” ഹൊ എന്തൊരു എളിമ..!

പെട്ടിയുടെ മൂലയ്ക്ക് തുണികൾക്കിടയിൽ ചാരിവച്ചിരിക്കുന്ന (കുപ്പി ഇപ്പോഴേ ചാരാൻ തുടങ്ങി!) വലിയ കുപ്പി അകലെനിന്നേ അളിയൻ കണ്ടിരുന്നു (ബ്ലാക്ക് ലേബൽ.. ടൂ ലിറ്റർ.). രണ്ടുനാലു ദിനംകൊണ്ടളിയൻ ആ രണ്ടു ലിറ്ററും ആവിയാക്കും എന്നത് പരമരഹസ്യം. ഗൾഫൻ കൊണ്ടുവന്ന എല്ലാം ഫിനിഷ്ഡ്. ശുഭം! സർവ്വതും സ്വാഹാ..! ചേട്ടന് ഇട്ടൊണ്ടു നടക്കാനുള്ള അണ്ടർവിയർ നാട്ടിലെ ജൗളിക്കടയിൽനിന്നും വേറെ വാങ്ങിയാൽ ഇട്ടോണ്ടു നടക്കാം അത്രതന്നെ (നിർബന്ധമില്ല!).

നാട്ടിൽ ലാന്റു ചെയ്തതിന്റെ രണ്ടു ദിവസത്തിനുള്ളിൽ സോണിയുടെ പാട്ടുപെട്ടിയിൽ നിന്നുള്ള സ്വരരാഗസുധ പരിസരമാകെ മുഴങ്ങും “മാനേ.., മധുരക്കരിമ്പേ.., മലർ തേനേ.., മധുര കുഴമ്പേ..”. അയലത്തെ തരുണീമണികൾ പാട്ടുകേട്ട് ഗൾഫു ചേട്ടനെ ഒരുനോക്ക് കാണുന്നതിനും സംസാരിക്കുന്നതിനുമായി പതുക്കെ വേലിയുടെ അടുത്തെത്തും. (വേലി തെള്ളൽ എന്നാണ് നാട്ടുഭാഷയിൽ വേലിക്ക് അപ്പുറവും ഇപ്പുറവും നിന്നുള്ള അയലത്തുകാരുടെ സ്നേഹസംഭാഷണത്തിനുള്ള പേര്.) അടുത്ത ദിനം വീടാകുന്ന മാളത്തിൽനിന്നും ചേട്ടൻ പതുക്കെ വെളിയിലേക്ക്. ഉടുത്താൽ ഉറയ്ക്കാത്ത, മുറുകാത്ത ഫോറിൻ കൈലി ചുറ്റി, ഇപ്പം കീറും എന്നുള്ള ഭീഷണി മുഴക്കി ഒരു ടീ ഷർട്ട് അതിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ “Kiss Me..” എന്ന് ആലേഖനം ചെയ്തിരിക്കും. (ഇലക്ഷൻ സമ

www.malankaralibrary.com

യത്ത് മതിലിലെഴുതി വോട്ടുചോദിക്കുന്ന ലാഘവത്തിൽ കാണുന്ന ഈ പരസ്യം എന്താണെന്ന് ഇടുന്നവർ അറിയണമെന്നില്ല. മതിലും അറിയുന്നില്ലല്ലോ!) കണ്ണിൽ കറുത്ത കണ്ണട, കയ്യിൽ റോത്ത്മാൻ അല്ലെങ്കിൽ ട്രിപ്പിൾ ഫൈവ്. ചുവട്ടിൽ പഞ്ഞി വച്ചിട്ടുള്ള ഇതുങ്ങളെ നാട്ടിൽ ആദ്യമായി കൊണ്ടുവന്നതും ചുറ്റും കൂടുന്നവർക്ക് നൽകി വലിപ്പിക്കുന്നതും ഗൾഫൻമാരാണ്, ആത്മാവിനിത്തിരി അറബിപ്പുക!

സാധാരണ ഗതിയിൽ രണ്ടുമൂന്നു തവണ വീട്ടുകാർ താവളത്തിൽ ചെന്നു തൊഴുതു പറഞ്ഞാലും അവരെ പറ്റിച്ച് തേങ്ങായിടാൻ വരാത്ത തേങ്ങാ ച്ചേട്ടൻ, ഗൾഫുകാരൻ വീട്ടിലെത്തിയ വിവരം നാട്ടുകാർ വഴി അറിഞ്ഞ് ഒന്നു ബ്ലാഹി ആ വീട്ടിലേക്ക് പതുക്കെ എത്തും. ശേഷം തിണ്ണയ്ക്കിരുന്ന് ഒന്ന് മുരളും:

“കുഞ്ഞേ.., നമ്മുടെ തേങ്ങാ ഇടാറായി.. നാളെ വരട്ടോ..?, ഇടട്ടോ..?”

“നാളെ രാവിലെ പോരു.. ചേട്ടാ.. ഇവിടുത്തെ ചേട്ടൻ വന്നിട്ടുണ്ട്..” അടുക്കളയിൽ നിന്നും അമ്മാമ്മയുടെ അപ്രൂവൽ കിട്ടിയ സന്തോഷത്തിൽ തേങ്ങാ ച്ചേട്ടൻ ജംഗ്ഷനിലേക്ക്.

രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല് എന്നപോലായി കാര്യം. പിറ്റേന്നത്തെ മദ്യ സത്കാരം സ്വപ്നംകണ്ട് നമ്മുടെ പ്രിയ എയർഫോഴ്സ് ചേട്ടൻ സ്വർഗത്തിലെ മുറ്റത്ത് അന്നുരാത്രി ഉലാത്തും.

പിറ്റേന്ന് അതിരാവിലെതന്നെ തേങ്ങായിടാനെത്തിയ ചേട്ടനെ വേലയ്ക്കു ശേഷം ഫോറിൻ ചേട്ടൻ തിണ്ണയ്ക്കൊന്നിരിത്തും. മാർത്താണ്ഡവർമ്മ മഹാരാജാവ് സിംഹാസനത്തിൽ ഉപവിഷ്ടനാകുന്ന ഗരിമയിൽ തേങ്ങാചേട്ടൻ അങ്ങനെ തിണ്ണയ്ക്കിരിക്കും. ഗൾഫൻ പതുക്കെ അകത്തോട്ടു പോയി ഒരു നാഴി കുപ്പിഗ്ലാസ്സും താറാവിനെ കൊങ്ങായ്ക്ക് പിടിച്ചു തൂക്കികൊണ്ടു വരുന്നപോലെ അറബി സ്കോച്ചുമായി വെളിയിലേക്ക്. ഗ്ലാസ്സ് തേങ്ങാച്ചേട്ടന്റെ കയ്യിലേക്ക് നൽകി സ്കോച്ചുകുപ്പി തുറക്കാൻ (കുപ്പി പൊട്ടിക്കാനെന്ന് കുടിയർ വാക്യം!) പരിശ്രമിക്കുന്ന വീട്ടുകാരൻ.. തന്റെ നേർക്കു നീട്ടിപ്പിടിച്ച ഗ്ലാസ്സുമായി നിൽക്കുന്ന തേങ്ങാ ച്ചേട്ടന്റെ (കിണറ്റിൻ കരയിൽ വെള്ളത്തിനായി ഭിക്ഷു കൈനീട്ടി നിന്ന കാര്യം വിവരിച്ച കുമാരനാശാൻ തേങ്ങാച്ചേട്ടന്റെ നിൽപ്പ് കാണാഞ്ഞതു ഭാഗ്യം!) പാത്രത്തിലേക്ക് ഫോറിൻചേട്ടൻ അറബി സാധനം നാഴിപ്പാത്ര പകുതിവരെ പകരുന്നു. ശേഷം മറന്നുപോയ വെള്ളപ്പാത്രം എടുക്കാൻ ഗൾഫൻ അകത്തേക്ക് പോകുന്നു, തിരിച്ചു വരുമ്പോഴേക്കും

“ഗ്ലക്ക്.. ഗ്ലക്ക്..” ശബ്ദത്തോടെ തേങ്ങാവെള്ളം മാട്ടുന്നവണ്ണത്തിൽ തേങ്ങാച്ചേട്ടൻ ഗ്ലാസ്സിലായ അറബിയെ ഇതിനോടകം അകത്താക്കി കഴിഞ്ഞിരിക്കുന്നു. ഗ്ലാസ് വീണ്ടും ഗൾഫനു നേരെ നീട്ടിപിടിച്ച് തേങ്ങാച്ചേട്ടൻ കണ്ണിറുക്കി പറയും (യാചിക്കുന്നു എന്ന് കവിവാക്യം.):

“ഒന്നൂടെ ഒഴിക്കു കുഞ്ഞേ...”

ചൂലചാടിയ പിള്ളേർ ചക്കക്കൂട്ടാൻ കണ്ടതുപോലെയുള്ള ആ വെള്ളമടി കണ്ട് ഗൾഫനൊന്ന് അമ്പരന്നു നിന്നിട്ട് പതുക്കെ ഇങ്ങനെ ഓർമ്മിപ്പിക്കും:

“എന്റെ ചേട്ടാ.. ഇങ്ങനെ മാട്ടിയാൽ കൂമ്പ് വാടും.. ഇതൊക്കെ സമയമെടുത്ത് അടിച്ചു ഫിനിഷ് ചെയ്യേണ്ട സംഗതിയാ..”

www.malankaralibrary.com



വൈദ്യന്റെ (നാട്ടിലെ വാറ്റ് മുതലാളിമാർ പൊതുവെ വൈദ്യർ എന്ന ഓമനപ്പേരിലാണ് അറിയപ്പെടുന്നത്. എല്ലാ രോഗങ്ങൾക്കുമുള്ള ഒറ്റമൂലി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നവർക്ക് മറ്റ് എന്തു പേരാണ് ഇതിൽ നന്നായി ചേരുന്നത്..?, യോജിക്കുന്നത്..?) ബാറ്ററിയിട്ടു വാറ്റിയ സാധനം തൊണ്ട തൊടാതെ ചൂടോടെ വെട്ടുന്ന ചേട്ടന് ഇത് എന്തോന്ന്..?

"കുഞ്ഞ് ഒഴിക്കുകുഞ്ഞേ.." ഗദ്ഗദ തൊണ്ടനായി ചേട്ടൻ മൊഴിഞ്ഞു (അല്പം അകത്തായാൽ അണ്ണനങ്ങനാണ്. സെന്റിമെൻസിന് പിന്നാലെ കണ്ണ് കരകവിഞ്ഞൊഴുകും).

ഗൾഫൻ അടുത്ത ഈട് കമഴ്ത്തുന്നു..

"ഗ്ലക്ക്.."

കുപ്പി പകുതിയിലധികം കാലി. ശുഭം!

സംഗതി കുശാലാക്കി തേങ്ങാച്ചേട്ടൻ ഓപ്പൺ ഗന്നം സറ്റൈലിൽ! (പീതാംബരൻ സ്റ്റൈലിൽ എന്ന് നാട്ടു ഭാഷ്യം.) ആടിയാടി വീട്ടിലേക്ക്.

ഇതു നമ്മുടെ നാടൻ സ്റ്റൈൽ. സായിപ്പ് രണ്ടാഴ്ചകൊണ്ട് അകത്താക്കുന്നത് നമുക്ക് കേവലം ഒരു **നിപ്പൻ**! പിന്നെങ്ങനെ സായിപ്പ് ഇവിടം വിട്ട് ഓടാതിരിക്കും..? അതുങ്ങള് പോയത് കാര്യമായി അല്ലെങ്കിൽ വെള്ളം കിട്ടാതെ, ദാഹിച്ചുവലഞ്ഞു പിടഞ്ഞുവീണു ചത്തേനെ. അല്പം നാരങ്ങാ അച്ചാറല്ലാതെ മറ്റൊരു ടച്ചിങ്സും ഇല്ലാതെ ഇത്ര പെട്ടെന്ന് തേങ്ങാച്ചേട്ടൻ ഇത്രയും സാധിച്ചു (ചിക്കനോ മട്ടണോ ചേരുംപടി ഉണ്ടായിരുന്നെങ്കിൽ ചേട്ടനൊരു കലക്ക് കലക്കിയേനെ.).

വയസ്സ് 62, ഇരുണ്ടനിറം, വിത്തിനുവച്ച കുമ്പളങ്ങ പോലെയുള്ള കഷണ്ടിത്തല (പറ്റെ വെട്ടിയ വെള്ളമുടിയുള്ള തലയോട്ടി കണ്ടാൽ അങ്ങനേ തോന്നൂ.), കൂർത്ത ചുണ്ട്, അഞ്ചരയടി നീളം, അധികം വണ്ണമില്ല, പല്ലില്ലാത്ത വായ് (ചൂടു ചാരായം അടിച്ചു പോയതാണെന്നു തത്പരകക്ഷികൾ.), സംസാരിക്കാത്ത സമയത്ത് വെറുതെ നാക്ക് വായിലങ്ങോട്ടുമിങ്ങോട്ടുമിട്ട് കന്നാലി അയവെട്ടുന്നപോലെ തെള്ളിക്കളിക്കും (കാണുന്നവർ കരുതും എന്തോ കഴിക്കുകയാണെന്ന്..), സ്ഥിരമായി കാവിക്കൈലി, കട്ടപ്പുറത്തിരിക്കുന്ന വണ്ടിക്ക് വിലകൂടിയ ഹോൺ വച്ചിരിക്കുന്ന കണക്കെ ഒരു പുത്തൻ തോർത്ത് തോളിലൂടെ എപ്പോഴും നീട്ടിയിട്ടിരിക്കും പഴുതാര പോലെയുള്ള മേൽമീശ, മിക്കപ്പോഴും താടി കുറ്റിത്താടിയിൽ മിനുങ്ങുന്നു. ഇതാണ് നമ്മുടെ (നാട്ടുകാരുടെ) **കുഞ്ഞാപ്പു.** ആരുടെ ഏതൊരു പ്രവൃത്തിയേയും പുച്ഛിച്ചു സംസാരിക്കുന്ന കുഞ്ഞാപ്പുവിന് അന്നേദിവസം ആര് തന്റെ കൺമുന്നിൽ പെടുന്നുവോ അവരെ ഇരയാക്കണമെന്ന ഒറ്റ ഉദ്ദേശ്യമേയുള്ളു. പകർച്ചവ്യാധിയേക്കാൾ അപകടകാരിയായ പരദൂഷണത്തിൽ വലിയ വൈഭവമുള്ളയാളാണ് കുഞ്ഞാപ്പു. തന്റെ മുന്നിലൂടെ കടന്നുപോകുന്നവരുടെ പ്രത്യേകിച്ചും സ്ത്രീജനങ്ങളുടെ ഭൂതവും ഭാവിയും

www.malankaralibrary.com

സമാനചിന്താഗതിക്കാരായ കൂട്ടുകാരുമായി പങ്കുവച്ചും അവരുമായി തർക്കിച്ചും (അല്പം വിദൂരത്തായി നടന്നകലുന്ന നാരികളുടെ ആകാരം കണ്ട് അത് ഇന്നാളാണ് എന്ന ചർച്ചകളും ധാരാളം.) മനോസുഖം കണ്ടെത്തുന്നതാണ് ഇദ്ദേഹത്തിന്റെ പ്രധാനപണി. അത് കൊച്ചാപ്പുവിനൊരു സുഖമാണ് (അതോ അസുഖമോ..?).

അപ്പുണ്ണിയുമായി സംസാരിച്ചുനിന്ന കുഞ്ഞാപ്പുവിന്റെ മുന്നിലൂടെയാണ് ആക്രി പെറുക്കി ജീവിതം നയിക്കുന്ന ശശി സൈക്കിൾ ചവിട്ടി പോയത്. അന്നത്തെ അതിജീവനത്തിനുള്ള വലിയ കെട്ട് അദ്ദേഹത്തിന്റെ സൈക്കിളിനു പിന്നിൽ ഭദ്രമായിരിപ്പുണ്ട്.

‘‘എടാ അപ്പുണ്ണി, ഇവന്റെ ഈ ആക്രി കച്ചവടം എന്താണെന്നാ നിന്റെ വിചാരം..? കള്ളനോട്ടും സ്വർണ്ണക്കൊഴവിയും കിട്ടിയതിന്റെ പിന്നണിയല്ലേ ഈ കാണുന്നതെല്ലാം..? പണ്ടിവൻ സിനിമാ കണ്ട് തിരിച്ചു പോരുമ്പോൾ പോലീസുകാരൻ ഒരു കള്ളനോട്ടടിക്കാരനെ ഓടിച്ച് അതുവഴി വന്നു. ശശിയെ കാണാഞ്ഞ ആ കള്ളൻ ഇവന്റെ മുന്നിലേക്കല്ലേ ചാക്കു വലിച്ചെറിഞ്ഞത്. അന്നു തുടങ്ങിയ ഇവന്റെ കേറ്റമാ.. അല്ലാതെന്താ..?. നോട്ട് കുറേച്ചെ കുറേച്ചെയായി ഇവൻ ഉപയോഗിക്കുവല്ലേ! അതുപോലെതന്നെയല്ലേ ഇവന്റെ കിഴക്കേപ്പുറത്തെ തോട്ടിൽനിന്നും കിട്ടിയ സ്വർണക്കൊഴവിയും പരുവം പോലെ മുറിച്ചെടുത്ത് വിറ്റു കാശുണ്ടാക്കുവല്ലേ..? അല്ലാതെന്താ ഇവന്റെ വരുമാനം..?’’

‘‘അങ്ങനെയെങ്കിൽ ശശിയുടെ മക്കൾ നല്ലപോലെ പഠിച്ച് നല്ലസ്ഥാനത്ത് ആയത് എന്തുകൊണ്ടാ ചേട്ടാ..? ഇങ്ങനെ പണം കിട്ടിയാൽ പഠിക്കാൻ സാധിക്കുമോ..?’’

‘‘നീ, എന്തവാടാ പറയുന്നേ..? അവർ കോപ്പിയടിച്ചല്ലേ പരീക്ഷ ജയിക്കുന്നത്.., അല്ലാതെങ്ങനാ..? എള്ളൊണങ്ങിയാൽ എണ്ണ കിട്ടും ഏഴ്യൻ ഒണങ്ങിയാലോ..? ഫൂ..’’

പരമ പുച്ഛത്തിന്റെ ചക്രവർത്തി പദം അലങ്കരിക്കുന്ന കുഞ്ഞാപ്പുവിന്റെ അടുത്ത ലക്ഷ്യം അടുത്ത മാടക്കടയ്ക്കു മുന്നിലെ ബെഞ്ചാണെന്ന് അപ്പുണ്ണിക്ക് മനസ്സിലായി. 110 കെ.വി. വൈദ്യുത ലൈനിൽ നിന്നും നേരിട്ട് ഷോക്കടിപ്പിച്ചാലും കുഞ്ഞാപ്പുവിന്റെ ഈ അസുഖത്തിന് പ്രതിവിധി ആകില്ല എന്ന് അപ്പുണ്ണിക്ക് അറിയാം.

കുഞ്ഞാപ്പു അവിടെയിരുന്ന് ഇനി ആര് എന്നുള്ള രീതിയിൽ വായിലെ നാക്ക് ചവച്ചുകൊണ്ട് തെക്കുവടക്കു നോക്കി ഇരിക്കുമ്പോഴാണ് നമ്മുടെ ഗൾഫുചേട്ടൻ കൂളിംങ് ഗ്ലാസ് കണ്ണടയും വച്ച്, ട്രിപ്പിൾ ഫൈവ് സിഗരറ്റും വലിച്ച് അതുവഴി വന്നത്. അദ്ദേഹം മാടക്കടയിലെ ബഞ്ചിന്റെ മണ്ടയ്ക്കു കിടന്നിരുന്ന പത്രം കയ്യിലെടുത്ത് പേജുകൾ ഒന്നു വിടർത്തിനോക്കി..

ഗൾഫനെ കുഞ്ഞാപ്പു കണ്ടു. പുതിയൊരു ഇരയെ അദ്ദേഹത്തിന് കിട്ടിക്കഴിഞ്ഞു.

‘‘നാട്ടിൽ SSLCക്ക് ശേഷം മുറി ബീഡിയും മൂക്കിപ്പൊടിയും വലിച്ചു നടന്നവനാ.. അവന്റെ പത്രാസു കണ്ടോ..?’’

www.malankaralibrary.com



"നമ്മുടെ ഗൾഫ് ടടഘഇ ആണോ..?"

"അതേടാ.., അവൻ ടടഘഇ ആണ് സോഡാ സർബത്ത് ലാഭ കച്ചവടം. ഒൻപതു കഴിഞ്ഞിട്ടു വേണ്ടേ പത്ത്..?, ഹേത്! "

ഗ്രാവൽ റോഡിന്റെ അരികിലെ മാടക്കടയിൽ നിന്ന് പത്രം വായിക്കുന്ന ഗൾഫന്റെ കൂടെ കൊച്ചു സ്കൂളിൽ കുറഞ്ഞ ക്ലാസ്സിൽ പഠിച്ചവനായ കുഞ്ഞാപ്പു (പത്തു വയസ്സ് വ്യത്യാസമുള്ള സ്ഥലത്തെ എല്ലാവരും കുഞ്ഞാപ്പുവിന്റെ കൂടെ പല ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ളവരാണെന്നു പൊതുജന സംസാരം.) മാടക്കടയുടമയോട് വച്ചനത്താൻ തുടങ്ങി.

കടയുടെ അടുത്തുതന്നെ നിന്നിരുന്ന അപ്പുണ്ണി ഗൾഫു ചേട്ടന്റെ അടുത്തേക്ക് നടന്നു. കൈ കൊടുത്തു ചോദിച്ചു: "എവിടേയ്ക്കാണ് ചേട്ടാ..?"

"ജംങ്ഷനിലെ ഷോപ്പുവരെ ഒന്നു പോകണം. എന്നാ ഹോട്ടാണ് ഇവിടെ.., ടൂ.. ഹൊറിബിൾ.."

അപ്പുണ്ണിയുടെ മൂക്കിൽ ഗൾഫുമണം കയറ്റിവിട്ട് ഗൾഫുചേട്ടൻ പത്രം മടക്കി തിരികെ കടയിലിട്ട് നടന്നകന്നു. കൂടെ പഠിച്ചവൻ പറഞ്ഞ മംഗ്ലീഷ് കേട്ട കുഞ്ഞാപ്പുവിന് അതു തീരെ സുഖിക്കാതെ പറഞ്ഞു: "എടാ അപ്പുണ്ണി.. നീ ഇവനെക്കൊണ്ട് ഈ പറഞ്ഞതൊക്കെ ഒന്ന് എഴുതിക്കാമോടാ.., എങ്കിൽ ഞാൻ കല്ലുമൂട്ടിലെ കുരുവിളയെക്കൊണ്ട് എന്റെ തല മൊട്ടയടിക്കാം. ഫൂ.. അവന്റെ ഒരു ഇംഗ്രീസ്.. നാട്ടുകാരോട് ഇംഗ്ലീഷ് പറയാൻ ഇവനെ സായിപ്പാണോടാ ഒണ്ടാക്കിയത്..?"

പറഞ്ഞ വാക്യം ഗൾഫൻ ചേട്ടൻ എഴുതിയാലും തലമൊട്ടയടിക്കുന്ന കാര്യം നടക്കില്ലെന്ന് അപ്പുണ്ണിക്കറിയാം. കുഞ്ഞാപ്പുവിന്റെ തലയിൽ കല്ലുമൂട്ടിലെ ബാർബർ കുരുവിളച്ചേട്ടൻ ലെൻസു വച്ചുനോക്കണം മുടി കണ്ടെത്താൻ!

ബഹിരാകാശ ശാസ്ത്രജ്ഞന് ഭൂമിയിലിരുന്ന് ബാഹ്യാകാശത്തിലൂടെ സഞ്ചരിക്കുന്ന ഉപഗ്രഹങ്ങളെ കൺട്രോൾ ചെയ്യുന്നതിനുള്ള കഴിവുണ്ട്. എന്നാൽ അദ്ദേഹത്തിന് സെൽഫ് കൺട്രോൾ ഇല്ലാതായാൽ എന്താകും..? അതുപോലെയാണ് കുഞ്ഞാപ്പൂ.

സാധു ഗൾഫുചേട്ടൻ. നാട്ടുകാർക്ക്, ആരെങ്കിലും പത്തു കാശുണ്ടാക്കി നന്നായാൽ അതു കുഴപ്പം. ആർക്കേലും സർക്കാർ ജോലി കിട്ടിയാൽ അതു കുഴപ്പം. കുഴപ്പം ഇല്ലാത്തത് ഒന്നു മാത്രം.., ഒരുത്തൻ മുടിഞ്ഞ് മുക്രയിട്ടാൽ ദ് കൊള്ളാം.. പെരുത്ത സന്തോഷം. അപ്പുണ്ണി ഉള്ളാലെ പറഞ്ഞു.

ഗൾഫു ചേട്ടന്റെ കാര്യങ്ങൾ ആലോചിച്ച് നിൽക്കുമ്പോഴാണ് താത്വി

www.malankaralibrary.com

കാചാര്യനെപ്പോലെ തന്നോട് എപ്പോഴും സംസാരിക്കുന്ന തട്ടാരു തെക്കേതിലെ രാധാകൃഷ്ണൻ ചേട്ടന്റെ വരവ്.

"എന്താണ് ഐശ്വര്യവാനേ.., അപ്പുണ്ണി..?"

"ഓ എന്താണ് ചേട്ടാ.."

"എന്താണ് ഒരു ഓ.., **തൈലാദി ലേഹ്യങ്ങളശുദ്ധമായാൽ.. പൗലോസ് തൊട്ടാലത് ശുദ്ധമാകും** എന്ന് കേട്ടിട്ടില്ലേ.., നിങ്ങളും നിങ്ങളുടെ ആൾക്കാരും ശുദ്ധിയുള്ളവരാണ്. മനഃശുദ്ധി. അതുകൊണ്ടാണ് പഴമക്കാർ നിങ്ങളെക്കൊണ്ട് തൊടീച്ചിട്ട് സാധനങ്ങൾക്ക് ശുദ്ധി വരുത്തിയിരുന്നത്. ശ്രീ നാരായണ ഗുരുസ്വാമികളും പാടിപ്പറഞ്ഞത് കേട്ടിട്ടില്ലേ..? **നല്ലതല്ലൊരുവൻ ചെയ്ത നല്ലകാര്യം മറപ്പത്.. നല്ലതല്ലാത്തതുടനെ മറന്നീടുന്നതുത്തമം**.. എന്ന്.. അതുകൊണ്ടാടാ ഇതൊക്കെ ഞാൻ നിന്നോട് നേരിട്ട് പറയുന്നത്.." അങ്ങും ഇങ്ങും തൊടാതെ ഇങ്ങനെ എന്തെങ്കിലുമൊക്കെ പറഞ്ഞ് അടുത്തുകൂടുന്ന മുതുകുളം ബ്ലോക്കാഫീസിൽ ജോലി ചെയ്യുന്ന തട്ടാരുതെക്കേതിലെ രാധാകൃഷ്ണൻ ചേട്ടൻ, അന്നും ഇത്രയും പറഞ്ഞ് ഉടനെ നടന്നകന്നു.

അപ്പുണ്ണി വീട്ടിലേക്ക് തിരിച്ചു പോകുന്നതിനിടയിൽ ഗൾഫ് ചേട്ടന്മാരുടെ പിന്നാലെ കൂടുന്ന ചില ആൾക്കാരെക്കുറിച്ച് വെറുതെ ചിന്തിച്ചുപോയി.

"ലൈഫ് ബോയ് എവിടെയുണ്ട് അവിടെയാണാരോഗ്യം..!" എന്ന മട്ടിൽ ഗൾഫുകാർ നാട്ടിൽ ലാന്റു ചെയ്തത് അറിഞ്ഞ് ആദ്യമെത്തുന്നത് ഫോറിൻ മണി മാറ്റിക്കൊടുക്കുന്നവരാ. പ്രാവേറിയുള്ള അവരുടെ പോക്കു കാണുമ്പോഴേ അപ്പുണ്ണിക്കറിയാം അടുത്തെവിടയോ ഗൾഫനും വണ്ടിയും അടുത്തിട്ടുണ്ടെന്ന്. അവർ റിയാൽ മാറ്റി രൂപായാക്കും ഡോളർ മാറ്റി രൂപായാക്കും. നാട്ടിലെ ഉത്സവത്തിന് ആനമയിലൊട്ടകം കളിക്കുന്നവരുടെ ഒരു ഏകദേശ പതിപ്പാണ് ഇവർക്ക്. അതു മാറ്റി ഇതാക്കും ഇതുമാറ്റി അതാക്കും.

തിരികെപ്പോകാൻ ഗൾഫീന്നു വന്നവന്റെ സമയം ഏകദേശം അടുക്കുമ്പോഴേക്കുമാണ് കൊണ്ടുവന്നതിൽ കവിഞ്ഞും താൻ അടിച്ചു പൊളിച്ചിരിക്കുന്നതായി ഗൾഫന് ബോദ്ധ്യം വരുന്നത്.

ഗൾഫൻ വീടിന്റെ വരാന്തയിലിരുന്ന് കിഴക്കോട്ടു നോക്കി സ്വയം ചോദിക്കും : "ഇനി എങ്ങനെയാ.. കാര്യങ്ങൾ..? കയ്യിലാണെങ്കിൽ ലിക്വിഡ് ക്യാഷും ഇല്ല."

പിറ്റേന്ന് ടോർച്ചു വിൽക്കും. നാട്ടിൽ ലാന്റുചെയ്തപ്പോൾ നെഞ്ചത്തു തൂക്കിയിട്ടോണ്ടുനടന്ന് പറക്കുന്ന കിളികളുടെയും ചിരിക്കുന്ന പൂക്കളുടെയും പടംപിടിച്ച എൻജിൻ (ക്യാമറ) വിൽക്കും. ഭിത്തിയിൽ തൂക്കിയ ക്ലോക്കു വിൽക്കും. അങ്ങനെ വിൽക്കാവുന്നതെല്ലാം ഒന്നൊന്നായി ഗൾഫൻ വിൽക്കുന്നു, വിറ്റു തുടങ്ങുന്നു, വിറ്റു തിന്നുന്നു.

കൊണ്ടുവന്നതു തീർന്നു ചക്രക്കണ്ണിയെണ്ണി ഇരിക്കുമ്പോഴാണ് ദാ.. വരുന്നു.. എൽ.ഐ.സി. ഏജന്റ്. അദ്ദേഹം വീട്ടിൽ രാവിലെയും വൈകിട്ടും കയറിയും ഇറങ്ങിയും ചത്താൽ കിട്ടുന്ന ഗംഭീരമായ (ഭീകരമായ) ഒരു പോളിസി ചേട്ടനെക്കൊണ്ട് എടുപ്പിക്കുന്നു. ഒന്നാമത്തെ പ്രീമിയവും അടപ്പിക്കുന്നു (അ

www.malankaralibrary.com

തിൽനിന്നും ഏജന്റദ്ദേഹത്തിന്റെ വിഹിതം കമ്മീഷനായി ലഭിക്കുന്നതോടെ അദ്ദേഹത്തിന്റെ പണി ഒതുങ്ങുന്നു.). ശേഷം സ്വാഹ!!

ചില ഗൾഫൻന്മാർ നാട്ടുകാരുടെ മുമ്പിൽ, അറേബ്യൻ മേഖലയിൽ താൻ ആനയാണ്, പുലിയാണ്, സിംഹമാണ് എന്ന് വച്ചുകാച്ചും. ഗൾഫന്റെ കാച്ച് കേട്ടു നിൽക്കുന്ന രാഷ്ട്രീയ നേതാവ് തൊണ്ടതൊടാതെ അതങ്ങു വിഴുങ്ങും (നാട്ടിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന വേളയിലാണ് ഗൾഫൻ ചേട്ടന്റെ ഈ കാച്ചൽ എന്ന് അനുവാചകർ അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.). എന്തിനേറെ പറയുന്നു.

“എന്തേലും സംഭാവന തരണേ..” നേതാവ് ഗൾഫനോട് അവിടെവച്ചു തന്നെ ചോദിക്കുന്നു.

“പിന്നെന്താ ആരെയെങ്കിലും വീട്ടിലോട്ട് അയയ്ക്ക്, ഞാൻ വേണ്ടതു ചെയ്യാം..”

നല്ലൊരു തുക മനസ്സിൽ കണ്ട് അന്നു വൈകുന്നേരംതന്നെ ഗൾഫന്റെ വീട്ടിൽ നേതാവിന്റെ ദൂതൻ ഹാജർ.

ഗൾഫൻ ഒരു കവർ ദൂതനെ ഏൽപ്പിക്കുന്നു. ദൂതൻ, കിട്ടിയ കവറുമായി തിരികെ പോരുമ്പാൾ വഴിവക്കിൽ ഗൾഫന്റെ സോദരനെ കാണുന്നു. ഗൾഫനേയും ദൂതനേയും നേതാവിനേയും നന്നായി അറിയുന്ന സോദരൻ ദൂതന്റെ യാത്രയുടെ കാര്യകാരണ വിവരങ്ങൾ ചോദിച്ചറിയുന്നു. ഗൾഫനേൽപ്പിച്ച കവർ സോദരൻ ദൂതനിൽനിന്നും ചോദിച്ചു വാങ്ങുന്നു (സോദരൻ നേതാവിന്റെ സ്കൂളിലെ അദ്ധ്യാപകനാണ്.). സോദരൻ കവർ വാങ്ങി ഏറ്റം ബഹുമാനത്തോടെ അതിന്റെ അകക്കാമ്പ് പരിശോധിക്കുന്നു.

നൂറിന്റെ ഒരു നോട്ട്...!

ചിരിക്കണോ...?, കരയണോ..?, അതോ നാട്ടിൻപുറത്തെ **താ**.. കാരം പ്രയോഗിക്കണോ..?

എന്തായാലും നൂറിന്റെ കൂടെ തൊള്ളായിരംകൂടി തന്റെ പോക്കറ്റിൽനിന്നും എടുത്തു നിക്ഷേപിച്ച് ഫോറിന്റെ ബ്രദർ ആ കവർ ഭദ്രമായി ദൂതനെ തിരിച്ചേൽപ്പിച്ച ശേഷം പറഞ്ഞു: “തൊള്ളായിരം എന്റെ സംഭാവനയാണെന്ന് നേതാവിനോട് പറയല്ലേ ബ്രോ. മൊത്തവും ഗൾഫന്റേതാണെന്നു പറഞ്ഞാൽ മതി. എനിക്കും ഇവിടെ ജീവിക്കണ്ടേ..?”

ഗൾഫനെ സന്ദർശിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ഒരു കൂട്ടരാണ് വസ്തുക്കച്ചവടക്കാർ. അവർ നമ്മുടെ ഗൾഫനെ നന്നായി നാക്കുകൊണ്ട് പൊക്കിയ ശേഷം ഒരിക്കലും നികത്തി തീർക്കാൻ പറ്റാത്ത കുറെ തൊണ്ടുകുഴികൾ വാങ്ങിപ്പിക്കും.. കൂടാതെ പാടത്തിന്റെ നടുക്ക് കിടക്കുന്ന കുറെ വയലുകൾ പേരിൽ കൂട്ടിക്കും.

തൊണ്ടുകുഴി എങ്ങനെയെങ്കിലും കിട്ടുന്ന കാശിന് വിറ്റു പെട്ടിയിലാക്കാൻ ശ്രമിക്കുന്ന നാട്ടുപ്രമാണിയുടെ വലയിൽ ഭൂമിയോട് ആക്രാന്തം മൂത്ത ചില ഗൾഫുകാർ ചെന്നു പെട്ടത് അപ്പുണ്ണി ഓർത്തു പോകുന്നു.

ലോറിക്കു മണ്ണെടുത്തു വിറ്റ വയൽ, ആരുടെയെങ്കിലും തലയിൽ കെട്ടി

www.malankaralibrary.com

വച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നതിന്റെ ഇടയിലേക്കാണ് നമ്മുടെ ഫോറിൻ ചേട്ടൻ വന്നു ചാടുന്നത്. ആക്രാന്തം മൂത്ത് ചിലരെ വെട്ടി (ഭാഗ്യം ഉള്ളവനെ.) വയലിലേക്കെടുത്തു ചാടുന്ന ഫോറിൻ ചേട്ടൻ ചക്കിനു വച്ചതു കൊക്കിനു കൊണ്ടകണക്കെ നെഞ്ചിടിച്ച് ദാ ചാക്കിൽ വീഴുന്നു. സ്ഥല ഭ്രാന്തന്മാരായ ഇത്തരക്കാർക്ക് സ്ഥലം കിട്ടിയാൽ മതി. അവയെല്ലാം വാങ്ങി കൂട്ടും. പിന്നെ നികത്തലായി വഴിക്ക് വഴക്കായി, ഇടിയായി, കേസായി, ആകെ ഗുലുമാലായി..!

എൺപതു, തൊണ്ണൂറുകളിൽ ഗൾഫന്മാർക്ക് പെൺകുട്ടികളുടെ ഇടയിൽ നല്ല ഡിമാന്റായിരുന്നു. ഇവർക്കു ശേഷമാണ് സർക്കാർ, ബാങ്ക് ഉദ്യോഗസ്ഥർ, പട്ടാളക്കാർ.. അതിനും താഴെ പോലീസുകാർ.

ബ്രോക്കേഴ്സ് ഒരു കുട്ടിബാഗുമായിട്ടാണ് അരങ്ങിൽ എത്തുന്നത്. മാമന്റെ കക്ഷത്തിലിരുന്ന് അന്ത്യശ്വാസംവലിച്ച് ഞരുങ്ങുന്ന ഈ കുട്ടിബാഗിനുള്ളിൽ നിറയെ വിവിധ പ്രദേശങ്ങളിലെ തരുണീ മണികളുടെ വ്യത്യസ്ത രൂപങ്ങളുടെ, ഭാവങ്ങളുടെ നേർക്കാഴ്ചകളാണ്. ഓരോരുത്തരുടെ ഓരോരോ ഗുണഗണങ്ങൾ പാണൻ പണ്ട് പാടിയതുപോലെ മാമൻ ഓരോ വീട്ടിലും നടന്നു പാടുന്നു. കിട്ടുന്നതും വാങ്ങിക്കഴിച്ചും പോക്കറ്റിലിട്ടും പാട്ടുനിർത്തി ബ്രോക്കർ മാമൻ പടിയിറങ്ങുന്നു, അടുത്ത വീട്ടിലേക്ക്.

ഈ കാര്യങ്ങളൊക്കെ ഓർക്കുമ്പോഴും അപ്പുണ്ണിക്ക് ഉണ്ടാകുന്ന സംശയമാണ് ഇതുങ്ങളൊക്കെ ഗൾഫൻ നാട്ടിൽ വന്നത് എങ്ങനെ അറിയുന്നു.. എന്നത്..!

സ്പ്രേ മണത്ത് വരുന്നതാകാം. മണം പിടിച്ച് ദൂരത്തുനിന്നും ആൾക്കാർക്ക് വരാൻ പറ്റുമോ..? പറ്റുമായിരിക്കും.. കഴിഞ്ഞവർഷം കല്ലുമൂട്ടിലെ കൊലപാതകത്തിന് തുമ്പുണ്ണാക്കാൻ പോലീസുപട്ടി മണം പിടിച്ച് ഓടിയത് എത്ര കിലോമീററററാ..! ഹെന്റമ്മോ..!

ആ സംഭവം പെട്ടെന്ന് അപ്പുണ്ണിയുടെ മനസ്സിലേക്ക് ഓടിക്കയറി.

കുഞ്ഞുമൂപ്പൻ പുരയുടെ വടക്കുവശത്തെ പറമ്പിലെ തെങ്ങിന് തടമെടുത്ത് ചാണകവും ചാരവും ഉപ്പും വിതറി അതിനു മുകളിൽ കൊന്നത്തൂപ്പ് വെട്ടിയിട്ടുകൊണ്ടിരിക്കുമ്പോഴാണ് പുരയുടെ പടിഞ്ഞാറുവശത്തെ കടലാവണക്കിന്റെ കമ്പുകൾ വരിവരിയായി നിൽക്കുന്ന ഇടവഴിയിലൂടെ തെക്കേലെ ജബ്ബാർ സന്തോഷ് പാഞ്ഞുവരുന്നത്.

“എന്താടാ സന്തോഷേ. എവിടെ പോകുവാ..?” തെക്കേലെ ഗൗരി അമ്മയുടെ അകക്കെട്ടാണ് സന്തോഷ്. (അവൻ അപ്പുണ്ണിയുടെ സന്തത സഹചാരിയാണ്.) അവന്റെ അതിശീഘ്രത കണ്ടതുകൊണ്ടാണ് അവനോട് കാര്യം ചോദിച്ചത്.

“കല്ലൂമൂട്ടിൽ മുശിവാസുദേവനെ ആരോ കുത്തിക്കൊന്നു.. അവിടം വരെ പോകുവാ.. വരുന്നെങ്കിൽ വാ..”

കൊലപാതകമോ..?, അത് അപൂർവ്വമല്ലേ..?, സംഭവം എന്താണ്..?, കാരണം എന്താണ്..? ഒരായിരം ചോദ്യങ്ങൾ. “ഓ.. ശരി.. ശരി.. ദാ വരുന്നു..” അയയിൽനിന്നും ഉടുപ്പെടുത്തിട്ട് അപ്പുണ്ണിയും അവനൊപ്പം കൂടി.

കല്ലുമൂട്ടിൽ തണ്ടാർ മഹാസഭയുടെ പഴയ കെട്ടിടത്തിന്റെ തെക്കുവ

www.malankaralibrary.com

ശത്തെ വാർത്ത കെട്ടിടത്തിലാണ് സംഭവം നടന്നത്. ജംഗ്ഷന് വടക്കുവശം, റോഡിന് കിഴക്കേപ്പുറം.

പുരയിടം നിറഞ്ഞ്, ജംങ്ഷൻ നിറഞ്ഞ് ആൾക്കാർ. ജനത്തിരക്കാൽ ഹരിപ്പാട്-കായംകുളം റോഡിൽക്കൂടി വാഹനങ്ങൾ പതുക്കെ പോകുന്നു.

ബസ് യാത്രികർ, തൊഴുത്തിലെ പയ്യ് തടികൾക്കിടയിലൂടെ തല നീട്ടി കാടി കുടിക്കുന്നപോലെ അവരുടെ തല പുറത്തേക്കിട്ട് ചോദിക്കുന്നു:

"എന്താണ്..? എന്താണ്..? ആൾക്കൂട്ടം.."

"കൊലപാതകം.., ഒരാളെ കുത്തിക്കൊന്നു.. കത്തി ചത്തവന്റെ പുറത്ത് തറച്ചിരിക്കുന്നു.."

വിവരം കേട്ട് ബസ് യാത്രക്കാരിൽ ചിലർ സംഭവത്തിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെട്ട് വീട്ടിൽച്ചെന്ന് വിഷയം കാച്ചാൻ ജംഗ്ഷനിലേക്ക് ചാടിയിറങ്ങി.

അപ്പുണ്ണി ചെന്നപാടെ കെട്ടിടത്തിന്റെ പടിഞ്ഞാറെ ജനലിൽക്കൂടി അകത്തേയ്ക്കൊന്നു നോക്കി. ഒരാൾ മുറിക്കകത്തെ തറയിൽ ഉടുപ്പില്ലാതെ കിഴക്കോട്ടു ചരിഞ്ഞുകിടക്കുന്നു. ഒരു വലിയ കത്തി പുറത്ത്  കുത്തി നിൽപ്പുണ്ട്. ചോര ചുറ്റും ചാലുകീറിയും തളം കെട്ടിയും കിടക്കുന്നു. അടുത്തുള്ള അലമാരയിലെ തുണികൾ അലങ്കോലപ്പെട്ടു കിടക്കുന്നു.

രണ്ടു പോലീസുകാർ ജംഗ്ഷനിൽ നിൽപ്പുണ്ട്. ആരെയോ പ്രതീക്ഷിച്ചു നിൽക്കുന്നപോലെ. കപ്പടാ മീശയും കൂമ്പൻ തൊപ്പിയും കൂർത്ത് മുന്നോട്ടു നിൽക്കുന്ന നിക്കർ, കാൽ മുട്ടുവരെ പട്ടികെട്ടിയിരിക്കുന്നു, കാലിൽ ചെരുപ്പ്.

ഒന്നുരണ്ട് പോലീസുവണ്ടികൾ തെക്കുനിന്നും വേഗത്തിൽ വന്ന് സംഭവം നടന്ന വീടിന്റെ മുൻപിലെ റോഡിൽ നിർത്തി. കുറേ പോലീസുകാർ ചാടിയിറങ്ങി. ആരോ.. ആർക്കൊക്കയോ സല്യൂട്ട് കൊടുക്കുന്നു. ആകെ പോലീസ് മയം. ഒരു കെള പോലീസ്..!

അപ്പുണ്ണി റോഡിലേക്കിറങ്ങി. കൂടുതൽനേരം വീടിനോട് അടുത്തു നിൽക്കാൻ ഭയം. സംഭവം പ്രേതവും കൊലപാതകവും അല്ലെ..? രാത്രിയിൽ ഒറ്റയ്ക്കു കിടന്നുറങ്ങേണ്ടതല്ലേ..?

റോഡിൽ നിന്നവർ തമ്മിൽത്തമ്മിൽ കുശുകുശുക്കുന്നു. അപ്പുണ്ണി ചെവി വട്ടംപിടിച്ചു.


"കനകക്കുന്ന് എസ്.ഐ, കായംകുളം സർക്കിൾ ഇൻസ്പെക്ടർ, ഡി. വൈ.എസ്.പി. എല്ലാരുമാ.."

പിന്നാലെ മറ്റൊരുവണ്ടി വന്നുനിന്നു. ഒരു വലിയ പോലീസുപട്ടി ( അൾസേഷൻ നായ്) അതിൽനിന്നും ചാടിയിറങ്ങി. കൂടെ ഒരാൾ അതിന്റെ തുടൽ-ബൽറ്റിൽ പിടിച്ചുകൊണ്ട്. ബനിയനും പാന്റുമാണ് വേഷം.

പുരയുടെ മുന്നിലെ വാതിൽ പോലീസുകാർ തുറന്നു. വലിയ ഏമാൻ എന്നു തോന്നുന്ന ആൾ അകത്തേയ്ക്കു കയറി. കൂടെ രണ്ടുമൂന്നു പേരും. അദ്ദേഹം കടലാസുകളും മറ്റും ഒരു ഫയലിലുള്ളത് പരിശോധിക്കുന്നു.

പോലീസുകാരൻ പട്ടിയുമായി നിന്നു. മറ്റൊരാൾ പ്രേതത്തിൽനിന്നും ഒരു തുണി ഉപയോഗിച്ച് ഊരിയകത്തി ബനിയനിട്ട ആളിനെ തുണിയോടുകൂടി

www.malankaralibrary.com



ഏൽപ്പിച്ചു. അദ്ദേഹം നായുടെ മുഖം കൈകൊണ്ട് പിടിച്ച് കത്തിയുടെ പിടി ഭാഗം ഒന്നുരണ്ടു പ്രാവശ്യം മണപ്പിച്ചു. നായ്ക്ക് യാതൊരു ഭാവവ്യത്യാസവും ഇല്ല. നായോട് എന്തോ പറഞ്ഞിട്ട് ഒന്നുംകൂടി മണപ്പിച്ചു. അത് മുന്നിലേക്ക് നടന്നു. വീടിന്റെ ചുറ്റും ഓടി. കൂടെ ബൽറ്റിൽ പിടിച്ച് അതിന്റെ ആളും. **കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ തപ്പുക**.. എന്നുള്ള ഏർപ്പാട് കൈമുതലായുള്ള പോലീസേമാന്മാരായതിനാൽ അവരുടെ പട്ടിയും അങ്ങനെ തന്നെ പെരുമാറുമോ എന്നുള്ള ഉൾഭയം അപ്പുണ്ണിക്ക് ഉണ്ടാകാതിരുന്നില്ല. എന്നാൽ.., തിങ്ങിക്കൂടിയ കാണികൾക്കിടയിലൂടെ നായ് ഒന്നു പരതി മണത്തു. ശേഷം പടിഞ്ഞാറേ റോഡിലേക്ക് പതുക്കെ ഇറങ്ങി നേരെ വടക്കോട്ട് കാർത്തികപ്പള്ളി കണക്കാക്കി ഓട്ടം തുടങ്ങി. കുത്തിയ കത്തി മറ്റൊരാൾ വാഹനത്തിൽ കൂടെ കൊണ്ടുപോയി. സൈക്കിളിൽ ഏതാനും കാഴ്ചക്കാർ കാര്യമറിയാൻ അവരെ പിന്തുടർന്നു.

അവശേഷിച്ച ആൾക്കാർ വീടിന്റെ പരിസരത്ത് അല്പനേരംകൂടി നിന്നു.

ഇനി അവരായി അവരുടെ പാടായി. പ്രേതപ്പരിസരം വിട്ട് അപ്പുണ്ണി വീട്ടിലേക്ക് നടന്നു.

വൈകുന്നേരം സന്തോഷ് പറഞ്ഞറിഞ്ഞു: □മണംപിടിച്ച് പോലീസുപട്ടി കാർത്തികപ്പള്ളി വരെ ഓടി. ഒരു വീട്ടിലേക്ക് കയറി അവിടെ കിടന്നു. വാസുദേവനോട് വ്യക്തി വൈരാഗ്യം ഉണ്ടായിരുന്ന ആരോ ചെയ്ത കടുംകൈ□

കത്തിപ്പിടിയിലെ മണത്തിന്റെ ശക്തി! അപ്പുണ്ണി അത്ഭുതപ്പെട്ടു. മണം പിടിക്കാൻ അപാര കഴിവുള്ള ജീവിയാണ് നായെന്ന് വായിച്ചറിഞ്ഞിട്ടുണ്ട്. മനുഷ്യനേക്കാൾ 10 ലക്ഷം മടങ്ങാണ് ഇവയുടെ ഘ്രാണ ശക്തി. ഇതിനു പുറമേ മികച്ച കേൾവി ശക്തിയും ഇവയുടെ പ്രത്യേകതയാണ്. മനുഷ്യനേക്കാൾ പത്തുമടങ്ങ് കൃത്യമായി ശബ്ദങ്ങൾ കേൾക്കാനും മനസ്സിലാക്കാനും ഇവയ്ക്ക് സാധിക്കും. ശുനകവീരരെ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് നല്ലതാണെങ്കിലും വീടുകളിലെ കോഴികളെ സൂക്ഷിക്കുന്ന ലക്ഷംവീട്, കോഴിക്കൂടുകൾക്കു നേരെയുള്ള ഇവറ്റകളുടെ കൂട്ടായ ആക്രമണം ഒരു വലിയ പ്രശ്നംതന്നെയാണ്. ഇവരിൽനിന്നും കാടന്മാരിൽനിന്നും രക്ഷിക്കുന്നതിനാണ് നാട്ടിലെ പല കോഴിക്കൂടുകളും മാവിന്റെയും പ്ലാവിന്റെയും മുകളിലായി സ്ഥാപിച്ച് അതിലേക്ക് ഒരു കയറേണി കെട്ടിത്തൂക്കുന്നത്. കോഴികൾക്ക് ഇറങ്ങാനും കയറാനും ഏണി ഉപകരിക്കും. (ചില കൂടുകൾ വൈകുന്നേരം നിലത്തുവച്ച് കോഴികൾ കയറിയശേഷം പെരുന്നാളിനും ഉത്സവത്തിനും കൊടിയേറ്റുന്നപോലെ വലിച്ച് മുകളിലേക്ക് ഉയർത്തിക്കെട്ടി നിർത്തും..)

അതേപോലെയുള്ള ഒരു മണം പിടിക്കൽ നിരീക്ഷണമാണ് ഇവിടെ

www.malankaralibrary.com

അപ്പുണ്ണിയും നടത്തിയിരിക്കുന്നത്.

ആകുന്നെങ്കിൽ ഗൾഫനാകണം. എന്നാ മണമാ.., എന്നാ പണമാ.., എന്നാ വയറാ.., എന്നാ നിറമാ.., പത്രാസിനും ഒട്ടും കുറവില്ല. കുറഞ്ഞപക്ഷം ഒരു അഞ്ചു വർഷത്തേക്കെങ്കിലും ഗൾഫിൽ പോകണം. അഞ്ചുവർഷംകൊണ്ട് മണം കിട്ടുമോ..?, പണം കിട്ടുമോ..?, വയറ് കുടവയറാകുമോ..?, പത്രാസ് കൂടുമോ..? അപ്പുണ്ണിക്കറിയില്ല. എങ്കിലും അതൊരു ആഗ്രഹമാ.

കടയുടെ മുന്നിലിരിക്കുന്ന കുഞ്ഞാപ്പു, തന്റെ ഗൾഫു കൂട്ടുകാരൻ നടന്നകന്നിട്ടും വിടുന്ന ലക്ഷണമില്ല.

‟എടാ.. നിനക്കറിയാമോ.. ഇവൻ ഏത് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കേറ്റാണ് അക്കരെയുള്ള അറബിയെ കാണിച്ചതെന്ന്..? താഴത്തടി ബംഗ്ലാവിലെ കൊച്ചിന്റെ കല്യാണക്കുറിയല്ലേ ഇവൻ അറബിയുടെ കയ്യിൽ കൊടുത്തിരിക്കുന്നത്. കല്യാണക്കുറിയിലെ നിലവിളക്കിന്റെ പടം സർവ്വകലാശാലയുടെ എംബ്ലം ആണെന്നാണ് അറബിയെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിയിരിക്കുന്നത്. ഇവൻ അവിടെ നിൽക്കുന്നതിനുള്ള ഉറപ്പായിട്ട് കല്യാണക്കുറി അറബി പെട്ടിയിൽ വച്ച് പൂട്ടിയിരിക്കുവാ.. ഫൂ..”

കുഞ്ഞാപ്പൂച്ചേട്ടന്റെ സ്വഭാവം അറിയാവുന്നതുകൊണ്ട് അപ്പുണ്ണിക്ക് അദ്ദേഹം പറഞ്ഞതൊന്നും അത്ര വലിയ കാര്യമായി തോന്നിയില്ല. ഒരു ചെവിയിൽക്കൂടി കേട്ടിട്ട് മറ്റേ ചെവിയിലൂടെ അതു പുറത്തേക്ക് (ഭഗവാൻ രണ്ടു ചെവി തന്നതിന്റെ ഗുണം).

കുഞ്ഞാപ്പൂവിന് മൂന്ന് ആൺമക്കളാണ് ഉള്ളത്. മൂന്നേ മൂന്ന് ആൺതരികൾ.. (നഞ്ചെന്തിനാ നാനാഴി..?) വീട്ടിലെ പാടും ദുരിതവും നാട്ടുകാർ കേട്ടുകേട്ടാണ് ഇദ്ദേഹത്തെ സഹായിക്കുന്നതിനായി പലരും തുനിഞ്ഞത്. നാട്ടിൽ പാതവക്കുകളിലൂടെ കുഴികുത്തി ടെലിഫോൺ കേബിൾ വലിക്കുന്ന കാലം. കുഴികുത്തുകാരുടെ ഒഴിവുകൾ ദിക്കിൽ പലഭാഗത്തും ഉണ്ടായി. പട്ടിണിയും ദാരിദ്ര്യവും അറിഞ്ഞ യുവാക്കൾ ആഹാരത്തിനു വകനോക്കി പാതവക്കിൽ കേബിൾ കുഴികൾ കുഴിക്കാൻ (ചാലുകീറാൻ) ഇറങ്ങി. ഇറങ്ങിയവരിലെ മനഃസാക്ഷിയുള്ളവൻ കുഞ്ഞാപ്പുവിന്റെ ഒന്നാം മകനേയും കുഴികുത്ത് സഹായ ക്രിയയിലേക്ക് ക്ഷണിച്ചു. വിളിച്ച വിവരം മകൻ കുഞ്ഞാപ്പുവിനെ അറിയിച്ചു.

‟അച്ഛാ ഞാൻ നാളെമുതൽ കേബിൾ വലിക്കാനുള്ള ചാലുകീറാൻ (കുഴികുത്താൻ) പൊയ്ക്കോട്ടെ..?”

വാക്യം മകൻ മുഴുമിപ്പിക്കും മുമ്പേ കുഞ്ഞാപ്പുവിന്റെ രക്തം തിളച്ചു.. പഴുതാര മീശ വിറച്ചു.. നാക്കു ചവ വർദ്ധിച്ചു.

‟ഫൂ.. പത്താം ക്ലാസ്സ് കഴിഞ്ഞവനെ കുഴികുത്താൻ വിളിക്കുകയോ..! പട്ടിണി കിടന്നു ചത്താലും വേണ്ടാ.., നീ.. പോകണ്ടാ..”

മകനെ കുഴികുത്താൻ വിളിച്ചവൻ പിറ്റേന്ന് കുഞ്ഞാപ്പുവിന്റെ പൂരപ്പാട്ടുകേട്ടാണ് കണ്ണു തുറന്നത് (കോഴി നേരേചൊവ്വേ നീട്ടി കൂവിയത് പിന്നീടാണെന്നു സാരം..).

രണ്ടാമത്തെ പുത്രനെ ഗവ.എയിഡ് ഉള്ള അടുത്ത പള്ളിക്കുടത്തിലെ

www.malankaralibrary.com

പീയൂൺ ജോലിക്കായി അവിടുത്തെ മാനേജർ ക്ഷണിച്ചു..

"നീ വാ മോനെ.. എനിക്കൊരു സഹായവും നിനക്കൊരു ജോലിയുമാകും വീട്ടിലെ പട്ടിണിയും മാറും.."

"ഞാൻ വീട്ടിൽ ചോദിച്ചിട്ട് പറയാം.." രണ്ടാമന്റെ മറുപടി.

തന്റെ മകനെ പീയൂൺ ജോലിക്ക് സ്കൂൾ മാനേജർ ക്ഷണിച്ചതായി ഭാര്യയിൽനിന്നും അറിഞ്ഞ കുഞ്ഞാപ്പുവിന്റെ ദേഹമാസകലം വിറച്ചു. അദ്ദേഹം പുരയിൽനിന്നു തുള്ളി. കലിയടങ്ങാൻ കുഞ്ഞാപ്പു നീട്ടിത്തുപ്പി പറഞ്ഞു:

"ഫൂ.. എന്റെ മകനെ പാൽപ്പൊടി തീറ്റി മതംമാറ്റി എടുക്കാനുള്ള അവൻമാരുടെ അടവാണ്.. ഇതു ഞാൻ സഹിക്കില്ല.. ക്ഷമിക്കില്ല.. മേലിൽ ആ പറഞ്ഞവന്റെ മുറ്റത്തുപോലും നീ കയറിയേക്കരുത്.."

കല്പന കല്ലേൽപിളർന്നു. രണ്ടാമനും അങ്ങനെ ഗവ. എയ്ഡുള്ള സ്കൂളിലെ പീയൂൺ ആകുന്നതിൽ നിന്നും ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടു. കുഞ്ഞാപ്പു രക്ഷിച്ചു!

കാലങ്ങൾ ഓടിമറഞ്ഞു. ഒന്നാമനെ ജോലിക്ക് ക്ഷണിച്ചവൻ കേന്ദ്ര ഗവ. ജോലിക്കാരനായി (ആടചഘ)വിരാജിക്കുന്നു, കൂടെ അന്ന് ഒപ്പം കൂടിയവരും. രണ്ടാമനെ പീയൂൺ ജോലിക്കായി ക്ഷണിച്ച സ്കൂൾ, ഹയർ സെക്കന്ററി സ്കൂളായി ഉയർന്നു. അന്നു ജോലിക്കു കയറിയവൻ സർക്കാർ ശമ്പളം മാസാമാസം കൈപ്പറ്റുന്നു, അവന്റെ പിരിഞ്ഞുപോക്കിന്റെ തസ്തികയ്ക്കായി മറ്റൊരുവൻ 15 ലക്ഷം സ്കൂൾ മാനേജർക്കു കൊടുത്ത് കാത്തിരിക്കുന്നു.

കുഞ്ഞാപ്പുവിന്റെ മക്കൾ രണ്ടുപേരും ഇപ്പോഴും അന്നു നഷ്ടപ്പെട്ട തൊഴിലവസരത്തെ ഓർത്ത് നെടുവീർപ്പിടുന്നു. കുഞ്ഞാപ്പുവിന്റെ മൂന്നാമത്തെ പുത്രനാണ് സുകു. ചിത്തിര നാൾ നക്ഷത്രം (ചിത്തിര പിറന്നാൽ അക്കുടി നാശം എന്നത്രേ പഴമൊഴി.).

നാട്ടിലൊരു ഗൾഫുകാരനുണ്ടെങ്കിൽ ബന്ധുക്കൾ അടുത്തുകൂടി പാടാദുരിതം പറഞ്ഞാണ് ആ സാധുവിനെക്കൊണ്ട് ഒരു വിസ സംഘടിപ്പിക്കുന്നത്. തുടർച്ചയായുള്ള ബന്ധുശല്യം ഒഴിവാക്കാൻ വേണ്ടി ഏതേലും അറബികളുടെ കയ്യും കാലും പിടിച്ച് ഗൾഫുചേട്ടന്മാർ വിസാ കടലാസ് ഒപ്പിക്കും. തുടർന്ന് ആളിനെ ഏതുവിധേനയും അക്കരെ കടത്തും. ഇവിടെ നമ്മുടെ ഗൾഫുചേട്ടൻ അങ്ങനെ കടത്തിയ കൂട്ടത്തിൽ കുഞ്ഞാപ്പുവിന്റെ മൂന്നാം പുത്രനായ സുകുവും ഉണ്ടായിരുന്നു. എന്നാൽ ഗൾഫിലെ ചൂടും പൊടിയും കാറ്റും സഹിക്കവയ്യാതെ ദിവസം എൺപതു തികഞ്ഞപ്പോൾ സുകു തിരികെച്ചാടി. പണ്ട് ശല്യം സഹിക്കാനാകാതെ അപ്പുണ്ണി വീട്ടിലുണ്ടായിരുന്ന പൂച്ചയെ ചാക്കിലാക്കി ദൂരെ ചക്കുളങ്ങര വയലിനും അപ്പുറം ഉപേക്ഷിച്ചു തിരിച്ചു വേറെ വഴി വീട്ടിലെത്തിയപ്പോൾ ദേ നിൽക്കുന്നു പൂച്ച എന്ന കണക്കെയാണ് സുകു സംഭവം. അന്നുതുടങ്ങിയ കലിപ്പാണ് കുഞ്ഞാപ്പുവിന് ഗൾഫുചേട്ടനോട്. കള്ളത്തീറ്റി തിന്ന് ഉത്സവസ്ഥലത്ത് കറങ്ങിനടന്ന സുകുവിനെ അക്കരെയെത്തിച്ചു, രക്ഷപ്പെടട്ടെ എന്നു കരുതി (അവനോ..? അതോ.. നാട്ടുകാരോ..?).

എന്നാൽ പെട്ടിപ്പുറത്ത് ഇരുന്നതെടുത്തു കട്ടപ്പുറത്ത് വച്ചതുപോലായി

www.malankaralibrary.com

സംഗതി. അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ അതു കിടക്കുമോ..? സമയമാകുമ്പോൾ അത് അതിന്റെ വഴിക്ക് പോകും. സുകു എൺപതിന്റന്നു തിരിച്ചു വീട്ടിലെത്തിയതിന്റെ കുഴപ്പം മൊത്തവും മെത്തയിൽ കിടത്താൻ കൊണ്ടുപോയവന്. ഗൾഫിൽ രാവിലെ 5ന് എഴുന്നേറ്റ് പല്ലുതേച്ച് ചായ ഉണ്ടാക്കി കുടിച്ച് കുപ്പൂസ് (അറബിനാട്ടിലെ ആട്ട ഷീറ്റ്) രണ്ടെണ്ണം അകത്താക്കണം. ഉച്ച ശാപ്പാട് തയ്യാറാക്കി കൂടെ കൊണ്ടുപോകണം. അത് ചപ്പാത്തിയാകാം അല്ലെങ്കിൽ കുപ്പൂസ് വിത്ത് കറിയാകാം. നട്ടം വെയിലത്തുള്ള പണി. കൺസ്ട്രക്ഷൻ സൈറ്റിലെ പണി കഴിഞ്ഞ് കമ്പനി വണ്ടിയിൽ തിരികെ താമസിക്കുന്നിടത്ത് കൊണ്ടുവിടുമ്പോൾ സമയം രാത്രി ഏഴുമണി. വെള്ളിയാഴ്ച ഒഴികെ എല്ലാ ദിവസവും ഇതേ മെനു ആവർത്തിക്കണം.

ഉത്സവം, ചാക്കാല, പുരവാസ്തൊലി.. എന്നിങ്ങനെയുള്ളതിന്റെ പേരിലോ, അമ്മാവന്റെ അയലത്തുകാരന്റെ കൂട്ടുകാരൻ ചത്തുപോയതിന്റെ പേരിലോ അവധി കിട്ടുകില്ല. കിട്ടുന്ന വെള്ളിയാഴ്ചകളിൽ വസ്ത്രങ്ങൾ അലക്കണം (അത് നിർബന്ധമില്ല!, നാറ്റം വന്നാൽ കൂടെയുള്ളവർ (സഹമുറിയർ) എടുത്തിട്ട് അലക്കാതെ സുക്ഷിക്കണം അത്രമാത്രം!), കഴിക്കാനുള്ള സാധനങ്ങൾ ഒന്നിച്ചു വാങ്ങണം, നാട്ടിലേക്ക് വിളിക്കണം അങ്ങനെ രണ്ടുമാസം ചവിട്ടിപ്പിടിച്ചു. നാട്ടിൽ കള്ളത്തീറ്റയും തിന്ന്, തെക്കു വടക്കു സർവ്വീസ് (ഠഢട) നടത്തിയവനായ സുകു ഉടനെ വിത്തെടുത്തു കുത്തി.

“നാട്ടിൽ കക്കൂസു കോരിയാലും അതിനൊരു ചന്തമുണ്ട്. ഇനി എനിക്കിവിടെ അറബിയുടെ അടിമപ്പണി ചെയ്യാൻ വയ്യ! എത്രയും പെട്ടെന്ന് എന്നെ നാട്ടിലെത്തിക്കണം. അല്ലെങ്കിൽ ഞാൻ ഇവിടെക്കിടന്നു ചാകും..” പോരേ.. പൂരം..?

അക്കരേക്ക് ചാടിച്ചപോലെ ഇക്കരേയ്ക്ക് പാവം ഗൾഫുചേട്ടൻ സുകുവിനെ (നാട്ടിലേക്ക്) കടത്തി. അവന്റെ ടിക്കറ്റ് കാശ് സ്വന്തം പോക്കറ്റിൽ നിന്നും അടച്ചു. ഇപ്പോൾ കുറ്റമെല്ലാം പാവത്തിന്.

സുകു നാട്ടിൽ വന്ന് വീട്ടുകാരോട് ഇങ്ങനെ വിളമ്പി “ഒത്ത ഒരു പണി എനിക്കു തന്നു.. അറബിയുടെ ഒട്ടകത്തെ തീറ്റണം.., വെള്ളം കോരണം.., വിറകു കീറണം.. പട്ടിണിയായിരുന്നു. മുഴുപ്പട്ടിണി..”

എന്നാൽ നാട്ടിൽ കക്കൂസു കോരാനെത്തിയ സുകു നാട്ടുകാരുടെ കക്കൂസിന്റടുത്തൂന്ന് മാറാതായി. കക്കൂസു നിരീക്ഷണ പണി കഴിഞ്ഞ് ആള് കുളക്കരയിൽ നിൽക്കുന്ന മരങ്ങളുടെ ഉന്നതങ്ങളിലേക്ക് (ഉത്തുംഗ ശിഖരത്തിലേക്ക്)പോകും അവിടെ ഇരുന്ന് കുളക്കടവു വീക്ഷണം നടത്തും. ശല്യംകൊണ്ട് നാട്ടുകാർ പൊറുതി മുട്ടി. ഒരു ദിവസം മറപ്പുരയുടെ അടുത്തുള്ള അടയ്ക്കാ മരത്തിലൊരു ആളനക്കം.. മറപ്പുരയിൽനിന്നും ആൾ ഉന്നതങ്ങളിലേക്ക് കണ്ണുയർത്തി, തന്നെ നിരീക്ഷിക്കുന്നവരാരോങ്കിലും അവിടെയുണ്ടോയെന്ന് നോക്കി.. പിന്നെ താമസിച്ചില്ല. തോർത്തുകൊണ്ട് കച്ചകെട്ടിയ വേഷത്തിൽ വീട്ടുകാരി ഇറങ്ങിയോടി.. കൂവി വിളിച്ചു., അലറി വിളിച്ചു..

“അയ്യോ.. ഓടി വായോ..”

www.malankaralibrary.com

കൂവലും ബഹളവും അലർച്ചയും കേട്ട് വീട്ടുകാരെത്തി, നാടിളകി നാട്ടുകാരെത്തി. മേൽനോട്ടക്കാരനും (ദേഹനോട്ടമെന്നോ, മുകളിൽനിന്നുള്ള നോട്ടമെന്നോ അനുവാചകർക്ക് കണക്കാക്കാം.) നിരീക്ഷകനുമായ സുകുവിനെ കയ്യോടെ പിടിച്ചു.. കാലിൽ പിടിച്ചു.. കയ്യേൽ പിടിച്ചു.. അതേ മരത്തിൽ ചേർത്തു നിർത്തി കെട്ടിയിട്ടു. വന്നവർ വന്നവർ അവന്റെ മണ്ടയ്ക്കു ചെണ്ടകൊട്ടി. എത്ര നേരം കണ്ടിരിക്കും അവസാനം വീട്ടുകാർതന്നെ അഴിച്ചുവിട്ടിട്ടു പറഞ്ഞു:

“പോടാ പോ.. നീ പോ മോനേ സുകു..”

സുകുവിനെ കെട്ടിച്ചുവിടണം എന്നതു നാട്ടുകാരുടെ ബാധ്യതയായിത്തീർന്നു. ശല്യം ഒഴിയണ്ടേ..? ഏഴാം ക്ലാസ്സും ഗുസ്തിയും.. ഗൾഫിൽ പോയി എന്നുള്ള തലക്കെട്ടും കാണിച്ചങ്ങോട്ടു ചെന്നാൽ പെണ്ണുകിട്ടുമോ.? അല്ലെങ്കിൽ തന്നെ “**തക്ക സമയത്തിന് പട്ടിയെ എറിയാൻ കല്ലും.. കെട്ടാൻ പെണ്ണും നോക്കിയാൽ കിട്ടുക എന്നത് ഒരു സംഭവം തന്നെയല്ലേ..?**” സുകുവിന്റെ കാര്യത്തിൽ അതു പറയുകയും വേണ്ട.

“അടുത്ത വിസയ്ക്കുവേണ്ടി കാത്തുനിൽക്കുവാ.., ഉടനെ പുതിയ വിസ വരും.. അതിനു മുമ്പ് കല്യാണം നടത്താനാണ് ഉദ്ദേശം. ഒത്താൽ ഭാര്യയെ കൂടെ കൊണ്ടുപോകാം..! (അത്രയ്ക്കും വേണോ..?)”

വായ്മൊഴി കേട്ടുകേട്ട് വെട്ടത്തുകടവ് കായൽ തീരത്തുനിന്നും ഒരു മാമൻ ബ്രോ (കല്യാണമാമൻ) ആലോചനയുമായിട്ട് സുകുവിന്റെ വീട്ടിലെത്തി. കൂടി ആലോചനകൾ തകൃതിയിൽ നടന്നു.

“പെണ്ണിന് എന്തു കൊടുക്കും..” സുകുവിന്റെ സംശയം.

“അതെ അവർ പെണ്ണിന് എന്തു കൊടുക്കും..?” സുകുവിന്റെ സംശയം അപ്പൻ കുഞ്ഞാപ്പുവിനും.

“രണ്ടു ദിവസത്തിന് ശേഷം പെണ്ണിനെ പോയി കാണാം.. അപ്പോൾ നേരിട്ട് ചോദിക്കാം..” ബ്രോക്കർ മറുപടിയായി. യാത്രാപ്പടിയും വാങ്ങി ബ്രോ വിടകൊണ്ടു.

രണ്ടു ദിവസങ്ങൾക്കു ശേഷം സുകുവും അച്ഛൻ കുഞ്ഞാപ്പുവും മാമൻ ബ്രോയുംകൂടി ഒരു ഓട്ടോയിൽ വെട്ടത്തുകടവിലെ പെൺകുട്ടിയുടെ വീട്ടിലേക്ക്.

ഒരു പണിയും ഇല്ലാത്തവന് എന്തേലും പണി ആയിക്കോട്ടെ എന്നു വീട്ടുകാർ കരുതിയാലും നാട്ടുകാരിലെ ചില പാരകൾ അതിനു സമ്മതിക്കൂല.. പെൺവീട്ടുകാരോട് സുകുവിന്റെ ഗുണഗണങ്ങൾ ഏതോ കുലദ്രോഹി പാണൻ പാടി കേൾപ്പിച്ചു. “എന്തായാലും ബ്രോയോട് പറഞ്ഞതല്ലേ അവർ വന്നു പെണ്ണിനെ കാണട്ട്.. കണ്ടിട്ട് പോകട്ട്..” എന്നു പെൺ വീട്ടുകാർ ചിന്തിച്ചു. അത്യാവശ്യം തിന്നാനും കുടിക്കാനും അല്പം മിച്ചവുമുള്ള വീട്ടിലെ കുട്ടിയാണ്. കമ്പ്യൂട്ടർ പഠിക്കാനും അവൾ പോകുന്നുണ്ട്. ഗൾഫ് പയ്യൻ എന്നു കേട്ടതുകൊണ്ട് ബ്രോയോട് അന്വേഷിച്ചു, അത്രമാത്രം. സുകുവിന്റെ മേൽനോട്ടപ്പണി പിന്നീടാണ്

www.malankaralibrary.com

അറിഞ്ഞത്.

സുകുവും അച്ഛൻ കൊച്ചാപ്പുവും ബ്രോയും പെണ്ണിന്റെ വീട്ടിലേക്ക്.. മൂവരും ഇരുന്നു. പെണ്ണ് ചായയുമായി വന്നു തിരികെനടകൊണ്ടു കതകിന് മറഞ്ഞു. അമ്മ ഉപ്പേരിയും ബിസ്ക്കറ്റുമായി വന്നു.. അപ്പൻ പയ്യന്റെ പണി അന്വേഷിച്ചു.

''വിസയ്ക്കായി കാത്തിരിക്കുന്നു.. ഉടൻ വരും.. ഉടനെ പോകും.''

ജോലിയില്ലാത്ത പയ്യനെ ഒഴിവാക്കാൻ എന്തുബുദ്ധിമുട്ട്..!

''പെണ്ണിന് എന്താ.. കൊടുക്കുന്നത്.. എന്തു കൊടുക്കും..?'' കുഞ്ഞാപ്പു ചോദിച്ചു.

എല്ലാവരെയും ഇളക്കുന്ന കുഞ്ഞാപ്പുവിന് പെണ്ണിന്റെ അച്ഛന്റെ മറുപടി അടി തിരിച്ചടിയായി ഇരുട്ടടിയായി ഉടൻ കിട്ടി.

''രാവിലെ കാപ്പി.., ഉച്ചയ്ക്ക് ഊണ്.., രാത്രി ചോറ്.., ചില ദിവസം ചപ്പാത്തി.., രണ്ടു നേരം ചായയും കടിയും..''

കല്യാണ ബ്രോയുടെ മനസ്സിൽ ലഡു പൊട്ടി.. ''ചെല്ലേണ്ടിടുത്ത് ചെന്നുകേറി.. വായ് നിറയെ കിട്ടി.., ഇനി ദേഹത്ത് നിറയെ കിട്ടുംമുമ്പ് ഇവിടുന്ന് കടക്കണം. നല്ല ബെസ്റ്റ് പൊരുത്തം..!''

അച്ഛന്റെ മറുപടി കേട്ട് കുഞ്ഞാപ്പുവിന്റെ വയറു നിറഞ്ഞു. കുടിച്ച ചായ അകത്തോട്ടോ പുറത്തോട്ടോ എന്ന സന്ദേഹത്തിൽ തൊണ്ടയിൽ തത്തിക്കളിച്ചു. എന്തായാലും ഓട്ടോ കൂലി മുതലാക്കണ്ടേ..? ചായയെ അകത്തേയ്ക്കു വിട്ടു, രണ്ടുപ്പേരി കൂടി എടുത്തു തിന്നു. പെണ്ണിന്റെ തള്ള സമസ്യയുടെ ബാക്കി പൂരിപ്പിച്ചു:

''അത്താഴത്തിനു ശേഷം ഒരു ഗ്ലാസ്സ് പാലുകൂടി മോൾക്കു കൊടുക്കും..''

''മതി. ഇത്രയും മതി..'' കുഞ്ഞാപ്പുവിന് തൃപ്തി ആയി.. നല്ല ബെസ്റ്റ് ഫാമിലി!

തൂക്കിക്കൊലയ്ക്കു മുമ്പുള്ള അന്ത്യാഹാരമായിരുന്നു അല്പം മുമ്പ് അകത്താക്കിയ ചായയും ഉപ്പേരിയും ബിസ്ക്കറ്റുമെന്ന് പെണ്ണുകാണാൻ വന്നവർക്ക് ബോദ്ധ്യപ്പെട്ടു.

ബ്രോക്കർചേട്ടന് കൊടുക്കാനുള്ളത് എവിടെ, എങ്ങനെ കൊടുക്കണം എന്ന ചിന്തയോടുകൂടി സുകുവും കുഞ്ഞാപ്പുവും ഓട്ടോയിലേക്ക്.

''മറിച്ചിലു കണ്ട് ചൂണ്ടയിടണം..'' എന്ന രീതിയിൽ ബ്രോ ചേട്ടൻ, അപ്പന്റെയും മകന്റെയും കൈപ്പണി കുറയ്ക്കാൻ ഉടൻ പറഞ്ഞു:

''നിങ്ങൾ വീട്ടിലോട്ട് വിട്ടോ.. ഞാൻ ഇവിടടുത്തൊരു ആലോചനാക്കാര്യം കൂടി ശരിയാക്കിയിട്ട് അങ്ങോട്ട് വന്നോളാം..'' തന്റെ കാലൻ കുടയും നിവർത്തി പിടിച്ച് അദ്ദേഹം പിന്നെ തിരിഞ്ഞുനോക്കാതെ തെക്കോട്ട് വേഗം നടകൊണ്ടു.

സുകുവിന്റെ കല്യാണാലോചന അങ്ങനേ നീണ്ടു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

www.malankaralibrary.com

അറബിനാടിനെക്കുറിച്ചും അവിടുത്തെ ജീവിതരീതിയെക്കുറിച്ചും അറിയുന്നതിന് അന്നുതന്നെ അപ്പുണ്ണി അയൽക്കാരനായ ഗൾഫുചേട്ടന്റെ വീട്ടിലേക്കു ചെന്നു. രാവിലെ കടയുടെ അടുത്തുവച്ച് ഒന്നു കണ്ടതല്ലേ.

തിണ്ണയ്ക്ക് ചാരുകസേരപ്പടിയിൽ കാലുകൾ കവച്ചുനീട്ടി പൊക്കിവച്ച് അന്നത്തെ വർത്തമാനപ്പത്രവുമായി മൽപ്പിടുത്തം നടത്തിക്കൊണ്ടിരുന്ന ഗൾഫുചേട്ടനോട് സുഖ വിശേഷങ്ങൾ അറിയാൻ തക്കവണ്ണം മുറ്റത്തുനിന്നേ സംസാരത്തിനു തുടക്കമിട്ടു: "എന്തൊക്കെയുണ്ടു ചേട്ടാ.. ഗൾഫ് വിശേഷങ്ങൾ..?"

മുറ്റത്തുനിൽക്കുന്ന അപ്പുണ്ണിയെ മുഖത്തു ഫിറ്റു ചെയ്തിരിക്കുന്ന കണ്ണാടിയുടെ മുകളിലൂടെ ദർശിച്ച ഗൾഫുചേട്ടൻ സന്തോഷത്തോടെ പ്രത്യഭിവാദനം ചെയ്തു:


"ഹലോ.. അപ്പുണ്ണി.., ബാ.. ബാ.., കം.. കം.., സിറ്റ് ഡൗൺ.. സിറ്റ് ഡൗൺ.., ഇരി.. ഇരി.."

ചേട്ടൻ തുണികൊണ്ടുള്ള ചാരുകസേരയുടെ പടിയിൽനിന്നും കാലുകൾ ഇറക്കിവച്ചു. (ഇതേപോലൊരു ചാരുകസേര അപ്പുണ്ണിയുടെ വീട്ടിലും ഉണ്ട്. അപ്പുണ്ണിയെ അതിൽ കിടക്കാൻ സമ്മതിക്കാത്തതിന് തത്പരകക്ഷികൾ കിടക്കാൻ വരുന്നതിനു മുമ്പ് തുണിയിൽ തിരുകുന്ന ബലമുള്ള തടിക്കു പകരം ചൂരൽ കയറ്റിവച്ച് അതിൽ കിടക്കുന്നവരെ താഴെ വീഴിക്കുന്ന പദ്ധതി അപ്പുണ്ണി ഇറക്കിയിട്ടുണ്ട്. കിടന്നവർ തലയിടിച്ച് വീണിട്ടുമുണ്ട്.. ചൂടോടെ ചന്തിക്കു കിട്ടിയിട്ടുമുണ്ട്.. അതൊരു കാലം.) എത്ര മുറുക്കിയുടുത്താലും മുറുകാത്ത മറുനാടൻ പോളിയസ്റ്റർ കൈലി ഒതുക്കി രണ്ടു കാലുകളുടേയും ഇടയിലേക്കു തിരുകിക്കയറ്റി. വായിച്ചുകൊണ്ടിരുന്ന പത്രം തേച്ചു മടക്കി ചാരുകസേരയുടെ വലതുവശത്തു വച്ചു. അപ്പുണ്ണി അല്പം അകലെ കിടന്നിരുന്ന ചൂരൽ കസേര വലിച്ചിട്ട് ഒരു അകലം കണക്കാക്കി ഇരുന്നു.

"എന്തൊക്കെയുണ്ടു ചേട്ടാ..? എങ്ങനുണ്ട് ഗൾഫ് ജോലിയും മറ്റും..? എന്നു വരെയുണ്ട് അവധി..?"

ഗൾഫുചേട്ടൻ സംസാരിച്ചു തുടങ്ങി:

"മോനേ അപ്പുണ്ണീ.., ഗൾഫുകാരന്റെ അത്തറിന്റെയും സ്പ്രേയുടെയും മണം അടിക്കുമ്പോൾ അറബിനാട്ടിൽ പണിയെടുക്കുന്നവർ ദിവസവും ഇതിൽ കുളിച്ചു നടക്കുകയാണെന്നാണ് ഇവിടെ ഓരോരുത്തരും വിചാരിക്കുന്നത്. അവിടുത്തെ വിയർപ്പുനാറ്റം ഇവിടെ അടിക്കാതിരിക്കാനല്ലേ സ്പ്രേ അടിക്കുന്നത്. കയ്യിലൊന്നും ഇല്ലാത്തപ്പോഴും ഉണ്ടെന്നു നടി



www.malankaralibrary.com

ച്ചാണ് ഓരോരുത്തർ ഓരോന്നു ചെയ്യുന്നത്. കാടിയായാലും മൂടിക്കുടിക്കുവാനല്ലേ പഴമക്കാർ പറയുന്നത്..?''

''ചേട്ടാ.. അവിടുത്തെ ജോലി സാഹചര്യങ്ങളൊക്കെ എങ്ങനെയാണ്..?''

''ഗൾഫിൽ നന്നായി പണിയെടുക്കണം. അവധിയില്ലാത്ത പണി. ജോലിയിൽ മിടുക്കനല്ലെങ്കിൽ കൂടുതൽ മിടുക്കുള്ളവൻ പണി തട്ടിയെടുക്കും. കയ്യിലുള്ളതുകൊണ്ട് ജീവിക്കണം. കിട്ടുന്നതിൽനിന്ന് സമ്പാദിക്കണം. കക്കാനും പറ്റിക്കാനും ചെന്നാൽ അകത്താകും..''

''അവിടുത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ ഇവിടുത്തെ പോലെയാണോ..?''

''അവിടെ എന്തോന്ന് രാഷ്ട്രീയം..? ഉടായിപ്പു പറഞ്ഞു രക്ഷപ്പെടുത്താൻ രാഷ്ട്രീയക്കാർ അവിടെ ഇല്ല. അതുകൊണ്ട് അലക്കിത്തേച്ച് വെള്ളയും വെള്ളയും ഇട്ട് റോഡിലിറങ്ങി നിന്ന് ആരെയും പറ്റിക്കാൻ അവിടെ പറ്റില്ല എന്നു സാരം. അവർ പിടലി കണ്ടിക്കും കല്ലെറിഞ്ഞു കൊല്ലും. എല്ലാവരും ജീവിക്കാൻ പണിയെടുക്കുന്നവർ. ശക്തമായ കാറ്റും പൊടിപടലവും നിറഞ്ഞ അന്തരീക്ഷത്തിൽ പണിയെടുക്കണം..''

''ജോലി സാധ്യതകൾ എങ്ങനെ..?''

''**പൂച്ച കറുത്തതായാലും വെളുത്തതായാലും എലിയെ പിടിക്കണം** എന്നോ **ആരു കുത്തിയാലും അരി വെളുക്കണം** എന്നു പറയുംപോലെയാണ് കാര്യങ്ങൾ. കുറ്റം പറയാൻ നിന്നാൽ അതിനേ സമയംകാണൂ. **അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ**.. എന്നു കേട്ടിട്ടില്ലേ..? ഇങ്ങനൊക്കെയാണ് കാര്യങ്ങൾ. വേണ്ടവൻ അദ്ധ്വാനിച്ചുണ്ടാക്കും..''

''കല്യാണം കഴിഞ്ഞിട്ടും ഒറ്റയ്ക്കുള്ള ജീവിതം എങ്ങനെ..?''

''കഷ്ടപ്പാടും ദുരിതവും നിറഞ്ഞ ഗൾഫുജീവിതം സഹിച്ച് ഓരോരുത്തരും കുടുംബത്തെ നാട്ടിൽ നിർത്തി ഒറ്റയ്ക്കു പണിയെടുക്കുന്നത് നാളത്തെ നല്ല ഭാവിയെ കരുതിയാണ്. ഒരാളല്ലെങ്കിൽ മറ്റൊരാൾ ഇവിടെ പണിക്കായി ക്യൂ നിൽക്കുവല്ലേ..? ''**ഭാഗ്യമുള്ളവന് പത്തുപറ നെല്ലുകിട്ടിയാലും യോഗ്യതയുള്ളവൻ വന്ന് ഉണ്ടോണ്ടു പോകും!**'' ഓർത്തോ..! പക്ഷേ അത് ആരു മനസ്സിലാക്കുന്നു? ഇവിടുത്തെ ഏതു രാഷ്ട്രീയക്കാർക്കാണ് നാടുനന്നാകണമെന്ന് ചിന്തയുള്ളത്..?, സ്വന്തം കീശ വീർപ്പിക്കാൻ വേണ്ടിയുള്ള നെട്ടോട്ടമല്ലേ..? അവിടെയും ഇതുങ്ങൾ ഇടയ്ക്കിടെ വരും. ചിരിക്കും.. പിരിക്കും.. തിരികെപ്പോരും. നമ്മൾ കരുതും നാട്ടിൽ എത്തിയാൽ നമ്മളെ ആവശ്യമറിഞ്ഞ് സഹായിക്കുമെന്ന്. ങേ..! ഹേ..! ആലുവാ മണൽപ്പുറത്തു കണ്ട ഭാവംപോലും കാണിക്കില്ല.. പട്ടി ചന്തയ്ക്കു പോയവണ്ണം നമ്മൾ തിരികെപ്പോരും. അവരുടെ മട്ടും ഭാവവും കണ്ടാലോ..? ഹോ..!, പ്രായമുള്ളവർ പറയുന്നത് കേട്ടിട്ടില്ലേ..? നായ് ഓടിയിട്ട് കാര്യമില്ല.. നായ്ക്കിരിക്കാൻ നേരോം ഇല്ല എന്ന്. എന്നാലും നമ്മൾ അവരോട് വിരോധിക്കുമോ..? ഇല്ല. ഗൾഫുകാരന്റെ ഓരോ അവസ്ഥകൾ...!''

www.malankaralibrary.com

അപ്പുണ്ണിക്ക് എല്ലാം മനസ്സിലായി. വിവാഹം കഴിച്ച ഗൾഫുകാരന്റെ കൂടുംബ ജീവിതത്തെക്കുറിച്ച് അപ്പുണ്ണി അപ്പോൾ ഓർത്തു. അറബിക്കടലിന്റെ ഇരുകരകളിലും രണ്ടു ജീവിതങ്ങൾ..! എന്തോന്ന് ജീവിതം..? ഇതിനെ ജീവിതമെന്നു വിളിക്കാൻ പറ്റുമോ..? നാളത്തെ നല്ല ഭാവിയെ മുന്നിൽകണ്ട് പാവങ്ങൾ തുഴയുന്നു. "ഇന്നുകളില്ലാതെ നാളെ എന്തോന്നു ഭാവി..?"

അപ്പുണ്ണി എന്നേലും ഗൾഫിൽ പോകുമ്പോൾ, നല്ല ജോലി കിട്ടിക്കഴിയുമ്പോൾ മാത്രം കല്യാണംകഴിക്കും. എന്തുവന്നാലും ഇരു കരകളിലായി ജീവിക്കില്ല.. ഒന്നിച്ചുതന്നെ ജീവിക്കും. അതൊരു ആഗ്രഹമാണ്. അതൊരു തീർച്ചയാണ്.

"ഞാനിറങ്ങട്ടേ ചേട്ടാ.. കാണാനും സംസാരിക്കാനും അവസരം കിട്ടിയതിൽ അതിയായ സന്തോഷം. ഒത്തിരി നന്ദി.. വീണ്ടും കാണാം.."

www.malankaralibrary.com



# 2. അപ്പുണ്ണിയും അറബിനാടും

**അ**പ്പുണ്ണി കേരള സർവ്വകലാശാലയിൽ നിന്നും കച്ചവടത്തിൽ ഡിഗ്രി എടുത്ത ശേഷം കമ്പ്യൂട്ടർ പഠനത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് പഠനം പൂർത്തിയാക്കി. പത്തനാപുരത്തുകാരൻ നിസ്സാർ സാറിന്റെ മാവേലിക്കരയിലെ **ഡാറ്റാടെക്ക്** എന്ന കമ്പ്യൂട്ടർ സ്ഥാപനത്തിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജായി ഒന്നര വർഷം ജോലിനോക്കി. ഫരീദാബാദിലെ വല്ലബ് ഗഢിലെ എസ്കോർട്ട്സ് ജെ. സി.ബിയിൽ ആറുമാസം കമ്പ്യൂട്ടർ ക്ലാർക്കായി ജോലിചെയ്തശേഷം ബോംബെ ഒന്നു സന്ദർശിച്ചു. നാട്ടിൽ നിർത്തിയാൽ ശരിയാകില്ല എന്ന ബോധ്യത്താൽ ബഹറിനിലുള്ള ചേട്ടനും ചേട്ടത്തിയും കൂടി അവിടുത്തെ ഒരു ടെയ്ലർ വിസ സംഘടിപ്പിച്ചു. അതിന്റെ ബലത്തിൽ അങ്ങനെ അപ്പുണ്ണി ബഹറിനിൽ എത്തപ്പെട്ടു. നട്ടുച്ചയ്ക്ക് അറബിനാട്ടിൽ കാലുകുത്തിയ അപ്പുണ്ണി പക്ഷേ അറബിനാടു കണ്ട് ഞെട്ടി! ഇതാണോ മനസ്സിലുണ്ടായിരുന്ന അറേബ്യൻ നാടെന്ന മരുഭൂമി..?

ശീതീകരിച്ച വിമാനത്താവളം. എങ്ങും വൃത്തിയും വെടിപ്പും. നീളൻ വെള്ള കുപ്പായമിട്ട പൗരജനങ്ങൾ, തലയിൽ വെള്ളത്തുണി, അതു കാറ്റിൽ പറന്നുപോകാതിരിക്കാൻ കറുത്ത വട്ടക്കെട്ട്, കറുത്ത വസ്ത്രം ധരിച്ച സ്ത്രീ ജനങ്ങൾ, ചിലർ പൂർണമായും മുഖം മറച്ചിരിക്കുന്നു. ഭാഗീകമായി മറച്ചിരിക്കുന്നവരും ധാരാളം. യൂറോപ്യൻ രീതിയിൽ വസ്ത്രം ധരിച്ചിരിക്കുന്നവരും അവിടവിടെ.

അറബിച്ചേട്ടന്മാരുടെ വസ്ത്രധാരണ രീതി അപ്പുണ്ണി നേരിൽ കാണുന്നത് നല്ലപ്പോഴാണ്. നാട്ടിൽ പള്ളിയിലെ അച്ചന്മാർ ധരിക്കുന്ന കുപ്പായം ഇതിന്റെ ഒരു വകഭേദമാണ്. സ്കൂൾ വിദ്യാഭ്യാസക്കാലത്ത് രാമപുരം കത്തോലിക്കാ പള്ളിയിലെ ശുശ്രൂഷകനായി അപ്പുണ്ണി കൂടിക്കൊണ്ടിരുന്നപ്പോൾ കീച്ചേരിലെ ഇൻജിനിയർ വർഗീസ് അച്ചായൻ ശുശ്രൂഷകർക്ക് ഇതുപോലെയുള്ള മൂന്നു കുപ്പായങ്ങൾ തൈപ്പിച്ചു തിരുവനന്തപുരത്തുനിന്നും കൊണ്ടുവന്നിരുന്നു (ഒന്ന് പുന്ന

www.malankaralibrary.com

ക്കോയിക്കലെ റജി ജോണിനും - ഇപ്പോൾ തിരുവനന്തപുരത്ത് സ്വകാര്യ ട്യൂഷൻ മേഖലയിൽ അദ്ധ്യാപകൻ, മറ്റൊന്ന് അപ്പുണ്ണിക്കും വേറൊന്ന് തോട്ടായിലെ തോമസ് മാത്യുവിനും - അയർലണ്ടിൽ എൻജിനിയർ). അക്കാലത്ത് അത് ധരിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചത് ഇപ്പോൾ ഓർത്തുപോകുന്നു. നല്ല വസ്ത്രമാണ് പക്ഷേ! മൂത്രശങ്ക മാറ്റാൻ മൊത്തമായി പൊക്കണമെന്ന പരിമിതി ലേശം കഷ്ടപ്പാടുള്ളതും ഇഷ്ടക്കേടും തന്നെ.

വിമാനത്താവളത്തിലെ ഔദ്യോഗിക കാര്യങ്ങൾ തീർപ്പിലാക്കി വെളിയിലേക്ക്. തലങ്ങും വിലങ്ങും നല്ല ഒന്നാംതരം രാജപാതകൾ.. മൂന്നും നാലും വരികളിലായി വ്യത്യസ്ത തരത്തിലും വർണ്ണത്തിലും പ്രാണൻ കളഞ്ഞ് നെട്ടോട്ടം ഓടുന്ന വാഹനങ്ങൾ. വർണ്ണാഭമാർന്ന പൂക്കൾ വിരിയുന്ന ചെടികൾ പാതകളുടെ ഇരുപുറങ്ങളിലും. നിരനിരയായി ഈന്തപ്പനകൾ. ഹോൺ മുഴക്കാതെയുള്ള വാഹനങ്ങളുടെ പ്രവാഹം എത്ര ചേതോഹരം! പാതയുടെ ചില ഭാഗങ്ങളെ കൂട്ടിയിണക്കുന്നത് വൃത്താകൃതിയിലുള്ള സ്ഥലങ്ങളാണ്. നാനാദിക്കിൽനിന്നും ഇവിടെയെത്തി പല ദിക്കുകളിലേക്ക് ക്രമമായി തെന്നി നീങ്ങുന്ന യാത്രാവാഹനങ്ങൾ. ട്രാഫിക് അടയാള ലൈറ്റുകളുടെ സമ്മതം ലഭിക്കുന്നതിനായി കാത്തുനിൽക്കുന്ന എണ്ണമറ്റ വാഹനക്കൂട്ടങ്ങൾ. വൃത്തിയുള്ള വഴിയോരങ്ങൾ. തണൽ വൃക്ഷങ്ങൾ കുട പിടിച്ചിരിക്കുന്ന നടപ്പുപാതയിൽക്കൂടി കണ്ണുംമൂക്കും തുറന്നുവച്ച് നടന്നുപോകാം (നാട്ടിലെ പാതയ്ക്കിരുപുറവും എന്താണെന്ന് ഊഹിക്കുക.. മൂക്കില്ലായിരുന്നെങ്കിൽ നമ്മുടെ കണ്ണ് എന്നേ പൊട്ടിപ്പോയേനെ. സത്യമല്ലേ..?). പാതകൾ മുറിച്ചുകടക്കാൻ സിഗ്നൽ നിയന്ത്രണങ്ങൾ. ബട്ടൺ അമർത്തി കാത്തുനിന്നാൽ ഒരു മിനിട്ടിനുള്ളിൽ അപ്പുറത്തേക്ക് നടന്നു നീങ്ങാനുള്ള പച്ച വിളക്ക് തെളിയും സുരക്ഷിതരായി നടന്നു നീങ്ങാം. വശങ്ങൾ കാണാത്ത ഇടങ്ങളിൽ കാഴ്ചയുടെ തെളിവിനായി കണ്ണാടികൾ സ്ഥാപിച്ചിരിക്കുന്നു (നാട്ടിലെ വഴിയോരത്ത് ഇതു സ്ഥാപിച്ചാൽ പിറ്റേന്നിത് എറിഞ്ഞുടയ്ക്കുകയോ, അടിച്ചുമാറ്റുകയോ ചെയ്യുന്നത് ഒരു പ്രശ്നമല്ലേ..?).

പാതാളത്തിൽ പാദം വച്ച് ആകാശത്തേക്ക് തലയുയർത്തി നിൽക്കുന്ന നെടുനെടുങ്കൻ കെട്ടിടങ്ങൾ.. ഒന്നിനോടൊന്നു മത്സരിച്ച് അവ അങ്ങനെ പരസ്പരം നോക്കി ഞെളിഞ്ഞു നിൽക്കുന്നു. അതിഥികളുടെ വരവും പ്രതീക്ഷിച്ച് തയ്യാറായി നിൽക്കുന്ന വമ്പൻ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ.. സന്ധ്യമയങ്ങുമ്പോഴേക്കും വഴിവിളക്കുകൾ തെളിയുകയായി. നേർരേഖയിൽ ദൂരേയ്ക്കു നീങ്ങിനീങ്ങി പോകുന്ന വിളക്കുകളുടെ ശൃംഖല. പകലിന്റേതിനു സമാനമായ വെളിച്ചം നാനാദിക്കിലും. അതിപ്രഭാതത്തിലും സന്ധ്യാസമയത്തും കുടുംബങ്ങൾക്ക് ഒന്നിക്കാൻ അവിടവിടായി പാർക്കുകൾ. കുട്ടികൾക്ക് കളിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ കളിസ്ഥലങ്ങൾ. പുൽപ്പടർപ്പിനും ചെടികൾക്കും ചെറുമരങ്ങൾക്കും ആവശ്യംവേണ്ട വെള്ളം എത്തിക്കുന്ന സജ്ജീകരണങ്ങൾ (ഡ്രിപ്പ് ഇറിഗേഷൻ). പാതിരാക്കാലങ്ങളിൽ റോഡിലെ മണ്ണും പൊടിയും നീക്കം ചെയ്യുന്ന ബ്രഷോടുകൂടിയ പ്രത്യേക വാക്വം വാഹനങ്ങൾ. മഴക്കാലത്ത് പാതകളിൽ കെട്ടിക്കിടക്കുന്ന മഴവെള്ളം വലിച്ചെടുത്ത് റോഡ് സുരക്ഷ പരിപാലി

www.malankaralibrary.com

ക്കുന്ന പ്രത്യേക വാഹനങ്ങൾ. ഒരു പ്രത്യേക സ്ഥലത്ത് വച്ചിരിക്കുന്ന വലിയ മാലിന്യ നിക്ഷേപ സംഭരണികൾ. ഇവ നിറഞ്ഞു കഴിയുമ്പോൾ എടുത്തുകൊണ്ടുപോകാൻ പ്രത്യേകം ട്രക്കുകൾ.. എല്ലാം ആധുനികതയുടെ മുഖഛായകൾ.


അത്യാധുനിക വാർത്താവിനിമയ സംവിധാനങ്ങൾ, നിയമങ്ങളുടെ ശക്തമായ സ്വാധീനം, പരസ്പര ബഹുമാനത്തിൽ വർത്തിക്കുന്ന മതസ്ഥാപനങ്ങൾ, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ചെവിയോർക്കുന്ന ഉദ്യോഗസ്ഥർ, തൊഴിൽ നിയമവും തൊഴിലാളി സംരക്ഷണവും തുല്യതയോടെ നിലനിർത്തുന്ന സുന്ദരരാജ്യം, നിയമം പാലിക്കുന്നവരുടെ സ്വർഗഭൂമി, നിയമം പാലിക്കാത്തവരുടെ നരകഭൂമി, അവിടവിടെ കലാസാംസ്കാരിക കേന്ദ്രങ്ങൾ, ആരോഗ്യപരിപാലന രംഗത്ത് അനുദിനം പുത്തൻ ശാസ്ത്ര ആശയങ്ങൾ ഉൾക്കൊള്ളുന്ന അറേബ്യൻ ഭൂമി, കായികരംഗത്ത് തന്റേതായ മുദ്രപതിപ്പിക്കാൻ കായിക താരങ്ങൾക്ക് സദാ പ്രോത്സാഹനം നൽകുന്ന സുന്ദരഭൂമി.

അപ്പുണ്ണി ബഹറിനിൽ എത്തിയശേഷം മെഡിക്കൽ ചെക്കപ്പ് നടത്തി. ശരീരത്തിന് മറ്റുപ്രശ്നങ്ങളൊന്നും ഇല്ല എന്ന് മെഡിക്കൽ സെന്ററിൽപോയി തീർച്ചയാക്കി. സർക്കാരിൽനിന്നും റസിഡൻസ് പെർമിറ്റ് കാർഡ് അടിച്ചുകിട്ടി. രണ്ടാഴ്ചകൾ അങ്ങനേ.. പോയി. ''ബിൻ ഹിന്ദി'' എന്ന കമ്പ്യൂട്ടർ സ്ഥാപനത്തിൽ രണ്ടാഴ്ച ട്രയിനിങ്ങ് നാളുകളായി പോയിത്തുടങ്ങി. ''**അബ്ദുൾ അസീസ് അൽ അലി**'' എന്ന പച്ചക്കറി പഴവർഗങ്ങൾ ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സെൻട്രൽ മാർക്കറ്റിലെ സ്ഥാപനത്തിലേക്ക് ആദ്യ ചുവട്. അവിടെ നൂറ്റി ഇരുപത് ദിനാർ ശമ്പളത്തിന് (ഇന്ത്യൻ രൂപ പതിനായിരം കിട്ടത്തക്കവണ്ണം അപ്പുണ്ണി അങ്ങോട്ട് ആവശ്യപ്പെട്ടതിൻ പ്രകാരമാണ് ശമ്പളം അവർ സമ്മതിച്ചത്.. കൂടുതൽ ആവശ്യപ്പെട്ടിരുന്നു എങ്കിൽ ഇതിൽ കൂടുതൽ അവർ തന്നേനെ എന്ന് അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന മംഗലാപുരത്തുകാരി പ്രസില്ലയിൽ നിന്നും പിന്നീട് അറിഞ്ഞു.) എട്ടുമാസം അവിടെ ജോലി ചെയ്തു. അങ്ങനെ വിസ ചെലവു കണ്ടെത്തി സഹോദരന് തിരികെക്കൊടുത്തു. കാർത്തികപ്പള്ളിയിലെ രാജനച്ചായനുമായി പകുതി ചിട്ടിക്ക് ചേർന്ന് ആ തുകയും സഹോദരന് കൊടുത്ത് അദ്ദേഹത്തിനു വീട്ടിലെ സാധനങ്ങളുടെ പേരിലുണ്ടായിരുന്ന ഉടമസ്ഥാവകാശം സ്വന്തം പേരിലാക്കി. അബ്ദുൾ അസീസ് അൽ അലിയിലെ ഓഫീസ് സമയക്രമവും പണിക്കൂടുതലും സർവ്വോപരി കമ്പനി ഉടമയുടെ അനുജൻ ഓഫീസിന്നുള്ളിൽ വന്ന് സിഗരറ്റ് വലിക്കുന്നതും കൂടി ആയപ്പോൾ അപ്പുണ്ണിക്ക് അതു കണ്ടകശനിയായി (**കണ്ടകശനി കൊണ്ടേ പോകൂ**.. എന്നല്ലേ?) അങ്ങനെ ആ പണി ഉപേക്ഷിക്കേണ്ടതായി വന്നു. കമ്പനി ഉടമ ഗുജറാത്തി അശോക് കുമാറിന് ആ വാർത്ത ഒരു ഷോക്കായി തോന്നിയത് അപ്പുണ്ണി കണ്ടതാണ്. അത്രയ്ക്ക് പണി സഹായമായിരുന്നു അപ്പുണ്ണിയുടെ ആ സ്ഥലത്തെ ആത്മാർത്ഥത. അക്കൗണ്ടന്റായി ജോലിനോക്കി ''പിനാക്കിൾ'' എന്ന പരസ്യക്കമ്പനിയിൽ കഷ്ടിച്ച് രണ്ടു മാസം. സാമ്പത്തിക അടിത്തറ ഒട്ടുമില്ലാത്ത ആ കമ്പനി ഇന്നോ നാളെയോ എന്ന രീതിയിൽ ആടിക്കൊണ്ടിരിക്കെയാണ് അപ്പുണ്ണി അവിടെ ചെല്ലുന്നത്. വേഗം അവിടെനിന്നും രക്ഷപെട്ടു. തുടർന്ന് ബുധയ്യായിലെ ''**ബിൻ ദൈഫ്**'' എന്ന സ്വിമ്മിങ്

www.malankaralibrary.com

പൂൾ കമ്പനിയിലേക്ക്. കേവലം മൂന്നുമാസത്തെ ജോലി. അവിടെനിന്നും സെൻട്രൽ മാർക്കറ്റിൽതന്നെയുള്ള **"അവാലി"** എന്ന മാർക്കറ്റിങ്ങ് സ്ഥാപനത്തിലേക്ക്. അബ്ദുൾ റഹ്മാൻ എന്ന റിട്ടയാർഡ് ബാങ്ക് ഉദ്യോഗസ്ഥൻ (ഇറാനി) നടത്തുന്ന അവാലി കമ്പനി. തുടരാനിഷ്ടംവരാത്തത്ര രീതിയിൽ ധർഷ്ട്യം കാണിച്ച ആ വ്യക്തിയെ അപ്പുണ്ണി ഇഷ്ടപ്പെട്ടില്ല. താക്കോൽ സഹപ്രവർത്തകനായ സെയിൽസ്മാൻ സിബിയുടെ കൈകളിലൂടെ അബ്ദുൾ റഹ്മാന് തിരികെ നൽകി സലാം പറഞ്ഞു. ജോലി ചെയ്ത വകയിൽ കിട്ടാനുണ്ടായിരുന്ന നാൽപതു ദിനാർ അദ്ദേഹത്തിനുതന്നെ സക്കാത്തായി ഇരുന്നോട്ടെ എന്ന് മറ്റൊരാളിലൂടെ റഹ്മാനെ അറിയിച്ചു. മാതാശ്രീയുടെ സഹോദരപുത്രൻ **സോമൻ ബേബി** നൽകിയ അറിയിപ്പിൽ **"ഫാമിലി പ്ലാസ"** എന്ന ഫർണിഷ്ഡ് അപ്പാർട്ടുമെന്റ് സ്ഥാപനത്തിലേക്ക് നടന്നുകയറി. കയറിച്ചെന്ന അപ്പുണ്ണിക്ക് ഹാർദ്ദമായ സ്വീകരണമാണ് മൺട്രോത്തുരുത്ത് സ്വദേശി മാനേജർ, റോബർട്ട് സെബാസ്റ്റ്യൻ നൽകിയത്. പിന്നെ തിരിഞ്ഞു നോക്കേണ്ടി വന്നില്ല. വച്ചടി വച്ചടി കയറ്റം. അവിടെ ഉണ്ടാകാമായിരുന്ന സർവ്വ പ്രശ്നങ്ങളും അപ്പുണ്ണി തന്റെ നയതന്ത്രജ്ഞതയിൽ മാനേജർക്കൊപ്പം നിന്ന് ദൂരീകരിച്ചു. ആ വാതിൽപ്പടി കയറിയെത്തിയ എല്ലാവരെയും അപ്പുണ്ണി വിവിധ രീതിയിൽ സഹായിച്ചു. എല്ലാവർക്കും അപ്പുണ്ണിയോടും സ്നേഹം മാത്രം. തിരിച്ചും അങ്ങനെതന്നെ.

ചിന്തിച്ചുചിന്തിച്ച് ചിന്തകളിലൂടെ അപ്പുണ്ണി ഏറെ പിന്നോക്കം പോയി.



ഇന്ന് അപ്പുണ്ണി ഒരു ഗൾഫനാണ്. ആ വകയിൽ ഇത്ര കാലത്തിനിടയിൽ (1994 ഏപ്രിൽ മുതൽ രണ്ടു വർഷവും എട്ടുമാസവും) എന്തെല്ലാം നേടി..? കണക്കെടുപ്പിന് കാലമായില്ല എങ്കിലും ഒന്നു തീർച്ചയാണ്. കഴിഞ്ഞകാല ഗൾഫ് ജീവിതത്തിന്റെ നേട്ടങ്ങളുടെ പട്ടികയിലെ അവസാന കണ്ണിയാണ് ഇപ്പോൾ അപ്പുണ്ണിക്കൊപ്പമുള്ള ഭാര്യ മിനി. ഗൾഫ് എയർ വിമാനത്തിന്റെ ഉള്ളിലെ തണുത്ത കാറ്റേറ്റ് അവൾ അരികിൽ മയക്കത്തിലാണ്. ആദ്യ പറക്കലിന്റെ ഭീതികൾ ഇല്ലാതായിട്ടുണ്ടാകാം.. അതുകൊണ്ടാണല്ലോ ഇപ്പോൾ ശാന്തമായ (ശാന്തയായി) ഉറക്കത്തിന് വഴിപ്പെട്ടത് (അതോ പേടിച്ച് കണ്ണടച്ച് പ്രാർത്ഥിക്കുകയാണോ..?).

ഇന്ന് 1996 ഡിസംബർ 31. ഡിസംബർ 26-ാം തീയതിയിൽ നടന്ന കല്യാണ ചടങ്ങിനുശേഷം കേവലം അഞ്ചുദിവസങ്ങൾ. നാട്ടിൽനിന്നും വലിയൊരു സംഘം യുവ മിഥുനങ്ങളെ യാത്രയാക്കാൻ മുതുകുളത്തുനിന്നും തിരുവനന്തപുരം വിമാനത്താവളത്തിലേക്ക് എത്തിയിരുന്നു. ഒരേ ദിനത്തിൽ വിവാഹിത

www.malankaralibrary.com

രായ അനിയൻചേട്ടനും ഭാര്യ മിനിയും (അതും മിനി) ഒപ്പം കൂടിയിരുന്നു. മകളേയും മരുമകനേയും യാത്രയാക്കാൻ മിനിയുടെ അപ്പായും അമ്മയും ഒറ്റ സഹോദരൻ മനോജും കൂടെയുണ്ട്, അങ്ങനെ എല്ലാവരും ഒന്നിച്ചുള്ള ടെമ്പോ ട്രാവലറിലെ സന്തോഷയാത്ര (വെറും "ടെമ്പോ വണ്ടി" നാട്ടിൽ ചാണകം അടിക്കുന്നതാണ്, തെറ്റിധരിക്കരുത്. ഇത് അതല്ല!).

ബഹറിൻ ദിനാർ എഴുപത് മാസാമാസം മുൻകൂറായി കൊടുത്തു കൊള്ളാം എന്നുള്ള ധാരണാപത്ര തീരുമാനത്തിൻ പ്രകാരം അപ്പുണ്ണി ബഹറിൻ സൽമാനിയ പ്രദേശത്ത് പെപ്സി കമ്പനിയുടെ സമീപം ഒരു കിടക്കമുറിയും ഒരു ഇരിപ്പുമുറിയും ഒരു അടുക്കളയും ഒരു ശൗചാലയവും ഉള്ള ഒരു ഫ്ളാറ്റ് തരപ്പെടുത്തിയിരുന്നു. ഇത് വിവാഹത്തിന് നാട്ടിൽ പോകുന്നതിനും ഏതാനും ആഴ്ച മുൻപുതന്നെ. എത്രയും വേഗം ചേട്ടന്റെ വീട്ടിൽനിന്നും മാറി താമസിച്ച് സ്വതന്ത്ര കുടുംബ ജീവിതത്തിന്റെ സുന്ദരാവസ്ഥ മനസ്സിലാക്കണം എന്നുള്ളത് അപ്പുണ്ണിയുടെ ആഗ്രഹമാണ്.

മുതുകുളത്തു നാട്ടിലെ വെട്ടത്തുകടവിൽനിന്നും കടത്തുകയറി കായംകുളം കായൽ കടന്ന് കായൽ മനോഹരിയുടെ പടിഞ്ഞാറേ തീരം പ്രാപിക്കുന്ന ലാഘവത്തോടെ അപ്പുണ്ണിയും പ്രിയ പത്നിയും ആകാശയാനത്തിൽ അറബിക്കടൽ താണ്ടി അറബിനാട്ടിലെത്തുവാൻ നാലുമണിക്കൂറിലധികം ഇരുന്നു.

കടത്തിറങ്ങി. സുന്ദരയാത്രയ്ക്ക് ഗൾഫ് എയറിന് നന്ദി.

പ്രശാന്തസുന്ദരമായ ബഹറിൻ ഇരുകരങ്ങളും നീട്ടി നവ ദമ്പതികളെ സ്വാഗതം ചെയ്തു. അപ്പുണ്ണിയുടെ രണ്ടാം വീട്. ബന്ധുക്കളും സുഹൃത്തുക്കളുമായി അനവധി പേർ വിമാനത്താവളത്തിൽ കാത്തുനിന്നിരുന്നു.

വന്ന ദിവസത്തിന്റെ ആലസ്യഭാവത്തിൽ തളർന്നിരിക്കാതെ പിറ്റേന്ന് എട്ടുമണിക്കുതന്നെ അപ്പുണ്ണി അന്നം തരുന്ന ഫാമിലി പ്ലാസയിലേക്ക്. നിറപുഞ്ചിരിയോടെ സഹപ്രവർത്തകർ.. അവരുടെ ആശംസകൾ ടെലഗ്രാമുകളായി വിവാഹദിനത്തിൽ എത്തിയിരുന്നു.

മൂന്നു കൂന ഫോളിയോ കൂനകൾ (അപ്പാർട്ടുമെന്റിൽ ഗസ്റ്റുകൾ വരുമ്പോൾ പൂരിപ്പിക്കുന്നത്) ഡിസംബർ പതിനഞ്ചാം തീയതിമുതൽ ഇന്നു രാവിലെ വരെയുള്ളത് അക്കൗണ്ടന്റായ (കണക്കപ്പിള്ളയായ) അപ്പുണ്ണിയുടെ മേശമുകളിൽ റബറിട്ട് തീയ്യതി തീയ്യതിയായി അടുക്കി അടുക്കി വച്ചിരിക്കുന്നു. എല്ലാം പരിശോധിക്കണം.

"തച്ചൻ തടികണ്ട് പേടിക്കുമോ..? ഇപ്പം ശരിയാക്കിത്തരാം.."

ഡിസംബർ മാസത്തെ ശമ്പള വിതരണത്തിനായുള്ള ജോലികൾ വരെ വേഗം തീർപ്പിലാക്കി. ശമ്പളം കൊടുക്കുന്നതിനുള്ള സ്റ്റേറ്റുമെന്റ് മാനേജറുടെ മേശമുകളിൽ തയ്യാറാക്കി എത്തിച്ചു. എല്ലാവർക്കും ശമ്പളം കൊടുത്തു. ഉച്ചയ്ക്കെന്തോ കഴിച്ചെന്നുവരുത്തി. വൈകുന്നേരം വരെയും തിരക്കോടുതിരക്ക്.

"കാട്ടുകോഴിക്ക് എന്ത് വാവും സംക്രാന്തിയും..?" എല്ലാ ദിനങ്ങളും ഒന്നുപോലെ.

താമസസ്ഥലത്ത് വൈകുന്നേരം തിരിച്ചെത്തിയ അപ്പുണ്ണിയുടെ കണ്ണിൽ

www.malankaralibrary.com

വിഷാദഭാവം മുറ്റിയ പ്രിയ പത്നിയുടെ മുഖഭാവം. പ്രതീക്ഷിച്ചതു തന്നെ.

ബന്ധുജനങ്ങളുടെ സ്നേഹമസൃണമായ വിളികളെ പിൻപറ്റി രാത്രി ഭക്ഷണം തുടർന്നുള്ള സന്ധ്യകളിൽ പല ഭവനങ്ങളിൽനിന്നും സ്വീകരിച്ചു (വിരുന്നൂണെന്ന് മലയാള നാടിന്റെ ഭാഷ്യം.). ഗൾഫിലും വിരുന്നൂണുകൾക്ക് കുറവൊന്നും ഉണ്ടായില്ല. ഇനങ്ങളിലുള്ള വ്യത്യാസങ്ങൾ മാത്രം.

"ചേരെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുന്തുണ്ടം തിന്നണം.." എന്നതുപോലെ അറബി നാട്ടിൽ വന്നാൽ പിന്നെ അറബിയെപ്പോലെ. ഇവിടെ ഇതുങ്ങളാണെങ്കിൽ തീറ്റയോടു തീറ്റ.. നാട്ടിൽ ഹാർട്ട് അറ്റാക്കിനെക്കുറിച്ച് ചിന്തിക്കുമ്പോഴെങ്കിലും തീറ്റക്കാർ തീറ്റ കുറയ്ക്കും. ഇവിടെ ങേ.. ഹെ.. അങ്ങനൊരു കാര്യമേ ഇല്ല.. അരയും തലയും മുറുക്കി ആഹാരവുമായിമൽപ്പിടുത്തം നടത്തുമ്പോൾ എന്തോന്ന് ഹാർട്ടറ്റാക്ക്?



ആടിനെ നിർത്തിപ്പൊരിക്കും. ഒട്ടകത്തേയും ആടിനേയും പള്ളകീറി മസാല കയറ്റി കുത്തിത്തയ്ച്ച് കുഴിയിലിറക്കി വേവിക്കും (കുഴിമന്തി എന്നാണത്രേ അതിന്റെ പേര്.). താറാവിനെ ഇരുത്തി മപ്പാസാക്കും. കോഴികളുടെ കാര്യം പറയേണ്ട. അമേരിക്കയിൽ നേരം പരപരാ വെളുപ്പുകണ്ട് കൂവിയ കോഴി പിറ്റേന്നു സന്ധ്യമയങ്ങും മുമ്പേ അറബിനാട്ടിൽ പാത്രത്തിലാകും. നരകത്തിലെ പാപികളെ പോലെ ഇതുങ്ങൾ തീ കുണ്ഡത്തിൽ കിടന്നു കറങ്ങും. നിർദ്ദോഷികളായ ഇതുങ്ങൾ ആഫ്രിക്കയിൽ നിന്നും അമേരിക്കയിൽ നിന്നും ഓസ്ത്രേലിയയിൽ നിന്നും പറന്നുവന്ന് കമ്പികളിൽ കിടന്ന് നരകയാതന അനുഭവിക്കുന്നു. ഒന്നുറക്കെ കരയുന്നതിനുള്ള (കൂവുന്നതിനുള്ള) സ്വാതന്ത്ര്യം പോലും ഇതുങ്ങൾക്കില്ലാതെ പോയല്ലോ.. ഈശ്വരാ..!

പെപ്സിയും മിരൻഡയും സെവനപ്പും കൊക്കക്കോളയും സമാസമം ചേർത്ത് അറബിക്കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞുങ്ങളേയും തള്ളക്കോഴികളേയും അരിമില്ലിലെ അള്ളറിൽ നെല്ലു വാരിയിടുന്നപോലെ കൂൾ കൂളായി അകത്താക്കുന്നത് ഒന്നു കാണേണ്ട കാഴ്ചയാണ്.. അപാര പുള്ളിങ്ങ്..! ഇതൊക്കെ എന്ന് ദഹിച്ചുതീരും..? വയറ്റിലെ കുടികിടപ്പുകാരായ വിരകളും ക്രിമികളും കീടങ്ങളും കൊക്കപ്പുഴുക്കളും ഒക്കെ ഓവർടൈം ചെയ്യുന്നുണ്ടായിരിക്കാം. അല്ലാതെ ഇതെല്ലാം കൂടി എങ്ങനെ ദഹിക്കാൻ..?

പുതിയ ഭവനം, പുതിയ ജീവിതം, പുതിയ രാജ്യം.. എല്ലാം നവനവങ്ങൾ. ഡിസംബർ 15 ആണ് ബഹറിന്റെ സ്വാതന്ത്ര്യദിനം. അതിനോടനുബന്ധി

www.malankaralibrary.com

ച്ചുള്ള സർക്കാർ ആഘോഷങ്ങളും ക്രിസ്തുമസും തുടർന്ന് പുതുവർഷവര വേൽപും അങ്ങനെ ബഹറിന്റെ ആഘോഷനാളുകളുടെ മദ്ധ്യത്തിലേക്കാണ് അപ്പു ണ്ണിയും ഭാര്യയും വന്നിറങ്ങിയിരിക്കുന്നത്. കെട്ടിടയുടമകൾ സീരിയൽ ലൈറ്റിട്ടും പുതിയ പെയിന്റടിച്ചും ഓരോ കെട്ടിടവും ഒരുക്കി നിർത്തിയിരിക്കുന്നു. പാതവ ക്കിലുള്ള മരങ്ങളിലും വിവിധ നിറത്തിലുള്ള മാല ബൾബുകൾ ഇട്ട് അവയും മുല്ലപ്പൂമാലചാർത്തിയ പുതുമണവാട്ടികണക്കെ ഒരുക്കിയിരിക്കുന്നു. രാജ്യത്ത് എവിടെയും സ്വാതന്ത്ര്യദിനത്തിന്റെയും പുതുവർഷത്തിന്റെയും ആഘോഷ പരി വേഷങ്ങൾ.

പുത്തൻഭവനത്തിൽ കിടക്കയായി, മേശയായി, അത്യാവശ്യം വീട്ടുപ കരണങ്ങളായി, രണ്ടു മുറികളിലും ശീതീകരണികൾ, ഫ്രിഡ്ജ്, വാഷിങ് മെഷ്യൻ.. എന്നുവേണ്ട ഒരു ചെറു കുടുംബത്തിന് അത്യാവശ്യം ജീവിക്കാൻവേണ്ട എല്ലാ ക്കാര്യങ്ങളും ക്രമാനുഗതമായി സജ്ജീകരിച്ചു. മിനി ബി.എസി.നഴ്സിംങ് കഴിഞ്ഞ ആളായതിനാൽ സർക്കാർ സ്ഥാപനങ്ങളിലോ സ്വകാര്യ ആരോഗ്യപരിപാലന കേന്ദ്രങ്ങളിലോ ഒരു തൊഴിൽ നേടിയെടുക്കണമെന്നുള്ള ആഗ്രഹം ഉള്ളതിനാൽ തലമുറയ്ക്കായുള്ള ആഗ്രഹത്തെ ഇരുവരും തത്ക്കാലം കടിഞ്ഞാണിട്ട് നിയ ന്ത്രിച്ചു.

ആഗ്രഹംപോലെ ബഹറിൻ ഗവൺമെന്റിന്റെ "സൽമാനിയ മെഡിക്കൽ സെന്ററിൽ" ആറുമാസത്തിനുള്ളിൽ മിനിക്ക് ജോലി ലഭിച്ചു. ഓപ്പറേഷൻ തീയ റ്റർ സംബന്ധമായ പ്രവൃത്തി പരിചയം മംഗലാപുരത്തെ ഫാദർ മുള്ളേ ഴ്സിൽനിന്നും പഠനക്കാലത്തു തന്നെ ലഭിച്ചതിനാൽ എല്ലാം എളുപ്പമായി. താമസസ്ഥലവും ജോലിസ്ഥലവുമായി മിനിക്ക് നടപ്പുദൂരം. അപ്പുണ്ണിക്ക് സർക്കാർ ബസിലോ സ്വകാര്യ ബസിലോ സൽമാനിയ യിൽനിന്നും ഗുദേബിയായിലി റങ്ങി നേരെ എക്സിബിഷൻ റോഡുവഴി ഫാമിലിപ്ലാസയി ലേക്ക് പത്തുമിനിറ്റ് നടപ്പുദൂരം. ദാദാഭായി ഗ്രൂപ്പിൽനിന്നും കുവൈത്ത് (അമേരിക്ക)-ഇ റാക്ക് യുദ്ധസമയത്ത് മുഹമ്മദ് ഖറാഫി എന്ന കുവൈത്തി വാങ്ങിയ "ബയ്ത്ത് അൽ ഹൂറ"യാണ് പിന്നീട് ഫാമിലി പ്ലാസയായി പുനർനാമകരണം ചെയ്ത് ശരിയാക്കിയെടുത്ത



www.malankaralibrary.com

ത്. അദ്ദേഹത്തിന്റെ കടുംബത്തിലെ എല്ലാ അംഗങ്ങൾക്കും യുദ്ധക്കെടുതി തീരുംവരെ താമസിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്.

ബഹറിൻ മറീനാ ബീച്ചിന് അഭിമുഖമായി നിൽക്കുന്ന 48 മുറികളുള്ള ഫാമിലി പ്ലാസയിലെ പ്രധാന അതിഥികൾ അവധി ദിവസങ്ങളായ വ്യാഴവും വെള്ളിയും സൗദിയിൽനിന്നും എത്തുന്നവരാണ്. കുടുംബമായും ഒറ്റയായും പറ്റമായും ഒറ്റയാനായും അതിഥികൾ എത്തിച്ചേരും. 25 കി.മീറ്റർ ബഹറിൻ–സൗദിഅറേബ്യ കോസ്‌വേ വഴി പുതിയ കുടുംബങ്ങളും പഴയതും (സ്ഥിരം അതിഥികൾ.) ഉൾപ്പെടെ ബുധനാഴ്ച വൈകുന്നേരത്തോടെ പറ്റം പറ്റമായി (കൊയ്ത്തു കഴിഞ്ഞപാടത്ത് താറാവിൻകൂട്ടം വരും പോലെ.) ബഹറിനിലേക്ക് കടന്നുവരും. അന്നേദിവസം വളരെ സൂക്ഷിച്ചുമാത്രമേ നാട്ടുകാർ ഡ്രൈവു ചെയ്യാവൂ എന്നുള്ള അറിയിപ്പ് ഗവൺമെന്റ് പത്രങ്ങളിലൂടെ പുറപ്പെടുവിക്കാറുണ്ട്. സ്വാതന്ത്ര്യത്തിന്റെ ശ്വാസം നുകർന്ന് സൗദിയിൽനിന്നും എത്തുന്ന വിരുന്നുകാർ (അയലത്തുകാർ) ബഹറിനെ മൊത്തമായും ചില്ലറയായും ഹൈജാക്കു ചെയ്യും.

''പാവങ്ങൾ അല്പം ആഘോഷിക്കട്ട്..!''

ആസ്വദിക്കാൻ എത്തുന്നവർ തുടർന്നും ഇവിടെത്തന്നെ വരണമെന്നുള്ള ആഗ്രഹത്തിൽ പലരീതിയിൽ സഹായിക്കാൻ എന്തിനും തയ്യാറായി നിൽക്കുന്ന ബഹറിനിലെ വിവിധ ശ്രേണിയിൽപ്പെട്ട ഹോട്ടലുകൾ, അപ്പാർട്ടുമെന്റുകൾ, ഫ്ളാറ്റുകൾ.

ചങ്ങാടം പോലെയുള്ള വലിയ അമേരിക്കൻ ഷെവർലെ, ഏങ്ങ്ഇ വാഹനങ്ങളിൽ കൂടും കുടുക്കയുമായെത്തുന്ന സൗദി കുടുംബങ്ങൾ അവധി ദിവസങ്ങളിൽ ബഹറിനിലെ പതിവുകാഴ്ചയാണ്. നാട്ടിലെ കൊയ്ത്തുകാലത്ത് മഞ്ഞുപെയ്യുന്ന രാജ്യങ്ങളിൽ നിന്നും പറ്റം പറ്റമായി വില്ലുകുലച്ചതുപോലെ ആകാശത്തിലൂടെ പറന്നുവരുന്ന എരണ്ടപ്പക്ഷികണക്കെ അറബികൾ ബഹറിനിലേക്ക് കടന്നുവരുന്നു, അവിടവിടായി ചേക്കേറുന്നു.

അപ്പുണ്ണിയുടെ 48 മുറിയുള്ള ഫർണിഷ്ഡ് അപ്പാർട്ടുമെന്റിൽ (ഒരു മുറി, സിറ്റിങ് മുറി, ടോയ്‌ലറ്റ്, അടുക്കള.) എത്തുന്നവർക്ക് വാഹനം പാർക്കുചെയ്യുന്നതിനുള്ള പ്രത്യേക സ്ഥലം, സ്വീകരണമുറി, വിശാലമായ ലോബിയും റിസപ്ഷനും ആറു നിലകളിലായി മാറിമാറി സേവനം അനുഷ്ടിക്കുന്ന രണ്ട് ലിഫ്റ്റുകൾ, മൂന്നു ഷിഫ്റ്റുകളിലായി റൂം സർവീസ് നൽകാൻ ഹൗസ്കീപ്പിങ് ബോയ്സ്, മെയിന്റനൻസ് സർവീസ്, ഹൗസ്കീപ്പർ എന്നുവേണ്ട ഇൻഡോർ നീന്തൽക്കുളം, ജിംനേഷ്യം, സോണാസ്റ്റീം, ജാക്യൂസി. ഇതുകൂടാതെ എന്തിനും തയ്യാറായി സെക്യൂരിറ്റി സർവീസ്. ഇതാണ് ഒറ്റനോട്ടത്തിൽ **ഫാമിലി പ്ലാസ**.

പ്രാദേശിക പ്രശ്നങ്ങളാൽ സംഭവിക്കുന്ന ഗ്യാസ് സിലിണ്ടർ റോഡിലിട്ട് കത്തിക്കലും പൊട്ടിക്കലും തുടർന്നുള്ള പോലീസ് പ്രവർത്തനങ്ങളും ജനങ്ങളിൽ ഭീതിപരത്തുന്നതിനാൽ അയൽരാജ്യങ്ങളിൽനിന്നും സന്ദർശകർ വരുന്നത് തുലോം കുറയുന്നു. നിലനിൽപ്പിനായുള്ള തത്രപ്പാടിൽ അതിഥികളെ തീർച്ചയായും കൊണ്ടുവന്നേ പറ്റൂ എന്നുള്ള അവസ്ഥ ഉണ്ടായപ്പോൾ അതിനുള്ള മാർഗവും ഓരോരുത്തരും കണ്ടെത്താൻ തുടങ്ങി. തൂപ്പുകാണിച്ച് ആടിനെ നട

www.malankaralibrary.com

ത്തുന്നതുപോലെ, പലഹാരം വച്ച് (തേങ്ങാപ്പൂളു കൊരുത്തുവച്ച്) എലിപ്പെട്ടിയിൽ എലികളെ വീഴ്ത്തുന്നതുപോലെ, ഏജന്റുമുഖേന അന്യദേശത്തുനിന്നും ബിസിനസ് പ്രമോട്ടേഴ്സ് എന്ന പേരിൽ യുവതികളെ ഇറക്കാൻ തുടങ്ങി. ചിന്നഭിന്നമായിപ്പോയ യു.എസ്.എസ്.ആറിന്റെ പരിധിയിൽപ്പെട്ടിരുന്ന സ്ഥലങ്ങളിൽനിന്നും കൂടാതെ മൊറോക്കോ എന്ന രാജ്യത്തുനിന്നും താത്പര്യമുള്ളവർ വരാൻ തയ്യാറായി. പട്ടിണിയും പരിവട്ടവും എന്തുംചെയ്യാനുള്ള മനസ്സിന്റെ ഉടമകളാക്കി അവരെ മാറ്റി എന്നുള്ളത് യാഥാർത്ഥ്യം. അപ്പാർട്ടുമെന്റിന്റെ രണ്ടുനിലകളിലെ ഏതാനും മുറികൾ അവർക്കായി തയ്യാറാക്കപ്പെട്ടു. സ്വാതന്ത്ര്യം അധികം രുചിച്ചിട്ടില്ലാത്ത സൗദി സ്വദേശികൾ അവിടെനിന്നും പറ്റം പറ്റമായി വരാൻ തുടങ്ങി. **പത്തായത്തിൽ നെല്ലുണ്ടെങ്കിൽ എലി പാലക്കാട്ടുനിന്നും വരും** എന്നപോലെയായി സംഗതി. അവധി ദിവസങ്ങളിൽ കുടുംബങ്ങളുമായി എത്തുന്നവരും ഇടദിവസങ്ങളിൽ "ലഹം" (ഉഹലവെ) അന്വേഷിച്ച് വരുവാൻ തുടങ്ങി. എന്നാൽ അഞ്ചും ആറും ബിസിനസ് പ്രമോട്ടേഴ്സ് ഉള്ള മുറികളിൽനിന്നും എല്ലാവർക്കും ബിസിനസ് ഒരേദിവസം കിട്ടണമെന്നില്ല. പലർക്കും പല താത്പര്യങ്ങൾ അല്ലേ..? സന്ദർശകർക്കിടയിൽ സ്വാധീനം വർദ്ധിപ്പിക്കുന്നതിനായി അവരും ബിസിനസിൽ പ്രമോഷനുകൾ അവരവരായി നടത്തുന്നതിനാൽ ചിലദിവസങ്ങളിൽ എന്നല്ല തുടർച്ചയായ ദിവസങ്ങളിൽ പ്രമോഷൻ രീതികൾ നടത്താത്തവർക്ക് അതിഥികളെ കിട്ടാതെവന്നു. ദിനംപ്രതി അടയ്ക്കേണ്ട ഏജന്റു കമ്മിഷനും മുറിവാടകയും നിത്യവുമുള്ള ചെലവും ഇളവില്ലാത്ത ചെലവിനങ്ങളായതിനാൽ ബുദ്ധിമുട്ടിലാകുന്ന ഇത്തരക്കാർ പ്രശ്നം ആദ്യം ഫോൺവഴി താഴെ റിസപ്ഷനിൽ ബോധിപ്പിക്കും. തുടർന്നു നേരിട്ട് റിസപ്ഷനിൽ എത്തും. സാന്ത്വനവാക്കുകൾ പറഞ്ഞ് അവിടെ നിൽക്കുന്നവർ പിൻതിരിപ്പിക്കുമെങ്കിലും ആ ഗണത്തിലെ എല്ലാവരും ചേർന്ന് പല ദിവസങ്ങളിലും മാനേജരെ കണ്ട് പരാതി ബോധിപ്പിക്കാൻ അദ്ദേഹത്തിന്റെ ഓഫീസിൽ എത്തുന്നതും ഒരു കാഴ്ചയാണ്. സ്വന്തം ദേശഭാഷ മാത്രം അറിയാവുന്ന ഇക്കൂട്ടർ കാണിക്കുന്ന ആക്ഷനും സംസാരവും ശൈലിയും മനസ്സിലാക്കി നമ്മൾ കാര്യം ഗ്രഹിക്കണം. പരിഹാരം നിർദ്ദേശിക്കണം.

എന്തെല്ലാം പരാതികൾ..?

ശരീരഭാഗത്തിന്റെ വലിപ്പംകൊണ്ട് ശല്യക്കാരായ ചില അതിഥികളെ ഒഴിവാക്കിത്തരണമെന്നുള്ള സങ്കടഹർജികളും മുകളിൽനിന്നും റിസപ്ഷനിലേക്ക് ഇടയ്ക്കിടെ എത്താറുണ്ട്. മറ്റൊരു മുറിയിലെ സൗദി യുവാക്കൾ തുടർച്ചയായി ശ്രമിച്ചിട്ടും ആവശ്യപ്പെട്ട മുറിയിലേക്ക് റിസപ്ഷനിസ്റ്റ് ഫോൺ കണക്ട് ചെയ്യാത്തതിന്റെ പേരിൽ ഉണ്ടാക്കുന്ന ഉച്ചത്തിലുള്ള സംസാരം നിത്യ സംഭവമാണ്. റിസപ്ഷനിലുള്ളവർ അവനോട് പറയും:

"നിന്റെ കോൾ ("കോളെ"ന്നു മലയാളത്തിൽ പറയാം.) അവർക്കു വേണ്ടെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്.., അതുകൊണ്ട് കണക്ട് ചെയ്യാൻ പറ്റില്ല.., അവർക്ക് ശരീരത്തിന് അത്രയ്ക്ക് നല്ല സുഖമില്ല.."

തുടർന്നു കൂടുതൽ വ്യക്തതയ്ക്ക് കാര്യവും കാരണവും റിസപ്ഷനിസ്റ്റ്

www.malankaralibrary.com

വിവരിക്കുന്നത് കേൾക്കുമ്പോൾ റിസപ്ഷന്റെ മുന്നിൽ നിന്നിരുന്ന മാനേജർ ഓഫീസിലേക്കും റൂം ബോയ്സ് റൂമുകളിലേക്കും പോകും. അപ്പുണ്ണി അപ്പോഴും അവിടെത്തന്നെ കറങ്ങി നിൽക്കും. ഇതേല്ലാം കേൾക്കുന്നതും ഒരു സുഖമല്ലേ..?

ബഹറിനിലെ ടൂറിസത്തിന്റെ മേന്മയറിഞ്ഞ് കൈനിറയെ റിയാലുമായെത്തുന്ന സൗദി യുവജനസംഘങ്ങൾ മുറിയിലും വരാന്തകളിലും കാണിക്കുന്ന കൂത്തുകളും കോപ്രായങ്ങളും വിവരിക്കാൻ പ്രയാസമാണ്. പുകവലിച്ചുകേറ്റുന്ന വലിയ ഹുക്കയും കത്തിക്കാനുള്ള കൽക്കരിയും മറ്റ് സംഗീത ഉപകരണങ്ങളുമായെത്തുന്ന ഇവർ വലിയ ബഹളം മുറിയിൽ ഉണ്ടാക്കും. അടുത്ത മുറികളിൽ താമസിക്കുന്ന കുടുംബക്കാർ ശല്യം സഹിക്കാനാകാതെ പരാതിയുമായി താഴെയെത്തും. വരുന്നവരെ ആശ്വസിപ്പിച്ചും ബഹളവും ഒച്ചയും ഉണ്ടാക്കുന്നവരെ തടഞ്ഞും ലഹളവലാകളെ ഒഴിവാക്കിയും പ്രശ്നമൊതുക്കി തീർക്കുന്നതിനുള്ള പണികൾ ധാരാളം..

ബഹറിനിൽ മദ്യനിരോധനം ഇല്ലാത്തതിനാൽ സൗദികൾ വരുന്നവഴി ഡ്യൂട്ടി ഫ്രീ ഷോപ്പിൽനിന്നും ധാരാളം ബിയറും ഹോട്ട് സാധനങ്ങളും കൂടെ കെട്ടുകളാക്കി കൊണ്ടുവരും. അറിഞ്ഞും കണ്ടും അടുത്തുകൂടുന്ന റൂം ബോയ്സ്, നാട്ടിൽ കാളവണ്ടിയിൽനിന്നും കാളവണ്ടിക്കാരൻ കൊച്ചൂട്ടിച്ചായൻ അപ്പന്റെ കടയിലേക്ക് അരിച്ചാക്ക് നട്ടുമ്പുറത്തിട്ട് കൊണ്ടുപോകുന്നപോലെ സാധനങ്ങൾ കാറിൽനിന്നും ചുമന്ന് മുറിയിൽ കൊണ്ടെത്തിക്കും. വന്നവർ മുറി വിട്ടുപോകുമ്പോൾ ബാക്കിയാകുന്ന നല്ലൊരു പങ്ക് ബിയറും പകുതിയിലധികം കുടിച്ചുവറ്റിച്ച ഹോട്ടും റും സർവീസ് മഹത്തരമെന്നു കണക്കാക്കി ബോയിസിന് കൊടുക്കുന്നതു കൂടാതെ ടിപ്പായി കുറേ റിയാലും വീശും. അവർക്ക് കുശാൽ. വീണ്ടും തങ്ങൾ തിരിച്ചുവരുമ്പോൾ ഇതുപോലെ സർവീസ് വേണം എന്ന മട്ടിലാണ് ഈ സത്കാരം.

"എള്ളോളമുള്ളിൽ ചെന്നാൽ ഭൂലോകം തരികിടതിത്തൈ.." എന്നപോലെ അടിച്ചു വീലായിക്കഴിഞ്ഞാൽ സൗദികൾ മുറിയിലും വെളിയിലും വേലത്തരങ്ങൾ കാണിക്കും. ആഞ്ഞുവലിക്കുന്ന ഹുക്കയിലെ കനലുകൾ മുറിയിലാകെ ചിന്നിച്ചിതറും. തറയിലിട്ടിരിക്കുന്ന കാർപ്പറ്റിൽ കനലുവീണ് കത്തും. ആകെ പുകയും ബഹളവും. ഫയർ അലാറം താനെ മുഴങ്ങും. കാർപ്പറ്റു കത്തിച്ച വകയിൽ കയ്യിലുള്ള കാശുപോരാതെ വാച്ചും മോബൈലും റിസപ്ഷനിൽ ഈടു നൽകി അതിഥികൾ തിരികെപ്പോകും. ജാമ്യവസ്തുവിന്റെ കാര്യം പിന്നീട് ഓർത്താലായി ഓർത്തില്ലെങ്കിലായി.

പെട്ടിയും കിടക്കയും വാദ്യോപകരണങ്ങളുമൊക്കെയായി വലിയൊരു സൗദി ബറ്റാലിയൻ വാതിൽ തുറന്നു കയറി വരുമ്പോഴേ റിസപ്ഷന്റെ അടുത്തു നിൽക്കുന്ന അപ്പുണ്ണി പതുക്കെപ്പറയും:

"ഒരു ചങ്ങാടം കരയ്ക്കടുത്തിട്ടുണ്ട്.."

സൗദിയിൽ 110-120 വോൾട്ടിൽ പ്രവർത്തിക്കുന്ന പാട്ടുപെട്ടികളും മറ്റും കൂടെ കൊണ്ടുവരുമ്പോൾ സിസ്റ്റത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തണം, കാരണം ബഹറിനിൽ ഇന്ത്യയിലെപ്പോലെ 220-240 വോൾട്ടാണ്. ചങ്ങാടം അടുപ്പിച്ച് ലഗേജ്

www.malankaralibrary.com

എല്ലാം മുറിയിൽ എത്തിച്ചുകഴിഞ്ഞാൽ കൂട്ടുകാരോടൊപ്പം കൂട്ടമായി വന്ന് അടിച്ചുപൊളിക്കുന്നതിന്റെ ആദ്യ പടിയായി മ്യൂസിക് ബോക്സ് മേശപ്പുറത്തുവച്ച് പ്ലഗിൽ പാട്ടുപെട്ടിയുടെ വയർ കുത്തി സ്വിച്ചിടേണ്ടതാമസം പെട്ടിയിൽനിന്നും പാട്ടിനു പകരം തീയും പുകയും പൊങ്ങുമ്പോൾ സൗദികൂട്ടുകാർ താഴേയ്ക്കു ഫോൺവഴി അലറി വിളിക്കും: "സദീക്.. താൽ.. താൽ.. ഹാദി മ്യൂസിക് സിസ്റ്റം ഖരാബ്. താൽ ഈനി സുറാ.." (വേഗം വാ.. എന്റെ പാട്ടുപെട്ടി കേടായി ബാ.. ബാ..) വിളിക്കുന്ന മുറിയുടെ അക്കം ഫോൺ പാനൽ ബോർഡിൽ തെളിയുമ്പോഴേ വിളിയുടെ ഏകദേശ രൂപം റിസപ്ഷനിൽ നിൽക്കുന്നവർക്ക് മനസ്സിലാകും. അവർ അടുത്തുനിൽക്കുന്ന അപ്പുണ്ണിയോടു പറയും: "അവന്റേത് കത്തിപ്പോയിട്ടുണ്ടാവും.. മൂളിപ്പാട്ടും പാടി, ഡാൻസും കളിച്ചുകൊണ്ടു പോയപ്പോഴേ കരുതിയതാ.. എന്തേലും പെടുത്തിക്കൂട്ടുമെന്ന്.."

സൗദിയിൽ ഇലക്ട്രിക് കെറ്റിൽ ഉപയോഗിച്ചിട്ടില്ലാത്ത അതിഥികൾ അപ്പാർട്ടുമെന്റിലെ അടുക്കളയിലെ വെള്ളം തിളപ്പിക്കുന്ന ഇലക്ട്രിക് കെറ്റിലിൽ പാലും വെള്ളവും തേയിലയും പരുവത്തിന് ചേർത്ത് ഗ്യാസ് സ്റ്റൗവിന്റെ മണ്ടയ്ക്കുവച്ച് തീ കത്തിച്ച് ചായ ഉണ്ടാക്കാൻ ശ്രമിക്കും. തീ കത്തിപ്പിടിച്ച് ഇലക്ട്രിക് കെറ്റിലിന്റെ അടിയിലെ പ്ലാസ്റ്റിക് ആദ്യം കത്തും പിന്നതങ്ങു മുകളിലോട്ടു കത്തിക്കയറും. കെട്ടിടത്തിലെ ഫയറലാറം മുഴങ്ങും ആകെ തീയും പുകയും കൊണ്ട് ഫ്ളോർ മൂടും. എന്നാൽപിന്നെ ചായവേണ്ട എന്നുകരുതി തീയോടു കൂടി കെറ്റിലെടുത്ത് കാർപ്പെറ്റിനു മുകളിലേക്കു വയ്ക്കും. കാർപ്പെറ്റ് ചൂടുപിടിച്ച് കത്തിപ്പോകും അങ്ങനെ കെറ്റിലും കാർപ്പെറ്റും സമാസമം പണിയാക്കും.

സൗദികളും മറ്റും വരുമ്പോഴേ അവരുടെ പാസ്പോർട്ട് സെക്യൂരിറ്റിയായ് വാങ്ങി വച്ചാണ് മുറികൊടുക്കുന്നത്. കൂട്ടുകാർക്കൊപ്പം കൂടി സർവ്വ കൈക്കാശും അവിടെയുമിവിടെയും കയറിയിറങ്ങി അടിച്ചുപൊളിച്ചശേഷം തിരികെ പോകാനായി കൂടും കുടുക്കയുമെടുത്ത് താഴെവരുമ്പോൾ മുറിവാടകയും ഗവൺമെന്റ് നികുതിയുമടക്കമുള്ള ബിൽത്തുക കണ്ട് കണ്ണുതള്ളി നിൽക്കുന്ന അതിഥികളുടെ നിൽപ്പ് ഒരു നിത്യസംഭവമാണ്. ഇതൊഴിവാക്കാൻ ചില അനുഭവസ്ഥരായിട്ടുള്ള മിടുക്കന്മാർ അഡ്വാൻസ് തുക മുറിയെടുക്കാൻ വരു



www.malankaralibrary.com

മ്പോൾതന്നെ പാസ്പോർട്ടിനൊപ്പം റിസപ്ഷനിൽ ഏൽപ്പിക്കും. ഇത് ഒരു പരിധിവരെ മുറി ഒഴിയുമ്പോൾ ഉണ്ടാകാവുന്ന വലിയ ലഹളകളെ ഒഴിവാക്കും. ചിലർ ഇവിടെയുള്ള ലോക്കർ സൗകര്യം പ്രയോജനപ്പെടുത്തും. കൈവശമുള്ള കാശ് കൂട്ടുകാർ കാണാതെ അവിടെ സൂക്ഷിക്കും.

വെള്ളമടിച്ചു വീലായിത്തുടങ്ങിയാൽ സൗദികളുടെ തനിസ്വഭാവം പുറത്തുവരും അവർ റും ബോയിയെ വിളിച്ച് ആവശ്യസാധനങ്ങളുടെ ലിസ്റ്റ് നീട്ടും. പിന്നെ അവനെ ശല്യം ചെയ്യലായി. ചെലവുകാശ് (വില) വാങ്ങി റും ബോയ് അവർ ആവശ്യപ്പെട്ടത്.. കുപ്പിയെങ്കിൽ കുപ്പി. നേരത്തെ വന്ന സൗദി സ്നേഹപൂർവ്വം കൊടുത്തിട്ടുപോയ ബിയറും പകുതി തീർന്ന ഹോട്ടും അവൻ സൂക്ഷിച്ചുവച്ചിട്ടുണ്ടാകും; ബിയർ ബിയറായിട്ടും ഹാഫ് ബോട്ടിലായി കിട്ടിയ ഹോട്ടിലെ പകുതിയുടെ കൂടെ മറ്റു മുറിയിൽനിന്നും ലഭിച്ചവയെല്ലാംകൂടി (ബ്ലക്ക് & വൈറ്റ്, റെഡ് ലേബൽ, ബ്ലാക്ക് ലേബൽ, ഷിവാസ് റീഗൽ എല്ലാം കൂടി പശുവിനുള്ള കാടിപോലെ.) കൂട്ടിക്കലർത്തി ഒരു ഫുൾ ബോട്ടിലാക്കി ഇവർ ആവശ്യക്കാരായി നിൽക്കുന്ന അതിഥിയുടെ വാതിലിൽ പോയി മുട്ടും. ഗ്ലാസ് എടുത്തുകൊടുത്ത് നന്നായ് അടച്ച കുപ്പിയടപ്പിനു മുകളിൽ രണ്ട് അടിയടിച്ച് പുതിയ കുപ്പി തുറക്കുംവണ്ണം ഒന്നു തിരിച്ച് ഇരിക്കുന്നവന്റെ മുന്നിലേക്ക് തള്ളിവയ്ക്കും! ആക്രാന്തം മൂത്ത് ഭ്രാന്തിളകിയിരിക്കുന്നവൻ കുപ്പി ഇപ്പോൾ പൊട്ടിച്ചതാണോ..?, നേരത്തേ പൊട്ടിയതാണോ..?, കാടിയാണോ..?, കട്ടനാണോ..? എന്തു സാധനമാണ് ഇവൻ കലക്കിക്കൊണ്ട് വന്നിരിക്കുന്നത്..? എന്നതൊന്നും നോക്കില്ല.

‘‘ടൂ.. ഹാപ്പി. കോയിസ്..’’ നല്ല സന്തോഷം, തൃപ്തി!

കുപ്പിയുടെയും ബിയർ ക്യാനിന്റേയും വിലവാങ്ങി റും ബോയ് പോകുന്നു. അറവുശാലയിലേക്കു കൊണ്ടുവരുന്ന ആടുമാടുകളെ ഉടമസ്ഥർ പട്ടിണിക്കിടില്ലല്ലോ..! എന്നപോലായി കാര്യം.

കയ്യിൽ കിട്ടിയത് തൊണ്ടതൊടാതെ അകത്താക്കി അറബിയദ്ദേഹം താഴെത്തെ റിസപ്ഷനിൽ വിളിക്കുന്നു:

‘‘താൽ നഫർ വാഹദ്..’’ (ഒരാൾ വരൂ..)

ചെക്കൗട്ട് (ഒരാൾ താമസം മതിയാക്കി പോകുന്ന കലാപരിപാടിക്കാണ് ചെക്കൗട്ട്.) റും വൃത്തിയാക്കി അടുത്ത അതിഥിക്ക് ആ മുറി കൊടുക്കാൻ ജോലി ചെയ്തുകൊണ്ടിരിക്കുന്ന പയ്യനെ അറബിയുടെ ആവശ്യപ്രകാരം അറിഞ്ഞു സഹായിക്കാനായി (ശല്യം സഹിക്കാനാകാതെ.) റിസപ്ഷനിസ്റ്റ് അങ്ങോട്ടു വിടും. മുറിയിൽ കയറിച്ചെല്ലുന്നവനോട് പെരുപ്പു കേറി മുട്ടിനിൽക്കുന്ന അതിഥി റിയാൽ നീട്ടിയിട്ട് ചോദിക്കും (ലെക്കില്ലാത്തവന് എന്തും പറയാമല്ലോ..!) ‘‘കം റൂമാദി ലേഡി..’’ (പെണ്ണ് ഏതു മുറിയിലാണ്..?)

അറബിയെ കണ്ട് വിരണ്ടുനിൽക്കുന്ന പയ്യൻ പറയും: ‘‘സാധനം ഇല്ല..’’

വലായെ ഒഴിവാക്കി പയ്യൻ തിരിയുമ്പോഴേക്കും അടുത്ത ആവശ്യം

‘‘അതിനു പറ്റിയ ആരേലും മതി’’ ലെക്കില്ലാത്തവൻ വിടുന്ന ലക്ഷണമില്ല. പ്രശ്നം അവിടെ തീർന്നു എന്ന് നമുക്ക് കരുതാം..!

www.malankaralibrary.com

"ഞാനങ്ങനെ ചെയ്തിട്ടില്ല..." ഇങ്ങനെയുള്ള ഒച്ച കേട്ടാണ് രണ്ടാം നിലയിലെ ഇടനാഴിയിലേക്ക് അന്ന് അപ്പുണ്ണി കയറിച്ചെല്ലുന്നത്. അപ്പുണ്ണിയെ കണ്ട ഹരിയും സുരേന്ദ്രനും ഒന്നു പരുങ്ങി.

"എന്താ കാര്യം..?, എന്തിനാ വഴക്ക്..?"

"ഒന്നുമില്ല സാർ. റും ക്ലീനിങ് ചെയ്തതിന്റെ കാര്യത്തെ സംബന്ധിച്ചാ.."

ഹരിയുടെ മറുപടി അത്ര വിശ്വാസയോഗ്യമല്ലെന്ന് അറിയാം. എന്നാലും മനസ്സിലായത് പുറത്തുകാട്ടാതെ ഇരുവരോടും യാത്രപറഞ്ഞ് അപ്പുണ്ണി ഓഫീസിലേക്ക് നടന്നു.

ഹരിയുടെ വീട് ചെങ്ങന്നൂരാണ് അവൻ പാചക വിദഗ്ദ്ധനാണ്. സമയം പോലെ ചോറും കറിയുമൊക്കെ ഉണ്ടാക്കും. ചില ദിവസങ്ങളിൽ അപ്പുണ്ണിക്കും അവൻ ഉച്ചയ്ക്കുള്ള ആഹാരം തയ്യാറാക്കും. രൊക്കം ബഹറിൻ ദിനാർ കൊടുത്ത് അപ്പുണ്ണി അവനെ സന്തോഷിപ്പിക്കും. ചിക്കനും ചിക്കൻസോസും ഇടയ്ക്കിടെ പാചകം ചെയ്ത് അവൻ കറി തയ്യാറാക്കും. പച്ചക്കറി കണ്ടിച്ചിട്ട് കറികൾ കൂടുതൽ സ്വാദുള്ളതാക്കും. ഗ്രൗണ്ട് ഫ്ളോറിൽ ഉള്ള അപ്പുണ്ണിയുടെ ഓഫീസിലേക്ക് അപ്പുറത്ത് മാനേജർ ഇല്ലാത്ത തക്കം നോക്കി ചില ദിവസങ്ങളിൽ അവൻ പമ്മിപ്പമ്മി കയറി വരും.

"എന്താടാ.. ഹരിക്കുട്ടാ.. ഇന്ന് ആഹാരം ഉണ്ടാക്കണ്ടേ..?" അപ്പുണ്ണി അവനോട് ചോദിക്കും.

"സാർ പൈസാ തന്നാൽ എന്തേലും ഉണ്ടാക്കാമായിരുന്നു.. എനിക്കും വിശക്കുന്നു.."

"ശരി.. ശരി.. ഇന്നാ. രണ്ടു ദിനാർ.." അവൻ കൈനീട്ടി അത് വാങ്ങി സ്ഥലം കാലിയാക്കും. (ഇന്ന് ഒരു ദിനാർ 200 രൂപയായി കണക്കാക്കാം)

അപ്പുണ്ണിയുടെ അക്കൗണ്ട്സ് ഓഫീസിന്റെ സ്വല്പം പുറകിലായാണ് സ്റ്റാഫിനായുള്ള അടുക്കള. അവിടെ പാത്രം കഴുകുന്നതും ചീനിച്ചട്ടിയിൽ ഇറച്ചിയിട്ട് ഇളക്കുന്നതും വറക്കുന്നതും വഴറ്റിയെടുക്കുന്നതുമൊക്കെ കാതല്പം കൂർപ്പിച്ചാൽ ഓഫീസിലിരുന്ന് കേൾക്കാം. തന്നെയുമല്ല കിച്ചണിലെ എക്സോസ്റ്റുഫാൻ പ്രവർത്തിപ്പിച്ചില്ലെങ്കിൽ മസാലയുടെ മണം ഓഫീസുഭിത്തികളെ ഭേദിച്ച് കടന്നുവന്ന് അപ്പുണ്ണിയുടെ മൂക്കുതുളച്ചു കേറിയിറങ്ങും.

ഇഷ്ടമണം മൂക്കിലൂടെ വയറ്റിലേക്ക് അടിക്കുമ്പോൾ അപ്പുണ്ണി നാട്ടിലെ വിവാഹസദ്യ ഓർക്കും. കല്യാണ സദ്യ തയ്യാറാകുന്ന അച്ചായന്മാരുടെ വീടുകളിലെ അടുപ്പിൽനിന്നും ഇതുപോലെ മണം മൂക്കിലടിച്ചു കേറാറുണ്ട്. നാട്ടിലെ വിവാഹസദ്യയിൽ പങ്കെടുക്കാൻ എല്ലാവർക്കും താത്പര്യമല്ലേ? പ്രത്യേകിച്ചും ക്രിസ്ത്യാനികളുടെ കല്യാണത്തിന്. വല്ലതുമൊക്കെ നല്ലപോലെ കടിച്ചുപറിക്കാം എന്നുള്ള ആഗ്രഹം തന്നെയാണ് ഇതിന്റെ പിന്നിലുള്ള രഹസ്യം. വിവാഹ ഭവനങ്ങളിൽതന്നെ മുറ്റത്തുള്ള സ്ഥലത്ത് പന്തലിട്ട് സദ്യവിളമ്പാനുള്ള ക്രമീകരണം ഒരാഴ്ചമുമ്പേ ആരംഭിക്കും. സദ്യവട്ടം തയ്യാറാക്കുന്നത് വീട്ടുകാരെല്ലാവരും ചേർന്നാണ്. ഇതിനായി അടുത്ത ബന്ധുക്കൾ നേരത്തേതന്നെ വിവാഹ വീട്ടി

www.malankaralibrary.com

ലെത്തും. ആഴ്ചകൾക്കുമുമ്പേ അയലത്തുകാർ ചേർന്ന് കല്യാണവീട്ടിലെ കിണറ്റിലെ വെള്ളം കോരിക്കളഞ്ഞ് കിണർ വൃത്തിയാക്കും, വീട് പെയിന്റടിക്കും. കല്യാണവീട് അയലത്തുകാരുടെ കല്യാണവീടു കൂടിയാണെന്ന് സാരം.

പാചക ശിരോമണികളായി പ്രായംചെന്ന അമ്മച്ചിമാർ അടുക്കും ചിട്ടയും പറയും. നടുക്കേപ്പുരയിലെ (രഞ്ജിനി ഹോട്ടൽ) കുട്ടി അമ്മച്ചിയാണ് അപ്പുണ്ണിയുടെ അടുത്ത ഭവനങ്ങളിൽ നടക്കുന്ന മീൻ കൂട്ടാനും ഇറച്ചിക്കറിക്കും മേലാള്. സദ്യയ്ക്ക് വിളമ്പുന്ന ഇറച്ചിക്കുള്ള കാളക്കിടാവിനെ രണ്ടു ദിവസംമുമ്പേ വാങ്ങി അയലത്തെ വീട്ടിൽ നിർത്തും. കല്യാണത്തലേന്നു രാത്രി അറപ്പുകാർ വന്ന് അതിനെ കൊന്ന് തോൽ കൂലിയിൽ നിന്നും കുറച്ച് ബാക്കി പണവുമായി അവർ പോകും. സദ്യയ്ക്ക് ആവശ്യംവേണ്ട വലിയ മീൻ കൊല്ലം നീണ്ടകരയിൽനിന്നും വീട്ടുകാർ ലേലംവിളിച്ച് വാങ്ങിക്കൊണ്ടുവരും (അവരെ സഹായിക്കാൻ പരിസര ഭവനങ്ങളിലെ മത്സ്യക്കച്ചവടക്കാരും കൂടെപ്പോകും.). മീൻ വൃത്തിയാക്കലും മുറിക്കലും കഷണമാക്കലും അങ്ങനെയുള്ള ബാക്കിയെല്ലാം അവിടെ കൂടുന്ന സ്ത്രീകളും പുരുഷന്മാരും കൂടി ചെയ്തുകൊള്ളും. കൂടാതെ കാപ്പി സത്കാരം നടത്തുന്നതിനായി അവിൽ ശർക്കരയിൽ നനയ്ക്കും ഹൽവാ ഉണ്ടാക്കും (ബേക്കറിയിൽ നിന്നും റഡീമെയ്ഡ് സാധനങ്ങൾ വാങ്ങില്ല.) പാകമായ വാഴക്കുല പുരയിടത്തിൽനിന്നും നേരത്തേ വെട്ടിവെച്ചു പഴുപ്പിച്ചശേഷം കലവറയിൽ (സദ്യയ്ക്കു വിളമ്പാനുള്ള സാധനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം/മുറി) തൂക്കും. പാചകശാലയിലെ മേലാളിനെ മറ്റുള്ളവർ കേൾക്കും അനുസരിക്കും. അഭിപ്രായ വ്യത്യാസത്തിലുള്ള ഈശാപോശ മുതിർന്നവർ ഇടപെട്ട് ഒഴിവാക്കും. എങ്കിലും ചേർക്കേണ്ട സാധനങ്ങളുടെ എണ്ണത്തിന്റെ പേരിൽ കലഹം രൂപപ്പെടുന്നത് സ്വാഭാവികം... അത് ഉത്സവസ്ഥലത്തെ ലേലം വിളി പോലാകും.

താറാവു കറിക്ക് "10 തേങ്ങ.." എന്ന് മകൻ. പോരാ "15 തേങ്ങാ.." എന്ന് അപ്പൻ.. വാക്ക് മുറുകുന്നു. തെറിവിളിയുടെയും കയ്യേറ്റത്തിന്റെയും അരികിൽ എത്തുമ്പോൾ കല്യാണപ്രായോജകർ കേറി ഏൽക്കും. രണ്ടിനേയും പിടിച്ചുമാറ്റും. മലപോലെ വന്നത് എലിപോലെ ഒഴിഞ്ഞുപോകും.

ഇനി സദ്യയിലേക്ക് കടന്നാൽ, വീടുകളിലെ മുറ്റത്താണ് കഴിവതും പന്തലിട്ട് ആഹാരം കഴിക്കാൻ സൗകര്യം ഒരുക്കുന്നത്. അമ്പതു പേർക്കിരിക്കാവുന്ന പന്തലിലെ പന്തിയിൽ രണ്ടു പ്രാവശ്യമായിട്ട് വിളമ്പുവാൻ തക്കവണ്ണം ആൾക്കാർ വന്നുചേർന്നാൽ രണ്ടു തരത്തിലുള്ള വിളമ്പാണ്. വിരുന്നു വരുന്ന കൂട്ടരെ ആദ്യം പന്തലിൽ കയറ്റുന്നു. അവർക്ക് ആദ്യം വിളമ്പുന്നു. വിരുന്നുകാർക്ക് അപ്പവും താറാവുകറിയും ഹൽവായും കട്‌ലറ്റും മിക്സ്ചറും പഴവും സ്പെഷ്യൽ കാണും. അങ്ങനെ ഉള്ളപ്പോൾ ആദ്യപന്തിക്ക് കയറിപ്പറ്റാൻ ലോക്കലുകളും ശ്രമിക്കും. അത് സ്വാഭാവികം. ഈ തള്ളൽ കണക്കാക്കി പള്ളിയിലെ അച്ചന്റെ അനൗൺസ്മെന്റ് പന്തലിന്റെ മുമ്പിൽ മുഴങ്ങും:

"പുനലൂരിൽ നിന്നും വന്നവർ ആദ്യം കയറണം അവർ ഇരുന്നശേഷം അധികം സീറ്റ് ഉണ്ടെങ്കിൽ നാട്ടുകാർക്കിരിക്കാം.." (വെള്ളയും കരിമ്പടവും ഇട്ട് ഞാനും കൈക്കാരനും ഇവർക്കൊപ്പം ഇരുന്നുകഴിക്കും എന്ന് അച്ചൻ ഉള്ളാലെ

www.malankaralibrary.com

പറയുന്നുണ്ടാകാം!)

ആദ്യപന്തിക്ക് കയറാനുള്ള തയ്യാറെടുപ്പുമായി നിന്ന ലോക്കൽ (വയറു കഴുകിയിട്ടോ, വാടകയ്ക്ക് എടുത്തിട്ടോ നിശ്ചയം തൊട്ടേ നാൾകളെണ്ണി കാത്തിരിക്കുന്നവർ.) ഇതുകേട്ട് ആദ്യം ഒന്ന് പരുങ്ങും. എന്നിട്ട് പിൻഭാഗത്തേക്ക് നടന്ന് പതുക്കെ കറങ്ങിത്തിരിഞ്ഞ് പന്തലിന്റെ വശം മറച്ചു കയറുകൊണ്ട് ചേർത്തു കെട്ടിയിരിക്കുന്ന അമ്മാവിയുടേയോ, ചേച്ചിയുടേയോ സാരിത്തുണി പതുക്കെ പൊക്കി അതിന്റെ കീഴിൽക്കൂടി അകത്തുകടന്ന് കസേരയിൽ കയറി കുനിഞ്ഞിരിക്കും. "**മുൻപേ ഗമിച്ചീടിന ഗോവുതന്റെ പിൻപേ ഗമിക്കും ബഹു ഗോക്കളെല്ലാം**.." എന്ന സിദ്ധാന്തപ്രകാരം നാലഞ്ചു പേർകൂടി സാരിവേലി ഞൂന്ന് പന്തലിനുള്ളിലേക്കു കയറും. മാനക്കേട് ഭയന്ന് തള്ളിക്കേറാതെ മാറി നിൽക്കുന്നവർ, കൂട്ടുകക്ഷികൾക്കൊപ്പം അടുത്ത മാവിലെ മാങ്ങയുടെ കാര്യവും തെങ്ങിലെ തേങ്ങയുടെ കാര്യവും ചർച്ചചെയ്ത് സമയം നീക്കി സ്വയം സായൂജ്യമടയും. എന്നാലും ഇടയ്ക്കു അകത്തിരുന്നു കഴിക്കുന്നവന്റെ തീറ്റ ലെവൽ മനസ്സിലാക്കാൻ പന്തലിനുള്ളിലേക്ക് ഒന്നുരണ്ടു പ്രാവശ്യം എത്തിവലിഞ്ഞു നോക്കി വയറുതടവി ഒന്നു പിറുപിറുക്കും,

"ഒന്നു വേഗം വാരിനിറച്ച് ഇറങ്ങിനെടാ.., പന്നികളേ.."

ശേഷം ഇച്ഛാഭംഗത്തോടെ തങ്ങളുടെ സംസാരം തുടരും. നിൽപന്മാരുടെ ഉള്ളവും പള്ളയും പന്തലിനുള്ളിലിരുന്നു ഭക്ഷിക്കുന്നവരുടെ പാത്രത്തിലാണെന്നുള്ളത് സുവ്യക്തമാണ്.

ഫസ്റ്റും സെക്കന്റും കോഴ്സ് ഉൾപ്പെടുന്ന വിശേഷസദ്യ (ആദ്യ പന്തി) വിരുന്നുവന്നവരുടെ കൂടെയിരുന്നു വെട്ടിവിഴുങ്ങിയ ശേഷം ഏമ്പക്കവും വിട്ട് (തങ്ങൾക്കൊപ്പം അല്പം മുൻപുവരെ ഇവിടെ നിന്നിരുന്ന.) ഇറങ്ങിവരുന്ന ലോക്കലിനെ, പുറത്തു വാചകമടിച്ചുകൊണ്ടിരുന്ന മറ്റു ലോക്കൽസ് രൂക്ഷഭാവത്തിലൊന്നു നോക്കും. അങ്ങനെ അവരോടുള്ള പ്രതിഷേധം നോട്ടത്തിലൂടെ രേഖപ്പെടുത്തി കഴിക്കാത്തവർ തൃപ്തിയടയുമ്പോഴാണ് തിന്നവൻ തിന്നാത്തവനെ നോക്കി ഈ ഡയലോഗ് വച്ചു കാച്ചുന്നത്:

"അയ്യോ..!, ചേട്ടൻ കയറിയില്ലാരുന്നോ..?" (തിന്നാത്തവന്റെ പള്ളയ്ക്കിട്ടു കുത്തിയുള്ള ഈ പരിഹാസം ആ പാവത്തിന്റെ വിശപ്പും ദേഷ്യവും സങ്കടവും കൂട്ടുമെന്നല്ലാതെ എന്തുപറയാൻ..!)

തിന്നവന്മാർ കൈയും വായും തേച്ചുകഴുകുമ്പോൾ അടുത്ത പന്തിക്കെങ്കിലും കയറിപ്പറ്റി വിളമ്പുന്നതു വെട്ടാനുള്ള തയ്യാറെടുപ്പിലാകും മറ്റു ലോക്കൽസ്. എന്തായാലും അർഹതയില്ലാത്ത ആദ്യപന്തിക്ക് കയറുമ്പോൾ ദയയില്ലാതെ കിട്ടുന്ന കുറേ ഇടി പിടിച്ചുവാങ്ങിയവരുടെ കൂട്ടത്തിൽ പലപ്പോഴും അപ്പുണ്ണിയും ഉൾപ്പെട്ടിട്ടുണ്ട്. അതൊക്കെ ഇടികൊണ്ട് അകത്തുകയറി അകത്താക്കുന്ന ഹൽവായിലും അപ്പത്തിലും ആട്ടിറച്ചിയിലും കട്ലറ്റിലും അപ്പോഴേ അലിഞ്ഞലിഞ്ഞില്ലാതായിട്ടുണ്ടാകും.

**ആഹാരമാണഖിലസാരമൂഴിയി**ലെന്ന സമസ്യയ്ക്കു ചേരുംവണ്ണം തീറ്റ ഭ്രാന്തന്മാരുടെ ഗണത്തിൽപ്പെട്ട കുറെ തിമ്മന്മാരും ചില പന്തലിലേക്ക് വന്നു

www.malankaralibrary.com

കയറാറുണ്ട്. ഇങ്ങനെയുള്ളവർ വരുന്ന വഴിക്ക് എവിടെനിന്നെങ്കിലും അല്പം വാറ്റു സംഭാരം വാങ്ങി കുടിച്ചിട്ടായിരിക്കും സദ്യയ്ക്ക് ആസനസ്ഥരാകുന്നത്. (പട്ടിണികിടന്ന താറാവിൻകൂട്ടം കൊയ്ത്തു കണ്ടത്തിൽ വന്നിറങ്ങുന്ന ലാഘവത്തോടെയാണ് ഇതുങ്ങൾ സദ്യയ്ക്കു വന്നിരിക്കുന്നത്.) സാധാരണഗതിയിൽത്തന്നെ നല്ല ഫുഡ് പുള്ളിങ്ങുള്ള ഇതുങ്ങളുടെ തീറ്റയെൻജിൻ ഉന്തിന്റെ കൂടെ ഒരു തള്ള് എന്ന ക്രമത്തിൽ അകത്തു ചെന്നിരിക്കുന്ന എൻജിനോയിലിന്റെ ശക്തിയാൽ വിളമ്പിവച്ചിരിക്കുന്ന വല്ലവന്റേതുംകൂടി അകത്താക്കിയശേഷം വല്ലാതെ അലമ്പും. "ഇവിടെ ഒന്നും കിട്ടിയില്ല.. ഇതിലേവാടാ.., ഇങ്ങോട്ടു വിളമ്പടാ.." എന്നിങ്ങനെയുള്ള വായ്ത്താരികളോടെ അവർ കഴിക്കുന്ന സദ്യയെ ഗംഭീരമാക്കിയേ അടങ്ങൂ..

ഭക്ഷണ സംബന്ധമായ രുചിയോർമ്മയിൽ നാട്ടിലെ ഇടവകപ്പള്ളിയിലെ ഞായറാഴ്ച പ്രാർത്ഥനായോഗങ്ങൾ മറക്കാവതല്ല.

ഇടവിട്ടുള്ള ഞായറാഴ്ചകളിൽ ഇടവകയിലെ പല പല ഭവനങ്ങളിലായി ഉച്ചയ്ക്ക് മൂന്നു മണിക്കാണ് ഇത് കൂടാറുള്ളത്. അപ്പുണ്ണിക്ക് ആകെ കിട്ടുന്ന അവധി ദിവസമായ ഞായറാഴ്ചയിൽ കളിക്കൂട്ടുകാരുടെ കൂടെ പറമ്പുകളിൽ ക്രിക്കറ്റു കളിക്കാൻ തയ്യാറായി നിൽക്കുമ്പോഴാകും അടുത്ത വീടായ മന്ദിരത്തിലെ പ്രായമായ തോമാ അപ്പച്ചൻ **ആപ്പൂ... ആപ്പൂ..** എന്നു തുമ്മിക്കൊണ്ട് പ്രാർത്ഥനയിൽ പങ്കെടുക്കാൻ വന്നു വിളിക്കുന്നത്. മനസ്സില്ലാമനസ്സോടെ അനന്തിരവൻമാരായ രാജുവിനെയോ സാജുവിനെയോ കൂട്ടാക്കി അപ്പുണ്ണി പ്രർത്ഥനായോഗ ഭവനത്തിലേക്ക് സൈക്കിൾ പായിക്കും.

മൂന്നു പാട്ടുകളും മൂന്നു ബൈബിൾ പാരായണവും ശേഷം, കഴിഞ്ഞ പ്രാർത്ഥനായോഗം കൂടിയതു സംബന്ധിച്ചുള്ള സ്ഥിരം റിപ്പോർട്ട് വായനയും ചടങ്ങിൽ നടക്കും. സമാപന പ്രാർത്ഥനയ്ക്കുള്ള സമയം ആകുമ്പോഴേക്കും പ്രാർത്ഥന നയിക്കുന്ന തോമാപ്പച്ചൻ വീട്ടിലെ അടുക്കളയിൽ ഒന്നു കയറിയിറങ്ങും. ആഹാര നിലവാരം ധാരണയായാൽ അപ്പച്ചൻ സമാപന പ്രാർത്ഥനയാക്കുള്ള പാട്ട് ഇങ്ങനെ പാടിത്തുടങ്ങും:

"നല്ല ദേവനേ ഞങ്ങളെല്ലാവരേയും
നല്ലതാക്കി നിന്നിഷ്ടത്തെ ചൊല്ലീടണമേ.
പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞിടുവാനായ്
**മെച്ചമായാഹാരത്തെ** നീ നൽകീടേണമേ.."

പാട്ടിലെ വരികൾക്കിടയിലുള്ള **മെച്ചമായാഹാരം** എന്നത് ഒരു സൂചനയാണ്. കാപ്പിയായി ഇവിടെ ഇഡ്ഡിലും സാമ്പാറും ആണെന്നതിന്റെ സൂചന. ഗ്യാസിന്റെ അസുഖമുള്ളവർക്ക് സാമ്പാറിലെ പരിപ്പ് ഭയങ്കര വിഷമമുണ്ടാക്കുന്ന സംഗതിയാണ്. ഇത് വീട്ടുകാരെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഈ പാട്ട് എടുത്തിടുന്നത്. ഈ ഗുട്ടൻസ് അപ്പുണ്ണി നേരത്തേ തന്നേ അനന്തിരവർക്ക് അറിയിപ്പ് കൊടുത്തിട്ടുള്ളതിനാൽ അപ്പച്ചൻ പാട്ടിന്റെ റിക്കാർഡ് ഇടുമ്പോഴേ അവർ അപ്പുണ്ണിയുടെ മോന്തയ്ക്കോട്ട് അർത്ഥംവച്ച് നോക്കും. ഇവിടെ ഇന്ന് ഇഡ്ഡിലിയും സാമ്പാറും തന്നെ.

www.malankaralibrary.com

എന്നാൽ അപ്പവും ഇറച്ചിക്കറിയും ആണെങ്കിൽ പാട്ട് മാറും:

"പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനേ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നു
സ്വർഗീയാനുഗ്രഹ **ഭണ്ഡാരത്തി**ൻ
വാതിൽ തുറക്കണമേ.."

വേഗം ആ വാതിലൊന്ന് തുറന്നു തന്നാൽ മതിയായിരുന്നു.. (അടുക്കള വാതിൽ എന്നു സാരം!). എന്നാൽ ഗ്യാസും മറ്റു വായൂ പ്രശ്നങ്ങളും ഇല്ലാത്ത ചിലർ (**തീറ്റ റപ്പായികൾ**) അഞ്ചെട്ട് ഇഡ്ഡലി തന്റെ ഇലയിൽ എടുത്തിട്ട് അതിൽ സാമ്പാറും ഒഴിച്ച് ഒരു കുഴകുഴച്ച് കഴിക്കുന്നതു കണ്ടാൽ പരോളിലിറങ്ങിയ പ്രതി പുട്ടും പഴവും (ആർത്തിയോടെ) ഞവടിയടിക്കുന്നത് ഓർമ്മയിൽ വരും. അടുത്തിരുന്നു കഴിക്കുന്നവൻ ഒന്നു കരുതി ഇരിക്കണമെന്നു മാത്രം.. ഇല്ലേൽ **റപ്പായി,** സാമ്പാറിലെ മുരിങ്ങക്കോല് അകത്താക്കുന്നപോലെ എടുത്തു കഴിച്ചാലോ എന്നുള്ള ചിന്ത ആ മഹാനുഭാവന്റെ കഴിപ്പു കാണുന്ന വീട്ടുകാർക്ക് ഉണ്ടാകുന്നത് സ്വാഭാവികം.

പണ്ടത്തെ പ്രാർത്ഥനയിലെ ആഹാരക്കാര്യം അവിടെ നിൽക്കട്ടെ. ഇവിടെ ബഹറിനിലെ ജോലിസ്ഥലത്ത് ഇന്നെന്തായാലും നല്ല ശാപ്പാട് അകത്താക്കാം എന്നുള്ള പ്രതീക്ഷയിലാണ് അപ്പുണ്ണി ഹരിക്ക് പതിവിൻപടി രണ്ടു ദിനാർ കൊടുത്തത്.

പന്ത്രണ്ടര കഴിഞ്ഞു.., ഒരുമണി കഴിഞ്ഞു. ഹരിയുടെ ഫോൺവിളി പ്രതീക്ഷിച്ചുകൊണ്ട് എത്രകണ്ട് വിശന്നിരിക്കും..? സമയം വീണ്ടും മുന്നോട്ട്. വിശപ്പിന്റെ ആന്തലിൽ കാല് തെക്കോട്ടും വടക്കോട്ടും പോകുന്നത് കണക്കാക്കാതെ കണക്കപ്പിള്ളയുടെ ആഫീസിൽനിന്നും അപ്പുണ്ണി ഇറങ്ങി ഹൗസ്കീപ്പർ വിജയ്പാൽ സിങിന്റെ ഓഫീസ് കടന്ന് സ്റ്റെപ്പുകയറി റിസപ്ഷന്റെ മുന്നിലെ വിശാലമായ ലോബിയിലെത്തി. അവിടെനിന്നും മൂന്നുപടികൾ കയറി ലിഫ്റ്റുകളുടെ മുന്നിലൂടെ സ്വിമ്മിങ് പൂളിന്റെ കതകുതുറന്ന് വീണ്ടും ഇടത്തേക്ക് നടന്ന് കയറിയപോലെ അത്രയും പടികൾ ഇറങ്ങി നേരെ അടുക്കളയിലെത്തി. അവിടെ രാവിലെ ആരോ ചായയുണ്ടാക്കി കുടിച്ചിട്ട് വച്ചിട്ടുള്ള പാത്രം കഴുകാതെ ഇരിപ്പുണ്ട്. ശേഷം പാചകമൊന്നും നടന്നതിന്റെ സൂചനയൊന്നും ഇല്ല.

"ഹരി, അവൻ എവിടെപ്പോയി..?" മനസ്സിൽ സ്വയം ചോദിച്ചു. വന്നപോലെ തിരിച്ചുനടന്നു. റിസപ്ഷന്റെ മുന്നിലെത്തിയപ്പോൾ ഡ്യൂട്ടിയിലുള്ള ലഞ്ചു അലക്സ് ചിരിച്ചുകൊണ്ട് ചോദിച്ചു:

"എന്തായി.. ചേട്ടായി..? ഹരിയെ തിരക്കി പോയിട്ടെന്തായി..? അവൻ അവിടെ ഇല്ല അല്ലേ..?" വിശന്നു വലഞ്ഞുള്ള അപ്പുണ്ണിയുടെ നിൽപ്പു കണ്ടപ്പോഴേ അവനു കാര്യം മനസ്സിലായി. ഇത് ഹരിയെ തപ്പിയുള്ള പോക്കായിരുന്നെന്ന്.

"അതേടാ മോനേ.., എനിക്ക് വിശക്കുന്നു. അവൻ എവിടെ പോയി..?"

"അപ്പോൾ ചേട്ടായി ഒന്നും അറിഞ്ഞില്ലേ..? ഗസ്റ്റിന്റെ ആവശ്യപ്രകാരം ഹരിയെ ഞാൻ മുറിയിലേക്ക് അയച്ചിരുന്നു. ഗസ്റ്റ് അവന് അഞ്ചു ദിനാറും കൊടു

www.malankaralibrary.com

ത്തു. മുകളിൽ 404ലെ ഗസ്റ്റിന്റെ കയ്യിൽനിന്നും കിട്ടിയ കാശുമായാണ് ചേട്ടായിയെ കാണാൻ വന്നത്. അവിടെനിന്നും തിരികെ കേറിവന്നിട്ട് സുരേന്ദ്രനെ പറഞ്ഞ് 404ലേക്ക് വിട്ടു. അവിടെ പോയി വാതിൽ മുട്ടിക്കയറിയ സുരേന്ദ്രനെ അവിടെ കുടിച്ചു വീലായിനിന്ന അറബി കയറിപ്പിടിച്ചു. കുതറിമാറിയ സുരേന്ദ്രനോട് അറബി ആക്രോശിച്ചത്രേ:

"എടാ.. നിന്നെ പറഞ്ഞു വിട്ടുതരാം എന്നും പറഞ്ഞ് നിന്റെ കൂട്ടുകാരൻ അഞ്ചു ദിനാർ എന്റെ കയ്യിൽനിന്നും വാങ്ങി പോയിട്ടുണ്ട്.. നിന്നെ വിടുന്ന പ്രശ്നമില്ല.."

"കാര്യത്തിന്റെ കിടപ്പു മനസ്സിലാക്കിയ സുരേന്ദ്രൻ വഷളനായി നിൽക്കുന്ന അറബിയെ വെട്ടിച്ച് ഓടി രക്ഷപ്പെട്ടിങ്ങോട്ടു വന്നു ഹരിയെ ചോദിച്ചു.."

"ആ ഹരി എവിടെ..? അവൻ എന്നെ അഞ്ചുദിനാറിന് 404 ലെ അറബിക്ക് വിറ്റിട്ടു മുങ്ങിക്കളഞ്ഞു. ആ കാട്ടറബി എന്നെ പിടിച്ചു. ഞാൻ പിടി വിടുവിച്ച് ഓടി വരുവാ.. അവൻ എവിടെ..?"

"ചേട്ടായിയെ പോലെ സുരേന്ദ്രനും ഹരിയെ തപ്പി നടക്കുവാ.. അതുപോലെതന്നെ പൈസാ കൊടുത്ത അറബിയും.."

"എടാ.. ഭയങ്കരാ.." ഹരിയെക്കുറിച്ച് കേട്ട കഥയുടെ ഗരിമയിൽ അപ്പുണ്ണിയുടെ അന്തരാത്മാവിൽനിന്നും പൊന്തിവന്ന ശബ്ദം ഇത്രമാത്രമാണ്.

അറബിയെ കറക്കി വാങ്ങിയ അഞ്ചു ദിനാറുമായിട്ടാണ് തന്റെ ഓഫീസിലേക്ക് അവൻ വന്ന് അരിയും സാധനങ്ങളും വാങ്ങാൻ കാശുവാങ്ങി പോയത്. ആ വകയിൽ രണ്ടു ദിനാർ അവന്റെ കയ്യിലുണ്ട് ആകെ ഏഴുദിനാർ! അറബിയുടെ പൈസാ തിരികെ കൊടുത്തില്ലെങ്കിൽ ആകെ ഗുലുമാലാകും.

"എന്നിട്ട് ഹരിയെവിടെ..?"

"അവൻ സുരേന്ദ്രനെ പേടിച്ച് എവിടെയോ ഒളിച്ചിരിക്കുകയാ..."

മൊബൈൽ പ്രചാരത്തിൽ ആയിട്ടില്ലാത്തതിനാൽ ഹരിയെ ബന്ധപ്പെടാൻ സാധിച്ചില്ല.

ഹരിയുടെ കാര്യം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ആലോചിച്ചപ്പോൾ തന്റെ പഠനകാലത്ത് പഠിച്ച സ്കൂളുകളിലും ട്യൂഷൻ സെന്ററിലും താനായി കാട്ടിക്കൂട്ടിയ വേലത്തരങ്ങൾ അപ്പുണ്ണി ഓർത്തുപോയി..

ക്ലാസിൽ സാറില്ലാതിരുന്ന സമയത്ത്, ട്യൂഷൻ ക്ലാസ് നടക്കുന്ന മാസ്റ്ററിലെ ബഞ്ച് ഇട്ടിരിക്കുന്ന പൂഴിമണ്ണിൽ ബഞ്ചിന്റെ കാല് പുതയും (മനഃപൂർവ്വം ആട്ടിയാട്ടി പുതച്ചു.). പിന്നെ ഇരിക്കുന്ന ബഞ്ച് പതുക്കെ പതുക്കെ അപ്പുണ്ണി ചരിക്കും. ഒടുവിൽ ബഞ്ചിലിരിക്കുന്നവൻമാരെ നോക്കി പറയും: "എടാ.. ഒന്ന് എഴുന്നേൽക്ക് ബഞ്ച് നേരെയിടാം.." എല്ലാവരും എഴുന്നേൽക്കും. ബഞ്ചു നേരെയാക്കി ചെറ്റയോടു ചേർന്ന അറ്റത്തു ഇരിക്കുന്ന അപ്പുണ്ണി ഇരിക്കുന്നനേരം ഇടഭാഗംകൊണ്ട് ഒന്നു വലത്തോട്ട് തള്ളിയിട്ട് ഇരിക്കും. വലതുവശത്ത് ഇരിക്കുന്ന

www.malankaralibrary.com

വരായിട്ടുള്ള എല്ലാവരും വലത്തോട്ടു വലത്തോട്ട് ചരിഞ്ഞ് ചരിഞ്ഞ് ഇരിക്കും അങ്ങേഅറ്റത്തു ഇരുന്നിരുന്ന ഡബ്ളോളി പ്രസാദ് (അവൻ ക്ലാസിൽ വരുമ്പോൾ വീട്ടിലുള്ള ഡബളോളിയിൽനിന്നും കൂട്ടുകാർക്കായിട്ട് അതിന്റെ പഴുത്ത കായ്കളുമായാണ് വരുന്നത്.) ബഞ്ചിലിടമില്ലാതെ ദാണ്ട് താഴെ പൂഴിമണ്ണിൽ മൂക്കുംകുത്തി ഇരിക്കുന്നു. അപ്പുറത്തെ വശത്ത് നിരന്നിരിക്കുന്ന പെൺകുട്ടികളുടെ മുന്നിൽ പ്രസാദ് നിലത്തിരിക്കുന്നു..! സാധാരണ രീതിയിൽ ഇതു സഹിച്ചു പോകാവുന്നതേയുള്ളു. എന്നാൽ മുപ്പതിലധികം പെൺകുട്ടികൾ പ്രസാദിനെ നോക്കി ചിരിച്ചാൽ അവനെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ..? അവന് കലിപ്പു കയറി.

അക്ഷേപം നേരിട്ട പ്രസാദ് നേരെ അദ്ധ്യാപകരെല്ലാവരും വിശ്രമിക്കുന്ന ഓഫീസു മുറിയിലേക്ക് ഒറ്റ ഓട്ടം. തത്തക്കയ്യനായ (ഇടംകൈ വശമുള്ള.) കേശവപിള്ള സാറിനെയും (നാടക നടൻ അക്ബർ ശങ്കരപ്പിള്ളയുടെ പ്രിയ പുത്രൻ.) കൂട്ടിക്കൊണ്ട് ദാ വരുന്നു.

“ഇവൻമാർ എല്ലാവരുംകൂടി എന്നെ തള്ളി താഴെയിട്ടു സാർ..”

ബഞ്ചിലിരിക്കുന്ന മഹാന്മാരെ എല്ലാവരെയും ചൂണ്ടി പ്രസാദിന്റെ ദീനരോദനം.

പത്താം ക്ളാസിൽ പഠിക്കുന്ന അവന്റെ സങ്കടക്കലിപ്പ് അടങ്ങിയത് അപ്പുണ്ണിക്കും ശിവപ്രസാദിനും ശിവരാജനും സന്തോഷിനും സാറിന്റെ ഈരണ്ടു തത്തക്കൈ പ്രയോഗം കിട്ടിയപ്പോഴാണ്. എന്നാലും കുറ്റം ചെയ്യാത്ത കോ ബഞ്ചേഴ്സിന്റെ മോന്തകളുടെ ഷേപ്പുകൾ കാണാൻ അവസാനമായി അപ്പുണ്ണിക്ക് കിട്ടിയതും തൂത്തുകൊണ്ട് ഇരിക്കുമ്പോൾ ഒന്നു വലം കണ്ണിട്ട് വലത്തേക്കു നോക്കി പതുക്കെ പറഞ്ഞു: “എന്നേക്കൊണ്ട് ഇത്രയൊക്കെയേ ചെയ്യാൻ കഴിയൂ.. സോദരന്മാരേ..”

എസ്.എൻ.എം. യൂ.പി.സ്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുന്നകാലം. അദ്ധ്യാപകർ ചോദ്യം ചോദിക്കുമ്പോൾ “ഞാൻ പറയാം സാർ..” എന്ന അർത്ഥത്തിൽ കൈപ്പത്തി മുന്നിലേക്ക് നീട്ടി എഴുന്നേറ്റ് ഉത്തരം പറയുന്ന ഒരു കൂട്ടുകാരനാണ് മുതുകുളം ഇളങ്ങള്ളൂരെ സുനിഷ്. എസ്. അവൻ ക്ലാസിൽ അപ്പുണ്ണിക്ക് മുന്നേ ഒരേ ബഞ്ചിലാണ് ഇരിക്കുന്നത്. അവനുമായി ചേർന്ന് അപ്പുണ്ണി കൈപ്പുസ്തകങ്ങൾ ഇടയ്ക്കിടയ്ക്ക് തയ്യാറാക്കും. അത് കൂട്ടുകാർക്ക് കൊടുത്ത് കാശാക്കും. കാശുകൊണ്ട് ഇരുവരും ഐസു വാങ്ങി കഴിക്കും (അപരന്റെ വിജ്ഞാനദാഹം മാറ്റിക്കിട്ടുന്ന കാശുകൊണ്ട് അപ്പുണ്ണിയും സുനീഷും തങ്ങളുടെ അന്തർദാഹം പരിഹരിക്കും എന്ന് സാരം.).

സുനീഷ് കൈ പൊക്കി സാറിന്റെ വായിൽനിന്നും ചോദ്യം ചോദിച്ചു വാങ്ങി ഉത്തരം പറയുമ്പോൾ അടുത്തചോദ്യം സ്വാഭാവികമായും അപ്പുണ്ണിയുടെ നേരെയാകും. വഴിയേ പോകുന്ന വയ്യാവേലിയെ വിളിച്ചുവരുത്തുന്ന ഇവനെ ഇങ്ങനെ വിട്ടാൽ പറ്റില്ല.

“ഇവനൊന്നും ഒരു പണിയുമില്ലേ..? വെറുതെ മറ്റുള്ളവരെയൊക്കെ തല്ലുകൊള്ളിക്കാൻ വേണ്ടി രാവിലെ പുസ്തകവുമെടുത്ത് ഇങ്ങു കേറി വന്നോളും..,

www.malankaralibrary.com

ഈ പഠിപ്പിസ്റ്റിന് ഒരു പണികൊടുക്കണം..?''

അപ്പുണ്ണി തലപുകഞ്ഞ് ആലോചിച്ചിരുക്കുമ്പോഴാണ് സുനീഷിന്റെ തൊട്ടപ്പുറത്തിരിക്കുന്ന മൂവേലിൽ ബിനുവും ഇവന്റെ ശല്യത്തെക്കുറിച്ച് സംസാരിക്കുന്നത്.

രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പ്പിച്ചതും പാല്.. എന്നതുപോലായി കാര്യങ്ങൾ..

''നീ.. ഇവൻ ഉത്തരം പറയാൻ എഴുന്നേൽക്കുമ്പോൾ ബഞ്ചിൽ പെൻസിൽ പിടിക്കണം.. ''**ശരശയ്യയിൽ ഭീഷ്മാചാര്യർക്ക് കിടക്കാമെങ്കിൽ പെൻസിൽ മുനയിൽ സുനീഷിന് ഇരിക്കാം**..'' പ്രോജക്ട് ശരിയായാൽ ഐസ് വാങ്ങിക്കഴിക്കാം..?''

''ശരി..'' കരാറിൽ ബിനുവും അപ്പുണ്ണിയും ഒപ്പിട്ടു.

മദ്ധ്യവയസ്കനായ കറപ്പു നിറമുള്ള ഐസുകാരൻ ദിവസവും വലിയൊരു നീല തടിപ്പെട്ടി സൈക്കിളിൽ കെട്ടിവച്ച് സ്കൂളിന്റെ വഴിവക്കിൽ വശം ചേർന്ന് അങ്ങനെ നിൽക്കും. പെട്ടിക്കകത്ത് പല നിറത്തിലുള്ള ഐസുണ്ട്, പോരാതെ സേമ്യാ ഉള്ള ഐസും. ആവശ്യക്കാർക്ക് പെട്ടിയിൽനിന്നും നിറം പറഞ്ഞ് എടുത്തു കൊടുക്കും. രണ്ടു പീരീഡിനു ശേഷമുള്ള ഇടവേളയിലും ഉച്ചയ്ക്കുള്ള ഊണു ബ്രേക്കിലും അദ്ദേഹം ചൂണ്ടയിട്ടു മീനിനെ പിടിക്കുന്ന ലാഘവത്തിൽ സൈക്കിളിന്റെ മെഷ്യൻ ദണ്ഡിന്റെ താഴെ കെട്ടിയിട്ടിരിക്കുന്ന ചെറിയ ഇരുമ്പു പാളത്തിൽ (ലോറിയുടെ പ്ലേറ്റ് ഒടിഞ്ഞത്.) മറ്റൊരു ഇരുമ്പുകഷണം (സൈക്കിളിന്റെ തേഞ്ഞ പെഡൽ ആക്സിൽ.) കൊണ്ട് താളാത്മകമായി തട്ടും. ''ടിം.. ടിം.. ടിം.. ടിം.'' മുട്ടു കേട്ട് കുട്ടികൾ ചുറ്റും കൂടും. വാങ്ങേണ്ടവൻ ഐസുകാരന്റെ കുഴലൂത്ത് കേട്ട് പൈസാ കൊടുത്ത് ഐസു വാങ്ങും. പൈസാ ഇല്ലാത്തവൻ ഐസ് വാങ്ങി ഊറുന്നവന്റെ മുഖത്തേക്കു നോക്കി വായിൽ വെള്ളവും ഊറി അങ്ങനെ.. നിൽക്കും (രണ്ടായാലും ഊറല് നടക്കും എന്നു സാരം.). പൈസായ്ക്കു പകരം പറങ്ങാണ്ടി നൽകിയും ചിലർ ഐസ് വാങ്ങി ഊറാറുണ്ട്.

ഐസുകാരൻ തന്റെ നീലപ്പെട്ടിയുടെ മുകളിലത്തെ ചെറിയ അടപ്പു തുറക്കുമ്പോൾ തന്നെ ഐസുപുക വെളിയിലേക്കു വരുന്നതും പെട്ടിയിൽ കയ്യിട്ട് ആവശ്യക്കാരുടെ താത്പര്യമനുസരിച്ച് ഇഷ്ട നിറത്തിലുള്ള ഐസുകളും സേമിയ വച്ച പാൽ ഐസുകളും വാരി എടുത്തു കൊടുക്കുന്നതും അപ്പുണ്ണി ദൂരെനിന്നു കണ്ടിട്ടുണ്ട്. പോക്കറ്റുമണി ഇല്ലാത്തതിനാൽ മറ്റുള്ളവർ ഐസ് ഊറുന്നത് കണ്ട് ആ ഊറൽ ആസ്വദിക്കുന്നവരുടെ ഗണത്തിലാണ് അപ്പുണ്ണി.

അടുത്ത കണക്കുസാറിന്റെ ക്ലാസിൽ സുനീഷ്, ചോദ്യം ചോദിച്ചുവാങ്ങി ഉത്തരം പറയാൻ വലതുകൈ നീട്ടി.. ചാടിയെണീറ്റു.,

ഉത്തരം പറഞ്ഞു.. ഇരുന്നു.

നേരെ ബിനുവിന്റെ പെൻസിൽ മുനയിലേക്ക്.

കണക്കുസാറിന്റെ കയ്യിലെ ചൂരൽപ്പഴം ബിനു വലതുകരം നീട്ടി

www.malankaralibrary.com

വാങ്ങിക്കഴിച്ചതിന് പകരമായി ബിനുവിന് ഐസ് വാങ്ങിയ അപ്പുണ്ണിക്ക് പത്തു പൈസാ ചെലവായി നിൽക്കുമ്പോൾ ദാ വരുന്നു സുനീഷ്.

കുണ്ടിക്ക് പെൻസിൽകൊണ്ടു കുത്തിയതിന്റെ (അതോ കുത്തിച്ചതോ..?) പരിഭവത്തിൽ ബിനുവിനോട് പിണങ്ങിയ സുനിഷ് "കൂടുതൽ കൂട്ട് അപ്പുണ്ണി യോടാണെടാ.." എന്നു കാണിക്കാൻ ബിനുവിന്റെ മുൻപിൽ ഐസ് കച്ചവട ക്കാരനിൽനിന്നും ഒരു ഐസ് വാങ്ങി അപ്പുണ്ണിക്ക് നൽകി.

ഇവിടെ കണക്കിന്റെ ബാലൻസ് ശരിയായി പരിശോധിച്ചാൽ കുത്തു കൊണ്ടവൻ കുത്തിയവന് ഐസ് വാങ്ങിക്കൊടുത്തപോലായി കഥ.

"സ്വന്തം പൈസയ്ക്ക് അപ്പുണ്ണി ഐസ് തിന്നു. സുനീഷ് ബിനുവിന് ഐസ് വാങ്ങിക്കൊടുത്തു അത്രതന്നെ.."

മാസ്റ്റർ ട്യൂഷൻ സെന്ററിൽ ഹിസ്റ്ററി കുറുപ്പുസാർ പുസ്തകവും ബുക്കും നോക്കാതെയാണ് പഠിപ്പിക്കുന്നതും നോട്ടു തരുന്നതും പിറ്റേന്ന് ചോദ്യം ചോദി ക്കുന്നതും. അതൊരു ഒഴുക്കാണ്. ഒന്നുകഴിഞ്ഞാൽ മറ്റൊന്ന് അങ്ങനെ സാറ് അത് തുടരുന്നു.

കഴിഞ്ഞ ദിവസം പഠിപ്പിച്ചത് പിറ്റേന്ന് സാറ് ചോദിക്കുന്നത് ഓർമ്മയിൽനി ന്നാണ് അത് ഒരു ഓർഡറിലാണ്.. ഓർഡർ കണക്കാക്കിയാണ് ചില അവൻമാർ ട്യൂഷൻ ക്ലാസ്സിൽ സീറ്റ് പിടിക്കുന്നത്. ഹൈസ്ക്കൂൾ വിടുമ്പോഴേക്കും ഇവൻമാർ ചെറിയ ചെറിയ ഉത്തരം വരത്തക്കവണ്ണം ആ നമ്പർ കണക്കാക്കി സ്ഥാനം പിടി ക്കുമെന്ന് ചുരുക്കം.

അപ്പുണ്ണി സ്ഥിരമായിട്ട് ഇരിക്കുന്ന ഇരിപ്പിടത്തിൽ അവസരം കിട്ടാതി രുന്ന ഒരു ദിനം ഇക്കാര്യം കുറുപ്പുസാറിനോട് തുറന്നു പറഞ്ഞു: "ഇവൻമാർ സാറിന്റെ ചോദ്യം കണക്കാക്കിയാണ് വന്നിരിക്കുന്നത്.. മാറ്റി ചോദിച്ചുനോക്കു സാറെ.."

കുറുപ്പുസാർ ചീട്ടു കശക്കി ഇടുന്നതുപോലെയായി അന്നത്തെ ചോദ്യപ്രയോഗം.

ആദ്യം ഇരുന്ന സന്തോഷ്കുമാറിനോട് സാറിന്റെ ചോദ്യം

"വേലുത്തമ്പിയുടെ ഭരണ പരിഷ്ക്കാരങ്ങൾ എന്തെല്ലാം..?"

"ബ.. ബ.. ബ.."

അടുത്തിരുന്ന ജയകൃഷ്ണന് കിട്ടിയത് "ഗർഭശ്രീമാന് ആ പേരു കിട്ടാ നുള്ള കാരണമെന്ത്...?"

അവനും പറഞ്ഞു: "ബ.. ബ.. ബ.."

ഇങ്ങനെയോക്കെയല്ലാ നമുക്ക് ഇവൻമാരെയൊക്കെ സഹായിക്കാൻ പറ്റൂ..

ക്ലാസ്സിൽ തന്റെ നേരെവന്ന "ഉത്തരം പറയടാ.." എന്നുള്ളതിനെ എത്ര പ്രാവശ്യം റൂട്ടുമാറ്റി വിട്ടിരിക്കുന്നു. സാറ് തന്നോട് ചോദ്യം ചോദിക്കുമെന്നു മണം അടിച്ചാൽ പിന്നെ സാറിന്റെ നേരെ നോക്കില്ല. അല്പം കുനിഞ്ഞ് ബുക്കിൽ നോക്കി അങ്ങനെ ഇരിക്കും. അടുത്തിരിക്കുന്ന വടശ്ശേരിൽ ജയപ്രകാശ് അപ്പു

www.malankaralibrary.com

ണ്ണിയോട് പതുക്കെ പറയും ''ടാ.. നിന്നോടാ സാറ് ചോദിക്കുന്നത്..''

''നീയൊന്ന് മിണ്ടാതിരിയെടാ.. എന്റെ നേരെയല്ല.. പിന്നിലുള്ളവന്റെ നേരെയാണ്..'' ഇങ്ങനെ എത്ര പ്രാവശ്യം സാറിന്റെ ചോദ്യത്തെ റീ ഡയറക്ട് ചെയ്തുവിടാൻ ശ്രമിച്ച മുഹൂർത്തങ്ങൾ.

''ഭരണകാര്യങ്ങളിൽ കുട്ടിക്കാലത്ത് അക്ബർ ചക്രവർത്തിയെ സഹായിച്ചതാര്..?'' പിന്നിലിരുന്ന അയ്യപ്പനോടാണ് കുറുപ്പുസാറിന്റെ ചോദ്യം.. അയ്യപ്പൻ പിന്നിൽനിന്നും അപ്പുണ്ണിയെ ചൊറിയുന്നുണ്ട്..

''ഉത്തരം അറിയാമെങ്കിൽ പറഞ്ഞുതാടാ..'' അറിയാവുന്ന ഉത്തരം അവനു പറഞ്ഞുകൊടുത്തു.

''വേലുത്തമ്പി ദളവ...''

അക്ബർ ചക്രവർത്തി ആരെന്നും വേലുത്തമ്പി ആരെന്നും അറിയാത്ത അയ്യപ്പൻ പറഞ്ഞുകൊടുത്തത് ഉറക്കെ വിളിച്ചുപറഞ്ഞു. കുറുപ്പുസാറിന്റെ ചോദ്യോത്തര പരിപാടി അന്നത്തേത് അവിടെ നിന്നു എന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ (ബെയ്റാം ഖാൻ എന്ന ഉത്തരം അപ്പുണ്ണിയുടെ വടക്കേപ്പുറത്തിരുന്ന ശിവപ്രസാദ് പിന്നീട് പറഞ്ഞു.). ഇവയെല്ലാം ഓർത്ത് ഒറ്റയ്ക്കിരുന്ന് അപ്പുണ്ണി പുഞ്ചിരിക്കുന്നത് ആരു കാണാൻ..?

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ ഹരി ഇന്നു ഫാമിലി പ്ലാസയിൽ ചെയ്തതിനെ ഏതുരീതിയിൽ ചോദ്യം ചെയ്യാനൊക്കും..?

''404 എപ്പോഴാണ് ചെക്കൗട്ട് ആകുന്നത്..?'' റിസപ്ഷനിലെ ലഞ്ചുവിനോട് ചോദിച്ചു.

''ചേട്ടായീ.., അവൻ നാളെ രാവിലെ മാത്രമേ പോകൂ.. അദ്ദേഹത്തിന്റെ കുടുംബം ഇന്നലെയേ തിരികെ പോയി.. അവർ പോയതിനു ശേഷമാ വെള്ളമടിയും ബഹളവും പെണ്ണുചോദ്യവും..''

''ചേട്ടായിക്ക് ഊണു കഴിക്കണ്ടേ..?, ഞാൻ സെഞ്ചുറി റെസ്റ്റോറന്റിൽനിന്നും ഊണുവരുത്തിത്തരാം. നമുക്കൊന്നിച്ച് കഴിക്കാം. ഹരിയെ പിന്നീട് പിടിക്കാം. ഞാനിപ്പോൾത്തന്നെ ഊണിന് ഓർഡർ ചെയ്യാം.''

''ശരി അങ്ങനെ ചെയ്യ്..'' ലഞ്ചുവിന് മറുപടി നൽകി അപ്പുണ്ണി തന്റെ ഓഫീസു മുറിയിലേക്കു നടന്നു.

അങ്ങനെ അന്നത്തെ ആഹാരക്കാര്യം ഒരു തീരുമാനമായി.

ഫാമിലി പ്ലാസയുടെ മുമ്പിൽ വളവുതിരിഞ്ഞ് കയറി ചെല്ലുന്നിടത്ത് രണ്ടു റസ്റ്റോറന്റുകൾ മുഖാമുഖം ഉണ്ട്. ഒന്ന് ''ഫാന്റസി റസ്റ്റോറന്റ്'' മറ്റൊന്ന് ''കൊറിയൻ റസ്റ്റോറന്റ്''. ഫാന്റസി നടത്തുന്നത് ജോസ് എന്ന മലയാളിയാണ്, അദ്ദേഹം വർഷങ്ങളായി ഈ രംഗത്താണ് പ്രവർത്തിക്കുന്നത്. ഒറ്റയ്ക്കും ഇരട്ടയ്ക്കും വന്നു താമസിക്കുന്ന അതിഥികൾക്ക് ആഹാരം വേണ്ടപ്പോൾ ഈ റസ്റ്റോറന്റുകളിലേക്ക് റിസപ്ഷനിൽനിന്നും കണക്ട് ചെയ്യും. ഓർഡറിനനുസരിച്ച് അവിടെനിന്നും

www.malankaralibrary.com

ആഹാരം അവർ മുറികളിൽ എത്തിക്കും. ഗസ്റ്റിന്റെ ആവശ്യമനുസരിച്ചാണ് സാധാരണ ഗതിയിൽ റസ്റ്റോറന്റിന്റെ നമ്പർ നൽകുന്നത്. റിസപ്ഷനിൽ രണ്ടാം ഷിഫ്റ്റ് കൈകാര്യം ചെയ്യുന്നത് പ്രായം അൻപത് കഴിഞ്ഞിട്ടുള്ള കണ്ണൂർ തലശ്ശേരി സ്വദേശിയായ ഭാസ്ക്കർ ചേട്ടനാണ്. നൈറ്റ് ഷിഫ്റ്റ് കൈകാര്യം ചെയ്യുന്ന ലഞ്ചുവെന്ന പത്തനംതിട്ട റാന്നി മുരിക്കോലിപ്പുഴ സ്വദേശിക്ക് ഇരുപത്തിയഞ്ചു വയസ്സുണ്ട്. അടുത്തയാൾ 29 വയസ്സുള്ള കാസർകോഡ് സ്വദേശി പലേരി തമ്പാനാണ്. ഇങ്ങനെയുള്ളവരും ഹൗസ് കീപ്പർ വിജയ്പാൽ സിങ്ങും (രാജസ്ഥാനി.) ഉൾപ്പെടെ എല്ലാവരും അപ്പുണ്ണിയേക്കാൾ ഫാമിലി പ്ലാസയിൽ ഒരു വർഷം സീനിയറാണ്. അപ്പുണ്ണി 1995 ഏപ്രിൽ 13ന് ഇവിടെ വന്നു കയറിയതാണ്. നേരത്തേയിരുന്ന കണക്കപ്പിള്ള കണക്കിൽ ഏതാണ്ടൊക്കെ കാണിച്ചുവച്ചിട്ട് മറ്റൊരു കമ്പനിയിലേക്ക് പോയി. ആ ഒഴിവിലാണ് അപ്പുണ്ണി ഇവിടെ എത്തിയിരിക്കുന്നത്. ആരും ആർക്കും യാതൊരു ഭാരവും പ്രയാസവും ആകാത്ത രീതിയിലാണ് ഇതിനുള്ളിലെ പ്രവർത്തനങ്ങൾ. തികച്ചും സഹകരണ മനോഭാവത്തോടെയുള്ളത്.

മുന്നിലെ റസ്റ്റോറന്റ് ഉടമ ജോസുമായി ഭാസ്ക്കറു ചേട്ടന് ഡ്യൂട്ടിക്ക് ശേഷം ചില പരിപാടികളൊക്കെയുണ്ട്. ഇരുവരും നടക്കാൻപോകും ശേഷം നന്നായി എവിടേലും പോയിരുന്നു പൂശും. **വാഴയ്ക്കു നനയ്ക്കുമ്പോൾ ചീരയും നനയുംപോലെ** ഭാസ്ക്കർ ചേട്ടനെ പൂശിക്കുന്നതിൽ ജോസിന് ഒരു കണ്ണുള്ളത് മുകളിലത്തെ മുറികളിൽനിന്നും ലഭിക്കുന്ന ഓർഡറാണ്. അതു നേരെ ഫാന്റസിയിൽ കിട്ടണം, അതാണ് ഗുട്ടൻസ്. പ്രത്യുപകാരമായി റസ്റ്റോറന്റിൽനിന്നും ഉച്ചയ്ക്ക് ഒരു പൊതി ആഹാരം ചേട്ടന് ഫ്രീയായി ഡെലിവറി ചെയ്യും. "ഗസ്റ്റിന്റെ വിശപ്പും മാറും സ്റ്റാഫിന്റെ വയറും നിറയും" കൂടാതെ ഒരു ഗുണംകൂടി ഇക്കാര്യത്തിലുള്ളത് ഫാന്റസിക്ക് പണവും കിട്ടും എന്നുള്ളതാണ്. **മ്യൂച്ചൽ അഡ്ജസ്റ്റുമെന്റ്**. അങ്ങനെ ഭാസ്ക്കർ ചേട്ടന്റെ സമയത്തു വരുന്ന എല്ലാ ഓർഡറുകളും ഫാന്റസിയിലേക്ക് വഴി വെട്ടി വിടും (നാട്ടിൽ പെയ്ത്തുവെള്ളം വീടിന്റെ പരിസരത്തു വന്നു നിറയുമ്പോൾ അപ്പുണ്ണി തൂമ്പയും മൺവെട്ടിയും ഉപയോഗിച്ച് വെള്ളം നേരെ കിഴക്കേപ്പുറത്തുകൂടി ഒഴുകുന്ന തോട്ടിലേക്ക് ചാലു വെട്ടി വിടുന്നപോലെ.).

കൊറിയൻ റസ്റ്റോറന്റ് നടത്തുന്നത് മിസ്റ്റർ **ഓ**(ഛവ) എന്ന കൊറിയ



www.malankaralibrary.com

ക്കാരനാണ്. അദ്ദേഹം കൊറിയയിൽനിന്നും ഗസ്റ്റുകളെ ബഹറിൻ കാണിക്കാനും ഓഫീസ് മീറ്റിങ്ങിൽ പങ്കെടുപ്പിക്കുന്നതിനും മറ്റുമായി എത്തിക്കും. അവരിൽ ചിലർ താമസിക്കുന്നത് ഫാമിലി പ്ലാസയിലാണ്. ഡിസ്ക്കൗണ്ട് വ്യവസ്ഥയിൽ അദ്ദേഹത്തിന് റൂം കൊടുക്കും. ബില്ല് അദ്ദേഹം അടയ്ക്കും.

"**ഫാമിലി പ്ലാസ**" എന്ന പേര് ഈ സ്ഥാപനത്തിന് ഇട്ടതിന്റെ ഉദ്ദേശം കൂടുതൽ ഫാമിലികളെ ആകർഷിക്കുക എന്നുള്ള ഉദ്ദേശത്തിലാണ്. തിരക്ക് കൂടുന്ന സന്ദർഭങ്ങളിൽ അപ്പുണ്ണി ഓഫീസിൽനിന്നും എഴുന്നേറ്റ് റിസപ്ഷനിലേക്ക് ചെല്ലും അവരെ സഹായിക്കും. കുടുംബങ്ങൾ കുവൈത്തിൽനിന്നും സൗദിയിൽനിന്നും ഒമാനിൽനിന്നും എത്തുമ്പോൾ അവരുടെ മനസ്സിനെ പൊലിപ്പിക്കുന്നതിനായി മാനേജർ ഉൾപ്പെടെ അവിടെ നിന്നു പറയും:

"ഫാമിലി പ്ലാസ നിലനിൽക്കുന്നത് ഫാമിലിക്കുവേണ്ടി മാത്രമാണ്. അവരാണ് ഈ സ്ഥാപനത്തിന്റ ലൈഫ് ബ്ലഡ്.., ഫാമിലിയായിട്ടുള്ളവർക്കുമാത്രമേ ഞങ്ങൾ മുറി കൊടുക്കുകയുള്ളൂ.."

മാനേജറുടെ തള്ള് കേട്ടുനിൽക്കുന്ന അപ്പുണ്ണി മനസ്സിൽ പറയും "ഫാമിലി അല്ലെങ്കിലും സാരമില്ല.. ഞങ്ങൾ ഫാമിലിയെ ഇവിടെ കരുതിയിട്ടുണ്ട്. ഇവിടെ വന്നതിനു ശേഷവും ഫാമിലി ആകാം.. അങ്ങനെയുള്ളവർക്കും മുറി എടുക്കാം അതാണ് ഫാമിലി പ്ലാസ.."

അന്നും പതിവുപോലെ മിസ്റ്റർ **ഓ** തന്റെ ഗസ്റ്റുകളെ മുകളിൽ കൊണ്ടുപോയി താമസിപ്പിച്ചിട്ട് തിരികെ റസ്റ്റോറന്റിലേക്ക് പോയി. മുറിയിൽനിന്നും എന്തെങ്കിലും ആഹാരത്തിന്റെ ഓർഡർ എത്തിയാൽ അത് **ഓ**യുടെ റസ്റ്റോറന്റിലേക്ക് കൊടുക്കേണ്ടത് സാമാന്യ മര്യാദ. അത് അങ്ങനെ ആയിരിക്കണമല്ലോ, താമസിക്കുന്നത് അവരുടെ ഗസ്റ്റ് അല്ലേ..?

പിറ്റേന്നു രാവിലെ പത്തുമണി. അപ്പുണ്ണിയുടെ ഓഫീസ് ഫോണിലേക്ക് ഒരു കോൾ.

"ഹലോ.., ഹലോ സാർ.."

"ഇവിടം വരെ വാ..."

മാനേജർ റോബർട്ട് സെബാസ്ററ്യൻ അദ്ദേഹത്തിന്റെ ഓഫീസിലേക്ക് വിളിക്കുന്നു. എന്തോ കാര്യമായ പ്രശ്നമുണ്ട്.

"എന്താണ് സാർ..?"

"ഈ ഭാസ്ക്കരന് എന്തിന്റെ സൂക്കേടാ..?, കിട്ടുന്നതൊന്നും പോരായോ..?"

"എന്താ.. സാർ..?, എന്തു പറ്റി..?"

"പ്രായം ചെല്ലുന്നതിനനുസരിച്ച് ബോധം പോകുമോ..? ആ **ഓ**യുടെ ഗസ്റ്റുകൾ 601ലും 602ലും താമസിക്കുന്നു. കൊറിയൻ റസ്റ്റോറന്റിന്റെ അതിഥികളെന്ന് ബോർഡിൽ പ്രത്യേകം കാണിച്ചിട്ടുമുണ്ട്.. ആ **ഓ** എന്നെ ഇപ്പോൾ വിളിച്ചതേയുള്ളൂ.. അദ്ദേഹത്തിന്റെ ഗസ്റ്റിനും റസ്റ്റോറന്റ് കണക്ട് ചെയ്തു കൊടു

www.malankaralibrary.com

ക്കുന്നത് ഫാന്റസിയിലേക്കാണ്. ചെന്ന് അങ്ങേരോട് പറ.. മര്യാദയ്ക്ക് പണി ചെയ്യാൻ...''

''മിസ്റ്റർ **ഓ** എങ്ങനെ ഇത് കണ്ടുപിടിച്ചു..?, ഓർഡർ ഫാന്റസിയിൽ പോയെന്ന്..?'' അപ്പുണ്ണിയുടെ നിഷ്കളങ്കമായ ചോദ്യം.

ഫാമിലി പ്ലാസയിൽ 601ലും 602ലും താമസിക്കുന്ന നമ്മുടെ ഗസ്റ്റിറ്റിന്റെ ഫുഡ് ഓർഡർ കാണുമെന്ന് **ഓ** അദ്ദേഹത്തിന്റെ റസ്റ്റോറന്റിൽ പറഞ്ഞിരുന്നു. എന്നാൽ രണ്ടുനേരവും ഓർഡർ കിട്ടാഞ്ഞപ്പോൾ **ഓ** മുറിയിൽ നേരിട്ടു വിളിച്ച് ചോദിച്ചു : ''ആഹാരം വേണ്ടേ..?''

''ഞങ്ങൾ ആഹാരം കഴിച്ചു..'' രണ്ടു കൊറിയൻസിനോടും മിസ്റ്റർ **ഓ** ആഹാരക്കാര്യം അന്വേഷിച്ച് ബോധ്യത്തിലെത്തി. അവർ കഴിച്ച ആഹാരം തന്റെ റസ്റ്റോറന്റിലേതല്ല.. വേറേ ഏതോ ഹോട്ടലിലേതാ.

**ഓ** നേരിട്ട് മുറിയിലേക്ക് ചെന്നു. അവിടെ അവർ കഴിച്ച സാധനങ്ങളുടെ മെനുവും അടച്ച ബില്ലിന്റെ രസീതും കിടക്കുന്നു. എല്ലാം ഫാന്റസി റസ്റ്റോറന്റ്. കൂടെ എന്തെല്ലാം പുതിയ ഐറ്റംസ് ഇന്ന് തയ്യാറാക്കുന്നുണ്ട് എന്നുള്ളതിന്റെ ഒരു നോട്ടീസും.

മി.**ഓ**യ്ക്ക് ഹാലിളകാൻ വേറെ എന്തുവേണം..? അങ്ങനാണ് മാനേജറെ വിളിച്ച് പരാതി പറഞ്ഞത്.

''തന്റെ ഗസ്റ്റിന്റെ ഓർഡർ പോലും തനിക്ക് കിട്ടിയില്ലെങ്കിൽ പിന്നെ തന്റെ ഗസ്റ്റിനെ എന്തിനാണ് ഇവിടെ താമസിപ്പിക്കുന്നത്..?''

''ന്യായമല്ലേ..?''

അപ്പുണ്ണി റസ്റ്റോറന്റു വിവരം ലഞ്ചുവിനെ അറിയിച്ചു. അടുത്ത ഷിഫ്റ്റിൽ വരുന്ന ഭാസ്ക്കരൻ ചേട്ടനെ കാര്യം പറഞ്ഞു ബോദ്ധ്യപ്പെടുത്താനും പറഞ്ഞു.

''എന്റെ ചേട്ടായി.., ഭാസ്ക്കരൻ ചേട്ടനെക്കൊണ്ട് ഞങ്ങളും തോറ്റിരിക്കുവാ. ഞങ്ങൾക്ക് തരുവാൻ എന്തെങ്കിലും.. ഗസ്റ്റുകൾ ഏൽപ്പിച്ചിട്ടുപോയാൽ അദ്ദേഹം തരില്ല. പോയവർ അടുത്ത പ്രാവശ്യം തിരികെ വരുമ്പോൾ ചോദിക്കുമ്പോഴാണ് ഞങ്ങൾ ആ വിവരം അറിയുന്നത്..''

''ഇക്കാര്യം ചേട്ടനോട് ചോദിച്ചാൽ ചേട്ടൻ ഒരു ചിരിചിരിക്കും. ആ ചിരി ദാ.. ഇങ്ങനാ.. താഴത്തെ ചിറിയുടെ മുകളിൽ മുകളിലത്തെ നിരയിലെ പല്ലുകൊണ്ട് ചേർത്തുവച്ച് ഒരു ചീറ്റൽ ചിരി. വായിലെ കാറ്റ് പല്ലിന്റിടയിലൂടെ താഴേക്ക് ഒരു ശബ്ദത്തോടെ വരും..''

''ഫ്രൂ....''

അപ്പുണ്ണിക്ക് അതൊരു പുതിയ അറിവായി, അനുഭവമായി.. അങ്ങനെയും മനുഷ്യന് ചിരിക്കാൻ പറ്റുമോ..? അതെന്തൊരു ചിരി..? എന്നാലും താൻ ഈ ''ഫ്രൂ..'' സ്വരം എവിടെയോ കേട്ടപോലെ...

പണ്ട് അപ്പുണ്ണിയുടെ യൂ.പി. സ്കൂൾ പഠനകാലത്ത് മുതുകുളം തട്ടാരുമുക്കിന് ബാലൻപിള്ള ചേട്ടന്റെ ശശികലാ ഓയിൽ മില്ലിന്റെ തെക്കുകിഴക്കേ മൂല

www.malankaralibrary.com

യ്ക്കുണ്ടായിരുന്ന ചായ്പിൽ ഓട്ടുപാത്രങ്ങളുടെയും അലൂമിനിയം പാത്രങ്ങളുടെയും കിഴുത്തകൾ അടച്ചുകൊടുക്കുന്ന ഒരു ജോർജ് അച്ചായൻ അടുത്ത ഗ്രാമമായ ഏവൂരിൽ നിന്നും ദിവസവും സൈക്കിളിൽ വന്നു പണിയെടുത്തിരുന്നു. തന്റെ ഉലയിൽ തീ കത്തിച്ച് അത് നന്നായി കത്തിപ്പിടിക്കുന്നതിന് ഒരു തുകൽ ബാഗ്പോലെയുള്ള ഉപകരണം ഉപയോഗിച്ചിരുന്നു. വായു സ്വീകരിച്ച് ആ വായു കാറ്റായി ഉലയിലേക്ക് ശക്തിയായി ഊതുക എന്നുള്ളതായിരുന്നു അതിന്റെ ധർമ്മം. ഇങ്ങനെ ആ ഉപകരണത്തിൽനിന്നും കാറ്റ് ഉലയിലേക്ക് കടത്തിവിടുമ്പോൾ ഉണ്ടാകുന്ന ശബ്ദമാണ് "ഫ്രൂ.."

രാവിലെ ഏവൂരിൽനിന്നും കടയിലേക്ക് സൈക്കിളിൽ പോരുമ്പോൾ അച്ചായൻ ഉറക്കെ വിളിക്കും: "പാത്രങ്ങൾ... പാത്രങ്ങൾ ഈയം പൂശാനുണ്ടോ..?, ചെമ്പേ.. പിത്തള.. അലൂമിനിയ പാത്രങ്ങൾ.." ജോർജച്ചായൻ ഇരുമ്പ് ദണ്ഡ് പിച്ചാത്തിയാക്കും. അലൂമിനിയം പാത്രം ഈയം പൂശി വൃത്തിയാക്കും. കിഴുത്തയുള്ള പാത്രങ്ങളുടെ അടിഭാഗം വെട്ടിയിട്ട് അടിച്ചുപരത്തി അത് സുമാറാക്കും. അച്ചായൻ കാച്ചി പഴുപ്പിച്ച ഇരുമ്പ് അടിച്ചുപരത്തി കത്തിയാക്കി മാറ്റിക്കഴിയുമ്പോൾ അതെടുത്ത് അടുത്തിരിക്കുന്ന പാത്രത്തിലെ വെള്ളത്തിലേക്ക് ഇടും ഉടനെ വലിയൊരു ശബ്ദവും പുകയും അതിൽനിന്നും ഉയരും.. അതിന്റെ സ്വരം മറ്റൊന്നാണ് "ശ്രൂ..."

വൈകുന്നേരം അഞ്ചുമണിക്ക് അപ്പുണ്ണി ഓഫീസിൽനിന്നും ഇറങ്ങും. നേരെ ഗുദേബിയയിലെ പോലീസ് സ്റ്റേഷന്റെ മുന്നിലെ ബസ് സ്റ്റോപ്പിലേക്ക് നടക്കും. 15 മിനിട്ട് നടത്ത ദൂരം. അവിടെനിന്നും സൽമാനിയയിലേക്ക് 5-ാം നമ്പർ സർക്കാർ ബസ് കിട്ടും. 50 ഫിൽസ് (അഞ്ചു രൂപ.) മുടക്കിയാൽ യാത്ര സൗകര്യം.

നാട്ടിൽ പോയിന്റ് അനുസരിച്ചുള്ള യാത്രാക്കൂലി അല്ലേ..? കായംകുളത്തുനിന്നും ആലപ്പുഴയ്ക്കു ടിക്കറ്റെടുത്ത് സീറ്റുകിട്ടി സ്വസ്ഥതയോടെ ഇരുന്നാലും കണ്ടക്ടർ, നമ്മൾ ടിക്കറ്റിനായി കൊടുത്ത നൂറു രൂപയുടെ ബാക്കി തരാതെ താറാവ് ബാക്ക്.. ബാക്ക്.. എന്ന് നിലവിളിച്ചുകൊണ്ട് നടക്കുംപോലെ "ടിക്കറ്റ്.. ടിക്കറ്റ്.." എന്ന് വിളിച്ചുകൊണ്ട് നടക്കുമ്പോഴും തരാനുള്ള പൈസ ഇപ്പോൾ കിട്ടും.. ഇപ്പോൾ തരും.. എന്ന ചിന്തയാൽ ബാക്കി കിട്ടാനുള്ള ആ ബസിലെ യാത്രക്കാർ ഒന്നടങ്കം കണ്ണുകൊണ്ടും മനസ്സുകൊണ്ടും ആണാടിന്റെ പുറകെ കുറുക്കൻ എന്നപോലെ അദ്ദേഹത്തെ പിൻതുടരും. ആ യാത്ര തീരും വരെയും കണ്ടക്ടറദ്ദേഹം തെക്കുവടക്കും നടക്കുമെന്നല്ലാതെ തിരികെത്തരാനുള്ള ബാക്കി തരില്ല. അങ്ങനെ ആ സുന്ദര യാത്ര ഒരു നരകയാത്രയായി മാറും. ഇറങ്ങുമ്പോൾ കിട്ടാനുള്ളത് നമ്മൾ മറന്നുപോകാതെ ചോദിച്ചാൽ നാലഞ്ചുപേരേക്കൂടി ചേർത്ത് മറ്റൊരു നൂറുരൂപ ഒരാളെ



www.malankaralibrary.com

പറഞ്ഞേൽപ്പിക്കും. സ്വാതന്ത്ര്യ സമര അനുസ്മരണ യാത്രയിൽ നേതാവിന്റെ പിന്നാലെ അണികൾ നടക്കുന്നവണ്ണം ബാക്കി കിട്ടാനുള്ളവർ ഒന്നിച്ച് അടുത്തു കാണുന്ന കടത്തിണ്ണകളോരോന്നും കയറിയിറങ്ങും. കടയിലേക്ക് രാവിലെ നാല ഞ്ചുപേർ ഒന്നിച്ചു വരുന്നതു കാണുമ്പോൾ കട നടത്തിപ്പുകാരന് "നല്ല കോള്" ഒത്തുവരുന്നതിലുള്ള സന്തോഷം. പക്ഷേ കയറി വന്നവർ ചില്ലറയ്ക്കാണെ ത്തിയതെന്നറിയുമ്പോൾ "രാവിലെ മെനക്കെടുത്താൻ ഓരോന്നു വന്നുകേറും.." എന്ന ധ്വനിയിൽ അദ്ദേഹം മുറുമുറുക്കും. ചിലർ "നാശം രാവിലെ പിരിവുകാർ വരുന്നു.." എന്നു ഉള്ളാലെ പറഞ്ഞ് ധൃതിയിൽ നിരക്കമ്പിയെടുത്തു കട പൂട്ടു ന്നതായി ഭാവിക്കും.. എന്തെല്ലാം വൈചിത്ര്യങ്ങൾ.

ഫാമിലി പ്ലാസയിൽ ജോലികിട്ടിയ നാൾ മുതൽ ഇന്നോളം അപ്പുണ്ണി യുടെ യാത്ര സർക്കാർ പബ്ലിക്ക് ട്രാൻസ്പോർട്ട് ബസിലാണ്. സ്വകാര്യ പിക്കപ് വാഹനം വന്നാലും മുന്നിൽ വന്നു നിന്നാലും അതിൽ കയറില്ല അതിന് 50 ഫിൽസ് കൂടുതലാണ്. കൂടുതൽ ആൾക്കാർ എത്ര ഉണ്ടെങ്കിലും നിർത്തിക്കൊണ്ട് പോകുന്നവരുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. അതിൽ കൂടുതൽ കയറ്റില്ല. ഡ്രൈവർ ഇടനെ വാതിലടയ്ക്കും.

ഒരു ദിനം അതും സംഭവിച്ചു. കണ്ടക്ടർ ഇല്ലാത്ത ബസിൽ ഡ്രൈവ റുടെ പണിയും കണ്ടക്ടറുടെ പണിയും ഡ്രൈവറാണ് ചെയ്യുന്നത്. ബസ് വന്നു നിന്നാൽ നിരനിരയായി വേണം കയറാൻ. ഡ്രൈവർ ഓരോരുത്തർക്കും ടിക്കറ്റ് മുറിച്ച് നൽകും. തുടക്കം മുതൽ ഒടുക്കംവരെ കയറുന്ന എല്ലാവർക്കും ഒറ്റ ടിക്കറ്റ് ഒറ്റ ചാർജ്. 50 ഫിൽസ് (ഇതാണ് ഗൾഫിലെ സോഷ്യലിസം.. എത്ര സുന്ദരം!).

ഒരു ദിവസം ഗുദേബിയ സ്റ്റോപ്പൽ ആദ്യംവന്നത് അപ്പുണ്ണി. പത്തുമിനി ട്ടിന് ശേഷം മൂന്നുപേരുംകൂടി എത്തി. ബസ് വന്നു. അവർ ഓരോരുത്തരായി കേറി. അവസാനം അപ്പുണ്ണിയും കേറി എന്നാൽ ഡ്രൈവർ കൈകൊണ്ട് തടഞ്ഞു പറഞ്ഞു:

"ഹലാസ്.." (തീർന്നു..!)

മുമ്പോട്ടു വച്ചകാൽ പിന്നോട്ടാക്കി അപ്പുണ്ണി ബസിൽനിന്നും ഇറങ്ങി. ഡ്രൈവറദ്ദേഹം അടുത്തുള്ള സ്വിച്ചിൽ വിരലമർത്തി. വാതിലടഞ്ഞു, വണ്ടിവി ട്ടു.

ഹൊ എന്തൊരു പെർഫെക്ഷൻ..? ഒരാളും കൂടിയേ നിൽപ്പുള്ളു. ആ ആൾകൂടി ആ വലിയ ബസിൽ കയറിയാൽ എന്തോ കുഴപ്പം സംഭവിക്കാം..!

നാട്ടിൽ 50 പേർക്കുള്ള ബസിൽ 200 പേരെ കയറ്റി. പിന്നെയും പറയും മുന്നിൽ പന്തുകളിക്കാൻ സ്ഥലമുണ്ട് അങ്ങോട്ട് കേറിനിൽക്കാൻ (ഇതു കേൾക്കുന്ന രസികൻ പറയും അവിടെ കളി നടന്നോണ്ടിരിക്കുവാ.., നീങ്ങാൻ പറ്റില്ല..!). ബസിന്റെ ബാറ്ററി പൊതിഞ്ഞിരിക്കുന്ന മുന്നിലെ ഇരുമ്പ് ചട്ടക്കൂടിന്റെ മണ്ടയ്ക്കും വേലികെട്ടിയതിന്റെ മുകളിലും ഡ്രൈവർ സാറിന്റെ സീറ്റിന്റെ പിൻപിലും എന്നുവേണ്ട ഗിയർ ലിവറിന്റെ മുന്നിവെ റേഡിയേറ്ററിന്റെ അടപ്പിന്റെ മണ്ടയ്ക്കുവരെ ഇരുത്തി ആൾക്കാരെ യാത്രചെയ്യിക്കുന്ന നാട്ടിൽനിന്നും എത്തിയ അപ്പുണ്ണിക്ക് ഇതൊരു അത്ഭുതമാകാതിരിക്കുമോ..! തലയിണക്കവറിൽ പഞ്ഞി

www.malankaralibrary.com

കുത്തി നിറച്ചിരിക്കുന്നപോലെ ബസ്ത്തൊഴിലാളികൾ അവരെ ഏൽപ്പിച്ചിരിക്കുന്ന ജോലി ഭംഗിയായി നാട്ടിൽ ചെയ്യുന്നു. കായംകുളം-മുതുകുളം-ഹരിപ്പാട് വഴി പോകുന്ന കെ.സി.ടി. ബസ്സുകളിൽ പ്രത്യേകിച്ചും. ബസിന്റെ ചവിട്ടു പടിയിൽനിന്നും യാത്രക്കാർക്ക് അകത്തേയ്ക്കു കയറാനാകാതെ ആ ഭാഗം റോഡിൽ ഉരഞ്ഞു യാത്ര ചെയ്ത സംഭവങ്ങൾ എത്രയെത്ര.

"എടാ കുന്തമേ., ഞാനും കൂടിയല്ലാ ഉള്ളൂ ഇനി കയറാൻ..?, നിന്റെ വണ്ടി അപ്പോഴേക്കും ഭാരംകൊണ്ട് ഓടാതാവുമോ..?, എന്നേക്കൂടി ഒന്നു കയറ്റി പൊയ്ക്കൂടെ.." അപ്പുണ്ണിയുടെ ആത്മരോഷം..!

മനസ്സിൽ തിങ്ങി നിറഞ്ഞ ചോദ്യം ആരോടു ചോദിക്കാൻ..? ബസ് അതിന്റെ വഴിയേ പോയ്ക്കഴിഞ്ഞു. "ങാ.. ഹാ.. അത്രയ്ക്കായോ..,അപ്പുണ്ണിയെ തോൽപ്പിക്കാൻ ആകില്ല ഡ്രൈവറേ.." ഗാന്ധിജി അപ്പൂപ്പൻ ഉപ്പുണ്ടാക്കാൻ എത്ര കിലോമീറ്ററാ നടന്നത്..? (1930ൽ ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിലെ ജനങ്ങൾ സ്വന്തമായി ഉപ്പുണ്ടാക്കുന്നത് നിയമ വിരുദ്ധമായി പ്രഖ്യാപിച്ചു. ഉപ്പിന് നികുതി ഏർപ്പെടുത്തുകയും ചെയ്തപ്പോൾ മാർച്ച് 12ന് ഗാന്ധിജി (61-ാം വയസ്സിൽ) അനുയായികൾക്കൊപ്പം സബർമതിയിൽനിന്നും ദണ്ഡി കടപ്പുറത്തേക്കു പദയാത്ര നടത്തി 384 കി.മി. 24 ദിവസംകൊണ്ട് പിന്നിട്ടു.), പിന്നാണോ ഈ രണ്ടു കിലോമീറ്റർ..? നടന്നിട്ടുതന്നെ ബാക്കി കാര്യം. നേരെ സൽമാനിയായിലേക്ക് അപ്പുണ്ണി നടന്നു (ഇതിൽ നേരെ എന്നുള്ളത് അല്പം വളവും റൗണ്ട് എബൗട്ടുകളും സിഗ്നലുകളും ചേർത്ത് മാന്യ വായനക്കാർ വായിക്കുമല്ലോ..). 25 മിനിട്ട് നടത്തം. സൽമാനിയയിൽ ചെല്ലുമ്പോൾ അവിടെ ആളു തികഞ്ഞു എന്നും പറഞ്ഞ് തന്നെ ഇറക്കിവിട്ട ബസ് അവിടെ അടുത്ത ട്രിപ്പിനുള്ള സമയവും കാത്ത് കിടപ്പുണ്ട്.

സൽമാനിയ സ്റ്റോപ്പിൽ ഒരു പീടിക കോഴിക്കോട്ടുകാരൻ ചേട്ടൻ നടത്തുന്നുണ്ട്. അവിടേയ്ക്ക് അപ്പുണ്ണി കയറി ഒരു തണുക്കാത്ത മിരൻഡ (തൊണ്ട പ്രശ്നം കാരണം തണുത്തത് വാങ്ങില്ല, കുടിക്കില്ല.) ചോദിച്ചു വാങ്ങി. അതു പൊട്ടിച്ചു കുടിച്ച് ലോക്കിന്റെ പിന്നാമ്പുറം നോക്കി ("വീണ്ടും ശ്രമിക്കൂ..", സമ്മാനം ഒന്നും ഇല്ല.) വീട്ടിലേക്ക് നടന്നു.

ട്രിങ്ക്സിന്റെ ക്യാനിന്റെ ലോക്കു പൊട്ടിക്കുമ്പോൾ ചിലപ്പോൾ കീച്ചെയിൻ, ടീ ഷർട്ട്, ബിയർ ഓപ്പണർ, വീണ്ടും ശ്രമിക്കൂ.. എന്നിവ ആ ലോക്കിന്റെ മറുഭാഗത്ത് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതുപോലെ ഫ്രീ ആയി പലപ്പോഴും അപ്പുണ്ണിക്ക് കിട്ടിയിട്ടുണ്ട് (സാധനം വാങ്ങിയ കടയിൽനിന്നും ക്യാൻലോക്ക് കൊടുത്താൽമതി സമ്മാനം റഡി മണിയായി ലഭിക്കും.).

പുത്തൻ വീട്ടിലെ താമസം തുടങ്ങിയെങ്കിലും വിവാഹത്തിനു മുമ്പേ ഡ്രൈവിങ്ങ് ലൈസൻസ് മാനേജർ സാറിന്റെ സഹായത്തോടെ തരപ്പെടുത്തിയെങ്കിലും ഒരു കാറു വാങ്ങാൻ ഇതുവരെ സാധിച്ചില്ല. അതൊരു കുറവു തന്നെയാണ്. എത്രനാൾ മറ്റൊരാളെ ആശ്രയിക്കും..? ഉടനെ അത് ശരിയാക്കണം. ഉടനെ.. എത്രയും പെട്ടെന്ന്.

പിറ്റേന്നു രാവിലെ ഓഫീസിലേക്കു പതിവുപോലെ വാതിൽതുറന്ന് കയ

www.malankaralibrary.com

റിയ അപ്പുണ്ണിയുടെ മുമ്പിൽ റിസപ്ഷൻ സ്റ്റാഫ് ലെഞ്ചുവും ഹൗസ് കീപ്പർ വിജയ്പാൽ സിങ്ങും റും സർവീസ് സ്റ്റാഫ് കോഴിക്കോട്ടുകാരൻ ബിജോയ് ജോസഫും ചെങ്ങന്നൂർ ഹരിയും അമക്കിപ്പിടിച്ച ചിരിയുമായി നിൽക്കുന്നു.

''എന്താടാ.. എല്ലാം കൂടി..?, ക്യാഹെ വിജയ്, ക്യാ ഹുവാ..?''

''ചേട്ടായി അല്പം താമസിച്ചുപോയി അല്ലായിരുന്നേൽ ഒരു കാഴ്ച കാണാമായിരുന്നു..'' ലെഞ്ചുവിന്റെ അവതരണം.

കാര്യം അവതരിപ്പിക്കാൻ അവൻ മിടുക്കനാ.. നന്നായി വിവരിക്കും. സംഭവം കണ്ടതിനു തുല്യമാക്കി വിശദവിവരണം.. കൂടെ അല്പം മസാലയും ചേർക്കും.

''404ലെ ഗസ്റ്റ് അറബി ഇപ്പോൾ പോയതേ ഉള്ളൂ.. അഡ്വാൻസ് നേരത്തേ വാങ്ങിവച്ചിരുന്നതിനാൽ വാടക പേയ്മെന്റിന് കുഴപ്പമുണ്ടായില്ല. എന്നാൽ മുറിയിൽ നമ്മൾ വച്ചിരിക്കുന്ന ഫ്രിഡ്ജിലെ വെള്ളവും പെപ്സിയും മിരൻഡയും അവൻ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ തുക മൂന്നു ദിനാർ അടയ്ക്കാനുണ്ട്. അത് പാസ്പോർട്ടു തിരികെ കൊടുക്കുന്നതിനു മുമ്പായി ഞാൻ ചോദിച്ചു:

''വേൻ ഹാദി തലാത്ത ദിനാർ (മൂന്നു ദിനാർ എവിടെ.)..?''

''ലെക്കില്ലാതെ നിൽക്കുന്നവന്റെ ചുറ്റിനും ഇവരെല്ലാം നിൽപ്പുണ്ട്. ഞാൻ പൈസാ ചോദിച്ചതിനു പിന്നാലെ അവന്റെ മട്ടുമാറി. കുറെ ഈശാപോശാ പറഞ്ഞു, അവസാനം ഇനി എന്റെ കയ്യിൽ ഇതുംകൂടിയേ ബാക്കിയുള്ളൂ എന്നും പറഞ്ഞ് അവൻ അവന്റെ  അറബിയുടപ്പ് തെറുത്തു പോക്കിയിട്ട് അവന്റെ ലൈംഗിക അവയവം എടുത്ത് ലോബിയിലെ ടേബിളിൽ വച്ചു. ഇതെടുത്തോ.. ഇനി ഇതാ ബാക്കിയുള്ളത്.. എന്തു ചെയ്യാനാ.. ചേട്ടായി.. അവനെ സെക്യൂരിറ്റി, കാർ പാർക്കിലോട്ട് കൊണ്ടുപോയിട്ടുണ്ട്.. കേറ്റിവിടാൻ.. അങ്ങ് ചെല്ലുമോ എന്തോ..?''

അറബിച്ചേട്ടന്റെ ലൈംഗിക അവയവം രാവിലെ ഫ്രീ ആയി കണ്ടതിന്റെ സന്തോഷമാണോ.. അതോ സങ്കടമണോ.. ഇവൻമാരുടെ മോന്തയിൽ വിരിഞ്ഞത്..? അപ്പുണ്ണി ചിരിക്കുന്നതിന്റിടയ്ക്കു ചിന്തിച്ചു. ശേഷം പറഞ്ഞു: ''മൂന്നു ദിനാർ ഡിസ്ക്കൗണ്ട് എഴുതി കണക്ക് തീർക്ക്. അല്ലെങ്കിൽ ബിൽ എഴുതണ്ടാ.. പോകട്ട്.''

മൂന്നു ദിനാറിനായി നടന്ന സംഭവത്തിന്റെ അലയൊലികൾ ഇനി മൂന്നു ദിവസമായാലും തീരില്ല.. എന്തായാലും പുതിയ പുതിയ അതിഥികൾ വരുന്നതുകൊണ്ട് വ്യത്യസ്തങ്ങളായ ഇത്തരം സംഭവങ്ങൾ ഇതിനുള്ളിൽ നടക്കും.

''ഹരിയെ ഇങ്ങോട്ട് വിട്.. ഇന്നലത്തെ കാര്യം എന്തായി..?''

അല്പനേരത്തിനു ശേഷം അപ്പുണ്ണിയുടെ ഓഫീസിലേക്ക് പമ്മിപ്പമ്മി ഹരിയെത്തി. ''എന്തായിരുന്നെടാ.. ഹരി ഇന്നലെ..? എല്ലാം എന്തായി..?''

''ക്ഷമിക്കണം സാർ അങ്ങനാകുമെന്ന് കരുതിയില്ല.. ഇനി ആവർത്തിക്കത്തില്ല. ഇന്ന് ആഹാരം വച്ചുതരാം. അരിയും മറ്റും ഞാൻ വാങ്ങിയിട്ടുണ്ട്.

www.malankaralibrary.com

ഉച്ചയ്ക്ക് ആഹാരം തയ്യാറാക്കാം..''

''ശരി..ശരി.. ഇനി ഇതുപോലാകരുത്.. പോയ്ക്കോളു.. ഒരു ചായ ഇട്ടോണ്ടു വാ..''

അല്പ സമയത്തിനുള്ളിൽത്തന്നെ ജപ്പാൻ നിർമ്മിത കെറ്റിലിൽ അറേബ്യൻ രാജ്യത്തെ വെള്ളമൊഴിച്ചു തിളപ്പിച്ച് ചൈനീസ് ചായക്കപ്പിൽ ന്യൂസിലൻഡിലെ നിഡോ പാൽപ്പൊടിയിട്ട് ഇന്ത്യൻ തെയിലയും പാകിസ്ഥാൻ പഞ്ചസാരയും തരംപോലെ ചേർത്ത് ഒരു ചൈനീസ് സോസറിൽ ബഹറിൻ ടിഷ്യൂ പേപ്പർ വച്ച് ചൂടുചായ ഹരി അപ്പുണ്ണിക്കായി കൊണ്ടുവന്നു. ഹരിയുടെ ചായ ചുണ്ടോടടുപ്പിച്ചപ്പോൾ രാവിലെ ഇവിടെ നടന്നപോലെയുള്ള സംഭവങ്ങൾ നാട്ടിലെ ഗ്രാമഭംഗിയിൽ ഇടയ്ക്കിടെ അരങ്ങേറുന്നത് അപ്പുണ്ണിയുടെ മനസ്സിലേക്ക് കടന്നുവന്നു.

അയൽ ഭവനങ്ങൾ തമ്മിൽ ധനയിടപാട് നടത്തിക്കഴിയുമ്പോൾ അത് തിരിച്ചുകൊടുക്കാനുള്ള ദിനം വരും എന്നാൽ തിരികെ കൊടുക്കാനുള്ള മനോഭാവമോ, സാമ്പത്തിക ഉയർച്ചയോ വാങ്ങിയ ആൾക്ക് അപ്പോഴും ഉണ്ടാകണമെന്നില്ല ആ സമയത്തും അയലത്തെ കോഴി മറ്റവന്റെ നടുധാന്യങ്ങൾ ചികഞ്ഞ് പുറത്തിടുമ്പോഴും വർഷത്തിൽ ഒരിക്കൽ നടക്കുന്ന അതിർത്തി വേലി ശരിയാക്കി കെട്ടുമ്പോഴും അയലത്തുകാർ തമ്മിൽ ഗ്രാമപ്രദേശത്ത് തെറിവിളിയും അതിന്റെ മേമ്പൊടിയായി ആക്ഷനും നടക്കാറുണ്ട്, നടത്താറുണ്ട്. അരമനയ്ക്കുള്ളിലെ രഹസ്യ സ്വഭാവത്തിലുള്ള പ്രവൃത്തികൾ ആ സമയത്ത് പരസ്പര ചെളിവാരിയെറിയൽ പദ്ധതിപ്രകാരം അറിയാത്തവർക്ക് അറിയുവാനും അവസരം ലഭിക്കുന്നു. കനാലുകൾ നാട്ടിൽ തേരാപ്പാര വന്നതോടുകൂടി പല അതിർത്തികളും കനാലിന്റെ ഭാഗമായി തീർന്നിട്ടുണ്ടാകും എന്നാലും പരിസരവാസികളായ കോഴികൾക്ക് ഇതൊരു തടസ്സമാകുന്നില്ല. അവ രണ്ടു കാലുകൊണ്ടും ട്രാക്ടറുകൾ പോലെ മാന്തൽ തുടരും. അയലത്തുകാരൻ അവന്റെ വസ്തുവിൽ പൊന്നുപോലെ നട്ട പച്ചക്കറികളെയും നടുധാന്യങ്ങളെയും മാന്തി മറിക്കും. അയലത്തുകാരുടെ ദേഷ്യം മുറുമുറുപ്പിലേക്കും തുടർന്ന് തെറിവിളിയിലേക്കും മാറാൻ ഏതാനും നിമിഷങ്ങൾ മാത്രം മതി. ഉരുളയ്ക്കുപ്പേരി എന്നപോലെ, ചെണ്ടയ്ക്ക് മദ്ദളം പോലെ, ചുണ്ടക്കായ്ക്ക് വഴുതന കണക്കെ കൊടുക്കൽ വാങ്ങൽ അയലത്തുകാർ അരച്ചുകൂട്ടുന്നു. ജനശ്രദ്ധ ആകർഷിക്കാൻ കനാലിന്റെ മുകളിലേക്ക് ഒരു കൂട്ടർ കയറുന്നു. സംവിധായകൻ ആക്ഷൻ പറയുമ്പോൾ അഭിനയിക്കും പോലെ ഉടുത്തിരിക്കുന്ന കൈലി പ്രതിപക്ഷ, ഭരണപക്ഷ ബഹുമാനമെന്യേ ഉയരുന്നു.. താഴുന്നു.. വീണ്ടും ഉയരുന്നു.. കൂടാതെ കഥകളിക്ക് ചേങ്ങില പോലെ ഇവിടിരിക്കുന്നെടി... ദാണ്ട്.. ആവിടിരിക്കുന്നെടി.. എന്നിങ്ങനെയുള്ള തനിമയാർന്ന പരമ്പരാഗത നാടൻ ശീലുകൾ ഉയർന്നു തുടങ്ങുകയായി. പ്രദർശനം പുരോഗമിക്കുന്നു. അയൽക്കാരുടെ പക്ഷംചേരൽ സാമ്പത്തിക ഉന്നതി അനുസരിച്ചായതിനാൽ ന്യായാന്ന്യായങ്ങൾ ഇവിടെ ബാധകമല്ല. അറബിച്ചേട്ടന്റെ ജൗളിപൊക്കൽ ഭാഷാഭേദമെന്യേ ഒരു ആഗോള പ്രശ്നമാണെന്നകാര്യം അപ്പുണ്ണിക്ക് അന്ന് ബോദ്ധ്യമായി.

www.malankaralibrary.com

സമയം കിട്ടുമ്പോഴൊക്കെ അപ്പുണ്ണിയും അപ്പാർട്ട്മെന്റ് മാനേജരും സ്വകാര്യ സംഭാഷണങ്ങളിൽ ഏർപ്പെടാറുണ്ട്. വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും ബഹറിനിലെ അസോസിയേഷനുകളിൽ (ഇന്ത്യൻ ക്ലബ്, കേരള സമാജം, പയനിയേഴ്സ് അസോസിയേഷൻ..) നടക്കുന്ന മത്സരങ്ങളും ജയവും പരാജയവും എല്ലാം സംഭാഷണ വിഷയങ്ങളാണ്.

"ഒരു കാറെടുത്താൽ നന്നായിരുന്നേനെ.. ഇവിടെ വരാനും പോകാനും പിന്നെ കുടുംബവുമായി അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ യാത്ര ചെയ്യാനുള്ള സൗകര്യവുമായേനെ.." അന്നും പതിവുപോലെയുള്ള സംസാരത്തിനിടയ്ക്കാണ് അപ്പുണ്ണി മാനേജർ സാറിനോട് തന്റെ ആവശ്യം പറയാതെ പറഞ്ഞത്.

"നല്ല പഴയ വണ്ടി വല്ലതും കിട്ടുമോ എന്ന് നോക്ക്.. മാസ ശമ്പളത്തിൽനിന്നും കുറേച്ചെ തിരിച്ചടച്ചാൽ മതി. കാറിന്റെ വില ഇവിടെനിന്നും തൽക്കാലത്തേക്ക് എടുക്ക്.."

"ശരി സാർ.. നന്ദി."

പത്രത്തിൽ വരുന്ന പഴയ കാറുകളുടെ പരസ്യം നോക്കി നോക്കി ഒരാഴ്ചക്കാലം കൂടി കഴിഞ്ഞു. പലരോടും കാറിന്റെ കാര്യം പറയുകയും ചെയ്തു.

"ഹലോ.., എടാ.. അപ്പുണ്ണി.., ഇവിടെ ബാബൽ ബഹറിനിൽ ഒരു നിസ്സാൻ വണ്ടി വിൽക്കാൻ നോട്ടീസ് ഒട്ടിച്ച് ഇട്ടിട്ടുണ്ട്. വന്നു നോക്ക്. ഞാനും വരാം.."

ഫോൺ വന്നത് കുണ്ടറയിലെ സൈമൺ സഹോദരന്റേതാണ്. ചേട്ടായി മനാമയിലെ ഡൽമൺ ഹോട്ടലിലെ ഒരു സെക്ഷന്റെ മാനേജരാണ്. പത്തു പന്ത്രണ്ടു വർഷങ്ങളായി അദ്ദേഹം അവിടെ ജോലി ചെയ്യുന്നു. ബഹറിനിൽ പഴയ കാറ് വിൽക്കാൻ തീരുമാനിച്ചാൽ ഒന്നുകിൽ ഉടമ പത്രത്തിൽ പരസ്യം കൊടുക്കും അല്ലെങ്കിൽ എല്ലാവരും കാണത്തക്കവണ്ണം മൊബൈൽ നമ്പറെഴുതി കാറിന്റെ മുന്നിലും പിന്നിലും ഒട്ടിച്ചശേഷം ആവശ്യക്കാരുടെ ശ്രദ്ധ ആകർഷിക്കത്തക്കവണ്ണം വാഹനം എവിടെയെങ്കിലും പാർക്കു ചെയ്യും.

"പോയൊന്നു നോക്കാം..." അപ്പുണ്ണി മാനേജർ സാറിനോട് അനുമതി വാങ്ങി. ബഹറിൻ ഫയർ ഫോഴ്സ് സർവീസിൽ ജോലി ചെയ്യുന്ന സണ്ണി അച്ചായനെ (ഓതറ) വിളിച്ച് കൂടെ കൂട്ടി. അപ്പുണ്ണിയും അച്ചായനും നേരെ മനാമയിലെ "ബാബ് അൽ ബഹറിൻ" എന്ന സ്ഥലത്തേക്ക്.



"ബഹറിന്റെ വാതിൽ" എന്നാണ് "ബാബ് അൽ ബഹറിൻ" എന്നതിന്റെ അർത്ഥം. "ഗേറ്റ് വേ ഓഫ് ഇന്ത്യ" (ബോംബെയിലെ പ്രശസ്തമായ സ്ഥലം.) എന്നൊക്കെ പറയും പോലെ. ഒരു ചെറിയ പട്ടണവാതിൽ. ബഹറിന്റെ ടൂറിസം

www.malankaralibrary.com

ഓഫീസും മറ്റും ഈ കോട്ടവാതിലിന് ഉള്ളിലാണ്.

അപ്പുണ്ണിയും സണ്ണി അച്ചായനും അവിടെ ചെന്നപ്പോഴേക്കും സൈമൺ ചേട്ടനും അവിടെ എത്തിയിരുന്നു. വണ്ടി ഓടിച്ചുനോക്കി.. ഇഷ്ടപ്പെട്ടു. ബി.ഡി (ബഹറിൻ ഡിനാർ)1700/- (നിസ്സാൻ അൾട്ടിമാ 4.2, സിൽവർ നിറം). തിരികെ ഓഫീസിലേക്ക്.

"വണ്ടി കണ്ടു സാർ.. 1700 ബി.ഡി. തുക. രൊക്കം കൊടുത്താൽ വണ്ടി എടുക്കാമായിരുന്നു.."

"ശരി.. വൗച്ചർ എഴുതി തുക എടുത്തോ.. കുറേച്ചെ ശമ്പളത്തിൽനിന്നും തിരിച്ചടയ്ക്കണം."

"ശരി സാർ.. താങ്ക്യൂ.." വൗച്ചർ അപ്പോൾതന്നെ എഴുതി. ഒപ്പു വാങ്ങി.

ബഹറിൻ ദിനാർ 1700/- എടുത്ത് ഇരുവരും തിരിച്ച് വണ്ടി കണ്ട സ്ഥലത്തേക്കു പോയി. ഉടമസ്ഥാവകാശം മാറ്റുന്ന കടലാസിൽ അറബിയെക്കൊണ്ട് ഒപ്പിടീച്ചു. തിരികെവന്ന് സൽമാനെക്കൊണ്ട് (ഓഫീസിലെ സർക്കാർ സംബന്ധമായ ജോലികൾ ചെയ്യുന്ന ബഹറിനി സ്റ്റാഫ്.) കാറിന്റെ ഉടമസ്ഥാവകാശം മാറ്റാൻ വേണ്ട ജോലികളെല്ലാം പൂർത്തിയാക്കിച്ചു. അങ്ങനെ അപ്പുണ്ണി ബഹറിനിൽ കാറിന്റെ ഉടമസ്ഥനായി. സ്വന്തമായി വണ്ടി വാങ്ങി ഓടിക്കുക. അത് കാറുതന്നെ ആയതിൽ ബഹു ജോർ. ടൂ വീലർ വാങ്ങുംമുമ്പേ ജപ്പാൻ നിർമ്മിത ഫോർ വീലർ വാങ്ങി.

പാള വണ്ടിയിൽനിന്നും വെള്ളയ്ക്കായിൽ കോലു കുത്തി പായിച്ച വണ്ടിയിലേക്കും വള്ളി പൊട്ടിയ ചെരുപ്പ് വട്ടത്തിൽ വെട്ടിയുണ്ടാക്കിയ ഉരുട്ടുവണ്ടിയിൽനിന്നും വെടിതീർന്ന് കമ്പി തെളിഞ്ഞ ടയർ കമ്പുകൊണ്ട് അടിച്ചുപായിച്ച് ഒപ്പം ഓടിയ വണ്ടിയിലേക്കും അവിടെനിന്നും സൈക്കിളിൽ മുക്കാലിയും കൊല്ലിയും ലോഡു സൈക്കിളും കടന്ന് കൊച്ചുപെങ്ങളുടെ ഭർത്താവ് കൊണ്ടുവച്ച ബജാജ് ചേതക്കിൽ പറന്നും (റാണാ പ്രതാപ് രാജാവിന്റെ കുതിരയുടെ പേരാണ് ചേതക്ക്.) ഇപ്പോൾ ഇതാ നാലു വീലിൽ ഓടുന്ന കാറിന്റെ ഉടമയായി.

ചെങ്ങന്നൂരിൽ നിന്നും മുതുകുളത്തു വരാൻ സഹായിച്ച ചേതക്ക് സ്കൂട്ടർ കൊണ്ടുവച്ചിട്ട് കുഞ്ഞളിയൻ (പെങ്ങളുടെ ഭർത്താവ്.) അപ്പുറത്തേക്ക് പോയ തക്കം. അപ്പുണ്ണി ആ വണ്ടി ആദ്യമൊന്ന് ഉരുട്ടി നോക്കി.

"കൊള്ളാമല്ലോ..സാധനം..!"

പുരയുടെ തെക്കുവശത്ത് അളിയന്റെ കാണാമറയത്തേക്ക് കൊണ്ടുവച്ച് താക്കോൽ തിരിച്ചു, ഒന്നു ചവിട്ടി. "ദാ... സ്റ്റാർട്ടായി.." ക്ലച്ചുപിടിച്ച് ഫസ്റ്റ് ഗിയറിൽ ഇട്ട് ഒറ്റ ഓടീര്.. കുറച്ചു നാളുകളായുള്ള ആഗ്രഹമാണിത്. പലരും അവരുടെ ചേതക്കും ലാംബിയും മുറ്റത്ത് കൊണ്ടു വച്ചിട്ട് പോകാൻ നേരം ചവിട്ടി സ്റ്റാർട്ട് ആക്കുന്നതും ഓടിച്ചുപോകുന്നതും കണ്ടുള്ള പരിചയം ഇപ്പോൾ പ്രയോജനപ്പെട്ടു. അനിയൻ ചേട്ടൻ പേടിച്ചു നിലവിളിച്ചുകൊണ്ട് പിന്നാലെ കുറേ ഓടി. വളവുതിരിഞ്ഞ് പാലം കേറി ഇറങ്ങിയശേഷം കൂട്ടുകാരൻ മോഴൂരെ വേണുവിന്റെ വീടിന്റെ വടക്കുവശത്തെ ഇരുപ്പൂ നിലത്തിലേക്ക് സ്കൂട്ടർ ചാടിയിറങ്ങി. വണ്ടി താനേ നിന്നു. അപ്പുണ്ണിയുടെ ആദ്യ സ്കൂട്ടർ ഡ്രൈവിങ്ങ്. അതൊരു വിടീ

www.malankaralibrary.com

ലായിരുന്നു. എതിരേ വന്ന മഹാന്മാരും മഹതികളും ജീവനിൽ കൊതിയുള്ളതിനാൽ "നീ.. എവിടെങ്കിലും പോയി വീഴ്.. എന്നേ വിട്ടേക്ക്.." എന്ന മട്ടിലും ഭീതിയിലും റോഡിന്റെ വശം ചേർന്നു താലപ്പൊലിയേന്തിയവരെ പോലെ നിന്നത് അപ്പുണ്ണി ഇന്നുമോർക്കുന്നു. ഒഴിഞ്ഞു നിന്നവർക്ക് എന്തോരു ഭവ്യതയായിരുന്നു.. സ്കൂട്ടർ വന്നിടിച്ചാൽ ഇടി കൊള്ളുന്നവന്റെ ജീവിതം കട്ടപ്പൊകയല്ലേ..?, വകതിരിവ് ഇല്ലാത്ത ഓടീര് അല്ലാതെന്ത്..!

ചിലർ കാറ് ഓടിക്കുന്നത് അപ്പുണ്ണി ശ്രദ്ധിച്ചിട്ടുണ്ട്, ഒറ്റക്കയ്യിൽ സ്റ്റിയറിംങ് പിടിച്ച് മറ്റേ കയ്യ് ഡോറിന്റെ ഗ്ലാസിനുമുകളിൽ വച്ച് കാറ് കക്ഷത്തിലാക്കിയുള്ള പോക്ക്. ചിലർ തട്ടാരുമുക്കിലെ ബാലൻ പിള്ള ചേട്ടന്റെ ശശികലാ അരിമില്ലിന്റെ മോട്ടോർ ഓണാക്കുന്ന (കപ്പ പിഴുതെടുക്കാൻ ശ്രമിക്കുന്നപോലെ.) കേശവപിള്ള ചേട്ടന്റെ ലാഘവത്തിലാണ് വണ്ടി സ്റ്റാർട്ട് ആക്കുന്നത്. ചിലർ ഞാനിതെത്ര കണ്ടിരിക്കുന്നു എന്ന മട്ടിലും. ഇവിടെ ഗൾഫിൽ, അറബി കുഞ്ഞുങ്ങൾ നല്ല ഒന്നാംന്തരം റോഡിൽ തങ്ങളുടെ വണ്ടികളുമായി വന്നു കാണിക്കുന്ന കോപ്രായങ്ങൾ അനവധിയാണ്. സർക്കസ് കൂടാരത്തിൽ നിന്നും ചാടിയ മരണക്കിണർ അഭ്യാസികളെപ്പോലെയാണ് അവർ. വാഹനങ്ങൾ കണ്ടുപിടിച്ചത് ഇവർക്കു വേണ്ടിയാണെന്ന് തോന്നിപ്പോകും. സിഗ്നലിൽ നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ ഏറ്റവും പിന്നിൽനിന്നും ഇക്കൂട്ടർ വശങ്ങളിലെ നടപ്പാതയിൽ ഒരു വശത്തെ രണ്ടുവീലുകൾ എങ്ങനെയും കേറ്റി നിർത്തും. ശേഷം വശം ചരിഞ്ഞ് ഒറ്റ വിടീലാണ്. ദാ വണ്ടി പട്ടി പെടുക്കാൻ കാലുപൊക്കി നിൽക്കുന്ന വണ്ണം ഓടിച്ച് ഏറ്റവും മുന്നിലെത്തുന്നു. പിന്നെ ഹാൻഡ് ബ്രേക്കിട്ട് ഒരു ഇരപ്പീരാണ്. പുറകിലെ ടയറുകൾ, റോഡിൽ അമ്പതു കി.മീറ്റർ യാത്ര ചെയ്യാനുള്ളത് അവിടെത്തീരും (ആരുടെ അപ്പന്റെ മുതൽ..?). സിഗ്നലിൽ ചെമപ്പു മാറി മഞ്ഞ കത്തുമ്പോൾ അവൻ പമ്പരം കറങ്ങുന്ന വേഗത്തിൽ കാണാമറയത്ത് എത്തിയിരിക്കും. സിഗ്നൽ വീഴുന്നതും ഹാന്റ് ബ്രേക്ക് റിലീസാകുന്നതും ഒറ്റ നിമിഷം. മുതുകുളം ഹൈസ്കൂൾ ഗ്രൗണ്ടിന്റെ പടീറ്റതിലെ പോത്ത് മുക്രയിടുന്നപോലെ **റും.. റും**.. എന്ന മുരൾച്ചയിൽ തുടങ്ങി ഒരു അലറൽ. കണ്ടങ്കാളിയുടെ വെടിക്കുറ്റിയിൽനിന്നും വാണം പായും വണ്ണം അവൻ അകലെ മറയും. നമ്മളൊക്കെ വെറും അശുക്കൾ. നാട്ടിലും ഇതൊട്ടും കുറവല്ല റോഡ് നിയമമോ, വേഗതാ നിയന്ത്രണമോ ബാധകമല്ലാത്ത ചില ബാധ കേറിയവരുണ്ട്. അവരുടെ വേഗതയും വെപ്രാളവും കണ്ട് നമ്മൾ കഴിവതും ഒഴിഞ്ഞു നിന്നോണം അല്ലെങ്കിൽ ശവപ്പെട്ടിക്കട ഉടനെ അന്വേഷിക്കേണ്ടിവരും. ചിലർ സൈഡ് പിടിച്ച് കുത്തിക്കയറി വലത്തുവച്ച്, ഇടതു ചവിട്ടി, ഞെരിഞ്ഞമർന്ന് മുന്നിലെത്തും. ചിലപ്പോൾ മെനക്കെടുത്താൻ നമ്മുടെ തൊട്ടു പിന്നിലും വന്നു കിടക്കും. സിഗ്നൽ ചെമപ്പു മാറേണ്ട കൗണ്ടൗൺ 4 ആകുമ്പോഴേക്കുമോ അതിനു മുമ്പോ ഹോണടി തുടങ്ങും. ആകെ അലമ്പോട് അലമ്പ്.

അപ്പുണ്ണിയുടെ വീടിന്റെ തെക്കേപ്പുറത്ത് കാറു പോലെയുള്ള നാലുചക്ര വാഹനത്തിൽ വന്നിട്ട് ചിലർ കാണിക്കുന്ന ഈഗോ ക്ലാഷ് കാണേണ്ടതാണ്. എതിർദിശയിൽ നിന്നും വരുന്നവൻ തൻമൂച്ച് കാണിക്കും. "നീ മാറ്.. ഞാൻ പോകാം..", നടന്നതുതന്നെ. രണ്ടുകൂട്ടരും "നീ മാറ് ഞാൻ പോകാം.." എന്ന്

www.malankaralibrary.com

മൂപ്പിച്ചു പിടിച്ചുകൊണ്ടിരിക്കെ. പിന്നാലെ ഏതേലും പ്രഷർ കേറിയവൻ എത്തും. അവൻ ആദ്യം കൈകൊണ്ടുള്ള ആക്ഷനിൽ തുടങ്ങും മാറ്റമൊന്നും കാണുന്നി ല്ലെങ്കിൽ ഉറക്കെ പറയും: "എടുത്തു മാറ്റടാ.."തുടർന്ന് "താ"യിൽ തുടങ്ങുന്ന ഒരു നാട്ടു പ്രയോഗവും.. (**തകാരം** എന്ന് വ്യാകരണം..!) അതോടെ കലഹിച്ചു നിന്നിരുന്ന അതുങ്ങളുടെ ഈഗോ വേഗം ആവിയാകും. ടോൾ ബൂത്തിലെ തടി പൊങ്ങി വാഹനം കടന്നു പോകുന്ന പോലെ. ഒന്നും സംഭവിക്കാത്ത മട്ടിൽ ട്രാഫിക് ശരിയാകും. "കിട്ടേണ്ടത് കിട്ടാതെ കിട്ടൻ അടങ്ങില്ല.." എന്ന പഴമൊഴി ഇവിടെ ഓർത്തുപോകുന്നു. ഹോണടിച്ച് കളിക്കാൻ വേണ്ടിയാണ് കാറിൽ കയറി യത് എന്ന മട്ടിലാണ് നാട്ടിലെ ചില വിരുതർ. ഇവിടെ ഇങ്ങു ഗൾഫിൽ ഹോണടി കേട്ടാൽ ഒന്നുകിൽ ട്രാഫിക് സിഗ്നൽ തെറ്റിച്ചതോ, പരിചയക്കാരെ കണ്ടതോ, ചെയ്തു തന്ന ഉപകാരത്തിന് നന്ദിയോ (വണ്ടി മുന്നോട്ടോ, പിന്നോട്ടോ എടു ക്കുന്നതിനോ വശങ്ങളിലേക്ക് തിരിയുന്നതിനോ ഉപകരിച്ചതിനുള്ള പ്രത്യുപ കാരസ്മരണയ്ക്കായുള്ള ഹോണിലെ തലോടൽ.) ആകാം. തുടർച്ചയായുള്ള ഹോണടി കേട്ടാൽ അത് ഏതോ ടീം ഫുട്ബോൾ ട്രോഫി നേടിയതിലുള്ള സന്തോ ഷമാകാം അല്ലെങ്കിൽ വിവാഹ സംഘം കാറിൽ കടന്നുപോകുന്ന ആഘോഷ ത്തിന്റെ അറിയിപ്പാകാം.

അങ്ങു നാട്ടിൽ സ്റ്റിയറിങ്ങിൽ കൈവച്ചാൽ അപ്പോൾ തുടങ്ങുന്ന ഹോണടി, ഒരുതരം **ഹോണോ മാനിയ**... മുൻപേ പോകുന്ന സമാധാനകാംഷി ഹോണടിക്കുന്നവന്റെ പിതാശ്രീ മുതൽ പരലോകത്ത് പോയ പരമ്പരകളുടെ യെല്ലാം ഓർമ്മ പുതുക്കലാക്കി തീർക്കാറുണ്ട്. "ഇന്നു നിന്നെ കാണിച്ചുതരാ മെടാ." എന്നോ, "നീ വേഗം മാറിക്കോ ഞാനിതാ വരുന്നു.."എന്നുള്ള "ഹോയ്.. ഹോയ്.." വിളിയോ ആയി തോന്നുംവണ്ണം ഉള്ളതും ഉണ്ട്. അങ്ങനെ എന്തെല്ലാം ഈ ഹോണിസ്റ്റുകളുടെ തമാശകൾ. ചില കൂട്ടർ "ഞാനാ പ്രമാണി നീ വെറും പ്രാണി.." എന്ന മട്ടിൽ റോഡിന്റെ നടുക്കൂടൊരു പോക്കുണ്ട്. പിന്നാലെ വരുന്ന വന് പണികൊടുക്കുന്നവൻ, അദ്ദേഹം റോഡിലൂടെ തെക്കോട്ടും വടക്കോട്ടും വെട്ടിച്ചുള്ള യാത്ര. "കണ്ടോടാ ഞാൻ കാറിൽ പോകുന്നത്.." എന്ന സ്റ്റൈൽ! അവസാനം ക്ഷമകെട്ടവന്റെ കൈപ്പണി വാങ്ങിയേ അവൻ അടങ്ങൂ.. അല്ലെങ്കിൽ ആരുടെയെങ്കിലും മാടിക്ക് അവന്റെ വണ്ടി ഓടിക്കേറും അതു തീർച്ച. അല്ലേലും അതങ്ങനെയല്ലേ വരൂ..? ബഹറിനിലെ പെട്രോൾ പമ്പുകളിലെ പെട്രോൾ രണ്ടു തരം ഉണ്ട്. ജയ്ദും മുംതാസും (കൂടുതൽ ശുദ്ധീകരിച്ചതും വില കൂടുതലും.). അപ്പുണ്ണി സ്വന്തമാക്കിയ കാർ കൊണ്ടുവരുന്ന വഴി 5 ദിനാർ കൊടുത്ത് ഫുൾ ടാങ്ക് ജയ്ദ് അടിച്ചു (പാവങ്ങൾക്ക് ഈ ബ്രാൻഡ് മതി..). ഇനി കുറച്ചു ദിവസ ത്തേക്ക് അടിക്കണ്ടാല്ലോ.. അത്രതന്നെ. പെട്രോൾ തുക കമ്പനിയിൽനിന്നും അനു വദിച്ചു കിട്ടി.

"ബുധനാഴ്ച വൈകുന്നേരം മുതൽ വെള്ളിയാഴ്ച സന്ധ്യവരെ വളരെ സൂക്ഷിച്ചേ വാഹനം ഓടിക്കാവൂ.." ഇത് അറബി സുഹൃത്ത് സൽമാന്റെ ഉപദേ ശം. കാരണം സൗദികൾ കണ്ണും മൂക്കും ഇല്ലാതെയാണ് വണ്ടി ഓടിക്കുന്നത്.

www.malankaralibrary.com



വഴി ബോധമില്ലാത്ത ഇവർ നാട്ടിലെ ഓട്ടോച്ചേട്ട ന്മാർ വണ്ടിതിരിക്കും പോലെ പെട്ടെന്ന് അങ്ങോട്ടോ ഇങ്ങോട്ടോ വെട്ടിത്തിരിച്ചു പൊയ്ക്കളയും. പിന്നാലെ വരുന്നവന്റെ കാര്യം കട്ടപ്പൊക! അങ്ങനെ അപകടത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. ജി.എം.സി പോലെയുള്ള വലിയ അമേരിക്കൻ വണ്ടികളിലാണ് അവർ വരുന്നത്. മഴയും പൊടിക്കാറ്റും ഉണ്ടാകുന്ന ദിവസങ്ങളിൽ പാതയിൽ വളരെക്കൂടുതൽ ശ്രദ്ധവേണം. ഒരു വണ്ടി മറ്റൊരു വണ്ടിയുമായി ഇടിച്ചാൽ പിന്നാലെ വരുന്നവൻ ബ്രേക്കുപിടിച്ചാലും കിട്ടില്ല. വണ്ടി നിൽക്കില്ല. കൂട്ടയിടിനടത്തി വണ്ടികൾ വാലേ വാലേ കിടക്കുന്നത് ഒരു കാഴ്ചയാണ്. കാലങ്ങളായി റോഡിൽ വീണ ഓയിലും ടയറുകൾ ഉരഞ്ഞ് ഒട്ടിപ്പിടിച്ച ഭാഗങ്ങളും ചേർന്ന് അവിട വിടെ വഴുവഴുപ്പ് രൂപപ്പെടും. മഴ സമയത്ത് ഈ ഭാഗങ്ങളിൽ ബ്രേക്കു കിട്ടില്ല. അങ്ങനെയാണ് കൂട്ടയിടി നടക്കുന്നത്.

കാറുകളില്ലെങ്കിലും കാറുകളെക്കൊണ്ട് ജീവിതം കഴിക്കുന്ന ഒരു കൂട്ടർ ആരും അറിയാതെ ഗൾഫിൽ ജീവിക്കുന്നുണ്ട്. നാട്ടിൽ ഇവരുവഴി ധാരാളം വയർ നിറയുന്നുമുണ്ട്. അവരാണ് കാറു കഴുകി ദിനാറുണ്ടാക്കി ജീവിക്കുന്നവർ. അങ്ങനെയുള്ള ഒരാൾ അപ്പുണ്ണിയുടെ ഫാമിലി പ്ലാസായുടെ സമീപത്ത് കഴിയുന്നുണ്ട്. തമിഴ്നാട്ടുകാരനായ സുന്ദരം. ദീർഘനാളുകളായി സുന്ദരം ഇവിടെ വരുന്ന അതിഥികളുടെ കാറു കഴുകി ജീവിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബം (ഭർത്താവിന്റെ/പിതാവിന്റെ) തസ്തിക അറിയാതെ ഗൾഫുകാരന്റെ (ധനവാന്റെ) കുടുംബമായി നാട്ടിൽ അടിച്ചുപൊളിക്കുന്നു. സ്വന്തമാക്കിയ കാറുമായി അപ്പുണ്ണി വീട്ടിലേക്ക്. വണ്ടി വാങ്ങിയ സന്തോഷത്തിൽ വൈകുന്നേരം ഇരുവരും നേരെ സേക്രട്ട് ഹാർട്ട് കത്തോലിക്ക പള്ളിയിലേക്ക്. അര മണിക്കൂർ അവിടിരുന്ന് ഈശ്വരനോടു നന്ദി പറഞ്ഞു. മറീനാ ബീച്ചിന്റെ ഓരത്ത് ഒരു മണിക്കൂറോളം ചെലവഴിച്ചു. അങ്ങനെ പരാശ്രയം ഒഴിവാക്കി സ്വാശ്രയത്തിലേക്ക് ഒരു ചുവടുകൂടി വച്ചു.

www.malankaralibrary.com



# 3. അറബിനാടും ആഘോഷങ്ങളും

**പ**ല സ്വഭാവക്കാരായ അറബി അതിഥികൾ ഒന്നു രണ്ടു ദിവസം താമസിക്കാൻ ഗൾഫിന്റെ നാനാഭാഗങ്ങളിൽനിന്നും ബഹറിനിലേക്ക് വരാറുണ്ട്, പ്രത്യേകിച്ചും സൗദികൾ. അവരിൽ ചിലർ ഫാമിലി പ്ലാസയിലും എത്താറുണ്ട്. കുടുംബങ്ങളില്ലാതെ സൗദി യുവാക്കൾ കൂട്ടമായി വന്ന് ചില ദിവസങ്ങളിൽ അടിച്ചുപൊളിച്ചിട്ട് പോകാറുണ്ട്. ചിലപ്പോൾ ഫാമിലിയായിട്ട് എത്തുന്നവർ ഫാമിലിയെ അടുത്തുള്ള ഏതേലും ഹോട്ടലിലോ അപ്പാർട്ടുമെന്റിലോ താമസിപ്പിച്ചിട്ട് അവരെ അറിയിക്കാതെ കൂടുതൽ സൗകര്യത്തിന് ഒറ്റയ്ക്ക് താമസിക്കാനിങ്ങോട്ടുപോരും. അതുങ്ങളൊക്കെ വന്നു താമസിച്ച് ആരും അറിയാതെ, ആരെയും അറിയിക്കാതെ തിരികെ പോകും. ("കമാ.. എന്നൊരു അക്ഷരം പോലും മിണ്ടാതെ.." എന്നും "ഈച്ചപോലും അറിയാതെ.." എന്നും നാട്ടുഭാഷ്യം.). എന്നാൽ ചില കാട്ടാളന്മാരായ മുട്ടാളന്മാർ വരുന്നത് താമസിക്കുന്നിടം തിരിച്ചുവച്ചിട്ട് പോകാനാണ്. പാസ്പോർട്ട് റിസപ്ഷനിൽ ഏൽപ്പിച്ച് ചെക്കിൻ ചെയ്താൽ അന്നേരം മുതൽ റൂമിൽനിന്നും റിസപ്ഷനിലേക്ക് ഫോൺ വിളി തുടങ്ങും. അതുവേണം.. ഇതുവേണം.. മറ്റേതുവേണം.. പരാതിയോടു പരാതി. പോകുമ്പോൾ എന്തെങ്കിലുമൊക്കെ മുറിയിൽ പെടുത്തിയിട്ടേ അവർ പോകൂ.

ഭാര്യ അറിയാതെ സൗദിയിൽനിന്നും എത്തുന്ന ചില വിരുതന്മാരും ഇക്കൂട്ടത്തിലുണ്ട്. അതുങ്ങൾ ബിസിനസ് ആവശ്യയാത്രയായി കണക്കാക്കി ബഹറിനിലെത്തും താമസസ്ഥലത്തെ സ്പെഷ്യൽ സൗകര്യങ്ങളൊക്കെ ഉപയോഗിക്കും ഭാഗ്യക്കേടിന് അറബിയുടെ കൈക്കാശ് തീർന്നിരിക്കും. താമസ ബില്ല് അടയ്ക്കുന്നതിനായി അവസാനം ക്രെഡിറ്റ് കാർഡ് ഉപയോഗിക്കേണ്ടിവരും. നാട്ടിൽ പശുവിന് തിന്നാൻ പച്ചപ്പുല്ല് തീർന്നു

www.malankaralibrary.com

കഴിയുമ്പോൾ തുറുവിൽനിന്നും കച്ചി വലിക്കും പോലെ മെഷ്യനിൽ കാർഡ് വലിക്കും. വലിച്ചുകഴിയുമ്പോൾ! യന്ത്രത്തിൽനിന്നും തള്ളിവരുന്ന പേപ്പറിൽ രാജാവിനെ പോലെ ഒപ്പിട്ടിട്ട് അറബിരാജനാശാൻ പോകും എല്ലാം അതുവരെ ശുഭം!

മാസം ഒന്നു കഴിയുമ്പോൾ ബാങ്കിൽനിന്നും കാർഡിന്റെ സ്റ്റേറ്റു മെന്റ് വീട്ടിൽ ചെല്ലുന്നത് മിക്കവാറും ഭാര്യാസവിധത്തിലായിരിക്കും. ബഹ റിനിൽ കാർഡ് ഉപയോഗിച്ചതിന്റെ തെളിവ് രാജ്ഞിക്ക് അവിടെനിന്നും കിട്ടും. പാവം അറബിച്ചേട്ടൻ അവരുടെ മുമ്പിൽ ''ആ.. കൂ.. ങേ..'' പറഞ്ഞ് ബാങ്കിലേക്ക് എന്തിന്റെ പേരിലാണ് ഈ പണം ഉപയോഗിച്ചത് എന്നറി യാനുള്ള കത്ത് നിൽക്കക്കള്ളിയില്ലാതെ അറിയാത്ത ഭാവത്തിൽ കൊടുക്കും. ബാങ്കുകാർ കാർഡ് ഉപയോഗിച്ച സ്ഥാപനത്തോട് വിശദീക രണം ചോദിച്ച് കത്ത് അയയ്ക്കും. ഇങ്ങനെയുള്ള കത്ത് കമ്പനിയിൽ വരുമ്പോഴേ മാനേജർ സാർ പറയും:

''ആ സാധുവിനെ ഭാര്യ പൊക്കിയിട്ടുണ്ട്.. പെട്ടുപോകുമെന്നാ തോന്നുന്നത്..''

എന്തായാലും ആ സാധു രാജാവ് താമസിച്ചതിന്റെ മൊത്തം കാര്യ ങ്ങളും ബാങ്കുകാർ ആവശ്യപ്പെട്ടതിൻ പ്രകാരം അയച്ചുകൊടുക്കും.. ഇതു വീട്ടിൽ കിട്ടുന്നതോടുകൂടി അറബിച്ചേട്ടന്റെ കാര്യത്തിലൊരു തീരുമാന മാകാൻ സാധ്യത തെളിയുമെന്ന് മനഃക്കണ്ണാൽ അപ്പുണ്ണിക്ക് അറിയാം.

പാവം അറബിച്ചേട്ടൻ.. ഇതിനാൽ കട്ടപ്പൊകയായേക്കും..! കിടപ്പ് തട്ടിൻ പുറത്തോ, കടത്തിണ്ണയ്ക്കോ ആകും!!

''ബാങ്കിന്റെ വിശദീകരണം ഷേക്കയ്ക്ക് (ഭാര്യയ്ക്കു) കിട്ടാതിരു ന്നാൽ മതിയായിരുന്നു..'' അപ്പുണ്ണി മനസ്സിൽ വെറുതെ പ്രാർത്ഥിക്കും. എന്നിട്ട് ഭഗവാനോട് ഒരു അപേക്ഷകൂടി സമർപ്പിക്കും:

''നാളെയും അവൻ ഇങ്ങോട്ടുതന്നെ വരണേ.. ഈശ്വരാ..''

ചില തിരുടൻ ഗണത്തിൽപ്പെട്ട അറബികൾ മുറിയിൽ ഹുക്കാ വലിച്ച് തീക്കട്ട വീണ സ്ഥലം റൂം ബോയ് കാണാതിരിക്കാൻ അവിടെ സോഫാ പിടിച്ചിടും. റും ബോയ് മുറി പരിശോധിക്കുമ്പോൾ ശ്രദ്ധി ച്ചില്ലെങ്കിൽ കാർപ്പെറ്റ് കത്തിയത് കണ്ടെത്താൻ കഴിയില്ല. ചിലർ വാക്കുതർക്കം മൂത്ത് തെറിവിളിയാ കും. റിസപ്ഷൻ സ്റ്റാഫ് അവനെ ഒരു തരത്തിൽ സെറ്റിൽ ചെയ്ത്



www.malankaralibrary.com

വിട്ടയയ്ക്കാൻ നോക്കും. പക്ഷേ വെള്ളക്കെട്ടു വിടാത്തവൻ പട്ടപ്പുറത്ത് കൂടുതൽ ഒച്ചയിടും.. വെറുതെ കലഹിക്കും.

"വേൻ ഹാദി മുദീർ..?" (മാനേജർ എവിടേ..?)

"ചുഫ് ഹാദി, ദാക്കൽ ഓഫീസ്.." ( ആ ആഫീസിനുള്ളിൽ.) തുടർന്ന് മാനേജരുടെ മുറിയിലേക്ക് അതുങ്ങളെ പറഞ്ഞുവിടും.

"ചെല്ല്.. അങ്ങോട്ടുചെല്ല്.. എല്ലാം തീർന്നിട്ട് ഇങ്ങോട്ടു വന്നാൽ മതി.." റിസപ്ഷനിൽ നിൽക്കുന്നവർ മലയാളത്തിൽ പതുക്കെ പറയും.

ചിലരുമായി ചില നീക്കുപോക്കുകൾ മാനേജർ (അമിക്കബിൾ സെറ്റിൽമെന്റ്.) ഓഫീസിൽ നടത്തി കണക്ക് ഒതുക്കി തീർക്കും. ചില സാഹചര്യത്തിൽ പറഞ്ഞു പറഞ്ഞ് ഇരുവരുടേയും വാക്കേറ്റം മൂക്കും. തുടർന്ന് നാക്കേറ്റത്തിലും കയ്യേറ്റത്തിലും എത്തും. വറച്ചട്ടിയിൽനിന്നും ചൂടുസഹിക്കാനാകാതെ തീയിലേക്ക് എടുത്തുചാടിയതുപോലാകും സംഗതികൾ. ഉടനെ മാനേജർ സാർ അടുത്തിരിക്കുന്ന ടെലഫോണിൽ കുത്തി റിസപ്ഷനിലേക്ക് വിളിക്കും എന്നിട്ട് ഒരു അലർച്ച നടത്തും:

"കാൾ ദി പോലീസ്.."

ഇതൊരു അടവാണ്. പോലീസെന്ന് കേൾക്കുമ്പോൾ കുടിയന്റെ കെട്ട് അഴിയും. അവൻ നിലംപറ്റെ താഴും. റിസപ്ഷനിൽ നിൽക്കുന്നവർക്ക് മാനേജറുടെ "കാൾ ദി പോലീസ്.." എന്നതിന്റെ ഗുട്ടൻസ് അറിയാവുന്നതിനാൽ അവർ "ശരി സാർ.." "ഓക്കെ സാർ.." എന്നൊക്കെ പറയും. പക്ഷേ ഒന്നും സംഭവിക്കില്ല. ഒന്നു പേടിപ്പിച്ച് തുക ഈടാക്കുക എന്നുള്ളതു മാത്രമാണ് ഈ അലർച്ചയുടെയും ബഹളത്തിന്റെയും ഒച്ചപ്പാടിന്റെയും അടിസ്ഥാനം.

എന്തൊക്കെ ഇടിയിട്ട്, തെറിവിളിച്ച്, തന്തയ്ക്കും തള്ളയ്ക്കും കേട്ടും പറഞ്ഞും ഇറങ്ങി പോയാലും അടുത്ത ബുധനാഴ്ച്ചയിൽ ആദ്യം ചെക്കിൻ ചെയ്യുന്നത് ഈ സാധുവാണ്. ഒരു വളിച്ച ചിരിയോടെ പ്രധാന വാതിൽ കടന്ന് മാന്യനായി അദ്ദേഹം കടന്നുവരും. എന്നിട്ട് നമ്മുടെ നേരെ നോക്കി ഉറക്കെ പറയും:

"സലാം.. ആലേക്കും.. ഷേക്ക്. വേൻ ഹാദി മുദീർ.. (മാനേജർ സാർ എന്തിയേ..?)" ഇങ്ങനെ പറഞ്ഞെത്തുന്ന ഇതുങ്ങളുടെ നിഷ്കളങ്കതയെ എങ്ങനെ അളക്കാൻ ഒക്കും..?

വില തുച്ഛം ഗുണം മെച്ചം എന്നൊക്കെ പറയുമ്പോലെയുള്ള സർവ്വീസല്ലേ അവർക്ക് ഫാമിലി പ്ലാസയിൽനിന്നും ലഭിക്കുന്നത്. എല്ലാം ഒരേ കൂരയിൻകീഴിൽ!

അപ്പുണ്ണിക്ക് വാഹനം എത്തിയതോടുകൂടി ജോലിക്ക് പോകുന്ന

www.malankaralibrary.com

തിനും തിരികെ പോരുന്നതിനും വൈകുന്നേരങ്ങളിൽ അല്ലെങ്കിൽ അവധി ദിവസങ്ങളിൽ സൗകര്യംപോലെ ഇരുവർക്കും ഒന്നു കറങ്ങുന്നതിനും പരാശ്രയം കൂടാതെ യാത്രയാകാനുള്ള സൗകര്യമായി. വേലിയേറ്റവും വേലിയിറക്കവും പ്രകടമായി കാണുന്ന ബഹറിൻ കടൽത്തീരത്ത് അന്തിസമയത്ത് പോയിരിക്കാൻ നല്ല രസമാണ്. മണിക്കൂറുകളോളം അവിടെ ഇരുന്നാലും നഷ്ടബോധം തോന്നുകയില്ല. നല്ല കുളിർക്കാറ്റ് കടലിൽനിന്നും കരയിലേക്ക് വരും. അത് ആസ്വദിച്ച് അങ്ങനേ ഇരിക്കണമെന്നു മാത്രം.

ദൂരെമാറി ചില കൂട്ടർ ചൂണ്ടയിട്ട് ഇരിക്കുന്നത് കാണുമ്പോൾ അപ്പുണ്ണിയിൽ പഴയകാലങ്ങൾ തലപൊക്കും. വീട് നിൽക്കുന്ന പുരയിടത്തിന്റെ കിഴക്കു-വടക്കേ മൂലയ്ക്ക് ഒരു കുഴിക്കുളം കനാല് വരുന്നതിന് മുമ്പ് ഉണ്ടായിരുന്നു. അതിൽ കിഴക്കേ പാടത്തുനിന്നും പടിഞ്ഞാറെ കായലിൽ നിന്നും വന്നിറങ്ങിക്കിടക്കുന്ന തോട്ടുമത്സ്യങ്ങൾക്ക് കയ്യുംകണക്കുമില്ല. നിറയെ കരട്ടി, വരാൽ, മുശി, കാരി, വാള, ഊള മത്സ്യങ്ങൾ.. കിട്ടിക്കാലത്ത് ഇതിൽനിന്നും ചൂണ്ടയിട്ട് മീനിനെ പിടിക്കുന്നത് ഒരു വലിയ ഹരമായിരുന്നു. അപ്പുണ്ണിയുടെ ചൂണ്ടലിലെ ഇരയായ വിരയെ കോർത്തു തരുന്നത് തെക്കേലെ സന്തോഷായിരുന്നു. ചൂണ്ടയിൽ കോർക്കുമ്പോഴുള്ള വിരയുടെ പിടപിടപ്പ് മേലു പെരുക്കുന്ന അനുഭവം ആയതിനാലാണ് സന്തോഷിന്റെ സഹായം ഇക്കാര്യത്തിൽ ആവശ്യം വരുന്നത്. മദ്ധ്യവേനലവധിക്ക് കുളത്തിലെ വെള്ളം ഏകദേശം വറ്റുമ്പോൾ വല ഉപയോഗിച്ച് കുളത്തിലെ മത്സ്യങ്ങളെ എല്ലാം പിടിക്കും.

നാട്ടിലെ ഇങ്ങനെയുള്ള നല്ലനല്ല കഥകൾ ബഹറിനിലെ കടൽത്തീരത്ത് അന്തിവെട്ടത്തിൽ വന്നിരുന്ന് പറയുന്നത് നല്ലതല്ലേ..?



അദില്യ എന്ന സ്ഥലത്ത് (ഇവിടെയാണ് അപ്പുണ്ണിയുടെ നാട്ടിൽനിന്നുള്ള കത്തു വരുന്ന പോസ്റ്റോഫീസ്.) നല്ലൊരു കടയുണ്ട്. അവിടെ ഫ്രഷ് ജ്യൂസ് കിട്ടും (മുസമ്പിയോ, മുന്തിരിയോ, ആപ്പിളോ, കാരറ്റോ, കടച്ചയ്ക്കയോ.. എന്തു ജ്യൂസ് വേണമെങ്കിലും.). കൂടെ നല്ല ബർഗറും (ചിക്കൻ )തയ്യാറാക്കി കിട്ടും. ഒന്നര ദിനാർ മുടക്കിയാൽ ഒരു നേരത്തേക്കുള്ള ശാപ്പാട് തയ്യാർ. ഇതു രണ്ടുംകൂടി വാങ്ങി കടൽത്തീ

www.malankaralibrary.com

രത്തു വന്നിരുന്ന് കാറ്റുംകൊണ്ട് പുത്തൻ മലയാളം പടങ്ങളുടെ പാട്ടും കേട്ട് ഒരു നേരം ആകും വരെ എന്തെങ്കിലും പറഞ്ഞും ചിന്തിച്ചും സമയം കളയാം. വിദൂരതയിൽ മിന്നി നിൽക്കുന്ന നക്ഷത്രങ്ങളെ നോക്കി കഥ പറയാം, ജലപ്പരപ്പിൽ ചാഞ്ചാടിയാടുന്ന ബോട്ടുകളെ അടുത്ത മത്സ്യക്കോ രിന് തയ്യാറാക്കുന്ന മുക്കുവരായ ആൾക്കാരുടെ പ്രവൃത്തികൾ കണ്ടിരി ക്കാം. അൽ അൻസാരി ലൈറ്റു കടയിൽ മിന്നിത്തെളിയുന്ന വ്യത്യസ്ത ങ്ങളായ വൈദ്യുത വിളക്കുകളെ നോക്കി ഇരിക്കാം. സ്ഥാപനത്തിൽ നടന്ന രസാവഹങ്ങളായ സംഭവങ്ങളെ പൊടിപ്പും തൊങ്ങലും ചേർത്ത് കഥമെ നയാം. ഭാര്യ അരികത്തുതന്നെ ഉള്ളതിനാൽ ആ വഴിക്കുള്ള ടെൻഷൻ ഒട്ടും ഇല്ലാത്ത സ്വസ്ഥമായ സന്ധ്യകൾ, രാപകലുകൾ.

നാട്ടിലെ ഞായറാഴ്ചകൾക്കു സമാനമാണ് അറബിനാട്ടിലെ വെള്ളി യാഴ്ചകൾ. അന്നേ ദിവസം രാവിലെ മനാമയിലെ സേക്രട്ട് ഹാർട്ട് പള്ളി യിലേക്ക് പോയി ഇംഗ്ലീഷ് കുർബാനയിൽ പങ്കെടുക്കും അല്ലെങ്കിൽ വൈകുന്നേരങ്ങളിലെ നൊവേനകളിൽ സംബന്ധിക്കും. ഭക്തി സാന്ദ്രമായ അന്തരീക്ഷം. ഇടയ്ക്കിടെ ഇവിടെ നാട്ടിൽനിന്നും മലയാളി അച്ചന്മാരെത്തി എട്ടും പത്തും ദിവസങ്ങളിലെ കുടുംബനവീകരണ ധ്യാനങ്ങൾ നടത്താ റുണ്ട്. 1996ൽ ഭരണങ്ങാനത്തുനിന്നുള്ള ഫാദർ സുരേഷ് നടത്തിയ ധ്യാന ത്തിൽ നല്ല ജനക്കൂട്ടം സംബന്ധിച്ചതായി ഓർക്കുന്നു.

ഈദു ദിനത്തിൽ രണ്ടു ദിവസത്തെ അവധി എല്ലാ മേഖലയിലും സർക്കാർ അനുവദിച്ചിട്ടുണ്ട് (നാട്ടിലെ ഓണാഘോഷ അവധി പോലെ.). അന്ന് ജോലിചെയ്യുന്നവർക്ക് ഇരട്ടി ശമ്പളമാണ്. ഈദു ദിനത്തോടനുബ ന്ധിച്ചു ഇങ്ങനെ കിട്ടുന്ന അവധി ദിനങ്ങൾ ആഘോഷമാക്കാൻ ബന്ധു ക്കളായിട്ടുള്ള എല്ലാവരും കൂടി ഏതെങ്കിലും ഗാർഡനുകളിൽ കൂടിച്ചേർന്ന് ആഘോഷ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ആഹാരം ഓരോരോ കുടും ബങ്ങൾ ഓരോ സാധനങ്ങളായി ഉണ്ടാക്കി കൊണ്ടുവരും. തയ്യാറാക്കാൻ കഴിവില്ലാത്തവർക്ക് വാങ്ങിക്കൊണ്ടു വരാമല്ലോ.

ഇക്കൊല്ലം ഗുദേബിയ ഗാർഡനിൽ വച്ചു നടക്കുന്ന ഈദുമേള യിൽ കൂപ്പൺ നറുക്ക് എന്നൊരു ഐറ്റം നടത്താൻ കുടുംബച്ചിട്ടി നട ത്തുന്ന കാർത്തികപ്പള്ളിയിലെ രാജനച്ചായന്റെ നേതൃത്വത്തിൽ ആലോച നയായി (ഇരട്ടി ലാഭം കാണാതെ അച്ചായൻ എന്തായാലും ഈ പണിക്ക് ഇറങ്ങില്ലെന്ന് അപ്പുണ്ണിക്കുറപ്പുണ്ട്!).

‘‘വയ് രാജാ വയ്..... ഒന്നുവച്ചാൽ രണ്ടേ...., ദിനാർ വാഹ ദ്..’’രണ്ടുദിവസത്തെ പ്രയത്നത്തിന് ഫലം കണ്ടെത്താൻ ഈ നിലവിളിയും കാറലും കൂവലും ഒച്ചവെയ്ക്കലും അത്യാവശ്യമാണ്.

‘‘ദിനാർ വച്ച് ഒരു കൂപ്പണെടുക്കൂ.. ലിസ്റ്റുമായി തട്ടിച്ചുനോക്കൂ

www.malankaralibrary.com

(വാക്കിലും തട്ടിപ്പ്!). ''സമ്മാനപ്പെരുമഴ.. വയ് രാജാ വയ്..''

ബഹറിനിലെ ഈദ് ആഘോഷങ്ങളുടെ ഭാഗമായാണ് ചടങ്ങുകൾ. അണിയറയിൽ അപ്പുണ്ണി, എം.യൂ. റോയ് പള്ളിപ്പാട്, ഷാജി കാർത്തികപ്പള്ളി, സജി കോയമ്പത്തൂർ, ഷൈനി കല്ലുകുഴി, റെനി കോട്ടയം, രാജൻ കാർത്തികപ്പള്ളി.. (നാട്ടിലെ സർവ്വ കള്ളൻമാരും ഗാർഡനിൽ മേളിച്ചിട്ടുണ്ട്.)

''ഒരു ദിനാറിട്ട് ഒരു നമ്പർ കരസ്ഥമാക്കാം. ആ നമ്പർ ഏത് സമ്മാനത്തിൽപ്പെടുന്നുവോ ആ സമ്മാനം നേടാം.. വയ് രാജാ.. വയ്..''

അരങ്ങിനൊത്ത അണിയറപോലെ ബാലരമയിലെ കള്ളൻ വിക്രമന്റെ വരയൻ ബനിയനാണ് ചിലർ അണിഞ്ഞിരിക്കുന്നത്. സ്ത്രീ ജനങ്ങളുടെ സാമിപ്യം കൗണ്ടറിലെ തിരക്ക് പലപ്പോഴും അനിയന്ത്രിതമാക്കി. ഓണത്തിന്നിടയ്ക്ക് പൂട്ടുകച്ചവടം പോലെ റോയി പള്ളിപ്പാട് സോദരൻ മാത്യു പള്ളിപ്പാടിന്റെ കാസറ്റും സ്റ്റാളിൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നു. മുൻപിൽ വന്ന ചാകരനോക്കി ഷാജിച്ചേട്ടായി അലറി വിളിക്കുന്നു

''ഇതർസേ.. ഇതർത്തക്ക്... യേഹേ... പ്രൈസ്.., ഏക് ഡോളർ.. സിർഫ് ഏകീ ഡോളർ!''

കൂപ്പൺ എടുത്തു കിട്ടുന്ന സമ്മാനത്തിലെ തർക്കം മൂക്കുന്ന അവസ്ഥ വരുമ്പോൾ ഏതെങ്കിലും സമ്മാനം കൊടുത്ത് കൂപ്പണെടുത്ത **വലാകളെ** പറഞ്ഞുവിട്ട് രാജൻ ചേട്ടായി കശ പിശ ഒഴിവാക്കുന്നു. അപ്പുണ്ണിയാണ് കമ്പ്യൂട്ടറിൽ പ്രൈസ് ലിസ്റ്റ് തയ്യാറാക്കി ടിന്നിൽ നിന്നും നമ്പെരെടുക്കാൻ വരുന്നവരെ സഹായിക്കുന്നത്. അതാണ് അപ്പുണ്ണിയുടെ ഭാഗഭാഗിത്വം.

''ദിനാർ വാഹദ്.. ഒരേ ഒരു ദിനാർ.. തുമാരാ ജിന്തകി ഇസ് മേം ഹേ.. ജൽദി... ജൽദി.... ലേലോ.. ഭായി. കൂപ്പൺ അഫി ഖദം ഹോ ജായേഗാ.... ജൽദി..'' അപ്പുണ്ണിയുടെ ഹിന്ദി പ്രയോഗം കുറിക്കുകൊള്ളുന്നുണ്ട്. നന്ദി.. പറയേണ്ടത് മുതുകുളത്തെ മാസ്റ്റർ ട്യൂഷൻ സെന്ററിൽ ഹിന്ദി പഠിപ്പിച്ച പത്മനാഭൻ സാറിനോടും പിന്നീട് അപ്പുണ്ണി യാത്രപോയ ഫരീദാബാദിലെ പൗരജനങ്ങളോടുമാണ്.

ലക്കീ കൂപ്പൺ പ്രായോജകരിൽ പ്രധാനിയായ രാജൻ കാർത്തികപ്പള്ളി ഓടിനടന്ന് രംഗത്തിന് കൊഴുപ്പേകുന്നു.

ഏതായാലും ഈദിന്റെ ആഘോഷമൊഴിഞ്ഞപ്പോൾ അപ്പുണ്ണിക്ക് ബാക്കിയായത് രണ്ട് ദിവസത്തെ അവധി നഷ്ടവും സ്റ്റാളിനുള്ള പണവുമാണ്. സ്റ്റാളിലെ വരവുചെലവ് കണക്കുകൾ ഇപ്പോഴും ഓഡിറ്റ് ചെയ്യപ്പെടാതെ കിടക്കുന്നു.

ഡിസംബറായി.., തണുപ്പായി.., ദേഹത്ത് സ്വെറ്ററായി..,

www.malankaralibrary.com

ക്രിസ്തുമസ്സ് രണ്ടാഴ്ചയ്ക്കുള്ളിൽ വന്നുചേരും. നാട്ടിലെന്ന പോലെ ഇവിടെയും ക്രിസ്തുമസ് കരോൾ നടത്തുന്നതിന് സമാനമനസ്ക രായിട്ടുള്ള കുടുംബങ്ങൾ ഒത്തുചേർന്ന് തീരുമാനമായി. പാട്ടുപഠിക്കണം, ഈണം അറിഞ്ഞു പാടണം, വാദ്യോപകരണങ്ങൾ ഉപയോഗിക്കണം.. അങ്ങനെ നാട്ടിൽ നടത്തുന്ന കരോൾ കൂട്ട ഗരിമയിൽ അല്ലെങ്കിൽ അതുക്കുംമേലെ എല്ലാം നടത്തണം.

"ശരി.. നടത്തിക്കളയാം.." തീരുമാനം ഒന്നിച്ചെടുത്തു.

ബന്ധുവീടുകൾ കയറിയിറങ്ങി കരോൾ നടത്തുന്നതിന് പത്തനംതിട്ട വാഴമുട്ടത്തുനിന്നുള്ള മാത്തുക്കുട്ടി അച്ചായന്റെ മേൽനോട്ട ത്തിലും കാര്യസ്ഥതയിലും പണി തുടങ്ങി. പാട്ടുപാടുന്നതിന് മേൽനോട്ടം നടത്തുന്നതിന് ഒത്ത ഒരാളിനെ സംഘടിപ്പിക്കണം. ഒന്നിച്ച് തപ്പൽ തുട ങ്ങി. നാടിന്റെ നാനാ ഭാഗങ്ങളിലേക്കും ആളയച്ച് അന്വേഷണം തുടങ്ങി എന്നൊക്കെ പറയുംപോലെ പലരും ആളിനെ തപ്പി നടന്നു. അവസാനം ആളെത്തി. "ഒപ്പിച്ചു.." എന്നുപറയുന്നതായിരിക്കും കൂടുതൽ ശരി. ബഹ റിൻ മിഷൻ ഹോസ്പിറ്റലിൽ മെയിൽ നഴ്സായി പണി ചെയ്യുന്ന തോമസ് അച്ചായൻ (തോമാച്ചായൻ എന്നും വിളിക്കാം. ഒട്ടും പരിഭവമില്ല!) അതിന് സർവ്വഥാ യോഗ്യൻ എന്നുള്ള മാത്തുക്കുട്ടിച്ചായന്റെ അന്വേഷണോന്മുഖ മായ നിർദ്ദേശപ്രകാരം അപ്പോയിൻമെന്റ് നടന്നു. എവിടെ നിന്നോ സംഘ ടിപ്പിച്ച കരോൾ പാട്ടെഴുതിയ കടലാസുകൾ മിസ്റ്റർ തോമസിനെ ഏൽപ്പി ച്ചു. ഈണവും താളവും ഏൽപ്പിച്ചു.. അതോ തോമാച്ചായൻ സ്വയം ഏറ്റ താണോ എന്ന് അപ്പുണ്ണിക്ക് ഇപ്പോഴും സംശയമില്ലാതില്ല.

അപ്പുണ്ണിയുടെ സംശയത്തിനെ ബലപ്പെടുത്തുന്ന രീതിയിലാണ് തോമാച്ചായന്റെ പാട്ടു പഠിപ്പീര്. മൊട്ടത്തലയും എടുത്താൽ പൊങ്ങാത്ത വയറുമായി, അധികം പൊക്കമില്ലാതെ നിൽക്കുന്ന അച്ചായൻ എല്ലാ പാട്ടും തുടങ്ങുമ്പോൾ **ആട്ടുകല്ലിൽ കുഴവി കിടന്നു കറങ്ങും പോലെ** ചെറുതാ



www.malankaralibrary.com

യൊന്ന് ആടിക്കൊണ്ട് ''ങുംംം..'' എന്ന് നീട്ടി മൂളും. എന്നിട്ട് പറയും ''തുടങ്ങിക്കോ..'' അല്ലെങ്കിൽ കൈകൊണ്ട് ആക്ഷൻ കാണിക്കും. ഇങ്ങനെ ഉണ്ടായതിന് ശേഷമേ പാടുന്ന കക്ഷികൾ പാട്ട് തുടങ്ങാവൂ (നാട്ടിലാണെങ്കിൽ അടി എപ്പോൾ തുടങ്ങിയെന്ന് ചോദിച്ചാൽ മതി.).

വണ്ണമുള്ള തോമാച്ചായനെ കാണുമ്പോൾ അപ്പുണ്ണി ഉള്ളാലെ ചിരിക്കും.. ഈ തോമാച്ചായന് ഒരു കോട്ടു തയ്പ്പിക്കാൻ തയ്യൽക്കടയിൽ ചെന്നാൽ ഇദ്ദേഹത്തിന്റെ വയറിന്റെ അളവ് എങ്ങനെ എടുക്കും..? വയറിനെ ചുറ്റിപ്പിടിച്ചാലല്ലാ വയറിന്റെ അളവ് എടുക്കാനൊക്കൂ.. ല്ലേ..? ഗത്യന്തരമില്ലാതെ തയ്യൽക്കാരൻ പറഞ്ഞേക്കും അച്ചായാ.. ഈ ടേപ്പിന്റെ ഈ അറ്റം ഒന്നു പിടിച്ചേ.. ഞാൻ ഒന്നു കറങ്ങിയിട്ടു വരാം.. എന്നാകും.. ങാ.. എന്തുമാകട്ടെ. ഒന്നു ചിരിക്കാൻ എന്തു ബുദ്ധിമുട്ടാ..

ആരു പാട്ടു തുടങ്ങാൻ തീരുമാനിച്ചാലും തോമാച്ചായന്റെ ''ങുംംം...'' വേണം. ഏകദേശം ഒരു ശ്രുതിപ്പെട്ടിയുടെ ഉത്തരവാദിത്വത്തോടെ തോമാച്ചായൻ ഇത് എല്ലാ പാട്ടുകളുടെയും ആരംഭത്തിൽ ഒരേ ഈണത്തിൽ നടത്തും. അച്ചായൻ മുളിത്തുടങ്ങിയാൽ അതൊരു സ്റ്റാർട്ടിങ് വിസിലായി കണക്കാക്കിക്കൊണ്ട് ബാക്കിയുള്ളവർ പാടിത്തുടങ്ങും. തട്ടാരമ്പലത്തിൽ നിന്നുള്ള ജോൺ ഐപ്പ് അച്ചായൻ ഡ്രം അടിക്കും. സൈഡ് ഡ്രം ഇല്ല. അതിന്റെ കുറവു നികത്താൻ അപ്പുണ്ണി ഗഞ്ചറയിൽ താളമിടും. സുഹൃത്തും ഐപ്പ് അച്ചായന്റെ ബന്ധുവുമായ ലാജി അലക്സ് ഓർഗൻ വായന ഏറ്റെടുത്തു. എല്ലാം ഒത്തുവന്നപ്പോൾ കരോൾ പാർട്ടി നാട്ടിലേതിനേക്കാൾ ജോർ ജോർ..!

''പാടാനാടാൻ ആളില്ലേ.. പാട്ടുരസിക്കാൻ ആളില്ലേ..

പാവം ഞാനും നിന്നേപ്പോലൊരു പാവപ്പെട്ടവനാണല്ലോ..''എന്നുള്ള നാട്ടിലെ കരോളുകാരുടെ പരിഭവം ഇവിടെ ഒട്ടും ഉണ്ടായില്ല എന്നു സാരം.

ഈ പാട്ടിന്റെ ശീലുകൾ ഇവിടെ കുറിക്കാൻ കാരണം അപ്പുണ്ണിക്ക് കാതു കേൾക്കാൻ തുടങ്ങിയ നാൾ മുതൽ രാമപുരത്തെ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ഇടവകപ്പള്ളിയിൽ ഓരോ വർഷവും തുടർച്ചയായി പാടുന്ന പാട്ടാണ് ഇത്. ഇടവക ഭവനങ്ങളിലെ യുവാക്കളിൽ ആരെങ്കിലും അദ്ദേഹത്തിന്റെ അസൗകര്യംകൊണ്ട് കരോളിന് വരാതിരുന്നാൽ തീർച്ചയായും ഈ പാട്ടാണ് ആ ഭവനത്തിൽ പാടുന്നത്. ഒരു പ്രതിഷേധ പാട്ട്. കാക്കയുടെ വിശപ്പും മാറും പശുവിന്റെ കടിയും മാറും എന്ന് ചില സാഹചര്യങ്ങളിൽ പറയും പോലെ. കരോൾ പാട്ടു പാടിയെന്നുമാകും വരാതിരുന്നതിലുള്ള പ്രതിഷേധം അറിയിച്ചെന്നുമാകും!

ഇവിടെ പാടാൻ എല്ലാവരും കൂടി ഇരുപതുപേരെ കിട്ടി. മാത്തു

www.malankaralibrary.com

ക്കുട്ടി അച്ചായന്റെ ഭാര്യ ഗ്രേസി അമ്മാമ്മയുടെ നേതൃത്വത്തിൽ സ്ത്രീ ജനങ്ങളും ഉഷാറായി. പത്തു പാട്ടുകൾ. ഇംഗ്ലീഷിലും മലയാളത്തിലും മാറി മാറി പാടത്തക്കവണ്ണം പഠിച്ചു.

ഇംഗ്ലീഷ് പാട്ടിന്റെ വരികൾ അറിയില്ലെങ്കിലും താളബോധമുള്ളവരാകയാൽ കൂട്ടത്തിൽ പാടി എല്ലാവരും സംഗതി ജോർ.. ജോർ.. ആക്കി. കൂട്ടത്തിൽ പാട്ടും വെള്ളത്തിൽ പൂട്ടും എന്ന നാട്ടുരീതിയിൽ പറഞ്ഞാൽ, എന്താണ് ഇവൻ പാടിയതെന്ന് ആരറിയാൻ..? അല്ലെങ്കിൽ തന്നെ അറിഞ്ഞിട്ട് എന്തെടുക്കാൻ..?

"പാരൊളി തൂകിയ പാതിരാ നേരത്തു പാരിടെ പിറന്നോനെ..,
പാപങ്ങൾ പോക്കണേ, ശാപങ്ങൾ നീക്കണേ.. ധരണിതന്നധിപതിയേ.."

ഗാനകോകിലങ്ങൾ ഉഷാറായി. കളമൃദുഗാനങ്ങൾ കണ്ഠങ്ങളിൽ നിന്നും ഉയർന്നു തുടങ്ങി.

"മിന്നിമിന്നി നിന്നീടുന്ന താരം വാനിൽ,
നാഥൻ ജാത വാർത്തയിന്നു പാരിന്നേകി
മാലാഖമാർ കൂട്ടം കൂടി വാനിൽനിന്നു പാടിടുന്നു,
ഉന്നതത്തിൽ ദൈവത്തിനു മഹത്വമെന്ന്..." പാട്ടിന്റെ വരികൾ ശറ.. പറാന്ന്.

നാട്ടിലെപ്പോലെ വഴിനീളെ കൊട്ടിക്കൊണ്ടു പോകുന്നില്ല. വഴിപ്പാട്ടില്ല. "തോരണം പിടിപ്പിച്ച തൂപ്പില്ല, നക്ഷത്രം പിടിക്കാനില്ല, ഗ്യാസ് ലൈറ്റോ, പെട്രോൾമാക്സോ ഇല്ല, കുരിശും ഇല്ല (മൊത്തം കുരിശുകളല്ലേ?). മുന്നറിയിപ്പിൻ പ്രകാരം സമ്മതമുള്ള ഭവനത്തിലേക്ക് കയറുന്നു. കതകടയ്ക്കുന്നു. എല്ലാവരും വട്ടത്തിൽ നിൽക്കുന്നു. തോമാച്ചായൻ താളം പറയാൻ നടുക്കുനിൽക്കുന്നു. "റഡി സ്റ്റാർട്ട്.. ങ്ുംooo...." പാട്ടിനു ശേഷം പ്രാർത്ഥന, വീട്ടുകാർ തരുന്നത് സ്വീകരിക്കുന്നു. പണമിടപാട് ഇല്ല.. ആവശ്യത്തിനുള്ള ആഹാരം.. നൊയമ്പ് ഇല്ലാത്തവർക്ക് അപ്പവും കൊഴിക്കറിയും ആകാം.. (നൊയമ്പുള്ളവർക്ക് ആരും കാണാതെ കർട്ടനപ്പുറത്തു വച്ച് രഹസ്യമായി വിളമ്പിക്കൊടുക്കും.), കേക്ക് ആകാം.., അവസാനം ഒരു ഏമ്പക്കവും.. വേണമെങ്കിൽ ആകാം. വയറ്റിൽ വാരി നിറയ്ക്കുന്നതിനനുസരിച്ചു പാന്റിന്റെ ബെൽറ്റ് അഡ്ജസ്റ്റു ചെയ്യണമെന്നുമാത്രം.

കുട്ടിക്കാലത്ത് പരിസര ഭവനങ്ങളിലെ കൂട്ടുകാരും അപ്പുണ്ണിക്കൊപ്പം നാട്ടിലെ പള്ളിക്കരോളിൽ സംബന്ധിക്കുവാൻ വരുമായിരുന്നു. അവിടവിടെയായി ഭവനങ്ങളിൽ കാപ്പിയും കടിയും ക്രമീകരിച്ചിരിക്കും. അതും കഴിച്ച് കൂട്ടുകാർ കൂടെനടക്കും. പക്ഷേ നാട്ടിലെ ഏറ്റവും വലിയ പ്രശ്നം നടത്തമാണ്. അമ്പതു വീടുകളിൽ കയറാൻ എത്ര കിലോമീറ്റർ നടന്നു പാടണം. സന്ധ്യമുതൽ നേരം വെളുക്കുവോളം നടത്തംതന്നെ നടത്തം. ഒച്ചയടച്ചു പണ്ടം കലങ്ങും, പണ്ടാരമടയും. ദീർഘദൂര നടത്ത

www.malankaralibrary.com



ത്തിന്നിടയ്ക്ക് ക്ഷീണവും ഉറക്കവും വല്ലാതെ അലട്ടും. ചില സമയങ്ങളിൽ അപ്പുണ്ണി അറിയാതെ ഉറങ്ങി നടന്നിട്ടുണ്ട്!

ഇവിടെ അഞ്ചോ, ആറോ വീടുകൾ. നടത്തമില്ല. കാറിൽ കേറിയിരിക്കണം. എയർ കണ്ടീഷനുള്ള കാറ് നമ്മളെ എത്തേണ്ടിടത്ത് എത്തിക്കും. പരമസുഖം.. ദഹന പ്രശ്നം മാത്രമാണ് ആകെയുള്ള പ്രശ്നം.

നാട്ടിലെ ക്രിസ്തുമസ് കരോളിന് ക്രിസ്മസ് ഫാദർ മസ്റ്റല്ലേ..?, ഇവിടെ ഫാദറാകാൻ പറ്റുന്ന ആൾ ഇല്ലാഞ്ഞിട്ടല്ല. കുംഭ കറവുള്ളവർ (പെരുവയറില്ലാത്തവർ.) അറബിനാട്ടിൽ തുലോം ചുരുക്കമാണ് (അപ്പുണ്ണി ഇതിനൊരു അപവാദമാണ്.). “കരോൾ ഫാദർ..” എന്നുള്ള വിളി ഒഴിവാക്കിയതാകാം എന്നു നമുക്ക് അനുമാനിക്കാം. അല്ലെങ്കിൽ വേഷം ഇല്ലാതെതന്നെ “മിക്കവാറും എല്ലാവരും ക്രിസ്മസ് ഫാദറിന്റെ ഡൂപ്ലിക്കറ്റ്സ് അല്ലേ..!” എന്നൊരു സംശയവും ഇല്ലാതില്ല. അതോ ഇനി ഒരാളെ ഫാദറാക്കിയതിന്റെ പേരിൽ മറ്റൊരാൾ പിണങ്ങിയാലോ..? എന്നു കരുതിയും ആകാം ഫാദറിനെ വേണ്ടാന്നു വച്ചത്..! അഞ്ചുദിന കരോൾ പരിപാടി. സന്ധ്യയ്ക്കു പണി തുടങ്ങും ഒമ്പതുമണിക്ക് തീർക്കും. കാര്യങ്ങൾ ഭംഗിയായി നടന്നു എന്നു ചുരുക്കം. ബഹറിനിലെ കേരള സമാജത്തിലും കരോളിന്റെ ഒരു പതിപ്പ് നടത്തി എന്നുള്ളത് പരമാർത്ഥം.

www.malankaralibrary.com



# 4. കലാഭവനും ആബേലച്ചനും പിന്നെ കുറെ പിരിവുകാരും

**ദീ**പികാദിനപ്പത്രത്തിൽനിന്നും വിരമിച്ച് എറണാകുളത്ത് കലാഭവൻ സ്ഥാപിച്ച ആബേലച്ചൻ (ഫാദർ ഹാബേൽ), സഹൃദയനും സംഗീതജ്ഞനും കലയെ പ്രോത്സാഹിപ്പിക്കുന്നവനും അനേകം കലാകാരന്മാർ ആദരപൂർവ്വം ഓർക്കുകയും ചെയ്യുന്ന മഹാനുഭാവനുമാണ്.

കലാഭവൻ കലാകാരന്മാരുടെ ഒരു മിമിക്സ് പരേഡ്, നാദിർഷായും മറ്റും അവതരിപ്പിക്കുന്ന ഗാനമേള. എല്ലാം കൂടിച്ചേർന്നുള്ള കലാഭവൻ നൈറ്റിന്റെ ഇന്ത്യൻ ക്ലബിൽവച്ചു നടത്തുന്ന കലാപരിപാടിയുടെ നടത്തിപ്പുകാർ അപ്പുണ്ണി യുടെ സ്ഥാപനമായ ഫാമിലി പ്ലാസയാണ്. ഗവൺമെന്റിന്റെ ഏതെങ്കിലും സാമൂ ഹിക പ്രവർത്തനങ്ങൾക്ക് ഗുണം കിട്ടത്തക്കവണ്ണം വേണം ബഹറിനിൽ കലാപ രിപാടികൾ നടത്തിപ്പുകാർ ആസൂത്രണം ചെയ്യേണ്ടത്. "ബഹറിൻ ഡിസേബിൾസ് സൊസൈറ്റി" എന്ന ഒരു സാമൂഹിക സംഘടന ബഹറിൻ ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്, അതിനുള്ള സാമ്പത്തിക സഹായമായിട്ടാണ് മിക്ക മലയാളം പരിപാടികളും ക്ലബുകളിൽ നടത്തുന്നത് (അഞ്ഞൂറോ ആയി രമോ ദിനാർ പരിപാടിയുടെ ഗരിമ അനുസരിച്ച് സൊസൈറ്റിക്ക് കൊടുക്കണം.). ഒരു വർഷത്തിൽ മൂന്നോ നാലോ പരിപാടികൾ ഫാമിലി പ്ലാസാ സ്പോൺസർ ചെയ്ത് നടപ്പിൽ വരുത്താറുണ്ട്. വരുന്നവർക്ക് താമസിക്കുന്നതിനുള്ള സൗകര്യ ങ്ങളും വിസയും കമ്പനി ശരിയാക്കും. പിന്നെ പരിപാടിക്ക് പരസ്യം കിട്ടാൻ കുറെ സ്പോൺസർമാരെ കിട്ടണം. നടത്തിപ്പുകാർക്ക് തിട്ടമായും കുറെ തുട്ടു കിട്ടുന്ന പരിപാടിയാണ്. നഷ്ടം വരാനുള്ള കളിയല്ലിത് എന്നു സാരം. സർക്കസ്സ് നടത്തുന്നത് കാണികളെ സന്തോഷിപ്പിക്കാനും കലാകാരന്മാർക്ക് ജീവിക്കാനും മുതലാളിക്ക് ലാഭം നേടാനും വേണ്ടിയല്ലേ..?

കലാഭവൻ പരിപാടി ഗംഭീരമായി നടന്നു. ആബേലച്ചന് രണ്ടു ദിവസത്തെ വിസ കൂടി ഉള്ളതിനാൽ തന്റെ താമസം അദ്ദേഹം ഫാമിലി പ്ലാസയിൽ തന്നെ തുടർന്നു. പരിപാടി കഴിഞ്ഞുള്ള അടുത്ത ദിവസം മാനേജർ റോബർട്ട് സാറിന്റെ നിർദ്ദേശപ്രകാരം അപ്പുണ്ണി അച്ചനെ കാണുന്നതിന് അദ്ദേഹത്തിന്റെ മുറിയിലേക്കു ചെന്നു. അച്ചന് കലശലായ ഷുഗർ ഉണ്ട്. കുറെ മരുന്നുകൾ വാങ്ങണം. അല്പ

www.malankaralibrary.com

നേരം അച്ചനുമായി ഇരുന്ന് സംസാരിക്കുന്നതിനുള്ള അവസരം അപ്പുണ്ണിക്ക് ലഭിച്ചു.

1920 ജനുവരി 19ന് മാത്തൻ വൈദ്യന്റെയും ഏലിയാമ്മയുടെ പുത്രനായി ജനിച്ച ആബേലിന് 1951ൽ അച്ചൻപട്ടം കിട്ടി, അങ്ങനെ ആബേലച്ചനായി. 1952ൽ ദീപിക പത്രത്തിൽ ജേർണലിസ്റ്റ്, റോമിൽനിന്ന് ഡോക്ടറേറ്റ്, ദീപിക പത്രത്തിന്റെ അസി. മാനേജിങ്ങ് ഡയറക്ടറായി 1961വരെ അച്ചൻ തുടർന്നു. ശേഷം ദേവഗിരി (സെന്റ്.ജോസഫ്സ്) കോളജിലെ അധ്യാപകനായി. 1968ൽ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ് രൂപീകരിച്ചു. ജോസഫ് പാറക്കാട്ടിൽ തിരുമേനിയുടെ സഹായത്തോടെ **കലാഭവന്** അടിത്തറയിട്ടു. കേരളത്തിലെ ആദ്യത്തെ മിമിക്രി കലാകാരന്മാരുടെ സംഘടന (മിമിക്സ് പരേഡ്) രൂപപ്പെടുത്തിയത് അച്ചനാണ്. കുരിശിന്റെ വഴി യുടെ പുതിയ രൂപം ചിട്ടപ്പെടുത്തിയത് അച്ചനാണ്. "കല്ലറയിൽ പൊന്നൊളി മിന്നുന്നു.., ഈശ്വരനെ തേടി ഞാൻ നടന്നു.." തുടങ്ങി നിരവധി പ്രസിദ്ധങ്ങ ളായ പാട്ടുകളും കവിതകളും അദ്ദേഹത്തിന്റെ തൂലികയിൽനിന്നും പിറന്നു. സിദ്ധിക്ക്, ലാൽ, അൻസാർ, കെ.എസ്.പ്രസാദ്, മണി, എൻ.എഫ്.വർഗീസ്, മച്ചാൻ വർഗീസ്, റാഫി, നാദിർഷാ, ജയറാം, കോച്ചിൻ ഹനീഫ, അശോകൻ, സയനു ദ്ദീൻ, പ്രജോദ്, ദിലീപ്, ബിന്ദു പണിക്കർ, ഷാജോൺ, നാരായണൻകുട്ടി, തെസ്നി ഖാൻ.. ഇങ്ങനെ നിരവധി ശിഷ്യസമ്പത്തിന്റെ അധിപനാണ് ഫാദർ ആബേൽ.

സംഭവങ്ങൾ നിറഞ്ഞ അച്ചന്റെ ജീവിതത്തെ അപ്പുണ്ണിയുമായി അല്പം പങ്കുവയ്ക്കുവാൻ അച്ചൻ മനസ്സായി. കലാകാരന്മാരെ കുറിച്ചുള്ള സംഭാഷണ ത്തിന്നിടയ്ക്കാണ് അച്ചൻ തന്റെ മനസ്സുതുറന്ന് ഇങ്ങനെ പറഞ്ഞത്:

"ദിലീപിനേക്കാളും വളരെ വളരെ കഴിവുള്ള കലാകാരനാണ് നാദിർഷാ. ജന്മനാ ധാരാളം കഴിവുകൾ ദൈവം കനിഞ്ഞു നൽകിയ മഹാപ്രതിഭയാണ് അദ്ദേഹം.. എങ്കിലും അവസരങ്ങളും ഭാഗ്യവും ഒത്തുവന്നത് ദിലീപിനാണ്.. പാട്ടു പാടാനും മിമിക്രി കാണിക്കാനും പാരടി ഭംഗിയായി ചെയ്യാനും കഴിവുള്ള അതു ല്യനായ ശിഷ്യനാണ് നാദിർഷാ.." സംസാരം നടന്നുകൊണ്ടിരിക്കവെ അപ്പുണ്ണി ചോദിച്ചു: "അച്ചന് എപ്പോഴാണ് മരുന്നു വാങ്ങാൻ പോകേണ്ടത്...?"

"നമുക്ക് ഇപ്പോൾത്തന്നെ പോകാൻ സാധിക്കുമോ..?" അച്ചൻ തിരിച്ചു ചോദിച്ചു.

"പോകാം.. ബാ.. താഴേക്ക് പോകാം.. എനിക്ക് കാറുണ്ട് അതിൽ പോകാം.." ഉടനെ തയ്യാറായ അച്ചനെയും കൊണ്ട് കാറിൽ ഹൂറയിലെ ജാഫർ ഫാർമസിയിലേക്ക്.

ഫാർമസിയിലെ തമിഴ്നാട്ടുകാരനായ ഒരു ചേട്ടനോട് അപ്പുണ്ണി പറഞ്ഞു:

"ഇത്.. തമിഴ് സിനിമകളിൽ അഭിനയിക്കുന്ന ജയറാമിന്റെ ഗുരുസ്ഥാനീ യനായ അച്ചനാണ്."

പലപ്പോഴും സന്ദർശിക്കാറുള്ള ഫാർമസി ആയതിനാൽ ആ ചേട്ടനെ അപ്പുണ്ണിക്ക് അറിയാമായിരുന്നു. ഇതു കേട്ടപ്പോൾ ആ ചേട്ടൻ ഏറ്റം സന്തോഷ

www.malankaralibrary.com


ത്തോടെ "നമസ്തേ.." പറഞ്ഞു തൊഴുതു. മറുപടിയായി അച്ചനും "നമസ്തേ.."പറഞ്ഞു. അച്ചനുള്ള മരുന്നുകൾ വാങ്ങി ഫാർമസിയിൽനിന്നും ഇരുവരും പുറത്തേക്കു നടന്നു. "അപ്പുണ്ണി താമസിക്കുന്നത് ഇവിടെ അടുത്താണോ.. അതോ ദൂരത്താണോ...?" അച്ചൻ ചോദിച്ചു.

"ഞാനങ്ങോട്ടു ചോദിക്കാനിരിക്കുകയായിരുന്നു. അച്ചന് എന്റെ വീട്ടിലേക്ക് വരുന്നതിന് പ്രയാസം ഒന്നും ഇല്ലല്ലോ..?"

"ഹേയ്.. എന്തുപ്രയാസം..? നമുക്ക് പോകാം.. ശ്രീമതി വീട്ടിൽ കാണുമല്ലോ.., ല്ലേ..?"

"ഉണ്ട്. നമുക്കു പോയി കാണാം. ഇന്ന് ഓഫ് ആണ്. നാളെ രാവിലെ പോയാൽ മതി." ഇരുവരും കാറിൽ കയറി സൽമാനിയായിലെ ഫ്ളാറ്റിലേക്ക് യാത്രയായി.

"ജോലിചെയ്യുന്ന സ്ഥാപനത്തിലെ മാനേജർ സാർ എങ്ങനുണ്ട്..? അദ്ദേഹത്തിന്റെ ഭാര്യ സമ്പത്തിന്റെ പ്രശ്നത്തിൽ ജീവിതം ഭയങ്കര പ്രയാസത്തിലാണന്ന് എന്നോടു പറഞ്ഞു.. അതു ശരിയാണോ..?" ആബേലച്ചന്റെ സംശയം.



അപ്പുണ്ണി അച്ചന്റെ നേരെ നോക്കിയ ശേഷം പറഞ്ഞു: "അച്ചാ.. ഞാൻ അദ്ദേഹം ജനറൽ മാനേജരായ സ്ഥാപനത്തിന്റെ അക്കൗണ്ടന്റാണ്. എന്റെ അറിവിലും വിശ്വാസത്തിലും ബഹറിനിലെ മലയാളികളിൽ ദിവസ വരുമാനത്തിൽ പ്രഥമസ്ഥാനത്തു വരുന്നവരുടെ കൂട്ടത്തിലുള്ള ആളാണ് എന്റെ മാനേജർ. പിന്നെ അദ്ദേഹത്തിന്റെ ഭാര്യ മറിച്ചൊരു പ്രസ്താവന അച്ചനോട് നടത്തിയെങ്കിൽ അതിന് മറ്റെന്തെങ്കിലും ഉദ്ദേശം കണ്ടേക്കാം.. എന്നേ പറയാനുള്ളു. അച്ചന്റെ സംശയം മാറിക്കാണുമല്ലോ അല്ലേ..?"

"എന്നെ കണ്ടപ്പോൾ അവർ ഇങ്ങോട്ടു പറഞ്ഞത് ഞാൻ ചോദിച്ചെന്നേയുള്ളൂ.." അച്ചനൊന്ന് ചിരിച്ചു. അപ്പുണ്ണിയും അച്ചന്റെ ചിരിയിൽ പങ്കുചേർന്നു.

"അച്ചാ.., ആ സ്ഥാപനത്തിന്റെ വാതിൽപ്പടി കടന്നുവന്നവരാരും സമ്പത്തിന്റെ കാര്യത്തിൽ ശേഷം പിന്നോട്ടല്ല, ആരും. ഇതു പറയുന്നത് ആ സ്ഥാപനത്തിന്റെ എല്ലാ കാര്യങ്ങളും നന്നായി അറിയുന്ന അക്കൗണ്ടന്റാണ്. അവിടുത്തെ മുറി സർവീസ് നടത്തുന്ന പയ്യന്മാർ മുതൽ മുകളിലോട്ട് മാനേജർ സാറുവരെ എല്ലാവരും അവരവർക്ക് ഉണ്ടാക്കാവുന്നതിന്റെ പരമാവധി ഉണ്ടാക്കുന്നുണ്ട്. ആരും ആർക്കും തടസ്സമല്ല. നിർദ്ധനരായ റും ബോയ്സിനെ എങ്ങനെ സഹായിക്കാൻ സാധിക്കുമോ അങ്ങനെ ഈയുള്ളവൻ സഹായിക്കാറുണ്ട്. അതുപോലെ ബാക്കിയുള്ളവരെയും. കുവൈത്തിക്ക് ഇവിടെനിന്നും ഒന്നും കൂടുതൽ

www.malankaralibrary.com

കിട്ടിയിട്ട് നികരാനില്ല. എന്നാൽ കിടക്കാടം പണയപ്പെടുത്തി വരുന്ന സ്വന്തം സഹോദരങ്ങൾക്ക് ലഭിക്കുന്ന ചില്ലിക്കാശുകൾ വിലപ്പെട്ടതാണ്, അവർ അത് വേണ്ടവണ്ണം വിനിയോഗിച്ചാൽ..!''

''ശമ്പളത്തിന്റെ കൂടെ ഓവർടൈം ചില മാസങ്ങളിൽ അധികം രേഖപ്പെടുത്തി റൂം സർവ്വീസ് സ്റ്റാഫുകൾക്ക് കൊടുക്കും. പലപ്പോഴും സർക്കാർ അവധി ദിവസങ്ങളായ ഈദിനും മറ്റും മൂന്നുനാലു ദിവസം എല്ലുമുറിയെ ഇതുങ്ങൾ പണിചെയ്താലേ വരുന്ന ഗസ്റ്റുകളെ താമസിപ്പിക്കാൻ പറ്റൂ. വെക്കേറ്റു (ചെക്കൗട്ട്) ചെയ്യുന്നതിന് അനുസരിച്ച് മുറി വൃത്തിയാക്കണം. ചെക്കൗട്ട് പരിശോധിക്കണം. പുതിയ ഗസ്റ്റ് വരുമ്പോൾ കാറിൽനിന്നും അവരുടെ ലെഗേജ് എടുത്ത് മുറിയിൽ കൊണ്ടുകൊടുക്കണം. അവർക്ക് ആവശ്യം വേണ്ട സാധനങ്ങൾ പറഞ്ഞാൽ അതു സംഘടിപ്പിച്ചു കൊടുക്കണം. എന്നുവേണ്ട തിരക്കോടു തിരക്കാണ് ചില ദിവസങ്ങളിൽ. അവരുടെ ചുണപോലിരിക്കും ആ ദിനങ്ങളിലെ സ്ഥാപനത്തിന്റെ റവന്യൂ. ചില ദിവസങ്ങളിൽ ഉറങ്ങിക്കിടക്കുന്നവരെ ഉൾപ്പെടെ വിളിച്ചുണർത്തി സർവീസിൽ ഇടേണ്ടിവരും. കാറ്റുള്ളപ്പോഴേ തൂറ്റാൻ പറ്റൂ.. പാതിരാത്രിയിൽ അവരെഴുന്നേറ്റ് ജോലി ചെയ്തു എന്നുള്ളതിന് തെളിവ് അവരുടെ കാർഡ് പഞ്ചിംങ് സമയം മാത്രം ആണ്...''

സാധുക്കളോട് ഞാൻ പറയാറുണ്ട്.. ''ഓവർടൈം പരമാവധി കിട്ടത്തക്കവണ്ണം പഞ്ചുചെയ്തേക്കണം. തെളിവുവേണം. ബാക്കി എനിക്ക് വിട്ടേക്കൂ..''

''ഭാഷാ വ്യത്യാസം ഉണ്ടെങ്കിലും ഹൗസ് കീപ്പറായ രാജസ്ഥാനി വിജയ്പാൽ സിങ്ങിനും ആവശ്യംവേണ്ട ഓവർടൈം കൊടുക്കാറുണ്ട്. കൂടാതെ അവൻ ഗസ്റ്റുകളുടെ തുണികൾ തേച്ചുകൊടുത്തും രണ്ടു ദിനാർ ഈ രീതിയിൽ ഓരോരുത്തരിൽനിന്നും ഉണ്ടാക്കുന്നുണ്ട്.. ഉണ്ടാക്കട്ടെന്ന് ഈയുള്ളവനും മനസ്സിൽ പറയാറുണ്ട്. അതുപോലെ മെയിന്റനൻസ് നടത്തുന്ന രമേശനും. റിസപ്ഷൻ സ്റ്റാഫുകൾ ഹോട്ടൽ റവന്യൂവിൽ കുറവു വരുത്താതെ ഉണ്ടാക്കാൻ പറഞ്ഞിട്ടുണ്ട്. ഫോറിൻ കറൻസി മാറ്റിക്കൊടുത്തും ഇല്ലാത്ത ടാക്സ് ഉണ്ടെന്നു പറഞ്ഞും ഗസ്റ്റിനോട് വാടക കൂടുതൽ വാങ്ങിയും പകുതി ദിവസ വാടക ഗസ്റ്റിനോട് ഈടാക്കിയും എന്നാൽ ഫോളിയോയിൽ കാണിക്കാതെയും അങ്ങനെ എന്തെല്ലാം പണികൾ..! അവർക്കും എന്തെങ്കിലും ഉണ്ടാക്കണ്ടേ.. കൂടുതൽ ഗസ്റ്റ് എത്തിയാൽ അവർക്കും കൂടുതൽ ഉണ്ടാക്കാം..''

പക്ഷേ ഒരു കാര്യം മാത്രം ഇതുങ്ങളോട് പറഞ്ഞിട്ടുണ്ട്. ''ചെയ്തോളൂ.. കുഴപ്പമില്ല.. ആർക്കും കുഴപ്പം ഉണ്ടാക്കരുത്. ആരെയും ഉപദ്രവിക്കരുത്.. അത്ര മാത്രം ശ്രദ്ധിക്കുക.. മൂടോടെ വെട്ടരുതെന്നു സാരം..!'' എന്നാൽ ചിലർ മനസാക്ഷി ഇല്ലാതെ പെരുമാറും. അധികം അതിഥികൾ വരാത്ത അറബികളുടെ നൊയമ്പുകാലം. ''ഇപ്പോൾ എത്ര റൂമുണ്ട്..?'' മാനേജർ റിസപ്ഷനിൽ നിൽക്കുന്ന സുരേന്ദ്രനോട് ചോദിച്ചു.

''സാർ.., പതിനൊന്ന്..'' സുരേന്ദ്രൻ മറുപടിയായി. മാനേജർസാർ നട

www.malankaralibrary.com

ന്നകന്നു. കാറിൽ കയറി വീട്ടിലേക്ക് പോയി. എന്നാൽ പിറ്റേന്നു രാവിലെ റൂം റവന്യൂ ലിസ്റ്റിൽ ഒമ്പതു മുറികൾ മാത്രം.

"ബാക്കി രണ്ടു മുറികൾ എവിടെ..?"

അപ്പുണ്ണിക്ക് മാനേജർ വിവരം കൈമാറി. പരിശോധനയിൽ രണ്ടു മുറികൾ സുരേന്ദ്രൻ വെട്ടി! (റൂം സർവ്വീസ് പിള്ളേരോട് ചോദിച്ചാൽ മുറികളുടെ നിജസ്ഥിതി മനസ്സിലാക്കാം.. അവരാണ് ഗസ്റ്റിനെ മുറിയിലേക്ക് കൊണ്ടുപോകുന്നതും ഉപയോഗിച്ച മുറി വൃത്തിയാക്കുന്നതും.). കഴിഞ്ഞദിവസം വൈകുന്നേരം മാനേജർ പോകുമ്പോൾ തന്നോടു ചോദിച്ചു മനസ്സിൽ കുറിച്ചിട്ടത് മറന്നെന്ന ധാരണയിൽ വെട്ടിയ വെട്ടിൽ സുരേന്ദ്രൻ പെട്ടുപോയി. അപ്പോൾത്തന്നെ വേറെ ജോലി കണ്ടെത്തിക്കൊള്ളാനുള്ള അറിയിപ്പും സുരേന്ദ്രന് കൊടുത്തു.

അന്നുമുതൽ അപ്പുണ്ണിക്ക് ആഴ്ചയിൽ അവധിയുണ്ടായിരുന്ന വെള്ളിയാഴ്ചകളിലും 12 മുതൽ 4 മണിവരെ ചെക്കൗട്ട് സമയത്തെ കടുംവെട്ട് ഇല്ലാതാക്കാൻ പ്രത്യേകം ഡ്യൂട്ടിയായി. ഇതാണ് ഫാമിലി പ്ലാസ.

സൽമാനിയായിലെ പെപ്സി കമ്പനിക്ക് സമീപമുള്ള അപ്പുണ്ണിയുടെ ഫ്ളാറ്റിനു താഴെ കാറെത്തി. കെട്ടിടത്തിനു താഴത്തെ കാർ പാർക്കിൽ വാഹനം പാർക്കു ചെയ്തു. സെക്കൻഡ് ഫ്ളോറിലേക്ക് ഇരുവരും പതുക്കെ നടന്നുകയറി. കാളിംങ് ബെല്ലിൽ വിരലമർന്നു.

മിനി വാതിൽ തുറന്നു. ഗസ്റ്റിനെ കണ്ട് അവൾ അമ്പരന്നു. കലാഭവന്റെ പരിപാടിക്ക് അതിഥി പാസിൽ മിനിയും പങ്കെടുത്തിരുന്നു.

അച്ചനെ അകത്തേക്ക് സ്വീകരിച്ചിരുത്തി. കുടിക്കാൻ നാരങ്ങാ വെള്ളം. ഷുഗറെങ്കിലും ഒരു ഞാലിപ്പൂവൻ പഴം കൊടുത്തത് സന്തോഷപൂർവ്വം കഴിച്ചു. അല്പം കൂടി സംസാരിച്ചു. പ്രാർത്ഥിച്ചു.

"നമുക്ക് ഒരു ഫോട്ടോ എടുത്താലോ അച്ചാ..."

"എടുക്കാം.. ബാ.."

അപ്പുണ്ണിയും മിനിയും മാറി മാറി അച്ചനോപ്പം നിന്ന് ഫോട്ടോയെടുത്തു.

"ആരേലും ഒരാളുംകൂടി ഉണ്ടായിരുന്നെങ്കിൽ നിങ്ങൾക്കു രണ്ടുപേർക്കും ഒന്നിച്ചുനിന്ന് ഫോട്ടോ എടുക്കാമായിരുന്നു.." അച്ചൻ അപ്പുണ്ണിയോട് പറഞ്ഞു.

ആ വന്ദ്യ മഹാനുഭാവനെ സന്തോഷത്തോടുകൂടി അപ്പുണ്ണി ഫാമിലി പ്ലാസയിലേക്ക് തിരിച്ചു കൊണ്ടാക്കി(2001 ഒക്ടോബർ 27 ന് അദ്ദേഹം ഈ ലോകത്തിൽ നിന്നും കടന്നുപോയി!).

കലാഭവൻ പരിപാടിപോലെതന്നെ മറ്റൊരു സ്റ്റേജ് പരിപാടിക്കായി എത്തിയവരാണ് സിനിമാ നടൻനാരായ ശ്രീ. ഉമ്മർ, ശ്രീ. ബഹദൂർ, ശ്രീ. ജനാർദ്ദനൻ. അവരോട് മുതുകുളം രാഘവൻ പിള്ളയുടെയും പത്മരാജന്റെയും നാട്ടിൽനിന്നും വരുന്നു എന്നു സൂചിപ്പിച്ച് വ്യക്തിപരമായി അടുക്കുന്നതിന് സാധിച്ചത് മഹാഭാഗ്യമായി അപ്പുണ്ണി കരുതുന്നു. പരിചയപ്പെട്ട മറ്റൊരു നടനാണ് ശ്രീ. ഇന്ദ്രൻസ്. അനേകം വർഷങ്ങളായി മലയാള സിനിമയുടെ ഭാഗമായ ഇന്ദ്രൻസ് "പ്രിൻസി

www.malankaralibrary.com



പ്പാൾ ഒളിവിൽ'' എന്ന സിനിമയിലൂടെയാണ് വസ്ത്രാലങ്കാരകനായി തുടക്കം കുറിച്ചത്.

നാട്ടിലെ ഒരു അപ്പാർട്ടുമെന്റ് കച്ചവടവുമായി എത്തിയതാണ് അപ്പുണ്ണിയുടെ നാടിന്റെ സുകൃതമായ ചൂളത്തെരുവ് ഞവരയ്ക്കലെ പ്രിയ പത്മരാജന്റെ''പെരുവഴിയമ്പലം''പടത്തിലൂടെ അഭ്രപാളിയിലെത്തിയ ശ്രീ. അശോകൻ. (മുതുകുളത്തുകാരനായ അദ്ദേഹത്തിന്റെ അപ്പാർട്ടുമെന്റ് കച്ചോടം എന്തായോ.. എന്തോ..?).

ഇതിനിടയിൽ ചില തിരുമാടികൾ ചില സ്വന്തം പിരിവിനായിട്ട് ഗൾഫുനാട് സന്ദർശിക്കാനെത്തും. മുതുകുളത്തുതന്നെ ''ഓൾഡ് ഏജു ഹോം'' സ്ഥാപിക്കാൻ എത്തിയ ഒരു ബ്രദറും ഇക്കൂട്ടത്തിലുണ്ട്. ആമ്പുലെൻസും പകൽവീടും ഉൾപ്പെടെ സർവ്വ തട്ടിപ്പുവിദ്യകളും ബ്രോഷർ രൂപത്തിലാക്കി മുതുകുളം, തട്ടാരുമുക്കിൽനിന്നും അദ്ദേഹവും ഇവിടെയെത്തി. പിന്നെ കമ്പനികളും ബന്ധുക്കളുടെ വീടും കയറിയിറങ്ങി പിരിവോടുപിരിവ്. പിന്നെ ഒരാശ്വാസം രാഷ്ട്രീയമഹാനുഭാവന്മാരെപ്പോലെ ദിവസവും പറഞ്ഞു പറ്റിക്കില്ല ആയുസ്സിലൊരിക്കലേ ഇവർ പറ്റിക്കാൻ വരുന്നുള്ളു എന്നുള്ളതാണ്. കയറിക്കയറി അപ്പുണ്ണിയുടെ ഫാമിലിപ്ലാസയിലും ഇദ്ദേഹം എത്തി. വലാ ഒഴിഞ്ഞുപോകട്ട് എന്ന മനോഗതിയിൽ കൊക്കിനൊതുങ്ങുന്നത് അപ്പുണ്ണിയും കൊടുത്തു. എങ്കിലും കൊടുക്കും മുമ്പ് അപ്പുണ്ണി മറ്റെല്ലാവരോടും ചോദിക്കും വണ്ണം അദ്ദേഹത്തോടും ചോദിച്ചു: ''അച്ചായാ.. ഇതുവല്ലതും നടക്കുമോ..?''

''ഇതെന്നാ ചോദ്യമാ.. അപ്പുണ്ണി! ഇതെല്ലാം നടക്കും അല്ലേൽ നടത്തും.. പ്രോജക്ട് ആ രീതിയാലാണ് സെറ്റപ്പ് ചെയ്തിരിക്കുന്നത്..'' ബ്രദർ സംഭാഷണവും പ്രഭാഷണവും തുടരുമ്പോൾ അപ്പുണ്ണി മനസ്സിൽ പറയും: ''നടക്കും.. നടക്കും.. തെക്കുവടക്ക്. കിട്ടിയതും കൊണ്ട് ഇനിയെങ്കിലും ശല്യം ഉണ്ടാക്കാതെ പട്ടിണിയില്ലാതെ കഴിഞ്ഞാൽ മതിയായിരുന്നു..''

ഒരു വർഷത്തിനു ശേഷം നാട്ടിൽ പോയിട്ടു തിരികെയെത്തിയ അപ്പുണ്ണിയോട് മാനേജർസാർ ചോദിച്ചു: ''നാട്ടിലെ ഓൾഡ് ഏജു ഹോം.. എല്ലാം എങ്ങനെ പോകുന്നു.. കക്ഷിയെ കണ്ടോ..?''

''അതെല്ലാം തീർന്നു. ഇപ്പോൾ പുതിയ പ്രോജക്ട് സെറ്റപ്പു ചെയ്തു കൊണ്ടിരിക്കുവാ.. ചിലപ്പോൾ അതുമായിട്ട് വീണ്ടും വന്നേക്കും..'' അപ്പുണ്ണി ചിരിക്കാതെന്തു പറയാൻ..!

www.malankaralibrary.com



# 5. മൊബൈൽ ഫോണും ആന്റണിയും

**ബ**ഹറിനിലെ ബുധയ്യാ ടൗണിന് അടുത്തായുള്ള "ബിൻ ദൈഫ്" എന്ന സ്വിമ്മിംങ് പൂൾ നിർമ്മാണക്കമ്പനിയിൽ ജോലി ചെയ്യുമ്പോഴാണ് ആന്റണിയെ കാണുന്നതും പരിചയപ്പെടുന്നതും. സെൻട്രൽ മാർക്കറ്റിലെ ബസ്റ്റോപ്പിൽനിന്നും അവൻ ദിവസവും കയറും. ഒരേ സ്റ്റോപ്പിൽ ഇറങ്ങും. അവന് അപ്പുണ്ണിയുടെ സ്വിമ്മിംങ് പൂൾ കമ്പനിയുടെ ഓഫീസിന്റെ തൊട്ടപ്പുറത്തെ ആന്റിക്സ് വിൽപന കേന്ദ്രത്തിലാണ് ജോലി. ആന്റണി ബഹറിനിൽ എത്തിയിട്ട് മൂന്നരവർഷവും അപ്പുണ്ണി ബഹറിനിൽ വന്നിട്ട് ഇപ്പോൾ പത്തുമാസവുമാകുന്നു.

പൂൾ കമ്പനിയിൽ വന്നതിന്റെ മൂന്നാഴ്ചയ്ക്കുള്ളിൽ അപ്പുണ്ണിക്ക് കടുത്ത ശരീരവേദന, നടുവേദന ഇത്യാദി ഉണ്ടായതിന്റെ പിന്നാലെ ശരീരത്തിൽ അവിടവിടായി കുരുക്കൾ പൊങ്ങി, ചിക്കൻ പോക്സ് പടർന്നു കയറി. രണ്ടാഴ്ച പരിപൂർണ വിശ്രമം. കൂടെ ജോലിചെയ്യുന്ന ജയിംസ് എന്ന കൂട്ടുകാരനിൽനിന്നും പകർന്നതാണ് ഇത് ("അമ്മ വിളയാട്ടം" എന്ന് തമിഴ് മക്കൾ.). അവൻ കഴിഞ്ഞ ഒരാഴ്ച വിശ്രമം ആയിരുന്നു. മൂവരും വരുന്നതും പോകുന്നതും എല്ലാം ഒരേ സർക്കാർ ബസ്സിൽ. എന്തിനേറെ പറയുന്നു അപ്പുണ്ണിക്കൊപ്പം ഫ്ളാറ്റിൽ ഉണ്ടായിരുന്ന അലക്സ് ബേബി ചേട്ടന്റെ കുഞ്ഞ് വിനയ് അലക്സിനെ എടുത്ത് താലോലിച്ചിരുന്ന അപ്പുണ്ണി, അറിയാതെ ആ കുഞ്ഞിലേക്കും ചിക്കൻ പടർത്തി. ഒരാളുടെ ശരീരത്തിലെ ഇൻകുബേഷൻ സമയത്ത് ആരുമായ് കൂടുതൽ സംസർഗം നടത്തുന്നുവോ ആ ആളിന് ഈ രോഗം പടരും. ഭൂരിപക്ഷം ആൾക്കാരും കരുതുന്നപോലെ കുരുക്കൾ പൊന്തിക്കഴിയുമ്പോഴല്ല രോഗം പടരുന്നത്. പകർന്ന രോഗാണു ആ ശരീരത്ത് പതുക്കെ പടർന്നു കേറുമ്പോൾ രോഗം ആരും അറി

www.malankaralibrary.com

യില്ല. അത്രതന്നെ.

"ബിൻ ദൈഫ്" സ്വിമ്മിംങ് പൂൾ നിർമ്മാണക്കമ്പനിയിൽ അപ്പുണ്ണിക്ക് ഈ ജോലി തരപ്പെടുത്തി തന്നത് അപ്പുണ്ണി കണ്ടിട്ടില്ലാത്ത തോമസ് എന്ന ആളാണ്. അഹമ്മദ് (30) എന്ന ബഹറിനിയാണ് സ്വിമ്മിംങ് പൂൾ കമ്പനിയുടെ ഉടമ. ചില ദിവസങ്ങളിൽ മാത്രമേ അഹമ്മദ് ഓഫീസിൽ വരികയുള്ളൂ, വന്നാൽത്തന്നെ കൂടെക്കൊണ്ടുനടക്കുന്ന പുട്ടുകുറ്റി പോലെയുള്ള മൊബൈലിൽ സംസാരിച്ചുകൊണ്ടേയിരിക്കും (മൊബൈൽ ബഹറിനിൽ തുടങ്ങിയ വർഷമാണ്. അതുവരെ ബ്ലീപ്പ് എന്നുള്ള ഒരു ചെറു സാധനമാണ് ആൾക്കാരുടെ പോക്കറ്റിൽ കൊണ്ടുനടന്നിരുന്നത്. ചിലർ അത് നാട്ടിലെ തെങ്ങു ചെത്തുകാർ തങ്ങളുടെ തേർ (ചെത്തു പിച്ചാത്തി) അരയിൽ വച്ചു നടക്കുന്നവണ്ണം അരയിൽ ഒരു കവർ കെട്ടിവച്ച് അതിൽ ഫിറ്റു ചെയ്തുകൊണ്ടു നടക്കുന്നത് അപ്പുണ്ണി ബഹറിനിൽ ചെന്നിറങ്ങിയപ്പോൾ മുതൽ ശ്രദ്ധിച്ച ഒരു സംഗതിയാണ്. ബ്ലീപ്പ് വന്നാൽ അടുത്തുള്ള ഫോണിൽനിന്നും ബ്ലീപ്പ് വന്ന നമ്പറിലേക്ക് തിരിച്ചുവിളിച്ച് കാര്യം അന്വേഷിക്കും അത്രതന്നെ.).

ഡിസംമ്പർ-ജനുവരി കാലം നല്ല തണുപ്പ്. ഒരു ദിവസം അന്ന് അപ്പുണ്ണി മാത്രമേ ഓഫീസിലുള്ളൂ. ജയിംസ് ലീവിലാണ്. രാവിലെ അഹമ്മദ് ഷോപ്പിലേക്ക് കടന്നുവന്നു. അപ്പുണ്ണിയെ അരികിലേക്ക് വിളിച്ചു. അദ്ദേഹം ആരോടോ സംസാരിച്ചുകൊണ്ടിരിക്കുന്ന (കതിനക്കുറ്റി മാതിരിയുള്ള) മൊബൈൽ ഫോൺ അപ്പുണ്ണിയുടെ ചെവിയുടെ ഭാഗത്തേക്കടുപ്പിച്ച് പിടിച്ചു.

"യൂ സ്പീക്ക്, **ടൂ.. മന്ത്സ്സ്,** യൂ സ്പീക്ക്.."

"ദൈവമേ..!" ഇത് എന്താ.. ആരോട് സംസാരിക്കാനാണ്..? ഈ സൈസ് ആദ്യമായിട്ടാ., നല്ലപ്പഴാ. അപ്പുണ്ണി ആകെ വിരണ്ടു.., വിയർത്തു.. ബുദ്ധി ഉണ്ടെങ്കിൽ പ്രവർത്തിക്കേണ്ട സമയം. അഹമ്മദിന് ഇംഗ്ലീഷ് അറിയില്ല. ഒറ്റ സ്റ്റേഷൻ, അറബിക് മാത്രം.

ഏതെങ്കിലും ഓഫീസിൽ കൊടുക്കാനുള്ള തുക രണ്ടു മാസത്തിനുള്ളിൽ കൊടുക്കാമെന്ന് ഈ വെടിക്കുറ്റിയിലൂടെ ഇംഗ്ലീഷിൽ പറയാനായിരിക്കണം അദ്ദേഹം ആവശ്യപ്പെടുന്നത്. "യൂ.. സ്പീക്ക് ടൂ.. മസ്സ്. യൂ സ്പീക്ക്.." വീണ്ടും അഹമ്മദിന്റെ ആവശ്യം.

എന്തും വരട്ടെ, അപ്പുണ്ണി അഹമ്മദ് തന്റെ നേർക്കുനീട്ടിയ മൊബൈൽക്കുറ്റി ഇടത്തേ ചെവിയോട് അടുപ്പിച്ചുപിടിച്ചു ശ്രദ്ധിച്ചു.

ആദ്യമായാണ് ഈ സൂത്രം ചെവിയിൽ വച്ച് കേൾക്കുന്നത്. ഒരു ഇരപ്പ്! നാട്ടിൽ വെറ്റില മുറുക്കുന്നവർക്കായി കുടത്തിലെ വെള്ളത്തിലിട്ട് സൂക്ഷിക്കുന്ന പാക്കുകുടം തുറന്നാൽ അതിലെ വെള്ളത്തിലും പരിസരത്തും ഇരയ്ക്കുന്ന കൊതുകുകളുടെ അതേ സ്വരം, അതോ തേനീച്ചക്കൂടിന്റെ സമീപത്തെ ഇരമ്പലോ..? ചില പൊട്ടലും ചീറ്റലും സമാസമം കേൾക്കാം. ശ്രീലങ്കാ പ്രക്ഷേപണ നിലയത്തിൽനിന്നും വരുന്ന ചലച്ചിത്രഗാനങ്ങൾ നാട്ടിലെ റേഡിയോയിൽ ശ്രവിക്കുന്ന പ്രതീതി. അപ്പുറം പറയുന്നത് വ്യക്തമായി കേൾക്കാൻ അപ്പുണ്ണി മൊബൈൽ കതിന ചെവിയോട് കൂടുതൽ അടുപ്പിച്ചു പിടിച്ചു, തുടർന്നു പറഞ്ഞു:

www.malankaralibrary.com

"സർ.., പ്ലീസ് ഗീവ് ഹിം ടൂ മന്ത്സ് ടൈം, ടു സെറ്റിൽ ഹിസ് അക്കൗണ്ട്, പ്ലിസ്.."

അപ്പുണ്ണി ഇത്ര പറയുകയും അഹമ്മദ് അപ്പുണ്ണിയുടെ ചെവിയിൽനിന്നും ഫോൺ തിരികെയെടുത്തു. ശേഷം വിണ്ടും പറഞ്ഞു: "നോ.. നോ.. ഡിയർ ഫ്രണ്ട്, യൂ സ്പീക്ക് യുവർ ഫ്രണ്ട് ടൂ.. മന്ത്സ്സ്.., യുവർ ലാങ്കേ്വജ്.."

എന്റെ ദൈവമേ.., ഓർമ്മയിൽ എവിടെയോ ഒരു മിന്നൽ! തന്നെ ഇവിടേയ്ക്ക് പറഞ്ഞുവിട്ട തോമസ്സാണ് ലൈനിൽ. അഹമ്മദിന് അദ്ദേഹത്തെ ലൈനിൽ കിട്ടിയപ്പോൾ സന്തോഷത്തിനായി അപ്പുണ്ണിക്ക് തന്നതാണ്, കൂട്ടുകാരനോട് സംസാരിക്കാൻ..!

അപ്പുണ്ണിക്ക് തോമസിനെ അറിയില്ല. കണ്ടിട്ടില്ല. ചേട്ടന്റെ കൂട്ടുകാരനാണ് ഈ തോമസ്. അറബി കരുതിയത് അദ്ദേഹം അപ്പുണ്ണിയുടെ കൂട്ടുകാരനാണെന്നാണ്. ബോധം തെളിഞ്ഞ അപ്പുണ്ണി തോമസ്സ് ചേട്ടനുമായി മലയാളത്തിൽ സംസാരിച്ചു, അഹമ്മദിന് സന്തോഷമായി. ടെലഫോൺ വയ്ക്കും മുൻപ് തോമസ്സ് ചേട്ടൻ ഇത്രകൂടി പറഞ്ഞു: "ഇവരങ്ങനാണ്.. സന്തോഷം വന്നാൽ എന്തുംചെയ്യും. എനിക്ക് അന്നരേ മനസ്സിലായിരുന്നു. നമുക്ക് പിന്നീട് നേരിൽ കാണാം.."

തോമസിനോട് നന്ദിപറഞ്ഞ് ഫോൺ അഹമ്മദിന് തിരികെക്കൊടുത്ത് അദ്ദേഹത്തോടും അപ്പുണ്ണി പറഞ്ഞു: "ശുക്രൻ.." (നന്ദി!)

ഇന്ത്യയിൽ മൊബൈൽ ഫോൺ ഉപയോഗിച്ചു തുടങ്ങിയത് 1995 ജൂലൈ 31നാണ്. ബംഗാൾ മുഖ്യമന്ത്രി ശ്രീ. ജ്യോതിബാസു കേന്ദ്രമന്ത്രി സുഖറാമിനെ കൽക്കട്ടയിൽനിന്നും ഡൽഹിയിലേക്കു വിളിച്ചാണ് ഉദ്ഘാടനം നടത്തിയത്. ഒരു മൊബൈൽ ഫോണിന്റെ വില അമ്പതിനായിരം രൂപയ്ക്ക് അടുത്തായിരുന്നു. വിളിക്കുന്നവന് 16 രൂപയും ഫോൺ കിട്ടുന്നവന് 8 രൂപയും (ആകെ 24 രൂപ ചെലവ്.) ആയിരുന്നു മിനിട്ടിനുള്ള ചെലവ്.

കേരളത്തിൽ 1996 സെപ്തംബർ 17ന് പ്രിയ കഥാകാരൻ ശ്രീ. തകഴി ശിവശങ്കരപ്പിള്ള ദക്ഷിണമേഖലാ നാവിക കമാന്റ് വൈസ് അഡ്മിറൽ എ. ആർ. ടാൻഡന് ഫോൺ ചെയ്ത് കേരളത്തിലെ മൊബൈൽ സേവനത്തിന് നാന്ദികുറിച്ചു. പ്രിയ കഥാകാരി മാധവിക്കുട്ടിയും പ്രസ്തുത ചടങ്ങിൽ സംബന്ധിച്ച് മൊബൈൽ ഉപയോഗിച്ചു. എറണാകുളം അവന്യൂ റീജൻ ഹോട്ടലിൽ നിന്നും ആയിരുന്നു ഫോൺ വിളിച്ചത്. ഉപയോഗിച്ചത് എസ്കോടെൽ മൊബൈൽ ഫോണും.

അപ്പുണ്ണിയെ പിടിച്ച ചിക്കൻരോഗം പൂർണമായും ഭേദപ്പെട്ടു. പക്ഷേ ദേഹത്തുണ്ടായ കുരുക്കളുടെ കറുത്തപാടുകൾ അവശേഷിച്ചു.

ആന്റണിയുടെ അറബി, ഷോപ്പിൽ വരാതിരുന്ന ഒരു ദിനം അപ്പുണ്ണിയോട് തന്റെ ജീവിതകഥ അദ്ദേഹം വിവരിച്ചു: എറണാകുളം സ്വദേശിയായ ആന്റണി ബഹറിനിൽ ചെറിയൊരു കമ്പനിയിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോഴാണ് നാട്ടിൽ അവന് വിവാഹ ആലോചനകൾ നടക്കുന്നത്. രണ്ടു വർഷം ആയപ്പോൾ കമ്പനി ടിക്കറ്റിൽ ആന്റണി നാട്ടിലേക്ക് യാത്രയായി. വീട്ടിൽ അപ്പനും

www.malankaralibrary.com

അമ്മയും ഒരു ഇളയ സഹോദരനും മാത്രം.

തിരുവനന്തപുരത്ത് സർക്കാർ ഉദ്യോഗസ്ഥയും നല്ല സാമ്പത്തിക സ്ഥിതിയും ഒരു ഇളയ സഹോദരനും ഉള്ള സുന്ദരിയായ നിഷയുടെ വിവാഹാലോചന ആന്റണിയെ തേടിയെത്തി. അങ്ങനെ നിഷ-ആന്റണി വിവാഹം ആഘോഷമായി നടന്നു. മാതാപിതാക്കളുമായി പെൺകുട്ടിക്ക് നല്ല സഹകരണം, സ്നേഹം. രണ്ടുമാസക്കാലത്തിൽ അവൾ തീർത്തും ഒരു വീട്ടമ്മയായി. ഉടനെ കുട്ടികൾ വേണ്ടെന്ന നിഷയുടെ നിബന്ധനയിൽ ആന്റണി കാര്യങ്ങൾ ക്രമീകരിച്ചിരുന്നു. ഇരുവരുടെയും ലീവുകൾ തീർന്നു. തിരുവനന്തപുരത്തേക്ക് നിഷയും അറബി നാട്ടിലേക്ക് ആന്റണിയും തിരിച്ചു. തിരുവനന്തപുരത്തേക്ക് ആന്റണി ദിവസവും വിളിക്കും. ആദ്യമൊക്കെ നല്ലരീതിയിൽ സംസാരം. എറണാകുളത്തേക്ക് ജോലി മാറ്റിയാലോ എന്ന് ആന്റണി ഇടയ്ക്കിടെ നിഷയോട് ചോദിച്ചാൽ. തത്ക്കാലം തിരുവനന്തപുരത്തു മതി എന്ന് അവൾ പറയും. ആന്റണി നിർബന്ധിച്ചില്ല. മാസങ്ങൾക്കു ശേഷം നിഷയുടെ പേരിലുള്ള വസ്തു ഓഹരി ഇടപാടുകൾ തന്റെ വീട്ടിൽനിന്നും കിട്ടിയതായി നിഷ പറഞ്ഞു. ഭാര്യയെ കാണാനുള്ള ആഗ്രഹവും അപ്പന്റെ മരണവും ഒന്നിച്ചായപ്പോൾ ആന്റണി ഒരു മാസത്തേക്ക് നാട്ടിലേക്ക് പോയി (സ്വന്തം ചെലവിലുള്ള ഇങ്ങനെയുള്ള യാത്രകൾ ഗൾഫുകാരന്റെ ബാധ്യത വർദ്ധിപ്പിക്കുന്നു.). സന്തോഷവതിയായി കഴിയുന്ന നിഷയെ കണ്ടതിലുള്ള സന്തോഷത്തോടെ ആന്റണി തിരികെ ഗൾഫിൽ.



രണ്ടുമാസം കഴിഞ്ഞപ്പോൾ നിഷയുടെ ഫോൺ: “അച്ചായാ.., നമ്മുടെ കണക്കുകൂട്ടലുകൾ തെറ്റി. പെട്ടെന്നൊരു ഛർദ്ദിയും തലക്കറക്കവും.. അടുത്തുള്ള ക്ലിനിക്കിൽ പോയി ടെസ്റ്റു നടത്തിയപ്പോൾ ഗർഭിണിയാണെന്നാണ്..”

ആന്റണി അതിയായി സന്തോഷിച്ചു. താനൊരു പിതാവാകുന്നതിലുള്ള സന്തോഷം.. നാട്ടിലെ മാതാവുമായി സന്തോഷവാർത്ത പങ്കുവച്ചു. അമ്മയ്ക്കും ഭയങ്കര സന്തോഷം.. കുറേയേറെ പലഹാരങ്ങളും മറ്റും ഉണ്ടാക്കി അമ്മ മരുമകളെ കാണാൻ തിരുവനന്തപുരത്തേക്കു പോയി. സന്തോഷപൂർവം തിരികെയെത്തി. ഒരാഴ്ച കഴിഞ്ഞുകാണും അന്നുമുതൽ നിഷയെ വിളിച്ചിട്ട് ഫോണിൽ കിട്ടുന്നില്ല. മാസം ഒന്നായപ്പോൾ നിഷയുടെ ഒരു കൂട്ടുകാരിയുടെ കത്ത് ആന്റ



www.malankaralibrary.com

ണിയെ തേടിയെത്തി. വളരെ ആശ്ചര്യപൂർവം ആന്റണി ആ കത്തു പൊട്ടിച്ചു വായിച്ചു.

തലകറങ്ങുന്നതായും ലോകം അവസാനിക്കുന്നതായും ആന്റണിക്കു തോന്നി. കൂട്ടുകാരിയുടെ കത്ത് ഇപ്രകാരം ആയിരുന്നു:

"പ്രിയ ആന്റണി, ഇത് എഴുതുന്നത് നിഷയുടെ കൂട്ടുകാരിയാണ്. നിഷ തന്റെ കാര്യങ്ങൾ ഒരു കത്തിലൂടെ ആന്റണിയെ അറിയിക്കണമെന്നു എന്നോട് പറഞ്ഞിട്ട് ആന്റണിയുടെ അഡ്രസ് എന്നെ ഏൽപ്പിച്ചിരുന്നു. അതിൻപ്രകാരമാണ് ഈ കത്ത് എഴുതുന്നത്. നിഷയുടെ അമ്മാവന്റെ മകനുമായി അവൾക്ക് കുട്ടിക്കാലും മുതൽക്കേ ബന്ധം ഉണ്ടായിരുന്നു. അവനെത്തന്നെ വിവാഹം കഴിച്ച് ജീവിക്കാനുള്ള ആഗ്രഹത്തിലും തീരുമാനത്തിലുമായിരുന്നു അവൾ. എന്നാൽ അവളുടെ അമ്മയും സഹോദരനും മറ്റും ഇതിന് എതിരായിരുന്നു. അവനുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ അവൾക്ക് കൊടുക്കാനുള്ളതൊന്നും കൊടുക്കില്ല എന്ന് അവർ പറഞ്ഞതിൻ പ്രകാരമാണ് ഇഷ്ടമല്ലാതെയും ആന്റണിയെ വിവാഹം കഴിക്കാൻ തയ്യാറായത്. മാസങ്ങൾക്കുമുമ്പ് അവൾക്ക് കിട്ടാനുള്ള വിഹിതം വീട്ടിൽനിന്നും അവൾ കരസ്ഥമാക്കിയിരുന്നു. വിവാഹത്തിനു ശേഷവും നിഷ അവളുടെ അമ്മാവന്റെ മകനുമായി ബന്ധം നിലനിർത്തിയിരുന്നു. അവളുടെ കുഞ്ഞ് അവന്റേതാണെന്നാണ് നിഷ പറഞ്ഞത്. അവൾ ജോലി രാജിവച്ച് അവനൊപ്പം ബാംഗ്ലൂരിന് പോയി.."

ആന്റണി ഇക്കാര്യങ്ങളെല്ലാം തന്റെ വീട്ടിൽ അറിയിച്ചു. അവരുടെ ആശ്വാസ, സാന്ത്വന വാക്കുകളാണ് ഇന്നത്തെ ആന്റണിയുടെ ഉള്ളുറപ്പ്.

* *

നാട്ടിൽ ഒരു ഹോട്ടൽ തുടങ്ങി തനിക്കും തന്റെ മൂന്നു മക്കൾക്കും വേണ്ട വരുമാനം കണ്ടെത്തി ശേഷം ജീവിതം സ്വസ്ഥതയോടെ ചെലവഴിക്കുക എന്നുള്ള ഉദ്ദേശത്തിലാണ് കൊല്ലം, കുണ്ടറയിലെ സാംസൺ ചേട്ടൻ തന്റെ പതിനഞ്ചിലേറെ വർഷത്തെ ബഹറിൻ പ്രവാസജീവിതത്തിന് അന്ത്യം കുറിച്ചത്. വിചാരിച്ചതുപോലെ കാര്യങ്ങൾ നടന്നു. വീടിനടുത്ത ജംങ്ഷനിൽ രണ്ടു മുറി കടകൾ വാടകയ്ക്കു കണ്ടെത്തി. നല്ലൊരു പാചകക്കാരനേയും കിട്ടി–കരിം ഭായി. പക്ഷേ ഒറ്റ ഉറപ്പ് അദ്ദേഹം ആവശ്യപ്പെട്ടു. "ദിവസവും കടയടയ്ക്കുമ്പോൾ എന്റെ ദിവസശമ്പളം കൃത്യമായി കിട്ടണം..". ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടതോടെ അദ്ദേഹം ജോലിക്കെത്താമെന്ന് ഏറ്റു. തുടർന്ന് ഹോട്ടലിനു വേണ്ടിയുള്ള കസേര, മേശ, ഡസ്ക്, പാത്രങ്ങൾ ഗ്യാസ് സ്റ്റൗവ് അരയ്ക്കാനും പൊടിക്കാനുമുള്ള യന്ത്രങ്ങൾ എന്നുവേണ്ട എല്ലാ കാര്യങ്ങളും സാംസൺ ചേട്ടൻ വാങ്ങി. ചെലവ് വിചാരിച്ചതിലും അപ്പുറമായെ



www.malankaralibrary.com

ങ്കിലും നല്ല ഭാവിയെ കരുതി സമാധാനിച്ചു. നോട്ടീസ് അടിച്ചിറക്കി. കടയുടെ ഉദ്ഘാടനവും നടന്നു. സഹായികളായി വീടിന്റെ അയൽപക്കത്തെ ചേച്ചിയും വന്നു. നല്ല കച്ചവടം. മാസം മൂന്നു കഴിഞ്ഞതോടെ ചെറിയ കല്യാണസദ്യ കൾക്കുള്ള ഓർഡറുകൾ ലഭിക്കാൻ തുടങ്ങി. അതിനനുസരിച്ചുള്ള പാത്രങ്ങളും മറ്റ് സദ്യാവിതരണ സാമഗ്രികളും വാങ്ങി.

രാവിലെ നാലുമണിക്ക് തുടങ്ങുന്ന ഹോട്ടൽ പരിപാടി രാത്രി പതിനൊന്നിന് അവസാനിക്കുന്ന വിധത്തിലായി. വീട്ടിൽ കടയടച്ചു ചെന്നാൽ ഒന്നു മയങ്ങി തിരിഞ്ഞു കിടക്കുമ്പോഴേക്കും നാലുമണി. അതിരാവിലെയുള്ള പച്ചക്കറിക്കട, മത്സ്യക്കട എന്നിവകളിലേക്കുള്ള ഓട്ട പ്രദക്ഷിണം.. പാലു വാങ്ങി ചായയ്ക്കായുള്ള തയ്യാറാകൽ എന്നുവേണ്ട സർവ്വതും സാംസൺ ചേട്ടന്റെ കരങ്ങളിലൂടെ ദിനവും നടന്നതോടെ നിലത്തിരിക്കാൻ സമയമില്ലാതായി. കാര്യങ്ങൾ ഇങ്ങനെ നടന്നു വരുമ്പോൾ ദാ വരുന്നു എട്ടിന്റെ പണി.. നിനച്ചിരിക്കാത്ത ദിവസങ്ങളിൽ കരിം ഭായി അവധിയെടുക്കാൻ തുടങ്ങിയതോടെ കൊടുക്കാനുള്ള, ചെയ്യാനുള്ള പാചക പരിപാടി മുടങ്ങി. ഓർഡർ തന്നവരുടെ ആവശ്യം സാധിക്കാൻ അടുത്തുള്ള ഹോട്ടലിൽനിന്നും ഭക്ഷണ സാധനങ്ങൾ വാങ്ങി വീട്ടുകാർക്ക് എത്തിക്കേണ്ടി വന്നു. ഇത് തുടർച്ചയായപ്പോൾ ഹോട്ടൽപണി പണിയാകുന്നതായി സാംസൺ ചേട്ടന് ബോധ്യപ്പെട്ടുതുടങ്ങി. എന്തു ചെയ്യാൻ..? കയ്ച്ചിട്ട് ഇറക്കാനും വയ്യ.., മധുരിച്ചിട്ട് തുപ്പാനും വയ്യാത്ത അവസ്ഥ. ശരീരം വല്ലാതെ ക്ഷീണിച്ചു. ഓർഡർ തരുന്നവരുടെ വിളികൾ എടുക്കാതായതോടെ അവരുടെ വിളികൾ നിന്നു.

അവസാനം ഉത്തരവാദിത്വം കാണിക്കാത്ത പാചകക്കാരന്റെ ആഗ്രഹം സാധിച്ചു. കടതന്നെ പൂട്ടിക്കെട്ടി. കിട്ടിയ വിലയ്ക്ക് ഹോട്ടൽ അനുബന്ധ സാധനങ്ങൾ പലർക്കായി പങ്കുവച്ചു. ആക്രി വിലയ്ക്ക് യന്ത്രസാമഗ്രികൾ കൊടുത്ത് കാശാക്കി. നഷ്ടം എത്രയെന്ന് ആലോചിക്കാനുള്ള നേരം ഇല്ല. അടുത്ത വിസയ്ക്കായുള്ള ശ്രമം വിജയിച്ചു. ദുബായിലേക്ക്. ഇപ്പോൾ ദുബായിൽ ചെറിയ ചെറിയ ജോലികൾ ഏറ്റെടുത്തുനടത്തി ജീവിതം പതുക്കെ മുൻപോട്ട് കൊണ്ടു പോകുന്നു.

ആഫ്രിക്കയിൽ നിന്നും സ്വരുക്കൂട്ടിയ എട്ടുകോടി മുടക്കി അവനൊരു കൺവൻഷൻ സെന്റർ പണിതുടർത്തി. സ്വന്തം നാട്ടിലുയരുന്ന കെട്ടിടം അവന്റെ അഭിമാനമായിരുന്നു. പാർട്ടിക്കാർ ചോദിച്ച സംഭാനകൾ എല്ലാം കൊടുത്തു. എന്നാൽ എത്ര തിന്നിട്ടും തികയാത്ത അവർ അവസാനം അവന് പണികൊടുത്തു. പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട അനുമതിക്ക് അവൻ നിരന്തരം കയറിയിറങ്ങി. ആഴ്ചകൾ മാസങ്ങളായി, ഓരോരോ കാരണങ്ങൾ. തന്റെ കെട്ടിടത്തിന് അനുമതി കിട്ടില്ലെന്നു ബോധ്യപ്പെട്ടതോടെ രണ്ടുമഴം കയറിൽ ആ പ്രവാസി തന്റെ ജീവിതം അവസാനിപ്പിച്ചു. അവിടംകൊണ്ടും തീർന്നില്ല. ഇല്ലാക്കഥകൾ പറഞ്ഞ് അവന്റെ കുടുംബത്തെക്കൂടി ഇല്ലാതാക്കാനായുള്ള ചരടുവലിയായി പിന്നീട്.

ഇങ്ങനെ എത്രയെത്ര ദാരുണ സംഭവങ്ങൾ പേറുന്നവരാണ് ഓരോ പ്രവാസിയും.

www.malankaralibrary.com




# 6. വാർഷികവും സമ്മാനവും

**അ**പ്പുണ്ണിയുടെ പ്രഥമ വിവാഹവാർഷികം കടന്നുവരുന്നു. ആഘോഷമായി അത് സ്ഥാപനത്തിൽ വച്ച് സ്വിമ്മിംഗ് പൂൾ സൈഡിൽ നടത്താൻ മാനേജർ റോബർട്ട് സാർ ഉൾപ്പെടെ എല്ലാവരുമായി ആലോചനയായി. സ്ഥാപനത്തിന്റെ ഉള്ളിൽത്തന്നെയുള്ള സ്വിമ്മിംങ്പൂളിന്റെ വശങ്ങളിൽ ചടങ്ങിൽ പങ്കെടുക്കാൻ വരുന്നവർക്ക് ഇരിക്കാനും കുട്ടികൾക്കും മുതിർന്നവർക്കും കലാപരിപാടികൾ നടത്തുന്നതിനും അവിടുത്തെ സൗകര്യം ധാരാളം. 1997 ഡിസംബർ 26-ാം തീയതി വൈകിട്ട് ബഹറിനിലെ ഫാമിലി പ്ലാസാ അപ്പാർട്ടുമെന്റിന്റെ പൂൾ സൈഡിൽ അപ്പുണ്ണിയുടെ വിവാഹ വാർഷിക ആഘോഷം സംഘടിപ്പിച്ചു. സുഹൃത്തുക്കളും ബന്ധുക്കളും ഒത്തുചേർന്നുള്ള ആഘോഷം. കഴിഞ്ഞവർഷം ഇതേദിനത്തിൽ വിവാഹത്തിന് ഉപയോഗിച്ച കോട്ടും സൂട്ടും പെട്ടിയിൽനിന്നും പൊക്കിയെടുത്തു, നീളത്തിനും വണ്ണത്തിനും യാതൊരു വ്യത്യാസവും വരാഞ്ഞതിനാൽ അതിനുള്ളിൽത്തന്നെ അപ്പുണ്ണി കയറിക്കൂടി. എല്ലാ കാര്യങ്ങളും ജനറൽ മാനേജർ റോബർട്ട് സെബാസ്റ്റ്യൻ സാർ ഒരു ഗൃഹനാഥൻ എന്നപോലെ തയ്യാറാക്കി. അദ്ദേഹത്തെ നന്ദിപൂർവ്വം ഓർക്കുന്നു.

ഭക്ഷണം, അലങ്കാരം, മ്യൂസിക് ഇത്യാദി കാര്യങ്ങൾക്കൊപ്പം അല്പം



www.malankaralibrary.com

മിനുങ്ങുന്നതിനുള്ള സേവയും പൂൾ സൈഡിൽ തയ്യാറാക്കിയിരുന്നു. വിളിച്ച സഖാക്കന്മാരെല്ലാം ഏഴുമണിക്ക് തന്നെ എത്തി. ഗംഭീരമായ ആഘോഷ പരിപാടികൾ. സുഹൃത്തുക്കളുടെ സന്തോഷവും സഹകരണവും. ഒന്നാം വാർഷികം കുശാലാക്കി എന്നു പ്രത്യേകം പറയേണ്ടല്ലോ..!

ഇതേ സ്വിമ്മിങ്ങ് പൂളിന്റെ അരികിൽ അപ്പുണ്ണിയുടെ വിവാഹ വാർഷികം നടന്നതിന്റെ മുൻ ആഴ്ചയിൽ കാർത്തികപ്പള്ളിയിലെ അലക്സ് ബേബി അച്ചായന്റെ മകൻ വിനയിന്റെ ജന്മവാർഷികം ആഘോഷിക്കുന്ന ചടങ്ങു നടത്തിയിരുന്നു. ബന്ധുമിത്രാദികളും സുഹൃത്തുക്കളും ഉൾപ്പെടുന്ന വലിയൊരു സംഘം അന്നും പങ്കെടുത്തു. എങ്ങും എല്ലാവർക്കും സന്തോഷം. പാട്ടുപെട്ടിയിൽ തമിഴ് സൂപ്പർ ഗാനം ഉയർന്ന് അലയുയർത്തി. ചിലർ തല ചെറുങ്ങനെ ആട്ടിത്തുടങ്ങി. ചിലരുടെ കാല് താനെ ആടിത്തുടങ്ങി (പാട്ട് പെരുപ്പും ആട്ടവും വർദ്ധിപ്പിക്കുമെന്ന് അപ്പുണ്ണിക്ക് അന്ന് ബോധ്യമായി!) കൂട്ടത്തിലുണ്ടായിരുന്ന പരമൻ പത്തനാപുരം എന്ന പുന്നമ്മൂട് സോദരന് ഉടനെ പാട്ടിനനുസരിച്ച് ചുവട് വയ്ക്കണമെന്ന് വർദ്ധിത പൂതി. പള്ളിപ്പാട് റോയി ചേട്ടൻ പാട്ടു പെട്ടിയിലെ പാടിത്തീർന്ന സി.ഡി. വീണ്ടും കറക്കിവിട്ടു, ശബ്ദം അല്പംകൂടി വർദ്ധിപ്പിച്ചു. "മുക്കാല... മുക്കാബലാ.. ലൈലാ.. ഓ.. ലൈലൈ.."

പ്രഭുദേവ അണ്ണൻ സിനിമയിൽ അവതരിപ്പിച്ച ചില സ്റ്റൈലുകൾ അവതരിപ്പിക്കേണ്ട താമസം.. ചുവടുപിഴച്ച പരമൻ സോദരൻ ദാ കിടക്കുന്നു.. കയ്യും കുത്തി!

സൽമാനിയ മെഡിക്കൽ സെന്ററിലെ ഡോക്ടർ അവറുകൾക്ക് കൈക്കുഴ തിരിച്ചിടാൻ വേദനാ സംഹാരി ഒന്നും ആവശ്യം വന്നില്ല എന്നത് ഒറ്റ ഗുണം.. നല്ല പെരുപ്പാല്ലായിരുന്നോ.. നല്ല നമ്പർ വൺ പെരുപ്പ്!.

വിവാഹ വാർഷികത്തിന് സഹപ്രവർത്തകരും സ്നേഹിതരുമേകിയ സ്നേഹസമ്മാനങ്ങൾ സ്വിമ്മിങ് പൂളിന്റെ മൂലയിൽ കൂനയായി ഉയർന്നപ്പോൾ അപ്പുണ്ണി തനിക്ക് പണ്ടു ലഭിച്ച സമ്മാനങ്ങളെക്കുറിച്ച് ഓർത്തുപോയത് സ്വാഭാവികം.

ലഭിച്ച സമ്മാന വകയിൽ ആദ്യം മനസ്സിലേക്ക് ഓടിയെത്തിയത് രാമ



www.malankaralibrary.com

പുരം കത്തോലിക്കാ പള്ളിയിൽ സണ്ടേസ്കൂളിൽ പഠിക്കവെ വാർഷികപരീക്ഷയ്ക്കും ഓട്ടം, ചാട്ടം, ബൈബിൾ ക്വിസ്, വാക്യമത്സരം എന്നുവേണ്ട എല്ലാ ഐറ്റങ്ങളിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ ഏതേലും ഒരെണ്ണം ഉറപ്പാക്കിയിരുന്നു എന്നുള്ളതാണ്. സമ്മാനം എന്നത് സോപ്പുപെട്ടി, പേന, പെൻസിൽ, വെള്ളം കുടിക്കുന്ന ഗ്ലാസ്, ചായക്കപ്പും സോസറും ആഹാരം കഴിക്കുന്ന പാത്രങ്ങൾ എന്നിവയാണ്. ഇല്ലായ്മകളുടെ അക്കാലത്ത് ഇങ്ങനെയുള്ളവ ലഭിക്കുന്നത് വീട്ടിലേക്ക് ഒരു അനുഗ്രഹംതന്നെ ആയിരുന്നു (ഇന്നത്തെ തലമുറയ്ക്ക് ഇത് വിചിത്രമായി തോന്നിയേക്കാം.). ഇടവക അംഗങ്ങളായുള്ള വീട്ടുകാരുടെ ഇല്ലായ്മ അറിഞ്ഞ് അക്കാലത്ത് ഇങ്ങനെയുള്ള സമ്മാനങ്ങൾ കുട്ടികൾക്ക് നൽകുവാൻ വികാരി അച്ചൻമാർക്ക് പ്രേരണനൽകിയത് അന്നത്തെ സണ്ടേസ്കൂൾ പ്രധാന അധ്യാപകനായിരുന്ന പുന്നക്കോയിക്കൽ ജോൺസാർ ആയിരുന്നു. മുപ്പതിലധികം വർഷക്കാലം അദ്ദേഹം ആ പള്ളിയിലെ സണ്ടേസ്കൂളിന്റെ പ്രധാന അധ്യാപകനായി ചുമതല വഹിച്ചിട്ടുണ്ട് (ഇതിന്റെ പേരിൽ സഭയോ ഇടവകയോ അദ്ദേഹത്തെ അഭിനന്ദിച്ച് ഒരു നന്ദിവാക്ക് പറഞ്ഞോ എന്ന് അപ്പുണ്ണിക്ക് സംശയമുണ്ട്.). ചേപ്പാട് ക്രൈസ്റ്റ് കിംങ്ങ് സ്കൂളിലെ കണക്ക് അധ്യാപകൻ കൂടിയായിരുന്നു അദ്ദേഹം. രാമപുരം കത്തോലിക്കാ പള്ളിയുടെ തുടക്കം മുതൽ ഇന്നോളം എല്ലാ കാര്യങ്ങളിലും ന്യായവും സ്പഷ്ടവുമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അവസാന വാക്കും അതു നടപ്പിൽ വരുത്തുന്നതിനും ഉള്ള തലയാളുമായിരുന്നതുകൂടാതെ അദ്ദേഹം അപ്പുണ്ണിയുടെ സണ്ടേസ്ക്കൂൾ പത്താംക്ലാസ്സിലെ അദ്ധ്യാപകനും ആയിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ റജി ജോൺ അപ്പുണ്ണിയുടെ ഒരു നല്ല സുഹൃത്തും സഹപാഠിയുമാണ്. എന്തായാലും പിൽക്കാലത്ത് ജോൺസാറിനെ ആദരിച്ചു ബഹുമാനിക്കാനുള്ള അവസരം അപ്പുണ്ണിക്ക് ലഭിച്ചു.

അപ്പുണ്ണിയുടെ എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞു. റിസൾട്ട് അറിഞ്ഞു. സെക്കന്റ് ക്ലാസ്സിൽ പാസ്സായി. 1985 കാലങ്ങളിൽ നാടിന്റെ വിവിധ ഭാഗങ്ങളിൽ വൈ.എം.സി.എ. സംഘടനകളുടെ ശാഖകൾ നിലനിന്നിരുന്നു. അതിലൊരു ശാഖ മുതുകുളത്തും പ്രവർത്തിച്ചിരുന്നു. മുതുകുളം സംഘടനയിൽ വില്യംസ് ചേട്ടനും ചേലിപ്പള്ളിയിലെ എബ്രഹാം അച്ചായനും ബംഗ്ലാവിലെ ഇരട്ടകളായ രാജനച്ചായനും ബാബുച്ചായനും രഞ്ജിനി ഹോട്ടലിന്റെ നടത്തിപ്പുകാരൻ അനിയൻ അച്ചായനും അപ്പുണ്ണിയുടെ ക്രിക്കറ്റ് കളിക്കൂട്ടുകാരൻ എഡ്വേർഡിന്റെ പിതാവ് ബഞ്ചമിൻ സാറും ശേഷം കുറേ തൽപരകക്ഷികളും അംഗങ്ങളായിരുന്നു. ഒരു ദിനം ഇവർ അപ്പുണ്ണിയോട് പറഞ്ഞു: “വരുന്ന വ്യാഴാഴ്ച വൈകിട്ട് മൂന്നുമണിക്ക് നങ്ങ്യാർകുളങ്ങര കവലയ്ക്ക് കിഴക്കുവശമുള്ള ബഥനി ബാലികാമഠം സ്കൂളിൽവച്ച് വൈ.എം.സി.എ. താലൂക്ക് യൂണിയന്റെ ഒരു മീറ്റിങ്ങുണ്ട്. അവിടെവച്ച് എസ്.എസ്.എൽ.സി പരീക്ഷ പാസായ വൈ.എം.സി.എ. കുടുംബ കുട്ടികളെ അനുമോദിക്കുന്നുണ്ട്.. അപ്പുണ്ണിയുടെ പേര് കൊടുത്തിട്ടുണ്ട്. തീർച്ചയായും പങ്കെടുക്കണം.. സമ്മാനം കിട്ടും.. എന്താ പോകില്ലേ?”

അപ്പുണ്ണിയുടെ മനസ്സിൽ ലഡു പൊട്ടാതിരിക്കുമോ..? എട്ടുനില

www.malankaralibrary.com

പൊക്കത്തിൽ പൊട്ടി. എന്തായിരിക്കും സമ്മാനം?, എന്തുമാകട്ടെ.. പാത്രമായാലും പേനയായയലും പെൻസിലായാലും സോപ്പുപെട്ടി ആയാലും ഓർമ്മയിൽ സൂക്ഷി ക്കാൻ ഒരു സമ്മാനം ആയില്ലേ..!

"ശരി.." അപ്പുണ്ണി സമ്മതിച്ചു തലയാട്ടി. (തലമാത്രമോ എന്നുള്ള സംശയം ഇപ്പോഴും ഇല്ലാതില്ല.)

"**സമ്മാനമേതായാലും അതിങ്ങു കിട്ടായാൽ മതിയായിരുന്നു..**" എന്നുള്ള സദ്ചിന്ത അപ്പുണ്ണിയെ അലട്ടിത്തുടങ്ങി. ബുധനാഴ്ച ദിവസം കഴിച്ചു കൂട്ടാൻ പെട്ടപാട് അപ്പുണ്ണിക്ക് മാത്രമേ അറിയൂ.. നാളെയാണ് അപ്പുണ്ണിക്ക് എസ്. എസ്.എൽ.സി പരീക്ഷ പാസായതിന്റെ പേരിലുള്ള സമ്മാനം വൈഎംസിഎ യുടെ താലൂക്ക് യൂണിറ്റിൻനിന്നും ലഭിക്കുന്നത്. രാത്രിയിൽ കിടന്നുകണ്ട സ്വപ്ന ങ്ങൾക്ക് നോ.. ലിമിറ്റ്. ഇടേണ്ട ഉടുപ്പിനേക്കുറിച്ച് വലിയ ടെൻഷൻ ഒന്നും ഉണ്ടാ യില്ല. ഒരെണ്ണം ഉള്ളവന് അതെടുത്ത് ഇട്ടിട്ട് അങ്ങ് പോയാൽ പോരെ..?, ചേട്ടന്റെ മുണ്ടുകളിൽനിന്നും പഴയ ഒരെണ്ണം കിട്ടിയത് വളരെ ബഹുമാനത്തോടുകൂടി യാണ് കൊണ്ടു നടക്കുന്നത് (കരയ്ക്കു താഴെയുള്ള തുള താഴേയ്ക്കു കീറിപ്പോ യാൽ പോയതാ.). പത്താം ക്ലാസിൽ പഠിക്കുമ്പോഴല്ലേ അപ്പുണ്ണിക്ക് നിക്ക റിൽനിന്നും മുണ്ടിലേക്ക് പ്രമോഷൻ ലഭിച്ചത്. ഇട്ടോണ്ടിരുന്ന നിക്കറിന്റെ മേലെ ഒരു മുണ്ട്. അത്രതന്നെ. നല്ലൊരു മുണ്ട് ലഭിക്കുന്നതിനായി അപ്പുണ്ണി പലരോടും പലവട്ടം കെഞ്ചിയിട്ടുണ്ട്.. തിരിച്ചുകിട്ടിയ രൂക്ഷമായ നോട്ടത്തിൽ ആ പ്രതീക്ഷ അസ്തമിക്കുകയും ചെയ്തിട്ടുണ്ട് (കാമദേവനെ ചുട്ടുകരിച്ച പരമശിവന്റെ നോട്ട ത്തിന് ഇത്ര തീക്ഷണത ഉണ്ടായിരുന്നോ എന്ന് അപ്പുണ്ണി സംശയിക്കുന്നു!). അതൊരു കാലം!

വ്യാഴാഴ്ച. ഉച്ചയ്ക്കുള്ള ആഹാരശേഷം നട്ടം വെയിലത്ത് അപ്പുണ്ണി അപ്പന്റെ സൈക്കിളിൽ വീട്ടിൽനിന്നും ഏകദേശം അഞ്ചു കിലോമീറ്റർ അകലെ യുള്ള കവലയിലെ ബഥനി സ്കൂളിലേക്ക്. യാത്രയ്ക്കുമുമ്പ് സൈക്കിൾ കാരി യറിന്റെ വശത്ത് പ്രത്യേകം ഉറപ്പിക്കാവുന്ന ഒരു പെട്ടിയും ഫിറ്റുചെയ്തു. അപ്പുണ്ണി ചന്തയിലും കടയിലും മറ്റും പോകുമ്പോൾ ഇത് പ്രത്യേകം എടുത്തുവച്ചാണ് പോകുന്നത്. കടയിൽനിന്നും വാങ്ങുന്ന സാധനം സുരക്ഷിതമായി വീട്ടിൽ എത്തി ക്കുന്നതിന് ഇത് സഹായിക്കും. കവലയിലെ സ്കൂളിൽ സമ്മാനം വാങ്ങാൻ പോകുവല്ലേ.. സൈക്കിളിൽ പെട്ടി എടുത്തുവച്ച് ഉറപ്പിച്ചു. കനത്തിലെന്തെങ്കിലും കിട്ടാൻ സാധ്യതയുണ്ട്. വൈ.എം.സി,എ.യുടെ യൂണിയനല്ലേ വിളിച്ചിരിക്കുന്ന ത്..? സമ്മാനം വഴിയിൽ പോകാതെ വീട്ടിൽ കൊണ്ടുവരണം. അത് നാട്ടുകാരും വിരുന്നുകാരായ സ്വന്തക്കാരെല്ലാം വന്നിരിക്കുന്ന സിറ്റിങ് മുറിയിൽ പ്രത്യേകം പൂമാലയിട്ട് വയ്ക്കണം.. നാലാൾ കാണട്ട്. കണ്ടിട്ട് അവർ പറയും:

"അപ്പുണ്ണി മിടുക്കനാടാ.. കണ്ടില്ലേ പഠിച്ചു സമ്മാനം വാങ്ങി വച്ചിരിക്കുന്നത്.."

വരുന്നവർ വരുന്നവർ അപ്പുണ്ണിക്ക് ഷേക്ക് ഹൻഡ് നൽകും.. ചേട്ടനും മറ്റും കണ്ട് അസൂയപ്പെടട്ട്. സൈക്കിളിൽ കയറുംമുമ്പ് അപ്പുണ്ണി പെട്ടി നന്നായി ഉറച്ചുവോ.. എന്ന് വീണ്ടും ഉറപ്പാക്കി. മാതാശ്രീ എപ്പോഴും അപ്പുണ്ണിയെ ഓർമ്മി പ്പിക്കാറുണ്ട് : "മോനേ.., നേട്ടത്തേക്കാൾ നല്ലതാണ് സൂക്ഷം.."

www.malankaralibrary.com

അമ്മയുടെ ഈ സൂക്തം കേൾക്കുമ്പോൾ അപ്പുണ്ണി മനസ്സിൽ വെറുതെ പറയും: “ചേട്ടത്തിയേക്കാൾ നല്ലതാണ് അനുജത്തി..”

ശാപ്പാടു കഴിഞ്ഞ് സൈക്കിളിൽ അറഞ്ചം പൊറഞ്ചം ദേശീയപാത നാല്പത്തിയേഴിലൂടെയുള്ള ചവിട്ടൽ. നട്ടുച്ചയ്ക്കു സൂര്യഭഗവാൻ കത്തിജ്വലിച്ചു നിൽക്കുന്നു. അദ്ദേഹവും മനസ്സിൽ ഇങ്ങനെ വിചാരിച്ചുകാണണം:

“ഈ നട്ടുച്ചയ്ക്ക് ഇവനെവിടെ ഭ്രാന്തിളകി പോകുവാ..?”

എന്നാലും അപ്പുണ്ണിയോടുള്ള പ്രത്യേക കരുതലിലാകാം ഇടയ്ക്കിടയ്ക്ക് അദ്ദേഹം തട്ടാരുമുക്കിലെ ജോയിച്ചായന്റേയും ഗോപാലൻ ചേട്ടന്റേയും മാടക്കടകളിലെ റാന്തൽ വിളക്കിന്റെ ജ്വാല രാത്രിയിൽ മണ്ണെണ്ണ വേഗം തീരാതിരിക്കാൻ താഴ്ത്തി വയ്ക്കുന്നപോലെ തന്റെ കടുപ്പം കുറച്ചുനിന്നത്!

ഉച്ചവെയിലൽപവും കളയാതെ സൈക്കിൾ ചവിട്ടിവന്ന് അപ്പുണ്ണി ഇപ്പോൾ നിൽക്കുന്നത് കവലയിലെ ബഥനി സ്കൂളിന്റെ മുന്നിലെ റോഡിലാണ്. ഇരുന്നു ചവിട്ടിയ സൈക്കിൾ സീറ്റിന്റെ പിന്നിലൂടെ കാലു വീശിയെടുത്ത് പതുക്കെ സൈക്കിളിൽനിന്നും ഇറങ്ങി. തട്ടാരമ്പലം വഴി മാവേലിക്കരയിലേക്കുള്ള റോഡിന്റെ വടക്കുവശത്തെ എൽ.പി.സ്കൂൾ മുറ്റത്തേക്ക് വരുന്നവർക്ക് കയറത്തക്കവണ്ണം സ്കൂൾ ഗേറ്റ് തുറന്നിട്ടിട്ടുണ്ട്. തണൽ കണക്കാക്കി സൈക്കിൾ, ഒരു ഗൗളിഗാത്രം തെങ്ങിന്റെ മൂട്ടിലേക്ക് കേറ്റി ചാരിവച്ചു പൂട്ടി. താക്കോൽ ഉടുപ്പിന്റെ പോക്കറ്റിൽ നിക്ഷേപിച്ചു.

“ഹാവൂ.. എന്തൊരു ക്ഷീണം..!”



ഒന്നു രണ്ടു മുതിർന്ന ആൾക്കാർ സ്കൂളിന്റെ മുറ്റത്ത് അവിടവിടെയായി നിൽക്കുന്നു. വൈ.എം.സി.എ. ഭാരവാഹികളായിരിക്കണം..?

“സാറേ.. ഇവിടല്ലേ വൈ.എം.സി,എ .യുടെ താലൂക്ക് യൂണിയന്റെ സമ്മാനം കൊടുക്കുന്ന യോഗം നടത്തുന്നത്..?”

“അതേ.. അതേ.. ആ ക്ലാസ് മുറിയിലേക്ക് കയറിയിരിക്ക്..”

പത്തുമിനിട്ട് കഴിഞ്ഞപ്പോൾ ഏതാനും ആൾക്കാർകൂടി കടന്നുവന്നു. ഭാരവാഹികളും സഹകാരികളും ആയേക്കാം. ആകെ പതിനഞ്ചോളം പേർ.. അപ്പുണ്ണിയുടെ പ്രായത്തിൽ വേറെ രണ്ടു കുട്ടികൾ അപ്പുറത്തെ വരിയായി ഇട്ടിരിക്കുന്ന ബഞ്ചിൽ ഇരിപ്പുണ്ട്. അവരും സമ്മാനം ഏറ്റുവാങ്ങാൻ എത്തിയതായിരിക്കാം. 3.30തിന് മീറ്റിങ്ങ് തുടങ്ങി. മഹാപാതകമായി ഘോരാഘോരം പ്രസംഗം.. ഇടയ്ക്കിടയ്ക്ക് ആളുകൾ മാറുന്നുണ്ട്. ഓരോരുത്തർ കഴിയുമ്പോഴും അപ്പുണ്ണി മനസ്സിൽ പറയും

“ദാ.. ഇപ്പോൾ കിട്ടും.. ദാ.. ഇപ്പോൾ സമ്മാനം തരും.”

ചായ സ്റ്റീൽ ഗ്ലാസ്സിൽ ഇടയ്ക്കു കിട്ടി. സമ്മാന വിതരണത്തിനുള്ള വിളി

www.malankaralibrary.com

കൾ മുഴങ്ങി. "അച്ചൻകുഞ്ഞ്, ജോർജ്, അപ്പുണ്ണി." മൂവരും പേര് വിളിക്കുന്നതിന് അനുസരിച്ച് മുമ്പോട്ടു നടന്നുചെന്ന് സമ്മാനങ്ങൾ വാങ്ങി. ബ്രൗൺ കവറിന്റെ ഒരോ പാക്കറ്റുകൾ ഓരോരുത്തർക്കും വന്നവരിൽ പ്രധാനി കൈമാറി.

അപ്പുണ്ണി സമ്മാനം കൈനീട്ടി വാങ്ങും മുമ്പ് എല്ലാവരേയും താണുതൊഴുതു.. പൊതി വാങ്ങിയ ശേഷവും എല്ലാവരെയും പൊതിയോടുകൂടി നീട്ടിത്തൊഴുതു. നേരത്തേ ഇരുന്നിരുന്ന പിന്നിലെ ബഞ്ചിലേക്ക് നടന്നു, ഇരുന്നു. നടക്കുന്ന കൂട്ടത്തിൽ അപ്പുണ്ണി പാക്കറ്റിൽ ഒരു ഞെക്കുപരിശോധന നടത്തി. പണ്ട് വീടിന്റെ തെക്കേപ്പുറത്തെ റോഡിൽ അപ്പുണ്ണി ചാണകം പാക്കറ്റാക്കി അവിടവിടായി ഇടുമ്പോൾ ആക്രാന്തം മൂത്ത അയലത്തുകാരും യാത്രികരും അതു ക്രാഞ്ചിക്കൊണ്ടുപോകുമ്പോൾ തള്ളവിരലിന് പൊതിയിൽ ഒന്ന് ആഞ്ഞ് അമർത്താറുണ്ട്.. നോട്ടുതന്നെയാണോ എന്ന് ഉറപ്പിക്കുന്നതിനുള്ള അമർത്തലാണ് അത്.. ഇവിടെ ഒറ്റ വ്യത്യാസമേയുള്ളു ഞെക്കുന്നത് അപ്പുണ്ണിയാണ്.. പാക്കറ്റിൽ ചാണകമല്ല.. എന്തോ സമ്മാനമാണ്..! പക്ഷേ.. ചാണകം പോലെ ഞെക്കു കൊള്ളുന്നുണ്ട്.

ബഞ്ചിലേക്ക് പോയിരുന്നു. എന്തായിരിക്കും സമ്മാനം? ഉള്ളിൽ ആകെയൊരു അങ്കലാപ്പ്. മീറ്റിങ്ങ് തുടർന്നുകൊണ്ടിരിക്കുന്ന മുന്നിലേക്ക് നോക്കി അപ്പുണ്ണി ആരും കാണാതെ പാക്കറ്റിന്റെ ഒരു മൂല പതുക്കെ കീറി. മുന്നിൽ യോഗത്തിന്റെ ആശംസകൾ പൊടിപൊടിക്കുന്നു. ബ്രൗൺ പാക്കറ്റിൽനിന്നും ഒരു മഞ്ഞ നിറം നീണ്ടുവന്നു. "ഒരു ഞാലിപ്പൂവൻ പഴം..",കവർ കുറച്ചുകൂടി കീറി. "ഒരു ഉഴുന്നു വട.., ഒരു ബന്ന്, രണ്ടു ഹോർലിക്സ് ബിസ്ക്കറ്റ് കഷണം..!" (ബന്നിൽ വിരൽ പതിഞ്ഞപ്പോഴാകാം വിരൽ പുതഞ്ഞുപോയത്..! പാക്കറ്റിലേക്ക് ഒരു നിമിഷം നോക്കിയ അപ്പുണ്ണി മീറ്റിങ്ങ് നടക്കുന്നിടത്തേക്ക് വീണ്ടും കണ്ണുകളെ തിരിച്ചുവിട്ടു. കൃതജ്ഞത യൂണിയൻ സെക്രട്ടറി പറയുന്നു. എസ്.എസ്.എൽ.സി. പാസായ മിടുക്കരായ വൈ.എം.സി.എ.യുടെ കുടുംബ അംഗങ്ങളെ താലൂക്ക് യൂണിയന്റെ ആഭിമുഖ്യത്തിൽ വിളിച്ചുവരുത്തി. ഭാരവാഹികൾ മിടുക്കർക്ക് ഉപഹാരം പാക്കറ്റിലാക്കി കൊടുത്തിരിക്കുന്നു. ഒരു ഞാലിപ്പൂവൻ പഴം.., ഒരു ഉഴുന്നു വട.., ഒരു ബന്ന്, രണ്ടു ഹോർലിക്സ് ബിസ്ക്കറ്റ്. പട്ടിണി കിടന്നു പഠിക്കാതിരിക്കാനുള്ള വൈ.എം.സി.എ. താലൂക്ക് കമ്മിറ്റിയുടെ സംരംഭം..!

യോഗം കഴിഞ്ഞു. എസ്.എസ്.എൽ.സി. പാസായതിന് വൈ.എം.സി.എ.യിൽനിന്നും ലഭിച്ച ഈ ഉപഹാരവുമായി വീട്ടിലേക്കു ചെന്നാൽ സമ്മാനത്തിന്റെ അവകാശികൾ കൂടും. ഒരു പഴം നാലാകും രണ്ടു ബിസ്ക്കറ്റുകളും തവിട്ടുപൊടിയാകും. ബിസ്ക്കറ്റിന്റെ "പൊടിപോലും കിട്ടില്ല കണ്ടുകഴിക്കാൻ". ഉഴുന്നുവടയുടെ തുളയെങ്കിലും കിട്ടുമെന്ന് ഉറപ്പുപറയാൻ പറ്റില്ല. ബന്നു തിന്നാൻ പോയിട്ട് കാണാൻ പോലും പറ്റുമെന്നു തോന്നുന്നില്ല. ലഭിച്ച ഉപഹാരം വച്ചുതാമസിപ്പിക്കാതെ പലഹാരമാക്കി അവിടെവച്ചുതന്നെ തീർപ്പാക്കി. പഴത്തൊലി സമ്മാനത്തെളിവിനായി പേറു കഴിഞ്ഞ വയറുപോലെയുള്ള ബ്രൗൺ പൊതിയിലിട്ട് സൈക്കിൾ കാരിയർ ബോക്സിലേക്ക് നിക്ഷേപിച്ചു മനസ്സിൽ കണക്കുകൂട്ടി.. "തൊലി വീട്ടിലെ കിങ്ങിണി ആടിന് കൊടുത്ത് പാലാക്കാം.. അങ്ങനെ ആകു

www.malankaralibrary.com

മ്പോൾ കിങ്ങിണിയുടെ പാലിലൂടെ വീട്ടിലെ എല്ലാ അംഗങ്ങൾക്കും സമ്മാനത്തിന്റെ വിഹിതം കിട്ടുകയും ചെയ്യും..''

''മരിച്ചവരുടെ ശവമടക്ക് കഴിയുമ്പോൾ ഇതുപോലൊരു പൊതി ശവക്കോട്ടയുടെ മുന്നിൽവച്ച് വരുന്നർക്ക് കൊടുക്കാറുണ്ട്. പക്ഷേ അതിനുള്ളിൽ ഒരു പഫ്സും ഓലപ്പടക്കം പോലെയുള്ള സമോസയും കൂടി കാണും..'' അപ്പുണ്ണി മനസ്സിൽ ഓർത്തു. അകത്തുചെന്ന ആഹാരത്തിന്റെ ഉശിരിൽ അപ്പുണ്ണി സൈക്കിളിൽ കയറി വീട്ടിലേക്ക് ആഞ്ഞു ചവിട്ടി. വലിയ സമ്മാനം കൊണ്ടുവരാൻ സൈക്കിൾ കാരിയറിന്റെ വശത്തു ഫിറ്റുചെയ്തിരുന്ന പെട്ടി ''കട.. കട..'' അടിക്കുന്നു. കളിയാക്കലിന്റെ ഒരു ധ്വനി ആ ''കട..കട..'' ശബ്ദത്തിൽ ഇല്ലേ എന്ന് ഉള്ളിന്റെയുള്ളിൽ തോന്നാതിരുന്നില്ല. സൈക്കിൾ ചവിട്ടി ക്ഷീണിച്ചു വലഞ്ഞു വീട്ടിൽ വന്നു കയറിയപാടേ അമ്മ ചോദിച്ചു: ''എന്തിയേടാ.. കിട്ടിയ സമ്മാനം..?, പെട്ടിയിലിട്ടോണ്ടാണോ.. വന്നത്..?''

''പെട്ടിയിലല്ലമ്മാ.. വയറ്റിലിട്ടോണ്ടാ വന്നത്.. പാക്കറ്റിലിട്ട് ഒരു ഞാലിപ്പൂവൻ പഴം.., ഒരു ഉഴുന്നു വട.., ഒരു ബന്ന്, രണ്ടു ഹോർലിക്സ് ബിസ്ക്കറ്റ്, ഇതായിരുന്നു സമ്മാനം. കഴിച്ച പഴത്തിന്റെ തൊലി കളയാതെ കിങ്ങിണിക്കുള്ള പലഹാരമായി കൊണ്ടുവന്നിട്ടുണ്ട്.. ദാണ്ട്..''



അപ്പുണ്ണി താൻ ബഥനി സ്കൂളിൽവച്ചു കഴിച്ച പഴത്തിന്റെ തൊലി എടുത്ത് കിങ്ങിണിക്ക് കൈവെള്ളയിലിട്ട് നീട്ടി കൊടുത്തുകൊണ്ടു പറഞ്ഞു:''ഇന്നാടി.. അപ്പുണ്ണി എസ്.എസ്.എൽ.സി. പാസായതിന് വൈ.എം.സി.എ. താലൂക്ക് യൂണിയനിൽനിന്നും ലഭിച്ച ഉപഹാരത്തിന്റെ വിഹിതം..നീ.. കഴിച്ചോണ്ട് ഗുളികയിട്..''

വല്യമ്മച്ചി (അപ്പന്റമ്മ) മുറുക്കാൻ ചവയ്ക്കുന്ന ലാഘവത്തോടെ കളിച്ചു, രസിച്ചു, മദിച്ചു ചവച്ചുകൊണ്ട് പലകപ്പുറത്തു അയവെട്ടിക്കിടന്നിരുന്ന കിങ്ങിണി ഞാലിപ്പൂവൻ പഴത്തൊലി കണ്ട് വർദ്ധിത സന്തോഷത്തോടെ ചാടിയെഴുന്നേറ്റു. ''മേ..'' എന്ന് അവൾ മുരടനക്കി. കൈവെള്ളയിൽ വച്ചുനീട്ടിയ പഴത്തൊലി (അവാർഡിന്റെ അവശിഷ്ടം.) വേഗം നാക്കുനീട്ടി ചുരുട്ടിച്ചവച്ച് അകത്താക്കുമ്പോൾ അപ്പുണ്ണിയെ നോക്കി കിങ്ങിണി എന്തോ പറയുന്നതായി തോന്നി..

''സെക്കന്റ് ക്ലാസ്സിന് ഞാലിത്തൊലിയെങ്കിൽ ഫസ്റ്റ് ക്ലാസ്സിന് ഏത്തൻതൊലി തിന്നാനുള്ള യോഗം എനിക്ക് കിട്ടിയേനെ..''

www.malankaralibrary.com



# 7. ഓപ്പറേഷൻ പിടലി

**മ**നുഷ്യരെ പിടികൂടുന്നതിന് രോഗങ്ങൾക്ക് കാലമോ, മാസമോ, ദിവസമോ കലണ്ടറിൽ നോക്കി തീരുമാനിക്കേണ്ട കാര്യമില്ല. അതിങ്ങനെ തയ്യാറാക്കി വച്ചിരിക്കുകയല്ലേ..? സമീകൃതാഹാരം കഴിക്കുന്നുവെങ്കിൽത്തന്നെയും പാരമ്പര്യമായി ലഭിക്കുന്ന രോഗങ്ങൾ വിട്ടുപോകാതെ തലമുറകളെ പിൻതുടരുന്നതു സ്വാഭാവികം. അത് എല്ലാവരേയും കേറി പിടിക്കണമെന്നില്ല തിരഞ്ഞു പിടിക്കുകയല്ലേ..?

അപ്പുണ്ണിയുടെ കഴുത്തിന്റെ മുൻഭാഗത്ത് അല്പം വലതുവശത്തായി ഒരു മുഴ വളരുന്നതായിട്ടുള്ള ആശങ്ക തുടങ്ങിയിട്ട് കുറേ കാലമാകുന്നു. തൊണ്ടയ്ക്കു ചെറിയ വേദന, ചൂടുകൂടുമ്പോൾ ശ്വാസതടസ്സമായി അതു മാറുന്നു. ആഹാരം ഇറക്കുമ്പോൾ നേരിയ തടസ്സം. നിൽക്കക്കള്ളിയില്ലാതാകുമ്പോഴല്ലേ ഡോക്ടറെ കാണുന്നത്..? ബഹറിൻ അമേരിക്കൻ മിഷൻ ആശുപത്രിയിലെ ഡോ.കൃഷ്ണനെ പ്രയാസം കൂടുതലായി തോന്നിയപ്പോൾ കൊണ്ടുചെന്നു കാണിച്ചു.

അദ്ദേഹം തൊണ്ടക്കുഴിയിൽ ഞെക്കുകയും അമക്കുകയും കൂടാതെ അണ്ണാക്കിലേക്ക് ടോർച്ചടിച്ചു നോക്കിയും പരിശോധിച്ചു പറഞ്ഞു: "മറ്റു കുഴപ്പങ്ങളൊന്നും കാണുന്നില്ല.."

ആശ്വാസം!

എങ്കിലും തൊണ്ടയുടെ സ്കാനിങ്ങ് ഒരിക്കൽ നാട്ടിലും പിന്നെ ബഹറിനിലെ സൽമാനിയ മെഡിക്കൽ സെന്ററിലും നടത്തി. തൊണ്ടയിലുള്ള തൈറോയിഡ് ഗ്രന്ഥിക്ക് വിക്കമുണ്ടെന്നു വ്യക്തമായി. ഇത് അകത്തേക്കോ പുറത്തേക്കോ വളരാൻ സാധ്യതയുണ്ടത്രേ. അപ്പുണ്ണിയുടെ തൊണ്ടമുഴ അകത്തേക്ക് ക്രമത്തിലധികമായി വളരുന്നുണ്ട്. ശരീരക്ഷീണവും തളർച്ചയും എല്ലാം ഇതിന്റെ പാർശ്വ

www.malankaralibrary.com

ഫലങ്ങൾ. ചൂടിന്റെ കാഠിന്യം സഹിക്കാൻ പറ്റുന്നില്ല. എന്തേലും അസ്വാഭാവിക മായുള്ളത് ഉണ്ടോ എന്നറിയുവാൻ നീഡിൽ ആസ്പിറേഷൻ ടെസ്റ്റ് സൽമാനിയ മെഡിക്കൽ സെന്ററിൽ നടത്തുന്നതിന് തീരുമാനമായി.

പിറ്റേന്ന് ടെസ്റ്റിനായി ഒരുങ്ങിച്ചെന്ന അപ്പുണ്ണിയെ യന്ത്രസാമഗ്രികൾ നിറഞ്ഞ ഒരു മുറിയിലേക്ക് രണ്ടുപേർ കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരുക്കി യിട്ടിരുന്ന മേശമുകളിൽ മലർത്തി കിടത്തിയ ശേഷം പിടലിക്കു താഴെ ഒരാൾ ചെറിയൊരു തലയിണവച്ചു. പിടലി, ടെസ്റ്റു നടത്താൻ പാകത്തിൽ പൊങ്ങിനി ന്നു.

സൂചിയോടുകൂടിയ ഒരു ഉപകരണം മറ്റൊരാൾ പിടലിക്ക് കുത്തിയിറ ക്കിയിട്ട് ഒരു കറക്ക്. വളർന്നു വന്നുകൊണ്ടിരിക്കുന്ന തൈറോയിഡ് ഗ്രന്ഥിയുടെ ഒരംശം ഇരുവരുംകൂടി മുറിച്ചെടുത്തു. ഒരാഴ്ച്ചയ്ക്കു ശേഷം ലഭിച്ച റിപ്പോർട്ടിൽ ക്ലിഷ്ടകരമായതൊന്നും കണ്ടില്ല. എങ്കിലും വച്ചുകൊണ്ടിരിക്കുന്നത് നന്നല്ലെന്ന താണ് പരിശോധനാ റിപ്പോർട്ട്.

നാട്ടിൽ ഒറ്റയ്ക്കു പോയിവന്ന സമയം. തൊണ്ടപ്രശ്നത്തിന് ഒരു തീരു മാനമായേ പറ്റൂ. വേദന കലശലായി വർദ്ധിക്കുന്നു. ഓപ്പറേഷൻ ചെയ്തു തൈറോ യിഡ് വളർന്ന ഭാഗം നീക്കം ചെയ്യാൻ തീരുമാനമായി. സൽമാനിയ മെഡിക്കൽ സെന്ററിലെ ഡോക്ടർ പട്ടേലിന്റെ തീയതി കിട്ടി.

ഓപ്പറേഷന് മുൻപായുള്ള പരിശോധനകളുടെ ഭാഗമായി ഹൃദയ താളം, ശ്വാസകോശം, ശേഷം അപ്പുണ്ണിയുടെ സ്വരവും പരിശോധിച്ചു (അവിടംകൊണ്ട് നിർത്തിയതു ഭാഗ്യമായി!). ഓപ്പറേഷനു ശേഷം ശബ്ദ വ്യത്യാസം വല്ലതും വന്നോ എന്നറിയുന്നതിന് ഇപ്പോഴത്തെ ശബ്ദം റിക്കോഡ് ചെയ്തുവച്ചു. വിവിധ കടലാസുകളിൽ ഒപ്പിട്ടുകൊടുത്തു. തിരികെ വീട്ടിലേക്ക്.

ഹാർമ്മോണൽ വ്യത്യാസം ശബ്ദത്തിൽ വരുന്ന 16 മുതൽ 18 വയസ്സു വരെയുള്ള പ്രായത്തിൽ അപ്പുണ്ണിയുടെ ജീവിതത്തിൽ രണ്ടു സ്വരം ഒന്നിച്ചുവ രുന്ന ഒരു പീഡനകാലം ഉണ്ടായിരുന്നു. ആരോടും അധികം സംസാരിക്കാൻ പറ്റാതിരുന്ന ഒരു കാലം. ഹാർമ്മോണിയത്തിലെ താഴ്ന്ന സ്വരവും ഉയർന്ന സ്വരവും പെട്ടെന്നു ചേർന്നു വന്നാലുള്ള അവസ്ഥ! കൂട്ടുകാരുടെ കളിയാക്കൽ സഹിച്ച കാലം.

അന്ന് അപ്പുണ്ണിക്ക് പതിനൊന്നു വയസ്സ്. മുതുകുളം, എസ്.എൻ.എം. യൂ.പി.എസ്. സ്കൂളിൽ 6-ാം ക്ലാസ്സിൽ പഠിക്കുന്നു. കൂട്ടുകാരുമായി വീട്ടിൽ ഓടി ക്കളിച്ച കൂട്ടത്തിൽ വീടിന്റെ പടിഞ്ഞാറെ മൂലയ്ക്കു നെറ്റി ശക്തമായി ഇടിച്ചു. ഇടികൊണ്ട ഭിത്തിക്ക് എന്തു സംഭവിച്ചു എന്നറിയില്ലെങ്കിലും അപ്പുണ്ണിയുടെ നെറ്റി ത്തടത്തിന്റെ ഇടത്തേ മൂലയുടെ ഭാഗം അനുദിനം വളർന്നുവന്നു.

ഇടിയുടെ കാര്യം അന്നേ മറന്ന അപ്പുണ്ണി നെറ്റി വീങ്ങുന്നത് ബുദ്ധി വികസിക്കുകയാണെന്നു കരുതിപ്പോന്നു. എന്നാൽ ഇല്ലാത്തത് എങ്ങനെ വിക സിക്കും എന്ന് പലപ്പോഴും സ്വയമേ സംശയിച്ചിട്ടുമുണ്ട്. അങ്ങനെ ബുദ്ധിമുഴ ഒരു കോഴിമുട്ടയുടെ പാതി വലിപ്പത്തിൽ നെറ്റിയുടെ വശത്തായി നിലകൊണ്ടു. അല്പം ചെമന്ന നിറം മുഴച്ച ഭാഗത്ത് അടിച്ചിരുന്നെങ്കിൽ അതൊരു ഇൻഡികേ റ്ററായി തോന്നിയേനെ എന്ന് ചിന്തിക്കാതിരുന്നില്ല. എന്തായാലും ദേഷ്യം വരു

www.malankaralibrary.com

മ്പോൾ അപ്പുണ്ണിയുടെ ചേട്ടന് അപ്പുണ്ണിയെ വിളിക്കാനുള്ള ഒരു ഇരട്ടപ്പേരുകൂടി മുഴകൊണ്ടു കിട്ടി എന്നത് സ്വാഭാവികം.

അപ്പുണ്ണിയുടെ നെറ്റിയിലെ മുഴ അപ്പന്റെ മനസ്സിൽ എവിടെയോ ഒരു വിഷയമായും വിഷമമായും രൂപപ്പെട്ടതിനാൽ ഹരിപ്പാട് സർക്കാർ ആശുപത്രിയിലേക്ക് ഒരു ദിനം അപ്പൻ അപ്പുണ്ണിയെയും കൂട്ടിക്കൊണ്ട് ബസുകയറി. ഹരിപ്പാട്ടെ ട്രാൻസ്പോർട്ടു ബസ്സ്റ്റാൻഡിന് മുന്നിലുള്ള സർക്കാർ ആശുപത്രിയിലെ മാത്യു ഡോക്ടറെ ഇരുവരും കേറികണ്ടു. ഡോക്ടർ അപ്പുണ്ണിയെ പരിശോധിച്ചു പറഞ്ഞു:



“ഓടുകയും ചാടുകയും ഒക്കെ ചെയ്യുമ്പോൾ സൂക്ഷിക്കണ്ടേ..? മറ്റേന്നാൾ രാവിലെ ഒമ്പതു മണിക്ക് വരണം. നമുക്കിത് മാറ്റിക്കളയാം.. കേട്ടോ.. പേടിക്കണ്ടാ..”

അപ്പനൊപ്പം തിരികെ വീട്ടിലേക്ക്.

ഒരു ദിവസത്തെ ഇടവേളയ്ക്കുശേഷം വീണ്ടും അപ്പുണ്ണിയും അപ്പനും പടിഞ്ഞാറെ റോഡിൽ നിന്നുള്ള സർക്കാർ ബസിൽ കയറി ഹരിപ്പാട്ടേക്ക്. ആശുപത്രിയിലെത്തി മാത്യു ഡോക്ടറെ കണ്ടു.

പരിശോധിച്ചതിന്റെ കുറിപ്പുകളടങ്ങിയ പേപ്പറുകളും മറ്റും അപ്പന്റെ കയ്യിൽ കൊടുത്തിട്ട് മറ്റൊരു സ്ഥലത്തേക്ക് പോകാൻ ഡോക്ടർ പറഞ്ഞു.

കണ്ണുകൾ കെട്ടാതെ ഓപ്പറേഷൻ ചെയ്യുന്ന മുറി(തിയ്യറ്റർ)യിലേക്ക് ഒരു നേഴ്സമ്മ അപ്പുണ്ണിയെ കയറ്റി. ചുറ്റിനും നിരത്തിവച്ചിരിക്കുന്ന കത്തിയും കത്രികയും ചുറ്റികയും കോടാലിയും വാളും കണ്ട് അപ്പുണ്ണിയുടെ നല്ല ജീവൻ പറപറന്നു.

“ഈശ്വരാ... ഈ കാണുന്ന എല്ലാ സാധനങ്ങളും തന്റെ ശരീരത്ത് പ്രയോഗിക്കാൻ പോവുകയാണോ..?”

അപ്പുണ്ണി സംശയിച്ചത് സ്വാഭാവികം.

ഓപ്പറേഷൻ നടത്തേണ്ട മേശയുടെ മുകളിലേക്ക് കയറിക്കിടക്കാൻ നഴ്സമ്മ ആവശ്യപ്പെട്ടെങ്കിലും അപ്പുണ്ണി കയറിയില്ല. അവിടെത്തന്നെ അനങ്ങാതെ നിന്നു.

ഡോക്ടർ മാത്യു അപ്പോഴേക്കും അവിടെ എത്തി.

“എന്താ.. എന്തുപറ്റി..? എന്താ പ്രശ്നം..?”

“ആള് പേടിച്ചു നിൽക്കുകയാ..” നേഴ്സമ്മ മറുപടിയായി.

“ങാ..ഹാ.. അങ്ങനെയോ..? ബാ.. അപ്പുണ്ണി, ഞാൻ ഉണ്ടല്ലോ.. വേദനി

www.malankaralibrary.com

പ്പിക്കാതെ ഞാനെല്ലാം ചെയ്യാം.. വാ.. ഞാൻ പിടിച്ചു കേറ്റാം..''

സാന്ത്വന വാക്കുകൾ പറഞ്ഞ് ഡോക്ടർ അപ്പുണ്ണിയെ ടേബിളിന്റെ മുകളിലേക്ക് കിടത്തി.

പുറമേ മണപ്പിക്കുന്ന ക്ലോറോഫോം കോണ്ട് അവശേഷിച്ചിരുന്ന ബോധംകൂടി കെടുത്തി എങ്കിലും ഡോക്ടർ സഹായികളായി ചുറ്റും നിൽക്കുന്നവരെ വഴക്കു പറയുന്നത് കേൾക്കാമായിരുന്നു.

''കുട്ടികളെ കണ്ണുകെട്ടി മാത്രമേ ഇതിനുള്ളിലേക്ക് കൊണ്ടുവരാവൂ.. ഉപകരണങ്ങൾ കണ്ട് അവർ പേടിക്കും.. ഇപ്പോൾ മനസ്സിലോയോ..?''

ചെറുനിദ്രയ്ക്കിടയിൽ ഡോക്ടർ ഓരോരോ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു:

''എവിടെ പഠിക്കുന്നു..?''

''എത്രാം ക്ലാസ്സിൽ പഠിക്കുന്നു..?''

''വീട്ടിലാരൊക്കെയുണ്ട്..?'', ഡോക്ടറുടെ ചോദ്യങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അർദ്ധബോധാവസ്ഥയിൽ അപ്പുണ്ണി അതിനുള്ള മറുപടി പറഞ്ഞുകൊണ്ടേയിരുന്നു.

മുറിവ് കുത്തിക്കെട്ടിക്കൊണ്ടിരിക്കെ നൂല് പൊട്ടിപ്പോകുന്നതും അതിന്റെ സ്ഥാനത്ത് പുതിയ നൂല് കൊണ്ടുവന്ന് മുറിവ് തുന്നുന്നതും മേശപ്പുറത്തു കിടന്ന് അപ്പുണ്ണി അറിയുന്നുണ്ടായിരുന്നു.

മുറിവിൽ പഞ്ഞിയും നെറ്റിക്കു ചുറ്റും കമ്പോളത്തിലെ ചുമട്ടു തൊഴിലാളികളുടെ തലയിലെ കെട്ടുപോലെ ഒരു ചുറ്റിക്കെട്ടുമായി അപ്പുണ്ണി ഓപ്പറേഷൻ ചെയ്ത ആശുപത്രിയിൽനിന്നും പറത്തേക്ക്. ഹരിപ്പാട്ടെ കോടതി ജംങ്ഷനിലെ ബസ്റ്റോപ്പിലേക്ക് ഇരുവരും നടന്നു. മുതുകുളത്തേക്ക് പോകാനായി തയ്യാറായിക്കിടന്ന വിയപുരം-കായംകുളം കെ.സി.ടി. വണ്ടിയിൽ കയറി വീട്ടിലേക്ക്.

അപ്പുണ്ണി ഇപ്പോൾ അറബിനാടായ ബഹറിനിലെ സൽമാനിയ മെഡിക്കൽ സെന്ററിലെ ഓപ്പറേഷൻ തീയ്യറ്ററിൽ ഓപ്പറേഷനു വേണ്ടിയുള്ള വസ്ത്രം ധരിച്ച് സ്ട്രെച്ചറിൽ കിടക്കുകയാണ്. ബോധം കെടുത്തുന്നതിനുള്ള ഇംജക്ഷൻ വലതുകയ്യിൽ എടുത്തു.. കൊടും തണുപ്പ് കയ്യിൽനിന്നും ശരീരത്തിന്റെ മറ്റുഭാഗങ്ങളിലേക്ക് വ്യാപിക്കുന്നതായി അപ്പുണ്ണിക്ക് തോന്നിത്തുടങ്ങി.. ശരീരം തളരുന്നു.. കണ്ണുകൾ താനെ അടഞ്ഞു..

''ഹലോ അപ്പുണ്ണി.. ഹലോ.. ഹലോ..''

ഗാഢനിദ്രയിൽനിന്നും ഉണർന്നഴുന്നേൽപ്പിക്കുന്ന പ്രതീതിയിൽ അപ്പുണ്ണിയെ ആരോ വിളിച്ചുണർത്തി.

രണ്ടു ഭാഗങ്ങളായുള്ള തൈറോയിഡ് ഗ്രന്ഥികളിൽ വലതുവശത്തെ ഗ്രന്ഥി നീക്കം ചെയ്തതായി ഡോക്ടർ പട്ടേൽ അറിയിച്ചു. ഊറിവരുന്ന രക്തവും മറ്റും ശേഖരിച്ച് പുറന്തള്ളുന്നതിനായി കഴുത്തിൽ ഒരു ചെറിയ കുഴലും അതിന്റെ അറ്റത്തായി പ്ലാസ്റ്റിക്ക് ബാഗും. മുറിയിലേക്ക് മാറ്റിയെങ്കിലും ശക്തമായ ചുമ.. ഛർദ്ദിൽ.. മിനിയുടെ നഴ്സ് സുഹൃത്ത് ലീനാ ഡെയ്സ് സഹായത്തിനായി ഓടി

www.malankaralibrary.com



വന്നു.

അല്പബോധവുമായി കിടക്കുന്ന അപ്പുണ്ണിയുടെ മുറിയിലേക്കു ഓപ്പറേഷൻ നടത്തിയ ഡോക്ടർ പട്ടേൽ കടന്നുവന്നു സംസാരിച്ചു : "എങ്ങനുണ്ട്..?, ഇപ്പോൾ ശ്വാസതടസ്സം മാറിയില്ലേ..? ഒരു ഭാഗം മാറ്റിയെങ്കിലും മറുഭാഗം അതിന്റെ കൂടി പ്രവർത്തനം ഏറ്റെടുത്തു നടത്തും. ബാക്കിയായ ഭാഗത്തിന് കുഴപ്പമൊന്നും കാണുന്നില്ല. ഓപ്പറേഷൻ ചെയ്തു മാറ്റിയ ഭാഗം കയ്യിലെടുത്തപ്പോൾ അത് പൊട്ടുന്ന നിലയിൽ ആയിരുന്നു. ഭാഗ്യം! അത് അകത്തുവച്ച് പൊട്ടിയില്ല..!"അദ്ദേഹം പറഞ്ഞു.

"ചെറിയ നൂലിട്ട് പുറമേ അറിയാത്ത രീതിയിലാണ് തുന്നൽ ഇട്ടത്. വീട്ടിൽ പോയി വന്നിട്ട് തുന്നൽ മാറ്റിയാൽ മതി.." മുറിയിൽനിന്നും പോകും മുമ്പ് ഡോക്ടർ പട്ടേൽ പറഞ്ഞു നിർത്തി.

തൊണ്ടയുടെ ഭാരം വലിയ നിലയിൽ കുറഞ്ഞു. തൈറോയിഡിന്റെ പകുതിമാത്രം മാറ്റിയാൽ ബാക്കി പകുതി ഭാഗംകൊണ്ട് ശരീരം കുഴപ്പമില്ലാതെ പ്രവർത്തിച്ചുകൊള്ളും എന്ന വാർത്ത ആശ്വാസകരം ആയി അപ്പുണ്ണിക്ക് തോന്നി.

മറുപകുതി ഭംഗിയായി പ്രവർത്തിക്കുന്നു എന്നുള്ള റിപ്പോർട്ട് തുടർന്നു ലഭിച്ചു. മറ്റു മരുന്നുകൾ കഴിക്കുന്നത് അങ്ങനെ ഒഴിവായി.

അഞ്ചുദിവസങ്ങൾക്കു ശേഷം മുറിച്ചുമാറ്റിയ ഭാഗം പരിശോധിച്ചതിന്റെ റിപ്പോർട്ടു കിട്ടി. ദോഷകരമായ യാതൊരു സംഗതിയും കാണുവാൻ സാധിച്ചില്ല. ഭയപ്പെടുത്തുന്ന യാതൊന്നും സംഭവിച്ചിട്ടില്ല. എല്ലാം സാധാരണപോലെമാത്രം. ബഹറിനും ബഹറിനിലെ സൽമാനിയ ആശുപത്രിക്കും ഡോക്ടർമാർക്കും സഹായികളായ നഴ്സമ്മമാർക്കും ബാക്കി എല്ലാവർക്കും നന്ദി.

www.malankaralibrary.com



# 8. വീണ്ടും ചില വീട്ടുകാര്യങ്ങൾ

**വ**ർഷങ്ങൾ അതിവേഗം മുമ്പോട്ടു കുതിക്കുന്നു. ബന്ധുജനങ്ങളുടെ ആധി അപ്പുണ്ണിയുടെ സന്താനപരമ്പരയിൽ ചെന്നു തട്ടി നിൽക്കുന്നു. ബഹറിൻ സർക്കാരിന്റെ സൽമാനിയ മെഡിക്കൽ കോപ്ലക്സിൽ മിനിക്ക് ജോലി ലഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഇനിയിപ്പോൾ അവധിയും മറ്റും സർക്കാരിൽനിന്നും ലഭിക്കുന്നതിന് തടസ്സമില്ല. ഓപ്പറേഷൻ തീയ്യറ്ററിലെ മുൻ പരിചയം മിനിക്ക് ഉണ്ടായിരുന്നതിനാൽ ആ ഡിപ്പാർട്ടുമെന്റിലാണ് ജോലി തരപ്പെട്ടത്. തടസ്സങ്ങൾ ഒഴിവായതിനാൽ സന്താനനിയന്ത്രണ മാർഗങ്ങൾക്ക് വിടചൊല്ലാം. നാട്ടിലേക്കുള്ള ഫോൺ വിളിയുടെ പ്രധാന സംസാരവിഷയം സന്താനസംബന്ധ സ്വഭാവത്തിലുള്ളതായതിനാൽ മറുപടി പറഞ്ഞുപറഞ്ഞ് മടുക്കാറുണ്ട്. വിദ്യാഭ്യാസകാലത്ത് വിദ്യാഭ്യാസം സംബന്ധമായ ആകുലതകൾ, ജോലി ആകാഞ്ഞപ്പോൾ അതു സംബന്ധിച്ച ചോദ്യങ്ങൾ, വിവാഹിതനാകുന്നവരെ അതിന്റെ പേരിൽ..

കാണുന്നവരെല്ലാം ഓരോരോ ചോദ്യങ്ങൾ

“വിവാഹം എന്തായി..?, എന്തേലും ശനിയുടെ അപഹാരങ്ങൾ(സാറ്റർഡേ പ്രോബ്ളംസ്)ആണോ..?”

വിവാഹം കഴിഞ്ഞാൽ കൊച്ചുങ്ങളുടെ കാര്യത്തിലായി ചോദ്യങ്ങൾ.. “നിനക്കാണോ.., അവൾക്കാണോ..? ഉടനെതന്നെ ഉരുളി കമഴ്ത്ത്.., അണ്ടാവ് കമഴ്ത്ത്.., കുട്ടകം കമഴ്ത്ത്.., നേർച്ച നടത്ത്..” ലിസ്റ്റുകൾ വിവിധ നാവുകളിൽനിന്നും ധാരാളം പ്രവഹിക്കുകയായി. “എന്റെ ഈശ്വര പുത്രാ.., നീ ഇതൊന്നും ഇല്ലാതെ മുപ്പത്തി മൂന്നാം വയസ്സിൽ അങ്ങു കടന്നുപോയതല്ലേ..?, നമ്മുടെ ദുർദിനങ്ങൾ പിന്നെയും ബാക്കി..” അപ്പുണ്ണി ഭഗവാൻ കേൾക്കെ മനസ്സിൽ മന്ത്രിക്കും.

വിവാഹം നടത്തി ഗൾഫിലെത്തിയ ചില സുഹൃത്തുക്കൾ പെടുന്ന പെടാ

www.malankaralibrary.com

പ്പാടാണ് കഷ്ടം. കട്ടപ്പൊക! ചില വിരുതർ പ്രസവത്തിനു മുമ്പേ ഭാര്യയെ നാട്ടിലേക്ക് കയറ്റി വിടും. ബാക്കികാര്യങ്ങൾ ഭാര്യ വീട്ടുകാർ കൈകാര്യം ചെയ്യും. പരമാനന്ദസുഖം. ചില കൂട്ടർ പ്രസവം നടത്തി രണ്ടിനേയും നാട്ടിലേക്ക് പാഴ്സലാക്കും. ഇവിടെത്തന്നെ നിർത്തുന്നതാണ് സമാധാനമെന്ന് ചിലർ. പക്ഷേ! സമാധാനം താത്ക്കാലികം മാത്രം. തള്ളയുടെ കാര്യം, കുഞ്ഞിന്റെ കാര്യം, സംരക്ഷണ കാര്യം, വേലക്കാരിയുടെ ചെലവ്, ജോലിക്കാര്യം എല്ലാംകൂടി ചക്ക കുഴയുന്നപോലെയാകും. കിട്ടുന്ന ദിനാർ എല്ലാത്തിനും കൂടി തികയുമോ..?

വിദേശത്തുള്ള മക്കൾക്ക് ഈ സമയത്ത് ആരോഗ്യമുള്ള അച്ഛനമ്മമാരോട് എന്തെന്നില്ലാത്ത സ്നേഹം വന്നു കേറും. സ്നേഹത്താൽ ഉള്ളം ജ്വലിക്കും. രണ്ടിനേയും പ്രത്യേകിച്ച് മാതാശ്രീയെ കൂടെ കൂട്ടിയാലുള്ള കച്ചവട ലാഭം. ആകെചെലവ് വിസയും ടിക്കറ്റും. വേലക്കാരിക്ക് കൊടുക്കുംവണ്ണം മാസശമ്പളം വേണ്ട, മറ്റു ചെലവുകൾ ഒന്നും ഇല്ല. കാര്യം ശുഭകരവും നല്ലതും. അധികം ടെൻഷനും ഇല്ല.

മർമ്മാണി പ്രയോഗങ്ങളുടെ വേലിയേറ്റത്തിന് നാന്ദികുറിച്ചുകൊണ്ട് നല്ല പ്ലാനിങ്ങിൽ നായകൻ നാട്ടിലേക്ക് പ്ലെയിൻ കയറുന്നു. ഇളയ മരുമോളുമായി ശുഭ ബന്ധം ഇല്ലാത്ത മാതാശ്രീ ചോറിങ്ങും കൂറങ്ങുമായി വിഷമിച്ചു, ശ്വാസം മുട്ടി കഴിയുമ്പോഴാണ് ഗൾഫൻ കുടുംബത്ത് കാലുകുത്തുന്നതിനായി തിരോന്തോരം വിമാനത്താവളത്തിൽ ലാന്റു ചെയ്യുന്നത്(കാപ്പാട്ട് കടപ്പുറത്ത് പണ്ട് ആരാണ്ട് ഇറങ്ങിയതുപോലെ എന്നും ഇതിനെ കണക്കാക്കാം).

ദിവസവും അഞ്ചുമണിക്ക് എഴുന്നേറ്റ് അരിയും വെള്ളവും വിശപ്പടക്കാൻ കഴിയുന്ന പരുവത്തിലാക്കി നാട്ടിലെ സാധു മരുമക്കൾ, പാത്രങ്ങൾ മുമ്പിൽ നിരത്തിയാലും ങേ.. ഹേ.. കണ്ണിൽ പോതിക്കില്ല.

"അവളുടെ ആഹാരം.., എന്തിനുകൊള്ളാം.." നാട്ടിലെ മകനും മകളും സുഹൃത്തിന്റെ വിവാഹത്തിന് പോയാൽ അന്നു ഇരുട്ടുന്നതിനുമുമ്പേ രണ്ടുപേരെയും രണ്ട് കട്ടിലുകളിലാക്കിയേ തള്ള അടങ്ങൂ.. ഇതിനിടയ്ക്ക് മുഞ്ഞ കേറിയ കൃഷിക്ക് ചാഴിയും കേറുന്ന വണ്ണം അടുത്തുള്ള ചില പെങ്ങൻമാരും തള്ളയുടെ അടുത്തുകൂടും. പിന്നെ നാടനും ഭാര്യയ്ക്കും ദിനസദ്യ ബഹുകുശാൽ.

വെടിമരുന്നുമായി വിമാനത്താവളത്തിൽ ഇറങ്ങിയ ഗൾഫൻ നേരെ കുടുംബത്തിലേക്ക് വണ്ടിവിടും. കാറ് മുറ്റത്തു നിർത്തും മുമ്പേ വണ്ടിയിൽനിന്നും ചാടിയിറങ്ങും.

"എന്റെമ്മച്ചിയേ..." വന്നൊരു കെട്ടിപ്പുടിത്തവും ഒരു കരച്ചിലും. കണ്ണിൽ കുത്തിയാൽ കരയാത്ത ഗൾഫന്റെയും മാതാശ്രീയുടെയും കണ്ണുകളിൽനിന്നും വെള്ളം ധാരധാരയായി ഒഴുകും(ഒഴുക്കും). ഇതുകണ്ട് ലോക്കലായ സഹോദരനും ഭാര്യയും കണ്ണുമിഴിച്ച് മുറ്റത്തു നിൽക്കും ശേഷം അവർ പതിയെ സ്ഥലം കാലിയാക്കി പുരയുടെ പിന്നിൽ പോയി കണ്ണിൽ കണ്ണിൽ നോക്കി നിൽക്കും!

"ഇന്നാ ആമ്മച്ചി.. ഇതേൽ തൂത്തോ.." ഗൾഫൻ പാന്റിന്റെ പോക്കറ്റിൽനിന്നും (പ്ലയിനിൽവച്ച് ആഹാരം കഴിച്ച വകയിൽ എയർ ഹോസ്റ്റസിൽനിന്നും ലഭിച്ച മണമുള്ള ടിഷ്യൂ പേപ്പർ അടിച്ചുമാറ്റി പോക്കറ്റിൽ നിക്ഷേ

www.malankaralibrary.com

പിച്ചത്) എടുത്ത ഒരു കടലാസ് കഷണം മാതാശ്രീക്ക് നീട്ടും. ഇല്ലാത്ത മൂക്കള മാത്രാശ്രീ മൂക്കു ഞെക്കി ഉണ്ടാക്കിയശേഷം പേപ്പറിൽ തൂത്ത് ഗൾഫന് തിരികെ കൊടുക്കും. ഒന്നാം രംഗത്തിന് ഇവിടെ കർട്ടൻ വീഴും.

ഗൾഫനെ വിമാനത്താവളത്തിൽനിന്നും വീടുവരെ എത്തിച്ച ഡ്രൈവറുചേട്ടൻ മുറ്റത്തുകൂടെ രണ്ടുപ്രാവശ്യം തെക്കോട്ടും വടക്കോട്ടും നടന്ന് തന്റെ സാന്നിദ്ധ്യം ഗൾഫനെ ഓർമ്മിപ്പിക്കുന്നു. അടുത്ത ട്രിപ്പിനായുള്ള ബുക്കിങ്ങ് നടത്തംകൂടിയാണിത്.

"ഡ്രൈവർസാറേ.., നമുക്ക് നാളെ ബന്ധുവീടുകളിലൊക്കെ അമ്മച്ചി യേയും കൊണ്ട് ഒന്നു പോകണം..(മാതാശ്രീയുടെ മുന്നിൽവച്ചുള്ള തള്ളാണ് ഇത്. ഈ തള്ളലിൽ തള്ള വീഴും..). അമ്മച്ചി കഴിഞ്ഞ പ്രാവശ്യം ഞാൻ നാട്ടിൽ വന്നപ്പോൾ അവിടെല്ലാം പോയതാ.. പാവം..!" അമ്മച്ചിയുടെ നേരെ തിരിഞ്ഞ്

"അമ്മച്ചീ.. നാളെ എപ്പോൾ നമുക്ക് എല്ലായിടവും പോകാൻ തയ്യാറാ കും..?, വണ്ടി എപ്പോൾ വരണം..?"

ഗൾഫ്മോന്റെ തള്ളലിൽ അമ്മച്ചി സുനാമിക്കു മുമ്പേയുള്ള കടലിന്റെ പിൻവാങ്ങൽപോലെ പതുക്കെ ഉൾവലിഞ്ഞു പറയും

"ഓ.. എനിക്കെങ്ങും പോകണ്ടാ.. എന്റെ പണി അപ്പോഴൊന്നും തീരില്ല. നിന്റപ്പൻ ഇങ്ങനെ കിടക്കുവല്ലേ..? (ചാകാതെ..) പിന്നെ ഞാനെങ്ങനെ വരാ നാ..?"ഇതാണ് പഞ്ച് ഡയലോഗ്.

"അപ്പോൾ അങ്ങനെയൊക്കെയാണോ കാര്യങ്ങൾ..? അവൾ.. (അനു ജത്തി) ഒന്നും ചെയ്തുതരില്ല അല്ലേ..?" ഗൾഫന്റെ കരളലിയിക്കുന്ന സ്വരം.

ഈ സീനിലേക്കാണ് ഗൾഫന്റെ നേര് പെങ്ങൾ നേരാങ്ങളയുടെ പേരു പറഞ്ഞ് വന്നു ചേരുന്നത്. അമ്മയ്ക്ക് ഒരു കെട്ടിപ്പുടിത്തവും ഉമ്മയും നടത്തി ഒരു ദുരിതമായി അവർ എൻട്രി നടത്തുന്നു.

"ഇവിടുള്ളവൾ ആരെന്നാ മോനെ.. (എന്തോന്നിന്റെ മോനാ..?) നിന്റെ വിചാരം..?" എരിതീയിൽ എണ്ണ ഒഴിച്ച സമാധാനത്തോടെ വാക്കു നിർത്തി ഗൾഫന്റെ ഗൾഫ് പെട്ടിമേലെ ഒന്ന് കണ്ണോടിച്ചു അവർ അങ്ങനെ നിൽക്കും.

മകന്റെയും അമ്മയുടെയും മുത്ത നാത്തുന്റെയും സംഭാഷണം കേട്ടു കൊണ്ട് അനുജത്തി അരികിലുണ്ടെങ്കിൽ തന്റെ കലിപ്പു മാറ്റാൻ മുറ്റത്തിരുന്ന് മണ്ണപ്പം ചുട്ടുകൊണ്ട് കളിക്കുന്ന സ്വന്തം ബാലക്കുഞ്ഞിന്റെ ചന്തിക്ക് പടാ.. പടാന്ന് രണ്ടെണ്ണം കൊടുത്ത് കലിപ്പകറ്റാനുള്ള സാധ്യത ഇവിടെ തെളിയുന്നു. തന്നെ തല്ലിയതിന്റെ കാരണം അറിയാതെ പകച്ചു നിന്ന ആ കുഞ്ഞ് എട്ടുദിക്കും നടു ക്കിക്കൊണ്ട് അലറി വിളിച്ച് ചന്തിയും തൂത്ത് കൺവെട്ടത്തുനിന്നും ഓടി മറ യും. ചിലപ്പോൾ അത് അടുത്ത ബന്ധുവീട്ടിലേക്ക് ഓടിക്കേറും ബാക്കിക്കാര്യം അവർ നോക്കിക്കൊള്ളും!

നാട്ടിലെ ചില സാധുസ്ത്രീകൾ ഇതുപോലെയുള്ള ചില മുഴുത്ത ഇന ങ്ങളെക്കൊണ്ട് അനുഭവിക്കുന്ന കഷ്ടത അവർണനീയമാണ്. നാട്ടിലെ ഇടി കലാ രൂപങ്ങളിൽ ഒരു പഴഞ്ചൻ രൂപമാണ് സ്വയം നെഞ്ചത്തിടി. എന്തേലും സഹി

www.malankaralibrary.com

ക്കാൻ പറ്റാത്തത് കാണുകയാണെങ്കിൽ സ്വന്തം നെഞ്ചത്ത് (ഏതാണ്ട് നെഞ്ചിന്റെ മദ്ധ്യഭാഗത്ത്) വലതുകൈ ചുരുട്ടിപ്പിടിച്ച് "**ഠമക്ക്.. ഡമ്മോ.. ഠമക്ക്.. ഡമ്മോ..**"എന്ന ശബ്ദത്തോടുകൂടിയുള്ള ഇടി. അമേരിക്കൻ പാവ ചെണ്ടകൊട്ടുന്ന പോലെയുള്ള ഇടിയുടെ ഇടവേളയിൽ "**എനിക്കങ്ങ് ചത്താൽ മതി..**" (അതിനു വേറെ എന്തെല്ലാം മർഗങ്ങൾ വേറെയുണ്ട് എന്ന് അപ്പുണ്ണി ആ സമയത്ത് മന സ്സിലോർക്കാറുണ്ട്., ചിന്തകളെല്ലാം വെളിയിൽ പറയാൻ പറ്റില്ലല്ലോ..!) എന്ന വായ്ത്താരിയാണ് കേൾവിക്കാരിൽ കമ്പനമുണ്ടാക്കുന്നത്. പ്രായമുള്ളവർ മനഃപൂർവം കാട്ടിക്കൂട്ടുന്ന ചില പ്രവൃത്തികൾ, അതിന് ചുക്കാൻ പിടിക്കുന്ന ചില പാഷാണം പെങ്ങന്മാർ (നേരാങ്ങളമാർക്കിട്ട് പണിയുന്ന ചില ചെവിത്തോ ണ്ടികൾ..! അരിയിലെ ഏഴ്യനായും നെല്ലിലെ ചാഴിയായും ഇവരെ കണക്കാക്കാം. എങ്കിലും എള്ളുണങ്ങിയാൽ എണ്ണകിട്ടും ഏഴ്യൻ ഉണങ്ങിയാൽ എന്തുകിട്ടാൻ..? എന്നത് അപ്പുണ്ണിയുടെ ചോദ്യം!). വീട്ടിൽ വന്നു കേറുന്ന അതിഥികളോട് കൊളു ത്തുന്ന കൊളുത്ത് ഭയങ്കരമാണ്. പണ്ടു നടന്നതും പാളയിൽ പെടുത്തതും ഇതിൽ ഉൾപ്പെടും. ഇല്ലായ്മകളും വല്ലായ്മകളും സമാസമം ചാലിച്ച് താളിച്ചങ്ങോട്ട് തേക്കും. തള്ളയുടെയും നാത്തൂന്റെയും തെള്ളുകണ്ട് വിരുന്നു വരുന്നവർക്ക് വീട്ടുകാരോട് പരമ പുച്ഛം!

"എങ്ങനുണ്ട് അമ്മായി ജീവിതമൊക്കെ..?" വന്നു കേറുന്നവൻ വീട്ടിലെ കിടപ്പുവശം അറിയുന്നതിനായി വെറുതെ ഒന്ന് അടിക്കുകൂട്ടി ഇളക്കി, അനക്കിവിടും.

"ഓ..!" എന്ന ശബ്ദത്തിൽ അമ്മായി.

"ഓ.." യുടെ അർത്ഥം അനർത്ഥമാകാം, ചോദിച്ചവനോടുള്ള വൈരു ദ്ധ്യമാകാം. നാട്ടിലുപയോഗിക്കുന്ന "**ഓ..**"യ്ക്ക എന്തെല്ലാം അർത്ഥങ്ങൾ..

"ഓ.. എന്തോന്നു പറയാനാ മോനെ..?"

"ഓ.. നീ ഈ വഴിയൊക്കെ വരുമോ..?"

"ഓ.. പിന്നേ.."

"ഓഹോ.. അങ്ങനെയാണോ..?"

അപ്പുണ്ണിയുടെ ചിന്താധാരയ്ക്കു വിരാമമിട്ടുകൊണ്ട് ഗൾഫന്റെ ശബ്ദം ഉയർന്നു.

"ശരി.. ശരി.. ഡ്രൈവർ സാറെ നാളെ പത്തുമണിക്ക് വാ.. നമുക്ക് എല്ലാ യിടവും പോകാം.. ഒപ്പം അടുത്തു നിൽക്കുന്ന ചേച്ചിയേയും (നേരാങ്ങളയുടെ കരുതൽ!) കൊണ്ടുപോകാം.." (അവരും കൂടി യാത്രയിൽ നാടനിട്ട് പണിയട്ട്.. എന്ന് ഗൾഫൻ ഉള്ളാലെ ചിന്തിക്കുന്നുണ്ടാകാം.).

പോരെ പൂരം.. അരവും കിന്നരവും പിന്നെ ആരവുംകൂടി ആയാലുള്ള അവസ്ഥ. നാളത്തെ ട്രിപ്പ് ജോറ്.. ജോറാകും. **പരദൂഷണത്തിന്റെ ഉച്ചകോടി ആ കാറിലാണ് നാളെ നടത്തുന്നത്..**

കൂലിവാങ്ങി ഡ്രൈവർ സാർ പടികടന്നു. നാളത്തെ ട്രിപ്പിനായുള്ള എഗ്രി

www.malankaralibrary.com

മെന്റ് ഓവർ.

ഡ്രൈവർ കാറെടുത്ത് അതിന്റെ പുക വായുവിൽ അലിയും മുമ്പ് ഗൾഫൻ ഒരു പടക്കം പൊട്ടിക്കും അത് ഇപ്രകാരം ആയിരിക്കും

"പാസ്പോർട്ട് എടുത്തിട്ട് ഞാൻ ഗൾഫിലേക്ക് അമ്മയെ കൊണ്ടുപോകാം. വീട്ടിൽനിന്നും ഒരു ചെയ്ഞ്ച് ആയിക്കൊള്ളട്ടെ.. എന്തുമാത്രം മക്കൾക്കു വേണ്ടി ഇവിടെ കഷ്ടപ്പെട്ടതാ.."

ഗൾഫൻ പറഞ്ഞത് സത്യമോ.., മിഥ്യയോ..? എന്തുതന്നെ ആയാലും ഇതുകേൾക്കുമ്പോൾ സന്തോഷിക്കുന്നവർ ആ വീട്ടിൽ ഒന്നിൽ ഒട്ടും കുറയില്ല. എന്നത് അപ്പുണ്ണിക്ക് ഉറപ്പാണ്. നാടൻ മരുമകൾ മനസ്സിൽ പറയും, ചിലപ്പോഴത് അല്പം ഉച്ചത്തിലാകാനും സാധ്യതയുണ്ട്.

"ഇന്നുതന്നെ പാസ്പോർട്ട് എടുത്ത് ഇപ്പോൾതന്നെ ഈ തള്ളയെ ഇവിടെനിന്നും കടത്ത്. വണ്ടിക്കൂലി എന്റെ താലിമാല പണയം വച്ചാണെങ്കിലും ഞാൻ തരാം.."

നാടൻ മകൻ മനസ്സിൽ പറയും "അറുത്ത കൈക്ക് ഉപ്പുതേയ്ക്കാത്തവനായ ഇവന്റെ (ഗൾഫന്റെ) ഈ വീമ്പുപറച്ചിൽ എന്തോ കൊള്ളയ്ക്കാ..."

പാവത്താനെപോലെ കഴിയുന്ന അപ്പൻ ഇതുകേട്ട് മനസ്സിൽ ലഡു പൊട്ടിച്ച് അകമെ പറയും: "ഇത് സത്യമാണോ...? ഇവന് ഈ ബുദ്ധി (കുബുദ്ധി..?, വക്രബുദ്ധി..?) നേരത്തേ തോന്നിയത് കാര്യമായി. ഇതുകൊണ്ടുമാത്രം ഞാൻ രണ്ടുകൊല്ലംകൂടി കൂടുതൽ ജീവിക്കുമെന്ന് ഉറപ്പായി..!"

ഒട്ടും സന്തോഷിക്കാത്തത്.. ഗൾഫന്റെ പെങ്ങൾക്കു മാത്രം അവൾ മനസ്സിൽ പറയും:

"നാടൻ നാത്തൂന് പണികൊടുക്കാൻ ഇനി ഞാൻ വേറെ ആളെ തപ്പണമല്ലോ ഈശ്വരാാ... അതിനുപറ്റിയ കൂട്ടാളിയെ ഉടനെ തപ്പിത്തുടങ്ങണം.. ഏതേലും മതിലു ചാടി വന്നവൾ ഉടനെ ഒക്കണെ ഈശ്വരന്മാരേ.."

ഗൾഫൻ മനസ്സിൽ പതുക്കെ പറയും: "എങ്ങനേലും ഇതങ്ങ് നടന്നാൽ മതിയായിരുന്നു..". ഗൾഫുവയർ പതുക്കെ വീർപ്പിച്ച് ഒന്നു തടവും.. ഇല്ലാത്ത വയർ തടവുന്ന ഒരു കൂട്ടർ, മാസം തികഞ്ഞ ഗർഭിണിയെ പോലെ വയറുള്ള മറ്റൊരു കൂട്ടർ. അക്കൂട്ടരുടെ ഇതിന്റെ വലിപ്പത്തെ അപ്പുണ്ണിയുടെ ദൃഷ്ടിയിൽ പറഞ്ഞാൽ ഇതുങ്ങളുടെ വയറിന് താഴെ ഒരാൾക്ക് മഴനനയാതെ സുഖമായി നിൽക്കാം എന്നുള്ളതാണ്. ഹേത്..!

എന്തായാലും ഒരു കാര്യം ഉറപ്പാണ്. തള്ള നാട്ടിൽനിന്നും ഒഴിയുന്നതോടെ ലോക്കൽ മകനും ഭാര്യയ്ക്കും ഇറ്റ് സമാധാനമാകും. എല്ലാം കണ്ടും കേട്ടും സർവ്വംസഹയായി കഴിയുന്ന അപ്പന് ബാധയൊഴിഞ്ഞ ദേഹം പോലെയാകും കുറഞ്ഞ പക്ഷം രണ്ടു കൊല്ലക്കാലം (പക്ഷേ ആ സാധു അത് ഭാര്യയ്ക്കുമുമ്പിൽ കാട്ടില്ല.. അത്രമാത്രം!).

www.malankaralibrary.com



# 9. കൂരയും പരമ്പരയും

**അ**പ്പുണ്ണിയുടെ വിവാഹം കഴിഞ്ഞിട്ട് മൂന്നു കൊല്ലമാകുന്നു. ആറുമാസം മുമ്പേ നാട്ടിലൊന്ന് പോയിട്ട് തിരികെ വന്നിരിക്കുന്നതേയുള്ള. അപ്പൻ അപ്പുണ്ണിക്കും അനിയൻ ചേട്ടനും കൂടിയാണ് വീടും അതു നിൽക്കുന്ന വസ്തുവും കൂടി എഴുതി വച്ചിരിക്കുന്നത്. അനിയൻ ചേട്ടൻ ചോദിച്ച തുകകൾ നൽകി അദ്ദേഹത്തിനുള്ള വസ്തുവിലെ ബാദ്ധ്യത ഒഴിവാക്കി. കിഴക്കുവശത്തെ രണ്ടു ഭാഗം പാക്കുതറ വസ്തുക്കൾ, അപ്പൻ രണ്ട് പെങ്ങൻമാർക്കുമായി നൽകിയത് അവർ ആവശ്യപ്പെട്ട തുകയ്ക്ക് ഇടപാട് നടത്തി ഭാര്യ മിനിയുടെ പേരിൽ പ്രമാണങ്ങൾ എഴുതി (അവരുടെ പേരിലും അല്പം സ്ഥലം ആയിക്കോട്ടെ.). വീടുപണിക്കുള്ള കരാറിൽ നാട്ടിലെ അപ്പുണ്ണിയുടെ നല്ല സുഹൃത്ത് ദീപക് നടത്തുന്ന "**ദി ഹോം ഡിസൈനേഴ്സ്**" എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു (അനിയൻ ചേട്ടന് ഭവനം പണിഞ്ഞുകൊടുത്തതും ഇവർതന്നെയാണ്.). വാഹനം ഇടുന്നതിനുള്ള ഗ്യാരേജിന്റെ കൂടെ ഒരു സ്റ്റോർ മുറി. ചൂളയിലെ അണിക്കട്ടകൾ കൊണ്ട് ബലവത്തായ ഒരു വീട്. വിവാഹത്തിന് മുമ്പ് പണിതു ശരിയാക്കിയ മുറികളും അടുക്കളയും നിലനിർത്തി പഴയത് എല്ലാം പൊളിച്ചു മാറ്റണം. കിണർ നടുമുറ്റത്തു നിന്നും മാറ്റി അടുക്കളയുടെ ഭാഗത്തേക്കു മാറ്റി കുത്തണം.

കേരം തിങ്ങുന്ന നാടാണ് കേരളം എന്നാണ് വിവക്ഷ. എന്നാൽ കേരളത്തിലിന്ന് തെങ്ങിനേക്കാൾ എണ്ണത്തിൽ വീടുകൾ നിരന്നുയർന്നു കഴിഞ്ഞു. ഒന്നരക്കോടി ജനങ്ങൾ മൂന്നരക്കോടിയായി വർദ്ധിച്ചു. ഒഴിഞ്ഞുകിടന്നിരുന്ന പറമ്പുകളിൽ നക്ഷത്രസൗധങ്ങൾ തലപൊക്കി. നാട്ടുകാരുടെ പ്രഭാതശങ്ക തീർത്തിരുന്ന അയ്യങ്ങൾ (സണ്ടാസ് നഗറുകൾ) മണിമേടകളുടെ പാദുകങ്ങളായി. പഴയകാല കഥകളിലെ കഥാപാത്രങ്ങളായ പുരയിടങ്ങൾ കഥാവശേഷരായി. ഇരുപത്തിയഞ്ചു സെന്റിൽ രണ്ടുവീടുകൾ.. പത്തുസെന്റിൽ മൂന്നുവീടുകൾ.. അങ്ങനെ പാതയുടെ ഇരുപുറങ്ങളിലും ഒന്നിനൊന്നു മികച്ചവയെന്നു തോന്നിപ്പിക്കുന്ന വ്യത്യസ്തങ്ങളായ മണിമാളികകൾ രാവണൻ കോട്ടപോലെ (അകത്തു കയറുന്നവർ എങ്ങോട്ടു പോകണമെന്നറിയാതെ അലയുന്ന അവസ്ഥ.) ഒരുനില ഇരുനില വിശേഷങ്ങളോടെ ആകാശവിതാനം നോക്കി നിൽക്കുന്നു. കേരളം അങ്ങനെ കൂരളം

www.malankaralibrary.com



ആയി (കേരം തിങ്ങിയിടത്ത് ഇപ്പോൾ കൂരകൾ തിങ്ങി.). എല്ലാം ഗൾഫ്പോലെയുള്ള വിദേശരാജ്യങ്ങളിൽ പോയി രാപകൽ പണിയെടുത്ത/എടുക്കുന്ന പ്രവാസികൾ ഉറുമ്പ് അരിമണി സൂക്ഷിക്കുന്നപോലെ ചോര നീരാക്കി നേടിയെടുത്ത വിദേശ നാണ്യത്തിന്റെ ബാക്കിപത്രം. ഇവിടുത്തെ ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, ബാങ്കിങ്ങ് മേഖലകൾ അങ്ങനെ നേരിട്ടും അല്ലാതെയും കേരളത്തിന്റെ ധനകാര്യസ്ഥിതിയുടെ നട്ടെല്ല് പ്രവാസികളും അവരുടെ സമ്പത്തുമാണ്.

ഇന്ത്യയുടെ വൻ നഗരങ്ങളിൽനിന്നും വിദേശങ്ങളിൽനിന്നും കേരളത്തിലേക്ക് ടൂറിനെത്തുന്നവർ കേരളനാടു കണ്ട് അന്തംവിട്ടു കുന്തം വിഴുങ്ങിയപോലെ നിൽക്കും. കുമരകവും കോവളവും ഒന്നും അവർക്ക് കാഴ്ചയല്ല. തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ ഒറ്റ സിറ്റിയായി, ഒറ്റ നഗരമായി കിടക്കുന്ന നാക്കില പോലുള്ള കേരളം. പാതയുടെ ഇരുപുറങ്ങളിലും വമ്പനൂക്കൻ കെട്ടിടങ്ങൾ. ഇന്ദ്രപ്രസ്ഥത്തിൽനിന്നും സാമ്പത്തിക തലസ്ഥാനമായ മുംബയിൽനിന്നും വിദേശങ്ങളിൽനിന്നും വരുന്നവർ കൂരകൾ കണ്ട് ഞെട്ടുന്നു. ഒന്നു മറ്റൊന്നിനെ വെല്ലുന്നവ. വമ്പൻ പട്ടണങ്ങളിലെ തൊഴിൽ ശാലയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഇളഛഛ) താമസിക്കുന്നതിലും ഗരിമയിൽ അവിടുത്തെ തൂപ്പുകാരും ഫയൽ നോട്ടക്കാരും ഗുമ്മസ്തരും ദാ.. ഇവിടെ താമസിക്കുന്നു.

അവാലി ടിഷ്യൂ കമ്പനിയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഇറായനിയായ കടയുടമ (നേരത്തെ ഇദ്ദേഹം ബാങ്ക് മില്ലി ഇറാന്റെ ഒരു ഉദ്യോഗസ്ഥനായിരുന്നു.) അബ്ദുൽ റഹ്മാൻ അദ്ദേഹത്തിന്റെ പണിതുകൊണ്ടിരിക്കുന്ന വീടു കാണുവാൻ ഒരുദിനം അപ്പുണ്ണിയെ ക്ഷണിച്ചു. ഉച്ചയ്ക്കുണ്ണാൻ പോകുന്ന സമയം, അറബാബ് (മുതലാളി) തന്റെ അമേരിക്കൻ ചങ്ങാടത്തിൽ (ഷെവർലെ കമ്പനിയുടെ വലിയ വണ്ടികളാണ് അറബികൾക്ക് ഇഷ്ടം. നാട്ടിലെ ചങ്ങാടത്തിന് ആ അമേരിക്കൻ വണ്ടിയുടെ അത്ര വലിപ്പം ഉണ്ടോ എന്ന് ഇപ്പോഴും സംശയം ബാക്കി.) അപ്പുണ്ണിയേയും കയറ്റി. സ്ഥാപനത്തിൽനിന്നും അരമണിക്കൂർ യാത്ര. ഒരു ഒഴിഞ്ഞ സ്ഥലത്ത് രണ്ടുമൂന്നു വീടുകളുടെ പണികൾ ഇന്ത്യക്കാരും ബംഗാളികളും പാകിസ്ഥാനികളും ചേർന്നു നടത്തുന്നു (വേഷം കൊണ്ടും ആകാരം കൊണ്ടും ഏതു രാജ്യക്കാരനാണെന്നു ഏകദേശം നമുക്ക് മനസ്സിലാക്കാം.). മുതലാളി നിർമ്മാണത്തിലിരിക്കുന്ന ഒരു കെട്ടിടത്തിന്റെ അക

www.malankaralibrary.com

ത്തേക്ക് ചുവടുവച്ചശ്ശേഷം പറഞ്ഞു: "താൽ.. താൽ.. ചുഫ് ഹാദി, ബെയ്ത്ത്.. കോയിസ് ഹാദി.?", (ബാ.. ബാ.. കാണ്.. ഇതാണ് ഞാൻ പണിയിക്കുന്ന വീട്.. രണ്ട് ബെഡ് റൂമുകൾ.. ഒരു ടോയ്‌ലറ്റ്, ഒരു ഹാൾ, അടുക്കള.. എങ്ങനുണ്ട്..?, വെരി ഗുഡ് അല്ലേ..?)

"കോയിസ്.. ഹാദി.., മിയ.. മിയ." (അതേ സാർ.. വളരെ നന്നായിരിക്കുന്നു..). നാട്ടിലെ (കേരളത്തിലെ) നടപ്പു നിലവാരം അനുസരിച്ചുള്ള ഒരു സാധാരണ വീട്. ഇതാണ് തന്റെ സ്വപ്നപദ്ധതി എന്ന പേരിൽ മുതലാളി തൊഴിലാളിയെ കൊണ്ടുവന്ന് കാണിച്ചത്. ഇതിലും എത്രയോ വലിയ രമ്യ ഹർമ്മ്യങ്ങളാണ് അദ്ദേഹത്തിന്റെ സെയിൽസ്മാൻമാരുടെ കേരളത്തിലെ വീടെന്ന് അപ്പുണ്ണി ഓർത്തുപോയി! പക്ഷേ തന്റെ വീട് കൊണ്ടുവന്നു കാണിക്കുമ്പോഴുള്ള മുതലാളിയുടെ മുഖത്തുദിച്ച അഭിമാനം മറക്കാൻ പറ്റില്ല. ഇവിടെ ഇവർ, സാധുക്കൾ ആവശ്യത്തിന് വയ്ക്കുന്നു. അവിടെ നാട്ടിൽ മലയാളികൾ ആഡംബരം കാണിക്കാൻ വയ്ക്കുന്നു. അതാണ് വ്യത്യാസം.

ഇന്ത്യയിലേറ്റവും കൂടുതൽ വീടുകൾ ഒഴിഞ്ഞുകിടക്കുന്ന സംസ്ഥാനവും കേരളമാണ്. മൊത്തം കെട്ടിടങ്ങളുടെ 10% വീടുകൾ ഒഴിഞ്ഞുകിടക്കുന്നു. കാടും പടലും കയറി കെട്ടിടം ശവകുടീരമായി ശയിക്കുന്നു. ഏറ്റവും ചുരുങ്ങിയത് 10 ലക്ഷം ചെലവാക്കി നിർമ്മിച്ച വീടുകളാണ് ഓരോന്നും. മാലപ്പടക്കത്തിന്റെ ഇടയിലെ അമിട്ടുപോലെ ഇടയ്ക്കിടെ വമ്പൻ മാളികകൾ പാതാളത്തിൽനിന്നും പാതയിലേക്കു നോക്കി ഉടയവനെ കാത്തുനിൽക്കുന്നു. വീടു വാടകയ്ക്കു കൊടുത്താൽ പ്രതിമാസം കിട്ടുന്നത് രണ്ടായിരം മുതൽ അയ്യായിരം രൂപയാണ്. താമസക്കാരെ ഒഴിവാക്കി മെയിന്റനൻസ് നടത്താൻ പ്രതിവർഷം ഒരു ലക്ഷം രൂപ വേറെ ചെലവാക്കുന്നു. ആറുമാസം മഴക്കാലമുള്ള കേരളത്തിലെ കോൺക്രീറ്റു വീടുകളുടെ സംരക്ഷണത്തിനായി ഇരുമ്പ്, അലൂമിനിയം ഷീറ്റിന്റെ സംരക്ഷണം വേറെ നിർമ്മിക്കുന്നു. ബഹു ജോർ...! ആവശ്യത്തിനല്ലാതെ മത്സരബുദ്ധിയോടെ നിർമ്മിക്കുന്ന വീടിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പണം ബാങ്കിലിട്ടാൽ വാടകത്തുകയേക്കാൾ മൂന്നിരട്ടി പലിശ അവർ തരും. രണ്ടുമുതൽ മൂന്നു ശതമാനം വരെ പലിശത്തുകയാണ് വീട്ടുവാടകയിനമായി നാട്ടിൽ കണ്ടുവരുന്നത്. ഒരുകോടി മുടക്കിയുണ്ടാക്കിയ വീടിന് 16,000 രൂപ പോലും കിട്ടില്ല (2%) എന്നത് യാഥാർത്ഥ്യം. ഇതു കൂടാതെയാണ് രണ്ടു വർഷം കൂടുമ്പോഴുള്ള വീടിന്റെ പുതുക്കിപ്പണിയൽ. ചിലർ മകന്റെ കല്യാണത്തിന് 15 ലക്ഷം മുടക്കി നന്നാക്കിയ വീട് അവന്റെ ആദ്യ കുഞ്ഞിന്റെ പേരിടീലിന് പൊളിച്ചു പണിയും. ധനത്തിന്റെ ധാരാളിത്തം അത്രയ്ക്കാണ് കേരളത്തിൽ.

പ്രവാസികൾ നാട്ടിൽ പടപണ്ടാരം വീടുവയ്ക്കുന്നു, ശേഷം കുടുംബമായി തിരിച്ചുപോകുന്നു. എന്തു പറഞ്ഞാലും ശരി, തെക്കേ ഇന്ത്യയിലെ ടൈൽ, പൈപ്പ്, ഫിറ്റിങ്സ് കമ്പനികളുടെ ആകെ വിൽപ്പനയുടെ നേർ പകുതി കൊച്ചു കേരളത്തിലാണ് നടക്കുന്നത്. ഇവിടെ നമ്മുടെ കേരളത്തിലെ പുരപണിയുടെ പൊതുവായ അവസ്ഥ ചൂണ്ടിക്കാട്ടിയെന്നു മാത്രം. കാര്യങ്ങളിപ്രകാരമാണെങ്കിലും നമുക്കും ഒരു കൂരവേണ്ടേ..?

www.malankaralibrary.com

നിലവിലുള്ള വീടിന്റെ നിലനിർത്തേണ്ട ഭാഗങ്ങൾ കടലാസിൽ വരച്ചു. മുൻവശത്ത് നിർമ്മിക്കേണ്ട കെട്ടിടഭാഗങ്ങൾ പ്രത്യേകം അടയാളപ്പെടുത്തി. അങ്ങനെ സ്വന്തം ആഗ്രഹപ്രകാരം വരച്ചു തയാറാക്കിയ വീടിന്റെ ഒരു രൂപരേഖ ഭാര്യ മിനിയുടെ സമ്മതത്തോടെ ദീപക്കിനെ (**ദി ഹോം ഡിസൈനേഴ്സിനെ**) ഏൽപ്പിച്ചു. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ആർക്കും ക്വട്ടേഷൻ കൊടുക്കേണ്ടതില്ല. കൊടുത്താൽ അവർ തറയുൾപ്പെടെ കുഴിതോണ്ടി മണ്ണെടുക്കും! നമ്മളായിട്ടു പൊളിച്ചാൽ കട്ടയും ജനലും കതകും മറ്റാർക്കെങ്കിലും ഉപയോഗിക്കാൻ കൊടുക്കാം. രാമപുരം കത്തോലിക്കാ പള്ളിയിൽ നിർദ്ധനരായ ചില കുടുംബങ്ങൾ തെക്കൻചേരി ഭാഗത്ത് ഉള്ളതായറിയാം അവർക്ക് കൊടുക്കാം. പുരമുന്നിലെ പശുത്തൊഴുത്ത് പൊളിച്ചടുക്കിയത് ചെറിയാൻ ചേട്ടന് വീട്ടിൽ തൊഴുത്തുവയ്ക്കുന്നതിനായി നിരുപാധികം വിട്ടുകൊടുത്തു.

അപ്പുണ്ണി ഗൾഫിൽ പോയതിന്റെ ബാക്കിപത്രങ്ങളാണ് ഇതെല്ലാം. ചുരുക്കത്തിൽ എല്ലാവർക്കും കൊടുക്കാനുള്ളത് കൊടുത്ത് വാങ്ങാൻ പറ്റുന്നവ വാങ്ങി. കിഴക്ക് പത്തിയൂരിൽ കുറച്ചു കരഭൂമിയും ചേർന്നുള്ള നിലവും. വിവാഹം, വീടുപണി, അല്പം നീക്കിബാക്കി.. ഇത്രയുമേ പ്രതീക്ഷിച്ചിരുന്നുള്ളു. പൂർവ്വീകരുടെ വാക്കുകളെ മുറുകെപ്പിടിച്ച് ബാദ്ധ്യത ഒഴിവാക്കി ജീവിക്കുന്നതുതന്നെ മഹത്തരം എന്നുള്ളതാണ് ഇന്നത്തെപ്പോലെ എന്നത്തേയും ചിന്താഗതി. ഇന്നോളം അതു സാധിച്ചു എന്നത് ഈശ്വരപരിപാലന. നാളത്തെക്കാര്യം നാളത്തേക്ക് വിടുക.

സന്താനവരവിനായുള്ള തടസ്സങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും നീങ്ങിയതോടെ അതിലേക്കായി ഇരുവരുടേയും ശ്രദ്ധ. പലരും പല നിർദ്ദേശങ്ങളും ബോധനങ്ങളും നടത്തി. സംശയം തോന്നുമ്പോൾ മെഡിക്കൽ സ്റ്റോറിൽ കിട്ടുന്ന പ്രഗ്നൻസി ടെസ്റ്റിനുള്ള സാധനം വാങ്ങി പരിശോധിക്കും. ഫലം നെഗറ്റീവ് എങ്കിലും പരസ്പരം സാന്ത്വനമായി. "മക്കളുണ്ടായാലും ചഞ്ചലം.. മക്കളില്ലേലും ചഞ്ചലം..", അപ്പുണ്ണിയുടെ മാതാശ്രീയുടെ പഴമൊഴി. ആഗ്രഹിച്ചിട്ടും അതിനനുസരിച്ച് പ്രവൃത്തിച്ചിട്ടും ഫലം കാണാത്തവരെത്ര..?, വേണ്ടാതിരുന്നിട്ടും കടന്നെത്തുന്നവരെത്ര..?, ആഗ്രഹത്തിനനുസരിച്ച് ലഭിച്ചിട്ട് പ്രവർത്തികൊണ്ട് ദുഃഖിപ്പിക്കുന്നവർ, ദുഃഖം അനുഭവിക്കുന്നവരെത്ര? താൻ ഇതിൽ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു? തനിക്ക് മുൻപായി സഹോദരങ്ങളായി ഏഴുപേർ (മൂന്നാമത്തെ പെൺകുട്ടി, ബാല്യത്തിലേ നഷ്ടമായി), എട്ടാമനായി അപ്പുണ്ണിയും. അമ്മയുടെ ഉദരത്തിൽ രൂപപ്പെട്ടതിന്റെ അഞ്ചാം മാസം വിവാഹിതയായ മൂത്തപെങ്ങളിൽ മറ്റൊരാൾ രൂപമെടുത്തിരുന്നു. അമ്മയും മകളും ഒരുപോലെ ഗർഭം ചുമക്കുന്നതിലുള്ള വിഷമം ഒഴിവാക്കാൻ അമ്മയുടെ ഗർഭമില്ലാതാക്കാൻ ആഗ്രഹിച്ച് ചില നടപടികൾ എടുത്തതായി കഥകൾ! സർവ്വ വെല്ലുവിളികളേയും അതിജീവിച്ചാണ് 1969ലെ ഓഗസ്റ്റ് മാസം 7–ാം തീയതി രോഹിണി നക്ഷത്രത്തിൽ അമ്മയുടെ 8–ാം പുത്രനായി അപ്പുണ്ണി കണ്ണു തുറന്നത്. പിറന്നുവീണപ്പോൾ അയലത്തെ സ്ത്രീകൾ കുരവയിട്ടുകാണും (ഓണാട്ടുകരയിലെ ഒരു നാട്ടാചാരമാണത്. കുട്ടി ആണാണെങ്കിൽ കുരവയിടും പെണ്ണാണെങ്കിൽ മണലിൽ കവളം മടലിട്ട് **മാത്തല്ല് നടത്തും** (അടിക്കും)) എന്നുള്ളത് ഉറപ്പ്.

www.malankaralibrary.com

"ഗർഭേനശിപ്പിക്കാൻ നോക്കിയിട്ടും ഭൂഗർഭേമൂടുവാൻ നോക്കിയിട്ടും
ആനന്ദൻ തന്നുടനുഗ്രഹത്താൽ ആമോദമോടെ വസിച്ചിടുന്നു!"

അപ്പുണ്ണിക്ക് വല്ല കൗണ്ട് (സ്പേം) കുഴപ്പവും ആണോ എന്നറിയുന്നതിന് ഒരു ടെസ്റ്റ് നടത്തുന്നതിനും സമയം കണ്ടെത്തി. "നമുക്കും ഒരുറപ്പ് ആവശ്യമല്ലേ..?" സ്പേം കൗണ്ട് ടെസ്റ്റ് സൽമാനിയ മെഡിക്കൽ സെന്ററിൽ നടത്തി. കുഴപ്പമില്ലന്ന് പരിശോധനാ ഫലത്തിൽ തെളിഞ്ഞു. (40 മുതൽ 300 മില്ല്യൻ സ്പേം ഒരു മില്ലി ലിറ്റർ സെമിന് ഉണ്ടെങ്കിൽ നല്ല കൗണ്ട് ആണ്. ഫെർട്ടിലിറ്റി ഇല്ലായ്മ സംഭവിക്കുന്നത് ഒരു മില്ലി ലിറ്റർ സെമനിൽ 15 മില്ല്യൻ സ്പേമിൽ കുറവായാൽ മാത്രം.)

"നിങ്ങൾ രണ്ടുപേരും ബഹറിൻ സേക്രട്ട് ഹാർട്ട് പള്ളിയിലെ വൈകുന്നേരങ്ങളിൽ നടക്കുന്ന നൊവേനയിൽ പങ്കെടുത്തു പ്രാർത്ഥിക്കണം.." അപ്പുണ്ണിയുടെ മാനേജർ റോബർട്ട് സെബാസ്റ്റ്യൻ സാറിന്റെ നിർദ്ദേശം.

"ശരി സാർ.." അങ്ങനെ ആ ആഴ്ചമുതൽ ഭാര്യയ്ക്കൊപ്പം സേക്രട്ട് ഹാർട്ട് പള്ളിയിലെ ഇംഗ്ലീഷ് നൊവേനയിൽ പങ്കാളികളായി, തുടർന്നു നടക്കുന്ന ഇംഗ്ലീഷ് കുർബാനയിലും പങ്കുകൊണ്ട് ഇരുവരും കാറിലൊന്ന് ചുറ്റിയടിക്കും. ഗോവക്കാരൻ ഫാദർ ഫെലീഷ്യോ ആയിരുന്നു പള്ളിയിലെ പ്രധാന പുരോഹിതൻ.

**"ഈശ്വര ചിന്തയതൊന്നേ മനുജന് ശാശ്വതമീയുലകിൽ.."**

മാസങ്ങൾ മുന്നോട്ട്.. നിർത്തില്ലാതെ അടിക്കുന്ന ഓഫീസിലെ ഫോൺ പതുക്കെ എടുത്തു.. "ഹലോ.."

"ജോലി കഴിഞ്ഞിറങ്ങുമ്പോൾ അതുംകൂടി വാങ്ങി വരണേ.." വീട്ടിൽനിന്നും മിനിയുടെ ഓർമ്മപ്പെടുത്തൽ. സമയം 5.30. ജോലിസ്ഥലമായ ഫാമിലിപ്ലാസ നിൽക്കുന്ന ഹൂറയിലെ ജാഫർ ഫാർമസിയിലേക്ക് വാഹനം വിട്ടു. (ബഹറിന്റെ പല ഭാഗങ്ങളിലും ഇവർക്ക് ശാഖകളുണ്ട്.) രണ്ടുദിനാർ കൊടുത്ത് ഒരു പ്രഗ്നൻസി ടെസ്റ്റ് സാധനം വാങ്ങി. (ഇതിന്റെ ഒരു വശത്ത് ടെസ്റ്റ് നടത്താനുള്ള യൂറിൻ അല്പം ഇറ്റിച്ചാൽ പോസിറ്റീവ് എങ്കിൽ രണ്ടുവരകൾ തെളിയും. ഇല്ലയെങ്കിൽ ഒന്നിൽ നിൽക്കും.) വേഗം വീട്ടിലേക്ക്. ടെസ്റ്റ് നടത്തി. രണ്ടു വരകൾ കൃത്യമായും തെളിഞ്ഞിരിക്കുന്നു. ഫലം പോസിറ്റീവ്. സന്തോഷം ഇരുവരിലും അലയടിച്ചു. ദൈവത്തിനു നന്ദി! മിനി ജോലിയിൽ തുടരവെ സൽമാനിയായിലെ മെഡിക്കൽ കോളേജ് ഗൈനക്കോളജി ഡോക്ടറെ സന്ദർശിച്ചു. അനുകൂലമായ വിധി. സന്തോഷം. അനങ്ങരുത്.., ഇരിക്കരുത്.., നിൽക്കരുത്.., ഓടരുത്.., ചാടരുത്.. അങ്ങനെ അരുതുകളുടെ പ്രളയം. പാൽവർഗങ്ങൾ, പഴവർഗങ്ങൾ.. എന്നുവേണ്ട പോഷക സമൃദ്ധങ്ങളായ ആഹാരസാധനങ്ങളാൽ വീട്ടിലെ ശീതികരണി നിറഞ്ഞു.

"ഭൂമിയിലൊരു സ്വർഗമുണ്ടെങ്കിൽ അത് ഇതാണ്.. അത് ഇതാണ്.."

ഒരുമാസം കഴിഞ്ഞു.. മിനിക്ക് വയറിന്റെ ഒരു ഭാഗത്ത് കലശലായ വേദന വിട്ടുവിട്ട് ഉണ്ടാകുന്നു. അൽപാൽപമായി ബ്ലീഡിങ്. ഇരിക്കാനും നിൽക്കാനും

www.malankaralibrary.com

കിടക്കാനും പ്രയാസം. സൽമാനിയ മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗത്തിൽ പരിശോധന ഡോക്ടർ ഉഷ നടത്തി പറഞ്ഞു: "ഇല്ല കുഴപ്പമൊന്നും കാണുന്നില്ല.. ഇനിയുണ്ടാവുകയാണെങ്കിൽ സ്കാൻ ചെയ്യാം.."

വീട്ടിലെത്തി ഒരു ദിവസം കഴിഞ്ഞപ്പോൾ വീണ്ടും കലശലായ വയറുവേദന. സൽമാനിയായിലേക്ക്. ഡോക്ടർ ഉഷ സ്കാനിങ്ങ് നടത്തി. "യൂട്രസിൽ കുഞ്ഞിനെ കാണാൻ സാധിക്കുന്നില്ല.. ബ്ലഡ് പോയപ്പോൾ അബോർഷൻ ആയി പോയന്നാണ് കാണിക്കുന്നത്. പേടിക്കണ്ട എല്ലാം നോർമലാണ്.." ഇരുവരും തിരികെ വീട്ടിലേക്ക്. വൈകുന്നേരം അപ്പുണ്ണിയുടെ ഓഫീസിലേക്ക് വീട്ടിൽനിന്നും ഫോൺ വിളി. "തീരെ വയ്യ... എന്തേലും ചെയ്യുക.. വേഗം വാ.."

അപ്പുണ്ണി വേഗം വീട്ടിലെത്തി. കലശലായ വേദനയാൽ പുളയുന്ന മിനി. ഫാമിലി പ്ലാസയിൽ റിസപ്ഷനിൽ ഡ്യൂട്ടിയിലുള്ള ലഞ്ചുവിന്റെ വിളി ഉടനെത്തി. "എന്തായി ചേട്ടായി..?, ചേച്ചിക്കെങ്ങനെയുണ്ട്..?"

"തീരെ വയ്യടാ.. മോനെ.."

"ചേട്ടായി.., അമേരിക്കൻ മിഷൻ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകൂ.. അവിടെ നല്ല ഒരു തമിഴ് ഡോക്ടർ ഉണ്ട്.. അവരെ ഒന്നു കാണിക്ക്.."

മിനിയെ ഒരു വിധത്തിലെടുത്ത് രണ്ടുനില ഇറങ്ങി. നേരെ മനാമയിലെ അമേരിക്കൻ മിഷൻ ഹോസ്പിറ്റലിലേക്ക്. ഒ.പി. ടിക്കറ്റെടുത്തു. സ്കാനിങ്ങ് നടത്തി. ഡോക്ടർ അമൃത (തമിഴ് നാട്ടിൽനിന്നും എത്തിയത്, പേര് ശരിയാണോ എന്ന് സംശയം.) അപ്പുണ്ണിയെ അകത്തേക്ക് വിളിപ്പിച്ചു. സ്കാനിങ്ങ് നടത്തിയതിന്റെ സ്ക്രീൻ ഷോട്ട് ഡോക്ടർ അപ്പുണ്ണിയെ കാണിച്ചു പറഞ്ഞു: "കുഞ്ഞ് ദേ... ട്യൂബിലാണ് ഉണ്ടായിരിക്കുന്നത്.. ട്രൂബൽ പ്രഗ്നൻസി (എക്ടോപ്പിക് പ്രഗ്നൻസി) എന്ന് സയൻസ് ഭാഷ. നാൽപതുപേരിൽ ഒരാൾക്ക് വരുന്ന വിപത്ത്. ഇതു ക്രിട്ടിക്കലാണ്.. ട്യുബ് റപ്ച്ചർ ആകാൻ (കുഞ്ഞ് കുഴലിലാണ് വളരുന്നത്. ആ ഭാഗം പൊട്ടിപ്പോകത്തക്കവണ്ണം ആയിട്ടുണ്ട്. ബീജവും അണ്ഡവും തമ്മിൽ യോജിച്ച് ഒന്നായി ഫാലോപ്യൻ ട്യൂബുവഴി ഗർഭാശയത്തിലെത്തണം. അവിടെയാണ് കുഞ്ഞ് വളരേണ്ടത്. ട്യൂബിലൂടെയുള്ള യാത്രയ്ക്കിടെ തടസ്സങ്ങളാൽ കുഞ്ഞ് ട്യൂബിൽ വച്ചുതന്നെ അപൂർവ്വമായി വളരാൻ സാഹചര്യം ഉണ്ടാകും. അങ്ങനെ ആയാൽ പരിമിതമായ വികസനം മാത്രം ഉള്ള ട്യൂബ് പൊട്ടിപ്പോയി ആള് കുഴപ്പത്തിലാകും.) സാദ്ധ്യതയുണ്ട്. ഉടനെ പറയുക. ഓപ്പൺ സർജറി വേണോ..? അതോ ചെലവുകൂടിയ ലാപ്രോസ്കോപ്പിക് സർജറി വേണോ..? രണ്ടും സേഫാണ്. രണ്ടിനും ഉള്ള സജ്ജീകരണം ഇവിടുണ്ട്. നിമിഷത്തിനുള്ളിൽ അറിയിക്കുക.."

അപ്പുണ്ണിക്ക് എന്താലോചിക്കാൻ..? ഒന്നും ചിന്തിക്കാനില്ല! അടുത്ത നിമിഷത്തിൽ ഉത്തരം തയ്യാർ. "ചെലവ് നോക്കണ്ട.. സുരക്ഷിതമേതാണോ.., അത് എത്രയും പെട്ടെന്ന് ചെയ്യുക.."

ഓപ്പറേഷനുള്ള സമ്മതപത്രത്തിൽ ഒപ്പിട്ടു. ലാപ്രോസ്കോപ്പിക്ക് ഓപ്പ

www.malankaralibrary.com

റേഷൻ ചെയ്യുന്നതിനായി മിനിയെ ഒരുക്കി. അപ്പുണ്ണി വെളിയിൽ കാത്തിരുന്നു. നിമിഷങ്ങൾ യുഗങ്ങളായി ഇഴഞ്ഞുനീങ്ങി. ബഹറിനിലെ അമേരിക്കൻ മിഷൻ ഹോസ്പിറ്റലിലെ ഓപ്പറേഷൻ തീയ്യറ്ററിന്റെ വെളിയിലെ പച്ച വിളക്ക് പ്രകാശിച്ചു. ഓപ്പറേഷൻ വിജയകരമായി പൂർത്തിയാക്കിയതായി ഡോക്ടറിറങ്ങിവന്ന് അറിയിച്ചു. ട്യൂബിൽനിന്നും നീക്കം ചെയ്ത ഭാഗം സ്പിരിറ്റ് ബോട്ടിലിലാക്കി വെളിയിൽ കൊണ്ടുവന്ന് അസിസ്റ്റന്റ് കാണിച്ചു.. തന്റെ നേരെ നീട്ടിയ ബോട്ടിലിലേക്ക് ഒന്നു നോക്കി. തിരിച്ചറിയാനാകാത്ത ഒരു ചെറുരൂപം. നെടുവീർപ്പ്..

**"ഒന്നു നിനയ്ക്കും മറ്റൊന്നാകും മന്നിതുമായാ നാടകരംഗം.."**


"സഹിക്കാൻ കഴിവുള്ളവനയെ അദ്ദേഹം തെരഞ്ഞെടുക്കുകയുള്ളു. നൂറിൽ രണ്ടോ മൂന്നോ പേർക്ക് സംഭവിക്കാവുന്നതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ആര്.., ആരെ കുറ്റപ്പെടുത്താൻ. തീയിൽ കുരുത്തത് വെയിലത്ത് വാടുമോ..? ഇല്ല. വാടാൻ പാടില്ല. വരുന്നതെന്തും നേരിടുക തന്നെ.."

ഇനി ഒരു ഭാഗത്തെ ഫാലോപ്യൻ ട്യൂബ് മാത്രമേയുള്ളൂ.. അതിന് കുഴപ്പമൊന്നും കാണുന്നില്ല. ഓപ്പറേഷൻ നടത്തിയ അമൃത ഡോക്ടർ അപ്പുണ്ണിയോട് പറഞ്ഞു: "സമയത്തിന് എത്തിച്ചത് കാര്യമായി. എന്തുകൊണ്ടാണാവോ.. സൽമാനിയായിലെ ഡോക്ടർ ഇത് കണ്ടുപിടിക്കാതിരുന്നത്..? യൂട്രസിൽ കുഞ്ഞിന്റെ സാക്ക് കണ്ടില്ലെങ്കിൽ ട്യൂബ് പരിശോധിക്കേണ്ടതല്ലേ..? തന്നെയുമല്ല ട്യൂബൽ പ്രഗ്നൻസിയുടെ അടയാളങ്ങൾ കാണിക്കുകയും ചെയ്തു. എന്നിട്ടും..!□ അപ്പുണ്ണിയുടെ കൂടെ ഒന്നുമുതൽ നാലുവരെ കൊട്ടാരം സ്കൂളിലും തുടർന്ന് എസ്.എൻ.എം. സ്കൂളിലും പഠിച്ച ഗംഗ എന്ന കൂട്ടുകാരിയുടെ അനുഭവം ഇവിടെ സ്മരിക്കുന്നു. ആ കൂട്ടുകാരിയുടെ രണ്ടാം പ്രഗ്നൻസിയിൽ ഇതേ ട്യൂബൽ പ്രഗ്നൻസി സംഭവിച്ചു. നർഭാഗ്യകരമെന്നു പറയട്ടെ ആ കൂട്ടുകാരി ഈ ലോകത്തോട് വിടപറഞ്ഞു!

ഡോക്ടർ റിപ്പോർട്ട് തയ്യാറാക്കി പറഞ്ഞു: "നാട്ടിൽ പോകുമ്പോൾ മദ്രാസിലുള്ള ജമിനി ഗണേശന്റെ ആശുപത്രിയുണ്ട്. അവിടുത്തെ ആശുപത്രിയിലേക്ക് റിപ്പോർട്ട് തരാം.. അവിടെ കാണിച്ച് അവരുടെ അഭിപ്രായം ആരായാം. ഭാവിയിൽ പ്രയോജനപ്പെടട്ടെ.." ഡോക്ടറോട് നന്ദി പറഞ്ഞ് പണമടച്ച് രണ്ടു ദിവസത്തിനുള്ളിൽ ഹോസ്പിറ്റൽ വിട്ടു. വീട്ടിലേക്ക്.

വിവരങ്ങൾ ചോദിച്ചറിഞ്ഞ സൽമാനിയ മെഡിക്കൽ സെന്ററിലെ മറ്റ് ഉദ്യോഗസ്ഥർ മിനിയെ പരിശോധിച്ച ഡോക്ടർ ഉഷയെ നന്നായി വഴക്കുപറഞ്ഞതായി പിന്നീടറിഞ്ഞു. പ്രത്യേകിച്ചും മിനി അവരുടെ ഓപ്പറേഷൻ തീയ്യറ്റർ സ്റ്റാഫാണ്. എന്നിട്ടും..! ഉത്തരവാദിത്വം വളരെയുള്ള ആരോഗ്യ പരിപാലന മേഖലയിൽ നിരുത്തരവാദത്തോടെ പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥർ നാടിനും നാട്ടുകാർക്കും പ്രസ്ഥാനത്തിനുതന്നെയും ശാപമാണ്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടപോലെ ഉടൻ ചെയ്തതിനാൽ അപ്പുണ്ണിക്കൊപ്പം മിനി ജീവിക്കുന്നു.

www.malankaralibrary.com



# 10. ഭരണവും ലഹളയും ഉദ്യോഗസ്ഥരും

**രാ**ജഭരണം നിലനിൽക്കുന്ന ബഹറിനിൽ സുന്നി വംശജനായ ഷേക്ക് ഇസാ ബിൻ സൽമാൻ അൽ ഖലീഫയാണ് രാജാവ്. അദ്ദേഹത്തിന്റെ പുത്രനായ ഷേക്ക് ഹമദ് ബിൻ ഇസാ അൽ ഖലീഫയാണ് ക്രൗൺ പ്രിൻസ് (അടുത്ത രാജാവ്), ദൈനംദിന പ്രവർത്തനങ്ങളുടെ നിയന്ത്രണങ്ങൾക്കായി പ്രധാനമന്ത്രിയായ ഷേക്ക് ഖലീഫ ബിൻ സൽമാൻ അൽ ഖലീഫയും ശേഷം ക്യാബിനറ്റ് മന്ത്രിമാരും ഉണ്ട്. രാജ്യത്തിന്റെ വരുമാന മാർഗങ്ങളിൽ മോശമില്ലാത്ത ഒരു പങ്കുവഹിക്കുന്നത് ടൂറിസം ഡിപ്പാർട്ടുമെന്റാണ്. ഓയിൽ, ഗൾഫിൽ ആദ്യമായി കണ്ടെത്തിയത് ബഹറിനിലാണ് എങ്കിലും വളരെ പരിമിതമായ ഓയിൽ നിക്ഷേപമേ ഇവിടെയുള്ളു. "ട്രീ ഓഫ് ലൈഫ്" പോലെയുള്ള വിജന പ്രദേശത്തേക്ക് യാത്ര പോകുമ്പോൾ പാതകളുടെ ഇരു വശങ്ങളിലും അവിടവിടായി എണ്ണ പമ്പുചെയ്യുന്ന യന്ത്രങ്ങൾ പ്രവർത്തിക്കുന്നത് കാണാവുന്നതാണ്. നാട്ടിൽ കുളക്കരയിലും വയലുകളിലും വരമ്പുകളിലും മീൻ പിടിക്കുന്ന കൊക്ക് ഇടയ്ക്കിടെ വെള്ളത്തിലേക്ക് തന്റെ തല താഴ്ത്തുകയും ശേഷം ഉയർത്തുകയും ചെയ്യുന്ന ക്രമാനുഗതമായ പ്രവൃത്തിയുടെ ഏകദേശ രൂപമായും അല്ലെങ്കിൽ തൊഴുത്തിലെ പശു കാടി കുടിച്ചിട്ട് മുകളിലേക്ക് നോക്കി ശ്വാസം എടുക്കുന്നതുപോലെയോ ആണ് അപ്പുണ്ണിക്ക് ഇതിന്റെ തുടർച്ചയായ പ്രവൃത്തിയെ കാണുമ്പോൾ തോന്നിയത്.

ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള ഷിയാ വർഗ്ഗക്കാർ ഇറാനികൾ എന്നാണ് പൊതുവെ അറിയപ്പെടുന്നത് (ഷിയാ വംശത്തിന്റെ ഭരണം ഇറാനിൽ നടക്കുന്നതു കൊണ്ടാകാം എന്ന് അപ്പുണ്ണി സംശയിച്ചുപോകുന്നു.). ഗൾഫിലെവിടെയും (ന്യൂനപക്ഷം) സുന്നി വംശജരാണ് ജനങ്ങളെ ഭരിക്കുന്നത്. ഇതിലുള്ള അമർഷം ഷിയാ യുവാക്കൾ അക്രമ-മനോഭാവത്തോടെ ഇടയ്ക്കിടെ അവിട

www.malankaralibrary.com

വിടായി പ്രകടിപ്പിക്കാറുണ്ട്. അവരുടെ ഭൂരിപക്ഷ മേഖലകളിൽ ഗ്യാസ് സിലിണ്ടറുകൾ ടയറിന്റെ ഇടയിൽ വച്ചതിനുശേഷം ടയറിന് തീ കൊളുത്തുമ്പോൾ അവ ഭയാനകമായ ശബ്ദത്തിൽ പൊട്ടിത്തെറിക്കും. ഗ്രാമപാതകളിൽ ടയറ് കൂട്ടിയിട്ട് കത്തിച്ച് മാർഗതടസ്സം സൃഷ്ടിക്കും. ലഹള അക്രമത്തിലേക്ക് കടക്കുന്നതായി കണ്ടാൽ പോലീസും ഫയർഫോഴ്സും പോയി അക്രമികളെ കീഴടക്കി ജയിലിലാക്കും. സൗദി അറേബ്യയുമായി പാലത്തിലൂടെ യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ സൗദി ഭരണകൂടം എന്നും ബഹറിന്റെ സുരക്ഷയെ സഹായിച്ചു പോരുന്നുണ്ട്. അമേരിക്കയുടെ ഒരു കപ്പൽപ്പടയ്ക്കുള്ള സ്ഥലസൗകര്യവും ഒരു എയർപോർട്ടും ബഹറിൻ വിട്ടുകൊടുത്തിട്ടുണ്ട്. അമേരിക്കയുടെ എംബസി വഴി പോകുന്ന പാതയിൽക്കൂടി സഞ്ചരിച്ചാൽ മൊബൈൽവഴിയുള്ള സംസാരം താനെ നിന്നുപോകും. ദൂരപരിധി കഴിഞ്ഞേ വീണ്ടും മൊബൈൽ ഉപയോഗ യോഗ്യമാകൂ.

വിജനപാതയിൽ ഒറ്റയ്ക്കു നടന്നുപോകുന്ന അന്യദേശത്തൊഴിലാളികളെ കലാപകാരികൾ അക്രമിക്കാറുണ്ട്. പോലീസ് അക്രമികളെ പിടിച്ചാൽ നല്ലരീതിയിൽ കൈകാര്യം ചെയ്യും. ഒരിക്കലും എഴുന്നേൽക്കാനാകാത്തവിധമായിരിക്കും ഈ കൈകാര്യം ചെയ്യൽ. തൊഴിൽ മേഖലകളിൽ തദ്ദേശിയരെ ഉൾപ്പെടുത്തണമെന്നുള്ള നിബന്ധന തൊഴിൽ നിയമത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജോലിക്കായിട്ട് എത്തുന്ന തദ്ദേശിയർ പെപ്സിയും മിരൻഡയും ഷവർമ്മയും കഴിച്ച് സമയം പോക്കും. അവരുടെ പണികൂടി മറ്റു തൊഴിലാളികൾ ചെയ്തു തീർക്കണം. ''**ചെണ്ട അടികൊണ്ടോണ്ടു മാരാന് കാശു കിട്ടുന്ന പണി.**''. കമ്പനിത്തൊഴിലാളികളിൽ ഒരു നിശ്ചിത ശതമാനം സ്വദേശികളുണ്ടെങ്കിൽ മാത്രമേ വിദേശിയരുടെ വിസ പുതുക്കാനും കമ്പനി പ്രവർത്തിക്കാനും സാധിക്കുകയുള്ളു.

നാട്ടിലെപ്പോലെ തുമ്മിയാൽ അവധിയെടുക്കാവുന്ന പണിയൊന്നും ഗൾഫിലില്ല. നാട്ടിൽ വീട്ടുകാരോടു താൽപര്യം തോന്നി അവരുടെ ആരെയെങ്കിലും ജോലിക്കെടുത്താൽ ഒരേ അപ്പുപ്പൻ അഞ്ചുപ്രാവശ്യം മരിക്കും. അമ്മാവൻമാർ നാലുപേർ നാൽപ്പതു പ്രാവശ്യം ചാകും. ചിറ്റപ്പന്റെ അയലത്തുകാരന്റെ അനന്തിരവൻ ആശുപത്രിയിലായി.. ഇങ്ങനെ എന്തെല്ലാം പേരിൽ തൊഴിലാളികൾ ജോലിക്ക് വരാതിരിക്കാൻ നോക്കും..? അറബിനാട്ടിൽ നിശ്ചിത സമയത്തു ചെയ്തുതീർക്കണ്ട പണി ചെയ്തു കൊടുത്തെങ്കിലേ കമ്പനി നിലനിൽക്കൂ. ശമ്പളത്തിന് കൈ നീട്ടുമ്പോൾ കൈ വിറയ്ക്കാതിരിക്കാൻ നന്നായി ജോലി ചെയ്യണം. അല്ലെങ്കിൽ സ്വന്തം ടിക്കറ്റിൽ നാട്ടിലേക്ക് മടങ്ങാം. അവിടെയാകുമ്പോൾ ഹർത്താൽ വിജയിപ്പിക്കാം. നിത്യജീവിതവരുമാനം കണ്ടെത്തുന്നതിനായി കട തുറക്കുന്നവന്റെ കടയും വീടും തല്ലിപ്പൊളിക്കാം, കടയ്ക്കു മുമ്പിൽ കൊടികുത്താം, അവന്റെ കാല് തല്ലിയൊടിച്ചിട്ട് അത് കൂട്ടുകാരോട് പറഞ്ഞു രസിക്കാം. ആര് ചോദിക്കാൻ?

രാഷ്ട്രീയക്കാരുടെ ആഹ്വാനപ്രകാരം ഉണ്ടാകുന്ന ഹർത്താലോ ബന്തോ ഇവിടെയില്ല. എങ്കിലും ഷിയാ അക്രമികളുടെ നിർദ്ദയ കലാപത്തിൽ സൽമാ

www.malankaralibrary.com



ബാദ് എന്ന ബഹറിൻ പ്രദേശത്ത് അതി ദാരുണമായ ഒരു സംഭവം നടന്നു. ഒരു റസ്റ്റോറന്റിൽ ജോലി ചെയ്തിരുന്ന പത്തി ലധികം ബംഗ്ലാദേശികളെ കലാപകാരികൾ തീയിൽപ്പെടുത്തി കൊന്നുകളഞ്ഞു. താമസ സ്ഥലവും റസ്റ്റോറന്റും ഒന്നിച്ചുള്ള കെട്ടിട ത്തിന് വിഘടനവാദികൾ തീയിട്ടു. ആരും രക്ഷപ്പെടാതിരിക്കുന്നതിന് കെട്ടിടത്തിന്റെ ഷട്ടർ പുറത്തുനിന്നും താഴ്ത്തി ബന്ധിച്ചു. ഉള്ളിലകപ്പെട്ടുപോയ ബംഗ്ലാദേശികൾ വെന്തുമരിച്ചു. ഭരണകൂടം ബംഗ്ലാദേശികളെ സഹായിച്ചു. ക്ഷുദ്രജീവികളെ എല്ലാം പിടിച്ച് അകത്താക്കി. കോടതി വിധിപ്രകാരം എല്ലാവരേയും കൊന്നുകളഞ്ഞു.

ഇതേ കാലത്തുനടന്ന മറ്റൊരു ദുഃഖകരമായ സംഭവമാണ് മനാമയിലെ ഒരു അപ്പോൾസ്റ്ററി കടയുടെ മുകളിലെ മലയാ ളികളായ രണ്ടു കുഞ്ഞുങ്ങൾ അനാഥ രായതും മറ്റൊരു കുടുംബത്തിന് മക്കളെ നഷ്ടമായതുമായ തീപിടുത്തം. തീ പിടിച്ച കടയ്ക്കുള്ളിലെ അപ്പോൾസ്റ്ററി സാധനങ്ങൾ കത്തുമ്പോൾ കറുത്ത പുക കെട്ടിടത്തെ മൂടി. കെട്ടിട മുകളിലെ ഫ്ളാറ്റിൽ കളിക്കാനായെത്തിയ അയലത്തെ വീട്ടിലെ മലയാളി കുട്ടികൾ പുകയിൽ പെട്ടുപോയി. കൂടെക്കളിച്ചിരുന്ന ആ വീട്ടിലെ കുട്ടികൾ രക്ഷപ്പെട്ടു. എന്നാൽ അവരുടെ മാതാപിതാക്കൾ അയലത്തു നിന്നും വന്ന കുട്ടികളെ രക്ഷിക്കാനുള്ള തത്രപ്പാടിൽ പുക ശ്വസിച്ച് മരണപ്പെട്ടു. രണ്ടു കുഞ്ഞുങ്ങൾ അനാഥരായി. ഈ അനാഥരായ കുഞ്ഞുങ്ങളുടെ സംരക്ഷ ണത്തിനായി സോമൻ ബേബി അച്ചായന്റെ (അപ്പുണ്ണിയുടെ അമ്മയുടെ സഹോ ദര പുത്രൻ, ഗൾഫ് ഡയിലി ന്യൂസ്) നേതൃത്വത്തിൽ ഒരു ഫണ്ട് രൂപീകരിച്ചു. ആദ്യ സംഭാവന ബഹറിൻ പ്രധാനമന്ത്രി ഷേക്ക് ഖലീഫയുടെ കൈകളിൽനിന്നും ചേട്ടായി ഏറ്റുവാങ്ങി. നല്ലോരു തുക കുഞ്ഞുങ്ങളുടെ സംരക്ഷണ ഫണ്ടിലേക്ക് വന്നുചേർന്നു. മാസപ്പലിശ കുഞ്ഞുങ്ങൾക്ക് കിട്ടത്തക്കവണ്ണം ആ ഫണ്ട് നാട്ടിലെത്തിച്ച് ഭാവിയിൽ അവർക്ക് പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീക രിച്ചു.

അപ്പുണ്ണി ജോലിയിലായിരിക്കെ ഉച്ചയ്ക്കുശേഷം ആരോ പറഞ്ഞറിഞ്ഞു ബഹറിൻ അമീർ (രാജാവ്) ഷേക്ക് ഇസാ ബൻ സൽമാൻ അൽ ഖലീഫ നാടു നീങ്ങിയെന്ന്. ടീവിയിലൊന്നും വാർത്ത കണ്ടില്ല. വാർത്താ സ്ഥിരീകരണം വാക്കാൽ സാധിക്കില്ല. എന്തെങ്കിലും അനാവശ്യം പറഞ്ഞ് അത് പുറത്തറിഞ്ഞാൽ ഉണ്ടാകുന്ന പുകിൽ അചിന്തനീയമാണ്. ടാക്സിക്കാറിന്റെ ഡ്രൈവർമാരുടെ കൂട്ട ത്തിൽ നല്ലൊരു കൂട്ടർ പോലീസിലേക്ക് ചാരപ്പണി ചെയ്യുന്നവരാണ്. അതുകൊണ്ട് ദേശവിരുദ്ധത അവരുടെ ചെവിക്കുകേട്ടാൽ പ്രശ്നമാകും. ടൂറിസ്റ്റ് ടാക്സികളിൽ

www.malankaralibrary.com

ആൾക്കാർ യാത്രചെയ്യുന്ന സന്ദർഭങ്ങളിൽ ഡ്രൈവർമാർ പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ച് അറിയാത്ത മട്ടിൽ സംസാരിക്കും നമ്മുടെ അഭിപ്രായം അറിയുന്നതിനു വേണ്ടിയുള്ള സൂത്രമാണിത്.

ഔദ്യോഗികമായ അറിയിപ്പ് ലഭിക്കുംവരെ ആരും രാജാവിന്റെ മരണവാർത്ത സ്ഥിരീകരിച്ചില്ല. ചിലപ്പോൾ നാട്ടിൽ വാർത്ത നേരത്തേ അറിഞ്ഞിരിക്കാൻ സാധ്യതയുണ്ട്! വൈകുന്നേരത്തെ ബഹറിൻ ടെലിവിഷൻ പരിപാടിയിൽ വാർത്ത സ്ഥിരീകരിക്കപ്പെട്ടു.

"ബഹറിൻ രാജാവ് ഷേക്ക് ഇസാ ബിൻ സൽമാൻ അൽ ഖലീഫാ നാടുനീങ്ങി. പുതിയ രാജാവായി ക്രൗൺ പ്രിൻസ് ഷേക്ക് ഹമദ് ബിൻ ഇസാ അൽ ഖലീഫ അധികാരമേറ്റെടുത്തു (ബഹറിന് പുതിയ അമീറായി.). അദ്ദേഹത്തിന്റെ പുത്രൻ ഷേക്ക് സൽമാൻ പുതിയ ക്രൗൺ പ്രിൻസായി.." ആ ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ പുതിയ ഭരണാധികാരികളുടെ ചിത്രം എല്ലാ ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും ഇടംപിടിച്ചു. ഷേക്ക് ഇസാ രാജാവ് രാവിലെ നാടുനീങ്ങി. ഏതാനും മണിക്കൂറിനുള്ളിൽ അടക്കം കഴിഞ്ഞു (അദ്ദേഹം മരിക്കുംമുമ്പേ അങ്ങനെ നിഷ്കർഷിച്ചിരുന്നതായി പിന്നീട് വാർത്ത വന്നു!). സ്വകാര്യ മേഖലയിൽ അവധിയോ മൃതദേഹം അടക്കം ചെയ്യുംമുമ്പ് മറ്റു സവിശേഷമായ ചടങ്ങുകളോ ഉണ്ടായില്ല.

അപ്പുണ്ണി ഇടയ്ക്കിടെ പറയുന്നത് അന്വർത്ഥമായി:

"ഇവിടുത്തെ രാജാവ് മരിച്ചാലും അപ്പുണ്ണിക്ക് അവധി കിട്ടില്ല.."

ഒരാഴ്ചത്തെ പൊതുവായുള്ള ദുഃഖാചരണം. ജോലികളെല്ലാം പതിവുക്രമത്തിൽ.

പുതിയ രാജാവിനോടുള്ള കൂറും വിശ്വസ്തതയും കൊട്ടാരത്തിൽ ചെന്ന് അറിയിക്കുന്നതിനുള്ള അവസരം സമൂഹത്തിലെ ഉന്നതസ്ഥാനീയരായിട്ടുള്ള വ്യക്തികൾക്ക് ലഭിച്ചു. അത് ദേശീയ ചാനലിലും പത്രങ്ങളിലും വീഡിയോ ആയി കാണിച്ചതുകൊണ്ട് അപ്പുണ്ണി അങ്ങനെയുള്ള വിശേഷങ്ങൾ അറിഞ്ഞു അത്രമാത്രം.

ഒരാഴ്ചയ്ക്കു ശേഷം ബഹറിൻ ടിവിയിൽ മുൻ അമീറിനെക്കുറിച്ചുള്ള ഓർമ്മകൾ ഉൾക്കൊള്ളുന്ന ഒരു പരിപാടി ശ്രദ്ധയിൽപ്പെട്ടു. അപ്പുണ്ണിയുടെ പ്രിയ സഹോദരൻ സോമൻ ബേബിയുടെ പഴയ അമീർ ഷേക്ക് ഇസായെക്കുറിച്ചുള്ള ഓർമ്മകൾ കണ്ണുകളെ ഈറൻ അണിയിക്കുന്ന തരത്തിലുള്ളതായിരുന്നു. വ്യക്തിബന്ധങ്ങൾക്ക് അമീർ പുലർത്തിയിരുന്ന ദൃഢതയെക്കുറിച്ചായിരുന്നു സോമൻ ചേട്ടൻ സംസാരിച്ചത്.

ചേട്ടന്റെ കണ്ണിനുണ്ടായ അസുഖത്തിന്റെ ചികിത്സാർത്ഥം നാട്ടിലെ ഒരു ആശുപത്രിയിൽ ആയിരിക്കെ അദ്ദേഹത്തിന്റെ അസുഖവിവരം അന്വേഷിച്ച് ബഹറിൻ അമീർ കോർട്ടിൽനിന്നും (രാജകൊട്ടാരത്തിൽനിന്നും) ഒരു ഫോൺകോൾ!

ആശ്ചര്യകരമായ ആ വിളിയെ ചേട്ടായി ഓർത്തുപറഞ്ഞത് ഇപ്രകാരം ആയിരുന്നു: "അന്യ നാട്ടുകാരനായ എന്നിൽ കാണിച്ച കരുണയിലും സ്നേഹത്തിലും എത്രയോ അധികമായിരിക്കും സ്വന്തം ജനങ്ങളുടെ മേൽ അദ്ദേഹത്തിന്

www.malankaralibrary.com

ഉണ്ടായിരുന്നത്..? അതിനുള്ള ഏറ്റവും വലിയ തെളിവാണ് ഈയുള്ളവന്റെ സുഖ വിവരം അന്വേഷിച്ചുള്ള പ്രിയ രാജാവിന്റെ കേരളത്തിലേക്കുള്ള ഫോൺ വിളി..''

രാജാവിന്റെ സംഘത്തിനൊപ്പം വർഷങ്ങൾക്കു മുമ്പ് ഇന്ത്യ സന്ദർശിച്ചതും അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ഇന്ദിരാഗാന്ധിയുമായി അഭിമുഖം നടത്താൻ സാധിച്ചതും ചേട്ടായി തന്റെ അനുസ്മരണയിൽ പറഞ്ഞിരുന്നു.

ടെലിവിഷനിലെ ഓർമ്മക്കുറിപ്പ് ശ്രദ്ധയിൽപ്പെട്ടയുടനെ പുതിയ അമീർ സോമൻ ചേട്ടായിയെ നേരിട്ട് വിളിച്ചതായും: ''ഈ രാജ്യത്ത് താങ്കൾക്ക് എത്ര കാലം വേണമെങ്കിലും താമസിക്കാം.. അതിനായി യാതൊരു തടസ്സവും ഉണ്ടാകില്ല..'' ഇങ്ങനെ അമീർ അദ്ദേഹത്തെ അറിയിച്ചതായും അപ്പുണ്ണിക്ക് പിന്നീട് അറിയുവാൻ സാധിച്ചു.

നന്മയുള്ള ജന്മങ്ങളാണ് ഈ ലോകത്തിന്റെ നിലനിൽപ്പിനും ഐശ്വര്യത്തിനും നിദാനമെന്ന് അപ്പുണ്ണി കരുതുന്നു. അങ്ങനെയെങ്കിൽ നന്മയുള്ള ഭരണാധികാരികൾ കൂടി ആണെങ്കിലോ..? ജാതിയുടെയും മതത്തിന്റെയും പേരിൽ അവർ സ്വന്തം ജനത്തെ ഭിന്നിപ്പിച്ച് വോട്ടുപിടിച്ച് ഭരിക്കാൻ ശ്രമിക്കുകയില്ല. അത്ര തന്നെ.

ക്രമസമാധാനം വളരെ ഭംഗിയായും ചിട്ടയായും നീതിയുക്തമായും നിർവ്വഹിച്ചുപോരുന്ന ഒരു രാജ്യമാണ് ബഹറിൻ. രാവെന്നോ, പകലെന്നോ ഭേദം കൂടാതെ പ്രത്യേകിച്ചും സ്ത്രീജനങ്ങൾക്ക് സുഗമമായി സഞ്ചരിക്കാൻ പറ്റിയ അന്തരീക്ഷം. ഷിഫ്റ്റ് ഡ്യൂട്ടി കഴിഞ്ഞ് ധൈര്യപൂർവ്വം സ്വന്തം വാസസ്ഥലങ്ങളിലേക്ക് മടങ്ങുവാൻ തക്ക സുരക്ഷിതബോധം നൽകുന്ന തരത്തിലുള്ളതാണ് പോലീസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തനങ്ങൾ. ആവശ്യമെങ്കിൽ നിമിഷനേരത്തിനുള്ളിൽ സെക്യൂരിറ്റികൾ സ്ഥലത്ത് ഹാജരാകും. പക്ഷംപിടിക്കാതെ നീതിപൂർവ്വം നടപടി സ്വീകരിക്കും. ക്ഷേത്രങ്ങളും ക്രിസ്ത്യൻ പള്ളികളും ഭക്തർക്കായി പണിതുയർത്തിയിരിക്കുന്നു. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെയുള്ള ചടങ്ങുകളാകാം. പൊതുവഴികൾ കീഴ്പ്പെടുത്തിയുള്ള പെരുന്നാൾ, ഉത്സവ ആഘോഷങ്ങളോ പാടില്ലെന്നു ചുരുക്കം.

വാഹന നീക്കത്തിൽ സംശയം തോന്നിയാൽ ''ബൈക്കു പോലീസുകാർ'' കൈകാണിച്ച് വണ്ടികൾ നിർത്തിക്കും.. അവർ ഡ്രൈവറുടെ അടുക്കലേക്ക് വന്ന് ''**സാർ..**'' എന്ന് അഭിസംബോധന ചെയ്തു സംസാരിക്കും. ''**താങ്ക്യൂ.. സാർ.., സോറി ഫോർ ദി ഇൻകൺവീനിയൻസ്..**'' എന്ന് അവസാനം ഖേദം പ്രകടിപ്പിക്കുകയും ചെയ്യും. ഇത് കേൾക്കുമ്പോൾ അപ്പുണ്ണി നാട്ടിലെ കാര്യങ്ങൾ ഓർക്കും.

വണ്ടി ഓടിക്കുന്നവൻ എന്തോ പാതകം ചെയ്യുന്ന മട്ടിലാണ് റോഡുകളിൽ ഉദ്യോഗസ്ഥരുടെ പെരുമാറ്റം. വഴികളിലെ വളവുകളിൽ കൊലപാതകികളെ പിടിക്കാൻ പാത്തുനിൽക്കും പോലെ ഏമാനും കൂട്ടരും അങ്ങനേ നിൽക്കും. ഏതേലും ഭാഗ്യഹീനർ അതുവഴി വന്നു ചാടും. അവർ ബുക്കും പേപ്പറുമായി എത്രനേരം അങ്ങോട്ടു ചെന്ന് കുമ്പിട്ട് നിൽക്കണം. ഗൾഫിൽനിന്നും നാട്ടിലേക്കുള്ള യാത്രയിൽ എയർ കസ്റ്റംസ് ഉദ്യോഗസ്ഥർ നാട്ടിൽ വരുന്നവരെ

www.malankaralibrary.com

കൈകാര്യം ചെയ്യുന്നത് എത്ര മൃഗീയമായാണ്. ഒരോണക്കാലത്ത് തിരുവനന്തപുരം എയർപോർട്ടിൽ വന്നിറങ്ങിയ അപ്പുണ്ണിയെ രണ്ടു മണിക്കൂറുകൾ തടഞ്ഞു വച്ചു പരിശോധിച്ചു. "കിട്ടാനുള്ളത് കിട്ടാതെ കിട്ടൻ അടങ്ങില്ല.." എന്നതുപോലെ കൊടുക്കാനുള്ളത് കൊടുത്തു കഴിഞ്ഞപ്പോൾ എന്തു മാന്യത!

"എന്നാൽ പിന്നെ അത് നേരത്തേ ചോദിച്ചാൽ പോരാരുന്നോ..?" എന്ന് അപ്പുണ്ണി അവനോട്. "അറിഞ്ഞു ചെയ്യേണ്ടേ..?" എന്ന് അപരൻ.. ഹെന്ത് ശുഷ്കാന്തി!

ജോലികഴിഞ്ഞ് ഫ്ളാറ്റിലേക്കുള്ള കാർയാത്ര. വലതുവശം ചേർന്നുള്ള വേഗത കുറഞ്ഞ സഞ്ചാര രീതിയാണ് അപ്പുണ്ണിയുടേത്. സൽമാനിയ ആശുപത്രിയുടെ പിന്നിലെ പാതയിലൂടെ കാറിൽ സഞ്ചരിക്കവെ പെട്ടെന്ന് എതിർദിശയിൽ വന്നിരുന്ന ബഹറിനി സ്ത്രീയുടെ കാറ് നാട്ടിൽ ഓട്ടോ വെട്ടിച്ചു തിരിക്കുന്നപോലെ മെഡിക്കൽ കോപ്ളക്സിലേക്ക് വേഗം തിരിഞ്ഞു. അപ്പുണ്ണി ബ്രേക്ക് ചവിട്ടി.. വണ്ടി പതുക്കെ ചെന്ന് മറ്റേ വണ്ടിയിൽ മുട്ടി. രണ്ടു വണ്ടിയും റോഡിൽ!

താരതമ്യേന ചെറിയ അപകടം. അഞ്ചുമിനിട്ടിനുള്ളിൽ ട്രാഫിക് പോലീസ് ബൈക്കിലെത്തി. കാറുകൾ മാറ്റി യാത്രാ സൗകര്യം ക്രമീകരിച്ചു. അദ്ദേഹം തന്റെ മൊബൈൽ സെറ്റിലൂടെ സന്ദേശങ്ങൾ കേന്ദ്രത്തിലേക്ക്. റിപ്പോർട്ട് തയ്യാർ!

കാറിന്റെ നമ്പർ റിപ്പോർട്ട് ചെയ്തപ്പോഴേക്കും അപ്പുണ്ണിയുടെ സർവ്വകാര്യങ്ങളും പട പടാന്ന് പേപ്പറിൽ. ദാ.. കിടക്കുന്നു. വിരൽത്തുമ്പിൽ സർവ്വവും നിമിഷത്തിൽ. ഇൻഷ്വറൻസ് കമ്പനിക്കാരുടെ വിളി ഉടനെത്തി.. അവർ വണ്ടിക്കുണ്ടായ കേടുപാടുകൾ എല്ലാം ശരിയാക്കിത്തന്നു. ശുഭം!

മിക്കവാറും സർക്കാർ ഉദ്യോഗസ്ഥർക്ക് ഇംഗ്ലീഷും ഹിന്ദിയും അറിയാം. മലയാളം നന്നായി സംസാരിക്കുന്ന ബസ് ഡ്രൈവർമാരെ അപ്പുണ്ണി പരിചയപ്പെട്ടിട്ടുണ്ട്. ഇതൊന്നും അറിയാത്തവരും ധാരാളം.

പോലീസുകാർ കമ്പ്യൂട്ടറിൽ അടിക്കുന്ന അല്ലെങ്കിൽ പറഞ്ഞുകൊടുക്കുന്ന വണ്ടിയുടെ അക്കങ്ങൾ ശരിയാണെങ്കിൽ മാത്രമേ ആളിന്റെ പേരും മറ്റു വിവരങ്ങളും നേരായി കാണിക്കുകയുള്ളു.. എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ..!

ഒരു ദിനം പിക്കപ്പ് പാർക്കുചെയ്യേണ്ട സ്ഥലത്ത് അപ്പുണ്ണി കാറ് പാർക്കുചെയ്തു. നാട്ടിൽനിന്നും മിനിക്കായി ശ്രീമതിയുടെ പപ്പാ അയച്ച എംബ്രോയിഡറി നൂലിന്റെ ഒരു കെട്ട് ശേഖരിക്കുന്നതിനായിരുന്നു മുഹറഖിലെ പോസ്റ്റ് ഓഫീസിൽ പോയത്. "പിക്കപ്പ് പാർക്കിങ്.." എന്ന് എഴുതിവച്ചിരുന്ന ബോർഡ് അപ്പുണ്ണി ശ്രദ്ധിച്ചില്ല. അങ്ങനൊരെണ്ണം അവിടെ വരാനുള്ള സാദ്ധ്യത മനസ്സിൽപോലും തോന്നിയില്ല അത്രതന്നെ. കെട്ടും താങ്ങി കാറിന്റെ മുമ്പിൽ തിരിച്ചു വന്നപ്പോൾ ദായിരിക്കുന്നു സർക്കാർ സീലോടുകൂടിയ ഒരു കടലാസ്. അത് മുന്നിലെ വൈപ്പറും ഗ്ലാസുമായി ചേരുന്ന ഭാഗത്ത് കാറ്റടിച്ചു പറന്നുപോകാത്ത വിധം ഭംഗിയായി തിരുകി വച്ചിരിക്കുകയാണ് (പണ്ട് ആൾക്കാർ പൈസായും മറ്റും മടിക്കുത്തിലും ഉടുപ്പിന്റെ കൈമടക്കിലും തിരുകി വച്ചിരിക്കുന്നതുപോലെ.. ങാ.. ഇതും പൈസാക്കാര്യംതന്നെ അല്ലേ..?).

www.malankaralibrary.com



"എന്തോന്നാടെ ഇത്..?"

"Wrong parking. Penality, Car No... , Mr. Mahadevan. Contact Trafic Department."

"പെട്ടുപോയോ ഈശ്വരാ...!" അപ്പുണ്ണി രസീതിന്റെ മുകൾ മുതൽ അടി വരെ ഒന്നൂടെ വായിച്ചു.

ആരാടാ ഈ.. മഹാദേവൻ..? അപ്പുണ്ണിയുടെ പേര് മാറ്റിയോ..? അതോ കാറ് മഹാദവന്റെ പേരിലായോ..?

ഓാാ.. അതു ശരി.. കാറിന്റെ നമ്പർ ട്രാഫിക് പോലീസുകാരൻ തെറ്റായിട്ടാണ് എഴുതിയിരിക്കുന്നത്. അഞ്ചിനു പകരം ഏഴാണ്. അതാണ് പ്രശ്നമായത് (പ്രശ്നമാണോ..?).

ഇവിടെ ചക്കിനുവച്ചത് കൊക്കിനു കൊണ്ടിരിക്കുകയാണ്. എവിടെയോ ഉള്ള (എന്തായാലും ബഹറിനിൽതന്നെ ആളുണ്ട്.) മഹാദേവന് തെറ്റായി പാർക്കുചെയ്ത അപ്പുണ്ണിയുടെ പേരിൽ ബംബർ അടിച്ചിരിക്കുകയാണ്. ആദ്യം ഒന്നു വിരണ്ടെങ്കിലും സംഗതി ഓഫീസിലെ സൽമാന്റെ (ബഹറിനിയുടെ) ശ്രദ്ധയിൽപ്പെടുത്തി. അവൻ രസീത് വാങ്ങി വായിച്ചു ശേഷം വലിച്ചുകീറി നൂറു തുണ്ടമാക്കി (നൂറുതന്നെ ആണോ എന്ന് സംശയം ഇല്ലാതില്ല.) ചുരുട്ടിക്കൂട്ടി കുപ്പയിലിട്ടശ്ശേഷം ഒരു തുപ്പും. "ഫൂ.."

പാവം ഏതോ മഹാദേവൻ പെട്ടു. ആ പാവം ഇനി ഫൈൻ അടയ്ക്കണം. അത്രതന്നെ. അല്ലാതെന്ത്..? ഓരോ വർഷവും ബ്രേക്ക് ടെസ്റ്റും രജിസ്ട്രേഷനും പുതുക്കാനായി ദൂരെയുള്ള ഇസാ ഠൗണിലെ ട്രാഫിക്ക് ഓഫീസിൽ ചെല്ലുമ്പോൾ അവർ കാറിന്റെ നമ്പർ കമ്പ്യൂട്ടറിൽ പരിശോധിക്കും. ഓവർ സ്പീഡ്, തെറ്റായ പാർക്കിങ്ങ്. എന്നുവേണ്ട സർവ്വ ശിക്ഷകളും കമ്പ്യൂട്ടറിൽ കുലകുലയായി കിടക്കുന്നുണ്ടാകും. അതടച്ചശേഷമേ അടുത്ത വർഷത്തേക്കുള്ള രജിസ്ട്രേഷൻ പുതുക്കുകയുള്ളു.

www.malankaralibrary.com



# 11. ടെലിവിഷനും ക്രിക്കറ്റും

**ഓ**ണത്തിന്റെ ആരവം ഓടനാട്ടിൽ തുടങ്ങുന്നത് ഓളപ്പരപ്പിലൂടെയാണ്. നാടിന്റെ നാനാഭാഗങ്ങളിൽ ജലപ്പരപ്പിൽ നിരവധി മത്സരങ്ങൾ. അപ്പുണ്ണിക്ക് ഈ ഓണക്കാലം വിശേഷമുള്ളതാണ്. വിവാഹ ശേഷമുള്ള ആദ്യ ഓണം. കുട്ടിക്കാലത്തെ അപ്പുണ്ണിയുടെ ഓണാഘോഷം ഒരായിരം ആഘോഷങ്ങളുടെ ആകെത്തുകയല്ലേ..? ഇന്ന് ഗൾഫിലിരുന്ന് അപ്പുണ്ണിക്ക് നാട്ടിലെ ഓണം കാണാം, വള്ളംകളി കാണാം. കുട്ടിക്കാലത്ത് വള്ളംകളിയുടെ മനോഹാരിത ഒട്ടും കുറയാതെ കാതിലും മനസ്സിലും എത്തിച്ചുകൊണ്ടിരുന്നത് റേഡിയോ നിലയത്തിലെ ചേട്ടന്മാരാണ്. മിസ്റ്റർ ലൂക്ക്, അലക്സ് വള്ളക്കാലിൽ, ഗ്രിഗറി.. പുന്നമ്മടക്കായലിലെ നെഹ്രുട്രോഫിയുടെ ആരവം അപ്പുണ്ണിയുടെ വീട്ടിലെത്തിച്ചിരുന്നവരെ ഇപ്പോഴും അപ്പുണ്ണി ഓർക്കുന്നു. പൂക്കൾ വിതറുന്നതിന് ഹെലികോപ്റ്റർ കായലിൽ വട്ടം ചുറ്റി പറന്നടുക്കുന്നതും പൂക്കൾ വിതറുന്നതും എത്ര ചേതോഹരമായാണ് അവർ പങ്കുവച്ചിരുന്നത്. റേഡിയോ മാത്രമുള്ള കാലഘട്ടം കഴിഞ്ഞതോടുകൂടി കറപ്പും വെളുപ്പും നിറത്തിൽ വീടിന്റകത്തു തന്നെ ഇരുന്ന് വള്ളംകളി കണ്ടാസ്വദിക്കാനുള്ള സൗകര്യമായി. എങ്കിലും ഇതിലെ അനൗൺസ്മെന്റ് റേഡിയോയോളം വരില്ല. മാത്രമല്ല ടെലിവിഷന്റെ മുന്നിൽത്തന്നെ ഇരുന്നെങ്കിലേ അത് ആസ്വദിക്കാൻ സാധിക്കൂ. റേഡിയോയിൽ എല്ലാം കേട്ടറിയാം പരസ്യം ഇല്ല. കറണ്ടു ചാർജും അധികം ഇല്ല.

പാട്ടുപെട്ടിയിൽനിന്നും സിനിമാ പെട്ടിയിലേക്കുള്ള മാറ്റത്തിന്റെ ഏടുകൾ പരിശോധിച്ചാൽ അപ്പുണ്ണിയുടെ വാർഡിൽ ആദ്യം ടെലിവിഷനെത്തിയത് മുതുകുളം ബ്ലോക്ക് ആഫീസിലാണ്. അപ്പുണ്ണിയുടെ വീടും ബ്ലോക്കോഫീസുമായി മൂന്നു പുരയിടങ്ങളുടെ അകലം മാത്രം. ഏകദേശം 250 മീറ്റർ അകലം. കളർ ടെലിവിഷൻ കെൽട്രോൺ ബ്രാൻഡ്. ദിവസവും വൈകുന്നേരം ആറുമണിക്ക് തിക്കോയിക്കലെ കൃഷ്ണൻ ചേട്ടൻ (ചേട്ടൻ ബ്ളോക്കോഫീസിലെ ഡ്രൈവറാണ്. അപ്പുണ്ണിയുടെ സുഹൃത്തുക്കളായ ഉണ്ണിച്ചേട്ടനും അനിയും അദ്ദേഹത്തിന്റെ മക്കളാണ്). ഓഫീസിന്റെ ഉള്ളിൽ ട്രോളിയിൽ വച്ചിരിക്കുന്ന സിനിമാപ്പെട്ടി തള്ളി

www.malankaralibrary.com

വെളിയിലോട്ട് കൊണ്ടുവരും. സ്റ്റെബിലൈസറിൽ ടി.വിയുടെ പിൻ കുത്തിവച്ച് ലൈൻ ഓണാക്കും. ആദ്യം മഴപെയ്യുന്ന പോലെ കുറെ കാഴ്ച കൾ(ഗ്രെയിൻസ്)പടം തെളിയില്ല.


"കാറ്റടിച്ച് ആന്റീന തിരിഞ്ഞിരിക്കുകയാണന്നു തോന്നുന്നു..."

ചേട്ടന്റെ കമന്റ് കേൾക്കേണ്ട താമസം മൂന്നു ഫുൾ ലെങ്ത്തുള്ള ഇരുമ്പ് പൈപ്പിന്റെ ചുവട്ടിലേക്ക് ടെലിവിഷൻ കാണാനെത്തിയിരിക്കുന്ന എല്ലാ ലോക്കൽ ടെക്നീഷ്യൻ മാരും ഓടും. പിന്നെ ഓരോരുത്തരും മാറിമാറി കറക്കും.. (തിരി ക്കുമെന്നും പറയാം). നാനാദിക്കിലേക്കും കമ്പിവലിച്ച് കെട്ടി പൊക്കി നിർത്തി യിരിക്കുന്ന ആന്റീന സർവ്വദൈവങ്ങളേയും വിളിച്ചാണ് "ആവശ്യ-പ്രേക്ഷകർ" കറക്കുന്നത്.

"ഈശ്വരാ.. ശരിയാകണേ.." കറക്കാൻ നിൽക്കുന്നവരുടെ കൂട്ടത്തിലെ **മെയിൻ കറക്കി** ഈശ്വരനെ മനസ്സിൽ ധ്യാനിച്ച് കൊച്ചു കറക്കികളെ മാറ്റിനിർത്തി പൈപ്പിൽ പിടിച്ച് ഒന്നു തിരിച്ചിട്ട് ഉറക്കെ ചോദിക്കും: "ശരിയായോ ചേട്ടാ... പടം വന്നോ..?"

തന്റെ നാമം വിളിക്കുന്നതു കേട്ട് ദൈവം പോലും അതിശയിച്ചേക്കും.. "തന്റെ പേരു വിളിച്ച് പടം ശരിയാക്കാൻ തനിക്ക് മുതുകുളത്ത് ഇത്രയും ഭക്ത രോ..?"

"മതി.. മതി.. ശരിയായി.." അകത്തുനിന്നും "ഓക്കെ.." മറുപടി കിട്ടി യാൽ കറക്കൽ നിർത്തി, കറക്കിയവനും കറക്കാത്തവനും കറക്കുന്നതു നോക്കി നിന്നവനും വകുപ്പു പറഞ്ഞ് മുകളിലോട്ട് വാ പൊളിച്ചു നിന്നവനും ഓടിവന്ന് ഓഫീസിനുള്ളിലും തിണ്ണയ്ക്കും ചമ്രം പടിഞ്ഞിരിക്കും ചിലർ കുത്തിയിരിക്കും ഏറെപ്പേർ കയ്യുംകെട്ടി മുറ്റത്ത് നിൽക്കും. ബ്ലോക്കിന്റെ വാതിലിലുള്ള മക്രോ ണിച്ചേട്ടന്റെ കടയിൽനിന്നും ചിലർ ബഞ്ചും എടുത്തുകൊണ്ടുവന്ന് മുറ്റത്തിട്ട് ഇരുന്നു കാണും. 1986ലാണ് നാട്ടിൽ ബ്ലാക്ക്&വൈറ്റ് ടെലിവിഷൻ സെറ്റുകൾ എത്തിത്തുടങ്ങിയത്. ഒരു ദിനം വൈകുന്നേരം ചിത്രഹാർ (ഹിന്ദി സിനിമാ ഗാന ങ്ങൾ), മറ്റൊരു ദിനം ചിത്രഗീതം (മലയാളം ചലച്ചിത്ര ഗാനങ്ങൾ), ദിവസവും മലയാള വാർത്തകൾ, ഞായറാഴ്ചയിൽ ഒരു സിനിമ (മലയാള സിനിമ നിർമ്മി ക്കാൻ തുടങ്ങിയ സമയത്തെ **കണ്ടം വച്ച കോട്ട്, ഭക്ത കുചേല** പോലെയുള്ള എത്ര സിനിമകൾ എത്രപ്രാവശ്യം അപ്പുണ്ണിയും കൂട്ടരും കണ്ടു.). ഒളിമ്പിക്സ് മത്സരങ്ങൾ വന്ന തോടെ ബ്ലാക്ക്&വൈറ്റ് പെട്ടിക്ക് മാറ്റം വന്നു. കളർ ടെലിവിഷൻ "ഡയനോര" ആ സ്ഥാനം കരസ്ഥമാക്കി. രാമായണവും മഹാഭാരതവും ഞായറാഴ്ചകളിൽ എത്തിയതോടെ സിനിമാ പെട്ടിയുടെ ജനകീയത വർദ്ധിച്ചു.



അപ്പുണ്ണിക്ക് ഓപ്പറേറ്റു ചെയ്ത് കാണാ വുന്ന രീതിയിൽ ടെലിവിഷൻ കളറിൽ

www.malankaralibrary.com

കയ്യെത്തും ദൂരത്ത് വന്നത് അക്കപ്പെങ്ങളുടെ വീട്ടിലെ **ഒണീഡ** ടെലിവിഷന്റെ രൂപത്തിലാണ്. അനന്തിരവൻമാർ രണ്ടുപേരും (രാജുവും സാജുവും) ഇക്കാര്യ ത്തിൽ കൂട്ടായതിനാൽ ടെലിവിഷൻ കാഴ്ചകൾ അവരുടെ കെയറോഫിൽ നട ന്നു. അതുകൊണ്ട് ലോകത്തിൽ അക്കാലത്തുനടന്ന സർവ്വ ക്രിക്കറ്റു മത്സരങ്ങ ളുടെയും തൽസമയ കാഴ്ചകൾ കാണാൻ അപ്പുണ്ണിക്ക് തരമായി.

തട്ടാരുമുക്കിനുള്ള രാജാസ് ഇലക്ട്രോണിക്സ് കട നടത്തുന്ന രാജൻചേട്ടൻ റിപ്പയർ ചെയ്യാനെത്തുന്ന സിനിമാപ്പെട്ടികളുടെ പിന്നിലെ കവറും മറ്റും ഇല്ലാതെതന്നെ പ്രേക്ഷകരായ യുവാക്കളുടെ താത്പര്യപ്രകാരം അവ താത്ക്കാലികമായി ശരിയാക്കിയിട്ട് എടുത്ത് വെളിയിൽവച്ച് പ്രദർശനമൊരുക്കും. പലപ്പോഴും ചേട്ടൻ ആമ്പ്ലിഫയർ വച്ച പാട്ടുപെട്ടിയിൽ ‘‘തേരേ മേരെ ബീച്ചു മേം.. കൈസായേഹെ ബന്ധൻ അൻജാ..’’ എന്നുള്ള ഹിന്ദിപ്പാട്ടു വച്ചു മൂളിച്ചു കൊണ്ടിരിക്കുമ്പോഴാണ് ക്രിക്കറ്റുകളി കാണാൻ എല്ലാവരുംകൂടി അങ്ങോട്ടു ചെല്ലുന്നത്. അഭ്യർത്ഥനയിൽ അലിയാത്ത മനസ്സില്ലല്ലോ..! വന്നവരോടുള്ള ഉള്ള ലിവാൽ ചേട്ടൻ പാട്ടുപെട്ടി നിർത്തി സിനിമാപ്പെട്ടി ഓണാക്കും. അപ്പുണ്ണിയും കൂട്ടരും ഇറച്ചിക്കടയിൽ പട്ടികൾ നിൽക്കുന്നതുപോലെ പെട്ടിക്കു മുന്നിൽ വട്ട മിട്ടു നിന്ന് ലോകക്കപ്പ് ക്രിക്കറ്റു കാഴ്ചകൾ കാണും. എന്നാൽ ചില ആശാന്മാർ അത് നേരെ ചൊവ്വെ കാണാൻ സമ്മതിക്കില്ല. ഇവിടെക്കൂടുന്ന നാട്ടുകൂട്ടത്തിനി ടയിൽ മുതുകുളത്തെ ചില ക്രിക്കറ്റ് ആശാന്മാർ നടത്തുന്ന ക്രിക്കറ്റു കമന്റാണ് കമന്റ്: ഇന്ത്യയുടെ ക്യാപ്റ്റൻ കപിൽദേവ് ഒരു ബോൾ എറിയുമ്പോൾ അത് ഇംഗ്ലണ്ടിന്റെ ബാറ്റസ്മാൻ സിക്സർ പായിച്ചാൽ അവിടെത്തുടങ്ങും ഗംഭീര ക്ലാസ്സ്. കളികാണാൻ ആദ്യമേ നിൽക്കുന്ന ‘‘**ബാൾ ആശാൻ**’’കൂടിനിൽക്കുന്നവരുടെ നേർക്കു തിരിഞ്ഞ്: ‘‘ആ പന്ത് സ്വൽപ്പം വേഗതകുറച്ച് ലഗ്ഗിൽ കൊടുത്തിരുന്നെ ങ്കിൽ അവന്റെ മിഡിൽ സ്റ്റംമ്പും ഒടിച്ചുകൊണ്ട് പോയേനെ..’’ തുടർന്ന് ശകാ രവും പഴിക്കലും ആക്രോശവും..

അടുത്ത പന്ത് വൈഡ് പോയാൽ ബാക്കി പറയേണ്ട.

‘‘ഇവനെയൊക്കെ ആരാടാ ടീമിലെടുത്തത്..?, ഇവനെയൊക്കെ എന്തി നുകൊള്ളാം..?’’ കമന്റുകളെക്കൊണ്ട് കടയുടെ മുൻവശം കോലാഹലമാകും.

ഇനി ഫീൽഡിംങ് കഴിഞ്ഞ് ഇന്ത്യ ബാറ്റിങ്ങ് തുടങ്ങിയാൽ അടുത്ത പാഠമായി.

ഗ്രൗണ്ടിൽ പന്ത് നേരിടുന്ന ഗാവസ്ക്കറിനും ശ്രീകാന്തിനും സംഭവിച്ചു പോകുന്ന ചില പിഴവുകളിൽ കേറിപ്പിടിക്കുന്ന ‘‘**ബാറ്റാശാൻ**’’ ആദ്യം ഒന്നു മുരളും പിന്നെ സ്വയം ബാറ്റുചെയ്യുന്നതായി ഭാവിച്ചുകൊണ്ട്: ‘‘ദാ ആ പന്ത് ഇങ്ങനെ മുമ്പോട്ടു കേറി റൈറ്റിലേക്ക് തൊട്ടുവിട്ടിരുന്നേൽ സിക്സ് നിസ്സാര മായി കിട്ടിയേനെ..’’

അട്ടഹാസവും അലർച്ചയും ‘‘ശ്ശോ..!’’ എന്നു പറഞ്ഞുള്ള തലയിൽ കൈവയ്ക്കലും പുൾ ഷോട്ടും കട്ട് ഷോട്ടും കാണിച്ചുകൊണ്ടുള്ള ആംഗ്യങ്ങളും പ്രകടിപ്പിച്ച് കളികാണുന്ന മൊത്തം ഭാഗവും ആശാൻ കുശാലാക്കും.

www.malankaralibrary.com

ഓടിപ്പോകുന്ന ചാവാലിപ്പട്ടിയുടെ നേരെ അഞ്ച് ഏറ് പാസാക്കിയിട്ട് ഒന്നെങ്കിലും കൊള്ളിച്ച് അതിനെക്കൊണ്ട് "ഭേഷ്.. ഭേഷ്.." എന്നു പറയിക്കാതെ "മോശം.." എന്നു പറയിക്കുന്നവനും റോഡ്സൈഡിൽ കിടന്ന മെറ്റൽ മൊത്തവും പെറുക്കി മാവിലെറിഞ്ഞിട്ടും ഒന്നുപോലും കൊള്ളിച്ച് മാങ്ങാ വീഴ്ത്താത്തവനുമാണ് ഈ ആശാൻ..! മുതുകുളം ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ വർഷാവർഷം നടത്തുന്ന എം.സി.സി. ടൂർണമെന്റിൽ ഡക്കിനു പോകുന്നതിൽ ഹാട്രിക്കടിക്കുന്ന ഇദ്ദേഹം എതിർ ടീമിന് ഒരു മുതൽക്കൂട്ടുകൂടിയാണ് എന്നത് ഒരു വസ്തുതയാണ്. എന്നാലും രാജൻ ചേട്ടന്റെ കടയിൽനിന്ന് കളി കാണുമ്പോഴുള്ള അദ്ദേഹത്തിന്റെ വീറും വാശിയും എടുത്തുപറയേണ്ടതു തന്നെയാണ്!

കരണ്ടുപോകുന്നതോടുകൂടി ചേട്ടന്റെ കടയിലെ കാഴ്ചകൾക്ക് സമാപ്തിയാകും. വീട്ടിലേക്ക് വാങ്ങാനുള്ള സാധനങ്ങളുടെ ലിസ്റ്റ് അപ്പുണ്ണിയുടെ പോക്കറ്റിൽ ഭദ്രമായി കിടക്കുകയാണ്. രാജൻ ചേട്ടന്റെ കടയിൽനിന്നും നേരെ മണിയൻ ചേട്ടന്റെ പച്ചക്കറിക്കടയിലേക്കും അവിടെനിന്നും സാധനങ്ങളുമായി വീട്ടിൽ ചെന്ന് ഒരു ഡയലോഗ്:

"കടയിൽ ഭയങ്കര തിരക്കായിരുന്നു.."

കായംകുളത്തെ ടെലിവിഷൻ കടയിൽനിന്നും പുതിയ സിനിമാപ്പെട്ടി വാങ്ങുമ്പോൾ അതിന്റെ കൂടെ (കണ്ടം പൂട്ടിയശേഷം നിരപ്പാക്കി കച്ചിക്കുറ്റി വലിച്ചുകൂട്ടുന്നതിനുള്ള പല്ലുചെരുപ്പ് പോലെയുള്ള ഒരു ഉപകരണം) ആന്റീനയും കിട്ടും. ഉയരത്തിൽ ഇതു ഫിറ്റു ചെയ്ത് ഡയറക്ഷൻ ശരിയാക്കിയെങ്കിലേ പടം പുരയ്ക്കകത്തെ പെട്ടിയിൽ കിട്ടൂ. അതു തിരുവനന്തപുരം ദൂർദർശൻ കേന്ദ്രമാകാം, കൊടൈക്കനാൽ ആകാം.. എല്ലാ സ്റ്റേഷനുകളുടെയും കിടപ്പുവശം (കിട്ടുന്ന ഡയറക്ഷൻ) ടെലിവിഷൻ കടയിൽനിന്നും വരുന്ന ടെക്നീഷ്യൻ ചേട്ടന് മനഃപാഠം. കായംകുളത്തെ കടയിൽനിന്നും അംബാസിഡർ കാറിന്റെ മുകളിലായി ടെലിവിഷന്റെ വലിയ പെട്ടിയും കെട്ടിവച്ച് വരുന്ന ഗൃഹനാഥന്റെ ഗമ ഒരു ഒന്നൊന്നൊര ഗമയാണ്. ഗൾഫുചേട്ടൻ പെട്ടിയും പ്രമാണവും കെട്ടിക്കൊണ്ടു വിമാനത്താവളത്തിൽനിന്നും വീട്ടിലേക്കു വരുന്ന ഗരിമയിലും അപ്പുറമാണ് ഇത്.

അമ്മയിൽനിന്നും വീട്ടിൽ സിനിമാപ്പെട്ടി വരുന്ന വിവരം മുന്നമേ അറിയുന്ന മകൻ രണ്ടുദിവസം മുമ്പുതന്നെ അദ്ദേഹത്തിന്റെ കൂട്ടുകക്ഷികളോട് ഇക്കാര്യം (വേറെ ആരോടും പറയരുതെന്ന എഗ്രിമെന്റിൽ.) പറഞ്ഞിരിക്കും. (എഗ്രിമെന്റു പ്രകാരം ഈ രഹസ്യം ഇനി അറിയാൻ ആ പഞ്ചായത്തിൽ വെറെ ആരുമില്ല എന്നുള്ളത് ഒരു നഗ്ന സത്യം മാത്രം.) ടെലിവിഷന്റെ കാറിന്റെ മുകളിലിരുന്നുള്ള യാത്ര അടുത്ത വളവുതിരിഞ്ഞ് വരുമ്പോഴേക്കും വീടും പരിസരവും പൂരപ്പറമ്പിന് സമാനമാകും! വൈകുന്നേരങ്ങളിലും സിനിമായുള്ള ദിവസങ്ങളിലും കുട്ടിക്കൂട്ടത്തിലെ വിരുതൻ പയ്യെപ്പയ്യെ വന്ന് അടച്ചിട്ടിരിക്കുന്ന അയലത്തെ ടീവിയുള്ള വീടിന്റെ പകുതി തുറന്ന ജനലിൽക്കൂടി അകത്തേക്കൊരു നോട്ടമുണ്ട്. തുടർന്നൊരു ഓട്ടവും (സിനിമാ തുടങ്ങിയെങ്കിൽ അവൻ അവിടെത്തന്നെ നിന്ന് രണ്ടുസീൻ കണ്ടിട്ടേ പോവുകയുള്ളു.). കൂട്ടുകാർക്ക് ടെലിവിഷൻ സംബന്ധിച്ചുള്ള സിഗ്നൽ പാസുചെയ്യാനുള്ള നെട്ടോട്ടം. താഴേക്ക് ഊർന്നി

www.malankaralibrary.com

റങ്ങുന്ന നിക്കർ ഒരു കയ്യിൽ താങ്ങിയാണ് ഈ ഓട്ടം.

ഒടുന്ന കൂട്ടത്തിൽ ദൂരെനിന്നേ അവൻ തൊണ്ടകീറി വിളിച്ചുപറയും:

"ഡാ.. വച്ചടാ.. അവിടെ ടീവി വച്ചു.. ഓടിവാ.."

ടി.വി. വച്ചിരിക്കുന്ന സ്റ്റാൻഡ് (ഇത് സിനിമാ പെട്ടിക്കൊപ്പം ഫ്രീയായിട്ടുള്ളതാണന്ന് വീട്ടുകാർ, കടക്കാരൻ ഇതുകേട്ട് ഉള്ളാലെ ഊറി ചിരിക്കുന്നുണ്ടാകാം.) വീടിന്റെ മുറിയും തിണ്ണയും സ്റ്റെപ്പും കഴിഞ്ഞ് മുറ്റം വരെയും നാട്ടു പ്രേക്ഷകർ നിറഞ്ഞ് ഹൗസ് ഫുള്ളായി (ഹൗസ് ലാർജായി!) നിരനിരക്കുന്നു. ചില ദിവസങ്ങളിൽ പ്രത്യേകിച്ചും സിനിമാ, ചലച്ചിത്രഗാനപരിപാടികൾക്കിടയിൽ കരണ്ടുപോയാൽ സംസ്ഥാനത്തെ നിലവിലുള്ള മന്ത്രി പുംഗവന്മാരുടെ പത്തു തലമുറകൾ എഴുന്നേറ്റുനിന്ന് തുമ്മുന്ന തരത്തിലുള്ള ഡയലോഗുകൾ പ്രേക്ഷകരിൽനിന്നും കേട്ടുതുടങ്ങും. മുറ്റത്തേക്കു പിന്നെ നീട്ടി കാർക്കിച്ചൊരു തുപ്പും. "ഫൂൂ.. അവന്റെ ഒക്കെ ഒരു ഒണ്ടാക്ക്.. എല്ലാം കട്ടു മുടിക്കുവല്ലേ.."

പ്രായക്കൂടുതലുള്ളവർ വാർത്തവായനസമയത്തു കരണ്ടുപോയാൽ പ്രതിഷേധഭാവത്തിൽ തോളത്തിട്ടിരിക്കുന്ന തോർത്തെടുത്ത് വട്ടത്തിൽ നാലഞ്ചു വീശുവീശി ചൂടകറ്റി മുരളും:

"വാർത്തയൊന്നു നേരെചൊവ്വേ കാണാനും കേൾക്കാനും ഇവന്മാർ സമ്മതിക്കില്ല.." ശേഷം അടുക്കളയിലേക്കു നോക്കി അല്പം ഉറക്കെ പറയും:

"അല്പം ചൂടു കഞ്ഞിവെള്ളം (തെളിവെള്ളം) ഇങ്ങെടുത്തേക്കണേ.."

പട്ടിയെ പിടുത്തക്കാരുടെയും പാമ്പു പിടുത്തക്കാരുടെയും കൂട്ടത്തിൽ മിടുക്കൻ എന്നൊക്കെ പറയും വണ്ണം ആന്റീന വലിച്ചു പൊക്കാനും പടം പിടിക്കാനും ഉഷാറായിട്ടുള്ള (മിടുമിടുക്കനായ) ആളാണ് കായംകുളത്തെ കാഥോഡ് വിജയൻ ചേട്ടനും സംഘവും. ചേട്ടൻ പടം പിടിക്കാനുള്ള ലൊക്കേഷൻ അൻസാരിയുമായിട്ടെത്തി (കപ്പലോട്ടക്കാർ വടക്കുനോക്കിയന്ത്രം ഉപയോഗിക്കുന്നപോലെ.), പടം പിടിച്ച് പൊസിഷനുകൾ കോൺക്രീറ്റു തറയിൽ അടയാളപ്പെടുത്തി കുടുംബത്തിലെ ഏറ്റവും ഇളയയാളെ എല്ലാം ചുമലപ്പെടുത്തി പറയും: "ഇടിവെട്ടാൻ സാദ്ധ്യതയുണ്ടെങ്കിൽ ആന്റീന കേബിൾ ഊരിയിടണം, പടം കിട്ടിയില്ലെങ്കിൽ താഴത്തെ പൈപ്പിന്റെ ഊട്ടയിലിട്ടിരിക്കുന്ന ഈ ഇരുമ്പു കമ്പിയിൽ ഇരുകയ്യും പിടിച്ച് ഇങ്ങനെ തിരിക്കണം.., ദാ.. ഇങ്ങനെ.." എല്ലാം പഠിപ്പിച്ച് പരീക്ഷയുമിട്ട് അദ്ദേഹം കൂലിയും വാങ്ങി തിരികെപ്പോകും.

അപ്പുണ്ണിയുടെ ഒരു കൂട്ടുകാരന്റെ വീട്ടിലെ മിലിട്ടറി ചേട്ടൻ ഒരു ടി.വി. കൊടുത്തുവിട്ടു. ആന്റീന പൈപ്പിൽ സ്ഥാപിക്കാൻ പണം കൂട്ടുകാരൻ കയ്യിൽനിന്നും ഇടണം (കാശുണ്ടായിരുന്നെങ്കിൽ രണ്ടു ബോട്ടിൽ വാങ്ങി അടിച്ചേനെ..!). ആന്റീന അടുത്ത ആഞ്ഞിലി മരത്തിന്റെ ഉച്ചിയിൽ വച്ചുകെട്ടി. പടം കിട്ടും വരേയും തിരിക്കലും അഴിക്കലും കെട്ടലുമായി ഒരു ദിവസം ആകെ ജഗപൊക.. എന്തായാലും ആഞ്ഞിലി മുകളിലെ ആന്റീന സിനിമാപ്പെട്ടിയിൽ പടം പിടിച്ചു കാണിച്ചിട്ടേ പ്രയത്നം നിർത്തിയുള്ളു. പക്ഷേ! ഒറ്റ കുഴപ്പം. കാറ്റുവന്ന് ആഞ്ഞിലി ഉലയുമ്പോൾ ആന്റിനയും അതിന്റെ വഴിക്ക് പോകും സിനിമാ സ്വാഹാ..! എങ്കിലും കടിച്ച പാമ്പിനേക്കൊണ്ട് വിഷം ഇറക്കിയ മട്ടിൽ

www.malankaralibrary.com


ആഞ്ഞിലിയെ (പളനിക്ക് പോയപോലെ.) മൊത്തമായി മൊട്ടയടിച്ച് ആ പ്രശ്നം കൂട്ടുകാരൻ പരിഹരിച്ചു. ''ഹല്ല! പിന്നെ!..''

വീഡിയോ കാസറ്റ് പ്ലയറും റിക്കാർഡറും (ഢഇജ, ഢഇഞ) ഗൾഫന്മാരുടെ തിരിച്ചുപോക്കിനെ ഉത്തേജിപ്പിക്കാൻ അവർതന്നെ വിൽപ്പന ചരക്കാക്കിയപ്പോൾ വീട്ടിൽ ടെലിവിഷൻ മാത്രമുള്ളവർ ഇതേലെ ഓരോന്നു വാങ്ങിവച്ചു. കാസറ്റ് ഇഷ്ടംപോലെ തരപ്പെടുത്തി പുരയ്ക്കുള്ളിൽവച്ച് സിനിമാ ഇട്ടുകാണാനുള്ള അവസരമായി അടുത്തത്. ഒരടി നീളത്തിലും അരയടി വീതിയിലും ഒരിഞ്ചു കനത്തിലും വന്നു കയറിയ കാസറ്റിലെ പുതിയ ഇനങ്ങൾ തപ്പിയുള്ള ഓട്ടമായി അടുത്തത്. കൂണുപോലെ പൊട്ടിമുളച്ച കാസറ്റുകടകൾ സിനിമാ പ്രേമികളുടെ വിഹാരരംഗങ്ങളായി. രസം കൊല്ലികളായ പൂത്ത കാസറ്റുകൾ അവിടെയും വില്ലന്മാരായി. കൈമാറ്റം ചെയ്യാനും കൈകാര്യം ചെയ്യാനുമുള്ള പ്രയാസം വലിയ പ്രശ്നമായി അവശേഷിച്ചു (എവിടെ നിന്നെങ്കിലും **ഒരെണ്ണം** സംഘടിപ്പിച്ചാൽ ആരും അറിയാതെ മുറിയിൽ എത്തിക്കുക പ്രയാസമായി എന്നു ചുരുക്കം.).

ടെലിവിഷനും കാസറ്റുകളും നാട്ടിൽ കൂടുതൽ പ്രചരിച്ചതോടുകൂടി കൊട്ടകകളുടെ അകത്തളങ്ങളിൽ ആളുകയറാതായി. കൂടാതെ ഓണത്തിന് പുതിയ പുതിയ പടങ്ങൾ പ്രദർശിപ്പിച്ച് സിനിമാപ്പെട്ടികൾക്കു മുമ്പിൽ **ചാനൽ മുതലാളി** ആൾക്കാരെ പിടിച്ചിരുത്താനും തുടങ്ങി. അങ്ങനെ കൊട്ടക മുതലാളിമാരുടെ അടുക്കളയിലെ പുക കെട്ടു തുടങ്ങി. ''കൊട്ടക മുതലാളിമാരുടെ പുക കണ്ടേ അടങ്ങൂ..'' എന്നൊരു മൊഴി അങ്ങനെ അന്നത്തെ സമൂഹത്തിലുണ്ടായി. അത് യാഥാർത്ഥ്യമാകുകയും ചെയ്തു. കൊട്ടകകൾ ഒന്നൊന്നായി പൂട്ടാൻ തുടങ്ങി. ചില മുതലാളിമാർ കെ.എസ്. ഗോപാലകൃഷ്ണൻ സാറിന്റെയും പി. ചന്ദ്രകുമാർ സാറിന്റെയും ഫുൾടൈ മസാല (മദാലസ) ഇടിവെട്ടു പടങ്ങളും തമിഴ് പടങ്ങളും പ്രദർശിപ്പിച്ച് പിടിച്ചുനിൽക്കാനുള്ള ഒരു ശ്രമം നടത്തി. യുവാക്കളുടെ മനസ്സിൽ തീ കോരിയിടാനെ ഇതുകൊണ്ട് സാധിച്ചുള്ളു എന്നതു വേറെ കാര്യം. രക്ഷപ്പെടാൻ കാലക്രമേണ ചില മിടുക്കൻ മുതലാളിമാർ കൊട്ടകകൾ ഊട്ടുപുരകളാക്കി. ചില മിടുമിടുക്കർ കൊട്ടകകളെ സിമിന്റുഗോഡൗണുകളാക്കി കളം മാറ്റിച്ചവിട്ടി. നിൽക്കകള്ളിയില്ലാതെ ചിലർ കൊട്ടകയിടിച്ചുനിരത്തി വാഴയും തെങ്ങും കപ്പയും നട്ടു, അത്രയെങ്കിലും മുതലാകുമല്ലോ..? മറ്റുചിലർ കൊട്ടക നിന്ന സ്ഥലം തലമുറയ്ക്കു വീതംവച്ചുനൽകി തലവേദന ഒഴിവാക്കി.

അപ്പുണ്ണിയുടെ ഗൾഫു ജീവിതത്തിനിടയ്ക്കാണ് പുരപ്പുറങ്ങളിൽ സാറ്റലൈറ്റ് ഡിഷുകൾ (കൊട്ടകൾ) നിരക്കാൻ തുടങ്ങിയത്. ആകാശത്തിലെങ്ങോ നിൽക്കുന്ന സാറ്റലൈറ്റുകളെ നോക്കി ചാനൽ പിടിച്ചെടുക്കുന്ന വലിയ വലിയ ആറടി കൊട്ടകൾ, എട്ടടി കൊട്ടകൾ (എട്ടടി മൂർഖനെ കുറിച്ചേ മുമ്പ് അപ്പുണ്ണി അറിഞ്ഞിരുന്നുള്ളു), പത്തടി കൊട്ടകൾ! ഗൾഫിലിരുന്ന് ടെലിവിഷനിൽ ഓണപ്പരിപാടികളും വള്ളം കളിയും ആസ്വദിക്കുന്ന അപ്പുണ്ണി ഇക്കാര്യങ്ങളെല്ലാം ഓർത്തുപോയെന്നു മാത്രം.

www.malankaralibrary.com



# 12. ട്രീ ഓഫ് ലൈഫും കാഴ്ചകളും

**സം**സ്ഥാന തലസ്ഥാനത്തുനിന്നും അനിയൻ ചേട്ടന്റെ ഏതാനും കൂട്ടുകാർ മുതുകുളത്തു വന്നപ്പോൾ അവരെ മുതുകുളം എന്താണെന്നു കാണിച്ചുകൊടുത്തു. അപ്പുണ്ണി തീവണ്ടി കയറി ഡൽഹിയിൽ ചെന്നപ്പോൾ അവിടുത്തെ കാഴ്ചകളും ബോംബെയിൽ ചെന്നപ്പോൾ അവിടുത്തെ കാഴ്ചകളും സുഹൃത്തുക്കളുടെ സഹായത്തോടെ കണ്ടു. ഇനി ഇവിടെനിന്നും പോകുന്നതിനു മുമ്പായി ബഹറിനൊന്ന് കാണണം. സുഹൃത്തുക്കളായ ഏതാനും പേർ അപ്പുണ്ണിയുടെ ആഗ്രഹത്തോടനുകൂലിച്ചു. ഈദിന്റെ അവധിക്ക് ഒരു ദിവസം ബഹറിൻ കണ്ടെത്തൽ എന്ന രീതിയിൽ ഒരു യാത്ര അങ്ങനെ തരപ്പെട്ടു.

പണ്ട് നാട്ടിൽ കാഴ്ചകാണാൻ യാത്ര പോയതിന്റെ കൂട്ടത്തിൽ ആദ്യം അപ്പുണ്ണിയുടെ മനസ്സിലേക്ക് വരുന്നത് കുട്ടിക്കാലത്ത് നങ്ങ്യാർകുളങ്ങര ബഥനി സ്കൂളിന്റെ ബസിൽ സണ്ടേസ്കൂൾ കുട്ടികളെ എല്ലാവരെയും ഉൾപ്പെടുത്തിയുള്ള (രാമപുരം, മുട്ടം, ചേപ്പാട് പ്രദേശങ്ങളിലെ) ഒരു ഏകദിന യാത്രാപരിപാടിയാണ്. അന്നു പ്രായം പത്തു തികഞ്ഞിട്ടില്ല. മുതുകുളം കൊട്ടാരം സ്കൂൾ നാലാം ക്ലാസ് വിദ്യാർത്ഥി. യാത്രയിൽ അനിയൻ ചേട്ടൻ (നേരെ മൂത്ത ചേട്ടൻ.) അപ്പുണ്ണിയുടെ കാവലാളായിട്ടുണ്ട്.

തോട്ടപ്പള്ളിയിൽ ഹൈവേ സൈഡിൽത്തന്നെ ഒരു ഐസ് പ്ലാന്റ് (മലങ്കര ഐസ് പ്ലാന്റ്) കത്തോലിക്കാ സഭയുടെ വകയായിട്ട് നടത്തുന്നുണ്ട്. ചെറിയാൻ എന്ന് പേരുള്ള ഒരു അച്ചനാണ് അതിന്റെ നടത്തിപ്പുകാരൻ (മാനേജർ). അച്ചന്റെ ഐസ് പ്ലാന്റിന്റെ സ്റ്റോർ മുറിയിലേക്ക് കുറച്ചുപേർക്കൊപ്പം അപ്പുണ്ണിയും കയറി. വളരെ വലിയ മത്സ്യങ്ങൾ, ഐസിൽ പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്നു, തന്നേക്കാളും രണ്ടുമൂന്നു മടങ്ങ് വലിപ്പമുള്ള മീനുകൾ. നല്ല എമണ്ടൻ (രണ്ടാം ലോക മഹായുദ്ധ കാലത്തെ ജർമനിയുടെ “എംഡൻ” കപ്പലിനെ മലയാളി ഓർക്കുന്ന വിധം.) മത്സ്യങ്ങൾ! തോട്ടപ്പള്ളി ഐസ് ഫാക്ടറിയിലെ ശീതീ

www.malankaralibrary.com

കരണിയിൽ സൂക്ഷിച്ചിട്ടുള്ള വലിയ വലിയ മത്സ്യങ്ങളെ കണ്ടശേഷം അച്ചനു നന്ദിപറഞ്ഞ് ബസ് ആലപ്പുഴയിലേക്ക്.

അപ്പുണ്ണിയും സംഘവും ഇപ്പോൾ ആലപ്പുഴയിലെ ലൈറ്റ് ഹൗസിന്റെ അകത്തുകൂടെ മുകളിലേക്ക് കറങ്ങി കറങ്ങി കയറുന്നതിനുള്ള തേക്കിൽ നിർമ്മിച്ച ഏണിപ്പടികളുടെ ചുവട്ടിൽ നിൽക്കുന്നു. ആലപ്പുഴ കടപ്പുറം ലൈറ്റു ഹൗസിനു 30 മീറ്റർ ഉയരമുണ്ട്. 18-ാം നൂറ്റാണ്ടിലാണ് ഇതു സ്ഥാപിച്ചത്. 1872ലാണ് ആലപ്പുഴ തുറമുഖം വിദേശ വ്യാപാരികൾക്കായി തുറന്നത്. ഹ്യൂ ക്രോ ഫോഡ് എന്ന ആളാണ് ആലപ്പുഴ വിളക്കുമാടത്തിന്റെ ആർക്കിടെക്ട്. 1860ൽ ഇതിന് തറക്കല്ലിട്ടു. 1861ൽ പണി പൂർത്തിയായി. 1962 മാർച്ച് 28നു വെളിച്ചെണ്ണ ഉപയോഗിച്ചു ആദ്യ വിളക്കു തെളിച്ചു. 1952ൽ ഗ്യാസ് ഉപയോഗിച്ചും 60ൽ വൈദ്യുതി ഉപയോഗിച്ചും വിളക്കുതെളിച്ചു. 1990 ഫെബ്രുവരി 28നു മെറ്റൽ ഹാലൈഡ് ദീപങ്ങൾ ഉപയോഗിച്ചു തുടങ്ങി. 1998 ഏപ്രിൽ 8 മുതൽ ഡയറക്ട് ഡ്രൈവ് സംവിധാനം ഉപയോഗിക്കുന്നു. മൂന്നു കറക്കം കറങ്ങി അഞ്ചാറുപടികൾ കയറിയപ്പോഴേക്കും അപ്പുണ്ണിയുടെ ഉള്ളിൽ ഭയമേറി.. മുട്ടിടിക്കാൻ തുടങ്ങി. ഉള്ളിലൊരു മിന്നായം.. തല മൊത്തമായും ചില്ലറയായും കറങ്ങിത്തുടങ്ങി. "പഴക്കംചെന്ന ഈ പടികളെങ്ങാനും ഇളകിപ്പോയാൽ..!, പണിയായി മോനേ.. മാത്രവുമല്ല നീ.. എത്രയും കയറുന്നോ.. അത്രയും തിരികെ ഇറങ്ങുകയും വേണം.."



"ങാ.. ഹാ.. അത്രയ്ക്കായോ.. എങ്കിൽ ഇനി കയറുന്നില്ല. കയറിയതത്രയും കയറിയതുപോലെ ഇറങ്ങിയേക്കാം."

കറങ്ങിക്കറങ്ങിയുള്ള കയറ്റം, കയറിയതുപോലെ കറങ്ങിക്കറങ്ങി അപ്പുണ്ണി വേഗം ഇറങ്ങി. അനിയൻ ചേട്ടൻ മുകളിലേക്ക് കറങ്ങിക്കയറുവാൻ പോകുന്നത് അപ്പുണ്ണി താഴെ നിന്ന് നോക്കിനിന്നു. കുറെ സമയത്തിനു ശേഷം അദ്ദേഹവും കൂടെ കയറിയവരും താഴെവന്നു. ചേട്ടായി അപ്പുണ്ണിക്ക് റിപ്പോർട്ട് നൽകി: "കടലിൽക്കൂടി യാത്ര ചെയ്തു വരുന്ന കപ്പലുകൾക്ക് സഞ്ചാരപഥം കാട്ടുന്ന വലിയൊരു ലൈറ്റ് ഇതിനു മുകളിലിരിപ്പുണ്ട്. ഇതിന്റെ മുകളിൽനിന്നു നോക്കിയാൽ ആലപ്പുഴ മൊത്തം കാണാം. കടൽ മൊത്തം കാണാം.." (സാധാരണ ഗതിയിൽ രാജ്യമായ സൗദിഅറേബ്യയും അവിടുത്തെ ഒട്ടകങ്ങളേയും അറബികളേയും നല്ല വ്യക്തമായി കണ്ടെന്നു പറയുന്ന കക്ഷിയാ..!).

കയറ്റം കയറിയ ക്ഷീണം തിന്നുതീർക്കാൻ കൂട്ടായ തീരുമാനമായി. അമ്മ രണ്ടുപേർക്കുമായി ഒരിലയിൽ പൊതിഞ്ഞു തന്നുവിട്ട പൊതിച്ചോറ് ലൈറ്റ്

ഹൗസിന്റെ താഴെയുള്ള തിണ്ണയ്ക്കിരുന്നു പപ്പാതി കഴിച്ചു. അതോ അപ്പുണ്ണിയാണോ കൂടുതൽ കഴിച്ചത്.. ഓർമ്മയില്ല. അതിനാണ് സാധ്യത. കൂടെ മുട്ട പൊരിച്ചതും ചമ്മന്തിയും തോരനും അത്രമാത്രം ഓർമ്മയുണ്ട്. ഊണിനു ശേഷമുള്ള ഏമ്പക്കം കഴിഞ്ഞ് എല്ലാവരും ലൈറ്റ് ഹൗസിന് താഴെയുള്ള തിണ്ണയിൽ അല്പം വിശ്രമിച്ചു. ഉദയാ സ്റ്റുഡിയോയിലേക്ക് പോകുന്നതിന് എല്ലാവരും തയ്യാറായി.

മതിലിനു മുകളിൽ പൂവൻകോഴി കൂവുന്ന ശില്പമാണ് പാതിരാപ്പള്ളിയിലെ കുഞ്ചാക്കോ സാറിന്റെ ഉദയാ സ്റ്റുഡിയോയുടെ അടയാളം. മാതാവിന്റെ രൂപവും പൂവൻകോഴിയുടെ ശില്പവും പിന്നിട്ട് ഉദയാ സ്റ്റുഡിയോയിലേക്ക് എല്ലാവരും നടന്നു.

ഉദയായുടെ സിനിമ, കൊട്ടകയിലെ സ്ക്രീനിൽ തെളിയുമ്പോൾ ഭൂഗോളത്തിന് മുകളിലിരുന്നു കൂവുന്ന പൂവൻകോഴിയുടെ പ്രതിമ പ്രത്യക്ഷപ്പെടുന്നു. ഉദയാ പിക്ചേഴ്സ് എന്ന പേരിനൊപ്പം അഭ്രപാളിയിൽ തെളിയുന്ന ഭൂമി, അതിനു മുകളിൽ കയറി എത്തിവലിഞ്ഞു കൂവുന്ന കോഴി.

”കൊക്കരക്കോ... കോ...”

മലയാള സിനിമയുടെ തലസ്ഥാനമാണ് ഉദയാ സ്റ്റുഡിയോ. ദിവസം മൂന്നു സിനിമാവരെ ചിത്രീകരിക്കാൻ സൗകര്യമുള്ള സ്റ്റുഡിയോയിലേക്കാണ് അപ്പുണ്ണിയും കൂട്ടരും പ്രവേശിച്ചിരിക്കുന്നത്. കാടും മലയും അരുവികളുമൊക്കെയായി മലയാള സ്നിമയ്ക്ക് പശ്ചാത്തലഭംഗി ഒരുക്കിയ സ്റ്റുഡിയോ. പൂജ മുതൽ ചിത്രീകരണത്തിന്റെ അവസാനം വരെയുള്ള ജോലികൾ പൂർത്തിയാക്കാൻ കഴിയുന്ന സ്ഥലം.

പ്രേംനസീർ സാറും ഉമ്മർ സാറും ഷീലാമ്മയും ജയഭാരതി ചേച്ചിയും സിനിമയിൽ അഭിനയിക്കുന്ന സ്ഥലങ്ങൾ ഒരാൾ കാണിച്ചുതന്നു. നസീർ സാറിന് താമസിക്കുന്നതിനു വേണ്ടി പ്രത്യേകം തയ്യാർ ചെയ്തിട്ടിരിക്കുന്ന പ്രേം നസീർ കോട്ടേജ്, രാഗിണി കോട്ടേജ്.. തുടങ്ങി താരങ്ങൾ തങ്ങുന്ന വീടുകൾ.., മുറികൾ..

1947ലെ ക്രിസ്തുമസ് ദിനത്തിലാണ് നിർമ്മാതാവും സംവിധായകനുമായ കുഞ്ചാക്കോയുടെ നേതൃത്വത്തിൽ ഉദയാ സ്റ്റുഡിയോയ്ക്ക് തറക്കല്ലിട്ടത്. 1949 ജനുവരി 14ന് ഉദയായുടെ ആദ്യ ചിത്രമായ **വെള്ളി നക്ഷത്രം** പുറത്തിറങ്ങി. തുടർന്നിങ്ങോട്ട് മലയാള സിനിമയുടെ അവിഭാജ്യ ഘടകമായി ഉദയാ സ്റ്റുഡിയോ നിൽക്കുന്നു. 1976ൽ കുഞ്ചാക്കോ നിര്യാതനായതോടെ ഉദയായുടെ മേൽനോട്ടം മകൻ ബോബൻ കുഞ്ചാക്കോ ഏറ്റെടുത്തു. അദ്ദേഹവും ഉദയായിൽ ചിത്രങ്ങൾ നിർമ്മിക്കുന്നു.

ഏക്കറുകളോളം പരന്നുകിടക്കുന്ന സ്ഥലം. നീരൊഴുക്ക്, കോട്ടയുടെയും കൂറ്റൻ കെട്ടിടങ്ങളുടെയും സെറ്റുകൾ അവിടവിടെ. ഒരു ഭാഗത്തായി വലിയൊരു

www.malankaralibrary.com

കുളം. വശങ്ങൾ കെട്ടി തയ്യാറാക്കിയ കുളത്തിൽ മത്സ്യങ്ങൾ നീന്തിത്തുടിക്കുന്നു. കാവൽക്കാരൻ ചേട്ടൻ അടുത്തുനിന്ന ചെടിയിലെ ഒരു പുഷ്പം പറിച്ച് കുളത്തിലേക്ക് ഇടേണ്ട താമസം. വലിയൊരു മത്സ്യം ആ പൂവിനെ വെട്ടിവിഴുങ്ങി കുളത്തിനുള്ളിലേക്ക് ഊളിയിട്ട് മറഞ്ഞു. കുട്ടികൾക്ക് ഗംഭീര കാഴ്ച.

ഉദയാസ്റ്റുഡിയോ വിട്ടിറങ്ങി ചെറിയ യാത്രയ്ക്കുശേഷം ആലപ്പുഴ റേഡിയോ നിലയത്തിന്റെ വലിയ ഇരുമ്പു വാതിൽക്കലേക്ക് എല്ലാവരും പ്രതീക്ഷയോടെ ചെന്നു. എന്നാൽ നേരത്തേ അനുമതി വാങ്ങിയെങ്കിൽ മാത്രമേ അതിന് അനുവാദം ലഭിക്കൂ എന്നുള്ള കാവൽക്കാരന്റെ മറുമൊഴി റേഡിയോനിലയ പ്രവേശനത്തിന് തടസ്സമായി. എങ്കിലും കൊന്നത്തെങ്ങിന്റെ പൊക്കത്തിൽ കെട്ടി നിർത്തിയിരിക്കുന്ന അവിടുത്തെ ആന്റീനകണ്ട് എല്ലാവരും തൃപ്തരായി.

"ആന്റീനയെങ്കിലും കണ്ടല്ലോ.. കാണിച്ചല്ലോ.. ഭാഗ്യം!"

ആലപ്പുഴയിലെ ബീച്ചിലേക്ക്. കടലിന്നുള്ളിലേക്ക് വരിവരിയായി നാട്ടിയിരിക്കുന്ന ഇരുമ്പുകാലുകൾ. ആലപ്പുഴ നഗരത്തിന്റെ വികസനത്തിന് ഒരു കാലത്ത് ചുക്കാൻപിടിച്ച കടൽപ്പാലത്തിന്റെ ശേഷിപ്പുകൾ. നൂറിലധികം വർഷത്തെ ചരിത്രം പറയുന്ന ഇവ ആലപ്പുഴ പട്ടണത്തിന്റെ ശില്പി ദിവാൻ രാജാ കേശവദാസന്റ കാലത്തെ (1770 കാലഘട്ടം) നിർമ്മിതിയുടെ ബാക്കിപത്രം. തേക്കുതടിയിൽ നിർമ്മിച്ചിരുന്ന കടൽപ്പാലം വർഷാവർഷം പുതുക്കി പണിത് സംരക്ഷിച്ചു പോന്നു. ഈ തുറമുഖം വഴി നാളികേര ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിരുന്നു. അയർലൻഡുകാരനായ ജയിംസ് ഡാറയാണ് 1859ൽ ആലപ്പുഴയിൽ ആദ്യ കയർ ഫാക്ടറിക്ക് തുടക്കം കുറിച്ചത്. കയർ ഫാക്ടറിയുടെ വരവോടെ കയറുൽപ്പന്നങ്ങളും തുറമുഖം വഴി കയറ്റി അയയ്ക്കാൻ തുടങ്ങി. 1862ൽ ഹ്യൂ ക്രോഫോഡ് എന്ന എൻജിനിയർ തുറമുഖത്ത് പുതിയ കടൽപ്പാലം നിർമ്മിച്ചു. അദ്ദേഹം ചരക്കുനീക്കത്തിന് പാലത്തിൽനിന്നും റെയിലുകളും സ്ഥാപിച്ചു കൂടാതെ പുതിയ ഗോഡൗൺ നിർമ്മിച്ച് ചരക്കുകൾ സംഭരിച്ചു. ഗോഡൗണുകൾ ഇപ്പോഴും ഇവിടെ കാണാം. 1950 വരെ മറ്റു വെല്ലുവിളികളില്ലാതെ തുറമുഖം കടന്നുപോയി. കൊച്ചി തുറമുഖം വികസിച്ചതോടെ ആലപ്പുഴയുടെ കാലഘട്ടം അവസാനിച്ചു. കൂടെ വന്നവരിലെ ധീരർ കടൽത്തിരകളിൽ ഒരു മണിക്കൂർ ചെലവിട്ടു. അപ്പുണ്ണിക്ക് കടലമ്മയെ ഭയങ്കര ഭയമായതിനാൽ കടൽ വെള്ളത്തിൽ കാലും കയ്യും കഴുകി. വെറുതെ തീരത്ത് എത്രവേണമെങ്കിലും കടലമ്മയുടെ കുസൃതികൾ കണ്ടിരിക്കാം. എന്നാൽ എന്തോ ഒരു ഭയം, വെള്ളത്തിലേക്ക് ഇറങ്ങുന്നതിനുള്ള വിലക്കായി നിലനിൽക്കുന്നു.

തിരികെപ്പോകാൻ സമയമായി. ബസിനുള്ളിലേക്ക്. ചായയും പഴുത്ത ഏത്തക്കായും തയ്യാർ. വൈകുന്നേരവും അങ്ങനെ കഴിഞ്ഞു. സന്ധ്യയുടെ വരവോതി അന്തിച്ചെമ്മാനത്ത് സൂര്യൻ ചിത്രം വരച്ചു തുടങ്ങി.

ഒരു ദിനത്തിൽ കാണാവുന്ന കാഴ്ചകൾ ആ ദിനത്തിൽ കണ്ടു.

മുതുകുളം ഹൈസ്ക്കൂളിൽ പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് രണ്ടു ദിവസത്തെ കാഴ്ചകൾ കാണാൻ അക്കാലത്തു തരപ്പെട്ടത്. നൂറു രൂപയ്ക്ക് മധുര, തേക്കടി, വൈക. അതിരാവിലെ സ്കൂളിൽനിന്നും യാത്രയുടെ തുടക്കം.

www.malankaralibrary.com

അമ്പതുപേർക്ക് യാത്ര ചെയ്യാവുന്ന കായംകുളം നെൽസൺ ട്രാവൽസിന്റെ വീഡിയോ കോച്ച്. അപ്പുണ്ണിയുടെ അരികിൽ സ്കൂൾ മോണിട്ടറായ (ചട്ടമ്പി സ്വാമികൾക്ക് ആ പേരു കിട്ടിയത് മോണിട്ടർ (ചട്ടമ്പി)പദവി കാരണമാണ്.) മധു (മധുച്ചട്ടമ്പി). തമിഴ്നാട് രാജാക്കന്മാരുടെ കൊട്ടാരങ്ങൾ കണ്ടുള്ള യാത്ര. മധുരയിൽ ക്ഷേത്രത്തിലെ കാഴ്ചകൾ. ആദ്യ ദിവസം അവിടെ തങ്ങി. (രണ്ടു പകൽ ബസിൽ ഒരു രാത്രി ലോഡ്ജിൽ.) മധുരയിലെ പരിസര കടകളിൽ നല്ല തിരക്ക്. മുന്നിലേക്ക് കടന്നുവന്ന കച്ചവടക്കാരന്റെ പക്കൽനിന്നും നീളമുള്ള പെൻസിലിന്റെ അറ്റത്തു കൈപ്പത്തി അടപ്പുള്ള ഒരു നീണ്ട ചൊറിയൽ സാധനം. നെയ്യപ്പം തിന്നാൽ രണ്ടുണ്ടു കാര്യങ്ങൾ എന്നു പറയും വണ്ണം (വിശപ്പും മാറും ദേഹത്തു പുരട്ടാൻ എണ്ണയും കിട്ടും.) പെൻസിൽ വാങ്ങിയാൽ എഴുതുകയും ചെയ്യാം കയ്യെത്താത്തിടത്തു ചൊറിയാനും സാധിക്കും. തേക്കടിയിൽ നേരത്തെ ബോട്ട് ബുക്കുചെയ്യാത്തതിനാൽ ബോട്ടുയാത്ര തരപ്പെട്ടില്ല. വണ്ടിയിൽ കയറി സിനിമാ കാസറ്റ് "കാണാമറയത്ത്.." പകുതി ഒടിത്തീർന്നത് ബാക്കിയിട്ടു. മമ്മൂട്ടിയും ശോഭനയും റഹ്മാനും അഭിനയിച്ച ചിത്രം (അന്നത്തെ എല്ലാ വീഡിയോ കോച്ചുകളിലും ഈ പടമാണ് ഇട്ടിരുന്നത്.). കുറ്റാലത്തെ വെള്ളച്ചാട്ടത്തിന്റെ കീഴിൽനിന്ന് ആരൊക്കെയോ കുളിച്ചു. ശേഷം ഡാമിന്റെ കാഴ്ചകൾ.. തിരികെ ഹൈസ്ക്കൂളിൽ എത്തിയപ്പോൾ രാത്രി പത്തുമണി.

ഇവിടെ ബഹറിനിൽ ഏതാനും കൂട്ടുകാരുമൊത്താണ് അപ്പുണ്ണി യാത്ര ശരിയാക്കിയിരിക്കുന്നത്. എം.യു. ജോസഫ്, ബിനു, നെൽസൺ ഇങ്ങനെ ഒരു സംഘം. ആന്റലുസ് ഗാർഡനിൽ ഒരു ചെറിയ കാഴ്ച ബംഗ്ലാവ്. ആന, മയിൽ, ഒട്ടകം, കോഴി, പ്രാവ്, പാമ്പ്.. നാട്ടിൽ നമ്മുടെ വീടിന്റെ പരിസരത്ത് കാണുന്ന പക്ഷി മൃഗാദികൾ കൂടുകൾക്കുള്ളിൽ വിഹരിക്കുന്നു. മരുഭൂമിയിൽ ഇവയുടെ കാഴ്ച അപൂർവ്വം ആയതിനാൽ കുറച്ചു പാവങ്ങളെ ഇങ്ങനെ നാട്ടുകാർ കാണുന്നതിനായി ഇട്ടിരിക്കുന്നു.

**_ l drˋ tse ട്രീ ഓഫ് ലൈഫ്** എന്ന മര മുത്തച്ഛന്റെ വാസസ്ഥലത്തേക്ക്. അറേബ്യൻ മരുഭൂമിയിലെ ആളൊഴിയാത്ത കാഴ്ചസ്ഥലം. ദീർഘദൂര യാത്രയ്ക്കുശേഷമാണ് ഇവിടെ എത്തപ്പെട്ടത്. ഒരു മരം, ചുറ്റും മരുഭൂമി; പൂഴി മണൽ..!



www.malankaralibrary.com

കുന്നുകളും താഴ്‌വരകളും തോന്നുന്ന വിധം വിശാലമായ മണൽപ്പരപ്പ്. 25 അടി ഉയരത്തിലുള്ള ചെറിയ മണൽക്കൂനയുടെ മുകളിലാണ് അപ്പൂപ്പൻ മരം നിൽക്കുന്നത്. വെള്ളത്തിന്റെ യാതൊരു ലാഞ്ചനയും പുറമെ കാണാത്ത സ്ഥലം. 32 അടി ഉയരത്തിൽ മര ശ്രേഷ്ഠൻ പടർന്നു പന്തലിച്ചു വിലസുന്നു. ഇതിന്റെ വളർച്ചയ്ക്കുള്ള വെള്ളവും വളവും എങ്ങുനിന്ന്..? അത് അജ്ഞാതം. ഇതിന്റെ വേരുകൾ 50 മീറ്റർ താഴ്ചയിൽ പടർന്നിരിക്കാനാണ് സാധ്യത. 400 വർഷം പഴക്കം കാണും ഈ മരമുത്തച്ഛന്. ജബൽദുഖാൻ എന്ന സ്ഥലത്തുനിന്നും 2 കി.മീ. ദൂരം. ഓരോ ദിവസവും ധാരാളം ആൾക്കാർ ഇവിടെ എത്താറുണ്ട്. മനാമയിൽനിന്നും 38 കി.മീ. ദൂരമുണ്ട് ഈ സ്ഥലത്തേക്ക്. മനാമയിൽ നിന്നും സിത്ര, റിഫായുടെ ഓരം പറ്റിയുള്ള യാത്ര നേരെ ഇവിടെ എത്തിക്കും.

കാഴ്ചകൾ ഇങ്ങനെയൊക്കെ കാണാറുണ്ടെങ്കിലും അപ്പുണ്ണി സമയം കിട്ടുമ്പോൾ ജോലിചെയ്യുന്ന ആറുനിലയുള്ള ഫാമിലിപ്ലാസാ കെട്ടിടത്തിന്റെ നെറുകയിൽ ഒറ്റയ്ക്കു കയറി ദൂരെ മറീനാ ബീച്ചിലേക്ക് വെറുതെ നോക്കി നിൽക്കും. കേരളം ഇവിടെനിന്നും ഏതു ദിക്കിൽ..? മറ്റൊരു ദിക്കു നോക്കി, അങ്ങോട്ടു യാത്ര ചെയ്താൽ എവിടെ എത്തും..? അങ്ങനെ വെറുതെ ചിന്തിക്കും. അടുത്ത സ്ഥലമായ മുഹറഖിലെ എയർപോർട്ടിൽ ഇറങ്ങാൻ താഴ്ന്നു പറക്കുന്ന വിമാനത്തിന്റെ പറക്കൽ നോക്കി നിൽക്കും. കടലിന്റെ കാണാക്കയത്തിൽനിന്നും മീൻ പിടിച്ചശേഷം കരയ്ക്കടുക്കുന്ന വലിയ ബോട്ടുകളുടെ യാത്രാപഥം നോക്കി നിൽക്കാം. അങ്ങനെ എന്തെല്ലാം കാര്യങ്ങൾ..?

മനാമയിൽ പക്ഷികൾ ചേക്കേറുന്ന വലിയ കുറേ മരങ്ങൾ ബാങ്ക് മില്ലി ഇറാന്റെയും ഡൽമൺ ഹോട്ടലിന്റെയും സമീപത്തുണ്ട്. സിറ്റിയുടെ പ്രധാന പാതയ്ക്ക് ശീതളഛായയേകി നിൽക്കുന്ന ഈ വൻ മരങ്ങളിൽ വൈകുന്നേരം ധാരാളം പക്ഷികൾ ചേക്കേറാനെത്തും. ഈ മരങ്ങളെ ലക്ഷ്യമാക്കിപ്പറക്കുന്ന പക്ഷിക്കൂട്ടങ്ങളുടെ ചെറിയ ചെറിയ നിരകൾ അപ്പുണ്ണിക്ക് കെട്ടിട മുകളിൽനിന്നും നോക്കിയാൽ കാണാം. താഴെ രാജപാതയിലൂടെ യാത്രപോകുന്ന ആൾക്കാരുടെ മുകളിലേക്ക് ചേക്കേറുന്ന കൊമ്പിലിരുന്ന് ഇവ കാഷ്ഠിച്ചുവെയ്ക്കാറുണ്ട്. എങ്കിലും മഹാമനസ്കരും ഈശ്വരഭക്തിയുള്ളവരുമായ അറബികൾക്ക് അതൊരു ശല്യമായി തോന്നിയിട്ടില്ല. അതുകൊണ്ടാണല്ലോ ആ മരങ്ങളിപ്പോഴും അവിടെത്തന്നെ നിൽക്കുന്നത്. നേരം വെളുക്കുമ്പോഴേക്കും വെള്ളപെയിന്റടിച്ച രാജവീഥിപോലെയാകും കിളിക്കാഷ്ഠം പതിച്ച തലസ്ഥാന രാജവീഥികൾ, ഭയങ്കരനാറ്റവും. കുറെ വാഹനങ്ങൾ യാത്രചെയ്തുകഴിയുമ്പോഴേക്കും പാത പഴയപാത ആയിത്തീരും. കെട്ടിടത്തിന്റെ ഓരത്തുകൂടിപ്പോകുന്ന ഹൈവേവഴി വ്യത്യസ്ത തരത്തിലുള്ള വാഹനങ്ങൾ ചീറിപ്പായുന്നു. അവയുടെ വ്യത്യസ്ത നിറങ്ങളും തരങ്ങളും ശബ്ദങ്ങളും കെട്ടിടത്തിന്റെ മുകളിൽനിന്നുള്ള നോട്ടത്തിൽ മനസ്സിൽ വല്ലാത്ത ചാരുത പതിപ്പിക്കുന്നുണ്ട്.

www.malankaralibrary.com



# 13. ഗൾഫ് സാധനങ്ങളും അറബി മനസ്സും

സ്വന്തമായി വാഹനം വാങ്ങിക്കഴിഞ്ഞപ്പോൾ അപ്പുണ്ണിക്കും ഭാര്യയ്ക്കും ബഹറിനിൽ നടക്കുന്ന വിദേശരാജ്യങ്ങളുടെ കരകൗശല വസ്തുക്കളുടെ പ്രദർശന ശാലകൾ സ്വകാര്യമായി സന്ദർശിക്കുന്നതിനുള്ള സൗകര്യം ലഭിച്ചു. ഇടയ്ക്കിടെ ഇതു പോലെയുള്ള പ്രദർശനങ്ങൾ ബഹറിൻ എക്സിബിഷൻ ശാല യിൽ നടക്കാറുണ്ട്. ദിനപ്പത്രം ലഭിക്കുന്ന സമയത്തുതന്നെ ഇങ്ങനെയുള്ള പ്രദർശ നങ്ങൾ എവിടെയെങ്കിലും നടക്കുന്നുവോ എന്ന് ദിവസവും നോക്കും മനസ്സിൽ കുറിച്ചിടും. വീട്ടിൽ ജോലികഴിഞ്ഞ് വിശ്രമിക്കുന്ന മിനിയെ ഫോൺചെയ്തു പറയും:

“പേൾ റൗണ്ട്എബൗട്ടിന് സമീപമുള്ള എക്സിബിഷൻ സെന്ററിൽ ഇറാൻ രാജ്യത്തിന്റെ ഒരു എക്സിബിഷൻ അഞ്ചുദിവസം നടക്കുന്നുണ്ട്.. വൈകിട്ട് അങ്ങോട്ട് പോകാം.. തയ്യാറായിക്കോളൂ..”

നാട്ടിൽ പണിതുയർത്തുന്ന വീടിന്റെ ആവശ്യങ്ങൾ നേരത്തേ മനസ്സിൽ കണ്ട് ഓരോരോ സാധനങ്ങൾ ഇരുവരും വിവിധ സ്ഥലങ്ങളിലെ കടകളിൽനിന്നും വാങ്ങും. അവ വീട്ടിൽ കൊണ്ടുവന്ന് പ്രത്യേകം പെട്ടികളിൽ (ഫാമിലി പ്ലാസ യിൽ പുതുതായി വാങ്ങിയ ടെലിവിഷൻ സെറ്റുകളുടെ ഒഴിഞ്ഞ കർട്ടൂൺ ബോക്സുകൾ ഇതിനായി സൂക്ഷിച്ചു വാടക വീടിന്റെ ബാൽക്കണിയിൽ അടുക്കി മാറ്റി വച്ചിട്ടുണ്ട്.) പൊട്ടാത്ത രീതിയിൽ പാക്കു ചെയ്തു വൃത്തിയാക്കി ടേപ്പ് ഒട്ടിച്ച് സീൽ ചെയ്ത് അവ വയ്ക്കും. ആ ബോക്സിനൊരു സീരിയൽ നമ്പരും കൊടുക്കും. ആ ബോക്സിൽ ഉൾക്കൊള്ളിക്കുന്ന സാധനങ്ങളുടെ പേരുകൾ വീട്ടിലെ കമ്പ്യൂട്ടറിൽ ടൈപ്പു ചെയ്ത് ലിസ്റ്റാക്കി സൂക്ഷിക്കും. ഈ പെട്ടിയിൽ ഇന്നതാണ് എന്ന് വേഗം മനസ്സിലാക്കാൻ അതുകൊണ്ട് സാധിക്കും.

വൈകുന്നേരം ഒരു യാത്രയുമാകും എല്ലാം കാണുകയും ചെയ്യാം. ഇരു വരും നിസാൻ അൾട്ടിമാ കാറിൽ പേൾ റൗണ്ട് എബൗട്ട് കറങ്ങി (പന്തിറുക്കി റൗണ്ട് എബൗട്ടെന്ന് മലയാള വിവർത്തനം, 1982ൽ ഗൾഫ് സഹകരണ കൗൺസി

www.malankaralibrary.com

ലിന്റെ 3-ാം യോഗം ബഹറിനിൽ വച്ച് നടന്നതിന്റെ സൂചകമായിട്ട് നിലവിൽ വന്ന പേൾ റൗണ്ട് എബൗട്ട് സ്തൂഭസ്ഥലം സ്വദേശത്തെ തീവ്രവാദികൾ സർക്കാരിനെതിരെ യോഗം ചേരുന്നതിനായി ഉപയോഗിച്ചപ്പോൾ അവർ അത് 2011 മാർച്ച് 18നു രാവിലെ പൊളിച്ചുകളഞ്ഞു. 6 തൂണുകൾ ഭൂഗോളത്തെ താങ്ങി നിർത്തുന്നതായിരുന്നു സ്തൂഭം.).

ഇറാൻ എക്സിബിഷൻ നടക്കുന്ന സ്ഥലത്തേക്ക്. ഒരു ദിനാറിന് രണ്ടു സന്ദർശന ടോക്കണുകൾ എടുത്തു. എന്തെല്ലാം കാഴ്ചകൾ..!, എന്തെല്ലാം പുതു പുത്തൻ അറിവുകൾ, കാർപ്പറ്റിന്റെ അപൂർവ്വങ്ങളായ കാഴ്ചകൾ.. ലക്ഷങ്ങൾ വിലമതിക്കുന്ന പേർഷ്യൻ കാർപ്പറ്റുകൾ (ഇറാനാണ് ലോകത്തിലെ നല്ല കാർപ്പറ്റുകളുടെ ഉത്പാദകർ.). പാകിസ്ഥാനിൽ നിന്നും എത്തിയ കുറെ കച്ചവടക്കാരും പ്രദർശനശാലയിൽ ഉണ്ട്. അവരുടേയും കുറേ സാധനങ്ങൾ പ്രദർശനത്തിനായി എത്തിച്ചിട്ടുണ്ട്, വച്ചിട്ടുണ്ട്. നല്ല കോട്ടൺ സാധനങ്ങൾ കുറഞ്ഞവിലയിൽ പാകിസ്ഥാനിൽ നിർമ്മിച്ച് കയറ്റി അയയ്ക്കുന്നുണ്ട്.

അപ്പുണ്ണി മനാമയിലെ അവാൽ ടിഷ്യൂ ബോക്സ് വിതരണ കമ്പനിയുടെ ഓഫീസിൽ ജോലിചെയ്യുമ്പോൾ അവിടെ നടന്ന ഒരു സംഭവം ഓർത്തുപോകുകയാണ്. അറബിയായ അബ്ദുൾ റഹ്മാൻ ഇറാനിയാണ് സ്ഥാപനത്തിന്റെ ഉടമ. അദ്ദേഹം ബാങ്ക് മില്ലി ഇറാനിൽ നിന്നും പെൻഷനായ ഉദ്യോഗസ്ഥനാണ്. റിട്ടയറായി കമ്പനി നടത്തുന്ന അദ്ദേഹം ഇറാനിൽ നിന്നും നിരവധി ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്ത് ബഹറിനിൽ വിതരണം ചെയ്യുന്നുണ്ട്. അക്കൂട്ടത്തിൽ ഉള്ളതാണ് "ഇറാനിയൻ സഫ്രോൺ"("ഇറാനിയൻ കുങ്കുമപൂവ്", കുട്ടിക്ക് നിറം വയ്ക്കാനെന്നുള്ള ആഗ്രഹത്തിൽ ഗർഭാവസ്ഥയിൽ സ്ത്രീകൾ ഇത് പാലിലിട്ട് കുടിക്കാറുണ്ടെന്നും അവയ്ക്ക് നാട്ടിൽ ഭയങ്കര വിലയാണെന്നും പിന്നീട് അപ്പുണ്ണി ഭാര്യയിൽ നിന്നും അറിഞ്ഞു). ഇതിന്റെ വലിയ ഒരു കെട്ട് മാർക്കറ്റിങ്ങിനായി മുകളിലത്തെ നിലയിലെ കമ്പനി ഗോഡൗണിൽ കൊണ്ടിട്ടിട്ടുള്ളത് മൊത്തം പായ്ക്കറ്റുകളും പൊട്ടിച്ചിതറിക്കിടക്കുന്നു (25 ഗ്രാം വീതമുള്ള ചെറിയ ചെറിയ അളുങ്ക് ചിമിഴിനുള്ളിലാണ് ഇറാനിൽനിന്നും ഇത് ഇട്ടുവരുന്നത്, വിലകൂടിയ വസ്തുവാണ്.). ഓഫീസിൽ ഒറ്റയ്ക്കിരുന്ന് ബോറടിച്ചപ്പോൾ അപ്പുണ്ണി മുകളിലത്തെ നിലയിലേക്ക് ചെന്നു അവിടെ കൂടു പൊട്ടി പുറത്തുക്കിടന്ന കുങ്കമപ്പൂ ഉണങ്ങിയതെല്ലാം കൂടി തൂത്തുവാരി മുകളിലേക്ക് എറിഞ്ഞു കളിച്ചത് ഓർക്കുന്നു. തൃശൂർ പൂരത്തിന് കമ്പപ്പൂക്കുല വിരിയുംപോലെ അവ മുകളിൽ പറന്നു നടന്നു. ഒരു രസം. "പോത്തിന് ഏത്തയ്ക്കാ അറിയുമോ..?" എന്ന ചോദ്യം ഇവിടെ സ്വയം ചോദിക്കാം.



www.malankaralibrary.com

നാട്ടിലെ പുതിയ വീട്ടിൽ സിറ്റിംങ് ഹാളിലേക്ക് ഉപയോഗിക്കുന്നതിന് ഒരു പുതിയ അനുഭവം ആയിക്കൊള്ളട്ടെ എന്നുള്ള നിലയിൽ രണ്ടു പാകിസ്ഥാനി ക്യാമൽ കുഷ്യൻ കസേരകൾ വാങ്ങി. ഡൈനിങ്ങ് ഹാളിലെ ഉപയോഗത്തിനായി ഒരു ഇറാനിയൻ ക്രിസ്റ്റൽ ചാനലിയർ വാങ്ങി. "ഞങ്ങൾ ഇന്ത്യയിൽനിന്നും വന്നവർ" എന്നു കേട്ടപ്പോൾ ഇറാനിയൻ കച്ചവടക്കാരന്റെ കണ്ണ് സന്തോഷം കൊണ്ട് വികസിച്ചത് അപ്പുണ്ണി ശ്രദ്ധിച്ചു. അടുക്കളയിലെ ഉപയോഗത്തിനായി പാകിസ്ഥാന്റെ കുറെ കോട്ടൺ തുണികളും ബെഡ് ഷീറ്റുകളും തറയിൽ ചവിട്ടി യായി ഉപയോഗിക്കാനുതകുന്ന ഏതാനും പരുക്കൻ കാർപ്പറ്റുകളും കൂടാതെ കരകൗശല വസ്തുക്കളുടെ ഒരു നീണ്ട ശ്രേണി അവിടെ പ്രദർശിപ്പിച്ചിരുന്ന തിൽനിന്നും കുറെ സാധനങ്ങളും വാങ്ങി. തിരികെ വീട്ടിലേക്ക്.

ഏപ്രിൽ 23 ലോക പുസ്തകദിനത്തോടനുബന്ധിച്ച് മീനാസൽമാനിൽ (ബഹറിനിലെ സീ പോർട്ട്.) ലോകം ചുറ്റി വരുന്ന "ഒഴുകുന്ന പുസ്തക ലോകം"എന്ന  കപ്പൽ അടുക്കുന്നതായി "ഗൾഫ് ഡയിലി ന്യൂസ്" പത്രത്തിൽ വാർത്ത. ഇങ്ങനെയൊരു സംരംഭം അടുത്തു നടക്കുമ്പോൾ എങ്ങനെ പോകാ തിരിക്കും..?

പുസ്തകങ്ങളെ എക്കാലവും സ്നേഹിച്ചുപോരുന്ന അപ്പുണ്ണിയെ സംബ ന്ധിച്ചിടത്തോളം അറിവിന്റെയും ആഹ്ലാദത്തിന്റെയും അക്ഷയഖനികളാണ് ഓരോ പുസ്തകവും. വായനക്കാരെ പുതിയ മനുഷ്യരാക്കി മാറ്റുന്ന അറിവിന്റെ അമൃതകുംഭങ്ങളാണ് അവ. "ഉത്തമഗ്രന്ഥങ്ങൾ മനുഷ്യനെ ദേവനാക്കുന്നു.." എന്നാണ് പഴമൊഴി. ഉപന്യാസമായും കഥയായും കവിതയായും നാടകമായും പുസ്തകങ്ങൾ ഏതു രൂപത്തിൽ ലഭിച്ചാലും അപ്പുണ്ണിക്ക് അത് സന്തോഷകാര ണങ്ങൾ തന്നെയാണ്. സമയം ലഭിക്കുന്നതിനനുസരിച്ച് ഏതേലും പുസ്തകങ്ങൾ വാങ്ങും വായിക്കും. ആയതിനാൽ നാട്ടിലും ബഹറിനിലും വലിയൊരു പുസ്തകശേഖരം സ്വന്തമായുണ്ട്. ലോകത്തിലേറ്റവും കൂടുതൽ ആൾക്കാർ വായി ച്ചിട്ടുള്ള ബാലസാഹിത്യകൃതി "പഞ്ചതന്ത്രം കഥകൾ" അപ്പുണ്ണിയുടെ പുസ്തക ശേഖരത്തിലെ ഒരു പ്രധാന പുസ്തകമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിയുന്ന പുസ്തകമായ "ബൈബിൾ" അപ്പുണ്ണിക്ക് ജീവിത വഴികാട്ടിയാണ്. "വ്യക്തികൾക്ക് മരണമുണ്ട് എന്നാൽ പുസ്തകങ്ങൾക്ക് മരണമില്ല.." എന്ന മഹ ത്തായ വാക്യം സമൂഹത്തിന് പറഞ്ഞുതന്ന മഹാനായ റൂസ് വെൽറ്റിനെക്കുറിച്ച് പഠിപ്പിച്ചത് ഡിഗ്രിക്ലാസ്സ് മലയാളം അദ്ധ്യാപകനായിരുന്ന ആശാരിസാറാണ്. അപ്പു ണ്ണിയുടെയും ദൈവത്തിന്റെയും സ്വന്തം നാടായ കേരളത്തിൽ പ്രതിദിനം അഞ്ചു പുസ്തകങ്ങൾ വീതം പ്രസിദ്ധീകരിക്കുന്നുണ്ട്, അതും അയ്യായിരവും പതിനാ യിരവും കോപ്പികൾ വീതം. എന്നാൽ ഇന്ത്യൻ തലസ്ഥാനമായ ഇന്ദ്രപ്രസ്ഥത്തിൽ (ന്യൂഡൽഹിയിൽ) പ്രതിദിനം മൂന്നു പുസ്തകങ്ങൾ ആയിരം കോപ്പിയിലാണ് പ്രസിദ്ധീകരിക്കുന്നത്. നന്നായി വായിക്കുന്ന, മരണംവരെ വായനശീലത്തോടെ ജീവിക്കുന്ന ഒരു കൂട്ടം ജനങ്ങളുള്ള നാടാണ് കേരളം.

വായനകൊണ്ട് ഏകാഗ്രത വർദ്ധിക്കുമെന്നും ജീവിത അനുഭവം മന

www.malankaralibrary.com

സ്സിലാക്കാൻ സാധിക്കുമെന്നും ഭാവനാസമ്പന്നനാകുമെന്നും ഒക്കെയുള്ള അറിവ് അപ്പുണ്ണിക്കുണ്ട്. അങ്ങനെ വായന വായിക്കുന്നവന്റെ ഉത്തമ വളർച്ചയെ ഉത്തേജിപ്പിക്കുമെന്നും സുഗമമാക്കുമെന്നും അപ്പുണ്ണിക്കറിയാം.

നല്ല പുസ്തകങ്ങൾ നല്ല സന്ദേശങ്ങളും ദർശനങ്ങളും കാഴ്ചപ്പാടുകളും വായനക്കാരിൽ ഉണ്ടാക്കുന്നു. സഹജീവികളുടെ ഇല്ലായ്മയിൽ കൈത്താങ്ങാകാനുള്ള കരുത്തും വായനവഴി വായനക്കാരൻ ആർജ്ജിക്കുന്നു, ജീവിതത്തിലെ വലിയ പ്രതിസന്ധികളിൽ തണലായി നിൽക്കുന്നു.. ഇങ്ങനെയുള്ള വായനാശീലത്തെ മരണംവരെയും ചേർത്തുനിർത്തണം എന്നതാണ് അപ്പുണ്ണിയുടെ ആഗ്രഹം.

റോമാക്കാർ മരത്തൊലിയിലാണ് എഴുതിയിരുന്നത്. മരത്തൊലിക്ക് ലാറ്റിൻ ഭാഷയിൽ "ലൈബർ" എന്നാണ് പേര്. ഈ ലൈബറിൽനിന്നാണ് "ലൈബ്രറി" (ഗ്രന്ഥപ്പുര) എന്ന പദം രൂപപ്പെട്ടത്.

ഇന്ന് മീനാസൽമാനിൽ ക്രമീകരിച്ചിരിക്കുന്ന കപ്പലിലെ പുസ്തക പ്രദർശനത്തിൽ അപ്പുണ്ണി എന്തായാലും പോകും എന്നുള്ളത് വാർത്ത വായിച്ചു കേട്ട ഭാര്യ മിനിക്കും ഉറപ്പുള്ള സംഗതിയാണ്.. ഭർത്താവിന്റെ സന്തോഷത്തിനായി മിനി പറഞ്ഞു:

"പ്രദർശനവും വിൽപനയും പൊതുജനങ്ങൾക്ക് പ്രാപ്യമായതിനാൽ നമുക്കും ഒന്നുപോയി നോക്കാം.."

"ശരി., വൈകുന്നേരം നാലുമണിക്ക് പോകാം. തയ്യാറായി നിന്നോളൂ.." അപ്പുണ്ണി മറുപടിയായി.

പോർട്ടിന് ഏതാനും വാര അകലെ കർ പാർക്കിങ് സൗകര്യം. ടോക്കണെടുത്ത് ഇരുവരും ചെറിയൊരു കപ്പലിനുള്ളിലേക്ക്. പുസ്തകങ്ങളുടെ നീണ്ടനിര. പുസ്തകങ്ങളും അവയുടെ ആകർഷകമായ നിറങ്ങളും എന്നും അപ്പുണ്ണിയുടെ മനസ്സിൽ പുസ്തകലോകത്തിന്റെ വാതായനങ്ങളാണ്. ഇംഗ്ലീഷ്, അറബിക്ക്, ഹിന്ദി... നിരനിരയായി എമ്പടി! പുസ്തകങ്ങൾ. നടന്നൊന്നു കാണാൻതന്നെ സമയമെടുക്കും!

365 ബൈബിൾ കഥകൾ കുട്ടികൾക്ക്, 365 ലോക കഥകൾ കുട്ടികൾക്ക്.

ദിവസവും ഒരു കഥവച്ച് വായിച്ചാൽ ഒരു വർഷത്തേക്കുള്ള സംഭവമായി. രണ്ടു പുസ്തകങ്ങൾ വാങ്ങി.

ദിനാർ കൊടുത്ത് ബാക്കിവാങ്ങി.. തിരികെ കാറിലേക്ക്.

മറ്റൊരു ദിവസം കൂടി കൊഴിഞ്ഞകന്നു.

എക്സിബിഷൻ റോഡിൽ **അസ്വാഖ് അൽ അവാഫി** എന്നൊരു സൂപ്പർ മാർക്കറ്റുണ്ട്. വീട്ടിലേക്ക് ആവശ്യംവേണ്ട അടുക്കള ഉപകരണങ്ങൾ ലഭിക്കുന്ന സ്ഥലം. അദില്യയിൽ ഫാൻസി സാധനങ്ങൾ മാത്രം വിൽക്കുന്ന കട. ആഴ്ചയിൽ ഒരിക്കൽ അപ്പുണ്ണിയും ഭാര്യയും ഈ കടകൾ സന്ദർശിക്കും. ഗുദേബിയയിൽ **ഹഫ്സ** എന്നൊരു റെഡിമെയ്ഡ് തുണിക്കട. ടീ ഷർട്ടുകളും ജീൻസ് പാന്റുകളും ധാരാളം കളക്ഷനുള്ള കട. മനാമയിൽ സാരിയും ചുരീദാറും വിൽക്കുന്ന **മയൂരി ഫാഷൻസ്**.

www.malankaralibrary.com

കടയിൽ പോയി ആവശ്യ സാധനങ്ങൾ വാങ്ങാം പക്ഷേ വാഹനം പാർക്കുചെയ്യുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതാണ് പ്രയാസം.

മനാമയിൽ കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പ്രത്യേകം കെട്ടിടമുണ്ട്. ആവശ്യമുള്ളവർക്ക് അതിനുള്ളിലേക്ക് വണ്ടികയറ്റി തങ്ങളുടെ വാഹനം പാർക്ക് ചെയ്യാം. കറങ്ങിക്കറങ്ങി കയറി അഞ്ചുനില കെട്ടിടത്തിന്റെ മുകളിൽ വരെയും ചിലപ്പോൾ പാർക്കിങ് കിട്ടാൻ യാത്രചെയ്യേണ്ടിവരും.

ഇന്നെന്തായലും ഇവിടെ വന്നതല്ലേ.. നാട്ടിലേക്ക് എന്തേലും വാങ്ങിക്കൊണ്ടുപോകാം. ചുറ്റുമുള്ള സ്ഥലങ്ങൾ എത്ര കറങ്ങിയിട്ടും വാഹനം ഇടാൻ അല്പംപോലും സ്ഥലമില്ല. വാഹനം പാർക്കുചെയ്തിട്ട് ഇറങ്ങി നടക്കണം. അതിനുള്ള സൗകര്യമാണ് അപ്പുണ്ണി ചുറ്റി നോക്കുന്നത്. അങ്ങനെ അവസാനം വാഹനം പാർക്കുചെയ്യാനുള്ള കെട്ടിടത്തിലേക്ക് വണ്ടിവിട്ടു.

സുഖ പാർക്കിങ്ങ് സൗകര്യം. ഇത്രയും സൗകര്യം ഇവിടെ ഉള്ളപ്പോഴാണോ..? കുറേ കറങ്ങി നടന്ന് സമയം കളഞ്ഞത്..? കാറ് പാർക്കുചെയ്ത് ഇരുവരും ഇറങ്ങി നടന്നു. ലിഫ്റ്റുവഴി താഴേക്ക്. മനാമയിൽ ഗോൾഡ് സൂഖിന് അരികിലായി കണ്ട തുണിക്കടയിലേക്ക് കയറി. കോഴിക്കോട്ടുകാരനായ ഒരു ബ്രോ. വാതിലിൽക്കൽ തന്നെ നിന്നിരുന്നു.

‘‘കോട്ടൺ ബെഡ് ഷീറ്റുകൾ കാണുമോ..? ’’

‘‘ഉവ്വു ചേട്ടാ..’’

കുറേ ബെഡ്ഷീറ്റുകൾ അദ്ദേഹം നിവർത്തിയിട്ടു. ക്വാളിറ്റി തീരെയില്ലാത്ത ബെഡ്ഷീറ്റുകൾ!

‘‘വേറെ നല്ലതില്ലേ.. ബ്രോ..?’’

‘‘വേറെയുണ്ട് സാർ.. പക്ഷേ രണ്ടു ദിനാർ കൂടും..’’

‘‘എടുത്തീട്.. കാണട്ടെ..’’

നല്ല ക്വാളിറ്റി സാധനങ്ങൾ പയ്യൻ എടുത്തിട്ടു.

‘‘ഇവയെന്താ നേരത്തേ കാണിക്കാഞ്ഞത്..?, ഇത് നല്ലതാണല്ലോ..?’’

‘‘അത്.. മലയാളികൾ വന്നാൽ ബെഡ്ഷീറ്റ് ആണേലും പാന്റുതുണി ആണേലും വിലകുറഞ്ഞതേ നോക്കൂ.. വാങ്ങൂ.. അവർ നാട്ടിൽ കൊണ്ടുപോയി തൽക്കാലം ഉപയോഗിക്കാനും ആർക്കേലും കൊടുക്കാനും അതാണ് വാങ്ങുന്നത്. അതുകൊണ്ടാണു സാർ..’’

ഗൾഫിൽനിന്നും വന്നവർ അവരുടെ വിവാഹത്തിന് ഒരുങ്ങിച്ചെല്ലാൻ വേണ്ടി സ്നേഹംപൂർവ്വം തന്ന (അകത്തുള്ളതു പുറത്തുകാണിക്കുന്ന) കോരുവല പോലെയുള്ള പാന്റിന്റെ തുണി തയ്ച്ചിട്ടപ്പോൾ കോളജിലെ കൂട്ടുകാർ കളിയാക്കിയത് അപ്പുണ്ണി അപ്പോൾ ഓർത്തു.

‘‘ശരി... ശരി.. അങ്ങനെയുള്ളവർക്ക് അത്തരം തുണി കൊടുക്ക്. ഞങ്ങൾക്ക് നല്ലത് എടുക്ക്..’’

ആവശ്യം വേണ്ട തുണികൾ ഇരുവരും അവിടെനിന്നും വാങ്ങി.

‘‘അതെന്താ ആ കടയിൽ പോലീസുകാർ...?’’

www.malankaralibrary.com

അൽപം അകലെയായിട്ടുള്ള കടയുടെ സമീപം ധാരാളം പോലീസു കാർ.., അവിടേയ്ക്കു വിരൽ ചൂണ്ടി അപ്പുണ്ണി കടയലെ പയ്യനോട് ചോദിച്ചു.

“ആ കടയിൽ വലിയ പ്രശ്നം നടന്നു.. അതിന്റെ വിവരം അന്വേഷിച്ചു കണ്ടെത്തുന്നതിനായി ഉദ്യോഗസ്ഥർ വന്നിരിക്കുകയാണ്.. കർക്കശക്കാരനായ ആ അറബി കുടുംബസമേതം വിദേശയാത്രയ്ക്കു പോയ തക്കത്തിന് കട നോക്കി നടത്തിയിരുന്ന തൊഴിലാളി, സ്റ്റോക്ക് ക്ലിയറൻസ് സെയിൽ നടത്തി. കടയിൽ ഇരുന്നതും സ്റ്റോറിൽ സൂക്ഷിച്ചിരുന്നതുമായ സർവ്വ സാധനങ്ങളും വരുന്നവർക്കു വിററു കാശാക്കി നാടുപിടിച്ചു. അദ്ദേഹം പത്തുവർഷമായിട്ട് ആ കടയിൽ നിന്നിരുന്നയാളും മുതലാളിയുടെ വിശ്വസ്തനുമായിരുന്നു. കിട്ടിയ കാശുമായി അദ്ദേഹം നാട്ടിലേക്ക് വണ്ടിവിട്ടു. അറബി ടൂർ കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ ഒഴിഞ്ഞ കട മാത്രം. കേസായി.., അന്വേഷണമായി. അതാണ് അവിടെ പോലീസ്..”

നേരത്തേയെടുത്ത ആലോചനപ്രകാരം ഏതാനും പ്ലാസ്റ്റിക്ക് പായ്കൾ വാങ്ങണം. ബെഡ്ഷീറ്റും മറ്റും വാങ്ങിയ കടയുടെ മുൻവശത്തുകൂടി നാനാ ദിക്കിലേക്കും ചെറിയ ചെറിയ വഴികൾ സൗകര്യം ഒരുക്കുന്നുണ്ട്. ഇരു വശങ്ങളിലും നിരയായി കടകൾ. നാട്ടിൽ പ്രാർത്ഥനകളും മറ്റുവിശേഷങ്ങളും നടക്കുമ്പോൾ നിലത്തിരിക്കുന്നതിനു പകരം പായിലിരുന്ന് വിശ്രമിക്കുന്നതിനും സാധിക്കുമെങ്കിൽ അല്പം കിടക്കുന്നതിനും പ്ലാസ്റ്റിക്ക് പായ്കൾ ഗൾഫിൽനിന്നും വരുന്നവർ സാധാരണയായി കെട്ടിൽ കരുതാറുണ്ട്.

നാട്ടിൽ പ്ലാസ്റ്റിക് പായ്കളുടെ വരവിന് മുൻപായി **ആറന്മുള കണ്ണാടി**യും **ആലപ്പുഴ കയറും** എന്നപോലെ തന്നെ ഓണാട്ടുകരയിലെ നിത്യോപയോഗ വസ്തുവായിരുന്നു **തഴപ്പായ്കൾ**. കയ്തോലയിൽനിന്നും പായുണ്ടാക്കുന്ന ഓണാട്ടുകരയുടെ കരവേല എത്ര മഹനീയമാണ്. നെല്ലുണക്കുന്ന ചിക്കുപായും കിടക്കുന്ന മെത്തപ്പായും തലയിണയും തഴകൊണ്ട് നെയ്തുകൂട്ടി ശരിയാക്കുന്ന തടുക്കും (ഇരിക്കുന്നതിന്.) കൃഷിപ്പണിക്കാർ കള പറിക്കുമ്പോഴും ഞാറ് നടുമ്പോഴും മഴയിൽനിന്നും രക്ഷപ്പെടുന്നതിന് തലവഴി ഇട്ടുപയോഗിക്കുന്ന **പുട്ടലും** എല്ലാം കയ്തോലയിൽനിന്നും രൂപം കൊള്ളുന്നവയാണ്.

കമ്പിവേലിയും മതിലുകളും അതിരുകളിൽ സ്ഥാനംപിടിക്കുന്നതിനു മുമ്പ് അതിർത്തികളിൽ കാവൽക്കാരായി നിന്നിരുന്നത് കൈതകളും കടലാവണക്കും കമ്പുകളും കൊന്നകളും കവുങ്ങുകളും ആയിരുന്നു. ഓണം എത്തുന്നതിനു മുമ്പ് വേലികൾ അടയ്ക്കാമരത്തിന്റെ കീറുകൾകൊണ്ട് ഇവകളെ കെട്ടി ബലപ്പെടുത്തിയിരുന്നു. ബദ്ധവൈരികളായ അയൽക്കാരുടെ വൈരാഗ്യവർധനവിന് വേലികെട്ട് ഒരു പ്രധാന കാരണമായിരുന്നു. മറ്റവന്റെ പുരയിടത്തിലേക്ക് ഇറക്കിക്കെട്ടുന്ന വേലികൾ വയ്യാവേലികളായി മാറാറുള്ളത് സ്വാഭാവികം. തുടർന്ന് സഭ്യേതര മൊഴികളുടെ പല്ലവിയും അനുപല്ലവിയും. തമ്മിൽത്തല്ലിന്റെയും ഗുസ്തിയുടെയും താളമേളങ്ങളോടെ വേലികെട്ട് വൈകുന്നേരത്തോടെ പൂർത്തിയാക്കും. അങ്ങനെ അടുത്തവർഷ വേലികെട്ടുവരെ അതിർത്തി പ്രശ്നങ്ങൾക്ക് ഇടവേളയാകും.

www.malankaralibrary.com

കല്പവൃക്ഷമായ തെങ്ങുപോലെതന്നെ മലയാളികളെ ജനനം മുതൽ മരണംവരെ കരുതുന്ന, സഹായിക്കുന്ന മറ്റൊരു ഒറ്റത്തടി വൃക്ഷമാണ് കമുക് (കവുങ്ങ്, കമുങ്ങ്) അഥവാ അടയ്ക്കാമരം. അടർന്നു വീഴുന്ന ഇതിന്റെ വലിയ പാളകളിലാണ് കൊച്ചുകുഞ്ഞുങ്ങളെ അമ്മമാരും പതിച്ചിമാരും എണ്ണപുരട്ടി കിടത്തുന്നതും കളിപ്പിക്കുന്നതും കുളിപ്പിക്കുന്നതും. കുഞ്ഞു വളർന്നു കൂട്ടുകാർക്കൊപ്പം ഓടിക്കളിക്കുമ്പോൾ അവർ വലിയ തണുങ്ങിന്റെ പാളയിൽ കുഞ്ഞിനെ ഇരുത്തി സ്ഥലനാമങ്ങൾ പറഞ്ഞ് മുറ്റത്തൂടെ വലിച്ചു നീക്കി കളിക്കുന്നതും പതിവാണ്. ഈ കുഞ്ഞിനെ ആശാൻപള്ളിയിൽ എഴുത്തിനിരുത്തുമ്പോൾ ആശാന് ദക്ഷിണ കൊടുക്കുന്നതും കവുങ്ങിന്റെ ഫലമായ പാക്ക് വെറ്റിലയ്ക്കു മുകളിൽ വച്ചാണ്. ഇതേ കുട്ടി വിവാഹം കഴിക്കുമ്പോൾ മുതിർന്നവർക്ക് ദക്ഷിണ നൽകുന്നതും ഇങ്ങനെ തന്നെ. അവസാനം മരണാനന്തര കർമ്മത്തിൽ ഉപയോഗിക്കുന്നത് പാളച്ചെരുപ്പുകളാണ് പോരാതെ മരിച്ചയാളിന്റെ അസ്ഥിയെടുക്കുന്ന കർമ്മത്തിനും പാള നമ്മെ സഹായിക്കുന്നു. വീടിനാവശ്യമായ മര ഉരുപ്പടികൾ പണിയുന്ന ആശാരിമാർ തടികൾ തമ്മിൽ ചേർക്കുന്ന സ്ഥലത്ത് ഉപയോഗിക്കുന്ന ആണി, കമുക് തടി ചെത്തിയുണ്ടാക്കിയ അലകാണ്. അടുക്കളയിൽ പാചകത്തിനും ഭക്ഷണം വിളമ്പുന്നതിനും ഉപയോഗിക്കുന്ന തവിയുടെ കണ (പിടി) ഉണ്ടാക്കുന്നത് കമുകിന്റെ തായ്ത്തടിയിലെ അലകുപയോഗിച്ചാണ്. തേങ്ങാ പൊതിക്കാനുപയോഗിക്കുന്ന പാരയായും കുഴികുത്താനുള്ള ഉപകരണമായും യുദ്ധകാലത്തുപയോഗിക്കുന്ന ആയുധമായും കമുങ്ങിന്റെ തടി ഉപയോഗിച്ചിരുന്നു.

നിലം തൊടാതെ വെട്ടിയെടുക്കുന്ന കമുകാണ് ആരാധനാലയങ്ങളിൽ കൊടിമരമായി ഉപയോഗിച്ചിരുന്നത്. മലചവിട്ടാൻ പോകുന്ന അയ്യപ്പഭക്തരുടെ ഭവനങ്ങളിൽ പൂജയ്ക്കായ് ഇടുന്ന പന്തലിന്റെ തൂണുകൾ കമുകുകൾ ചെത്തിയുണ്ടാക്കുന്നവയാണ്. ദുർഗ്ഗാ ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്ന കോലങ്ങൾ നിർമ്മിക്കുന്നത് കവുങ്ങിന്റെ പാളയിലാണ്.

കിണറ്റിൽനിന്നും വെള്ളം കോരുന്നതിനുള്ള തൊട്ടിയായ് പാള കോട്ടിതയ്ച്ച് ഉപയോഗിച്ചിരുന്നു. കർഷകർ മഴക്കാലങ്ങളിൽ പാളത്തൊപ്പി ഉപയോഗിക്കാറുണ്ട്. കൃഷിക്കായി ഉപയോഗിക്കുന്ന പണിയായുധങ്ങളായ തൂമ്പയും പല്ലുചെരുപ്പും തടിച്ചെരുപ്പും അടയ്ക്കാമരത്തിന്റെ തടിയിലാണ് ഉറപ്പിച്ചുപയോഗിക്കുന്നത്. പാളയുടെ അള്ളൂരി (അകത്തെ നേർത്ത പാളി) എടുത്ത് ചെമ്പുകലത്തിന്റെയോ മൺകലത്തിന്റെയോ മുഖം മൂടിക്കെട്ടി നനഞ്ഞ തഴവള്ളികൊണ്ട് കെട്ടി വലിച്ച് ശബ്ദം കേൾപ്പിച്ച് പെരുച്ചാഴികളെ ഭയപ്പെടുത്തി ഓടിക്കാൻ ഉപയോഗിച്ചിരുന്നു. നിർദ്ധനർക്ക് എവിടെനിന്നെങ്കിലും നെല്ലോ, അരിയോ മറ്റ് ധാന്യങ്ങളോ ലഭിച്ചാൽ അവർ അവ സുരക്ഷിതമായി വീട്ടിൽ എത്തിക്കുന്നതിന് പാളകൾ ഉപയോഗിച്ചിരുന്നു. മുറ്റത്തിട്ടിരിക്കുന്ന ആട്ടുകല്ലും അരകല്ലും ഉരലും വെള്ളം വീണ് അഴുക്കാകാതിരിക്കാൻ പാളകൊണ്ട് മൂടിയിരുന്നു. തലച്ചുമടായി മത്സ്യവ്യാപാരത്തിന് പോകുന്നവർ മീൻ വെള്ളം തലയിൽ വീഴാതിരിക്കാൻ കുട്ടയുടെ അടിഭാഗത്തായി പാള തയ്ച്ചു പിടിപ്പിച്ചിരുന്നു. ചൂടുകാലങ്ങളിൽ ആൾക്കാർ വീശുന്നതിനായി പാളകൾ കണ്ടിച്ച് വീശറിയായി ഉപയോഗിച്ചിരുന്നു. നാലും

www.malankaralibrary.com

കൂട്ടി മുറുക്കുന്നവരുടെ ഒഴിവാക്കാനാകാത്ത ഒരു കൂട്ടമാണ് പാക്ക്.

ആധുനിക യുഗത്തിൽ യന്ത്രസഹായത്താൽ പാളകൊണ്ട് സദ്യപ്പാത്രങ്ങളും കറിപ്പാത്രങ്ങളും നർമ്മിച്ച് ഉപയോഗിക്കുന്നുണ്ട്. ഇതാണ് കവുങ്ങ് മാഹാത്മ്യം.

പാടങ്ങളുടെ മൂലയിലും തോട്ടുവക്കിലും കാവുകളുടെ വശങ്ങളിലും കൈതക്കാടുകൾ സുലഭമായിരുന്നു. കൈതോല അരിവാളിന് അറുത്തിട്ട് തെങ്ങോല തുഞ്ചാണിയിൽ അടുക്കിവച്ച് കെട്ടാക്കി തലയിൽത്താങ്ങി വീട്ടിലേക്ക്. നീളമുള്ള കേടില്ലാത്ത കൈതോലയാണ് തഴപ്പായ്ക്ക് ഏറ്റവും ഉത്തമം. വീട്ടിൽ കൊണ്ടുവന്ന കൈതോലകൾ നീട്ടിപ്പിടിച്ച് മുള്ളുകൾ കോതിക്കളയുന്നു (കയ്യിലെ തള്ളവിരലിനും ചൂണ്ടുവിരലിനുമിടയിൽ ചകിരിനാരു കെട്ടി മുള്ളുകൾ **പോന്താൻ** പറ്റും.). ഇരു വശങ്ങളിലേയും മുള്ളുകൾ നീക്കിയശേഷമാണ് നടുക്കുള്ള മുള്ള് നീക്കുന്നത്. തഴകൾ അടുക്കിവച്ച് വലിയ ചുരുളുകളാക്കി സൂക്ഷിക്കുന്നു. ആവശ്യത്തിനനുസരിച്ച് ആവികേറ്റി തഴകൾ മയപ്പെടുത്തുന്നു. ഇങ്ങനെ നെയ്തെടുക്കുന്നതാണ് **തഴപ്പായ്**കൾ. ആൺ കൈതകൾ (അവയ്ക്ക് വീതിയേറിയ പൊളികളാണ്.) പോന്തിയെടുത്താണ് **ചിക്കുപായ്** (നെല്ലും മറ്റും ഉണക്കുന്ന വലിയ പായ്.). രണ്ടുപായ്കൾ ചേർത്തുവച്ച് അരികു കെട്ടിയാണ് **മെത്തപ്പായ്**കൾ ഉണ്ടാക്കുന്നത്.

വീട്ടുജോലിക്ക് ശേഷം ലഭിക്കുന്ന സമയത്താണ് കാടുകളിലും നാട്ടുവഴികളിലും നിൽക്കുന്ന കൈതകൾ കോതി അവയെ പായ്കളാക്കി വിറ്റ് പൈസ ആക്കാൻ അമ്മമാർ സമയം കണ്ടെത്തുന്നത്. 15 മുതൽ 25 രൂപാവരെ ഒരു തഴപ്പായ് വിൽക്കുമ്പോൾ നെയ്ത്തുകാർക്ക് ലഭിക്കുന്നു. പായ് എടുക്കുന്നവർ ആഴ്ചയിൽ രണ്ടുതവണ "പായേ.. വായോ.." വിളികളുമായി തെക്കേപ്പുറത്തെ മൺപാതയിലൂടെ സൈക്കിളിലെത്തും. പായ്ക്കാരന്റെ "പായേ.." വിളിക്ക് കാതോർത്തിരിക്കുന്ന നെയ്ത്തുകാർ "വരുന്നേ.. കൂയ്.. എന്ന മറുമൊഴിയിലൂടെ ചുരുട്ടിപ്പിടിച്ച പായ്കളുമായി ഓടി എത്തും. അമ്മമാരുടെയും അമ്മുമ്മമാരുടെയും പായ്‌വില പണം, മക്കളും കൊച്ചുമക്കളും നേരത്തേതന്നെ കൈക്കലാക്കാൻ കണക്കുകൂട്ടി പിന്നാലെ എത്തുന്നതും അതിനായി സംസാരിക്കുന്നതും കെഞ്ചുന്നതും നിത്യസംഭവമാണ്. അമ്മുമ്മമാർ എണ്ണയ്ക്കും കുഴമ്പിനുമുള്ള പണം നീക്കി, ബാക്കി മക്കൾക്കും കൊച്ചുമക്കൾക്കുമായി വീതംവയ്ക്കും. ചില ആഴ്ചകളിൽ അവർ തങ്ങളുടെ ആവശ്യങ്ങൾ അടുത്ത ആഴ്ചയിലേക്ക് മാറ്റിവച്ച് കൊച്ചുമക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചു കൊടുക്കുന്നത് അപ്പുണ്ണി കണ്ടിട്ടുണ്ട്.

ബഹറിനിലെ മനാമയ്ക്കുള്ളിലുള്ള കടകളിൽനിന്നും വാങ്ങിയ പ്ലാസ്റ്റിക് പായ്കളും ബെഡ്ഷീറ്റുകളും അടങ്ങിയ സഞ്ചികളും കയ്യിൽ തൂക്കി (പേറു കഴിഞ്ഞ പെണ്ണിനെ ആശുപത്രിയിൽനിന്നും വീട്ടിലേക്കു കൊണ്ടുവരുമ്പോൾ പായും തലയിണയും ബക്കറ്റും കൊതുകുകുടയും തുണിയും എല്ലാം കക്ഷത്തിലും തലയിലുമാക്കി മുൻപേ ഭർത്താവ് നടക്കുന്നപോലെ.) അപ്പുണ്ണി ബഹറിൻ തെരുവിലൂടെ കാറ് പാർക്കുചെയ്തിരിക്കുന്ന കെട്ടിടത്തിലേക്ക് നടന്നു.

കാറ്, പാർക്കിങ്ങ് കെട്ടിടത്തിനെ ചുറ്റിച്ചുറ്റി.. താഴത്തെ നില

www.malankaralibrary.com

യിലെത്തിയപ്പോൾ അപ്പോൾവരെയുള്ള പാർക്കിങ്ങ്ചാർജ് കെട്ടിട സൂക്ഷിപ്പു കാരുടെ മോണിട്ടറിൽ തെളിഞ്ഞുകഴിഞ്ഞിരുന്നു. വാടകക്കാശ് കൊടുത്ത് താമസസ്ഥലത്തേക്ക് ഇരുവരും യാത്രതുടർന്നു.

യാത്രയിൽ അപ്പുണ്ണി അറബിക്കഥകൾ പറഞ്ഞുതുടങ്ങി: "നമ്മൾ ഇപ്പോൾ അവിടെ കണ്ടതുപോലെ അറബികളുടെ കാർക്കശ്യവും സ്നേഹമില്ലായ്മയും കൊണ്ട് അറബിക്ക് പണികൊടുത്ത് മുങ്ങുന്നവർ ധാരാളമുണ്ട്, എന്നാലും അറബികളുടെ മനസ്സലിവിനെ സൂചിപ്പിക്കുന്ന ധാരാളം കഥകളുണ്ട്. സൽമാനിയായിൽ **സന** എന്നൊരു വലിയ തുണിക്കടയുണ്ട്. ഇതിന്റെ മുകളിലാണ് അപ്പുണ്ണി ബഹറിനിൽ വന്നപ്പോൾ ജ്യേഷ്ഠനൊത്ത് കുറച്ചുനാൾ താമസിച്ചിരുന്നത്. രാജകുടുംബാംഗമായ ഷേക്ക് മുഹമ്മദിന്റെ കെട്ടിടമാണത്, തുണിക്കടയും സ്റ്റോറും താമസ സ്ഥലവുമാണ് ആ കെട്ടിടം. കെട്ടിടത്തിന്റെ കാർ പാർക്കിങ്ങ് സ്ഥലത്ത് ഒരു സാധു കോഴിക്കോട്ടുകാരൻ ദിവസവും വന്നിരിക്കും. നാട്ടിലെ ഉത്സവസ്ഥലത്ത് ഊത്തും ബലൂണും മറ്റും വിൽക്കുന്നവരെപ്പോലെ അദ്ദേഹവും എവിടെനിന്നെങ്കിലും ദിവസവും കുറച്ചു കളിപ്പാട്ടങ്ങൾ കടയിൽ മുതിർന്നവർക്കൊപ്പം വരുന്ന കുട്ടികൾക്ക് ചെറിയ ലാഭത്തിന് വിറ്റ് നിത്യച്ചെലവിനുള്ള കാശു നേടുമായിരുന്നു. ഈ മനുഷ്യനെ നമുക്ക് ബഷീർ എന്നു വിളിക്കാം. ബഷീർ രാവിലെ മുതൽ കടയുടെ മുന്നിൽ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളും കൈകളിലേന്തി തുണിക്കട തുറക്കുന്ന സമയം മുതൽ അടയ്ക്കുന്നതുവരെ കറങ്ങിനടന്ന് ജീവിത പ്രാരാബ്ദത്തിന് ശമനം വരുത്തുവാൻ നോക്കും. ദിവസവും കടയുടമയായ ഷേക്ക് കാറിൽ കടയിൽ വരും. അദ്ദേഹം തന്റെ കാറിൽനിന്ന് ഇറങ്ങുമ്പോഴേക്കും ബഷിർ കളിപ്പാട്ടങ്ങൾ മാറ്റിവച്ചിട്ട് ഓടിച്ചെല്ലും, ഭവ്യതയോടെ നിൽക്കും. ഷേക്ക് കാറിൽനിന്നും ഇറങ്ങി കടയിലേക്ക് നടക്കുമ്പോഴേക്കും ഷേക്കിന്റെ പെട്ടിയുമെടുത്ത് ബഷീർ പിന്നാലെ ചെല്ലും. അദ്ദേഹത്തിന്റെ ഓഫീസിൽ അതു കൊണ്ടുചെന്ന് വയ്ക്കും. പോകാറാകുമ്പോൾ ഷേക്ക് വെളിയിൽ വരുന്ന സമയത്ത് അദ്ദേഹത്തിന്റെ പെട്ടി ഓഫീസിൽനിന്നും എടുത്ത് വണ്ടിയിൽ കൊണ്ടുചെന്നുവയ്ക്കും. ശേഷം തന്റെ കളിപ്പാട്ട വിൽപ്പന തുടരും. ഇത് നാളുകളോളം ആവർത്തിച്ചു. ഒരു ദിവസം ഷേക്ക് ബഷീറിനെ അരികെ വിളിച്ചു പറഞ്ഞു: "നീ.. ചെറിയൊരു കളിപ്പാട്ടക്കട അവിടെ ആ.. കാർ പാർക്കുചെയ്യുന്ന സ്ഥലത്തായി വച്ചുകൊള്ളൂ.."

തുണിക്കടയിലേക്കു എല്ലാവരും നടന്നുവരുന്ന വഴിയുടെ ഓരത്തിനും പ്രധാന പാതയ്ക്കും ഇടയിലുള്ള പ്രധാന സ്ഥലംതന്നെയാണ് ബഷീറിന് ഒരു കട വയ്ക്കുന്നതിനായി ഷേക്ക് കാണിച്ചുകൊടുത്തത്. സന്തോഷാധിക്കത്താൽ ബഷീർ ഷേക്കിന്റെ അരികത്തുനിന്ന് ഈശ്വരനെ വിളിച്ച് കണ്ണീർപൊഴിച്ച് അദ്ദേഹത്തിന്റെ നന്മയെച്ചൊല്ലി പ്രാർത്ഥിച്ചു. ബഷീർ അധികം താമസിക്കാതെതന്നെ തടികൊണ്ട് ഒരു കളിപ്പാട്ടക്കട അവിടെ സ്ഥാപിച്ചു. ഈ സംഭവം നടന്നിട്ട് വർഷങ്ങൾ കുറെ ആകുന്നു. ഇന്ന് ബഷീറിനൊപ്പം നാട്ടിൽനിന്നും വന്ന മകനും ആ കടയെ ചുറ്റിപ്പറ്റി ജീവിതം കഴിക്കുന്നു. ഇതാണ് അറബികളുടെ കാരുണ്യം.

അപ്പുണ്ണി അറബിയെപ്പറ്റിയുള്ള കഥ പറഞ്ഞു തീർന്നപ്പോഴേക്കും കാറ് താമസസ്ഥലമായ ഫ്ളാറ്റിന്റെ താഴെയുള്ള കാർപാർക്കിങ് സ്ഥലത്ത് എത്തിക്കഴിഞ്ഞിരുന്നു.

www.malankaralibrary.com



# 14. അടവുകൾ പതിനെട്ട്

**ഓ**ഫീസിലെ ഫോൺ തുടർച്ചയായി അടിക്കുന്നു. ശല്യം തീരട്ടെ എന്നുള്ള ചിന്തയാണ് അപ്പുണ്ണിയെ ഫോണെടുക്കാൻ പ്രേരിപ്പിച്ചത്. കമ്പനിയിൽ അല്പം പണത്തിന് ബുദ്ധിമുട്ടുള്ള ചില സന്ദർഭങ്ങളിൽ കൊടുക്കാനുള്ളവരെ താത്ക്കാലികമായി ഒഴിവാക്കാൻ വേണ്ടി ഫോണിന്റെ നിലവിളി ഏകദേശം തീരാറായി എന്ന് കരുതുന്ന നിമിഷം അപ്പുണ്ണിതന്നെ ഫോൺ എടുത്തിട്ട് സ്വരം മാറ്റി പതുക്കെ പറയും:

"ഓഫീസിൽ ആളില്ല നാളെ വിളിക്കൂ.."

സ്ഥിരം വിളിക്കുന്ന സുഹൃത്തുക്കളാണെങ്കിലും സ്വരം പിടികിട്ടിയില്ലെങ്കിൽ എടുത്തകൈക്ക് ഇങ്ങനെയേ പറയൂ. പേര് കുറിച്ചുവയ്ക്കാൻ പറയുമ്പോൾ പരിചയക്കരനെങ്കിൽ കുറേക്കഴിഞ്ഞ് തിരിച്ചുവിളിച്ച് കാര്യം അന്വേഷിക്കും.. എന്തെല്ലാം പയറ്റിയാൽ ജീവിക്കാം. എന്റെ ഭഗവാനേ..!

ചിലപ്പോൾ അപ്പുണ്ണിയുടെ സ്വരംമാറ്റിയുള്ള സംസാരം കേൾക്കുമ്പോൾ തൊട്ടപ്പുറത്തെ ഓഫീസുമുറിയിലിരിക്കുന്ന ഹൗസ് കീപ്പർ രാജസ്ഥാനി വിജയ് പാൽ സിങ്ങ് പതുക്കെ ചുമരിന്റെ വശത്തുകൂടെ തലയിട്ട് ചിരിച്ച് ചോദിക്കും:

"ക്യാ.. ആദ്മീ ഹെ തും..? ഇതനാ ജൂഠ് ബോൽക്കെ.. സബ്കോ.. ഉല്ലൂ ബനാക്കെ! ആപനെ.. ബഡാ ആദ്മീ ഹെ.. യാർ." (മഹാനുഭാവാ.. ഇങ്ങനെ മനുഷ്യരെ പറ്റിക്കാമോ..?, അങ്ങ് വലിയ മനുഷ്യനാണ്.)

"കൈസേ ഭീ ഇതർ ബൈഠനേക്കാ.. ഭായി.. ക്യാ കരേഗാ.." (എന്തു ചെയ്യാം ഇവിടെ ഇരിക്കണ്ടേ..?)

ഹെഡ് ആഫീസിൽനിന്നുള്ള വിളി റിസപ്ഷൻ വഴി വരുമ്പോൾ അവർ ആദ്യമേ പറയും.

"ഇത് കുവൈറ്റിൽ നിന്നാണേ.."

എന്തായാലും ഇന്ന് നേരായിത്തന്നെ സംസാരം തുടങ്ങി:

"ഹലോ.."

"ഹലോ.. സാർ.."

www.malankaralibrary.com

ഫോണിന്റെ അങ്ങേ തലയിൽ പരിഭവം കലർന്ന ഹലോ.. മുഴങ്ങി.

"ഹലോ.. സാറേ.. ഇത് രാജീവനാണ് പ്രിന്റിങ്ങ് പ്രസ്സിൽ നിന്നും.."

"ഹലോ.. രാജീവ് ജീ.. എന്തുണ്ട് വാർത്ത..?, ബിൽ ഒന്നും ബാക്കിയില്ല ല്ലോ..?"

"സാർ ഇത് ബില്ലിനും കാശിനും വേണ്ടിയല്ല.. സാറേ.., സാറിന്റെ നാട്ടുകാരനായ ഒരാളിവിടെ ഞങ്ങളുടെ പ്രിന്റിങ് പ്രസിൽ ജോലി ചെയ്തിരുന്നു. പായ്ക്കിങ്, കുത്തിക്കെട്ട്.. ഇങ്ങനെയുള്ളവ ചെയ്യുന്നതിനായി. ഇവിടുത്തെ ദിവസത്തൊഴിലാളികളുമായി അദ്ദേഹത്തിന് നല്ല ബന്ധമായിരുന്നു. താമസസൗകര്യവും അവരൊന്നിച്ചാണ് ഷെയർ ചെയ്തിരുന്നത്. ശശാങ്കൻ എന്നാണ് അദ്ദേഹത്തിന്റെ പേര്. സാറിന്റെ നാട്ടുകാരൻ ആണ്. വീട്ടിലെ പാടും പരാധീനതകളും പറഞ്ഞുപറഞ്ഞ് അഞ്ചും പത്തും ദിനാറുകൾവച്ച് ഇവിടുത്തെ സാധുക്കളോട് കുറെ പറ്റിച്ചിട്ടുണ്ട്. കൂടാതെ അച്ഛന് അസുഖം കൂടുതലാണ്, നാട്ടിലോട്ടു പോയിട്ട് ഉടനെ വരാം എന്നുള്ള അച്ചാ ദിൻ... വാക്കുകൾ പറഞ്ഞ് നല്ലൊരു തുക മറ്റു സഹമുറിയൻമാരുടെ കയ്യിൽനിന്നും അദ്ദേഹം കൈപ്പറ്റിയിട്ടുണ്ട്. കക്ഷി ഇവിടെനിന്നും മുങ്ങിക്കഴിഞ്ഞു. മുറിയൻമാരെല്ലാംകൂടി ഇന്ന് എന്റെയടുക്കൽ വന്നിരിക്കുകയാണ്. സാറിന്റെ വീടുമായി വളരെ അടുത്താണ് തന്റെ വീട് എന്നൊക്കെ നേരത്തെ ഇവരോട് പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഇപ്പോൾ അങ്ങയെ വിളിച്ച് ഇത് പറയുന്നത്. എന്തേലും പ്രതീക്ഷയ്ക്ക് വകയുണ്ടോ സാർ..?"

"പരമ കാരുണ്യവാനായ ജഗദീശ്വരാ... ഇതെന്തു കൂത്ത്..? ഈ ശശാങ്കനെന്ന തിരട്ടു രാജപ്പനെക്കുറിച്ച് എനിക്ക് അറിവില്ല.."

"കാര്യങ്ങൾ അന്വേഷിച്ചു ബോധ്യപ്പെട്ടിട്ടു വേണ്ടേ ആരായാലും പൈസാ കൊടുക്കാൻ..?"

"സാർ.., പാടാദുരിതം കേട്ടപ്പോൾ ആ പാവങ്ങൾ കൊടുത്തുപോയി, ഇങ്ങനെ ദുരിതമാകുമെന്ന് കരുതിയില്ല.."



"ഞാനൊന്ന് അന്വേഷിക്കട്ട്. പ്രതീക്ഷയ്ക്കു വകയുണ്ടെങ്കിൽ അറിയിക്കാം. പിന്നെ ഒരു കാര്യം ഒരു കക്ഷി എന്റെ കയ്യിൽനിന്നും 50 ബി.ഡി (ബഹറിൻ ദിനാർ.) വാങ്ങി പോയിരുന്നു. അദ്ദേഹമാണോ ഇദ്ദേഹം എന്ന് അറിയില്ല. ഏതായാലും രാജീവാ.., ഞാനൊന്ന് തിരക്കിയിട്ട് പറയാം കേട്ടോ..?"

"ശരി സാർ.., അടുത്ത ആഴ്ച ഞാൻ വീണ്ടും വിളിക്കാം.."

നന്ദിപറഞ്ഞ് അപ്പുറത്തെ ഫോൺ തിരികെ വയ്ക്കുന്നത് അപ്പുണ്ണി കേട്ടു.

അപ്പുണ്ണി ശരിക്കും കുഴങ്ങി. ഇത് ആരെടാ ഈ ശശാങ്കൻ..? കായംകുളം കൊച്ചുണ്ണിയെന്നും

www.malankaralibrary.com

ഇത്തിക്കരപ്പക്കിയെന്നും വെള്ളായണി പരമു എന്നും കള്ളപ്പനച്ചോന്നിയെന്നും കൂടാതെ ബാലരമയിലെ വിക്രമനും മുത്തുവും പെട്ടെന്ന് മനസ്സിലേക്ക് ഓടിയെത്തി. ഇങ്ങനെയുള്ള രാത്രിയുടെ ലോക്കൽ മഹാന്മാരായുള്ളവരുടെ പേരുകൾ അപ്പുണ്ണി കേട്ടിട്ടുണ്ട്. ഇതാരാടാ പുതിയ അവതാരം..! ശശാങ്കൻ..? മനസ്സിലൊരു മിന്നലൊളി പരന്നു. എന്തായാലും കയ്യിൽക്കിട്ടിയ കാശുമായി ഈ മഹാൻ കടന്നുകളഞ്ഞു!

പണം പോയവന് ഒരു സന്തോഷം അല്ലെങ്കിൽ ആശ്വാസം ആയിക്കോട്ടെ എന്നു കരുതിയാണ് അപ്പുണ്ണിയുടെയും 50 ദിനാർ പോയി എന്ന് രാജീവുമായുള്ള സംഭാഷണത്തിൽ വച്ചു കാച്ചിയത്.

“ഓഹോ.., എനിക്ക് അഞ്ചല്ലാ പോയുള്ളു.. അല്ലെങ്കിൽ പത്തല്ലാ പോയുള്ളു.. അവന്റെ അമ്പതു പോയല്ലോ..” എന്ന് കേൾക്കുന്നവൻ സമാധാനിച്ചോളും. നമുക്ക് പോകാനൊരു വാക്ക്. കേൾക്കുന്നവന് പെരുത്ത ആശ്വാസം, സന്തോഷം. അന്യർക്കാശ്വാസവും സന്തോഷവും പകരണമെന്ന് മുതിർന്നവരും പൂർവ്വീകരും പലപ്പോഴും പലവട്ടം പറഞ്ഞിട്ടുണ്ട്. അത് ഈ കാര്യത്തിലെന്നല്ല വേറെ ചില കാര്യങ്ങളിലും ആവുംവണ്ണം പരീക്ഷിക്കാറുണ്ട്. വിജയിക്കാറുമുണ്ട്.

ഗൾഫിൽനിന്നും നാട്ടിൽ അവധിക്ക് ചെന്നിട്ട് രണ്ടുദിവസം കഴിയുമ്പോൾ (ചെന്നിറങ്ങിയുള്ള ദിവസങ്ങളിൽ ഗൾഫിലെ വെട്ടവും വെളിച്ചവും കണ്ടിട്ട് ഇരുട്ടത്തിറങ്ങുമ്പോൾ ചുറ്റിനും ആരെങ്കിലുമൊക്കെ വന്നുനിന്ന് പത്തലിന് തലയ്ക്കിട്ട് വീശിയടിക്കുന്നതായി അപ്പുണ്ണിക്ക് തോന്നാറുണ്ട് പ്രത്യേകിച്ചും കുളിക്കുന്ന കൂട്ടത്തിൽ മുഖത്ത് സോപ്പു പുരട്ടുമ്പോഴും തലയിൽ ബക്കറ്റിലെ വെള്ളം ഒന്നിച്ച് കമഴ്ത്തുമ്പോഴും.) ഇരുട്ടൊന്ന് മെരുങ്ങിക്കഴിയുമ്പോൾ പതുങ്ങനെ നാട്ടിലോട്ടൊക്കെ ഒന്നിറങ്ങും. പക്ഷേ അപ്പുണ്ണിയുടെ തലവട്ടം കണ്ടാൽ ചില കൂട്ടർ കടം ചോദിച്ചുകൊണ്ട് ചുറ്റും കൂടും.

“ചേട്ടാ.., ഒരു ആയിരം രൂപാ ഇങ്ങോട്ടു താ.. നാളെ തിരികെ തരാം.. ഒരത്യാവശ്യക്കാര്യം സാധിക്കാനാ.. (ഹയ്യോടാ!, പോഷകാഹാരമായ മദ്യം മനുഷ്യജീവിതത്തിന് ഒരത്യാവശ്യക്കാര്യമാണെന്ന് അന്ന് അപ്പുണ്ണിക്ക് ബോധ്യമായി!)”

തേനും പാലും ഒഴുകുന്ന നാടാണ് കാനാൻ നാട് എന്നുള്ള വിവരം അപ്പുണ്ണിക്ക് വായിച്ചറിയാം. എന്നാൽ അപ്പുണ്ണി തേനും പാലുമാണെന്നുള്ള ക്രമത്തിൽ കടം മേടിക്കാൻ അടുത്തെത്തുന്നവരുടെ വിളി കേൾക്കുമ്പോഴേ മനസ്സിൽ ഒരു ലഡു പൊട്ടും.

“ഇത് ഏതോ കൊള്ളയ്ക്കുള്ള പുറപ്പാടാ..” വലിക്കാതെയും കുടിക്കാതെയും ഗൾഫിൽ വലിച്ചുപിടിച്ച് ഉണ്ടാക്കിയത് വലിക്കാനും കുടിക്കാനുമായി വന്നവൻ ചോദിക്കുകയാണ്. എന്തു ചെയ്യണം..?

വന്ന കക്ഷി അടുത്ത വചകം പുറത്തിറക്കുന്ന ഗ്യാപിൽ അപ്പുണ്ണി കടത്തിപ്പറയും:

“ഛെടാ.. എന്തുകൂത്താ.. എന്റെ പൊന്നേ.. ഇപ്പോൾ രൂപ അയ്യായിരം ചേട്ടന്റെ കയ്യിൽനിന്നും വാങ്ങിയതേയുള്ളൂ.. ഒരുത്തനോട് കടമെടുത്ത ഇരുപതിനായിരം കൊടുത്തു തീർക്കാൻ ഇനിയും ബാക്കി പതിനായിരം..”

www.malankaralibrary.com

കടംവങ്ങാനെത്തിയവൻ വാങ്ങിയാൽ തിരികെ തരില്ല എന്നു മാത്രമല്ല കൊടുത്ത തുക തിരികെ ചോദിച്ചതിന്റെ ഇനത്തിൽ തേച്ചാലും കുളിച്ചാലും മായാത്ത കുറെ കറതീർന്ന തെറികൾ പലിശയായും മുതലായും വരവുവയ്ക്കാൻ തരുകയും ചെയ്യും. ഇത് കണ്ണുതുറന്ന കാലം മുതൽക്കേ അപ്പുണ്ണി കാണുന്ന തും കേൾക്കുന്നതുമാണ്. അതോ തെറിവിളി കേട്ടാണോ അപ്പുണ്ണിയുടെ കുഞ്ഞി ക്കണ്ണു തുറന്നത്..? സംശയം ഇല്ലാതില്ല. അതാകാനേ വഴിയുള്ളു. മുതുകുളത്തെ മൂന്നാം വാർഡ് വളഞ്ഞവഴി, അത് എല്ലാക്കാലവും അങ്ങനെ ആണ്.

"ഒരു ദരിദ്രവാസിയോടാണല്ലോ ഈശ്വരാ ഞാൻ കടം ചോദി ച്ചത്.."എന്നുള്ള അത്മനിർവൃതിയോടെ കടം ചോദിച്ചവൻ നടന്നകലും. "ഇന്നേതവനെയാണ് ഞാൻ കണി കണ്ടത്.." എന്ന് നടന്ന് അകലുമ്പോൾ അവൻ സ്വയം ചിന്തിക്കുന്നുണ്ടാവാം (വന്നവന്റെ ആത്മഗതം കണക്കാക്കി, അദ്ദേഹം കണികണ്ടത് മുറിയിലെ കണ്ണാടിയിലാകാം എന്നതാണ് അപ്പുണ്ണിയുടെ ചിന്ത.).

അപ്പുണ്ണിക്ക് ഈക്കാര്യത്തിൽ ഡോക്ടറേറ്റു സമ്മാനിച്ചത് പ്രിയ മാതാ ശ്രീയാണ്.

"അവൻ വന്നിരിക്കുവാ എതാണ്ടൊക്കെ പിടുങ്ങിക്കൊണ്ട് പോകാൻ.." ഇത് ആത്മഗതമായാണ് പലരും കടം വാങ്ങാൻ വരുന്നവരെ നോക്കി പറയു ന്നത്. എന്നാൽ മാതാശ്രീ, വരുന്നവൻ അടുത്തേക്ക് നടന്നടുക്കുമ്പോഴേ പറയും. "അവൻ വന്നിരിക്കുവാ എതാണ്ടൊക്കെ പിടുങ്ങിക്കോണ്ട് പോകാൻ.." കടത്തിനു വന്നവൻ ചോദിക്കാൻ തയ്യാറാക്കിയ വാക്ക് പതുക്കെ (വേഗം.) വിഴുങ്ങും. ആയു സ്സുള്ള കാലത്തോളം ഇനി മാതാശ്രീയോട് കടം ചോദിക്കില്ല എന്നത് തീർച്ച (മാതാശ്രീയെ വാരിയെല്ലുകൊണ്ട് സൃഷ്ടിച്ചതായതിനാൽ ആസിഡു വീണാലും അലി യില്ല..).



"കഴിയുന്നതും കൊടുക്കാതിരിക്കുക. കൊടുത്താൽ പോയെന്നു കരുതുക. അർഹതയു ള്ളവനെ സഹായിക്കുക. കഴിയുന്നതും ആർക്കും ബാധ്യത ആകാതിരിക്കുക.." ഇതാണ് മാതാശ്രിയുടെ അലിഖിത നിയമം. എന്തുനല്ല പോളിസി!

വാങ്ങിക്കൊണ്ട് പോകാനെത്തുന്നവൻ പമ്മിപ്പമ്മി വരും. അതിനുമുമ്പേ നന്നായിട്ട് ഒന്നു വെളുക്കെ ചിരിക്കും (കണ്ടാൽ മുഖം തിരിക്കുന്ന വനും ഇന്നോളം മിണ്ടാത്തവനുമാണ് കക്ഷി!).

"ഇപ്പം തരാം ഒരായിരം ഇങ്ങോട്ടു താ.."

പുരുഷനെ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയ തല്ലേ..? നമ്മൾ പറയും "ഇന്നാടാ ആയിരം. മൂന്നുദിവസത്തിനുള്ളിൽ തരണം കേട്ടോ..? മണ്ണിറ ക്കിയ കാശ് കൊടുക്കാൻ ബാങ്കിൽനിന്നും ഇപ്പോൾ

www.malankaralibrary.com

എടുത്തുവച്ചതാ..''

മൂന്നുദിവസം മൂന്ന് ആഴ്ചയാകും പിന്നത് ആറ് മാസമാകും (കാലവും തിരയും ആർക്കുംവേണ്ടി കാത്തുനിൽക്കാറില്ലല്ലോ.?). ദിവസവും തട്ടാരുമുക്കു വഴി പോകുന്നവൻ അടുത്ത മുക്കായ കല്ലുമൂടുവഴി പോയിത്തുടങ്ങും. ഏതേലും വഴിവക്കിൽ വച്ചുകണ്ടാൽ പൂരപ്പറമ്പിൽ വച്ചുകണ്ട പരിചയം പോലുമില്ല.

കൊടുത്തവൻ ഭവ്യതയോടെ ചോദിക്കും:

''രൂപാ തിരികെ തന്നില്ലല്ലോ.. ചേട്ടാ..''

''വാങ്ങിയാൽ തിരിച്ചുതരാനും അറിയാം..''

ഹോ!, എന്തൊരു തത്ത്വചിന്ത. ബുക്കും പേനയും ഉണ്ടെങ്കിൽ എഴുതി എടുക്കാമായിരുന്നു. പിന്നെ അവനെ കാണുന്നത് അടുത്ത ഗ്രാമക്ഷേത്രത്തിലെ ഉത്സവത്തിനാണ്.

ആദ്യമേ ''ഇല്ല..'' എന്ന പദം ഉപയോഗിച്ചാൽ എന്തുമോദം..? ഒരു ദിവസത്തേയ്ക്കുള്ള ചെറിയ നീരസം. കാലക്രമത്തിൽ അത് പാൽപ്പൊടി പോലെ അലിഞ്ഞലിഞ്ഞില്ലാതാകും. വീണ്ടും ചോദിക്കുകയും ഇല്ല. അമ്മ ബുദ്ധി എപ്പടി..?

അപ്പുണ്ണിക്ക് രാജീവൻ പറഞ്ഞ ശശാങ്കനെ അറിയാം നല്ല വ്യക്തമായും പച്ചയായും അറിയാം. പക്ഷേ രാജീവനോട് ആളിനെ അറിയാം എന്നു പറഞ്ഞാൽ അവര് കൊടുത്ത കാശ് അപ്പുണ്ണിയുടെ തലയിലാകും.

ശശാങ്കൻ ആള് പെരിശാണ്. രാഷ്ട്രീയക്കാരെ വരെ കമഴ്ത്തിയടിച്ച് നാട്ടിൽ കാപ്പികുടിച്ച് നടക്കുന്നവനാണ്. ഇന്നേതവനെ കറക്കിയടിക്കാം എന്നുള്ളതാണ് പതിനൊന്നുമണിക്ക് പല്ലുംതേച്ച്, വെളുക്കെ ചിരിച്ച് ജംഗ്ഷനിലെത്തുന്ന ശശാങ്കന്റെ ഉള്ളിലിരുപ്പ്.

സ്വന്തമായി ഒരു കുലത്തൊഴിൽ അറിയുന്നവൻ അത് മാന്യതയില്ലാത്തതാണെന്ന് സ്വയം തീർച്ചയാക്കി രാവിലെ ഇറങ്ങും. വെറുതെ കറങ്ങും. സമയം കിട്ടിയാൽ ഉറങ്ങും. പിന്നെങ്ങനെ ശരിയാകും..? ആരോ കൊടുത്ത വിസായിൽ ഇവിടെയുമെത്തി. അങ്ങനെ നാട്ടിൽ നൂറുമേനി കൊയ്ത കൃഷി ഇവിടെയും ഇറക്കി. അത്രതന്നെ.

ഒരാഴ്ചയായപ്പോൾ കൃത്യമായി രാജീവൻ അപ്പുണ്ണിയെ വിളിച്ചു.

''ആളിനെ അറിയുമോ സാറേ..?, പിടി കിട്ടിയോ..?''

''മോനേ.. രാജീവാ.., പലരോടും ചോദിച്ചു.. ആർക്കും അറിയില്ല. അങ്ങനൊരാൾ നാട്ടിൽ ഇല്ല..''

സഹായിച്ചവരുടെ പണം ആവിയായി എന്നർത്ഥം. ഇങ്ങനെ തലയ്ക്ക് അടി കിട്ടുമ്പോഴാണ് ചിലർക്ക് വെളിവ് വരുന്നത്. പിന്നവൻ ഒരു കാലത്തും ആർക്കും പണം കടം കൊടുത്തു സഹായിക്കില്ല. വേറെ ചിലർ എത്ര കൊണ്ടാലും പഠിക്കുകയുമില്ല എന്നതു വേറെ കാര്യം.

ആ സംഭവം അങ്ങനെ അടച്ചു.

കടം വാങ്ങുന്ന അതേ ഗണത്തിൽ കൊള്ളിക്കാവുന്ന നാട്ടിലെ മറ്റൊരു

www.malankaralibrary.com



മാന്യമായ കലാപരിപാടിയാണ് (ആചാരമാണ്.) മൂന്നു സെന്റ് വസ്തുവിൽ ഒരു കൂര പണിതുയർത്തിയിട്ട് (മറ്റൊരു കൂട്ടർ നേരത്തെ താമസിച്ചിരുന്ന പുരയുടെ കൂടെ ഒരു മുറിയും അതിനോട് ചേർത്ത് കക്കൂസും പണിതിട്ട് ഒരു ചാക്ക് കുമ്മായപ്പൊടി വാങ്ങി മൊത്തം തേച്ചുപിടിപ്പിക്കും.) കയറിത്താമസിക്കുന്ന ചടങ്ങായ പാലുകാച്ചൽ പദ്ധതി നടത്തുന്നത്. ഇതിനായി പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ വോട്ടേഴ്സ് ലിസ്റ്റിലെ ക്രമമനുസരിച്ച് നാട്ടുകാരെയെല്ലാം തന്റെ വീടിന്റെ കാച്ചൽ ചടങ്ങിലേക്ക് കാർഡ് നൽകി ക്ഷണിക്കുന്നു. കാച്ചൽച്ചടങ്ങിൽ പങ്കെടുക്കാനെത്തുന്നവർ തങ്ങളുടെ തറവാട് മഹിമപോലെ രൂപ ഇരുന്നൂറ്, അഞ്ഞൂറ്, ആയിരം എന്നിങ്ങനെ കാച്ചു വീടിന്റെ തിണ്ണയ്ക്ക് മേശയും കസേരയുമിട്ട് കണക്കെഴുതുന്നതിനായി ഇരുത്തിയിരിക്കുന്ന ആളിനെ ഏൽപ്പിച്ച് പേരും വീട്ടുപേരും പറഞ്ഞുകൊടുത്ത് റിക്കാഡ് ബുക്കിൽ വരവു വെയ്പ്പിക്കുന്നു (തന്നവർ തിരിച്ചു വിളിക്കുമ്പോൾ മുതലും പലിശയും തിരിച്ചു കൊടുക്കാനുള്ളതാണ്.), നാരങ്ങാ കൊടുത്ത് എഴുതാനിരിക്കുന്നവർ കാച്ചൽകരം അടച്ചവനെ സന്തോഷിപ്പിക്കുന്നു (പഞ്ചായത്തു പാതയിൽവച്ച് തമ്മിൽ കണ്ടാൽ ഒന്നു ചിരിക്കാൻ പോലും മനസ്സാകാത്തവന്റെ കാച്ചൽ വിളി ചില മിടുക്കർ അവജ്ഞയോടെ തള്ളിക്കളയും.). മറ്റു ചില സമർത്ഥർ വീട്ടിലുള്ള കുഞ്ഞുകുട്ടികളെ മൊത്തം കൂട്ടിക്കൊണ്ടാണ് നേരെ കാച്ചൽ സ്ഥലത്തേയ്ക്ക വരുന്നതും 250 കൊടുത്ത് 500ന്റെ വക തട്ടുന്നതും. അവർ കൂട്ടമായി പാടത്തു പറന്നിറങ്ങുന്ന വെട്ടുക്കിളികളെപ്പോലെ കൊടുത്തതും അതിലേറെയും മുതലാക്കി സ്ഥലം കാലിയാക്കുന്നു. അവരുടെ തട്ടൽ കണ്ട് ഗൃഹനാഥൻ തലയിൽ കൈകൾവച്ച് ഉള്ളാലെ ഇങ്ങനെ പ്രാകും:

"എനിക്ക് ഇത് എന്തിന്റെ കേടായിരുന്നു.."

വേറെ ചിലർ മുക്കിനു ചെന്ന് സമ്മാനക്കടയിൽനിന്നും ഒരു ചരുവം കടം വാങ്ങും ശേഷം അതു നന്നായി പൊതിഞ്ഞ് നാലു മൂലയ്ക്കും നാലുപേരേക്കൊണ്ട് പിടിപ്പിച്ച് വീട്ടുകാരിയെ ഏൽപ്പിക്കുന്നു. അവരും കൊടുത്തത് മുതലാക്കാൻ മിടുക്കരാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ..! ചിലർ വീട്ടിലിരിക്കുന്നവർക്ക് കഴിക്കാനുള്ള പാഴ്സൽകൂടി വാങ്ങിയേ കാച്ചൽ വീടിന്റെ പടിയിറങ്ങൂ.. അങ്ങനെ കാച്ചൽകൊണ്ട് കടം വീട്ടാൻ കാത്തിരുന്നവർ മൂക്കോളം മുങ്ങി, പിന്നെയും നിലയില്ലാ കയത്തിൽ താഴുന്ന കാഴ്ച വല്ലാത്ത കാഴ്ചതന്നെ.

കടംവാങ്ങി വീട് പണിയുന്ന ഒരു കൂട്ടരുണ്ട്. വീടു പണിയിൽ സഹായിക്കുന്ന കോൺട്രാക്ടർ, കടമെങ്കിലും മുന്തിയ ടൈൽസ് കൊടുത്ത കടയുടെ ഉടമസ്ഥൻ, പൂപ്പൽ പിടിക്കാത്ത, മങ്ങാത്ത പെയിന്റ് നൽകിയ പെയിന്റുകട മുതലാളി, പുര കാച്ചൽ ചടങ്ങിനായി സദ്യവട്ടം തയ്യാറാക്കുന്നതിനായി അരി

www.malankaralibrary.com

സാധനങ്ങൾ നൽകിയ പലചരക്കു കടക്കാരൻ, കാപ്പി സത്ക്കാരത്തിന് ബേക്കറി സാധനങ്ങൾ നൽകിയ ബേക്കറി മുതലാളി, അരിവയ്പ്പുകാരൻ എന്നുവേണ്ട സർവ്വരോടും പൈസാ കൊടുക്കുന്ന തീയ്യതി അറിയിച്ചിരിക്കുന്നത് ഈ കാച്ചൽ ദിവസം പിരിഞ്ഞു കിട്ടുന്ന പൈസായുടെ കണക്കിലാണ്. ചില മിടുക്കൻ മുതലാളിമാർ കാച്ചൽ വീട്ടിലേക്ക് അഞ്ചുമണി ആകുമ്പോഴേക്കും കയറിച്ചെന്ന് ഒരു സീനുണ്ടാക്കി അതുവരെ പെട്ടിയിൽവീണ പൈസയിൽ തനിക്കു കിട്ടേണ്ടതുമെടുത്ത് തിരിച്ചുപോകും. എന്തായാലും നാട്ടുകാരുടെ സംഭാവന സ്വീകരിച്ചവൻ ഒരാഴ്ച പുതിയ പുരയിൽ താമസിക്കും പിറ്റേന്ന് ആ വീട് ആർക്കേങ്കിലും മറിച്ചുവിൽക്കും. കാര്യം അതോടെ ശുഭം! അടുത്ത കാച്ചിനുള്ള സംരംഭം അദ്ദേഹം അവിടെ തുടങ്ങും.

ചിലർക്ക് കക്കൂസ് വയ്ക്കാനുള്ള തുക പഞ്ചായത്തിൽനിന്നും കിട്ടും. ഡെയ്‌ലി ഡെപ്പോസിറ്റ് വന്നു വീഴേണ്ട സ്ഥലത്ത് തൊടികൾ സ്ഥാപിക്കാതെ ഒരു സ്ലാബ് പുറമേ കാണത്തക്കവണ്ണം വാർത്തിട്ടശേഷം അടുത്തായിത്തന്നെ ഒരു ക്ലോസറ്റും ചുറ്റും ഓലകൊണ്ട് ഒരു വേലിയും കെട്ടും. കക്കൂസ് തയ്യാർ! അന്വേഷിക്കാൻ വരുന്ന ഉദ്യോഗസ്ഥൻ കക്കൂസ് കണ്ട് പുളകിതനാകും. കക്കൂസ് ചെക്കിങ്ങ് ഇൻസ്പെക്ടർക്ക് ക്ലോസറ്റു സെറ്റപ്പു കണ്ട് ഡെപ്പോസിറ്റ് ചെയ്യണമെന്നുള്ള വയറ്റുഭാഗ്യം അവിടെവച്ച് തോന്നാത്തത് വീട്ടുകാരന്റെയും അദ്ദേഹത്തിന്റെയും ഭാഗ്യം.

അടുത്ത വർഷവും ഈ വീട്ടുകാരൻ അടുത്ത കക്കൂസിനുള്ള പ്രോജക്ട് വയ്ക്കും. അന്നും ഇതുതന്നെ കാണിക്കും. അങ്ങനെ നാലുനില കക്കൂസുവരെ വച്ച മഹാനുഭാവന്മാർ നാട്ടിൽ ധാരാളം.

www.malankaralibrary.com



# 15. അരുതാത്തതും ചെയ്യേണ്ടതും

**ഫാ**മിലി പ്ലാസയുടെ ഹൗസ് കീപ്പർ വിജയ്പാൽ സിങ് വിവാഹം കഴിക്കുന്നതിനായി രാജസ്ഥാനിലെ തന്റെ വീട്ടിലേക്ക് പോയിരിക്കുകയാണ്. വിജയ് ആണ് സ്വിമ്മിങ്ങ് പൂളിന്റെയും മറ്റ് സർവ്വീസുകളുടെയും മേലധികാരി. സ്വിമ്മിംങ് പൂളിന്റെ സൈഡിൽ രണ്ടു ദിവസത്തിനുള്ളിൽ ഒരു പരിപാടി നടക്കുന്നുണ്ട്. ബുക്കിങ്ങ് കഴിഞ്ഞ് അവർ പണവും അടച്ചതാണ്. ഇന്ന് പൂളിലെ വെള്ളം കെമിക്കൽ ഇട്ട് ശുദ്ധിയാക്കണം. പൂളിൽ കുളിക്കാനിറങ്ങുന്ന ഗസ്റ്റിന് ചൊറിയാത്ത രീതിയിൽ വെള്ളം ശുദ്ധി വരുത്തുന്നതിന് ക്ലോറിനേഷൻ നടത്തണം. അതിനു വേണ്ടിയുള്ള രാസവസ്തുക്കൾ പൂൾ സൈഡിലെ സ്റ്റോർ മുറിയിൽ സൂക്ഷിച്ചു വച്ചിട്ടുണ്ട്. യഥാക്രമം അത് ഉപയോഗിച്ചാൽ എല്ലാം ശരിയാകും.

സ്റ്റോറിലെ ഏകദേശം ഒരു പോലെയുള്ള ടിന്നുകൾ തുറന്നു നോക്കി. ഇതിൽ ഏതാണ് ക്ളോറോക്സ്..?. അപ്പുണ്ണി ഒരു ടിന്നിലെ ഏതാനും തരികൾ കൈകൊണ്ടുവാരി മൂക്കിനോടു അടുപ്പിച്ചു. അത്രമാത്രം.

ശക്തമായ ശ്വാസംമുട്ടൽ..! പ്രാണൻ പിടയുന്നപോലെ. ശ്വാസം ഉള്ളിലേക്ക് എടുക്കാൻ പറ്റുന്നില്ല. വേറെ ആരും അരികിലില്ല. കയ്യിൽ വാരിപ്പിടിച്ച പൊടി താഴെയിട്ട് അടുത്തുകണ്ട ടാപ്പിന്റെ അടുത്തേക്ക് എങ്ങനെയോ ചെന്നു.

വെള്ളം..! വെള്ളം..!

കൈകഴുകി.., മുഖം കഴുകി.., കണ്ണു കഴുകി.. ശക്തമായി ചീറ്റി. മൂക്കിനുള്ളിൽ അടിച്ചുകയറിയ ക്ലോറിന്റെ ഗന്ധം ചുറ്റിയടിക്കുന്നു. അടുത്തു കണ്ട കസേരയിൽ പോയിരുന്നു. ശക്തമായ കാറ്റ് പടിഞ്ഞാറുനിന്നും വീശുന്നു. തല താഴ്ത്തി കസേരയിൽ അരമണിക്കൂർ ഇരുന്നുകാണും.

"മേലിൽ രാസവസ്തുക്കൾ ഒരു കാരണവശാലും മണപ്പിക്കരുത്..!"

1774ൽ ഷിലെ കണ്ടുപിടിച്ച (ക്ലോറിൻ വാതകം.) വാതകത്തെ ഒന്നാം ലോകമഹായുദ്ധത്തിൽ ഫ്രിറ്റ്സ് ഹാബർ എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ ഫ്രാൻസിന്റെ പടയാളികളെ ഇല്ലായ്മ ചെയ്യുന്നതിനായി പ്രയോഗിച്ചു (ബ്ലീച്ചിങ് പൗഡറിൽ കീടാണുക്കളെ കൊല്ലാനാണ് ക്ലോറിൻ ചേർക്കുന്നത്.). കാറ്റിനനുകൂ

www.malankaralibrary.com

ലമായി 168 ടൺ ക്ലോറിൻ വാതകം തുറന്നുവിട്ടു. അതിർത്തിയിൽ ഫ്രാൻസിന്റെ പട്ടാളക്കാർ മരിച്ചുവീണു, പക്ഷികൾ ചത്തുമലച്ചു, പുല്ലുകളുടെ നിറം മങ്ങി വെളുത്തു. ക്ലോറിൻ വാതകത്തിന്റെ നശീകരണശേഷി. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനം 1918 നവംബർ 11ന് പുറത്തുവന്ന കണക്കിൽ ഒരു ലക്ഷം ആൾക്കാർ ഈ വാതകം ശ്വസിച്ചു മരിച്ചതായാണ് റിപ്പോർട്ട്. ഇതേ വാതകമാണ് അപ്പുണ്ണി ക്ലോറിൻ ആണോ അല്ലയോ എന്ന് അറിയുന്നതിന് മണപ്പിച്ചു നോക്കിയത്.

അല്പം ദൂരത്തായാലും ഏതേലും ഒരു സ്ഥലത്ത് പോകണമെന്നുണ്ടെങ്കിൽ നടക്കുകതന്നെ. എന്നാൽ ശക്തമായ കാറ്റ് എപ്പോഴാണ് വീശുക എന്നതിന് യാതൊരു സൂചനയും ഉണ്ടാകാറില്ല. ആരെങ്കിലും ഒരു കൈ മണ്ണ് കണ്ണിലേക്കു വാരിയിട്ടാലുണ്ടാകുന്ന (പൂഴിക്കടകൻ!) അനുഭവം, ശക്തമായ പൊടിക്കാറ്റിനാൽ അപ്പുണ്ണിക്ക് ഉണ്ടായിട്ടുണ്ട്. കാറ്റ് ചുറ്റിയടിക്കുന്ന കൂട്ടത്തിൽ പൊടിപടലങ്ങൾ പറന്നുയരും. വൻമല നീങ്ങിവരുന്നതും കാറ്റിന്റെ കാഠിന്യത്താൽ മണ്ണുൾപ്പെടെ അത് തുറന്നിട്ടിരിക്കുന്ന കെട്ടിടങ്ങളുടെ ഏതു ഭാഗത്തേക്കും അടിച്ചുകേറുന്നതും അപ്പുണ്ണി കണ്ടിട്ടുണ്ട്. മനാമയിലെ ടെലഫോൺ ടവറിന്റെ അടുത്ത് ഇത് വളരെ ശക്തമായ് സംഭവിക്കുന്നത് ഒരു ദിനം കണ്ടതാണ് വളരെ തുറസായ സ്ഥലത്താണ് ടവർ നിലകൊള്ളുന്നത് എന്നതുതന്നെയാകണം ഇതിന്റെ കാരണം. അതുപോലെയുള്ള ഒരു സ്ഥലമാണ് ഗുദേബിയ ഗാർഡന് സമീപമുള്ള ആറു നിലകളുള്ള ഒരു ഒഴിഞ്ഞകെട്ടിടം നിൽക്കുന്ന സ്ഥലം (ഭൂത് ബംഗ്ലാവ്! എന്ന് ആൾക്കാർ വിളിക്കുന്ന കെട്ടിടം.). കാറ്റിന്റെ ശക്തമായ സ്വാധീനം ഈ കെട്ടിടത്തിൽ ഉള്ളതിനാലാകാം ഇതിന് ആ പേര് നാട്ടുകാരിട്ടത്. കാറ്റിന്റെ കയറിയിറക്കം കൊണ്ട് അവിടവിടെയായി ജനാലകളും അടുക്കള സാധനങ്ങളും അനങ്ങി ശബ്ദമുണ്ടാകാൻ സാധ്യത ഉണ്ട്. ഇറാക്കിന്റെ കുവൈത്ത് പിടിച്ചടക്കൽ സമയത്ത് അമേരിക്കൻ പട്ടാളം ഈ ഭൂത ബംഗ്ലാവിലാണ് താമസിച്ചത്. അവർക്ക് ഭൂതങ്ങളുടെ ശല്യമുണ്ടായതായി ആരും റിപ്പോർട്ട് ചെയ്തില്ല. എല്ലാം മനുഷ്യന്റെ മിദ്ധ്യാധാരണ.

അപ്പുണ്ണിയും ഭാര്യയും സ്വന്തം കാറിൽ സെൻട്രൽ മാർക്കറ്റിൽ പോയതിനുശേഷം തിരികെ വീട്ടിലേക്കുള്ള യാത്രയിലാണ്. മാർക്കറ്റിൽ പോയി ഒരാഴ്ചത്തേക്കുള്ള മീനും മറ്റ് സാധനങ്ങളും വാങ്ങിയുള്ള വരവാണ്. ബഹറിനിലെ മത്സ്യചന്തയും പച്ചക്കറിചന്തയും ഇറച്ചിക്കടകളും എല്ലാം ഉള്ളത് ഇവിടെയാണ്. വലിയ മത്സ്യങ്ങൾ വാങ്ങിയാൽ വെട്ടിത്തരാനുള്ള സൗകര്യവും ഉണ്ട്. ഇവിടെ ഈ സെൻട്രൽ മാർക്കറ്റിലെ ഏതു ഭാഗത്തും കോഴിക്കോട്ടുനിന്നും എത്തിയ സഹോദരങ്ങളാണ് കച്ചവടക്കാർ. അപ്പുണ്ണി നേരത്തെ ജോലിചെയ്തിരുന്ന **അബ്ദുൾ അസീസ് അൽ അലി** എന്ന പച്ചക്കറി ഇറക്കുമതി



www.malankaralibrary.com

സ്ഥാപനം ഇവിടെയാണ്. ചേട്ടത്തിയും ചേട്ടന്റെ കുഞ്ഞും ഉൾപ്പെടെ ഒരു ദിവസം ഇവിടെ വന്നപ്പോൾ കുഞ്ഞിന്റെ കാലിൽ കിടക്കുന്ന വെള്ളിത്തള ഒരു അറബി ഊരാൻ ശ്രമിച്ചത് അപ്പുണ്ണി കയ്യോടെ പിടിച്ചത് പലപ്പോഴും ഓർത്തുപോകുന്ന ഒരു സംഭവമാണ്. വെള്ളി അറബികൾക്ക് സ്വർണ്ണത്തേക്കാളും താത്പര്യമുള്ള സംഗതിയാണെന്ന് അപ്പുണ്ണിക്ക് അന്നു മനസ്സിലായി (അറബിയെ ഒറ്റ നോട്ടത്തിൽ അപ്പുണ്ണി കള്ളനാക്കി.. അവൻ പിന്നീടവിടെ നിൽക്കാതെ ആൾക്കൂട്ടത്തിൽ എവിടെയോ നടന്നു മറഞ്ഞു.).

സൽമാനിയ ജനറൽ ആശുപത്രിയുടെ വടക്കുവശം. സഞ്ചരിക്കുന്ന കാറിന്റെ മുൻ ഭാഗത്തിന് ഒരു ചാഞ്ചാട്ടം ഇല്ലയോ എന്ന് അപ്പുണ്ണിക്ക് തോന്നിത്തുടങ്ങി, ഒരു കുഴച്ചിൽ.. നേരെ പോയാൽ മദർകെയർ സെന്ററിൽ ചെന്നു കേറാം. അങ്ങോട്ട് പോകണ്ടാ.. കാറിന്റെ പോക്ക് ശരിയല്ലെന്ന് ബോധ്യപ്പെട്ടതോടെ വാഹനത്തിന്റെ വേഗത കുറച്ചു. വലത്തേക്ക് വണ്ടി തിരിച്ച സമയത്തുതന്നെ അതു സംഭവിച്ചു

"ഠോ..!" ഭയങ്കര ശബ്ദം കാറിന്റെ മുൻഭാഗത്തുനിന്നും ഉയർന്നു. വണ്ടി നിയന്ത്രണം വിട്ട് വലതുവശത്തേക്കു ചരിഞ്ഞു നിരങ്ങിനിന്നു. ഇരുവരും കാറിൽനിന്നും ഇറങ്ങി. വാഹനം പരിശോധിച്ചു. മുന്നിൽ വലതുവശത്തെ ടയർ പൊട്ടിപ്പോയിരിക്കുന്നു! പിന്നാലെ വരുന്ന വാഹനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാക്കാതെ റോഡിൽനിന്നും വലതുവശത്തേക്ക് (വലതുവശം ചേർന്നാണ് ഇവിടുത്തെ ഡ്രൈവിങ്ങ്.) കാർ അല്പംകൂടി മിനി തള്ളി നീക്കി. വശം ഒഴിച്ചിട്ടു. ഭാഗ്യം ഡിക്കിയിലുള്ള സ്റ്റെപ്പിനിയിൽ കാറ്റുണ്ട്. മുന്നിലെ ടയർ പൊട്ടിപ്പോയത് മാറ്റിയിടണം. സ്റ്റെപ്പിനി ടയർ എടുത്ത് വെളിയിലിട്ടു. ജാക്കി വച്ച് വാഹനമുയർത്തി. ടയർ മാറ്റിയിട്ടു.

വാഹനത്തിന് വേഗത തീരെ കുറവായതിനാൽ ഇരുവരും രക്ഷപ്പെട്ടു. കുറഞ്ഞ വേഗത്തിലായിരിക്കുമല്ലോ പിന്നാലെ വന്ന വാഹനങ്ങളും വന്നിരുന്നത്. അല്ലെങ്കിൽ പിന്നിലെ വാഹനങ്ങൾ മുന്നിലേക്ക് ഇടിച്ചു കേറാനും സാധ്യത കാണില്ലേ..?

പൊട്ടിയ ടയർ മാറ്റിയിട്ട് ഇരുവരും യാത്ര തുടർന്നു. വീട്ടിലെത്തിയ ശേഷം ആദ്യം ചെയ്തത് നാലു ടയറുകളും മാറ്റി പുതിയവ ഉറപ്പിക്കാനുള്ള നടപടിയാണ്.

ഗൾഫിലെ യാത്രയ്ക്കിടെ ഉണ്ടാകുന്ന ഇത്തരം ടയർ പൊട്ടിയുള്ള അപകടങ്ങളിൽ ധാരാളം കുടുംബങ്ങൾ ഇല്ലാതായിട്ടുണ്ടത്രെ. പല കുടുംബങ്ങളും അനാഥമായിട്ടുള്ളതും ഇങ്ങനെയാണെന്ന ഞെട്ടിക്കുന്ന വിവരം പലരിൽനിന്നും അറിഞ്ഞു. കാറിനുണ്ടായ ചെറിയ പിടച്ചിൽ അപ്പുണ്ണിക്ക് മനസ്സിലാക്കാൻ സാധിച്ചത് മഹാഭാഗ്യം.. ഈശ്വരകൃപ. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മനസ്സിലേക്ക് വരുന്ന ഒരു സംഭവമാണ് ബഹറിനിൽ മാജിക്ക് കാണിക്കുന്നതിനായിട്ടെത്തിയ ഗോപിനാഥ് മുതുകാടിന് സംഭവിച്ച അപകടം. 1998 നവംബർ 16നാണ് അദ്ദേഹത്തിന്റെ **ഗ്രേറ്റ് ഫയർ എസ്കേപ്പ്** എന്ന പുതിയ ഐറ്റം ഉൾപ്പെടെയുള്ള മാജിക്കുകൾ പ്രദർശിപ്പിക്കുന്ന പരിപാടി ബഹറിനിലെ സൽമാൻ കോസ്‌വേയിൽ അവതരിപ്പിച്ചത്. നാലായിരത്തി അഞ്ഞൂറിൽ അധികം കാണികൾ തിങ്ങിനിറഞ്ഞ

www.malankaralibrary.com

സ്ഥലത്ത് കയ്യും കാലും ശരീരവും സഹായികൾ ചങ്ങലകളാൽ ബന്ധിച്ച് അദ്ദേഹത്തെ 40 അടി ഉയരത്തിൽ ഒരു വലിയ ക്രെയിനിന്റെ സഹായത്തോടെ തല കീഴായി വലിയ ഒരു കൂന വൈക്കോലിലേക്ക് താഴ്ത്തി വിട്ടു. തുടർന്ന് സഹായികൾ വൈക്കോലിലേക്ക് ഇന്ധനം ഒഴിച്ച് തീ കൊടുത്തു, തീ ആളിക്കത്തി. ഏതൊരു മാജിക്കിനും കാണികൾ ശ്രദ്ധിക്കാത്ത ഒരു സമയ ബാലൻസിങ്ങ് ഉണ്ട്. കിട്ടുന്ന സമയത്തിനുള്ളിൽ ട്രിക്ക് വേഗത്തിൽ ചെയ്യുക എന്നതാണത്. ഇവിടെ ചങ്ങലക്കെട്ടുകൾ അഴിഞ്ഞ് അദ്ദേഹം സ്വതന്ത്രനായെങ്കിലും കണക്കുകൂട്ടിയ സമയത്തിനു മുമ്പേ തീ ആളിക്കത്തിയതോടെ മുതുകാടിന്റെ ശരിരത്തേക്കും തീ ആളിപ്പിടിച്ചു. കൂടിനിന്ന സഹായികളും കാണികളും അദ്ദേഹത്തെ അമേരിക്കൻ മിഷൻ ആശുപത്രിയിലേക്ക് ആമ്പുലൻസിൽ വേഗം എത്തിച്ചതിനാൽ ആള് രക്ഷപ്പെട്ടു എന്നു പറയാം. കിടക്കയിൽക്കിടന്ന് അദ്ദേഹം സംഭവിച്ചതും സംഭവിക്കേണ്ടതും പറഞ്ഞു. ഇന്ത്യയിൽ ഈ മാജിക്കിന് മണ്ണെണ്ണയാണ് കൂനയിലേക്ക് തളിച്ചൊഴിക്കുന്നത്. ഗൾഫിൽ അതില്ലാത്തതിനാൽ കിട്ടിയ പെട്രോൾ ഉപയോഗിച്ചു. അല്പം നനഞ്ഞ വൈക്കോൽ കൂനയിലേക്കാണ് ചങ്ങലയാൽ ബന്ധിക്കപ്പെട്ട് തല കീഴായി കെട്ടിയിറക്കേണ്ടത്. ഇവിടെ വൈക്കോൽ ലഭ്യമല്ലാത്തതിനാൽ കുതിരയ്ക്കു കൊടുക്കുന്ന ഉണക്കപ്പുല്ലേ തരപ്പെട്ടുള്ളു. **പുല്ലെങ്കിൽ പുല്ല്** എന്ന കാര്യേണ പുല്ലിൽ തല കീഴായി ഇറങ്ങാൻ തീരുമാനിച്ചു. സഹായികൾ പെട്രോൾ ഒഴിച്ചു തീ കൊളുത്തി. കടൽക്കാറ്റ് തീയിലേക്ക് ആഞ്ഞു വീശിയപ്പോൾ എല്ലാം ശരിയായി എന്നേ പറയേണ്ടൂ. എന്തായാലും രണ്ടാഴ്ചത്തെ വിശ്രമത്തിനും ചികിത്സയ്ക്കും ശേഷം ബാക്കി പരിപാടികൾ നടത്തി മുതുകാടദ്ദേഹം സ്പോൺസർമാരുടെ പ്രശ്നം പരിഹരിച്ചു എന്നു പറയാം.

ബഹറിനിലെ മലയാളി മുതലാളിയായ വർഗീസ് കുര്യന്റെ **അൽ നമൽ** കമ്പനിയുടെ ഒരു നിർമ്മാണ ജോലി ഉമൽ ഹസം എന്ന സ്ഥലത്ത് നടക്കുന്നു. ഷോപ്പിന്റെ ഷട്ടർ പിടിപ്പിക്കുന്ന തൊഴിലാളികൾ ഉയരം ലഭിക്കുന്നതിന് ഉപയോഗിച്ചത് അടുത്തു കിടന്ന ഒഴിഞ്ഞ വലിയ വീപ്പയാണ്. വെൽഡിങ്ങ് തുടങ്ങി, അതു ചെയ്യുമ്പോഴുണ്ടായ തീപ്പൊരി വീപ്പയ്ക്കുള്ളിലേക്ക് വീഴേണ്ട താമസം.. വീപ്പ പൊട്ടിത്തെറിച്ചു, വീപ്പയുടെ മുകളിൽ നിന്നിരുന്ന രണ്ടു തൊഴിലാളികൾ അന്നേരം മരിച്ചുവീണു. തിന്നറിന്റെ ഒഴിഞ്ഞ വീപ്പയാണ് പൊക്ക സഹായിയായി തൊഴിലാളികൾ ഉപയോഗിച്ചത്. ഒരു ബോംബ് പൊട്ടുന്ന ശബ്ദത്തോടെ വീപ്പ പൊങ്ങി പൊട്ടിത്തെറിച്ചു. പരിസരത്തു നിന്ന ഏതാനും ആൾക്കാർക്കും പരിക്കുപറ്റി. മരിച്ചുപോയവർക്ക് ഇൻഷ്വറൻസ് തുകയും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചു. നാട്ടിലെ ആശ്രിതർക്ക് കമ്പനിയിൽ ജോലി കൊടുക്കുകയും ചെയ്തു. അശ്രദ്ധകൊണ്ടുണ്ടായ അപകടം.



ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ പരിഹരിക്കപ്പെടുമായിരുന്ന സംഭവമാണ് ലോകം മുഴുവൻ ശ്രദ്ധ ആകർഷിക്കപ്പെട്ട ഇന്ത്യൻ എയർ ലൈൻസ് വിമാനം നേപ്പാളിൽനിന്നും അഫ്ഗാനിസ്ഥാനിലെ

www.malankaralibrary.com

കണ്ഡഹാറിലേക്ക് തട്ടിക്കൊണ്ടുപോയതും തീവ്രവാദികളെ കാശ്മീർ ജയിലിൽനിന്നും മോചിപ്പിച്ച് കൊണ്ടുക്കൊടുക്കേണ്ടി വന്നതും.

നേപ്പാളിലെ ത്രിഭുവൻ രാജ്യാന്തര വിമാനത്താവളത്തിൽനിന്നും 1999 ഡിസംമ്പർ 24 വെള്ളിയാഴ്ച പകൽ 4.40ന് ഇന്ത്യയുടെ തലസ്ഥാനമായ ന്യൂഡൽഹിയിലേക്ക് പറന്ന വിമാനത്തെ അഞ്ച് പാക്ക് തീവ്രവാദികൾ തട്ടിയെടുത്തു. പാകിസ്ഥാനിലേക്ക് പറക്കേണ്ടിവന്ന വിമാനത്തിന്റെ പൈലറ്റ് ഷരൺ അവിടെ ഇറങ്ങുന്നതിനായി സമ്മതം ആവശ്യപ്പെട്ടെങ്കിലും അവരുടെ സമ്മതം കിട്ടാഞ്ഞതിനാൽ ഇന്ത്യയിലെ അമൃത്സറിൽ ഇറക്കി. സംശയം തോന്നിയ തീവ്രവാദികൾ വിമാനം തകർക്കുമെന്നു മുഴക്കിയ ഭീഷണിയിൽ വേഗംതന്നെ വീണ്ടും പാകിസ്ഥാനിലേക്ക്. ഇന്ധനം തീർന്ന് വിമാനം തകരും എന്ന നിലയിലായപ്പോൾ പാക്കിസ്ഥാനിലെ ലാഹോറിൽ വാഹനം ഇറക്കി. അവിടെനിന്നും വീണ്ടും ഉയർന്ന് ദുബായിലേക്ക്. തീവ്രവാദികളുമായുള്ള യാത്രക്കാരായ ചില ആൾക്കാരുടെ ഏറ്റുമുട്ടലിൽ ഒരാൾക്ക് ജീവൻ നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ പേര് രൂപിൻ കത്യാൾ. ദുബായ് വിമാനത്താവളത്തിൽ 27 പേരെ മോചിപ്പിച്ചു. ഒപ്പം കത്യാളിന്റെ മൃതശരീരവും. വിമാനം നേരെ പോയത് അഫ്ഗാന്സ്ഥാനിലെ കണ്ഡഹാറിലേക്ക് അവിടെ താലിബാൻ പോരാളികളുടെ തണലിൽ 8 ദിവസങ്ങൾ നീണ്ടു നടന്ന ചർച്ചയിൽ ഇന്ത്യയ്ക്ക് തീവ്രവാദികളുടെ ആവശ്യങ്ങൾക്ക് വഴങ്ങേണ്ടിവന്നു. വിമാനത്തിനു ചുറ്റും ഇന്ത്യൻ മിലിറ്ററിയുടെ ആക്രമണം ചെറുക്കാൻ താലിബാൻ പാറ്റൺ ടാങ്കുകൾ വരെ നിരത്തി കാത്തിരുന്നു. തീവ്രവാദികളുമായുള്ള ചർച്ചകളിൽ മിലിറ്ററി ആൾക്കാരും അജിത് ഡോവലും ഉൾപ്പെടുന്നു. 27ന് ഇന്ത്യൻ സർക്കാർ തീവ്രവാദികളുമായുള്ള നീക്കുപോക്കിൻപ്രകാരം (ബാജ്പേയ് സർക്കാർ, ആഭ്യന്തരമന്ത്രി എൽ.കെ.അധ്വാനി) വിദേശകാര്യമന്ത്രി ജസ്വന്ത് സിംഗിന്റെ നേതൃത്വത്തിൽ മറ്റൊരു വിമാനത്തിൽ കൊണ്ടുപോയ മൂന്നു തീവ്രവാദികളെ വിമാന റാഞ്ചികൾക്ക് കൈമാറി. അവർക്ക് അഫ്ഗാൻ മണ്ണിൽ സുരക്ഷാവഴി തയ്യാറാക്കിയതിനെത്തുടർന്ന് തീവ്രവാദികളും വിമാന റാഞ്ചികളും പാകിസ്ഥാനിലേക്ക് സൗകര്യപൂർവ്വം യാത്രയാവുകയുംചെയ്തു. വിമാനയാത്രക്കാർ സുരക്ഷിതരായി ഇന്ത്യയിൽ എത്തിച്ചേർന്നു.

പൈലറ്റ് അതിവിദഗ്ധമായി അമൃത്സറിൽ വിമാനം ഇറക്കിയപ്പോൾ വിമാനത്തിന്റെ തുടർ യാത്രയ്ക്ക് തടസ്സം ഉണ്ടാക്കിയിരുന്നെങ്കിൽ സംഭവം മറ്റൊന്നാ tbs\ F¶ vl ym]ä³ ]r¶ cSv] {X¡ n¤cnSvh n¤ cr¨ p `cണാധികാരികൾ ചെയ്യേണ്ടകാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാത്തതിലുള്ള പരിഭവം അദ്ദേഹം അറിയിച്ചു അത്രമാത്രം.

www.malankaralibrary.com



# 16. അമ്മാവന്റെ സ്വത്തും അനുജന്റെ പണിയും

ഗൾഫിലെ ജോലിക്കാരൻ നാട്ടിൽ പോകണമെന്നുമെന്നുണ്ടെങ്കിൽ ഒന്നുകിൽ എമർജൻസി പോക്ക് അല്ലെങ്കിൽ രണ്ടു വർഷത്തിലൊരിക്കൽ കമ്പനി ടിക്കറ്റിൽ, അല്ലെങ്കിൽ അറബി ഗെറ്റൗട്ട്..! അടിക്കണം, മറ്റൊന്ന് സ്വയം ഒഴിഞ്ഞുപോകൽ ആകണം അതും അല്ലെങ്കിൽ കൂട്ടുകാർ പെട്ടിയിലാക്കി കയറ്റി അയയ്ക്കണം. അപ്പുണ്ണിയുടെ കൂട്ടുകാരൻ ഗോവിന്ദൻ ബഹറിനിൽ പണിചെയ്തു ജീവിക്കുന്നു, അവൻ മാവേലിക്കര സ്വദേശി കുന്നത്തുകാരൻ. ഇടയ്ക്കിടെ അപ്പുണ്ണിയെ ഓഫീസ് ഫോണിൽ വിളിക്കും (മൊബൈൽ ആയിട്ടില്ല.). കാര്യങ്ങൾ.. അത് സ്വന്തക്കാര്യം, ബന്ധുക്കാര്യം, വീട്ടുകാര്യം, എല്ലാം ഫോണിന്റെ ഇങ്ങേ തലയിൽനിന്നും മറു തലയിലേക്കും മറുതലയിൽനിന്നും ഇങ്ങേ തലയിലേക്കും ഒഴുക്കും. പഴയ മിലിറ്ററിയായ ഗോവിന്ദന്റെ പിതാശ്രീയുടെ പക്കൽ പൂത്തപണം ഉണ്ട്. പക്ഷേ!, അറുത്തകൈക്ക് ഉപ്പുതേക്കാത്തവൻ എന്ന് നാട്ടിൽ പറയുംപോലെയാണ് കാര്യങ്ങൾ. കട്ടിക്കിടിച്ചാൽ കാൽപണം ഇറക്കില്ല. നെഞ്ചു കഴിഞ്ഞ് പുക്കിൾക്കുഴി വരെ നീണ്ടു കിടക്കുന്ന മാലയും (അഞ്ചുപവൻ) കൂടാതെ മറ്റൊരു സ്വർണ്ണ രുദ്രാക്ഷമാലയും പഞ്ചരത്നക്കല്ലുകൾ (ആട്ടുകല്ലും അരകല്ലും അല്ല.) പതിച്ചതും പതിപ്പിക്കാത്തതുമായ മോതിരങ്ങളും കൊണ്ട് അലങ്കരിച്ച കൈ വിരലുകളും കണ്ടാൽ ഓ ചന്തുമേനോന്റെ ഇന്ദുലേഖ നോവലിലെ സൂരി നമ്പൂതിരിപ്പാടിനെ കവച്ചുവയ്ക്കുന്നവനെന്ന് ഒറ്റവാക്കിൽ. ഗമാൽറ്റിക്ക് യാതൊരു കുറവുമില്ല. ഗോവിന്ദനെ കൂടാതെ നാല് പുത്രൻമാരും രണ്ട് പുത്രിമാരും വേറെയുണ്ട്. എല്ലാവരും കട്ടയ്ക്കുകട്ട സമ്പന്നർ!

അപ്പുണ്ണി നാട്ടിലെത്തുമ്പോൾ കൂട്ടുകാരന്റെ ഗൾഫ് വിശേഷം പിതാശ്രീയെ അറിയിക്കുന്നതിനായി കുന്നത്തേക്ക് കുപ്പിയുമായി പോകും. അപ്പുണ്ണിയുടെ തലവട്ടം കണ്ടാൽ ഉടനെ ഇറാക്കിൽ പോയി വെടിവച്ചതും തുർക്കിയിൽ മുറുക്കിയതും പാകിസ്ഥാന്റെ അതിർത്തിയിൽ വെടിവച്ചിട്ട് തിരികെ പോന്നതും എന്നുവേണ്ട ഈ അണ്ടകടാഹം ചുറ്റിക്കറങ്ങിയ കഥകളോരോന്നും അയവിറക്കും. നിർദ്ദോഷിയായ അപ്പുണ്ണി തലയാട്ടി ഇടയ്ക്കിടെ ഗംഭീരം (ഭീകരം!) എന്ന മട്ടിൽ മുഖം വക്രിച്ച് അമ്മാവനെ കൂടുതൽ ഊർജ്ജസ്വലനാക്കും. പാവം ആരോ

www.malankaralibrary.com

ടെങ്കിലും പറഞ്ഞ് തീർക്കട്ടെ.. (വേഗം തീരട്ട്..). ഇപ്പോൾ ആള് പല്ലുകൊഴിഞ്ഞ സിംഹത്തെപ്പോലെ ഗോവിന്ദന്റെ വീട്ടിൽ കഴിയുന്നു. ഒന്നു രണ്ടു വട്ടം കൊണ്ടു പോകാൻ പോത്തിന്റെ പുറത്ത് കാലനദ്ദേഹം വന്നതാണ്. □ഇപ്പോ.. വരുന്നില്ല..□ എന്നുള്ള കട്ടായത്തിൽ വിട്ടുവീഴ്ച വരുത്തി അദ്ദേഹം തിരികെ പോയി. അച്ഛൻ സെഞ്ചുറി അടിക്കുമെന്ന് ഗോവിന്ദന് ഉറപ്പ് (റൺ ഔട്ട് ആയില്ലെങ്കിൽ..!).

എന്തെങ്കിലും സംഭവിക്കുമെന്ന് മക്കൾക്കോ മരുമക്കൾക്കോ ഉൾവിളി ഉണ്ടായാൽ ഉടൻ അടുത്തു താമസിക്കുന്ന തത്പരകക്ഷികൾ ശബ്ദമുണ്ടാക്കാതെ വീട്ടിലേക്കോടിയെത്തും. അമ്മാവന്റെ ദേഹത്ത് അവിടവിടെയായി ഫിറ്റു ചെയ്തിരിക്കുന്ന ആടയാഭരണങ്ങളിൽ (നെറ്റിപ്പട്ടത്തിൽ) ഓരോരുത്തരും ഉന്നംവയ്ക്കും. മാലയും രുദ്രാക്ഷവും മോതിരവും അരഞ്ഞാണവും (കാണുമായിരിക്കും!) നോട്ടമിട്ട് ബന്ധുജനങ്ങൾ വട്ടമിടും. എന്തായാലും ഒരു കാര്യം അപ്പുണ്ണിക്ക് അറിയാം. സമ്പാദിച്ചു കൂട്ടിയവൻ മരിക്കുമ്പോൾ കൂടെ ഒന്നും കൊണ്ടുപോകില്ല. മഹാനായ അലക്സാണ്ടറദ്ദേഹം മരിക്കുന്ന മുമ്പേ ഇങ്ങനെ പറഞ്ഞിരുന്നു: "എന്നെ ശവപ്പെട്ടിയിൽ കിടത്തുമ്പോൾ കൈകൾ പെട്ടിക്ക് വെളിയിലേക്ക് ഇടത്തക്കവണ്ണം കിടത്തുക. എല്ലാവരും എന്റെ തുറന്ന കൈകൾ കാണട്ടെ.. ഞാൻ, കൂടെ ഒന്നും കൊണ്ടുപോകുന്നില്ലെന്ന് ജനം അറിയട്ടെ.." അതങ്ങനെ തന്നെ സംഭവിച്ചു. ഒന്നും എടുക്കാതെ അദ്ദേഹവും വെറും കയ്യോടെ കടന്നുപോയി.

അപ്പുണ്ണിയുടെ ദൃഷ്ടിയിൽ, മരിക്കാറായ അമ്മാവനെ പോലെയുള്ള സമ്പാദ്യശീലർക്ക് എന്തേലും സംഭവിക്കുമെന്ന് ചുറ്റുമുള്ള ബന്ധുജനങ്ങൾക്കു തോന്നിയാൽ അദ്ദേഹത്തിന്റെ ദേഹത്തുള്ളവ അഴിച്ചെടുക്കാൻ (അടിച്ചെടുക്കാൻ!) തലമുറകൾ കാണിക്കുന്ന ഉത്സാഹം എടുത്ത് പറയേണ്ടതാണ്. ആയുസ്സെത്തിയെന്ന് ആരേലും മനസ്സിലാക്കിയാൽ (അമ്മാവന് അതു മനസ്സിലാകില്ല!) ഓരോരുത്തരും നോട്ടമിട്ടതുപോലെ എല്ലാം അഴിച്ചെടുത്ത് അവിടവിടെയായിതാക്കും. കണ്ടുനിൽക്കുന്നവർക്കും ആരോടും പറയാതിരിക്കാൻ ഒരു വിഹിതം കൊടുത്ത് വായടപ്പിച്ച ശേഷമേ അലർച്ച തുടങ്ങൂ..

"എന്റച്ഛൻ പോയേ.., എന്റെ വല്യച്ഛൻ ഇട്ടേച്ചുപോയേ.. എന്നെ ഇനി ആരാണോ.. എനിക്കിനി ആരാണോ.." എന്നിങ്ങനെയുള്ള സ്ഥിരം പല്ലവിയും അനുപല്ലവിയും റിവൈൻഡ് ചെയ്ത് ഇടുകയുള്ളു. അല്ലെങ്കിൽ അവകാശികൾ കൂടാൻ സാധ്യത വളരെയധികമാണ്.. കിട്ടേണ്ടതിൽ പങ്ക് വീണ്ടും കുറയും. സഹിച്ചും സഹായിച്ചും നിന്ന മകനും മരുമകൾക്കും കുറ്റവും ശിക്ഷയും ഒട്ടും കുറയാതെ കിട്ടുകയും ചെയ്യും. അത്രയെങ്കിലും കിട്ടിയല്ലോ എന്ന സമാധാനത്തോടെ അവർ ഒതുങ്ങും.

സ്വന്തം ഉയർച്ചയ്ക്കും കുടുംബത്തിന്റെ വളർച്ചയ്ക്കുമായി അറബിനാട്ടിൽ പോയവനാണ് ചെങ്ങന്നൂർകാരൻ ജോണി. സ്വന്തമായിട്ടുള്ളത് സാധിച്ചില്ലെങ്കിലും കുടുംബത്തിൽ വലിയ വീടുവച്ചു, സഹോദരിമാർക്ക് കുടുംബജീവിതം സാധിപ്പിച്ചു. അനുജന്മാർക്ക് സഹായിയായി, പണിയായി. തീരാവേദന ശരീരത്തിന് താങ്ങാൻ പറ്റാതായപ്പോൾ നാട്ടിലേക്ക് ജോണി മടങ്ങി. കാലക്രമേണ സഹായം പറ്റിയവരുടെ മനോനിലയ്ക്ക് മാറ്റമുണ്ടായി. കയ്യിലുണ്ടായിരുന്ന പണമ

www.malankaralibrary.com

ത്രയും രോഗത്തിനായി ചെലവഴിച്ചു. കാശില്ലാത്ത ജോണി വീട്ടുകാർക്ക് മോശക്കാരനായി ബാധ്യതയായി, ശല്യമായി. ഒരു പ്രഭാതത്തിൽ ജോണി അടുത്ത കശുമാവിൻ കൊമ്പിൽ തൂങ്ങി നിൽക്കുന്നത് അയലത്തുകാരൻ തോമസ് കണ്ടു.

തൂങ്ങിനിൽക്കുന്ന ജോണിയുടെ ശരീരം കണ്ട് തോമസ് വീട്ടുകാരെ വിളിച്ചു: "എടീ ദാണ്ടടീ ജോണി..."

തോമാച്ചേട്ടൻ വാക്കു മുഴുമിപ്പിക്കുന്നതിനു മുന്നേ കപ്പത്തറയിൽ നിന്നും ബന്ധു ജനങ്ങളുടെ നിലവിളി ഉയർന്നു.. "എന്റെ ജോണിച്ചായൻ തൂങ്ങിച്ചത്തേ..."

"ഛെടാ.. ഇതെന്തൊരു കൂത്ത്.. നീയൊക്കെ ജോണി തൂങ്ങിച്ചത്തത് കണ്ടില്ലല്ലോ.. പിന്നെങ്ങനെ തൂങ്ങിച്ചത്തെന്നു നിലവിളിക്കുന്നു..?" തോമാച്ചന്റെ ചോദ്യത്തിനു മുമ്പിൽ വീട്ടുകാർ നിശബ്ദരായി!

ഇടിവണ്ടിയിൽനിന്നും പോലീസുകാർ ഇറങ്ങി. "തൂങ്ങിച്ചത്തവന്റെ ചെരുപ്പല്ലല്ലോടാ കശുമാവിന്റെ ചുവട്ടിൽ കിടക്കുന്നത്..?, ഇതു കശുമാവിൽ കയറു കെട്ടാൻ കേറിയവന്റേത് ആണല്ലോടാ.." ഏമാൻ തുടർന്നു "എടാ.. നിന്റെയൊക്കെ വേല പോലീസിനോട് വേണ്ട.. കയറ് കെട്ടിയവൻ തന്നെ കേറി അഴിക്കെടാ.."

മുകളിൽനിന്നും വലിയ ഏമാന്റെ വിളി വന്നതോടെ ജോണിയുടെ മരണം അത്മഹത്യയായി മാറി. പാവം. ജോണി എന്ന അറബിത്തൊഴിലാളിയുടെ ജീവിതം ബന്ധുക്കൾ രണ്ടുമാറ് കയറിൽ തൂക്കി.

ഗൾഫുകാരൻ ആയാൽ അവനോട് നെറികേട് കാണിക്കുന്നതിന് ബന്ധു ജനങ്ങൾക്ക് യാതൊരു ഉളുപ്പുമില്ല., കിടപ്പാടം ശരിയാക്കാനും കല്യാണം കഴിക്കാനും ഭാവിയിലെ ഉപയോഗത്തിന് അല്പമെന്തെങ്കിലും സ്വരുക്കൂട്ടാനുമാണ് രഘുച്ചേട്ടൻ ഗൾഫിലെത്തിയത്. കഷ്ടപ്പാടോടുകൂടി പ്രായം മുമ്പോട്ട്. വിവാഹം നടന്നു. സഹോദരങ്ങൾക്ക് തന്നാൽ കഴിയുംവണ്ണം സഹായം. അതും പലതവണ.

നാട്ടിൽനിന്നും ഒരു സുപ്രഭാതത്തിൽ ഫോൺവഴി രഘുച്ചേട്ടന്റെ സഹോദരന്റെ നല്ലൊരു അറിയിപ്പ്.. "കാർത്തികപ്പള്ളി-കായംകുളം പാതവക്കിൽ കുറച്ചു വസ്തു വില്പനയ്ക്കുണ്ട്, താത്പര്യമെങ്കിൽ വാങ്ങാം. സെന്റിന് ഇരുപതിനായിരം രൂപാവച്ച് കൊടുത്താൽ വസ്തു പേരിൽ എഴുതിക്കാം.."

അല്പം കാശ് രഘുച്ചേട്ടന്റെ കൈവശമുണ്ട്. കുറെ സ്വർണം വിവാഹംകഴിച്ചവഴി ലഭിച്ചത് നാട്ടിൽ പണയപ്പെടുത്താം, കുറച്ചു തുക സഹമുറിയരോട് കടം വാങ്ങാം. എല്ലാം കൂടി എഴുത്തുകൂലി ഉൾപ്പെടെ അഞ്ചുലക്ഷം ഒക്കണം. വേലയും കൂലിയും ഇല്ലാതെ രാഷ്ട്രീയവും ൦ഢട ഉം (തെക്കു വടക്ക് സർവീസായി.) ആയി നടക്കുന്ന ഇളയ സഹോദരനോട് രഘുച്ചേട്ടൻ കാര്യങ്ങൾ സംസാരിച്ചു. "ശരി നീ പ്രമാണം എഴുതിക്കാൻ തയ്യാറായിക്കോ. ഞാൻ പണം ബാങ്കുവഴി നിന്റെ പേരിൽ ഇട്ടുതരാം.." അനുജന് പെരുത്ത സന്തോഷം. ചേട്ടന്റെ പേരിൽ വസ്തു വാങ്ങുന്നതല്ലേ..

ചേട്ടൻ, അനുജന്റെ അക്കൗണ്ടിൽ വസ്തുവിനായുള്ള പണം അയച്ചു

www.malankaralibrary.com

കൊടുത്തു. എല്ലാം റഡിമണിയായി.. രഘുച്ചേട്ടൻ മനസ്സിൽ കോട്ടകൾ കെട്ടിപ്പൊക്കി. വർഷം രണ്ടുകഴിഞ്ഞു. രഘുച്ചേട്ടന്റെ നാട്ടിലേക്കുള്ള അവസാന യാത്ര തരപ്പെട്ടു. വിസ ക്യാൻസലായി. അറബിക്കായുള്ള ഇരുപത്തഞ്ചു വർഷത്തെ സേവനത്തിന്റെ അന്ത്യകാലം. പെട്ടികൾ കെട്ടിവച്ചു, അനുജനും അനുജത്തിക്കും മക്കൾക്കും അയലത്തുകാർക്കും വരുന്നവർക്കും പോകുന്നവർക്കും എല്ലാം സമ്മാനപ്പോതികൾ കൊടുക്കത്തക്കവണ്ണം കാര്യങ്ങൾ ക്രമീകരിച്ചു. പാട്ടുപെട്ടി, സിനിമാപ്പെട്ടി, തേപ്പുപെട്ടി, അലക്കുപെട്ടി.. എന്നുവേണ്ട എല്ലാ പെട്ടികളും (ശവപ്പെട്ടി ഒഴിച്ച്.) കൂട്ടിക്കെട്ടി നാട്ടിലേക്ക്. സമ്മാനങ്ങൾ സമമായി വീതിച്ചു. പോരാത്തവർ അവകാശം പറഞ്ഞ് കയ്യിട്ടുവാരി.. സാരമില്ല. അത് അവരുടെ അവകാശമല്ലേ..?. മനസ്സിൽ ഒരേ ഒരു ആഗ്രഹം.. വാങ്ങിയ സ്ഥലത്ത് ഒരു നിരകട പണിത് സ്വസ്ഥമായി എന്തെങ്കിലും കച്ചവടം ചെയ്തു ശിഷ്ടകാലം കഴിയണം. വാങ്ങിയ സ്ഥലം കാണാൻ രഘുച്ചേട്ടൻ അവിടേയ്ക്ക് പോയി. മുള്ളുവേലി കെട്ടി ഭദ്രമാക്കിയ വസ്തു. സ്വപ്നങ്ങൾ പലതും നെയ്തുകൂട്ടിയ സുന്ദരഭൂമി! പണ്ട് മാടക്കടകളും ചായക്കടയും നിരനിരയായി നിന്നിരുന്ന ഗ്രാമഭൂമി. നേരെ അനുജന്റെ ഭവനത്തിലേക്ക് രഘുച്ചേട്ടൻ നടന്നു. ഹാർദ്ദമായ സ്വീകരണം. ചേട്ടൻ അനുജനോട് ചോദിച്ചു: “ഡാ.. വസ്തുവിന്റെ ചുറ്റിനും വേലിയിട്ട് ഗേറ്റ് ഇട്ടതു കണ്ടു. ഗേറ്റിന്റെ താക്കോലെന്തിയേ..?, ഒത്തിരി സന്തോഷം..”

അനുജന്റെ മറുചോദ്യം ഉടനുണ്ടായി, “ഹേത് താക്കോൽ..?, ഹേത് വസ്തു..?”

“അല്ല.. ഞാൻ കാശയച്ചു തന്ന് വാങ്ങിയ വസ്തുവിന്റെ..”

“ഹേത് കാശ്..? എന്തിന്റെ കാശ്..?”

“ആ മുള്ളുവേലിയിട്ട് അതിരു സംരക്ഷിച്ചിരിക്കുന്ന വസ്തുവിന്റെ.. എന്റെ പേരിൽ നീ വാങ്ങുന്നതിന് ഞാൻ പണം അയച്ചുതന്നതിന്റെ..”

“ആ മുള്ളുവേലി ഇട്ട് സംരക്ഷിച്ചിരിക്കുന്നത് എന്റെ വസ്തുവാണ്. എന്റെ പേരിൽ എന്റെ പൈസായ്ക്ക് ഞാൻ വാങ്ങിയ വസ്തു.. അതിൽ നിങ്ങൾക്കെന്ത് അവകാശം..?”

വെള്ളിടി വെട്ടിയാൽ ഇത്ര നടുങ്ങില്ല.. രഘുച്ചേട്ടൻ അനുജന്റെ വാക്കു കേട്ട് തരിച്ചുനിന്നു. “നിനക്കു ഞാൻ ഗൾഫിൽനിന്നും അയച്ചുതന്ന പണംകൊണ്ടു വാങ്ങിയ വസ്തുവിന്റെ കാര്യമാണ് ചോദിച്ചത്..”

അനുജൻ ചോദ്യം തിരിച്ചാക്കി. “ഹേത് കാശ്..?, ഹേത് വസ്തു..? എനിക്കൊന്നും അറിയില്ല..”

ഇതാണ് ഗൾഫുകാരന് ലഭിച്ച നീതി. മരുഭൂമിയിൽ അവന്റെ ചോരയും നീരും വറ്റിച്ചുനേടിയ പണത്തിന് അവകാശികൾ അവസാനം ആരാണ്..?

കോടതിയും കേസുമായി ചോദ്യങ്ങൾ നീളുന്നു; വഞ്ചന തുടരുന്നു.

ഇങ്ങനെ എത്രയെത്ര നീതികേടിന്റെ ഏടുകൾ നിറഞ്ഞതാണ് പ്രവാസിയുടെ ജീവിതം..!

www.malankaralibrary.com

അപ്പുണ്ണിയുടെ മുതുകുളത്തെ വീടിന്റെ തെക്കുവശത്തെ ഇന്ദിരാഗാന്ധി റോഡിന്റെ കിഴക്കേ അറ്റം ചെന്നുചേരുന്നത് രാമപുരം സുനിത ടാക്കീസിന്റെ മുൻപിലാണ്. സിനിമാ മാറുന്ന ദിവസമായ വെള്ളിയാഴ്ച പത്തുമണിക്കു ശേഷം എപ്പോഴെങ്കിലും കൊട്ടും മേളവും അനൗൺസ്മെന്റുമായി ചക്കച്ചിനേത്ത് മിനിലോറി തെക്കുവശത്തുകൂടി കടന്നുവരും. നോട്ടീസ് വാരിവിതറി കടന്നുപോകുന്ന വാഹനത്തിലെ സിനിമയെ സംബന്ധിച്ചുള്ള അറിയിപ്പ് ഒന്നു വേറെ തന്നെയാണ്. സിനിമാ കാണുന്നതിനുള്ള ആകാംഷ കേൾക്കുന്നവരിൽ ജനിപ്പിക്കുന്ന വായ്ത്താരി. നോട്ടീസിനായി ഓടിക്കൂടുന്ന കുട്ടികൾ ''ചേട്ടാ.. ഒരു നോട്ടീസ്..'' പറഞ്ഞുകൊണ്ട് വണ്ടിക്കു പിന്നാലെ വച്ചുപിടിക്കും. കുട്ടികളുടെ ''ചേട്ടാ..''വിളി മൈക്കിലൂടെ കേൾക്കുമ്പോൾ എന്തെന്നില്ലാത്ത ആനന്ദത്താൽ കുട്ടികൾ കൂക്കിവിളിക്കും. രാമപുരത്തെ ചന്തയ്ക്കു സമീപമുള്ള പീടികയിൽ നിന്നും ആണ് അപ്പുണ്ണി പതിവായി വായിക്കാറുള്ള പൂമ്പാറ്റയും അമർച്ചിത്രകഥകളും മറ്റും വാങ്ങുന്നത്.

അയൽ ഗ്രാമമായ (ചക്കുളങ്ങര വയലിനപ്പുറം.) രാമപുരം സ്വദേശിയായ ബഷീർ ചേട്ടനെ അപ്പുണ്ണി ഇന്ന് ഗുദേബിയ പോലീസ് സ്റ്റേഷന്റെ അടുത്തുള്ള ബസ് സ്റ്റോപ്പിൽ വച്ച് പരിചയപ്പെട്ടു. ഒരു കൺസ്ട്രക്ഷൻ കമ്പനിയുടെ സൂപ്പർവൈസർ. രണ്ടു വർഷത്തിനുമേലേയാകുന്നു ചേട്ടൻ ഇവിടെ വന്നിട്ട്. നാട്ടിൽ ഭാര്യയും വിദ്യാർത്ഥികളായുള്ള രണ്ടുമക്കളും (ഒരാണും പെണ്ണും.). ചേച്ചി ഖാദിയിൽ ലാസ്റ്റുഗ്രേഡിൽ ജോലിചെയ്യുന്നു.

ബഷീറുചേട്ടൻ തന്റെ കഥ ചുരുക്കത്തിൽ പറഞ്ഞു തുടങ്ങി.. ''ഇന്ത്യൻ നേവിയുടെ ഒരു ചെറിയ ജോലി തരപ്പെട്ടു. അവിടെ എട്ടാംവർഷം ജോലിചെയ്യുന്നതിനിടയിലാണ് ഒരു ഓഫീസറോടൊപ്പം വന്ന യെമൻ രാജ്യക്കാരിയെ പരിചയപ്പെടുന്നത്. അവരുമായുള്ള തുടർച്ചയായ സൗഹൃദം അവിടേക്കുള്ള ഒരു വിസയായി രൂപമെടുത്തു. കൊച്ചിയിലെ ജോലി രാജിവച്ച് യെമനി സ്ത്രീക്കൊപ്പം അവരുടെ നാട്ടിലേക്ക്. വിമാനത്താവളത്തിൽവച്ച് ആ സ്ത്രീ ബഷീറിനെ ഒഴിവാക്കി എങ്ങോ മറഞ്ഞു! ചേട്ടൻ വിമാനത്താവളത്തിൽ ഒറ്റപ്പെട്ടു. ദീർഘനേരത്തിനു ശേഷം മറ്റൊരു യെമനി സഹായത്തിനെത്തി., അലിമുഹമ്മദ്. അദ്ദേഹം ആഹാരവും വസ്ത്രവും പാർപ്പിടവും ചേട്ടന് വാഗ്ദാനം ചെയ്തു. അലി മുഹമ്മദിനൊപ്പം അലിയുടെ വീട്ടിലേക്ക്. അവിടെ അലിയുടെ ഭാര്യയും മൂന്നു പെൺമക്കളും. അലിയുടെ വീടുനിർമ്മാണത്തിന്റെ തിരക്കിൽ ബഷീർ ചേട്ടനേയും കൂടെക്കൂട്ടി. അലിയുടെ വീടിന്റേടുത്തുതന്നെയുള്ള ഒരു മുറി കെട്ടിടത്തിൽ ബഷീർ താമസമാക്കി. മാസങ്ങൾ നീങ്ങി. തനിക്കു ചെയ്തുതരുന്ന ജോലിക്ക് പ്രത്യുപകാരമായി അലി നാട്ടിലേക്ക് എല്ലാമാസവും പതിനായിരം രൂപവച്ച് അയയ്ക്കുന്നതായി ബഷീറിനെ അറിയിച്ചു. അലിമുഹമ്മദിന്റെ ഇളയപുത്രിയുമായി ബഷീറിന്റെ വിവാഹം നടത്തുന്നതിനുള്ള ഒരുക്കത്തിലായി അലി. കുടുംബത്തെ ഓർത്ത് എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്ന് ബഷീറിന്റെ മനസ്സിൽ ഒരു ചിന്ത രൂപപ്പെട്ടു. ബോംബയിലേക്ക് മടങ്ങുന്ന ഒരു യാത്രാക്കപ്പൽ, അതിലെ ഒരു യാത്രികനായി/പാചകക്കാരനായി പാസ്പോർട്ടോടുകൂടി ചേട്ടൻ കയറിക്കൂടി. ഭാഗ്യയും

www.malankaralibrary.com

ദൈവകാരുണ്യവും ഒന്നിച്ചപ്പോൾ ബോംബെവഴി കൊച്ചിയിൽ അടുത്തു. യമനിൽനിന്നും അങ്ങനെ കൊച്ചിയിലെത്തി. നാട്ടിലെ സുഖശീതള കാലാവസ്ഥ ആസ്വദിച്ച് രണ്ടു വർഷം തികയും മുമ്പ് ബഹറിനിലേക്ക് കെട്ടിട നിർമ്മാണ കമ്പനിയുടെ സൂപ്പർവൈസർ തസ്തികയിൽ ഒരു വിസ. ബഹറിനിൽ വന്നതിന്റെ ആറുമാസത്തിനുള്ളിൽ റഷ്യൻ കമ്പനിയുടെ ട്രയിനിയായി മോസ്കോയിലേക്ക്. മോസ്ക്കോയുടെ തണുപ്പുള്ള കാലാവസ്ഥയിൽ ആറുമാസം വോഡ്കയും വിസ്കിയും യഥേഷ്ടം കഴിച്ച് ആഘോഷിച്ചു. തിരികെ ബഹറിനിലേക്ക്. നാട്ടിൽ മകൾക്കൊപ്പം ഒരു മകനും പിറന്നു. ബഹറിനിൽ സൗദി എംബസിയുടെ പുനർനിർമ്മാണ കരാറിന്റെ പൂർത്തീകരണത്തോടെ ബഹറിനിലെ പണി തീരും. അങ്ങനെ വീണ്ടും നാട്ടിലേക്കു മടങ്ങും.

കഴിഞ്ഞ അവധിക്ക് നാട്ടിൽ പോയപ്പോഴാണ് അയലത്തുകാരനായ പീടികയിലെ സുരേന്ദ്രൻ ചേട്ടനെ അപ്പുണ്ണി വഴിവക്കിൽവച്ച് കണ്ടത്. ഗൾഫ് ജീവിതത്തിലെ സുവർണ്ണ നേട്ടങ്ങളുടെ വലിയ പ്രതീക്ഷകളും പേറിക്കൊണ്ട് അപ്പുണ്ണിയുടെ സ്കൂൾ പഠനകാലത്താണ് സുരേന്ദ്രൻ ചേട്ടൻ ഭാര്യയേയും രണ്ടു പൊടിക്കുഞ്ഞുങ്ങളേയും വിട്ടിട്ട് നാട്ടിൽനിന്നും ബോംബയിലേക്കും അവിടെനിന്നും ഒമാനിലേക്കും വണ്ടി കയറിയത്. നാട്ടിൽ അവിടവിടെയായി അക്കാലത്ത് ഉണ്ടായിരുന്ന വെൽഡിങ് ഷോപ്പുകളെ കണ്ടുള്ള പരിചയം മാത്രമേ ചേട്ടന് ഉണ്ടായിരുന്നുള്ളു. ബോംബയിൽ നിന്നും മറ്റൊരാൾകൂടി ചേട്ടനൊപ്പം കൂടെക്കൂടി പത്തനംതിട്ടക്കാരൻ ഒരു ബികോം ഡിഗ്രി പഠിച്ച പയ്യൻ! രണ്ടുപേരും ഒമാനിലേക്ക്, ഏജന്റിന് പണം കൊടുത്ത് നേടിയ വിസകൾ. ഒമാൻ വിമാനത്താവളത്തിൽ നിന്ന് ഇരുവരേയും സ്പോൺസർ അറബി പണിസ്ഥലത്തേക്ക് കൂട്ടിക്കൊണ്ട് പോയി. ഒരു വെൽഡിങ്ങ് ഷോപ്പ്. രണ്ടുപേരും വെൽഡർമാരായിട്ടാണ് എത്തിയിരിക്കുന്നത്. സ്ഥാപനത്തിൽ ജോലിചെയ്യുന്ന മലയാളിക്ക് ഒരാഴ്ചയ്ക്കുശേഷം നാട്ടിൽ പോകണം. അദ്ദേഹത്തിന്റെ ഒഴിവുകാലത്തേക്കാണ് ഇരുവരും എത്തിയിരിക്കുന്നത്. നല്ല കാര്യം! വന്നവരിൽ ഒരാൾ ഡിഗ്രി പഠിച്ചവൻ! വെൽഡിങ്ങിന്റെ എ ബി സി ഡി അറിയില്ല. ഡിഗ്രിക്ക് വെൽഡിങ്ങ് വിഷയം അല്ലല്ലോ. അടുത്ത ആൾക്ക് വെൽഡിങ്ങ് കണ്ടുള്ള പരിചയം മാത്രം. പോരേ പൂരം..

“നമുക്ക് ഒരാഴ്ച കിട്ടുമല്ലോ..? കണ്ടു പഠിക്കാം. എന്തായാലും നിന്നല്ലാ പറ്റൂ.. വന്ന ചെലവുകാശെങ്കിലും ഒക്കണ്ടേ..?” സുരേന്ദ്രൻ ചേട്ടന്റെ ആശയം കൂട്ടുകക്ഷി ശിരസാവഹിച്ചു. രണ്ടുപേരും വെൽഡിങ്ങ് കണ്ടുപഠിച്ചു. അങ്ങനെ രണ്ടുവർഷം അറബിക്കൊപ്പം വേലചെയ്തു. ഷോപ്പിലെ പണി കൂടാതെ വെളിയിലെ മറ്റു ചില പണികൾ കൂടി ചെയ്തപ്പോൾ ജീവിക്കാനുള്ളത് രണ്ടുപേർക്കും തരപ്പെട്ടു തുടങ്ങി. എന്നാൽ നല്ലകാലം നീണ്ടുനിന്നില്ല. മറ്റൊരാളുടെ പണി ചെയ്തു കൊടുത്തുകൊണ്ടിരിക്കെ കൂട്ടുകക്ഷിയെ പോലീസ് പൊക്കി. കേസായി.., ജയിലായി.., നാട്ടിലേക്ക് അദ്ദേഹത്തെ കടത്തി. സുരേന്ദ്രൻ ചേട്ടൻ സ്പോൺസർ അറബിയുടെ സ്ഥലത്തുനിന്നും ഓടി രക്ഷപെട്ട് ദൂരെയുള്ള കൂട്ടുകാരന്റെ അടുത്തേക്ക് പോയി. ചെന്നുചേർന്ന സ്ഥലത്തും ചെറിയ ചെറിയ ജോലികൾ ഏറ്റെടുത്ത് ജീവിതച്ചെലവു കാശ് കണ്ടെത്തി. ചത്തിട്ടില്ല എന്നറിയിക്കാൻ നാട്ടിലേക്ക് പോലീസ് കാണാതെ മാസത്തിലൊരിക്കൽ ഫോൺ ചെയ്തു.

www.malankaralibrary.com

പാസ്പോർട്ടും വിസയും സ്പോൺസറും ഇല്ലാതെ പതിനഞ്ചിലധികം വർഷങ്ങൾ! അവസാനം ലേബർ ഉദ്യോഗസ്ഥർ പിടിച്ചു, ജയിലിലുമായി! സർക്കാർ പ്രഖ്യാപിച്ച നാടുകടത്തലിൽ ഉൾപ്പെട്ട് ഗൾഫിനോട് സലാം പറഞ്ഞ് കഴിഞ്ഞ ആഴ്ചയിൽ നാട്ടിലെത്തി. മനുഷ്യജന്മത്തിന്റെ നല്ലകാലങ്ങൾ മരുഭൂമിയിൽ!

ഇങ്ങനെ എത്രയെത്ര ഗൾഫ് യാതന കഥകൾ..! കഷ്ടപ്പാടും നരകയാതനയും അനുഭവിച്ച് നാട്ടിലുള്ളവർ ആവശ്യപ്പെടുന്നതിലധികം പണം അയച്ച് അവരുടെ സന്തോഷം മനസ്സിൽ താലോലിച്ച് എത്രയെത്ര ദിനങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ തള്ളിനീക്കുന്നവരെത്ര..! വിസ പുതുക്കാൻ സാധിക്കാതെ (ആ വിവരം നാട്ടലറിയിക്കാതെ) 25 വർഷത്തോളം അധികാരികൾക്ക് പിടികൊടുക്കാതെ പണി ചെയ്ത് ഒരു നേരത്തെ ആഹാരത്തിനുള്ള പണം സ്വരുക്കൂട്ടുന്നവരെത്ര..?

കായംകുളം സ്വദേശിയായ മുരളിച്ചേട്ടനെ പരിചയപ്പെടുന്നത് അദ്ദഹം ഫാമിലിപ്ലാസയിൽ തന്റെ സൗദി കൂട്ടുകാരനുവേണ്ടി ഒരു മുറി ബുക്കുചെയ്യുന്നതിനായി വന്നപ്പോഴാണ്. മുരളിച്ചേട്ടൻ നേരത്തെ കുവൈത്തിൽ ഒരു കെട്ടിട നിർമ്മാണ സ്ഥാപനത്തിൽ സൂപ്പർവൈസർ ആയിരുന്നു. മുതുകുളത്തുകാരനായ ഒരു മലയാളിയെ കണ്ടപ്പോഴുള്ള സ്നേഹത്താൽ കുറെ കുവൈത്ത് സംഭവങ്ങളുടെ ചുരുളുകൾ അദ്ദേഹം നിവർത്തി. 1990 ഓഗസ്റ്റ് 1ന് മുരളിച്ചേട്ടൻ കെട്ടും കെട്ടി രണ്ടുമാസത്തെ നാട്ടിലേക്കുള്ള യാത്രയ്ക്ക് തയ്യാറായി നിൽക്കുമ്പോഴാണ് ഇറാക്കിൽനിന്നുള്ള സദ്ദാമിന്റെ ആൾക്കാരുടെ പാതിരാത്രിയിലുള്ള വരവ്. 1990 ഓഗസ്റ്റ് 2 വെളുപ്പിന് ഇറാക്കിൽനിന്നും 700 ടാങ്കുകളും ഒരു ലക്ഷം പട്ടാളക്കാരുമായി കുവൈത്തിൽ കടന്നു കയറിയ സദ്ദാം കുവൈത്തിനെ തന്റെ രാജ്യത്തിന്റെ 19-ാം പ്രവിശ്യയായി പ്രഖ്യാപിച്ചു. കുവൈത്ത് ഭരണാധികാരികൾ രഹസ്യമായി കാര്യങ്ങൾ അറിഞ്ഞതിനാൽ അവർ രാത്രിക്കുരാത്രി അടുത്ത രാജ്യമായ സൗദിയിലേക്കു പറന്നു. എങ്കിലും രാജകുടുംബത്തിലെ ഒന്നുരണ്ടുപേർ ആ ദിവസങ്ങളിൽ ഇല്ലാതായി. തന്റെ രാജ്യത്തിന്റെ എണ്ണ കുവൈത്ത് ഊറ്റിയെടുക്കുന്നു എന്നുള്ളതും കൊടുക്കാനുള്ള പണത്തിന്റെ പേരിലുള്ള ഈശാപോശയുമാണ് ഇറാക്കിന്റെ ഭരണാധികാരി സദ്ദാമിന്റെ കലിപ്പിന് കാരണമെന്ന് മുരളിച്ചേട്ടൻ.

എന്നാൽ സദ്ദാമദ്ദേഹത്തിന്റെ പ്രവൃത്തി കേരളത്തിലും അപ്പുണ്ണിയുടെ ഗ്രാമമായ മുതുകുളത്തും പ്രതിധ്വനിച്ചു എന്നത് പ്രത്യേകം പറയേണ്ടതില്ല! മുതുകുളം തട്ടാരുമുക്കിന് കുടുംബസമേതം താമസിക്കുന്ന മോഴൂരെ ഉണ്ണിച്ചേട്ടൻ കുവൈത്തിൽ ജോലിചെയ്യുന്ന അളിയൻമാരുടെ സഹായത്തോടെ അവിടേക്ക് പോകാൻ വിസായും ടിക്കറ്റും ഒരുക്കി നാട്ടുകാരോടും കൂട്ടുകാരോടും ബൈ.. ബൈ.. പറഞ്ഞു തയ്യാറായി നിന്നപ്പോഴാണ് സദ്ദാമിന്റെ കുവൈത്ത് കയ്യേറ്റം. അങ്ങനെ ചേട്ടനെ പോലെയുള്ള നിരവധി ആൾക്കാരുടെ കഞ്ഞിയിൽ സദ്ദാം പാറ്റയിട്ടു എന്ന് പറയുന്നതാകും ഏറെ ശരി. ലോകം നടുങ്ങിപ്പോയ ഇറാക്കിന്റെ കുവൈത്ത് പിടിച്ചടക്കലിന്റെ അടുത്തയാഴ്ചയിൽ ലോകം എന്തുചെയ്യണം എന്ന രീതിയിൽ അന്ധാളിച്ചു നിൽക്കുമ്പോൾ, തങ്ങളുടെ ആൾക്കാരെ കുവൈത്തിൽനിന്നും രക്ഷിച്ചു കൊണ്ടുപോകുന്നതിനായി ഇന്ത്യയുടെ വിദേശകാര്യമന്ത്രി ശ്രീ. ഐ.കെ.ഗുജറാളിന്റെ നേതൃത്വത്തിൽ ഇറാക്കിലെത്തിയ ഇന്ത്യൻ പ്രതിനി

www.malankaralibrary.com

ധികളെ സദ്ദാം രണ്ടും കയ്യും നീട്ടി സ്വാഗതം ചെയ്തതും ഗുജറാളിനെ സദ്ദാം കെട്ടിപ്പിടിച്ചതും ലോകം ആശ്ചര്യപൂർവ്വം കണ്ടു. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ വിദേശനയത്തിന്റെ ദീർഘവീക്ഷണവും ചാരുതയും എത്രത്തോളമെന്ന് ഈ സംഭവം നമുക്ക് കാട്ടിത്തന്നു. ആദ്യ വിമാനത്തിൽ സ്ത്രീകളും കുട്ടികളുമായിരുന്നു യാത്രികർ. 1,70,000 ഇന്ത്യക്കാരെ കുവൈത്തിൽനിന്നും ഇറാക്കുവഴി ജോർദ്ദാന്റെ അതിർത്തിയിൽ സദ്ദാമിന്റെ സഹായത്തോടെ ഇന്ത്യൻ ഉദ്യോഗസ്ഥർ എത്തിക്കുകയും അവിടെനിന്നും തലസ്ഥാനമായ അമ്മാൻവഴി (ആകെ 1300 കി.മീറ്റർ ദൂരം) ബോംബയിൽലേക്കും (എയർ ഇന്ത്യയിൽ) എത്തിച്ച ലോകത്തിലെ ഏറ്റവും വലിയ എയർ ലിഫ്റ്റ്. ലോക റിക്കാഡ് ആണ് ഈ സംഭവം.

വിധിപോലെ 10 ദിവസത്തെ കാത്തിരിപ്പിന് ശേഷം മുരളിച്ചേട്ടൻ കൂട്ടുകാരായ 10 പേരോടൊപ്പം ഇറാക്കുവഴി അമ്മാനിലേക്ക്. ഇടയ്ക്കുവെച്ച് ഇറാക്കി പട്ടാളക്കാരുടെ കർശന പരിശോധന. ഓരോ ചെക്കു പോസ്റ്റിലും ഇറാക്കി പട്ടാളക്കാർ എല്ലാവരുടേയും പെട്ടി തുറന്ന് അവർക്ക് ആവശ്യമുള്ള സാധനങ്ങൾ എടുത്തശേഷം പെട്ടിയടച്ചു കടന്നുപോകാൻ യാത്രികരോട് ആവശ്യപ്പെടുന്നു. ധരിച്ചിരുന്ന പാന്റിന്റെ അരയിൽ ചുറ്റിനും സൂക്ഷിച്ചുവച്ചിരുന്ന സ്വർണ്ണ ഉരുപ്പടികൾ ഭദ്രം. അമ്മാനിൽനിന്നും എല്ലാവരും ബോംബയിലേക്ക്. പക്ഷേ ബോംബയിൽ ആൾക്കാർ എത്തിയെങ്കിലും അവരുടെ ഉടുക്കാനുള്ള വസ്ത്രങ്ങൾ ഉൾപ്പെടെയുള്ള പെട്ടികളും മറ്റും അമ്മാനിൽനിന്നും എത്തിയിട്ടില്ല. വന്നവർ എത്രയും വേഗം എയർപോർട്ടിൽനിന്നും പുറത്തുകടക്കണമെന്ന ആഹ്വാനം ആരും ചെവിക്കൊണ്ടില്ല. കുവൈത്തിൽനിന്നും വന്നവർ ഒന്നടങ്കം ''ഭാരത് മാതാ കീ ജയ്..'' വിളികളോടെ സമരം ചെയ്തതും യാത്രികർ ഒഴിയാതായതും ബോംബെ എയർപോർട്ടിന്റെ പ്രവർത്തനം അവതാളത്തിലാക്കി. കേന്ദ്രസർക്കാർ ഇടപെട്ടു. യാത്രക്കാരെ കേന്ദ്രമന്ത്രി നേരിട്ട് വന്നുകണ്ടു. അടുത്ത വിമാനത്തിൽ എല്ലാവരുടേയും സാധനങ്ങൾ അമ്മാനിൽനിന്നും എത്തി. കേരള സർക്കാർ ബോംബയിൽനിന്നും നാട്ടിലേക്ക് ട്രയിൻ സൗകര്യം ഏർപ്പെടുത്തി. എല്ലാവരും കേരളത്തിലേക്ക്.

അമേരിക്കയുടെ സഹായത്തോടെ കുവൈത്ത് ഭരണാധികാരികൾ അധികാരം തിരിച്ചുപിടിച്ചു. ഇറാക്കി പട്ടാളക്കാർ കുവൈത്ത് വിട്ടുപോകുമ്പോൾ എണ്ണക്കിണറുകൾക്ക് തീയിട്ടു. എന്നാൽ പ്രതിക്രീയകൾ ചെയ്ത് ഭരണാധികാരികൾ എല്ലാം പഴയതുപോലെ ആക്കി. ജോലി ചെയ്യാൻ തയ്യാറാകുന്ന ആൾക്കാർ തിരിച്ചുവരുന്നതിനുള്ള നടപടികൾ കുവൈത്ത് സ്വീകരിച്ചു. അക്കൂട്ടത്തിൽ മുരളിച്ചേട്ടനും ഉണ്ടായിരുന്നു. കാറ്റഗറി അനുസരിച്ചുള്ള നഷ്ടപരിഹാരം (അആഇ) യുദ്ധസമയത്ത് കുവൈത്തിൽ ഉണ്ടായിരുന്നവർക്ക് ലഭിച്ചു (ചിലർ തങ്ങളുടെ കാറ്റഗറി ഉയർത്തിക്കാണിച്ച് കൂടുതൽ പണം ഈടാക്കി.). ശേഷം നാലു വർഷം കൂടി അവിടെ ജോലിചെയ്തിട്ടാണ് മുരളിച്ചേട്ടൻ ബഹറിനിൽ എത്തിയിരിക്കുന്നത്.

കുവൈത്തിൽനിന്നും കിട്ടിയ നഷ്ടപരിഹാര തുകയിൽനിന്നും കുറച്ചെ

www.malankaralibrary.com

ടുത്ത് ഒന്നര ഏക്കറോളം കാടുപിടിച്ച് ആർക്കും വേണ്ടാതെ കിടന്ന പുരയിടം വാങ്ങിയിട്ടു. പഴയ നാട്ടു പ്രമാണി വെറും പ്രാണിയായപ്പോൾ വിറ്റു തിന്നുന്ന സമയത്ത് പോയി ചോദിച്ചപ്പോൾ വസ്തു തരത്തിനു കിട്ടി എന്ന് പറയാം. കുറേ നാളത്തേക്ക് അങ്ങോട്ട് എത്തിനോക്കിയതുപോലുമില്ല. സമീപത്തെ പഞ്ചായത്ത് റോഡ് ടാറിട്ടു ശരിയാക്കിയതോടെ വസ്തുവിന്റെ മട്ടുംഭാവവും മാറി. എന്നാൽ ഒന്നരയേക്കർ ഒന്നിച്ച് മറിച്ചുവിറ്റു കാശാക്കുന്നതിലും നല്ലത് ചെറു പ്ലോട്ടുകളായി ആവശ്യക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചതോടെ കാടുപിച്ചുകിടന്ന വസ്തു വെട്ടിവെളുപ്പിച്ചു. പല വലിപ്പത്തിൽ അളന്നിട്ട വസ്തുവിലൂടേയുള്ള യാത്രാസൗകര്യത്തിനായി ടാറിട്ട റോഡും ശരിയാക്കി. ഉടനെതന്നെ ഏതാനും പ്ലോട്ടുകൾ വിറ്റുപോവുകയും ചെയ്തു. ഇതെല്ലാം മാർക്കറ്റിങ് പഠിച്ച മകൻ ഗോപൻ ഭംഗിയായി ചെയ്യുന്നു. കൂടാതെ ജംങ്ഷനിൽ കേക്കും ഹൽവയും മിഠായിയും കച്ചവടം ചെയ്തിരുന്ന ഒരു ബേക്കറിയും അവൻ വിലപറഞ്ഞെടുത്തു. പരിചയക്കാരും ആവശ്യക്കാരും കടയിൽ കേറിക്കേറി സാധനങ്ങൾ ചോദിച്ചു മാർക്കറ്റ് വലിയതായപ്പോൾ ബേക്കറി ഉടമയ്ക്കു കാശിനോട് കവർപ്പും മടുപ്പും തോന്നി. "വയ്യ..! മടുത്തു..!" തുടങ്ങിയ പദങ്ങൾ അദ്ദേഹം ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ജഗദീശ്വരൻ ആ സ്വരം കേട്ടുവോ ആവോ..!

ഗോപൻ ഒരു ദിവസം രണ്ടുമൂന്നു കൂട്ടുകാരുമായി ബേക്കറിയിൽ ചായ കുടിക്കാൻ ചെന്നപ്പോൾ വീണ്ടും പഴയമൊഴി ഉടമസ്ഥനിൽനിന്നും ഉയർന്നു: "വയ്യ! മടുത്തു! ഇത് ആരെയെങ്കിലും ഏൽപ്പിച്ചിട്ട് സന്യസിക്കാൻ പോകണം.."അടുത്തുനിന്ന ആവശ്യക്കാർ ആ സമയം വിനിയോഗിച്ചു.

"ചേട്ടന് എത്ര കാശ് വേണം..?"

"മൂന്നു ലക്ഷം കിട്ടിയാൽ വിട്ടുതന്നേക്കാം.."

പോരേ പൂരം. ഉടനടി ഒരു ലക്ഷം അഡ്വാൻസ്. ബാക്കി എഗ്രിമെന്റിനു ശേഷം. എല്ലാം ഞോടിനേരംകൊണ്ട്. മകൻ ഗോപൻ, പഴയ ബേക്കറി ഏറ്റെടുത്തശേഷം ബോർമ്മയും തുടങ്ങി. വരുന്നവർക്ക് ഇരുന്നു കഴിക്കാനും കുടിക്കാനുമുള്ള സ്ഥലം ബേക്കറിയോട് ചേർത്ത് രൂപപ്പെടുത്തി. തിരക്ക് വർദ്ധിച്ചതോടെ ബേക്കറി വീണ്ടും വലുതാക്കി. തന്റെ കാടുകയറി ആർക്കും വേണ്ടാതെ കിടന്ന വസ്തുവിന്റെ ഇന്നത്തെ അവസ്ഥ കണ്ട പഴയ പ്രമാണിയും ബേക്കറിക്കടയിലെ ഇന്നത്തെ കച്ചവടം കണ്ട് അന്ധാളിച്ചു നിൽക്കുന്ന പഴയ കടയുടമയും വിധിയെ പഴിച്ച് ദീർഘനിശ്വാസംവിട്ട് നടന്നകലുന്നത് ഒരു കാഴ്ചയാണ്.

നമ്മുടെ നാട്ടിലെ ഒരു വലിയ പ്രശ്നം ആണ് കംഫർട്ട് ലവൽ വിട്ടു മുന്നോട്ടു പോകാൻ കഴിയാത്ത, ശ്രമിക്കാത്ത സ്ഥിതിവിശ്ലേഷമായ സ്വയം പാര. ഇതിനു കാരണം മാസംതോറും കുറച്ച് ആയിരങ്ങൾ അഥവാ ലക്ഷങ്ങൾ പെട്ടിയിൽ കിട്ടിയാൽ പിന്നെ ജീവിക്കാൻ സുഖമായി. വീടും കാറും കൂട്ടായ്മകളും കൂട്ടുകാരുമായി അങ്ങനേ ഒതുങ്ങിക്കൂടും. ബിസിനസ്സ് വിപുലീകരണം ചിന്തിക്കില്ല. പ്രദേശത്തെ കണ്ണായ സ്ഥലത്തെ പെട്ടിക്കടയിലെ അപ്പന്റെ ജ്യൂസുകച്ചവടം അതേപോലെ തുടരുന്ന മകൻ. ആ കട പിന്നീട് മറ്റാർക്കെങ്കിലും കച്ചവടം ചെയ്തു കഴിയുമ്പോൾ പുതിയ ആൾ കണ്ണഞ്ചിപ്പിക്കുന്ന രീതിയിൽ പ്രവർത്തി

www.malankaralibrary.com

ക്കുന്നു. പുതിയ പുതിയ ഐഡിയകൾ കൊണ്ടുവരുന്നു. ആവശ്യക്കാർക്ക് പുതിയ പുതിയ വിഭവങ്ങൾ. കടിയും കട്ടനും കാപ്പിയും കഴിപ്പുകാരും കൂടിയപ്പോൾ കടയുടെ പരിസരം ശ്രദ്ധേയമായി. ചായയും കടിയും കഴിച്ച് രൂപ പുല്ലുപോലെ കൊടുത്ത് ന്യൂജൻ പിള്ളേർ അവിടം കയ്യടക്കി. കട ദിവസവും കാലിയാക്കി. പഴയ സിനിമാക്കൊട്ടകയിൽ പത്തുരൂപയുടെ കപ്പലണ്ടിയും കൊറിച്ചിരുന്നവർ ഇപ്പോൾ മൾട്ടിപ്ലക്സുകളിൽ നൂറ്റമ്പതു മുടക്കി പോപ്ക്കോണും പെപ്സിയും വാങ്ങി ആസ്വദിച്ചു ഭക്ഷിക്കുന്നു. ഒരു പരാതിയുമില്ല. പുതിയ പുതിയ ബിസിനസ്സുകളിൽ വച്ചടി വച്ചടി കയറ്റം മാത്രം.

നാട്ടിലെ ആവശ്യങ്ങളുടെ പട്ടിക വീട്ടിലേക്ക് വിളിക്കുന്ന പ്രവാസിക്കു മുമ്പിൽ വീട്ടുകാർ നിരത്തിവയ്ക്കും. സംഭാവനകൾ, പാല് കാച്ചൽ, വയറുകാണൽ, 28 കെട്ട്.. അങ്ങനെ ലിസ്റ്റ് നീളും. അപ്പുണ്ണിയും ചെയ്തിട്ടുണ്ട് സഹോദരിയുടെ വസ്തു പ്രമാണ ചെലവ്, പള്ളിയിലെ ഉരുളി വാങ്ങൽ, ധ്യാന പ്രസംഗ ചെലവ്.. പിതാവിന്റെ ആഗ്രഹങ്ങൾ നമ്മുടെ ആഗ്രഹങ്ങളായി. ഇങ്ങനെ ചെയ്യുന്നതിന്റെ പ്രതിഫലം ഈശ്വരൻ പല രൂപത്തിൽ തരും എന്നതിന്റെ ഏതാനും ഉദാഹരണങ്ങളാണ് താഴെ.

ഡൽഹിയിലെ യാത്രയിൽ അപ്പുണ്ണിയുടെ കഴുത്തിൽ ഒരു ബന്ദിങ്ങാ കിടന്നിരുന്നു. ബഹറിൻ യാത്രയിൽ അതില്ലായിരുന്നു. 1997 ലെ ഒരു വെള്ളി ദിനം, ബഹറിൻ സേക്രട്ട് ഹാർട്ട് പള്ളിയിൽ മിനിക്കൊപ്പം ആയിരിക്കവെ പെട്ടെന്ന് ആ ബന്ദിങ്ങാ മാലയുടെ കാര്യം അപ്പുണ്ണി ഓർത്തു. ചിന്തിച്ച് ഏറെ സമയം കഴിഞ്ഞില്ല. അടുത്തിരുന്ന ഒരാൾ അദ്ദേഹത്തിന്റെ പോക്കറ്റിൽ നിന്നും ഒരു ചെറു കവർ എടുത്ത് അപ്പുണ്ണിയുടെ നേരെ നീട്ടി. നന്ദിയോടെ അപ്പുണ്ണി അത് വാങ്ങിയപ്പോഴേക്കും ആ മനുഷ്യൻ താഴേയ്ക്ക് നടന്നുപോയി. കയ്യിൽ കിട്ടിയ കവർ അപ്പുണ്ണി തുറന്നു നോക്കി. അത് ഒരു ബന്ദിങ്ങാ മാലയായിരുന്നു. കണ്ണിൽ നിന്നും ധാര ധാരയായി നീർ പൊഴിഞ്ഞു. മിനിയോട് കാര്യം പറഞ്ഞു. അവർ ആശ്ചര്യപൂർവ്വം അപ്പുണ്ണിയെ നോക്കി.

എവിടെനിന്നെങ്കിലും വർഷാരംഭത്തിൽ ലഭിക്കുന്ന ഒരു ഇയർ പ്ലാനർ മിനി അടുക്കളയുടെ ഭിത്തിയിൽ ഒട്ടിച്ചുവയ്ക്കുന്നത് ശീലമാക്കിയിരുന്നു. 1997 ലെ പ്ലാനർ ലഭിച്ചില്ല. പലരോടും തിരക്കി.. കിട്ടിയില്ല. ആഗ്രഹം മനസ്സിലിരിക്കെ ഒരു ദിനം ഉച്ചയ്ക്ക് അപ്പുണ്ണി വീട്ടിൽനിന്നും ഇറങ്ങി കാറ് പാർക്ക് ചെയ്തിരിക്കുന്ന സ്ഥലത്തേക്ക് നടന്നു. താക്കോൽ പോക്കറ്റിൽ നിന്നും എടുക്കുന്ന സമയത്ത് ശക്തമായ കാറ്റിൽ ഒരു വലിയ പേപ്പർ കാലിൽ വന്ന് തട്ടി നിന്നു. കുനിഞ്ഞത് എടുത്ത് നുവർത്തിനോക്കി, അതൊരു ഇയർ പ്ലാനർ ആയിരുന്നു. അതുമായി മിനിയുടെ അടുക്കലേക്ക് വേഗത്തിൽ നടന്നു. അവർക്ക് അതു നൽകുമ്പോൾ അപ്പുണ്ണിയുടെ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. നടന്നകാര്യം പറഞ്ഞപ്പോൾ മിനിക്ക് ആശ്ചര്യം!

www.malankaralibrary.com



# 17. ഓലക്കൊട്ടകയിൽനിന്നും

**അ**പ്പുണ്ണിയേയും കുടുംബത്തേയും പോറ്റുന്ന ബഹറിൻ രാജ്യത്ത് (1994-2001) രണ്ടു സിനിമാ കൊട്ടകകൾ ഉണ്ട്. ഒന്ന് **അൽ ഹമ്രെ**യും മറ്റേതു **അവാൽ സിനിമ**യും. ഹിന്ദിയും ഇംഗ്ലീഷും മലയാളവും സിനിമകൾ രാജ്യത്തെ സിനിമാ പ്രേമികൾക്ക് കാണാനുള്ള അവസരങ്ങൾ ഇവയാണ് മാറി മാറി ഒരുക്കുന്നത്.

അപ്പുണ്ണിക്ക് അവാൽ സിനിമയിൽ കയറി പടം കാണുന്നതിനുള്ള അവസരം ഉണ്ടാക്കിയത് പള്ളിപ്പാട്ടെ റോയി ചേട്ടനാണ്. അന്ന് കണ്ട പടമാണ് ഠവല ങമസെ എന്ന ഇംഗ്ലീഷ് പടം. ഒരു മാസ്ക് ഒരാൾക്ക് കിട്ടുന്നതും അദ്ദേഹം അത് മുഖത്തുവച്ചു കഴിയുമ്പോൾ ലഭിക്കുന്ന അമാനുഷിക ശക്തിയും കഴിവുകളുമാണ് ആ സിനിമ. ഒരു ശുനക വീരൻ ഇടയ്ക്ക് ആ മാസ്ക് കിട്ടുമ്പോൾ കാണിക്കുന്ന വീരശൂര പരാക്രമങ്ങളും വളരെ രസാവഹമായാണ് ചിത്രീകരിച്ചിരിക്കുന്നത്. ശീതീകരിച്ച സുഖകരമായ അന്തരീക്ഷത്തിൽ ചിത്രം കാണുന്നതിനും പുതിയ ശബ്ദക്രമീകരണം ആസ്വദിക്കുന്നതിനും അനുയോജ്യമായ വിധമാണ് സിനിമാകെട്ടിടം. ഗൾഫിലല്ലേ..! അതിന്റേതായ ഗുണവും മണവും മനോഹാരിതയും കിട്ടാതിരിക്കുമോ..?

നാട്ടിൽ മുതുകുളത്തെ ഗോപാലകൃഷ്ണ ടാക്കീസും രാമപുരത്തെ സുനിതയും ചൂളത്തെരുവിലെ ജയച്ചിത്രയും നങ്ങ്യാർകുളങ്ങരയിലെ അർച്ചനയും കരീലക്കുളങ്ങരയിലെ അമ്പിളിയും അപ്പുണ്ണിയുടെ നാട്ടിലെ വീടുമായി ഏകദേശം അടുത്ത റേഞ്ചിൽ വരുന്ന സിനിമാ പ്രദർശന ശാലകളായിരുന്നു. മുൻകാലങ്ങളിൽ ഇവകളിൽ പോയിരുന്ന് ആസ്വദിച്ചുകണ്ട ചിത്രങ്ങളും കഥകളും വെള്ളിത്തിരയിൽ എന്നപോലെ ഇപ്പോഴും മനസ്സിൽ മിന്നിത്തിളങ്ങുന്നു.

മെടഞ്ഞ ഓലകൊണ്ട് കെട്ടിയുണ്ടാക്കിയ മേൽക്കൂരയിലെ ഓലവിടവിൽക്കൂടി "ഉച്ചപ്പട" സമയത്ത് (മാറ്റിനി-എന്ന് തിരുത്തി വായിക്കുക, ഉച്ചപ്പടം അനുവാചകരിൽ ചിലർക്ക് സംശയം ഉണ്ടാക്കും.) അരിച്ചിറങ്ങുന്ന വെളിച്ചത്തു

www.malankaralibrary.com

ണ്ടുകൾ (തുണ്ടല്ല!), ഇവയിൽ പറന്നുകളിക്കുന്ന പൊടിപടലങ്ങൾ. ചലിക്കുന്ന വെയിൽവെട്ടം കൊട്ടകസ്ക്രീനിൽ ചില സ്ഥലങ്ങളിൽ ദീർഘവൃത്തങ്ങൾ തീർക്കാറുണ്ട്. ഇതേ വെളിച്ചവൃത്തങ്ങൾ അപ്പുണ്ണി ഒന്നുമുതൽ നാലുവരെ പഠിച്ച മുതുകുളം കൊട്ടാരം സ്കൂളിലെ പഴകി ദ്രവിച്ച ഓല മേഞ്ഞ കെട്ടിടത്തിന്റെ ഓലയ്ക്കിടയിലൂടെ ചില സമയത്ത് ക്ലാസുകളിലും രൂപപ്പെട്ട് കൂട്ടുകാരുടെ തലയിലോ, അപ്പുണ്ണിയുടെ തന്നെ റബറിട്ട് കെട്ടിവച്ചിരിക്കുന്ന പുസ്തകങ്ങളുടെ മുകളിലോ പതിക്കാറുണ്ടായിരുന്നു എന്നുള്ളത് ഒരു ഓർമ്മപുതുക്കലാണ്.

അപ്പുണ്ണി താഴ്ന്ന ക്ലാസ്സുകളിൽ പഠിക്കുമ്പോൾ കൊട്ടകയിൽ പൊട്ടിവീഴുന്നതും വെട്ടിക്കളയുന്നതുമായ ഫിലിം റോളിലെ ചില ഭാഗങ്ങൾ കൂട്ടുകാർ ക്ലാസിൽ കൊണ്ടുവരും. അതിൽ ചിലത് അപ്പുണ്ണിയോടുള്ള സ്നേഹത്താൽ അവർ നൽകും (കേട്ടെഴുത്ത് കാണിച്ചു കോടുക്കുന്നതിന് അവർ അത് ഒരു പിടിവള്ളിയായി പിന്നീട് ഉപയോഗിക്കും.). കിട്ടിയ പൊട്ടിയ ഫിലിമുകളുമായി അപ്പുണ്ണി വീട്ടിലെത്തിയാൽ ആദ്യം ചെയ്യുന്നത് ഇരുട്ടുമുറിയിൽ കയറി അപ്പന്റെ മൂന്നു ബാറ്ററി ടോർച്ചെടുത്ത് ഭിത്തിയിലേക്ക് അടിച്ചിട്ട് ഫിലിം ഇടയ്ക്കു വച്ചു നോക്കും. ഒന്നും കാണില്ല. ജയന്റെയും നസീറിന്റെയും ജയഭാരതിയുടെയും നിഴലുകൾ മാത്രം! എന്നാൽ മുതുകുളത്തിന്റെ ഗ്രാമക്ഷേത്രമായ പാണ്ഡവർകാവ് ദേവിക്ഷേത്രത്തിലെ ഉത്സവത്തിന്റന്നു വളക്കടകളിൽ വാങ്ങാൻ ലഭിക്കുന്ന ക്യാമറ പോലെയുള്ള ചെറിയ ലെൻസുള്ള കളിപ്പാട്ടത്തിൽ ഇവ വച്ചുനോക്കിയാൽ ചിത്രം വ്യക്തമായി കാണാം. അതും ഒരു സിനിമാ കാഴ്ച തന്നെ അല്ലേ..?

ഗ്രാമക്ഷേത്രത്തിലെ ഉത്സവം കഴിഞ്ഞാൽ വലിയ കാഴ്ചകൾ നൽകുന്ന സ്ഥാപനങ്ങളായിരുന്നു ഓലക്കൊട്ടകകൾ (സിനിമാ കൊട്ടകകൾ). കൊട്ടക മേൽക്കൂരയുടെ അഗ്രത്തു സ്ഥാപിച്ചിട്ടുള്ള കോളാമ്പിയിൽനിന്നും ഉയരുന്ന സിനിമാ പാട്ടുകളാണ് ഷോ തുടങ്ങാനുള്ള ആഹ്വാനത്തിന്റെ നാന്ദി. ഓരോ കൊട്ടകയ്ക്കും വൈകുന്നേരത്തെ റിക്കാർഡ് ഇടുന്നതിന് സ്ഥിരം പാട്ടുകളുണ്ട്. മുതുകുളം ഗോപാലകൃഷ്ണ ടാക്കീസിന് "ശരണമയ്യപ്പാ.. സ്വാമി.. ശരണമയ്യപ്പാ.. ശബരി ഗിരിനാഥാ സ്വാമി.." എന്ന ഗാനവും രാമപുരം സുനിതാ തീയ്യറ്ററിന് "പ്രാർത്ഥന കേൾക്കേണമേ.. കർത്താവേ എൻ യാചന നൽകേണമേ.." എന്ന ഗാനവും ഉണർത്തു പാട്ടുകളാണ്. കൊട്ടകമുറ്റത്തു കയറിയാൽ ടിക്കറ്റു കൊടുക്കുന്ന സമയം വിളിച്ചോതി ഭിത്തിയിലെ ബെല്ല് അലറി വിളിച്ചു നിന്നുകഴിഞ്ഞാൽ ടിക്കറ്റു പുരയുടെ ചതുരാകൃതിയിലുള്ള വിടവിലൂടെ കൈ കയറ്റി കൈക്കാശു പോലെ തറ, ബഞ്ച്, കസേര, മടക്കുകസേര ടിക്കറ്റുകളെടുത്ത് നേരെ പനമ്പു വാതിൽക്കൽ നിൽക്കുന്ന ചേട്ടന്റെ അടുക്കലേക്ക്. അദ്ദേഹത്തെ ടിക്കറ്റു കാണിച്ച് (ടിക്കറ്റിന്റെ പകുതി അദ്ദേഹം കീറിത്തരും. സെക്കൻഡു ഷോകളിലെ ഈ പകുതി വഴിവക്കിൽ തടഞ്ഞു നിർത്തുന്ന പോലീസുകാരെ കാണിക്കുന്നതിന് ആവശ്യമാണ്. ഇതു കാണിച്ചാൽപോലും സൈക്കിളിന്റെ കാറ്റഴിച്ചുവിട്ട് തങ്ങളുടെ അധികാരം കാണിക്കുന്ന നിയമപാലകരും ഉണ്ട്.) വാതിൽ തുറന്ന് കൊട്ടകയ്ക്കുള്ളിലേക്ക്.

നീളമുള്ള തേക്കിൻ കഴകളുടെ ഒരു കൂട്ടം കൊട്ടകയ്ക്കകത്ത് മേൽക്കൂര

www.malankaralibrary.com

താങ്ങി അവിടവിടെയായി. കാഴ്ച മറയാതെ സൗകര്യം പോലെ ഒറ്റയിരുപ്പ്. കൊട്ടകയുടെ കൂരയുടെ മേലേ അഗ്രത്ത് കെട്ടിയിരിക്കുന്ന മൈക്കിൽനിന്നും പാട്ട് കൊട്ടകയ്ക്കുള്ളിലെ സ്പീക്കറിലേക്ക് വരുംവരെയും ഒരു അസ്വസ്ഥത (അപ്പോഴും ബെല്ല് അലറും). സ്ക്രീനിനു പിന്നിലെ പെട്ടിയിൽ പാട്ടു വരുന്നതോടെ കയ്യടി ഉയരുകയായി. തുടർന്ന് ശ്വാസകോശം സ്പോഞ്ചുപോലെയും പുകവലി ആരോഗ്യത്തിന് ഹാനികരമെന്നും ഒക്കെയുള്ള സാരോപദേശ കാര്യങ്ങൾ വന്നു നിറയുകയായി. യുദ്ധക്കെടുതി, സ്വാതന്ത്ര്യസമരം, പഞ്ചവത്സരപദ്ധതികൾ എന്നിങ്ങനെ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ സ്ഥിരം നമ്പരുകൾ വാലെ.. വാലെ..

പിന്നിലെ പ്രോജക്ടറിൽനിന്നും പ്രകാശം കാണികളുടെ തലകൾക്ക് മുകളിലൂടെ കടന്നുവരാനുള്ള നാലഞ്ചു ദ്വാരങ്ങളിൽ ഒന്നിൽനിന്നും ശക്തമായ പ്രഭാപൂരം മുന്നിലെ വെള്ള സ്ക്രീനിലേക്ക്. കറങ്ങുന്ന യന്ത്രത്തിൽ ഫിലിംചുറ്റി സ്വിച്ച് ഓൺചെയ്യുമ്പോൾ കറകറ ശബ്ദത്തിനൊപ്പം വർണമനോഹരമായ വെള്ളിത്തിരയിൽ ഇഷ്ടതാരങ്ങൾ. ഇതുതന്നെയല്ലേ അവർ റോഡിൽക്കൂടി വിളിച്ചുപറയുന്നതും നോട്ടീസിലുള്ളതും. (കഥയിതുവരെ എന്ന സിനിമയുടെ രത്നച്ചുരുക്കവും ശേഷം ഭാഗം സ്ക്രീനിൽ എന്ന ആകാംഷാ വാചകവും..) ചെണ്ടകൊട്ടി പുത്തൻ പടത്തിന്റെ പരസ്യവുമായി നാടുചുറ്റുന്ന സുതൻ ചേട്ടനും പടം കാണാനുള്ള ഫ്രീ പാസു വാങ്ങി പോസ്റ്ററുകൾ കടമുറിയുടെ മുന്നിൽ പ്രദർശിപ്പിക്കുന്ന ഹോട്ടൽ നടത്തുന്ന ശിവൻപിള്ള ചേട്ടനും കൊട്ടകയിലെ ശബ്ദസഹായിയായി പ്രവർത്തിക്കുന്ന മൈക്കുരാജൻ ചേട്ടനും കൊട്ടകയ്ക്കു മുമ്പിൽ മുറുക്കാൻ കടയും ചായക്കടയും നടത്തുന്ന കൃഷ്ണപിള്ള ചേട്ടനും ഫിലിം പെട്ടിയുമായി നാടുനീളെ സഞ്ചരിക്കുന്ന ഫിലിം റപ്രസെന്റേറ്റീവുകളും അങ്ങനെ എല്ലാവരും ചേരുന്ന കൊട്ടക. വെട്ടത്തെടുത്ത് ഇരുട്ടത്തു കാണിക്കുന്ന മഹത്തായ സംരംഭം.

ഇടവേള തെളിയുമ്പോൾ എട്ടിന്റെ ഷേപ്പിൽ തോടുള്ള കപ്പലണ്ടിയുമായി കയറിവരുന്ന കപ്പലണ്ടിച്ചേട്ടൻ, പുറത്തിറങ്ങി പുകവലിക്കുന്നവർ. ഇടവേള തീരാറാകുമ്പോൾ നാട്ടിലെ ധനകാര്യ സ്ഥാപനങ്ങളുടെ തലക്കെട്ടും പ്രൊപ്രൈറ്റർ സാറിന്റെ പേരും സൂചിപ്പിക്കുന്ന പരസ്യപ്പലകകൾ സ്ക്രീനിൽക്കൂടി തെക്കോട്ടും വടക്കോട്ടും ഓടി മറയുന്നു. ഇടവേളയിൽ പുറത്തിറങ്ങിയ ആളുകൾ തിരികെ കയറുമ്പോൾ അവരുടെ തലകളും കൈകളും സ്ക്രീനിൽ തെളിയുമ്പോൾ ഉണ്ടാകുന്ന വിസിലടിയും കൂക്കിവിളിയും.. പ്രത്യേകിച്ചും തറയിലും ബഞ്ചിലും ഇരിക്കുന്നവർ ഉയർത്തുന്ന ‘‘ഇരിയടാ അവിടെ..’’ വിളികൾ.

ഗ്രാമത്തിൽ അങ്ങോളമിങ്ങോളമുണ്ടായിരുന്ന കൊട്ടകകൾ പോയകാലത്തിന്റെ ഓർമ്മകളായി. അമ്പലപ്പറമ്പിലെ നാടകങ്ങളും അരയാൽത്തറയിലെ തണൽപറ്റിയുള്ള ഇരിപ്പും സന്ധ്യാസമയത്ത് പാതവക്കിലെ കലുങ്കിലിരുന്നുള്ള കൂട്ടുകാരുടെ വിശേഷം പറച്ചിലും മാടക്കടയുടെ തട്ടിന്മേലിരുന്നുള്ള നാട്ടുകാര്യ ചർച്ചകളും.. എല്ലാം നല്ലനല്ല സ്മരണകൾ.

അല്പദിനത്തിന്റെ ഇടവേളയ്ക്കുശേഷം അറബി നാട്ടിലെ അവാൽ സിനിമയിലേക്ക് **രംഗീല** എന്ന ഹിന്ദി സിനിമാ കാണാൻ സന്തോഷപൂർവ്വം വീണ്ടു

www.malankaralibrary.com

മെത്തി. ഇന്ത്യയിൽ നിറഞ്ഞൊഴുകിയ പ്രേക്ഷകരുടെ മനം കുളിർപ്പിച്ച ചിത്രം എന്ന നിലയിൽ അറബികളും ഹിന്ദിക്കാരും മലയാളികളും ഇരുകരങ്ങളും നീട്ടി സ്വീകരിച്ച ആ ചിത്രം അപ്പുണ്ണിയും കണ്ടു. നാളുകൾക്കു ശേഷം കണ്ട മല യാളം ചിത്രമാണ് **തേന്മാവിൻ കൊമ്പത്ത്**. ഇങ്ങനെ മൂന്നു ചിത്രങ്ങൾ ബഹറി നിലെ പ്രവാസ ജീവിതത്തിനിടയ്ക്ക് അപ്പുണ്ണി സുഹൃത്തുക്കൾക്കൊപ്പം കണ്ടു. ഇംഗ്ലീഷും ഹിന്ദിയും മലയാളവും ചിത്രങ്ങൾ.

ഗൾഫുകാരന്റെ പിന്നീടുള്ള സന്തോഷദായിനി കാസറ്റു കടകളാണ്. നാട്ടി ലിറങ്ങുന്ന സിനിമകളും സീരിയലുകളും അധികം താമസിക്കാതെ ഗൾഫിലെ കടകളിൽ കാസറ്റുകളായി വാടകയ്ക്കു വാങ്ങാൻ ലഭിക്കും. സമയംപോലെ ഇതു കൊണ്ടുപോയി വിസിപി കളിലോ വീസിയാറുകളിലോ ഇട്ടു കറക്കികാണാം. അതുപോലെതന്നെയുള്ള ഒരു ഗൾഫു സംഭവമാണ് റിസിലിംങ്. വലിയ വലിയ തടിമാടന്മാർ തമ്മിൽ ഗോദായിൽ കാണിക്കുന്ന കലാപരിപാടി. പണ്ടിത് അപ്പുണ്ണി രാജപ്പന്റെ വീട്ടുമുറ്റത്ത് കണ്ടതാണ്, അത് ഓൾഡ് വേർഷൻ! ഇത് ന്യൂ വേർഷൻ!

കസേരയെടുത്ത് കറക്കിയെറിഞ്ഞും വീശിയടിച്ചും തമ്മിൽ തല്ലുന്ന മഹ ത്തായ കലാപരിപാടിയാണ് റിസിലിംങ്. ഇതിന്റെ ചില വാക്കുകൾ രാഷ്ട്രീയ ക്കാർ ഇന്നും ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്, ഇത്രവോട്ടിന് ഒരാൾ മറ്റൊരുത്തനെ മലർത്തിയടിച്ചു, ചുരുട്ടിക്കൂട്ടി.. എന്നൊക്കെ.

എന്തായാലും റിസിലിംങ് സാധനം കൊള്ളാം. കണ്ടുകൊണ്ടിരിക്കാം, ആരോടെങ്കിലും വിരോധം ഉണ്ടെങ്കിൽ അവരെ ഇതുകാണിച്ച് ഇങ്ങനെ വെറുതെ തട്ടിവിടാം:

“നീയും അവനെപ്പോലെയുണ്ടെടാ മസ്സിലളിയാ.. അവന്റെ മറ്റവനേ പോലെയുണ്ടെടാ..”എന്നൊക്കെ പറഞ്ഞ് ഒന്നു വെറുതെ പൊക്കിക്കൊടുക്കണം. അവൻ സിനിമാ പെട്ടിയിൽ കണ്ടത് നാട്ടുകാരെ കാണിക്കാൻ ചെല്ലും. അവര് വല്ല പത്തലോ.. മടലോ.. കൊണ്ട് സമ്മാനം കൊടുത്ത് അവന്റെ സുക്കേടു മാറ്റും. നമുക്ക് നയാ പൈസ ചിലവില്ലാതെ അവനോടുള്ള വിരോധവും തീരും. പശു വിന്റെ കടിയും മാറും കാക്കയുടെ വിശപ്പും മാറും.. ഒരു തരത്തിലുള്ള പരോപ കാരം!

www.malankaralibrary.com



# 18. ബൈ.. ബൈ.. ബഹറിൻ

**1994** ഏപ്രിൽ 28ന് അപ്പുണ്ണി ബഹറിൻ രാജ്യത്ത് വന്നുചേർന്നു. ഇന്ന് 26 മാർച്ച് 2001, പ്രവാസത്തിന്റെ അന്ത്യപാദത്തിൽ വന്നെത്തിയിരിക്കുന്നു.

എന്തെങ്കിലും പ്രതീക്ഷയോടെയാണോ ഇങ്ങോട്ടു വണ്ടികേറിയത്..? തീർച്ചയായും. ഒരാൾ അറബിനാട്ടിൽ വന്നെത്തുന്നത് ജോലിയിൽ പ്രവേശിച്ചിട്ട് കാര്യങ്ങൾ സാമർത്ഥ്യത്തോടും ശമ്പളം തരുന്ന ആളിനോട് വിശ്വസ്തതയോടും കൂറോടുംകൂടി പെരുമാറി ദിനാർ നേടിയെടുക്കുന്നതിനുള്ള ഉദ്ദേശലക്ഷ്യത്തോടെയാണ്. അപ്പുണ്ണിയെ സംബന്ധിച്ചിടത്തോളം ഏതാനും ആഗ്രഹങ്ങൾ മാത്രമായിരുന്നു മുന്നിൽ അവയെല്ലാം ഏറെക്കുറെ സാധിച്ചു. എപ്പോഴും വരവിനനുസരിച്ചു ചെലവു നിയന്ത്രിച്ചും അധികച്ചെലവിനായുള്ള മനസ്സിനു കടിഞ്ഞാണിട്ടും മിച്ചം വയ്പ്പിനെ പ്രോത്സാഹിപ്പിച്ചും കാര്യങ്ങൾ ഭംഗിയായി നടത്തി. "ഉണ്ടിരിക്കുമ്പോഴേ കണ്ടിരിക്കണം.." എന്ന അമ്മമൊഴി അന്വർത്ഥമാക്കാനാണ് അപ്പുണ്ണി ശ്രമിച്ചത്. അതു വിജയിക്കുകയും ചെയ്തു.

നാട്ടിലേക്കു മടങ്ങണം.. ഇനി അധികം വൈകരുത്.. ഇതൊരു ഉൾവിളിയാണ്. മനസ്സിന്റെ തീരുമാനം രണ്ടുപേരുടെയും പരിപൂർണ്ണസമ്മതത്തോടെ നടപ്പിലാക്കാൻ തീരുമാനമായി. നാട്ടിലേക്ക് മടങ്ങാൻ ഇരുവർക്കും പൂർണ്ണസമ്മതം.

കയ്യിൽ കൊണ്ടുപോകാവുന്നതിലും ധാരാളം സാധനങ്ങൾ നാട്ടിലേക്ക് കൊണ്ടുപോകാനുണ്ട്. വർഷങ്ങളായി പാക്കുചെയ്തും സീലുചെയ്തും ഹാർഡ്ബോർഡ് പെട്ടികൾക്കുള്ളിൽ സൂക്ഷിച്ചിരിക്കുന്ന വസ്തുക്കളുടെ പേരു

www.malankaralibrary.com



കൾ കമ്പ്യൂട്ടർ പ്രിന്ററിൽ എടുത്തിട്ടുണ്ട്. വാങ്ങിച്ചുകൂട്ടിയ വീട്ടുസാധനങ്ങൾ കേടുകൂടാതെ അക്കരെയെത്തിക്കാൻ വിശ്വസ്തനായ ഒരു കാർഗോ ഏജന്റിനെ കണ്ടുപിടിച്ച് ഏൽപ്പിക്കണം. ഉപയോഗിച്ചതും അല്ലാത്തതുമായ സാധനങ്ങൾ ഒന്നുംതന്നെ ഉപേക്ഷിക്കാൻ മനസ്സായില്ല. ഒരു കണ്ടയിനർ കൊച്ചിയിലേക്ക് ബുക്കു ചെയ്തു കൊണ്ടുപോകണം.

സാധനങ്ങൾ ഭംഗിയായി വീണ്ടും പാക്കിങ്ങ് നടത്തി. വസ്തുക്കളുടെ പേരെല്ലാം ഭംഗിയായി അടിച്ചുചേർത്ത ലിസ്റ്റ് ഒന്നും കൂടി ഓടിച്ചുനോക്കി. ഒന്നും വിട്ടുപോയിട്ടില്ല.

2001 മാർച്ച് 26 രാത്രിയിൽ ബഹറിനിൽനിന്നു നെടുമ്പാശേരിയിലേക്ക് രണ്ടു ടിക്കറ്റുകൾ രണ്ടുമാസം മുന്നേ ബുക്ക് ചെയ്തിരുന്നു. തീയതി വീണ്ടും ട്രാവൽ ഓഫീസിൽ വിളിച്ച് (ടിക്കറ്റുകൾ) റീ കൺഫേം ചെയ്തു.

യാത്രപോകാനുള്ള ദിവസം അടുത്തടുത്ത് വരുന്നു.

കാർഗോ കമ്പനിയിലെ പരിചയക്കാരൻ വഴി സാധനങ്ങൾ സർവ്വതും നാട്ടിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ തരപ്പെടുത്തി. യാത്രയാകുന്നതിനും പത്തുദിവസം മുന്നേ ഒരു കണ്ടയിനർ അപ്പുണ്ണിയുടെ പേരിൽ അയയ്ക്കുന്നതിന് ചെലവുകളും മറ്റും അടച്ചു. നാട്ടിൽ ക്ലിയറൻസ് യഥാസമയം ചെയ്യുന്നതിനുള്ള ആളിനെ ശട്ടംകെട്ടി.

ഒന്നാം നിലയിലുള്ള ഫ്ളാറ്റിന്റെ ഇടനാഴിയിലും വെളിയിലെ പാരപ്പറ്റിലും അട്ടിയടുക്കി വച്ചിരിക്കുന്ന സാധനങ്ങൾ പൊക്കിയെടുത്ത് താഴെ കൊണ്ടുവരുന്നതിന് കണ്ടയിനർ കമ്പനി ഏതാനും പാക്കിസ്ഥാനികളെ കൊണ്ടുവന്നു. കാലങ്ങളായി അപ്പുണ്ണിയും മിനിയും കാർട്ടണുകളിലാക്കി വച്ചിരുന്ന സാധനങ്ങൾ ഓരോന്നും കണ്ടയിനറിലേക്ക്. “ഉപ്പുതൊട്ടു കർപ്പൂരംവരെ..”എന്ന പഴഞ്ചൊല്ലേ

www.malankaralibrary.com

ന്നപോലെ എല്ലാം പാകിസ്ഥാനി തൊഴിലാളികൾ പുറത്തുകയറ്റി രണ്ടാം നിലയിൽനിന്ന് താഴേക്ക് പുഷ്പംപോലെ കൊണ്ടുപോയി.

ഒരു കണ്ടയിനർ ഫുൾ.. സാധനങ്ങൾ! ഇവയെല്ലാം ഈ ഫ്ളാറ്റിൽ എവിടെ സംഭരിച്ചു എന്നുള്ളത് കണ്ടുനിന്നവർക്ക് അതിശയം..!

കണ്ടയിനർ അടച്ചു. ഇനി ഇത് ബഹറിൻ കസ്റ്റംസ് കടന്ന് കണ്ടയിനർ കാരിയർ ഷിപ്പിലേക്ക്. മദർ ഷിപ്പിൽ ശ്രീലങ്കൻ തുറമുഖത്ത് അടുക്കും. അവിടെ നിന്നും ചെറിയ കപ്പലിൽ കൊച്ചിയിലേക്ക് (കണ്ടയിനർ കാരിയർ പോലെയുള്ള വലിയ കപ്പലുകൾ കൊച്ചി പോർട്ടിൽ അടുക്കുകയില്ലെന്ന് അന്ന് അപ്പുണ്ണി ആശ്ചര്യത്തോടെ കേട്ടുനിന്നു..!). കൊച്ചിയിലെ ബാർജിൽനിന്നും കസ്റ്റംസ് ക്ലിയറൻസിന് ശേഷം എല്ലാം മുതുകുളത്തെ വീട്ടിലെത്തണം.

കണ്ടയിനറിൽ നാട്ടിലേക്ക് ആവശ്യമുള്ളതു കയറ്റി അയച്ചശേഷം അവശേഷിച്ചവയിൽ ഒട്ടും ആവശ്യം ഇല്ലാത്തത് ബഹറിനിൽത്തന്നെ തുടരുന്ന കൂട്ടുകാർക്ക് നിസ്സാരവിലയ്ക്കും ദാനമായും കൊടുത്തു സഹായിച്ചു.

ഫാമിലി പ്ലാസയിൽനിന്നും കിട്ടാനുള്ള അലവൻസും മറ്റും ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തി. ഉപയോഗിച്ചിരുന്ന നിസ്സാൻ അൾട്ടിമാ വാഹനം മാർക്കറ്റുവിലയ്ക്ക് മറ്റൊരാൾക്ക് വിറ്റു പണം വാങ്ങി ഉടമസ്ഥന്റെ പേരുമാറ്റി കൊടുത്തു. വീട്ടിലെ കറണ്ട് കണക്ഷൻ പോകുന്ന ദിവസം ബന്ധം വിച്ഛേദിക്കുന്ന തരത്തിൽ പേപ്പർ കറണ്ടാഫീസിൽ കൊടുത്തു. ടെലഫോൺ കണക്ഷനും അപ്രകാരം ക്രമീകരിച്ചു. അവസാനം വരുന്ന കറണ്ടുബില്ല് അടയ്ക്കാൻ ബഹറിൻ ഡിഫൻസ് ഫോഴ്സിൽ ജോലി ചെയ്യുന്ന ചേപ്പാട്, കാഞ്ഞൂരെ ബേബി അമ്മാച്ചനെ ചട്ടംകെട്ടി. മാർച്ച് 26ന് വാടക കെട്ടിടം ഒഴിയുന്ന കാര്യം ഉടമയെ അറിയിച്ചു. വീടു നന്നായി സൂക്ഷിച്ചതിന് ഉടമ നന്ദി പറഞ്ഞു.



കൂട്ടുകാരുമായുള്ള സംസാരത്തിൽ ആരൊക്കെയോ അപ്പുണ്ണിയുടെ നാട്ടിലേക്കുള്ള മടക്കത്തീരുമാനത്തെ പഴയകാല പറച്ചിലിന്റെ ഓർമ്മപ്പെടുത്തലിലേക്ക് കൂട്ടിക്കൊണ്ടുപോയി.

“അവൻ ഇവിടെ വന്ന

www.malankaralibrary.com



പ്പോഴേ പറഞ്ഞതാ.. ഏറിയാൽ ഒരു അഞ്ചുവർഷം.. അതിനപ്പുറം അധികനാൾ ഇവിടെ കാണാൻ ആഗ്രഹിക്കുന്നില്ല.. എന്ന്. പക്ഷേ! ഇത്ര പെട്ടെന്ന് ആ കാലം ആകുമെന്നും കാരണമാകുമെന്നും കരുതിയില്ല..''

കമ്പനിയിൽ പ്രത്യേകിച്ച് ആരോടും പണി തീർത്തുപോകുകയാണെന്ന് പറയുന്നില്ല. പിന്നീട് ആരെങ്കിലും പറഞ്ഞ് അറിഞ്ഞുകൊള്ളട്ടെ. ബഹറിനിൽനിന്നും മടങ്ങുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ അനുമതിക്കായി കത്ത് സമർപ്പിക്കും മുമ്പേ മാനേജർ റോബർട്ട് സെബാസ്റ്റ്യൻ സാറിനോട് വിശദമായി സംസാരിച്ചിരുന്നു.

''ജീവിതത്തിന് ചില ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും ഉണ്ട്. അതു നേടിയിട്ടേ ബാക്കിക്കാര്യമുള്ളു. അതിനായി ഇവിടം വിടുകയാണ് സാർ.. തീർത്താലും തീരാത്ത കടപ്പാട് സാറിനോട് ഉണ്ട്. അത് ഇന്നതിന് എന്ന് പ്രത്യേകം പറയുന്നില്ല.. പറഞ്ഞാൽ അത് നന്ദികേടാണ്...'' അപ്പുണ്ണിയുടെ കണ്ണുകളിൽ കണങ്ങൾ നിറഞ്ഞുവന്നത് പാന്റിന്റെ പോക്കറ്റിൽ കരുതാറുള്ള തുണിയാൽ പതുക്കെ തുടച്ചു.

''അറബിനാട്ടിൽ ചില ഉദ്ദേശങ്ങളുമായി വന്നതുപോലെ നാട്ടിലേക്കും ചില ഉദ്ദേശങ്ങളുമായി പോകുന്നു.. സാർ. അത്രതന്നെ..''

''അവിടെ ചെന്നിട്ട് എന്താണ് പരിപാടികൾ..?''

''സാർ.., പുതിയ വീട്ടിൽ താമസിച്ച് അതിന്റെ സന്തോഷം അനുഭവിക്കണം, അഞ്ചാറു മാസത്തിനു ശേഷം എല്ലാം ഒന്നു കലങ്ങിത്തെളിയും. ശേഷം മദ്രാസിൽ താമസിക്കുന്ന മിനിയുടെ മാതാപിതാക്കളുടെ അടുക്കലേക്ക് പോകണം.. ചികിത്സാ വിധികൾ തുടങ്ങണം.. ജമിനി ഗണേശന്റെ ആശുപത്രിയുണ്ട്. അവിടെ ആയിരിക്കും സൗകര്യം..''

അപ്പുണ്ണിയുടെ വിസ ക്യാൻസൽ ചെയ്യാൻ ഇമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിൽ പോയ ബഹറിനി സൽമാൻ തന്റെ സഹപ്രവർത്തകരോട്: ''നാട്ടിൽ പോകുന്ന അക്കൗണ്ടന്റ് ഇനി തിരിച്ചുവരില്ല..'' എന്ന് പറഞ്ഞു. സൽമാൻ പറഞ്ഞുള്ള അറിവിൽ ഓരോരുത്തരായി ഓഫീസിലേക്കു വന്നു.

''കാലത്തികവിൽ എല്ലാം മാറ്റപ്പെടണം.. ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് അന്ത്യമാവുകയാണ്.. അത്രമാത്രം..''

സൽമാൻ പറഞ്ഞു: ''എന്നെങ്കിലും ബഹറിനിൽ തിരികെ വരണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ എന്നെ വിളിക്കുക.. നിങ്ങളെ ഞാൻ ഇവിടെ തിരികെ കൊണ്ടുവരാം..''

www.malankaralibrary.com

‘‘നന്ദി സൽമാൻ.., തീർച്ചയായും വിളിക്കാം..’’

തീരുമാനപ്രകാരം ഗൾഫ് ഡെയിലി ന്യൂസ് പത്രത്തിൽ ഫാമിലി പ്ലാസയിലേക്ക് പുതിയ അക്കൗണ്ടന്റിനെ ആവശ്യമുള്ളതായി പരസ്യം കൊടുത്തു.

‘‘മാനേജർ റോബർട്ട് സാറിന്റെ നിർദ്ദേശങ്ങൾ അപ്പടി പാലിച്ച്, ജോലിയിൽ പ്രാവീണ്യം കാണിച്ച് മുൻപോട്ടു പോകണം..’’ പുതിയതായി വന്ന ശശി മേനോനോട് അപ്പുണ്ണി നിർദ്ദേശിച്ചു. സർവ്വവിധ മംഗളാശംസകളും പുതിയ ആൾക്ക് നേർന്നുകൊണ്ട് ഫാമിലി പ്ലാസയുടെ അക്കൗണ്ടന്റിന്റെ കസേരയിൽനിന്നും അപ്പുണ്ണി എഴുന്നേറ്റു. ശശി മേനോനെ അതിലിരുത്തി കൈകൊടുത്തു. നന്മഭവിക്കട്ടെ.

ഫാമിലി പ്ലാസയുടെ മുകളറ്റം മുതൽ താഴെവരെ ഒന്നുംകൂടി നടന്നുകണ്ടു. പിന്നിലെ സ്റ്റാഫുകളുടെ അടുക്കള, ശയനമുറി, സ്വിമ്മിങ്ങ് പൂൾ, എന്നും അടുത്തു ചെല്ലുന്ന ഒരു ചെറുചെടി പൂളിന്റെ പിൻവശത്ത് ഒരു വലിയ ചട്ടിയിൽ ഉണ്ട്. അതിന് ആവശ്യം വേണ്ട വെള്ളം ഇടയ്ക്കിടയ്ക്ക് അപ്പുണ്ണി ഒഴിച്ചുകൊടുക്കാറുള്ളത് വിജയ് പാൽ സിങ്ങ്(ഹൗസ് കീപ്പർ)പലപ്പോഴും കാണാറുണ്ട്. ആ ചെടിയെ അവനെ ഏൽപ്പിച്ചു പറഞ്ഞു:

‘‘കഭി.. കഭി.. പാനി ദേനാ.. ഭായി..’’ (വല്ലപ്പോഴും വെള്ളം തളിക്കണേ.. സോദരാ..)

‘‘ജരൂർ.. ദേദൂംഗ..’’ (തീർച്ചയായും.)

റിസപ്ഷനിൽ നിന്ന ഭാസ്ക്കരൻ ചേട്ടൻ.. കാത്തുനിന്ന ലഞ്ചു.., ബിജോയ്(റൂം സർവ്വീസ്), മെയിന്റനൻസ് നടത്തുന്ന രമേശ്.., വിജയ് പാൽ സിങ്ങ്.. എല്ലാവർക്കും കൈ കൊടുത്തു. മാനേജർ സാറിന്റെ ഓഫീസിലേക്ക്

‘‘ഇറങ്ങുകയാണു സാർ.. നാട്ടിൽ വരുമ്പോൾ തമ്മിൽ കാണണം.. നാട്ടിലെ എന്തെങ്കിലും ആവശ്യം വന്നാൽ അറിയിക്കുക.. നന്ദി സാർ..’’

കുവൈറ്റിൽ നിന്നും ഹെഡ്ഡോഫീസിന്റെ പ്രതിനിധി ഈജിപ്ഷ്യൻ **സാമാ**, മാനേജരുടെ ഓഫീസിന്റെ പിന്നിലെ മറ്റൊരു ഓഫീസിൽ ഇരിപ്പുണ്ട്. അദ്ദേഹമാണ് മാസാന്ത്യക്കണക്ക് അറബിയിലേക്ക് മൊഴിമാറ്റി ഹെഡ്ഡോഫീസിലേക്ക് അയച്ചുകൊടുക്കുന്നത്. ഹെഡ്ഡോഫീസിന്റെ പ്രതിനിധിയായ അദ്ദേഹത്തോട് അപ്പുണ്ണി നാട്ടിൽ പോയി തിരിച്ചുവരും എന്നാണ് അറിയിച്ചിരിക്കുന്നത്. ശശി മേനോനെ താത്ക്കാലിക തൊഴിലാളിയായാണ് അദ്ദേഹം കരുതിയിരിക്കുന്നത്. സാമായോടും യാത്ര പറഞ്ഞു: ‘‘ബൈ.. ബൈ.. മിസ്റ്റർ സാമാ. ഇൻഷാ.. അള്ളാ... വി വിൽ മീറ്റ്



www.malankaralibrary.com

എഗൈൻ..''

''ബൈ.. ബൈ.., ഡിയർ ഗോ ആൻഡ് കം ബാക്ക് വെരി സൂൺ..''

പിന്നെ തിരിഞ്ഞു നോക്കിയില്ല. അപ്പുണ്ണിയെ ഇന്നത്തെ അപ്പുണ്ണിയാക്കിയ ഫാമിലി പ്ലാസായുടെ വാതിൽ സ്വയം തുറന്നു. പടി കടന്ന നിമിഷം ഓട്ടോമാറ്റിക് ആയി വാതിൽ പിന്നിൽ താനെ അടഞ്ഞു. കാത്തുനിന്ന ടാക്സി കാറിലേക്ക് കയറി.. ആദ്യ വളവു തിരിയുന്നതിനു മുമ്പായി കാറിലിരുന്ന് ഒന്നു തിരിഞ്ഞുനോക്കി..

1995 മുതൽ 2001 വരെയുള്ള നാളുകളിൽ അപ്പുണ്ണിയുടെ താങ്ങും തണലുമായി നിന്ന പ്രിയ സ്ഥാപനം.. മേനിയിൽ വാരിപൂശിയ ചെമന്ന നിറത്തിൽ വാനം നോക്കി നിൽക്കുന്ന പണ്ട് ദാദാഭായി ഗ്രൂപ്പിന്റേതായിരുന്ന ''ബേത്ത് അൽ ഹൂറ'' ഇന്നത്തെ ഫാമിലി പ്ലാസ, നന്ദിപൂർവ്വം യാത്രാ മംഗളങ്ങൾ ചൊല്ലുന്നതായി തോന്നി.

2001 മാർച്ച് 26 രാത്രി 12.15നാണ് ബഹറിൻ എയർ പോർട്ടിൽനിന്നും കൊച്ചി നെടുമ്പാശേരിയിലേക്ക് വിമാന സമയം. 9.45ന് (രണ്ടു മണിക്കൂർ മുമ്പ്.) അപ്പുണ്ണിയും മിനിയും ബഹറിൻ എയർ പോർട്ടിൽ റിപ്പോർട്ട് ചെയ്തു. വില്യംസ് ചേട്ടനും കാഞ്ഞൂരെ ബേബി അച്ചായനും സഹായത്തിനായി കൂടെ വിമാനത്താവളം വരെ വന്നിട്ടുണ്ട്. രണ്ടുപെട്ടികളിലായി നിത്യോപയോഗ സാധനങ്ങൾ, മിച്ചം വന്ന ഏതാനും വീട്ടു സാധനങ്ങൾ.. അത്രമാത്രം.. അവയെല്ലാം ലഗേജായി കയറ്റിവിട്ടു. ഇരുവരും ഇമിഗ്രഷൻ ഉദ്യോഗസ്ഥനായ അറബിയുടെ മുന്നിലേക്ക് പാസ്പോർട്ടുകൾ നീട്ടി. ബഹറിനിൽനിന്നും **EXIT** ചെയ്യുന്നതായി പാസ്പോർട്ടിൽ അദ്ദേഹം സീല് ചെയ്തു.

കെട്ടിടത്തിനുള്ളിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിലേക്ക്.. നാട്ടിലെ കുട്ടികൾക്കായി പലതരത്തിലുള്ള കുറച്ചു മിഠായികൾ വാങ്ങി.. അവ കവറുകളിലാക്കി കയ്യിൽ തൂക്കിപ്പിടിച്ചു.

അറബിനാട്ടിലെ ജീവിതം പ്രതീക്ഷകൾക്കുമപ്പുറം ഫലം നൽകി. എങ്കിലും കുറവുകൾ ഏറിയതുകൊണ്ടുണ്ടായ യാത്രയല്ലേ ഇത്..?, കുറവ്.., കുറവായി കണ്ടതുകൊണ്ടുള്ള യാത്രയല്ലേ ഇത്..?

ഫ്ളൈറ്റിന്റെ അറിയിപ്പ് കാതിൽ മുഴങ്ങി.. വരിവരിയായി എയിറോബ്രിഡ്ജുവഴി യാത്രക്കാർ വിമാനത്തിനുള്ളിലേക്ക്..

അനുവദിച്ചു തന്നിരിക്കുന്ന ബോർഡിങ്ങ് പാസ്സിലെ സീറ്റുനമ്പർ പ്രകാരം അപ്പുണ്ണിയും മിനിയും അടുത്തടുത്തുള്ള ബിസിനസ് ക്ലാസ്സിലെ (എയർ ഇന്ത്യയിലെ മാർക്കറ്റിങ്ങ് മാനേജരായ സഹോദരൻ വില്യംസ് ചേട്ടായിയുടെ സഹായം.) രണ്ടു സീറ്റുകളിലായി ഇരിപ്പുറപ്പിച്ചു. സമയം 12.15, സീറ്റു ബെൽറ്റുകൾ ഇട്ടിരിക്കുന്ന യാത്രക്കാരെയുംകൊണ്ട് വിമാനം അറബിനാടായ ബഹറിനിൽനിന്നും പറന്നുയർന്നു.. ലക്ഷ്യം ഒന്നു മാത്രം.. കേരളത്തിലെ നെടുമ്പാശേരി വിമാനത്താവളം.

ശുഭയാത്ര.